# ദേയീ വെർബും മുതൽ വെർബും ദോമിനി വരെ

## ദൈവവചനവും കത്തോലിക്കാ സഭയും കഴിഞ്ഞ 50 വർഷങ്ങളിൽ

എഡിറ്റർ: റവ. ഡോ. ജോഷി മയ്യാറ്റിൽ

ഒരു കേരള കാത്തലിക് ബൈബിൾ സൊസൈറ്റി പ്രസിദ്ധീകരണം

www.malankaralibrary.com

MALANKARA
LIBRARY
www.malankaralibrary.com

# ദേയീ വെർബും മുതൽ വെർബും ദോമിനി വരെ

## ദൈവവചനവും കത്തോലിക്കാ സഭയും കഴിഞ്ഞ 50 വർഷങ്ങളിൽ

എഡിറ്റർ: റവ. ഡോ. ജോഷി മയ്യാറ്റിൽ

ഒരു കേരള കാത്തലിക് ബൈബിൾ സൊസൈറ്റി പ്രസിദ്ധീകരണം

www.malankaralibrary.com

**"Dei Verbum" Muthal "Verbum Domini" Vare**
(Malayalam)

Editor: **Rev. Dr. Joshy Mayyattil**

Cover & Page Design: **Shaji Joseph Arakkal**
Printed at: Viani Printings, EKM

First Impression December 2012
Second Impression January 2013
Copies: 9500

Published by
**Kerala Catholic Bible Society**
All rights reserved to the Publisher

Price: ₹ 120



www.malankaralibrary.com

**ഉള്ളടക്കം**


മുഖമൊഴി 5
**റവ. ഡോ. ജോഷി മയ്യാറ്റിൽ**

അവതാരിക 6
**ബിഷപ്പ് മാർ ജോർജ് പുന്നക്കോട്ടിൽ**

ദേയി വെർബും: ഒരവലോകനം 8
**റവ. ഡോ. മൈക്കിൾ കാരിമറ്റം**

ദേയീ വെർബും എന്ന പ്രമാണരേഖ 5-ാം ദശകത്തിൽ 22
**റവ. ഡോ. മാത്യു വെള്ളാനിക്കൽ**

സഭാപിതാക്കന്മാരുടെ ബൈബിൾ വ്യാഖ്യാനം 33
**റവ. ഡോ. അഗസ്റ്റിൻ കടേപ്പറമ്പിൽ**

കൗൺസിലനന്തര പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷൻ രേഖകൾ 47
**റവ. ഡോ. ജോസഫ് തൊണ്ടിപ്പറമ്പിൽ**

കർത്താവിന്റെ വചനം: വിശാല പശ്ചാത്തലം 58
**റവ. ഡോ. ജേക്കബ് പ്രസാദ്**

വിശുദ്ധഗ്രന്ഥത്തിന്റെ സഭാത്മകത 72
**റവ. ഡോ. ജോസഫ് മലേപ്പറമ്പിൽ**

ഏകത്വം, പാരമ്പര്യം, സാധർമ്യം: വ്യാഖ്യാനത്തിലെ ത്രിമാന തത്ത്വങ്ങൾ 83
**റവ. ഡോ. ജോസഫ് പാംബ്ലാനി**

ദൈവവചനവും ആരാധനക്രമവും 93
**റവ. ഡോ. പോളി മണിയാട്ട്**

കർത്താവിന്റെ വചനവും മതബോധനവും 107
**റവ. ഡോ. സ്റ്റീഫൻ ആലത്തറ**

വചനത്തിലൂടെയുള്ള സൃഷ്ടി: കാലിക ദൈവശാസ്ത്രചിന്തകൾ 113
**റവ. ഡോ. വിൻസെന്റ് കുണ്ടുകുളം**

ബൈബിളിലെ "ഇരുണ്ട ഭാഗങ്ങൾ" 130
**റവ. ഡോ. സെബാസ്റ്റ്യൻ കിഴക്കേയിൽ MST**

ബൈബിൾ പുതിയ മാധ്യമങ്ങളിൽ: വെല്ലുവിളികളും സാധ്യതകളും 139
**ശ്രീ. മനോജ് സണ്ണി**

കത്തോലിക്കാ ബൈബിൾ മേഖല ഇന്ന് 150
**റവ. ഡോ. തെരേസ SABS**

ദൈവവചനം ജീവിതത്തിൽ പകർത്തുന്നതിന് 165
**റവ. ഫാ. ജോസ് കോട്ടയിൽ**




www.malankaralibrary.com

## മുഖമൊഴി



നൈരന്തര്യത്തിന്റെ തെളിഞ്ഞ കാഴ്ചകൾ കാണാൻ ഭാഗ്യം ചെയ്തവരാണു നാം. സഭയെ "സത്യത്തിന്റെ പൂർണതയിലേക്ക് നയിക്കുന്ന" (യോഹ16:13) അരൂപിയുടെ തലോടലനുഭവിച്ചാണ് നമ്മുടെ പ്രയാണം. സഭയിലെ നിലയ്ക്കാത്ത വസന്തമായ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ദൈവാവിഷ്കരണത്തെക്കുറിച്ച് നമുക്കുള്ള ധാരണയുടെ ചക്രവാളങ്ങൾ വികസിതമാവുകയാണ്. 'ദേയി വെർബും' മുന്നോട്ടുവച്ച കാഴ്ചപ്പാടുകൾക്ക് ആഴവും പരപ്പും പ്രായോഗികതയും സമ്മാനിച്ചുകൊണ്ടാണ് പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷന്റെ രേഖകളും 2008 ലെ മെത്രാൻ സിനഡിന്റെ അനന്തരഫലമായ 'വെർബും ദോമിനി' എന്ന അപ്പസ്തോലികാഹ്വാനവും പ്രസിദ്ധീകൃതമായത്. ഈ നൈരന്തര്യത്തിന്റെ നേർക്കാഴ്ചയാണീ ഗ്രന്ഥം. രണ്ടാം വത്തിക്കാൻ കൗൺസിൽ ആരംഭിച്ചതിന്റെ 50-ാം വാർഷികം വിശ്വാസവർഷമായി ആഗോളസഭ ആചരിക്കുമ്പോൾ കേരളസഭാമക്കൾക്കായി KCBC ബൈബിൾ കമ്മീഷൻ വച്ചുനീട്ടുന്ന സ്നേഹോപഹാരം.

'വെർബും ദോമിനി'യെക്കുറിച്ചു പഠിക്കാൻ 2011 മെയ് 19-20 തീയതികളിൽ POCയിൽ ഒത്തുകൂടിയ പണ്ഡിതരും പഠിതാക്കളുമടങ്ങിയ നൂറ്റിഇരുപതോളം പേർക്കുമുന്നിൽ അവതരിപ്പിക്കപ്പെട്ട പ്രബന്ധങ്ങളുടെയും 2012 ഏപ്രിൽ 27 -28 ദിനങ്ങളിൽ വിശ്വാസവർഷത്തിനു മുന്നോടിയായി KCBC ബൈബിൾ കമ്മീഷൻ സംഘടിപ്പിച്ച "ദേയി വെർബും മുതൽ വെർബും ദോമിനി വരെ" എന്ന പഠനക്കൂട്ടായ്മയിൽ അവതരിപ്പിക്കപ്പെട്ട പ്രബന്ധങ്ങളുടെയും ഒരു ശേഖരമാണ് ഈ ചെറുഗ്രന്ഥം. സംക്ഷിപ്തമായി ഇവ എഴുതിത്തന്ന ലേഖകർക്ക് പ്രത്യേകം നന്ദി അറിയിക്കുന്നു.

ഈ ഗ്രന്ഥത്തിന് പ്രൗഢഗംഭീരമായ ഒരു അവതാരിക എഴുതിത്തന്ന ബൈബിൾ പണ്ഡിതനും KCBC ബൈബിൾ കമ്മീഷൻ ചെയർമാനുമായ അഭിവന്ദ്യ ജോർജ് പുന്നക്കോട്ടിൽ പിതാവിന് ഹൃദയം നിറഞ്ഞ നന്ദി! ഈ ഗ്രന്ഥത്തിന്റെ രൂപീകരണത്തിൽ സഹായിച്ച വിവിധ വ്യക്തികളെ സ്നേഹത്തോടെ സ്മരിക്കുന്നു. എഡിറ്റിങ്ങിൽ സഹായിച്ച റവ. ഫാ. ജോസ് കോട്ടയിലിനു പ്രത്യേകം നന്ദി. ഭാഷാപരമായ തിരുത്തലുകൾ നടത്തിയ ഷെവലിയർ പ്രൊഫ. പ്രീമൂസ് പെരിഞ്ചേരി സാറിന് ഹൃദയംഗമമായ കൃതജ്ഞത രേഖപ്പെടുത്തുന്നു. റവ. സി. നിമ CTC, ശ്രീമതി ടെറസിറ്റ ക്ലീറ്റസ്, ശ്രീ. മനു തോമസ്, ശ്രീമതി ലീനു കുര്യാക്കോസ്, കുമാരി ടിൻസി തോമസ്, ശ്രീ. എ. എം. തോമസ് എന്നിവർക്ക് പ്രത്യേകം നന്ദി.

എഡിറ്റർ
**റവ. ഡോ. ജോഷി മയ്യാറ്റിൽ**
*സെക്രട്ടറി, KCBC ബൈബിൾ കമ്മീഷൻ &*
*കേരള കാത്തലിക്ക് ബൈബിൾ സൊസൈറ്റി*



www.malankaralibrary.com

## അവതാരിക



രണ്ടാം വത്തിക്കാൻ കൗൺസിൽ ആരംഭിച്ചതിന്റെ സുവർണ ജൂബിലി വർഷമാണിത്. സംസർഗ്ഗസഭാ ശാസ്ത്രത്തിനും (Communion Ecclesiology) രക്ഷയുടെ ചരിത്രമാനത്തിനും സഭയുടെ ലോകത്തോടുള്ള തുറവിനും കൗൺസിൽ നല്കിയ ഊന്നൽ സുവിദിതമാണ്. ദൈവവചനം കത്തോലിക്കാസഭ വീണ്ടും നവമായി കണ്ടെത്തിയതാണ് ഈ മൂന്ന് ഊന്നലുക്കൾക്കും കാരണമായത്. സഭാ ജീവിതത്തിന്റെയും ദൈവശാസ്ത്രത്തിന്റെയും പ്രാഥമിക സ്രോതസ്സായി കൗൺസിൽ ദൈവവചനത്തെ സ്ഥാപിച്ചു. വിശുദ്ധ ലിഖിതങ്ങളും പാരമ്പര്യവും സഭയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന ദൈവിക വചനത്തിന്റെ കലവറയായിട്ടാണ് കൗൺസിൽ അവതരിപ്പിച്ചിരിക്കുന്നത് (ദൈവാവിഷ്കരണം,10). അവയെ ആധികാരികമായി വ്യാഖ്യാനിക്കാനുള്ള ചുമതല സഭയുടെ സജീവ പ്രബോധനാധികാരത്തിന്റേതാണ്. പ്രബോധനാധികാരം ദൈവവചനത്തിന് ഉപരിയല്ല, അതിനു ശുശ്രൂഷ ചെയ്യാനുള്ളതാണ് (ദൈവാവിഷ്കരണം, 10). ഇക്കാര്യങ്ങളിലേക്കെല്ലാം വെളിച്ചം വീശുന്നു, ദേയീ വെർബും മുതൽ വെർബും ദോമിനി വരെ എന്ന ഈ ഗ്രന്ഥം. കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ കേരള സഭയ്ക്ക് വിശ്വാസ വർഷത്തിൽ നല്കുന്ന ഒരു ഉപഹാരമാണ് ഈ ഗ്രന്ഥം. പ്രസിദ്ധരായ ബൈബിൾ പണ്ഡിതന്മാരാണ് ലേഖനകർത്താക്കൾ എന്നത് ഗ്രന്ഥത്തിന് മാറ്റുകൂട്ടുന്നു.

ദൈവവചനത്തെക്കുറിച്ചുള്ള കൗൺസിലിന്റെ ഡോഗ്മാറ്റിക്ക് കോൺസ്റ്റിറ്റ്യൂഷനായ "ദേയീ വെർബും" എന്ന രേഖയുടെ രൂപീകരണം, ഉള്ളടക്കം, പ്രധാനപ്പെട്ട ആഭിമുഖ്യങ്ങൾ എന്നിവയെല്ലാം വളരെ വ്യക്തമായി ഡോ. മൈക്കിൾ കാരിമറ്റം ആദ്യ ലേഖനത്തിൽ അവതരിപ്പിക്കുന്നു. കേരള കത്തോലിക്കാ ബൈബിൾ പണ്ഡിതന്മാരിൽ പ്രമുഖനായ റവ. ഡോ. മാത്യു വെള്ളാനിക്കലാകട്ടെ ആ രേഖയുടെ കാലിക പ്രസക്തിയാണ് ചർച്ച ചെയ്യുന്നത്. സഭാപിതാക്കന്മാരുടെ വിശുദ്ധഗ്രന്ഥവ്യാഖ്യാനശൈലിയിലേക്ക് വെളിച്ചം വീശുന്നു, പാട്രിസ്റ്റിക്കു പണ്ഡിതനായ, ഡോ. അഗസ്റ്റിൻ കടേപ്പറമ്പിൽ. ഈ മൂന്നു ലേഖനങ്ങളും ബൈബിളിനെക്കുറിച്ചുള്ള അടിസ്ഥാന ആശയങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

കത്തോലിക്കാസഭയിൽ ബൈബിൾ സംബന്ധമായ പഠനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സഭയുടെ പ്രബോധനാധികാരത്തിനു നിർദ്ദേശങ്ങൾ നല്കു



www.malankaralibrary.com

ന്നതിനും വേണ്ടി പ്രവർത്തിക്കുന്ന പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷൻ 1974 മുതൽ 2008 വരെ പ്രസിദ്ധീകരിച്ചിട്ടുള്ള രേഖകൾ വിശകലനം ചെയ്യുന്ന റവ. ഡോ. ജോസഫ് തൊണ്ടിപ്പറമ്പിലിന്റെ ലേഖനവും വെർബും ദോമിനി എന്ന സിനഡനന്തര ശ്ലൈഹികോപദേശത്തിന്റെ വിശാല പശ്ചാത്തലം വിശ വ്യാഖ്യാനത്തിലെ ത്രിമാനതത്ത്വങ്ങളാണ് ഉദാഹരണസഹിതം റവ. ഡോ. ജോസഫ് പാംബ്ലാനി നമുക്ക് വ്യക്തമാക്കിത്തരുന്നത്. റവ. ഡോ. ജോസഫ് മലേപ്പറമ്പിൽ മൂന്നു ബൈബിൾ ഭാഗങ്ങൾ (ലൂക്കാ 1:38; തെസ്സ 2:13; 2പത്രോസ് 1:13–20) വിശകലനം ചെയ്തുകൊണ്ട് ദൈവവചനത്തിന്റെ സഭാത്മകമാനം വിശദീകരിക്കുന്നു.

"വെർബും ദോമിനിയും മതബോധനവും", "ദൈവവചനവും ആരാധനക്രമവും" എന്നീ വിഷയങ്ങളാണ് യഥാക്രമം റവ. ഡോ. സ്റ്റീഫൻ ആലത്തറയും റവ. ഡോ. പോളി മണിയാട്ടും പരിചിന്തനം ചെയ്യുന്നത്. ലിറ്റർജി ദൈവവചനത്താൽ സമൃദ്ധമാണ്; മതബോധനം വചനകേന്ദ്രീകൃതമാകണം എന്ന് ലേഖകർ ഊന്നിപ്പറയുന്നു. പരിസ്ഥിതി, സാംസ്കാരം, മതാന്തര സൗഹൃദം എന്നീ വിഷയങ്ങൾ എങ്ങനെ ദൈവവചനത്തോട് ബന്ധപ്പെട്ടിരിക്കുന്നുവെന്ന അന്വേഷണമാണ് റവ. ഡോ. വിൻസെന്റ് കുണ്ടുകുളം നടത്തുന്നത്. റവ. ഡോ. സെബാസ്റ്റ്യൻ കിഴക്കേയിൽ MST ബൈബിളിലെ ഇരുണ്ട ഭാഗങ്ങളെ, പ്രത്യേകിച്ച് അക്രമം, യുദ്ധം, അധാർമികത തുടങ്ങിയ കാര്യങ്ങളെ എങ്ങനെ മനസ്സിലാക്കണമെന്ന് നമ്മെ പഠിപ്പിക്കുന്നു. വചനത്തിന്റെ ദൈവികവായന രീതികൾ ആധ്യാത്മികതക്കും സാമൂഹിക പരിവർത്തനത്തിനും ഇടയാക്കുന്നുവെന്ന് ഫാ. ജോസ് കോട്ടയിൽ സമർത്ഥിക്കുന്നു. എല്ലാ സാമൂഹിക സമ്പർക്ക മാധ്യമങ്ങളും ഉപയോഗപ്പെടുത്തി ദൈവവചനം അവതരിപ്പിക്കുന്നതിന്റെ അനിവാര്യതയാണ് ശ്രീ. മനോജ് സണ്ണി എടുത്തുകാട്ടുന്നത്. ബൈബിൾ രംഗത്തെ കത്തോലിക്കാസഭയുടെ അക്കാദമികവും അജപാലനപരവും സാംസ്കാരികവുമായ പ്രവർത്തനങ്ങളെ സി. തെരേസ് നടുപ്പറമ്പിൽ SABS പരിചയപ്പെടുത്തുന്നു.

ബൈബിൾ വായനയിലും പഠനത്തിലും വലിയ താത്പര്യം ആളുകളിൽ ഉണ്ടായിരിക്കുന്ന ഇന്ന് ആ വായനയും പഠനവും കൂടുതൽ ഫലപ്രദമാക്കാൻ കേരള കാത്തലിക് ബൈബിൾ സൊസൈറ്റി പ്രസിദ്ധീകരിക്കുന്ന 'ദേയീ വെർബും മുതൽ വെർബും ദോമിനി വരെ' എന്ന ഗ്രന്ഥം ഉപകാരപ്പെടും എന്നതിൽ സംശയമില്ല. ദൈവശാസ്ത്രരംഗത്തും ആധ്യാത്മികരംഗത്തും അജപാലന രംഗത്തും സഭൈക്യരംഗത്തും സാമൂഹിക രംഗത്തും ദൈവവചനത്തിന്റെ സ്ഥാനം കണ്ടെത്താൻ ഗ്രന്ഥം ഉപകരിക്കട്ടെ. ഗ്രന്ഥത്തിന് പ്രചുരപ്രചാരവും ലേഖകർക്ക് ഹൃദയം നിറഞ്ഞ ആശംസകളും ബൈബിൾകമ്മീഷൻ സെക്രട്ടറികൂടിയായ എഡിറ്റർ റവ. ഡോ. ജോഷി മയ്യാറ്റിലിന് അഭിനന്ദനങ്ങളും!

**മാർ ജോർജ് പുന്നക്കോട്ടിൽ**
ചെയർമാൻ, KCBC ബൈബിൾ കമ്മീഷൻ &
കേരള കാത്തലിക്ക് ബൈബിൾ സൊസൈറ്റി



www.malankaralibrary.com

## 'ദേയീ വെർബും': ഒരവലോകനം

റവ. ഡോ. മൈക്കിൾ കാരിമറ്റം



### ആമുഖം

ആഗോളസഭയിൽ, പ്രത്യേകിച്ചും കേരളസഭയിൽ ദൈവവചനത്തോട് അഭൂതപൂർവ്വമായ ഒരു താത്പര്യം വിശ്വാസികളുടെ ഇടയിൽ ദൃശ്യമാണ്. സമ്പൂർണ്ണബൈബിളിന്റെ ഒരു കോപ്പിയെങ്കിലുമില്ലാത്ത കത്തോലിക്കാ കുടുംബങ്ങൾ ഇന്നു വിരളമായിരിക്കും. പലരും വ്യക്തിപരമായിത്തന്നെ ഒരു കോപ്പി സൂക്ഷിക്കുന്നു. ബൈബിൾ വായന അനുദിന കുടുംബപ്രാർത്ഥനയുടെ ഭാഗമായി മാറിയിരിക്കുന്നു. ദിവസേന കുറച്ചുസമയം ബൈബിൾ വായനയ്ക്കായി മാറ്റിവയ്ക്കുന്നവർ ധാരാളം. വായനയിലും പ്രാർത്ഥനയിലും മാത്രമല്ല, ബൈബിൾപഠനത്തിലും വിശ്വാസികൾ വളരെ താത്പര്യം കാണിക്കുന്നു. രൂപതാ കേന്ദ്രങ്ങൾ, ധ്യാനകേന്ദ്രങ്ങൾ തുടങ്ങി ബൈബിൾപഠനം നടത്തുന്ന കളരികൾ ഏറെയുണ്ട്. പി.ഒ.സി. കറസ്പോണ്ടൻസ് കോഴ്സ്, ആൽഫാ തിയോളജി, ഡിവൈൻ ബൈബിൾ കോളേജ് എന്നിങ്ങനെ ബൈബിൾ പഠിക്കാനുള്ള കേന്ദ്രങ്ങളും സൗകര്യങ്ങളും സുലഭം.

വാർഷികധ്യാനങ്ങളും നവീകരണധ്യാനങ്ങളും ഇന്ന് അധികപങ്കും ബൈബിൾ കേന്ദ്രീകൃതമായിട്ടാണ് നടത്തുന്നത്. ബൈബിളിൽ അവഗാഹം സിദ്ധിച്ച അല്മായരും സന്ന്യാസികളും ധാരാളമായി രംഗത്തുണ്ട്. സെമിനാരികളിൽ ബൈബിൾ വളരെ പ്രധാനപ്പെട്ട പാഠ്യവിഷയമാണ്. മൊത്തം ദൈവശാസ്ത്ര ക്ലാസ്സുകളുടെ മൂന്നിൽ ഒരു ഭാഗത്തോളം ബൈബിൾപഠനത്തിനായി മാറ്റിവച്ചിരിക്കുന്നു. ഇതിന്റെയെല്ലാം പ്രതിഫലനം ക്രിസ്തീയജീവിതത്തിലും ദൃശ്യമാണ്. എന്നാൽ അമ്പതുകൊല്ലം മുമ്പ് ഇതായിരുന്നില്ല കത്തോലിക്കരുടെ അവസ്ഥ. സെമിനാരികളിൽ ബൈബിൾ അനേകം വിഷയങ്ങളിൽ ഒന്നു മാത്രമായിരുന്നു. അതും പലപ്പോഴും ദൈവശാസ്ത്രപ്രമേയങ്ങളെയും വിശ്വാസസത്യങ്ങളെയും പിൻതാങ്ങാനുള്ള തെളിവുകൾക്കുവേണ്ടി മാത്രമായിരുന്നു ഉപയോഗിച്ചിരുന്നത്. ക്രിസ്തീയജീവിതത്തിലും മതബോധനത്തിലും ബൈബിളിന്റെ സ്ഥാനം തുലോം തുച്ഛമായിരുന്നു. കേരള കത്തോലിക്കാസഭയ്ക്ക് ഓദ്യോഗികമായ ഒരു മലയാളം പരിഭാഷപോലും ഉണ്ടായിരുന്നില്ല. ചില വ്യക്തികൾ തയ്യാറാക്കിയ വിവർത്തനങ്ങൾ ഉണ്ടായിരുന്നെങ്കിലും പൊതുവേ ലഭ്യമായിരുന്നില്ല; വിശ്വാസികൾക്കു വായിക്കാൻ കാര്യമായ താത്പര്യവുമുണ്ടായിരുന്നില്ല.



www.malankaralibrary.com

എങ്ങനെയാണ് ഈ അവസ്ഥയ്ക്കു കാതലായ മാറ്റം സംഭവിച്ചത് എന്നന്വേഷിക്കുമ്പോൾ ഏറ്റം ആദ്യം ലഭിക്കുന്ന ഉത്തരം രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ സ്വാധീനം എന്നാണ്. സൂനഹദോസ് പുറപ്പെടുവിച്ച 16 രേഖകളിൽ രണ്ടെണ്ണം മാത്രമേ "ഡോഗ്മാറ്റിക് കോൺസ്റ്റിറ്റ്യൂഷൻ" എന്ന ഔദ്യോഗികനാമം വഹിക്കുന്നുള്ളൂ. സഭയെ സംബന്ധിച്ചതും ദൈവാവിഷ്കരണത്തെ സംബന്ധിച്ചതുമായ രേഖകൾ. ഇതിൽ രണ്ടാമത്തേതാണ് ഇവിടെ പഠനവിഷയം. "ദൈവാവിഷ്കരണം" എന്നു പൊതുവേ പറയുന്നെങ്കിലും രേഖയുടെ ആറ് അധ്യായങ്ങളിൽ നാലും ബൈബിളിനെ സംബന്ധിച്ച പ്രബോധനങ്ങളാണ്. ആദ്യത്തെ രണ്ട് അധ്യായങ്ങളിലും പ്രധാന ചർച്ചാവിഷയം ബൈബിൾതന്നെ. അതിനാൽ ദൈവാവിഷ്കരണത്തെക്കുറിച്ചുള്ള സഭയുടെ ഔദ്യോഗികപ്രബോധനം ബൈബിളിനെ സംബന്ധിച്ചുള്ള പ്രബോധനമാണെന്നു തോന്നാം. എന്നാൽ ആ തോന്നൽ മുഴുവൻ ശരിയല്ല എന്ന് രേഖ വിശദമായി പഠിക്കുമ്പോൾ വ്യക്തമാകും.

### അല്പം ചരിത്രം

'ദൈവവചനം' (Dei Verbum) എന്ന ശീർഷകത്തോടെ ആരംഭിക്കുന്ന പ്രാമാണികരേഖ സൂനഹദോസ് പുറപ്പെടുവിച്ച രേഖകളിൽ ഏറ്റം പ്രധാനപ്പെട്ട ഒന്നാണ്; മറ്റെല്ലാ രേഖകളുടെയും പ്രബോധനങ്ങൾക്ക് ഇത് അടിസ്ഥാനമായി നില്ക്കുന്നു. ദൈവാവിഷ്കരണത്തെ, അതായത് ദൈവം മനുഷ്യരുമായി എപ്രകാരം സംവദിക്കുന്നുവെന്നതിനെ, സംബന്ധിച്ച കത്തോലിക്കാസഭയുടെ ഔദ്യോഗികപ്രബോധനമാണ് ഈ രേഖയുടെ ഉള്ളടക്കം. 'ദൈവവചനം' എന്നു കേൾക്കുമ്പോൾ മുഖ്യമായും എഴുതപ്പെട്ട ദൈവവചനമായ ബൈബിളിനെക്കുറിച്ചാണ് പൊതുവേ ചിന്തിക്കുക. പക്ഷേ, ദൈവവചനം എന്നതിന് കൂടുതൽ വ്യാപകമായ അർത്ഥമുണ്ട്. എഴുതപ്പെട്ട വചനമായ ബൈബിൾ, അലിഖിതവചനം ഉൾക്കൊള്ളുന്ന പാരമ്പര്യം, രണ്ടിനെയും ഔദ്യോഗികമായി വ്യാഖ്യാനിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന സഭയുടെ പ്രബോധനാധികാരം എന്നീ മൂന്നു ഘടകങ്ങൾ ഇവിടെ ശ്രദ്ധാവിഷയമാകുന്നു.

സുദീർഘമായ ചർച്ചകൾക്കും അനേകം തിരുത്തലുകൾക്കും മാറ്റിയെഴുതലുകൾക്കും ശേഷമാണ് 'ദൈവവചനം' എന്ന പ്രാമാണികരേഖ ഇന്നത്തെ നിലയിൽ പ്രസിദ്ധീകരിക്കപ്പെട്ടത്. കർദ്ദിനാൾ ഒട്ടാവിയാനിയുടെ കീഴിൽ രൂപീകൃതമായ തിയോളജിക്കൽ കമ്മീഷൻ ദൈവാവിഷ്കരണത്തെക്കുറിച്ചുള്ള സഭയുടെ പ്രബോധനത്തെക്കുറിച്ച് ഒരു ഔദ്യോഗികരേഖയുടെ ആവശ്യകതയും പ്രാധാന്യവും ചർച്ച ചെയ്തു. സഭയെ സംബന്ധിക്കുന്ന രേഖയുടെ ഭാഗമായി ദൈവാവിഷ്കരണം അവതരിപ്പിക്കാനാണ് ആദ്യം ആലോചിച്ചതെങ്കിലും താമസിയാതെ ആശയം മാറി. ദൈവാവിഷ്കരണത്തെക്കുറിച്ചു തനതായ ഒരു രേഖ വേണം എന്ന തീരുമാനത്തിലെത്തി. അതിൻപ്രകാരം "ദൈവികവെളിപാടിന്റെ സ്രോതസ്സുകളെക്കുറിച്ചുള്ള ഡോഗ്മാറ്റിക് കൊൺസ്റ്റിറ്റ്യൂഷന്റെ രൂപരേഖ" (Schema constitutionis dogmaticae de fontibus revelationis) എന്ന പേരിൽ ഒരു കരടുരേഖ തയ്യാറാക്കി 27 ഒക്ടോബർ 1960



www.malankaralibrary.com

-ൽ സമർപ്പിച്ചു. 5 അധ്യായങ്ങളിലായി 13 ആർട്ടിക്കിളുകളാണ് ഈ രേഖയ്ക്കുണ്ടായിരുന്നത്. ഈ ആദ്യ സ്കേമായുടെമേൽ നടന്ന ചർച്ചകൾക്കൊടുവിൽ 13 ഫെബ്രുവരി 1961-ൽ പുതുക്കിയ സ്കേമാ പേപ്പൽ കമ്മീഷനു സമർപ്പിച്ചു. ഈ സ്കേമായിൽ ആറ് അധ്യായങ്ങളുണ്ടായിരുന്നു. ചർച്ചകൾ തുടർന്നു. 4 ഒക്ടോബർ 1961-ൽ വീണ്ടും അഞ്ച് അധ്യായങ്ങളായി ചുരുക്കിയ സ്കേമാ കൗൺസിലിന്റെ കേന്ദ്രകമ്മിറ്റിക്കു സമർപ്പിച്ചു. വീണ്ടും ചർച്ചകൾ, നിർദ്ദേശങ്ങൾ. അവസാനം 1962 ജൂൺ മാസത്തോടെ സ്കേമായുടെ പുതുക്കിയ പതിപ്പ് ചർച്ചകൾക്കായി എല്ലാ മെത്രാന്മാർക്കും അയച്ചുകൊടുത്തു. സഭയുടെ പരമ്പരാഗതമായ പ്രബോധനത്തിന്റെ പുനരാവിഷ്കരണമായിരുന്നു ഈ സ്കേമാ. ബൈബിളിനെക്കാൾ പാരമ്പര്യത്തിനു വലിയ പ്രാധാന്യം; ദൈവനിവേശനത്തിന് അക്ഷരാർത്ഥത്തിലുള്ള വ്യാഖ്യാനം; ബൈബിളിലെ എല്ലാ കാര്യങ്ങളും പരിശുദ്ധാത്മാവ് അതേപടി പറഞ്ഞു കൊടുത്തു എന്ന പഠനം, ദൈവവചനത്തിന്റെ തെറ്റാവരം - അതായത് ബൈബിളിൽ പരാമർശിക്കപ്പെടുന്ന ഒരു കാര്യത്തിലും അതു ദൈവശാസ്ത്രപരമോ വെറും ഭൗതികമോ ആകട്ടെ, തെറ്റില്ല എന്ന നിലപാട് - ഇതൊക്കെ ആയിരുന്നു ഈ സ്കേമായുടെ സവിശേഷതകൾ. അതുവരെ നടന്ന ദൈവശാസ്ത്രചർച്ചകളും പരിചിന്തനങ്ങളും ബൈബിൾ പഠനരംഗത്തുണ്ടായ പുത്തൻ ആഭിമുഖ്യങ്ങളും ലഭ്യമായ അറിവുകളും എല്ലാം നിഷേധിക്കുന്നതായിരുന്നു ഈ സ്കേമാ.

നവംബർ 14, 1962 മുതൽ കൗൺസിൽ ഹാളിൽ ഈ സ്കേമാ പൊതുവായി ചർച്ച ചെയ്യപ്പെട്ടു. ഈ സ്കേമാ വിശദമായ ചർച്ചയ്ക്കായി എടുക്കാമോ എന്നു തീരുമാനിക്കാൻ 1962 നവംബർ 20ന് വോട്ടെടുപ്പ് നടന്നു. 60% പേർ സ്കേമായെ എതിർത്തു. മൂന്നിൽ രണ്ടു ഭാഗം വോട്ടുണ്ടെങ്കിലേ സ്കേമാ ഉപേക്ഷിക്കാൻ കഴിയുമായിരുന്നുള്ളൂ. എന്നാൽ ജോൺ 23-ാമൻ മാർപാപ്പാ നേരിട്ട് ഇടപെട്ട് സ്കേമാ പരിപൂർണമായി തിരുത്തിയെഴുതാൻ വിട്ടു. തിയോളജി കമ്മീഷന്റെയും എക്യുമെനിക്കൽ കമ്മീഷന്റെയും സംയുക്തമായ ഒരു പുതിയ സംഘത്തെ കർദ്ദിനാൾ ഒട്ടാവിയാനിയുടെയും കർദ്ദിനാൾ സെയായുടെയും നേതൃത്വത്തിൽ ഈ വിഷയം പഠിക്കാൻ മാർപാപ്പാതന്നെ ചുമതലപ്പെടുത്തി. കൗൺസിലിന്റെ ആദ്യസെഷൻ അവസാനിക്കുന്നതിനു മുമ്പു തന്നെ ഈ പ്രത്യേകസംഘം "ദൈവാവിഷ്കരണത്തെക്കുറിച്ച്" എന്ന പേരിൽ പുതിയൊരു സ്കേമാ തയ്യാറാക്കി. വീണ്ടും ചർച്ചകൾ. 1963ലെ സമ്മേളനത്തിൽ സ്കേമാ ചർച്ചയ്ക്കായി ഒരുക്കിയിരുന്നെങ്കിലും ചർച്ചയുണ്ടായില്ല. മറിച്ച്, പുതുക്കിയ സ്കേമാ മെത്രാന്മാർക്ക് അയച്ചുകൊടുക്കുകയാണുണ്ടായത്. കൗൺസിലിന്റെ മൂന്നാം സമ്മേളനത്തിൽ (1964, സെപ്തംബർ 30 - ഒക്ടോബർ 6) പുതുക്കിയ രേഖ വിശദമായി ചർച്ച ചെയ്യപ്പെട്ടു. ലഭിച്ച നിർദ്ദേശങ്ങൾ സ്വീകരിച്ച് രേഖ വീണ്ടും തിരുത്തി. 1965 സെപ്തംബർ 20-22 തീയതികളിൽ രേഖ വിശദമായി വീണ്ടും ചർച്ച ചെയ്തു. 1965 നവംബർ 18-ന് ഈ രേഖയെ സംബന്ധിച്ച അവസാനത്തെ വോട്ടെടുപ്പ് നടന്നു. 2350 പേർ വോട്ടുചെയ്തു. അതിനാൽ 2344 പേർ അനുകൂലിച്ചു. 6 പേർ പ്രതികൂലിച്ചു.



www.malankaralibrary.com

അങ്ങനെ ആറുവർഷത്തെ സുദീർഘമായ പഠനങ്ങൾക്കും ചൂടുപിടിച്ച വാദപ്രതിവാദങ്ങൾക്കും ഒടുവിൽ 'ദൈവാവിഷ്കരണത്തെ സംബന്ധിച്ച ഡോഗ്മാറ്റിക് കോൺസ്റ്റിറ്റ്യൂഷൻ' സഭയുടെ ഔദ്യോഗിക പ്രബോധനത്തിന്റെ ഭാഗമായി പോൾ ആറാമൻ മാർപാപ്പാ പ്രഖ്യാപിച്ചു. ആറുതവണ സമൂലം തിരുത്തിയെഴുതി സമർപ്പിച്ച ഏഴാമത്തെ രേഖയായിരുന്നു അത്.

### രേഖ-വിശകലനം

#### പ്രാരംഭം 1

ദൈവവചനത്തിനാണ് ഏറ്റവും കൂടുതൽ ഊന്നൽ നല്കുന്നത്. ദൈവാവിഷ്കരണം തന്നെയാണ് ദൈവവചനം. സഭ ദൈവവചനത്തിനുപരിയല്ല; സഭയുടെ ദൗത്യം വചനത്തിന്റെ ശുശ്രൂഷയാണ്. ദൈവവചനം ഭക്തിയോടെ ശ്രവിക്കുകയും വിശ്വസ്തതയോടെ പ്രഘോഷിക്കുകയുമാണ് സഭയുടെ കടമ. ഈ കടമയെക്കുറിച്ചുള്ള അവബോധം ഏറ്റുപറഞ്ഞുകൊണ്ടാണ് രേഖ ആരംഭിക്കുന്നത്. ഇവിടെ അവതരിപ്പിക്കാൻ പോകുന്നത് ഒരു ദൈവശാസ്ത്ര പ്രബന്ധമോ അബദ്ധപ്രബോധനങ്ങളുടെ ഖണ്ഡനമോ അല്ല, സർവ്വലോകത്തിനുമായി നല്കുന്ന സുവിശേഷപ്രഘോഷണമാണ്. വചനശ്രവണത്തിന്റെയും പ്രഘോഷണത്തിന്റെയും ലക്ഷ്യമാകട്ടെ, പരിശുദ്ധത്രിത്വത്തോടുള്ള കൂട്ടായ്മയും. ദൈവത്തിന്റെ ആന്തരികജീവനിൽ സകലർക്കും പങ്കു ലഭ്യമാക്കുക എന്ന ലക്ഷ്യമാണ് ഈ പ്രബോധനരേഖയ്ക്കുള്ളത്. ഒരേസമയം പ്രബോധനാത്മകവും അജപാലനപരവുമാണ് ഈ രേഖ. അപ്പസ്തോലന്മാർ പ്രഘോഷിച്ച സുവിശേഷത്തിന്റെ ഒരു പുനരവതരണമായി ഇതിനെ പരിഗണിക്കണം. ഈ പ്രഘോഷണം എല്ലാവരെയും വിശ്വാസത്തിലേക്കും അതുവഴി പ്രത്യാശയിലേക്കും സ്നേഹത്തിലേക്കും നയിക്കണം.

#### അധ്യായം 1: എന്താണ് ദൈവാവിഷ്കരണം?

ആദ്യ സ്കേമാകളിൽ ഈ അധ്യായം ഇല്ലായിരുന്നു. പിന്നീടാണ് എന്താണ് ദൈവാവിഷ്കരണം എന്നു വ്യക്തമായി അവതരിപ്പിക്കുന്ന ഈ അധ്യായം കൂട്ടിച്ചേർത്തത്.

#### വെളിപാടിന്റെ സ്വഭാവവും ലക്ഷ്യവും (2-6)

ദൈവികവെളിപാടിന്റെ ഉള്ളടക്കം എതാനും ചില സത്യങ്ങളല്ല, ദൈവം തന്നെയാണ്. ദൈവം തന്നത്തന്നെയും മനുഷ്യരക്ഷയെ സംബന്ധിച്ച തന്റെ പദ്ധതിയും വെളിപ്പെടുത്തുന്നു. ഇത് ദൈവത്തിന്റെ സ്വതന്ത്രമായ ഒരു തീരുമാനത്തിന്റെ ഫലമാണ്. ദൈവികവെളിപാടിന്റെ ത്രിത്വൈകമാനവും ചരിത്രത്തിലുള്ള സ്ഥാനവും രേഖ എടുത്തുപറയുന്നു. യേശുക്രിസ്തുവിലൂടെ പരിശുദ്ധാത്മാവിൽ ദൈവികസാന്നിധ്യത്തിലേക്കു വരാനും ദൈവികജീവനിൽ പങ്കുചേരാനും ഈ വെളിപാടിലൂടെ സാധ്യമാകുന്നു. ഇതു തന്നെയാണ് ദൈവികവെളിപാടിന്റെ ലക്ഷ്യം - ദൈവവുമായുള്ള വ്യക്തിബന്ധത്തിനും



www.malankaralibrary.com

വ്യക്തിപരമായ ഐക്യത്തിനും ഇവിടെ പ്രാധാന്യം നല്കുന്നു. വാക്കുകളും പ്രവൃത്തികളും വഴി ചരിത്രത്തിലൂടെയാണ് ദൈവം സ്വയം വെളിപ്പെടുത്തുന്നത്. ക്രിസ്തുവിൽ ഈ ദൈവികവെളിപാട് അതിന്റെ പൂർണതയിൽ എത്തുന്നു.

വചനത്തിലൂടെയാണ് ദൈവം സ്വയം വെളിപ്പെടുത്തുന്നത്. പറയുന്ന വാക്കു മാത്രമല്ല വചനം. *ദാബാർ* എന്ന ഹീബ്രുവാക്കാണ് വചനം എന്നു നാം വിവർത്തനം ചെയ്യുന്നത്. ഇതു വാക്കും പ്രവൃത്തിയും വഴിയുള്ള വെളിപ്പെടുത്തലിനെ സൂചിപ്പിക്കുന്നു. വചനത്തെ സംഭവമായി പരിഗണിക്കണം. അങ്ങനെ സൃഷ്ടികർമ്മത്തിൽ തുടങ്ങി, പൂർവ്വപിതാക്കന്മാരിലൂടെയും പ്രവാചകന്മാരിലൂടെയും ഈ വെളിപ്പെടുത്തൽ തുടർന്നു. വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ച യേശുക്രിസ്തുവിലാണ് ഈ വെളിപ്പെടുത്തൽ പൂർണമാകുന്നത്. യേശുവിലൂടെ സംസ്ഥാപിതമായ പുതിയ ഉടമ്പടി നമുക്ക് രക്ഷ പ്രദാനം ചെയ്യുന്നു. ഇനി യുഗാന്തംവരെ മറ്റൊരു പരസ്യ വെളിപാട് പ്രതീക്ഷിക്കേണ്ടതില്ല. എന്നാൽ വ്യക്തിപരമായ രഹസ്യവെളിപാടുകളുടെ സാധ്യത രേഖ നിഷേധിക്കുന്നില്ല.

സ്വയം വെളിപ്പെടുത്തുന്ന ദൈവത്തിനു മനുഷ്യൻ നല്കേണ്ട മറുപടി വിശ്വാസമാണ്. വിശ്വാസമെന്നാൽ, പൊതുവെ ധരിച്ചിരുന്നതുപോലെ വെളിപ്പെടുത്തപ്പെട്ട തത്ത്വസംഹിതകൾക്കും സത്യസംഗ്രഹങ്ങൾക്കും ബുദ്ധികൊണ്ടു നല്കുന്ന അംഗീകാരം മാത്രമല്ല, ദൈവത്തിനു തന്നത്തന്നെ പൂർണമായി സമർപ്പിക്കലാണ്, ദൈവഹിതത്തിനു പൂർണമായി കീഴ്‌വഴങ്ങലാണ്. വിശ്വാസം അനുസരണത്തിലൂടെ പ്രകടമാകണം. സമ്പൂർണസമർപ്പണത്തിലേക്കു നയിക്കുന്ന ഈ വിശ്വാസവും ദൈവത്തിന്റെ ദാനമാണ്. പ്രേരകവരപ്രസാദവും പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയും വഴിയാണ് മനുഷ്യന് വിശ്വസിക്കാനും അനുസരിക്കാനും കഴിയുന്നത്.

ആദ്യ അധ്യായത്തിന്റെ അവസാനത്തിൽ ദൈവികവെളിപാടിന്റെ ലക്ഷ്യം ഒരിക്കൽ കൂടി വ്യക്തമാക്കുന്നു. തന്റെ ദൈവികജീവനിൽ മനുഷ്യരെ പങ്കാളികളാക്കാൻ വേണ്ടിയാണ് ദൈവം മനുഷ്യരോട് സ്നേഹിതരോടെന്നതുപോലെ സംസാരിക്കുകയും അവരുടെ മധ്യേ വസിക്കുകയും ചെയ്യുന്നത്. സൃഷ്ടവസ്തുക്കളിലൂടെ മനുഷ്യബുദ്ധിക്ക് ദൈവത്തെ, അതായത് അവിടത്തെ അസ്തിത്വത്തെയും നന്മയെയും അറിയാൻ കഴിയുമെങ്കിലും എളുപ്പത്തിലും തെറ്റുകൂടാതെയും ദൈവത്തെ അറിയാൻ വെളിപാട് സഹായിക്കുന്നു

**അധ്യായം 2: വെളിപാടിന്റെ കൈമാറൽ (7-10)**

ദൈവികവെളിപാടിന്റെ രണ്ട് ഉറവിടങ്ങളായി കരുതപ്പെട്ടിരുന്ന പാരമ്പര്യവും ബൈബിളും ഇവിടെ ഒരു ഉറവിടത്തിൽനിന്ന് നിർഗളിക്കുന്ന നീർച്ചാലുകളായി അവതരിപ്പിക്കുന്നു. വെളിപാടിന്റെ ഉറവിടം ഒന്നേയുള്ളൂ - ത്രിയേകദൈവം. പിതാവായ ദൈവം യേശുക്രിസ്തുവിൽ പരിശുദ്ധാത്മാവി



www.malankaralibrary.com

ലൂടെ സ്വയം വെളിപ്പെടുത്തി. ഈ വെളിപാട് ലോകാവസാനംവരെ സകല തലമുറകൾക്കുമായി കൈമാറുന്നതിനുവേണ്ടി യേശുനാഥൻ അപ്പസ്തോലന്മാരെ നിയമിച്ചു.

പ്രവാചകന്മാർവഴി മുൻകൂട്ടി അറിയിക്കപ്പെട്ടിരുന്നതും യേശുവിൽ പൂർത്തീകരിക്കപ്പെട്ടതുമായ സുവിശേഷം അപ്പസ്തോലന്മാർ തങ്ങളുടെ പ്രസംഗങ്ങളും മാതൃകയും കല്പനകളും വഴി സഭയിലൂടെ പിൻതലമുറകൾക്കായി കൈമാറി നല്കി. യേശുവിൽനിന്നു നേരിൽ കണ്ടും കേട്ടും പഠിച്ചവയും പരിശുദ്ധാത്മാവിന്റെ സഹായത്താൽ ക്രമേണ ഗ്രഹിച്ചവയുമായ കാര്യങ്ങളാണ് അപ്പസ്തോലന്മാർ കൈമാറിയത്. ഈ കൈമാറൽ ലിഖിതരൂപത്തിലായതിനെ ബൈബിൾ എന്നും എഴുതപ്പെടാത്തവയെ പാരമ്പര്യം എന്നും വിളിക്കുന്നു.

രക്ഷയുടെ സുവിശേഷം യുഗാന്തംവരെ ലോകത്തെല്ലായിടത്തും പ്രഘോഷിക്കുന്നതിനുവേണ്ടി അപ്പസ്തോലന്മാർ തങ്ങളുടെ പിൻഗാമികളായി മെത്രാന്മാരെ നിയോഗിച്ചു. അവരിലൂടെയാണ് വിശുദ്ധ പാരമ്പര്യവും വിശുദ്ധഗ്രന്ഥവും ലോകത്തിൽ നിലനില്ക്കുന്നതും യുഗാന്തംവരെ പ്രഘോഷിക്കപ്പെടുന്നതും. സഭയുടെ പ്രബോധനം, ജീവിതം, ആരാധന എന്നിവയിലൂടെ ഈ വിശുദ്ധ പാരമ്പര്യം കൈമാറ്റം ചെയ്യപ്പെടുന്നു.

യേശുക്രിസ്തുവിൽനിന്ന് അപ്പസ്തോലന്മാർവഴി ലഭിച്ച പാരമ്പര്യം പരിശുദ്ധാത്മാവിന്റെ സഹായത്താൽ സഭയിൽ വളർന്നുകൊണ്ടിരിക്കുന്നു എന്ന സൂനഹദോസിന്റെ പ്രബോധനം അതീവശ്രദ്ധേയമാണ്. പുതിയ സത്യങ്ങളോ പുതിയ വെളിപ്പെടുത്തലുകളോ അല്ല, ലഭിച്ചവയുടെ ആഴങ്ങളിലേക്കിറങ്ങലാണ് ഇവിടെ വിവക്ഷിക്കുന്നത്. "സത്യാത്മാവു വരുമ്പോൾ നിങ്ങളെ സത്യത്തിന്റെ പൂർണതയിലേക്കു നയിക്കും" (യോഹ 16:13) എന്നു ക്രിസ്തുനാഥൻതന്നെ വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ. വിശ്വാസികളും പ്രബോധനാധികാരവും ഉൾപ്പെടെ സഭാസമൂഹം മുഴുവനിലൂടെയുമാണ് ഈ വളർച്ച സംഭവിക്കുന്നത്. പരിശുദ്ധാത്മാവിന്റെ സഹായം ഏതെങ്കിലും ചില വ്യക്തികൾക്കോ വിഭാഗങ്ങൾക്കോ മാത്രമല്ല, സഭയ്ക്കു മുഴുവനുമായിട്ടാണ് വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നത്.

എവിടെയാണ് ദൈവവചനം കൈമാറിനല്കുന്ന വിശുദ്ധപാരമ്പര്യം കണ്ടെത്താൻ കഴിയുക എന്നതിന് ഇനിയും വ്യക്തത ലഭിക്കേണ്ടതുണ്ട്. സഭാപിതാക്കന്മാരുടെ പ്രബോധനം, സഭയുടെ പുരാതന ആരാധനക്രമങ്ങളും പ്രാർത്ഥനകളും, സാർവത്രിക സൂനഹദോസുകളുടെ തീരുമാനങ്ങൾ, മാർപാപ്പാമാരുടെ അപ്രമാദിത്വത്തോടുകൂടിയ പ്രഖ്യാപനങ്ങൾ എന്നിവയിൽ വിശുദ്ധപാരമ്പര്യം കണ്ടെത്താൻ കഴിയും. ഏതൊക്കെ ഗ്രന്ഥങ്ങളാണ് വിശുദ്ധബൈബിളിന്റെ ഭാഗങ്ങൾ എന്നും എങ്ങനെയാണ് ബൈബിൾ ആധികാരികമായി വ്യാഖ്യാനിക്കേണ്ടത് എന്നും സഭാപാരമ്പര്യത്തിൽനിന്നാണ് ഗ്രഹിക്കാനാവുന്നത്. പാരമ്പര്യത്തിലൂടെ ദൈവം സഭാസമൂഹത്തോട് നിര



www.malankaralibrary.com

ന്തരം സംസാരിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെ സഭാസമൂഹത്തെ മുഴുവൻ സത്യത്തിന്റെ പൂർണതയിലേക്കു നയിക്കുന്നു.

ബൈബിളിന്റെയും പാരമ്പര്യത്തിന്റെയും ഉറവിടവും ലക്ഷ്യവും ഒന്നുതന്നെ - ദൈവം. ദൈവിക വെളിപാട് സഭയ്ക്കു ലഭിക്കുന്നത് ബൈബിളിൽനിന്നു മാത്രമല്ല, പാരമ്പര്യത്തിൽ നിന്നുകൂടിയാണ് എന്നു രേഖ പ്രത്യേകം എടുത്തുപറയുന്നുണ്ട്. അതിനാൽ ബൈബിളിനും പാരമ്പര്യത്തിനും ഒരേ ആദരവും ബഹുമാനവും നല്കണം. പാരമ്പര്യവും ബൈബിളും സഭയ്ക്കാണ് ഏല്പിക്കപ്പെട്ടിരിക്കുന്നത്. ഇടയന്മാർ ഉൾപ്പെടുന്ന ദൈവജനം മുഴുവൻ ഈ നിക്ഷേപം കാത്തുസൂക്ഷിക്കുകയും വ്യാഖ്യാനിക്കുകയും ജീവിക്കുകയും പ്രഘോഷിക്കുകയും ചെയ്യുന്നു, ചെയ്യണം. ഇടയന്മാരോടു ചേർന്ന് ദൈവജനം ഈ പ്രക്രിയയിൽ പങ്കുചേരുന്നുവെന്ന കൗൺസിലിന്റെ പ്രബോധനം പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. വചനവ്യാഖ്യാനത്തിലും പ്രഘോഷണത്തിലും എല്ലാം ദൈവജനം മുഴുവൻ പങ്കുവഹിക്കണം. എന്നാലും ആധികാരികമായി വ്യാഖ്യാനിക്കാനുള്ള അവകാശവും കടമയും പ്രബോധനാധികാരത്തിനാണ്. അതേസമയം സഭയുടെ പ്രബോധനാധികാരം ദൈവവചനത്തിന്റെ ശുശ്രൂഷിയാണ്, വചനത്തിനുപരിയല്ല എന്നും പ്രത്യേകം അനുസ്മരിപ്പിക്കുന്നു.

വിശുദ്ധപാരമ്പര്യവും വിശുദ്ധലിഖിതങ്ങളും സഭയുടെ പ്രബോധനാധികാരവും വഴിയാണ് ഇന്നു നമുക്ക് ദൈവവചനം ലഭ്യമാകുന്നത്. ഇവ മൂന്നും തമ്മിൽ വൈരുദ്ധ്യമില്ല, മൂന്നും പരസ്പര പൂരകങ്ങളായി വർത്തിക്കുന്നു. ഏതെങ്കിലും ഒന്നു നിഷേധിച്ചാൽ ദൈവികവെളിപാട് പൂർണമായി ലഭിക്കില്ല; അത് നിത്യരക്ഷയെ അപകടപ്പെടുത്തുകയും ചെയ്യാം.

### അധ്യായം 3: വിശുദ്ധലിഖിതങ്ങളുടെ ദൈവികനിവേശനവും അതിന്റെ വ്യാഖ്യാനവും (11-13)

ബൈബിളിന്റെ കാനോനികത, ദൈവനിവേശനം, വ്യാഖ്യാനം എന്നീ മൂന്നു കാര്യങ്ങളാണ് മൂന്നാം അധ്യായത്തിൽ പ്രതിപാദിക്കുന്നത്. തെന്ത്രോസ് സൂനഹദോസിന്റെ പ്രബോധനം ആവർത്തിച്ചുറപ്പിച്ചുകൊണ്ട് ബൈബിളിന്റെ എല്ലാ പുസ്തകങ്ങളും പുസ്തകഭാഗങ്ങളും കാനോനികമായി പ്രഖ്യാപിക്കുന്നു. അവ ഏതൊക്കെയെന്ന് കൃത്യമായി എടുത്തുപറയുന്നില്ല. അവ ദൈവനിവേശിതമായതിനാലാണ് സംപൂജ്യവും കാനോനികവുമായി കരുതുന്നത്.

### ദൈവനിവേശനം

ദൈവനിവേശനത്തെക്കുറിച്ചു പഠിപ്പിക്കുമ്പോൾ ബൈബിളിന്റെ രചനയിൽ ദൈവാത്മാവിന്റെയും മാനുഷിക എഴുത്തുകാരന്റെയും ഭാഗങ്ങൾ എടുത്തുപറയുന്നുണ്ട്. ദൈവനിവേശനത്താൽ രചിക്കപ്പെട്ടതാകയാൽ ബൈബിളിന്റെ യഥാർത്ഥ ഗ്രന്ഥകർത്താവ് ദൈവം തന്നെയാണ്. എന്നാൽ എഴുതുന്ന മനുഷ്യർ വെറും ഉപകരണങ്ങൾ മാത്രമല്ല, അവരും യഥാർത്ഥ ഗ്രന്ഥകാരന്മാർ തന്നെയെന്ന് രേഖ ഊന്നിപ്പറയുന്നു.



www.malankaralibrary.com

ദൈവനിവേശനത്തെക്കുറിച്ച് നിലവിലിരുന്ന പല തെറ്റായ ധാരണകളും ഇവിടെ തിരുത്തുന്നുണ്ട്: 1. ദൈവനിവേശനം എന്നാൽ വാക്കുകൾ പറഞ്ഞുകൊടുത്ത് എഴുതിക്കലല്ല – മാനുഷികഗ്രന്ഥകാരൻ വെറും കേട്ടെഴുത്തുകാരനല്ല. 2. മാനുഷികഗ്രന്ഥകാരൻ സ്വന്തം കഴിവുപയോഗിച്ച് എഴുതുന്നതിൽ തെറ്റുവരാതെ സൂക്ഷിക്കുന്നതു മാത്രമല്ല ദൈവനിവേശനം. 3. മനുഷ്യൻ സ്വന്തം കഴിവും ഭാവനയും ഉപയോഗിച്ച് എഴുതിയവയെ പിന്നീട് ദൈവവചനമായി അംഗീകരിക്കലുമല്ല ദൈവനിവേശനം. 4 ദൈവനിവേശനം, എഴുതുന്ന മനുഷ്യന്റെ കഴിവുകളെ നിഷേധിക്കുകയോ അവഗണിക്കുകയോ ചെയ്യുന്നില്ല.

ദൈവം ചില വ്യക്തികളെ വിശുദ്ധഗ്രന്ഥരചനയ്ക്കായി പ്രത്യേകം തിരഞ്ഞെടുത്ത് അവരെ പ്രചോദിപ്പിക്കുകയും അവരുടെ കഴിവുകളെ ഉദ്ദീപിപ്പിക്കുകയും ചെയ്യുന്നു. അതിലൂടെ ദൈവം ആഗ്രഹിച്ചവ മുഴുവനായും അവ മാത്രവും എഴുതാൻ ഗ്രന്ഥകാരൻ പ്രാപ്തനാകുന്നു. തിരഞ്ഞെടുപ്പ്, പ്രചോദനം, ഉദ്ദീപനം എന്നിവയിൽ ദൈവനിവേശനം ദൃശ്യമാകുന്നു. തന്മൂലം ദൈവവും മനുഷ്യനും ഒരുപോലെ ഗ്രന്ഥകർത്താക്കളാണ്.

ദൈവനിവേശനത്തിന്റെ ഫലങ്ങളായി നാലു കാര്യങ്ങൾ എടുത്തുകാട്ടുന്നു: 1. ബൈബിൾ മുഴുവൻ ദൈവവചനമാണ്. 2. ബൈബിളിൽ തെറ്റില്ല – വിശ്വാസത്തെയും ധാർമ്മികതയെയും സംബന്ധിച്ച പ്രബോധനത്തിലാണ് ഈ തെറ്റാവരം അവകാശപ്പെടുന്നത്. ഭൗതികശാസ്ത്രത്തെയും ചരിത്രത്തെയും സംബന്ധിച്ച കാര്യങ്ങളിൽ ബൈബിൾ പറയുന്ന കാര്യങ്ങളിൽ പൊരുത്തക്കേടു കാണാം. ദൈവത്തെയും മനുഷ്യരക്ഷയെയും കുറിച്ചാണ് ബൈബിൾ പഠിപ്പിക്കുന്നത്. ആ മേഖലകളിൽ മാത്രമേ തെറ്റാവരത്തിനു പ്രസക്തിയുള്ളൂ. 3. ബൈബിൾ മുഴുവൻ ഒറ്റ ഗ്രന്ഥമാണ്. എഴുപത്തിമൂന്നു പുസ്തകങ്ങളിലും പറയുന്ന കാര്യങ്ങൾ തമ്മിൽ വൈരുദ്ധ്യമുണ്ടായിരിക്കുകയില്ല. വൈരുദ്ധ്യം തോന്നുന്നെങ്കിൽ അത് വ്യാഖ്യാനത്തിന്റെ പ്രശ്നമാണ്. 4. ബൈബിൾ ജീവിതത്തിനു മാർഗദർശനവും മാനദണ്ഡവുമാകുന്നു (2 തിമോ 3,16–17).

**ബൈബിൾ വ്യാഖ്യാനം**

ബൈബിളിൽ ദൈവം മനുഷ്യരോട് മാനുഷികരീതിയിൽ സംസാരിക്കുന്നതിനാൽ അതു വ്യാഖ്യാനിക്കുമ്പോൾ മാനുഷികമായ സംസാരത്തിന്റെയും രചനയുടെയും പ്രത്യേകതകൾ ശ്രദ്ധിക്കണം എന്ന് കൗൺസിൽരേഖ ഊന്നിപ്പറയുന്നു. സാഹിത്യരൂപങ്ങളെക്കുറിച്ച് 'ദിവീനോ അഫ്ളാന്തെ സ്പിരിത്തു' എന്ന ചാക്രികലേഖനത്തിൽ നല്കിയിരുന്ന നിർദ്ദേശങ്ങൾ കൂടുതൽ വ്യാപകമായി അവതരിപ്പിക്കുന്നു. ബൈബിളിൽ എഴുതിയിരിക്കുന്നതെല്ലാം അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിച്ചാൽ അർത്ഥം ഗ്രഹിക്കാൻ കഴിയാതെ പോകും. വിശുദ്ധഗ്രന്ഥകാരന്മാർ അവതരിപ്പിക്കാൻ ആഗ്രഹിക്കുന്ന കാര്യങ്ങൾ മനസ്സിലാക്കാൻ അവരുടെ കാലങ്ങളിലും സ്ഥലങ്ങളിലും നിലവിലിരുന്ന ഗ്രഹണരീതി, സംസാരരീതി, വർണനാസമ്പ്രദായം മുതലായവ കണക്കിലെടുക്കണം. ചരിത്രാത്മകനിരൂപണത്തോടൊപ്പം പ്രവചനം, കവിത മുതലായ മറ്റു സാഹിത്യരൂപങ്ങളെക്കുറിച്ചും പരാമർശിക്കുന്നു.



www.malankaralibrary.com

സാഹിത്യരൂപങ്ങൾ കണ്ടെത്തുന്നതിനു പുറമേ പരിശുദ്ധാത്മാവിന്റെ പ്രത്യേക സഹായവും പ്രകാശനവും വ്യാഖ്യാനത്തിന് ആവശ്യമാണ്. വ്യാഖ്യാനവിഷയമാകുന്ന ബൈബിൾഭാഗത്ത് അവതരിപ്പിക്കുന്ന കാര്യങ്ങൾക്ക് ഇതര ബൈബിൾഭാഗവുമായുള്ള ബന്ധവും പൊരുത്തവും, അതുപോലെതന്നെ സഭയുടെ ആധികാരികമായ പ്രബോധനങ്ങളും കണക്കിലെടുക്കണം. ഇവ തമ്മിൽ പൊരുത്തക്കേടോ വൈരുദ്ധ്യമോ ഉണ്ടായിരിക്കുകയില്ല. ആത്യന്തികമായി ബൈബിൾ സന്ദേശം കൃത്യമായി നിർവചിക്കാനും പഠിപ്പിക്കാനുമുള്ള അധികാരം സഭയുടെ പ്രബോധനാധികാരത്തിൽ നിക്ഷിപ്തമായിരിക്കുന്നു.

ബൈബിൾരചനയെ മനുഷ്യാവതാരത്തോടു താരതമ്യം ചെയ്തുകൊണ്ടാണ് വ്യാഖ്യാനത്തെക്കുറിച്ചുള്ള പ്രബോധനം സമാപിക്കുന്നത്. "നിത്യനായ പിതാവിന്റെ വചനം ഒരിക്കൽ ബലഹീനമായ മനുഷ്യശരീരം സ്വീകരിച്ചപ്പോൾ മനുഷ്യസദൃശനായതുപോലെ ദൈവവചനങ്ങൾ മാനുഷികഭാഷയിൽ അവതരിപ്പിക്കുമ്പോൾ അവ മനുഷ്യഭാഷണത്തോട് സദൃശ്യമാകും" (13). വ്യാഖ്യാനത്തെക്കുറിച്ച് കൗൺസിൽ തുടങ്ങിവച്ച പ്രബോധനം 1993-ൽ പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷൻ പുറപ്പെടുവിച്ച 'ബൈബിൾ വ്യാഖ്യാനം സഭയിൽ' എന്ന ഔദ്യോഗികരേഖയിൽ വിശദമായി ചർച്ച ചെയ്തു പഠിപ്പിക്കുന്നുണ്ട്.

ബൈബിൾ വ്യാഖ്യാനത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട രണ്ടു കാര്യങ്ങളെക്കുറിച്ച് കൗൺസിൽരേഖ അനുസ്മരിപ്പിക്കുന്നു: 1. വിശുദ്ധഗ്രന്ഥകാരൻ അറിയിക്കാൻ ആഗ്രഹിച്ച സന്ദേശം എന്ത്? 2. ബൈബിളിലൂടെ ദൈവം ഇന്ന് എന്നോട്-നമ്മോട് എന്തുപറയുന്നു? വ്യാഖ്യാനത്തിൽ ഈ രണ്ടു ചോദ്യങ്ങളും പ്രസക്തമാണ്. ആദ്യത്തെ ചോദ്യം ബൈബിളിനെ വസ്തുനിഷ്ഠമായും ചരിത്രപരമായും പഠിക്കാൻ പ്രേരിപ്പിക്കുന്നു. അതില്ലെങ്കിൽ വ്യാഖ്യാനം വ്യക്തികളുടെ തോന്നലുകൾക്ക് വിധേയമായി വഴിതെറ്റാം. അതേസമയം രണ്ടാമത്തേതില്ലെങ്കിൽ ബൈബിൾ വെറും ഒരു ചരിത്രഗ്രന്ഥം മാത്രമാവുകയും ചത്തലിപികളായി പരിണമിച്ച് ആനുകാലികജീവിതത്തിൽ അർത്ഥശൂന്യമായിത്തീരുകയും ചെയ്യും. രണ്ടു ചോദ്യങ്ങളും പരസ്പരപൂരകങ്ങളാണ്. വ്യാഖ്യാതാവ് രണ്ടിനും ഉത്തരം കണ്ടെത്തണം. ഇതിനു പുതിയ വിമർശനരീതികൾ ആവശ്യമായി വരുന്നു. അതാണ് 1993-ലെ മേൽസൂചിപ്പിച്ച രേഖയിൽ നല്കുന്നത്.

**അധ്യായം 4: പഴയ ഉടമ്പടി (14-16)**

അടുത്ത രണ്ട് അധ്യായങ്ങൾ ബൈബിളിനെക്കുറിച്ചുതന്നെയാണ് പ്രതിപാദിക്കുന്നത്. നിയമം എന്നതിനെക്കാൾ "ഉടമ്പടി" എന്നാണ് ബൈബിളിനെ വിശേഷിപ്പിക്കുന്നത്. സകല മനുഷ്യർക്കും രക്ഷ നല്കാനുള്ള ദൈവികപദ്ധതിയുടെ ആദ്യഭാഗമാണ് പഴയ ഉടമ്പടി. സൃഷ്ടി മുതൽ രക്ഷകനായ യേശുവിന്റെ ആഗമനം വരെ ദൈവം ഒരുക്കിയ രക്ഷാകരപദ്ധതിയുടെ ചെറിയ ഒരു വിവരണം ഈ അധ്യായത്തിൽ നല്കിയിരിക്കുന്നു. പൂർവ പിതാക്കന്മാരും മോശയും പ്രവാചകന്മാരുംവഴി ഒരുക്കിയ ഈ രക്ഷാപദ്ധതിയിലൂടെ ദൈവം



www.malankaralibrary.com

പടിപടിയായി തന്നത്തന്നെയും തന്റെ തിരുഹിതവും വെളിപ്പെടുത്തി. നിയമങ്ങളും പ്രതീകങ്ങളും പ്രവചനങ്ങളും എല്ലാം രക്ഷകനെ മുൻകൂട്ടി അറിയിക്കുന്നതും രക്ഷകന്റെ വരവിന് വഴിയൊരുക്കുന്നതുമായിരുന്നു.

ദൈവനിവേശനത്താൽ രചിക്കപ്പെട്ടതാകയാൽ പഴയ ഉടമ്പടിയിലെ എല്ലാ ഗ്രന്ഥങ്ങളും ദൈവവചനമായി പരിഗണിക്കണം. എന്നാലും പഴയനിയമഗ്രന്ഥങ്ങളിൽ കാലികവും അപൂർണവുമായ പലതും ഉണ്ടെന്ന് കൗൺസിൽരേഖ അനുസ്മരിപ്പിക്കുന്നു. യേശുവിലാണ് അവയെല്ലാം പൂർണമാവുക. ദൈവത്തിന്റെ പ്രത്യേക പദ്ധതിയനുസരിച്ച് പുതിയനിയമം പഴയനിയമത്തിൽ ഒളിഞ്ഞുകിടക്കുന്നു; പഴയനിയമമാകട്ടെ, പുതിയനിയമത്തിൽ പ്രസ്പഷ്ടമാകുന്നു. അതിനാൽ രണ്ടിനെയും പരസ്പരപൂരകങ്ങളായി സ്വീകരിക്കണം. പഴയനിയമം ക്രിസ്ത്യാനികൾക്ക് അനിവാര്യമാണ്.

**അധ്യായം 5: പുതിയ ഉടമ്പടി (17-20)**

പുതിയനിയമഗ്രന്ഥങ്ങൾ ക്രിസ്തുസംഭവത്തെ സമഗ്രമായി അവതരിപ്പിക്കുന്നു; ക്രിസ്തുവിലൂടെ ലഭ്യമായ രക്ഷ പ്രഘോഷിക്കുന്നു. ദൈവവചനത്തിന്റെ മനുഷ്യാവതാരം, ജീവിതം, പ്രവർത്തനം, പ്രബോധനം, മരണം, ഉത്ഥാനം, സ്വർഗാരോഹണം, പരിശുദ്ധാത്മാവിന്റെ പ്രേഷണം എന്നിവയടങ്ങുന്ന ക്രിസ്തുരഹസ്യവും അതിന് അപ്പസ്തോലന്മാർ നല്കുന്ന സാക്ഷ്യവുമാണ് പുതിയനിയമത്തിന്റെ ഉള്ളടക്കം. പുതിയനിയമഗ്രന്ഥങ്ങളിൽത്തന്നെ ഏറ്റം പ്രധാനം സുവിശേഷങ്ങളാണ്. സുവിശേഷങ്ങൾ നാലും യേശുവിന്റെ ജീവിതത്തിനും പ്രവർത്തനങ്ങൾക്കും വിശ്വസ്തമായ സാക്ഷ്യം നല്കുന്നു. അവ ചരിത്രപരമായിത്തന്നെ സ്വീകരിക്കണം എന്ന് കൗൺസിൽ രേഖ ആവശ്യപ്പെടുന്നു. അതേസമയം സുവിശേഷങ്ങൾ മറ്റു ചരിത്രഗ്രന്ഥങ്ങൾപോലെ വസ്തുതകളുടെ യഥാർത്ഥ വിവരണമല്ല, മറിച്ച് ക്രിസ്തുസംഭവത്തിന്റെ പ്രഘോഷണമാണ്.

വാമൊഴിയായും വരമൊഴിയായും ക്രിസ്തീയസമൂഹങ്ങളിൽ നിലനിന്ന യേശുക്രിസ്തുവിനെ സംബന്ധിച്ച വിവരണങ്ങളിൽനിന്ന് തങ്ങളുടെ സമൂഹങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് സുവിശേഷകന്മാർ തിരഞ്ഞെടുക്കുകയും പലതും വിട്ടുകളയുകയും ചെയ്തിട്ടുണ്ട്. തന്നെയുമല്ല, സുവിശേഷം പ്രഘോഷിച്ചവരും എഴുതിയവരും യേശുവിന്റെ മരണത്തിനും ഉത്ഥാനത്തിനും സാക്ഷികളാണ്. ക്രിസ്തുസംഭവത്തിലേക്ക് പരിശുദ്ധാത്മാവിന്റെ സഹായത്താൽ അവർക്ക് പ്രത്യേക ഉൾക്കാഴ്ച ലഭിച്ചിരുന്നു. അങ്ങനെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിക്കപ്പെട്ട സംഭവങ്ങളും വചനങ്ങളുമാണ് സുവിശേഷകർ രേഖപ്പെടുത്തിയിരിക്കുന്നത്. അത് അവരുടെ വിശ്വാസസാക്ഷ്യങ്ങളാണ്, വിശ്വാസം ജനിപ്പിക്കാൻ ഉദ്ദേശിച്ച് എഴുതിയതുമാണ്. വിശ്വാസത്തിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിക്കപ്പെട്ട ചരിത്രമാണത്.

പുതിയനിയമത്തിലെ ഇതരലിഖിതങ്ങളും ദൈവനിവേശിതങ്ങളാണ്. അതിനാൽ അവയെയും ദൈവവചനമായി സ്വീകരിക്കണം. അവ ക്രിസ്തുരഹ



www.malankaralibrary.com

സ്യത്തെയും ക്രിസ്തീയജീവിതനിയമങ്ങളെയും കൂടുതൽആഴത്തിലും വിശദമായും അവതരിപ്പിക്കുന്നു.

**അധ്യായം 6: വിശുദ്ധഗ്രന്ഥം സഭയുടെ ജീവിതത്തിൽ (21-26)**

ദൈവാവിഷ്കരണത്തെക്കുറിച്ചുള്ള പ്രബോധനത്തിന്റെ അവസാനത്തെ അധ്യായം ബൈബിളിന് സഭാജീവിതത്തിൽ ഉള്ളതും നല്കേണ്ടതുമായ പ്രാധാന്യത്തെക്കുറിച്ചു പ്രതിപാദിക്കുന്നു. വിശുദ്ധകുർബാനയോടു താരതമ്യം ചെയ്തുകൊണ്ടാണ് ബൈബിളിന്റെ പ്രാധാന്യത്തെ എടുത്തുകാട്ടുന്നത്. "നമ്മുടെ കർത്താവിന്റെ തിരുശരീരത്തെ വണങ്ങുന്നതുപോലെയാണ് വിശുദ്ധഗ്രന്ഥത്തെയും സഭ എന്നും വണങ്ങിപ്പോന്നിട്ടുള്ളത്" എന്ന ആമുഖപ്രസ്താവന പല ചോദ്യങ്ങളും ഉയർത്തുകയുണ്ടായി. "പോലെ" എന്നതിന്റെ അർത്ഥവും ധ്വനിയുമാണ് ഏറെ ചർച്ചാവിഷയമായത്.

വിശുദ്ധകുർബാനയിൽ അപ്പവും വീഞ്ഞും യേശുവിന്റെ തിരുശരീരരക്തങ്ങളായി മാറുന്നു; അവയിൽ യേശുവിന്റെ ശാരീരികസാന്നിധ്യം കൗദാശികമായി അനുഭവപ്പെടുന്നു. എന്നാൽ ബൈബിളിലോ? ഒരു ശാരീരികസാന്നിധ്യത്തെക്കുറിച്ചു പറയാനാവുമോ? എഴുതപ്പെട്ട ലിഖിതത്തിലൂടെ ദൈവവചനം നമുക്കു ലഭ്യമാകുന്നു; ദൈവം നമ്മോടു സംസാരിക്കുന്നു. അങ്ങനെ ദൈവവും മനുഷ്യനും തമ്മിൽ യഥാർത്ഥമായ ഒരു കണ്ടുമുട്ടൽ നടക്കുന്നു. ഈ അർത്ഥത്തിൽ വിശുദ്ധകുർബാനയും ബൈബിളും തമ്മിൽ സാമ്യമുണ്ട്. രണ്ടിനും സമാനമായ വണക്കം നല്കുകയും ചെയ്യുന്നു. കുർബാനക്രമത്തിലെ രണ്ടു ഭാഗങ്ങളിൽ ആദ്യത്തേത് വചനത്തിനും രണ്ടാമത്തേത് കുർബാനയ്ക്കും ആയി മാറ്റിവച്ചിരിക്കുന്നതും ശ്രദ്ധേയമാണ്. ആദ്യമേ വചനമാകുന്ന അപ്പവും തുടർന്നു ശരീരമാകുന്ന അപ്പവും നല്കുന്നതിലൂടെ രണ്ടിന്റെയും സമാനത വ്യക്തമാകുന്നു. തുടർന്നു രേഖ ചില പ്രായോഗിക നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിരിക്കുന്നു.

വിശുദ്ധഗ്രന്ഥത്തിലൂടെ സ്വർഗസ്ഥനായ പിതാവ് തന്റെ മക്കളെ അതീവസ്നേഹത്തോടെ ഉറ്റുനോക്കുകയും അവരുമായി സംസാരത്തിൽ ഏർപ്പെടുകയും ചെയ്യുന്നു. ദൈവവചനം ആത്മാവിന്റെ ആഹാരമാണ്; ആത്മീയജീവിതത്തിന്റെ ഉറവിടമാണ്. അതിനാൽ എല്ലാവർക്കും ബൈബിൾ വായിച്ചു ഗ്രഹിക്കാൻ കഴിയണം. അതിനുവേണ്ടി ആവശ്യമായ ബൈബിൾവിവർത്തനങ്ങൾ തയ്യാറാക്കാൻ രേഖ നിർദ്ദേശിക്കുന്നുണ്ട്. മൂലഭാഷകളിൽനിന്നുള്ള ആധികാരികമായ വിവർത്തനമാണ് നിർദ്ദേശിക്കുന്നത്. ഇത് ഇതരക്രൈസ്തവസഭകളുമായി ഒത്തുചേർന്ന് നിർവഹിക്കുന്നത് ഉചിതമായിരിക്കും എന്ന് അഭിപ്രായപ്പെടുന്നു.

ദൈവവചനം എല്ലാവർക്കും ആത്മീയഭക്ഷണമായി ലഭിക്കണം. അതിനായി ദൈവശാസ്ത്രപണ്ഡിതന്മാരെ രേഖ പ്രത്യേകം ഉദ്ബോധിപ്പിക്കുന്നു. ദൈവശാസ്ത്രത്തിന്റെ ആത്മാവ് ബൈബിൾപഠനമായിരിക്കണം. പ്രഭാഷണങ്ങൾ,



www.malankaralibrary.com

മതബോധനം, വിശുദ്ധകുർബാനയുടെ മധ്യേയുള്ള സുവിശേഷപ്രസംഗം എന്നിങ്ങനെ വിവിധ മാധ്യമങ്ങളിലൂടെ ദൈവവചനം ജനത്തിനു പകർന്നു കൊടുക്കുന്നതിന്റെ ആവശ്യകതയെ ഊന്നിപ്പറയുന്നു. എല്ലാ വിശ്വാസികളും പ്രത്യേകിച്ച് പ്രബോധനത്തിൽ ഏർപ്പെട്ടിരിക്കുന്ന വൈദികരും ഡീക്കന്മാരും മതബോധകരും വിശുദ്ധഗ്രന്ഥം നിരന്തരം വായിക്കുകയും ധ്യാനിക്കുകയും പഠിക്കുകയും ചെയ്യണം. വിശുദ്ധ ജെറോമിനെ ഉദ്ധരിച്ചുകൊണ്ട് രേഖ അനുസ്മരിപ്പിക്കുന്നു: "വിശുദ്ധലിഖിതങ്ങളെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതയാണ്". പ്രാർത്ഥനയോടുകൂടിയ വിശുദ്ധഗ്രന്ഥപാരായണത്തിന് കൗൺസിൽപിതാക്കന്മാർ എല്ലാവരെയും ആഹ്വാനം ചെയ്യുന്നു. "പ്രാർത്ഥിക്കുമ്പോൾ നാം ദൈവത്തോടു സംസാരിക്കുന്നു, ബൈബിൾ വായിക്കുമ്പോൾ ദൈവം നമ്മോടു സംസാരിക്കുന്നു" എന്ന വിശുദ്ധ അംബ്രോസിന്റെ വാക്കുകൾ കടമെടുത്തുകൊണ്ട് പ്രാർത്ഥനയും പാരായണവും പഠനവും നടത്താൻ രേഖ വിശ്വാസികളെ പ്രേരിപ്പിക്കുന്നു. ദൈവവചനത്തോടുള്ള വർദ്ധമാനമായ ഭക്തിവഴി ആദ്ധ്യാത്മികജീവിതത്തിൽ ഒരു പുതിയ ഉത്തേജനം ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചുകൊണ്ടാണ് രേഖ സമാപിക്കുന്നത്.

**പ്രതികരണം**

സഭ പുറപ്പെടുവിച്ചിട്ടുള്ള മറ്റ് ഏത് ഔദ്യോഗികരേഖയെയുംകാൾ കൂടുതൽ ദൈവജനത്തിന്റെ ശ്രദ്ധയും താത്പര്യവും ഉണർത്താൻ ഈ രേഖയ്ക്കു കഴിഞ്ഞു. ഇതരക്രൈസ്തവരുടെ ഇടയിൽപോലും വളരെ നല്ല പ്രതികരണമാണുണ്ടായത്. കൗൺസിലിനുമുമ്പ് 'പ്രൊട്ടസ്റ്റന്റുകാർക്ക് ബൈബിളും കത്തോലിക്കർക്ക് കൂദാശകളും' എന്ന ഒരു കാഴ്ചപ്പാട് പൊതുവേ നിലനിന്നിരുന്നത് മാറി. പാരമ്പര്യത്തിനു പ്രാധാന്യം നല്കുമ്പോഴും ബൈബിളിനോടു വലിയ താത്പര്യവും ആദരവും ആഭിമുഖ്യവും കത്തോലിക്കരുടെ ഇടയിൽ പ്രബലപ്പെട്ടു. പരിശുദ്ധ കുർബാനയോടൊപ്പം ബൈബിളിനെയും വണങ്ങാൻ പഠിച്ചു. പാരമ്പര്യവും ബൈബിളും തമ്മിലുള്ള ബന്ധം കൂടുതൽ വ്യക്തമായി.

ബൈബിൾ പഠനരംഗത്ത് അത്ഭുതാവഹമായ പുരോഗതിയുണ്ടായി. ശാസ്ത്രീയവിശകലനരീതികളെ സംശയദൃഷ്ടിയോടെ നോക്കിക്കണ്ടിരുന്ന അവസ്ഥ മാറി. സത്യം അന്വേഷിക്കാൻ ഉപയുക്തമായ എല്ലാ ഗവേഷണരീതികളും കത്തോലിക്കാബൈബിൾ പഠിതാക്കൾ സ്വീകരിക്കുന്നു. എല്ലാം അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിക്കാനുള്ള പ്രവണതവിട്ട്, ഗ്രന്ഥകാരന്റെ ഉദ്ദേശ്യവും ദൈവം നല്കുന്ന സന്ദേശവും കണ്ടെത്താൻ ഈ ശാസ്ത്രീയവിശകലന-വ്യാഖ്യാനരീതികൾ സഹായിക്കുന്നു. സെമിനാരികളിൽ ബൈബിൾ പഠനത്തിനു കൂടുതൽ പ്രാധാന്യം നല്കുക മാത്രമല്ല, പുതിയ രീതിശാസ്ത്രങ്ങൾ ഉപയോഗിക്കുകയും കൂടുതൽ ഫലപ്രദമായ വ്യാഖ്യാന-നിരൂപണരീതികൾ കണ്ടെത്തുകയും ചെയ്യുന്നു. ദൈവികവെളിപാടിനെ വിശ്വാസസത്യങ്ങളുടെയും തത്ത്വസംഹിതകളുടെയും സമാഹാരമെന്നതിലുപരി ദൈവത്തിന്റെ സ്വയം വെളി



www.malankaralibrary.com

പ്പെടുത്തലായി കാണാൻ ദൈവശാസ്ത്രകാരന്മാർ ശ്രമിക്കുന്നു. തത്ത്വശാസ്ത്രത്തിന്റെയും യുക്തിചിന്തയുടെയും അതിപ്രസരത്തിൽനിന്നു മുക്തി നേടിയ ദൈവശാസ്ത്രം കൂടുതൽ കൂടുതലായി ദൈവവചനത്തിന് ഊന്നൽ നല്കുന്നു.

കത്തോലിക്കരുടെ പ്രാർത്ഥനാജീവിതത്തിൽ ദൈവാവിഷ്കരണം എന്ന രേഖ വലിയ സ്വാധീനം ചെലുത്തി. ഇത് സഭയുടെ ഔദ്യോഗികപ്രാർത്ഥനകളിലും കുടുംബപ്രാർത്ഥനകളിലും വ്യക്തികളുടെ സ്വകാര്യപ്രാർത്ഥനകളിലും പ്രതിഫലിക്കുന്നുണ്ട്. എല്ലാറ്റിലും ദൈവവചനത്തിന് പ്രമുഖസ്ഥാനം നല്കപ്പെടുന്നു.

ക്രിസ്തീയജീവിതത്തിന് പുതിയ ഉണർവും ഉത്തേജനവും മാർഗദർശനവും നല്കുന്നതോടൊപ്പം പുതിയ ചോദ്യങ്ങൾക്കും രേഖ ഇടം നല്കുന്നുണ്ട്. ഇനിയും ഉത്തരം കിട്ടേണ്ടതായി പല ചോദ്യങ്ങളും അവശേഷിക്കുന്നു. ബൈബിളും പാരമ്പര്യവും ആയിരുന്നു ഒരു പ്രധാന ചർച്ചാവിഷയം. എന്നാൽ യഥാർത്ഥ പാരമ്പര്യം എന്ത്, എവിടെ എന്ന ചോദ്യത്തിന് കൃത്യമായ ഉത്തരം ഇനിയും കണ്ടെത്തേണ്ടിയിരിക്കുന്നു. ബൈബിളും പാരമ്പര്യവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് അവ്യക്തതകൾ തീർന്നിട്ടില്ല. ബൈബിളിനെക്കാൾ വിശാലമാണോ പാരമ്പര്യം? ബൈബിളിൽ ഇല്ലാത്തത് എന്തെങ്കിലും പാരമ്പര്യത്തിലുണ്ടോ? ബൈബിളിൽ തെറ്റില്ല എന്നു പറയുമ്പോഴും വസ്തുനിഷ്ഠമായി വിശകലനം ചെയ്യുമ്പോൾ ഭൗതികശാസ്ത്രപരമായും ചരിത്രപരമായും തെറ്റുകൾ കണ്ടെത്താൻ കഴിയും. പ്രപഞ്ചഘടന, സൃഷ്ടിയെക്കുറിച്ചുള്ള വിവരണങ്ങൾ, കാലഗണന മുതലായവ ഉദാഹരണങ്ങൾ. തെറ്റാവരത്തിന്റെ മേഖലകൾ കൂടുതൽ വ്യക്തമാകേണ്ടിയിരിക്കുന്നു.

ബൈബിൾ വ്യാഖ്യാനത്തിനു പുതിയ രീതികൾ സ്വീകരിക്കുമ്പോഴും എന്താണ് നാം ബൈബിളിൽ തേടുന്നത് എന്നു ചിലപ്പോഴെങ്കിലും അവ്യക്തമാകുന്നു. ചരിത്രാത്മകവ്യാഖ്യാനം മാത്രം സ്വീകരിച്ചാൽ വ്യക്തിജീവിതത്തോടു ബന്ധമില്ലാത്ത ചത്ത ലിപിയാകും ബൈബിൾ. ആദ്ധ്യാത്മിക-വ്യക്തിപരവ്യാഖ്യാനങ്ങൾക്ക് ഊന്നൽ നല്കുമ്പോൾ വസ്തുനിഷ്ഠമായ സത്യത്തിനു പ്രാധാന്യം നഷ്ടപ്പെടുകയും അനേകം വ്യാഖ്യാനങ്ങൾ ഉടലെടുക്കുകയും ചെയ്യും. അന്വേഷണത്തിന്റെ പാത തുടരേണ്ടിയിരിക്കുന്നു.

ദൈവവചനം എന്ന പ്രയോഗത്തിനുതന്നെ കൂടുതൽ വ്യക്തത ആവശ്യമാണ്. എഴുതപ്പെട്ട ബൈബിൾ മാത്രമല്ല ദൈവവചനം എന്നുപറയുമ്പോഴും രേഖയുടെ സിംഹഭാഗവും ബൈബിളിനായി മാറ്റിവച്ചിരിക്കുന്നതിനാൽ വചനം സമം ബൈബിൾ എന്ന ഒരു സമവാക്യം രൂപം കൊള്ളുന്നതായി തോന്നും. പ്രബോധനാധികാരത്തിൽ സഭ മുഴുവന്റെയും പങ്കിനെക്കുറിച്ചു സൂചിപ്പിക്കുന്നുണ്ടെങ്കിലും കൂടുതൽ വ്യക്തത ആവശ്യമാണ്. വെളിപ്പെടുത്തപ്പെട്ടതായി ഇതരമതങ്ങൾ കരുതുന്ന മതഗ്രന്ഥങ്ങളിലെ ദൈവവചനത്തെ



www.malankaralibrary.com

ക്കുറിച്ച് എന്തു പറയാനാവും? എന്നിങ്ങനെ അനേകം ചോദ്യങ്ങൾ ഇനിയും ഉത്തരം തേടുന്നു. കഴിഞ്ഞ അമ്പതുവർഷത്തിനിടയിൽ പലതിനും സഭ ഉത്തരം കണ്ടെത്തുകയുണ്ടായി. പരിശുദ്ധാത്മാവിന്റെ പ്രകാശത്തിൽ അന്വേഷണം തുടരുന്നു.

## Bibliography


Abbot Walter M., *The documents of VaticanII*, London 1966

Flannery Austin O.P., *Vatican II, the Conciliar and Post Conciliar Documents*, St. Paul Publications, Bombay, 1975

Dharmaram College, രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, Bangalore, 1967

Joseph Palakeel, "ദൈവാവിഷ്കരണം", in Kallarangatt Joseph (ed), രണ്ടാം വത്തിക്കാൻ സൂനഹദോസ്, വിശകലനവും വിലയിരുത്തലും OIRSI 209, Kottayam 1998

Ryne Xavier, Vatican Council II, New York 1968

Ratzinger Joseph, Riaguax Beda, "Dogmatic Constitution on Divine Revelation", in Vorgrimler Hebert, *Commentary on the Documents of Vatican II,* Vol 3, 152-272

Alberigo Giuseppe (General Editor), *History of Vatican II*, English translation by Komonchak

Joseph A, Orbis, Maryknoll, New York, Vol I, 1995; Vol 2, 1997; Vol 3, 2000; Vol 4, 2003




www.malankaralibrary.com

# ദേയീ വെർബും എന്ന പ്രമാണരേഖ 5-ാം ദശകത്തിൽ

റവ. ഡോ. മാത്യു വെള്ളാനിക്കൽ



## ആമുഖം

സഭയുടെ ജീവിതത്തിൽ വിപ്ലവകരമായ മാറ്റങ്ങൾക്കു തുടക്കം കുറിച്ച ഒരു എക്യുമെനിക്കൽ സൂനഹദോസാണ് 1962 മുതൽ 1965 വരെ റോമിൽ വച്ചു നടന്ന രണ്ടാംവത്തിക്കാൻ കൗൺസിൽ. ഭാഗ്യസ്മരണാർഹനായ ജോൺ 23-ാമൻ മാർപാപ്പായാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ ഔദ്യോഗികമായി വിളിച്ചുകൂട്ടിയത്. ഈ കൗൺസിൽ വിളിച്ചുകൂട്ടുന്നതിന്റെ ലക്ഷ്യം മാർപാപ്പാ തന്നെ വ്യക്തമാക്കുന്നുണ്ട്. റോമൻ മതപീഡനകാലഘട്ടം കഴിഞ്ഞ് സഭ സ്വതന്ത്രമായശേഷം കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ കാലം മുതൽ, ചരിത്രത്തിന്റെ ഗതിവിഗതികളിൽ, സഭയിൽ അടിഞ്ഞുകൂടിയ പൊടിപടലങ്ങൾ തുടച്ചുമാറ്റി സഭയുടെ മുഖം ശോഭനമാക്കുക എന്നതാണ് കൗൺസിലിന്റെ ലക്ഷ്യമെന്ന് അദ്ദേഹം വ്യക്തമാക്കി. "ഇതാ സകലവും ഞാൻ നവീകരിക്കുന്നു" (വെളി 21:5) എന്ന വാക്കുകൾ അന്വർത്ഥമാക്കുംവിധം കൗൺസിലിന്റെ പ്രവർത്തനങ്ങളിൽ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യവും പ്രവർത്തനവും പ്രകടമായിരുന്നു. തിയളോജിക്കൽ കമ്മീഷൻ സമർപ്പിച്ച പല രേഖകളിലും വലിയ പൊളിച്ചെഴുത്തുകൾ വരുത്തിയാണ് കൗൺസിൽരേഖകൾ രൂപപ്പെടുത്തിയത്. ദൈവാവിഷ്കരണത്തെക്കുറിച്ചുള്ള പ്രമാണരേഖയിലും ഈ പൊളിച്ചെഴുത്തു നടന്നിട്ടുണ്ട്.

## I. പ്രമാണരേഖയുടെ പശ്ചാത്തലം

### 1. ദൈവാവിഷ്കരണത്തെപ്പറ്റിയുള്ള സഭയുടെ വിശ്വാസം

ദൈവാവിഷ്കരണം അഥവാ ദൈവവചനത്തെപ്പറ്റിയുള്ള സഭയുടെ വിശ്വാസമെന്താണെന്നതിനെക്കുറിച്ചാണ് ഈ പ്രമാണരേഖ പ്രതിപാദിക്കുന്നത്. പതിനാറാം നൂറ്റാണ്ടിൽ 'പ്രോട്ടസ്റ്റന്റിസം' ഉടലെടുക്കുന്നതുവരെ, ദൈവവചനം വിശുദ്ധലിഖിതത്തിലും വിശുദ്ധപാരമ്പര്യത്തിലുമായി സഭയിൽ നിലനില്ക്കുന്നു വെന്ന ബോദ്ധ്യം പൊതുവേ ഉണ്ടായിരുന്നു. എന്നാൽ പതിനാറാം നൂറ്റാണ്ടിൽ ഉദ്ഭവിച്ച 'പ്രോട്ടസ്റ്റന്റിസം' ആ നിലപാടു ചോദ്യം ചെയ്തു. പാരമ്പര്യം നിഷേധിക്കപ്പെട്ടു. ബൈബിളിൽ ദൈവാവിഷ്കരണം മുഴുവനും ഉണ്ടെന്നും ബൈബിൾ മാത്രം മതി എന്നുമുള്ള നിലപാടുകൾ ശക്തിപ്പെട്ടുവന്നു. ഈ പശ്ചാത്തലത്തിലാണ് വിശുദ്ധലിഖിതങ്ങളും വിശുദ്ധപാര



www.malankaralibrary.com

ബര്യവും തിരുസഭയുടെ പ്രബോധനാധികാരവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്ന നിലപാട് ഉറപ്പിച്ചു പറയാൻ സഭ ശ്രമിച്ചത്. ത്രെന്തോസ് സൂനഹദോസിലും ഒന്നാം വത്തിക്കാൻ സൂനഹദോസിലും സഭ ഇക്കാര്യം വ്യക്തമാക്കി. രണ്ടാം വത്തിക്കാൻ കൗൺസിൽ ഇത് ഒരിക്കൽക്കൂടി വ്യക്തമാക്കി ഉറപ്പിച്ചു (ദൈവാവിഷ്കരണം, അദ്ധ്യായം 2).

### 2. വിശുദ്ധലിഖിതങ്ങളും വിശുദ്ധപാരമ്പര്യവും

വിശുദ്ധലിഖിതങ്ങളും വിശുദ്ധപാരമ്പര്യവും തമ്മിലുള്ള ബന്ധം ദൈവശാസ്ത്രജ്ഞന്മാരുടെയിടയിൽ തർക്കവിഷയമായിരുന്നു. ദൈവാവിഷ്കൃതസത്യങ്ങൾ ബൈബിളിലും പാരമ്പര്യത്തിലും പൂർണമായുണ്ടെന്നു ചിലരും ബൈബിളിൽ അപൂർണമായും പാരമ്പര്യത്തിൽ പൂർണമായുമുണ്ടെന്നു മറ്റു ചിലരും വാദിച്ചിരുന്നു. ആവിഷ്കൃതസത്യങ്ങളിൽ ഒരു ഭാഗം ബൈബിളിലും ഒരു ഭാഗം പാരമ്പര്യത്തിലുമാണെന്നുമായിരുന്നു വേറെ ചിലരുടെ വാദം. ബൈബിളിൽ ഇല്ലാത്ത ചില സത്യങ്ങൾ പാരമ്പര്യത്തിലുണ്ട് എന്നും ഇല്ല എന്നും വാദിച്ചിരുന്നവരും ഉണ്ടായിരുന്നു. ഇങ്ങനെയുള്ള ദൈവശാസ്ത്രപരമായ വിവാദങ്ങളും ഈ പ്രമാണരേഖയ്ക്ക് പശ്ചാത്തലമൊരുക്കി. ദൈവശാസ്ത്രപരമായ ഈ വിവാദങ്ങൾ കൗൺസിൽ ചർച്ചാവിഷയമാക്കിയില്ലെങ്കിലും അവയെല്ലാം ഈ രേഖയ്ക്ക് പശ്ചാത്തലമായിത്തീർന്നു എന്നു കരുതാം.

### 3. സഭൈക്യോന്മുഖത

സഭൈക്യോന്മുഖതയും ഈ പ്രമാണരേഖക്ക് പശ്ചാത്തലമൊരുക്കി എന്നു പറയാം. രണ്ടാം വത്തിക്കാൻ കൗൺസിലിന് സഭൈക്യം ഒരു പ്രാമുഖ്യമായിരുന്നു. നൂറ്റാണ്ടുകളായി ഭിന്നിപ്പിൽ കഴിഞ്ഞിരുന്ന സഭകളെ ഐക്യത്തിലേക്ക് ആനയിക്കുകയെന്നത് മിശിഹായുടെ അന്ത്യാഭിലാഷമായിരുന്നു (യോഹ 17:20-26); സഭാനവീകരണത്തിന് അത്യന്താപേക്ഷിതവുമായിരുന്നു. വിശുദ്ധഗ്രന്ഥമാണല്ലോ വിവിധ സഭകളെ ഒന്നിപ്പിക്കുന്ന വിശ്വാസത്തിന്റെ ഉറവിടം. അതുകൊണ്ട് സഭയിൽ ദൈവവചനത്തിനുള്ള സ്ഥാനവും പ്രസക്തിയും വ്യക്തമാക്കുകയെന്നത് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ചർച്ചാവിഷയമായതിൽ വിസ്മയിക്കാനില്ല.

### 4. ലക്ഷ്യം: അജപാലനപരം

ഇതാണ് പശ്ചാത്തലമെങ്കിലും ഈ പ്രമാണരേഖയുടെ പ്രധാനലക്ഷ്യം അജപാലനപരമാണ്. ഇത് പ്രമാണരേഖയുടെ ആമുഖത്തിൽ പ്രതിപാദിക്കുന്നുണ്ട്: "അതുകൊണ്ട് ത്രെന്തോസ്, ഒന്നാം വത്തിക്കാൻ എന്നീ സൂനഹദോസുകൾ നല്കിയ പ്രബോധനങ്ങൾ മുറുകെപ്പിടിക്കുന്ന ഈ സൂനഹദോസും, ദൈവിക വെളിപാട്, അതിന്റെ കൈമാറൽ എന്നിവയെക്കുറിച്ച് അവികലമായ പ്രബോധനങ്ങൾ ആവിഷ്കരിക്കാനുദ്ദേശിക്കുന്നു. അങ്ങനെ സമസ്തലോകവും രക്ഷയുടെ സന്ദേശം ശ്രവിക്കുകയും വിശ്വസിക്കുകയും ചെയ്യട്ടെ. ഈ വിശ്വാസം



www.malankaralibrary.com

പ്രതീക്ഷയിലേക്കും പ്രതീക്ഷ സ്നേഹത്തിലേക്കും അതിനെ നയിക്കട്ടെ (ദൈവാവിഷ്കരണം, പ്രാരംഭഖണ്ഡിക). രണ്ടാം വത്തിക്കാൻ കൗൺസിലിൽ പൊതുവേ നിഴലിച്ചിരുന്ന അജപാലനപരമായ വീക്ഷണമാണ് ഇവിടെ പ്രകടമാകുന്നത്. ഏതെങ്കിലും ഒരു പാഷണ്ഡതയെ ശപിച്ചു തള്ളുകയല്ല ഈ പ്രമാണരേഖയുടെ ഉദ്ദേശ്യം; വെറും ദൈവശാസ്ത്രപ്രതിപാദനവുമല്ല. മനുഷ്യരിൽ വിശ്വാസവും പ്രതീക്ഷയും സ്നേഹവും ജനിപ്പിക്കുകയും അതുവഴി അവരെ രക്ഷയിലേക്ക് ആനയിക്കുകയുമാണ് ഈ പ്രമാണരേഖയുടെ ലക്ഷ്യം.

## II. പ്രമാണരേഖയുടെ ആഭിമുഖ്യങ്ങൾ

'ദേയീ വെർബും' എന്ന പ്രമാണരേഖ അവസാനിപ്പിക്കുന്ന വിശുദ്ധഗ്രന്ഥ ഉദ്ധരണിയായ 1 പത്രോ 1:25 കൊണ്ടുതന്നെയാണ് 'വെർബും ദോമിനി' എന്ന അപ്പസ്തോലിക ഉപദേശം ആരംഭിക്കുന്നത്. ഇത് സൂചനാത്മകമാണ്. അതായത് കൗൺസിൽ പ്രമാണരേഖ അവസാനം പറഞ്ഞു വയ്ക്കുന്ന പ്രതീക്ഷ സഭയിൽ നിറവേറിയിരിക്കുന്നുവെന്നതിന്റെ പ്രതിഫലനമാണ് 45 വർഷങ്ങൾക്കുശേഷം നടന്ന മെത്രാൻ സിനഡും അതിനുശേഷം പ്രസിദ്ധീകരിക്കപ്പെട്ട അപ്പസ്തോലിക ഉപദേശവും. 'ദേയി വെർബു'മിനെപ്പറ്റി 'വെർബും ദോമിനി' പറയുന്നത് ഇങ്ങനെയാണ്: "ഈ രേഖ സഭയുടെ ജീവിതത്തിനു നല്കിയ വലിയ സംഭാവനകൾ സിനഡ് പിതാക്കന്മാർ നന്ദിയോടെ സ്മരിക്കുന്നു; പ്രത്യേകിച്ച് ബൈബിൾപരം, ദൈവശാസ്ത്രപരം, ആദ്ധ്യാത്മികം, അജപാലനപരം, സഭൈക്യപരം എന്നീ തലങ്ങളിൽ രേഖ നല്കിയ പ്രചോദനം" (VD ആമുഖം).

### a. ബൈബിളിനോട് ആഭിമുഖ്യം

കത്തോലിക്കാസഭയിൽ ബൈബിൾവായനയോടും പഠനത്തോടും കൂടുതലായ ഒരു ആഭിമുഖ്യമുണ്ടാകാൻ ഈ പ്രമാണരേഖ പ്രചോദനമാകണം. ബൈബിൾ സഭയ്ക്കെതിരായി പ്രയോഗിക്കപ്പെട്ട പ്രോട്ടസ്റ്റന്റ് പശ്ചാത്തലത്തിൽ സഭാസമൂഹത്തിന്റെ പൊതുജീവിതത്തിൽ നിന്നു മാറിപ്പോയ വിശുദ്ധഗ്രന്ഥം വീണ്ടും ദൈവജനത്തിന്റെ പൊതുജീവിതധാരയിലേക്കു കടന്നുവരാൻ ഈ പ്രമാണരേഖ കാരണമാകണം: "ഓരോ ക്രൈസ്തവനും വിശുദ്ധഗ്രന്ഥം വായിക്കാൻ സുഗമമായ അവസരം നല്കേണ്ടതാണ്" (DV 22).

### b. ബൈബിൾ ദൈവശാസ്ത്രം

തത്ത്വശാസ്ത്രത്തിൽ അധിഷ്ഠിതമായി ദൈവശാസ്ത്രവിചിന്തനങ്ങൾ നടന്നിരുന്ന സ്ഥാനത്ത് വിശുദ്ധഗ്രന്ഥം അടിസ്ഥാനമാക്കിയുള്ള വിചിന്തനങ്ങളും ചർച്ചകളും കൂടുതലായി രംഗപ്രവേശം ചെയ്യാൻ ഈ പ്രമാണരേഖ പ്രചോദനമാകണം: "കത്തോലിക്കരായ വിശുദ്ധഗ്രന്ഥവ്യാഖ്യാതാക്കളും ദൈവശാസ്ത്രജ്ഞന്മാരും ചെയ്യേണ്ടതിതാണ്. അവർ സഭയുടെ പ്രബോധനാധികാരത്തിന്റെ ശ്രദ്ധാപൂർവകമായ സംരക്ഷണത്തിൽ ഒത്തൊരുമിച്ച് ഉചിതമാ



www.malankaralibrary.com

യ മാർഗങ്ങളിലൂടെ വിശുദ്ധലിഖിതങ്ങൾ പരിശോധിച്ച് വിശദീകരിക്കാൻ അവരുടെ കഴിവുകൾ ഉത്സാഹപൂർവം ഉപയോഗിക്കണം" (DV 23).

**c. ബൈബിൾ ആദ്ധ്യാത്മികത**

ആത്മീയജീവിതത്തിന് ഓജസ്സും തേജസ്സും പകർന്ന് ക്രിസ്തീയ ആദ്ധ്യാത്മികത പരിപോഷിപ്പിക്കാൻ ഈ പ്രമാണരേഖ നിമിത്തമാകണം: "ഈശോമിശിഹായെപ്പറ്റിയുള്ള വിശിഷ്ടജ്ഞാനം (ഫിലി 3:8) വിശുദ്ധലിഖിതങ്ങൾ കൂടക്കൂടെ വായിച്ച് എല്ലാവരും പൂർണമായി സമ്പാദിക്കണം. എല്ലാ ക്രിസ്തീയ വിശ്വാസികളെയും, വിശേഷിച്ച്, സന്ന്യാസിനീസന്ന്യാസികളെയും ഇതിനായി പരിശുദ്ധസൂനഹദോസ് പ്രത്യേകമായി ശക്തിയുക്തം ആഹ്വാനം ചെയ്യുന്നു. കാരണം, വിശുദ്ധലിഖിതങ്ങളെക്കുറിച്ചുള്ള അജ്ഞത മിശിഹായെക്കുറിച്ചുള്ള അജ്ഞത തന്നെയാണ്. അതുകൊണ്ട് വിശുദ്ധഗ്രന്ഥത്തെ അവർ നല്ല മനസ്സോടെ സമീപിക്കട്ടെ. ദൈവവചനം നിറഞ്ഞു നില്ക്കുന്ന ആരാധനക്രമത്തിലൂടെയോ ഭക്തിപൂർവകമായ പാരായണത്തിലൂടെയോ ഇതു സാധിക്കാവുന്നതാണ്" (DV 25).

**d. വചനാത്മക അജപാലനം**

അജപാലനശുശ്രൂഷാരംഗത്ത് വിശുദ്ധഗ്രന്ഥത്തിന്റെ സജീവ സാന്നിദ്ധ്യം ഉണ്ടാകാനും ഈ പ്രമാണരേഖ പ്രചോദനമാകണം: "വൈദികശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരും, പ്രത്യേകിച്ച് മിശിഹായുടെ പുരോഹിതരും അതുപോലെതന്നെ വചനശുശ്രൂഷയിൽ നിയമാനുസൃതം ഏർപ്പെട്ടിരിക്കുന്ന ഡീക്കന്മാരും മതബോധകരും വിശുദ്ധഗ്രന്ഥത്തിന്റെ നിരന്തരപാരായണത്തോടും സൂക്ഷ്മപഠനത്തോടും അഭേദ്യമായി ബന്ധപ്പെടുക അവശ്യാവശ്യകമാണ്" (DV 25).

**e. സഭൈക്യോന്മുഖത**

വിശുദ്ധഗ്രന്ഥത്തെ സഭൈക്യത്തിനു സഹായകമായ രീതിയിൽ സമീപിക്കാനുള്ള ഉത്തേജനവും ഈ പ്രമാണരേഖ നല്കണം. "അവസരം ലഭിക്കുകയാണെങ്കിൽ സഭാധികാരികളുടെ അംഗീകാരത്തോടെ വിശുദ്ധഗ്രന്ഥപരിഭാഷകൾ വേർതിരിഞ്ഞുനില്ക്കുന്ന സഹോദരന്മാരുടെ സഹകരണത്തോടുകൂടെയും പൊതുവായും നിർമ്മിക്കാവുന്നതാണ്. അങ്ങനെയെങ്കിൽ ഇവ എല്ലാ ക്രിസ്ത്യാനികൾക്കും ഉപയോഗിക്കാൻ സാധിക്കുമല്ലോ" (DV 22). ഇങ്ങനെ, സഭാജീവിതനവീകരണത്തിനും സഭൈക്യത്തിനും പ്രചോദനവും ചൈതന്യവും പകരുന്ന ആഭിമുഖ്യങ്ങളാണ് 'ദേയി വെർബും' എന്ന പ്രമാണരേഖയ്ക്കുള്ളത്.

**III. അഞ്ചാം ദശകത്തിലേക്കുള്ള വളർച്ച**

കത്തോലിക്കാസഭയുടെ വചനോന്മുഖമായ വളർച്ചയിൽ അഞ്ചാം ദശകത്തിലേക്കു കടന്ന 'ദേയീ വെർബും' എന്ന പ്രമാണരേഖയ്ക്ക് നിർണായകമായ



www.malankaralibrary.com

പങ്കുണ്ട്. ഈ പ്രമാണരേഖ വിഭാവനം ചെയ്ത പദ്ധതികളും പ്രകടമാക്കിയ ആഭിമുഖ്യങ്ങളും പൂർണമായിട്ടല്ലെങ്കിലും കത്തോലിക്കാസഭയിൽ പൂർത്തീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു എന്നതിന്റെ വ്യക്തമായ തെളിവാണ് 2010 ഒക്ടോബറിൽ റോമിൽ വച്ചു നടന്ന മെത്രാൻ സിനഡും അതേത്തുടർന്ന് പരിശുദ്ധപിതാവ് ബെനഡിക്റ്റ് പതിനാറാമൻ മാർപാപ്പാ പ്രസിദ്ധീകരിച്ച 'വെർബും ദോമിനി' എന്ന അപ്പസ്തോലിക ഉപദേശവും. കൗൺസിൽ പ്രമാണരേഖയിലില്ലാത്ത പല മേഖലകളെയും പരാമർശിക്കുന്ന ഒരു രേഖയാണ് ഈ അപ്പസ്തോലിക ഉപദേശം. ദൈവവചനത്തോടുള്ള ഇന്നത്തെ സാർവത്രികസഭയുടെ ആഭിമുഖ്യങ്ങളാണ് സിനഡിൽ ചർച്ചാവിഷയമായതും ഈ അപ്പസ്തോലിക ഉപദേശത്തിൽ പ്രതിഫലിക്കുന്നതും: "നാമൊന്നിച്ച് കർത്താവിന്റെ വചനം ശ്രവിക്കുകയും ആഘോഷിക്കുകയും ചെയ്തു. കർത്താവ് ദൈവജനമദ്ധ്യേ ചെയ്യുന്നവയെല്ലാം നാം പരസ്പരം പങ്കുവച്ചു" (VD ആമുഖം).

### 1. ദൈവവചനം: സഭാജീവിതത്തിലും ദൗത്യത്തിലും

'ദേയീ വെർബും' എന്ന പ്രമാണരേഖ ദൈവവചനത്തെപ്പറ്റിയും വിശുദ്ധലിഖിതങ്ങളിലൂടെയുള്ള അതിന്റെ കൈമാറ്റത്തെപ്പറ്റിയും വിശദമായി പ്രതിപാദിക്കുമ്പോൾ (അഞ്ച് അദ്ധ്യായങ്ങൾ) സഭാജീവിതത്തിലുള്ള ദൈവവചനത്തിന്റെ പ്രാധാന്യത്തെപ്പറ്റി ചുരുക്കമായേ പ്രതിപാദിക്കുന്നുള്ളൂ (ആറാം അദ്ധ്യായം). അതിൽനിന്നു വ്യത്യസ്തമായ ഒരു അവതരണമാണ് 'വെർബും ദോമിനി'യിൽ കാണുന്നത്. വിശുദ്ധഗ്രന്ഥങ്ങളിലൂടെ അവതരിച്ച ദൈവവചനത്തെക്കുറിച്ചുള്ള സൈദ്ധാന്തികവശങ്ങൾ ഒന്നാംഭാഗത്ത് ഒതുക്കിയിട്ട്, സഭാജീവിതത്തിലും ദൗത്യത്തിലുമുള്ള ദൈവവചനത്തിന്റെ പ്രാധാന്യവും പ്രസക്തിയുമാണ് രണ്ടും മൂന്നും ഭാഗങ്ങളിലായി 'വെർബും ദോമിനി' അവതരിപ്പിക്കുന്നത്. 'ദേയീ വെർബും' എന്ന കൗൺസിൽരേഖ തുടങ്ങിവച്ച വചനത്തിന്റെ സഭാഭിമുഖ്യം കഴിഞ്ഞ അഞ്ചു ദശകങ്ങളിലൂടെ ഏറെ വളർന്ന് ഫലം പുറപ്പെടുവിച്ചുവെന്നാണ് ഇതു സൂചിപ്പിക്കുന്നത്.

അതുപോലെതന്നെ, അപ്പസ്തോലികലേഖനം വിശുദ്ധഗ്രന്ഥങ്ങളെക്കുറിച്ച് എന്നതിനെക്കാൾ വിശുദ്ധ ഗ്രന്ഥങ്ങളിലൂടെ കടന്നുവരുന്ന ദൈവവചനത്തെക്കുറിച്ചാണു പ്രതിപാദിക്കുന്നത്. ഈ വചനം ദൈവപിതാവിന്റെ വചനമാകാം; ദൈവത്തിന്റെ തന്നെ നിത്യമായ സ്വയം വെളിപ്പെടുത്തലോ സ്വയംദാനമോ ആവാം; അത് നിത്യമായ അസ്തിത്വമുള്ളതാകാം; സൃഷ്ടിതന്നെ ദൈവത്തെ പ്രകീർത്തിക്കുന്ന ദൈവവചനമാകാം. സൃഷ്ടികളിലും ലോകമതങ്ങളിലുമൊക്കെ പ്രതിഫലിക്കുന്ന ഈ വചനത്തിന്റെ മനുഷ്യചരിത്രത്തിലുള്ള നിർണായകമായ പ്രകാശനമാണ് മിശിഹായിലും മിശിഹായിൽ കേന്ദ്രീകൃതമായ വിശുദ്ധഗ്രന്ഥത്തിലൂടെയും നമുക്കു കരഗതമായത്.

വചനം വചനമാകുന്നത് കേൾക്കപ്പെടുകയും മനസ്സിലാക്കപ്പെടുകയും പ്രതികരിക്കപ്പെടുകയും ചെയ്യുമ്പോഴാണ്. വചനം സ്വീകരിച്ച് ക്രിയാത്മകമായി പ്രതികരിക്കുന്നവർക്ക് അത് ജീവനും നിഷേധാത്മകമായി പ്രതികരിക്കുന്ന



www.malankaralibrary.com

വർക്ക് അത് ശിക്ഷാവിധിയ്ക്കും കാരണമായി ഭവിക്കുന്നു. ഇങ്ങനെ, കൗൺസിൽരേഖ തുടങ്ങിവച്ച ദൈവവചനവീക്ഷണം ത്രിത്വാത്മകവും രക്ഷാകരചരിത്രപരവും സഭാത്മകവുമായ വശങ്ങൾ ഉൾക്കൊള്ളുന്ന ഒന്നായി വളർന്നിരിക്കുന്ന പ്രതീതിയാണ് അപ്പസ്തോലിക ആഹ്വാനം ഉളവാക്കുന്നത്.

## 2. വചനാധിഷ്ഠിതമായ ദൈവശാസ്ത്രവിചിന്തനം

വിശുദ്ധഗ്രന്ഥം പഠിക്കാനും പഠിപ്പിക്കാനുമുള്ള താത്പര്യവും അതിന് ആവശ്യമായ സംവിധാനങ്ങളുമൊക്കെ വളരെയേറെ വളർന്ന ഒരു കാലഘട്ടമാണ് കൗൺസിൽരേഖയെത്തുടർന്ന് കത്തോലിക്കാസഭയിലുണ്ടായത്. റോമിലെ പൊന്തിഫിക്കൽ ബിബ്ലിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ 1963-ൽ - കൗൺസിൽ നടന്നുകൊണ്ടിരിക്കുമ്പോൾ - വിദ്യാർത്ഥികളായി 40 പേർ മാത്രമാണ് ലോകമെമ്പാടുംനിന്നുമുണ്ടായിരുന്നത്. 1970 ആയപ്പോഴേക്കും അവിടത്തെ വിദ്യാർത്ഥികളുടെ എണ്ണം 400 ആയി ഉയർന്നുവെന്നത് കൗൺസിലിനെത്തുടർന്ന് കത്തോലിക്കാസഭയിൽ ബൈബിൾപഠനത്തിലുണ്ടായ താത്പര്യത്തിന്റെ വ്യക്തമായ സൂചനയാണ്.

ബൈബിൾ വ്യാഖ്യാനത്തിന്റെ മേഖലയിൽ അഭൂതപൂർവകമായ വളർച്ചയാണ് രണ്ടാം വത്തിക്കാൻ കൗൺസിലിനു ശേഷം കത്തോലിക്കാസഭയിലുണ്ടായത്. ബൈബിൾ-ദൈവശാസ്ത്രപരമായ ഗ്രന്ഥങ്ങൾ, ബൈബിൾ വ്യാഖ്യാനങ്ങൾ, ബൈബിൾ നിഘണ്ടുക്കൾ തുടങ്ങി ബൈബിൾസംബന്ധമായ നിരവധി പ്രസിദ്ധീകരണങ്ങൾ ഈ കാലഘട്ടത്തിലുണ്ടായി. ബൈബിൾ വ്യാഖ്യാനത്തിൽ സഭയുടെ പാരമ്പര്യവും സഭയുടെ പ്രബോധനാധികാരവും സമന്വയിപ്പിക്കണമെന്ന കൗൺസിൽ പ്രമാണരേഖയുടെ വെളിച്ചത്തിലുണ്ടായ വളർച്ചയുടെ പ്രകാശനമായി, കരോൾ സ്റ്റൂൾമുള്ളറിന്റെ നേതൃത്വത്തിൽ 1996-ൽ അമേരിക്കയിൽ പ്രസിദ്ധീകരിക്കപ്പെട്ട *The Collegeville Pastoral Dictionary of Biblical Theology* എന്ന ഗ്രന്ഥത്തെ കരുതാവുന്നതാണ്. ഓരോ വിഷയവും അവതരിപ്പിക്കുമ്പോൾ പഴയനിയമ-പുതിയനിയമ കാഴ്ചപ്പാടുകൾക്കൊപ്പം, സഭയുടെ അജപാലന-ആരാധനക്രമ പാരമ്പര്യവും നല്കുന്ന ഒരു ക്രമീകരണമാണ് ഈ ഗ്രന്ഥത്തിലുള്ളത്. ഈ ഗ്രന്ഥത്തിന്റെ ആമുഖത്തിൽ, കൗൺസിൽ പ്രബോധനം ഉദ്ധരിച്ചുകൊണ്ട്, ഇക്കാര്യം എടുത്തുപറയുന്നുമുണ്ട് (ആമുഖം, p. 9).

ബൈബിൾപഠനം ശാസ്ത്രീയമായി നിർവഹിക്കാൻ സഭയ്ക്ക് പ്രചോദനം നല്കിയ ഒരു രേഖയാണ് 1943 സെപ്റ്റംബർ 30-ന് ദൈവദാസൻ പീയൂസ് പന്ത്രണ്ടാമൻ മാർപാപ്പാ പുറപ്പെടുവിച്ച *'Divino Afflante Spiritu'* എന്ന ചാക്രികലേഖനം. അതിന്റെ ഫലമായി ശാസ്ത്രീയ ബൈബിൾവിശകലനത്തിൽ കത്തോലിക്കാബൈബിൾപണ്ഡിതന്മാർ ഏർപ്പെട്ടിരുന്നു. ബൈബിൾവ്യാഖ്യാനത്തിൽ 'ചരിത്രവിമർശനരീതി' (Historical Critical Method) ഉപയോഗിച്ചുള്ള പഠനങ്ങൾ കത്തോലിക്കാബൈബിൾവിജ്ഞാനീ



www.malankaralibrary.com

യത്തിൽ ഗുണകരമായ പല സംഭാവനകളും ചെയ്തിട്ടുണ്ട്. എന്നാൽ അതിന്റെ പരിമിതികൾ മനസ്സിലാക്കി സഭയുടെ വിശ്വാസം പരിപോഷിപ്പിക്കാനുതകുന്ന വിധത്തിൽ ബൈബിൾ വിജ്ഞാനീയരംഗം കൈകാര്യം ചെയ്യാൻ കൗൺസിൽ പ്രമാണരേഖ ഉത്തേജനം നല്കിയിട്ടുണ്ട്. ഇതിനുദാഹരണമാണ് അടുത്ത കാലത്ത് പരിശുദ്ധപിതാവ് ബെനഡിക്റ്റ് പതിനാറാമൻ മാർപാപ്പാ പ്രസിദ്ധീകരിച്ച *Jesus of Nazareth* എന്ന ഗ്രന്ഥം. ചരിത്രപരമായ ബൈബിൾ വ്യാഖ്യാനത്തോടൊപ്പം (Historical Hermeneutic) വിശ്വാസപരമായ ബൈബിൾ വ്യാഖ്യാനവും (Faith Hermeneutic) ഒന്നിച്ചു പോകണമെന്ന കാര്യം 'ദേയി വെർബും' 12 ഉദ്ധരിച്ചുകൊണ്ട് ഈ ഗ്രന്ഥത്തിൽ പരിശുദ്ധപിതാവ് പ്രസ്താവിക്കുന്നുണ്ട് (Joseph Ratzinger, Pope Benedict XVI, *Jesus of Nazareth*, Forward, p.15). അങ്ങനെ, ശാസ്ത്രീയബൈബിൾവിജ്ഞാനീയത്തിന് സഭാത്മകമായ മാനം പകരാൻ കൗൺസിൽ പ്രമാണരേഖ പ്രചോദനമായി.

### 3. ദൈവശാസ്ത്രപരിശീലനം

രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം വൈദികാർത്ഥികളുടെ പരിശീലനരംഗത്തും ക്രിയാത്മകമായ വ്യതിയാനങ്ങൾ വരുത്താൻ ദൈവാവിഷ്കരണ പ്രമാണരേഖ നിമിത്തമായി. സെമിനാരികളിലും ദൈവശാസ്ത്രഫാക്കൽറ്റികളിലും ദൈവശാസ്ത്രപരിശീലനം നല്കപ്പെട്ടിരുന്നത് കൂടുതലും സൈദ്ധാന്തിക ദൈവശാസ്ത്ര (Systematic Theology) ത്തിന് ഊന്നൽ കൊടുത്തുകൊണ്ടായിരുന്നു. വിശുദ്ധഗ്രന്ഥത്തിന് പൊതുവായ ആമുഖം മാത്രമേ നല്കിയിരുന്നുള്ളു. 'ദേയി വെർബും' എന്ന രേഖ പ്രസിദ്ധീകരിക്കപ്പെട്ടതോടുകൂടെ ഈ തലത്തിൽ വലിയ മാറ്റങ്ങൾ സംഭവിച്ചു. ബൈബിൾവിജ്ഞാനീയത്തിൽ വൈദഗ്ദ്ധ്യം നേടിയ വ്യക്തികളെ അധ്യാപനരംഗത്തു നിയമിക്കുകയും ബൈബിൾഗ്രന്ഥങ്ങൾ വിശദമായി പഠിപ്പിക്കുന്നതിനു സഹായക്മായ വിധത്തിൽ പാഠ്യപദ്ധതികൾ പരിഷ്കരിക്കുകയും ചെയ്തു. അങ്ങനെ, വിശ്വാസത്തിന്റെ ഉറവിടങ്ങളുമായി ഇടപഴകിക്കൊണ്ടുള്ള വൈദികപരിശീലനസംവിധാനങ്ങൾ ഉടലെടുക്കുകയുണ്ടായി. അതുപോലെതന്നെ, അല്മായർക്കും സന്ന്യാസിനീസന്ന്യാസികൾക്കും ബൈബിൾ വിജ്ഞാനീയത്തിൽ അധിഷ്ഠിതമായ ദൈവശാസ്ത്രപരിശീലനം നല്കാനും ഈ പ്രമാണരേഖ പ്രചോദനമായി.

### 4. വചനാധിഷ്ഠിതമായ ആദ്ധ്യാത്മികത

ആദ്ധ്യാത്മികജീവിതത്തിനും പ്രാർത്ഥനാജീവിതത്തിനും ഈ കാലഘട്ടത്തിൽ വിശുദ്ധഗ്രന്ഥവുമായുള്ള ബന്ധത്തിലൂടെ വലിയ മുന്നേറ്റമുണ്ടായിട്ടുണ്ട്. കൗൺസിൽ പ്രമാണരേഖ ഇപ്രകാരം പറയുന്നു: "വിശുദ്ധഗ്രന്ഥപാരായണത്തോടൊപ്പം പ്രാർത്ഥനയും ആവശ്യമാണ്; ദൈവവും മനുഷ്യനും തമ്മിലുള്ള സംഭാഷണം നടക്കുന്നതിന്. കാരണം, നാം പ്രാർത്ഥിക്കുമ്പോൾ ദൈവവുമായി സംസാരിക്കുന്നു; ദിവ്യവചനങ്ങൾ വായിക്കുമ്പോൾ അവിടത്തെ ശ്രവിക്കുന്നു" (DV 25). കൗൺസിലിനുശേഷമുള്ള ദശകങ്ങളിൽ കത്തോ



www.malankaralibrary.com

ലിക്കാസഭയിലുണ്ടായ കരിസ്മാറ്റിക് നവീകരണ പ്രസ്ഥാനത്തിനും അതിലൂടെ ഉണ്ടായിട്ടുള്ള ആത്മീയ ഉണർവിനും ഒരു പരിധിവരെ കൗൺസിലിന്റെ ഈ നിർദ്ദേശം പ്രേരകമായിട്ടുണ്ട്. അരൂപിയിലുള്ള നവീകരണമാണല്ലോ കരിസ്മാറ്റിക് നവീകരണ പ്രസ്ഥാനത്തിന്റെ അടിസ്ഥാന ലക്ഷ്യം. അരൂപി സജീവമാകുന്നിടത്ത് ദൈവവചനവും സജീവമാകും. കാരണം, അരൂപിയുടെ വാളാണ് ദൈവവചനം (എഫേ 6:17). അതുകൊണ്ട്, രണ്ടാം വത്തിക്കാൻ കൗൺസിലിനു ശേഷമുണ്ടായ കരിസ്മാറ്റിക്പ്രസ്ഥാനം ഈ രേഖ വിഭാവനംചെയ്തവിധം പ്രാർത്ഥനാജീവിതത്തോടും ആദ്ധ്യാത്മികജീവിതത്തോടും ദൈവവചനം ബന്ധപ്പെടുത്താനുതകുന്ന വേദിയായി മാറി.

കരിസ്മാറ്റിക് പ്രസ്ഥാനത്തിലൂടെ കത്തോലിക്കാസഭയിൽ ദൈവവചനത്തോടും പ്രാർത്ഥനയോടുമുണ്ടായിട്ടുള്ള ആഭിമുഖ്യം ശരിയായ രീതിയിൽ വളർത്തിയെടുക്കാനുള്ള സംവിധാനങ്ങൾ സഭയിൽ ഉണ്ടാകേണ്ടതുണ്ട്. പെന്തക്കോസ്റ്റൽ മോഡലിലുള്ള വചനപ്രഘോഷണങ്ങളും പ്രാർത്ഥനാരീതികളും വിശുദ്ധ ഗ്രന്ഥത്തെ മനുഷ്യവചനത്തിന് ഒരു നിമിത്തമായി മാത്രം ഉപയോഗിക്കാൻ ഇടവരുത്തുന്നുണ്ട്. സഭയുടെ ദൈവികപാരമ്പര്യവും സഭയുടെ പ്രബോധനാധികാരവുമായി സമന്വയിപ്പിച്ചുകൊണ്ട് യഥാർത്ഥ ദൈവവചനത്തിന്റെ വെളിച്ചത്തിൽ സഭാത്മകമായ പ്രാർത്ഥനാജീവിതത്തിലും ആദ്ധ്യാത്മികതയിലും വളരാൻ സഹായകമായ രീതിയിൽ വിശുദ്ധഗ്രന്ഥം ഉപയോഗിക്കാനുള്ള പരിശീലനം നല്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതുണ്ട്.

**5. വചനബദ്ധമായഅജപാലനശുശ്രൂഷ**

അജപാലനശുശ്രൂഷാരംഗത്തും ദൈവവചനം സജീവമാകാൻ കൗൺസിൽ പ്രമാണരേഖ പ്രചോദനമായിട്ടുണ്ട്. വൈദികപദവിയിലുള്ള ശുശ്രൂഷകരുടെയും മതബോധകരുടെയും പ്രബോധനങ്ങളിലും വിശ്വാസപരിശീലനപരിശ്രമങ്ങളിലും ബൈബിളിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള സമീപനം സഭയിൽ യാഥാർത്ഥ്യമായി. ആരാധനക്രമവത്സരവായനകൾക്കുള്ള വ്യാഖ്യാനഗ്രന്ഥങ്ങൾ, ബൈബിൾ വായനകൾ ആസ്പദമാക്കിയുള്ള പ്രസംഗക്കുറിപ്പുകൾ തുടങ്ങിയവയെല്ലാം സർവസാധാരണങ്ങളായി. ധ്യാനപ്രസംഗങ്ങളിലും കൺവെൻഷൻ പ്രസംഗങ്ങളിലും ദൈവവചനം വ്യാഖ്യാനിച്ചും വിശദീകരിച്ചും കൊടുക്കുന്ന ശൈലി പൊതുവേ നടപ്പിൽവന്നു. സഭയുടെ മതബോധനവേദികളിൽ ദൈവവചനത്തിന് അർഹമായ സ്ഥാനം ലഭിച്ചു. പരിശുദ്ധകുർബാനയിലും മറ്റ് ലിറ്റർജിക്കൽ കർമ്മങ്ങളിലും സ്വകാര്യഭക്തികളിലുമെല്ലാം ദൈവവചനവായനയ്ക്കും വിശദീകരണത്തിനും പ്രാധാന്യം നല്കപ്പെട്ടു. അടിസ്ഥാന ക്രൈസ്തവസമൂഹങ്ങളും കുടുംബക്കൂട്ടായ്മകളും ദൈവവചനപഠനത്തിന്റെയും പരിചിന്തനത്തിന്റെയും പ്രധാനപ്പെട്ട വേദികളായി മാറി. ദൈവവചനത്തിന്റെ അജപാലനപരമായ പ്രാധാന്യത്തെക്കുറിച്ച് പുതിയ അപ്പസ്തോലിക ഉപദേശം വളരെ വിശദമായി പ്രതിപാദിക്കുന്നുണ്ട് (VD 72-89).



www.malankaralibrary.com

### 6. ദൈവവചനവും ലിറ്റർജിയും

കത്തോലിക്കാസഭയിൽ കൂദാശകളിലൂടെയുള്ള വിശുദ്ധീകരണത്തിന് പ്രാധാന്യം കൊടുക്കുന്നതിന്റെ പേരിൽ ദൈവവചനശുശ്രൂഷയ്ക്ക് ലിറ്റർജിയിൽ അർഹമായ പ്രാധാന്യം നല്കാത്ത ഒരു പാരമ്പര്യമാണ് ഉണ്ടായിരുന്നത്. ലിറ്റർജിയെക്കുറിച്ചും ദൈവവചനത്തെക്കുറിച്ചുമുള്ള കൗൺസിലിന്റെ പ്രമാണരേഖകൾ പുറത്തു വന്നതോടുകൂടെ ഇക്കാര്യത്തിലും പ്രകടമായ മാറ്റം സംഭവിച്ചു. കൂദാശകളിലൂടെയുള്ള വിശുദ്ധീകരണം പലപ്രദമാകാത്തതിന്റെ പ്രധാനകാരണം വചനശുശ്രൂഷ സജീവമാകാത്തതാണ് എന്ന വസ്തുത വ്യക്തമാക്കപ്പെടുകയും ആരാധനക്രമത്തോടനുബന്ധിച്ചുള്ള വചനശുശ്രൂഷ സജീവമാക്കാനുള്ള നിർദ്ദേശങ്ങളും പരിശ്രമങ്ങളും എല്ലായിടത്തും ഉണ്ടാകുകയും ചെയ്തു. 'ദേയീ വെർബും' എന്ന പ്രമാണരേഖയിൽ ലിറ്റർജിയുടെ തലത്തിലുള്ള വചനശുശ്രൂഷയെപ്പറ്റി വ്യക്തമായി പറയുന്നില്ലെങ്കിലും ലിറ്റർജിയുമായി വചനത്തെ ബന്ധപ്പെടുത്തി പറയുന്നുണ്ട്. വൈദികശുശ്രൂഷയെപ്പറ്റി പറയുമ്പോൾ ഇങ്ങനെ പറയുന്നു: "ദൈവവചനത്തിന്റെ സമൃദ്ധമായ സമ്പത്ത് തങ്ങളെ ഏല്പിച്ചിരിക്കുന്ന വിശ്വാസികൾക്കു പകർന്നു കൊടുക്കാൻ പ്രത്യേകിച്ച് വിശുദ്ധ ആരാധനക്രമം വഴി അവർ കടപ്പെട്ടവരാണ്" (DV 25). ദൈവവചനം ലിറ്റർജിയിൽ സജീവമായതോടെ ദൈവവചനവും ലിറ്റർജിയും തമ്മിലുള്ള ബന്ധം കൂടുതൽ വ്യക്തമാക്കപ്പെടുകയും ദൈവവചനത്തിന് ലിറ്റർജിയിൽ അർഹമായ സ്ഥാനം നല്കപ്പെടുകയും ചെയ്തു. 'വെർബും ദോമിനി' എന്ന അപ്പസ്തോലിക ലേഖനത്തിൽ ലിറ്റർജിയും ദൈവവചനവും തമ്മിലുള്ള ബന്ധം വ്യക്തമാക്കിക്കൊണ്ടുള്ള ഒരു നീണ്ട പ്രതിപാദനം തന്നെയുണ്ട് (nos. 52-71). മാത്രമല്ല, ലിറ്റർജിയെ ദൈവവചനത്തിന്റെ ഏറ്റം വിശിഷ്ടമായ വേദിയായിക്കൂടി ഈ അപ്പസ്തോലിക ഉപദേശം അവതരിപ്പിക്കുന്നുണ്ട്.

### 7. സഭൈക്യ സംഭാഷണങ്ങൾ

സഭൈക്യപരമായ ഒരു ആഭിമുഖ്യം രണ്ടാം വത്തിക്കാൻ കൗൺസിലിനു പൊതുവേ ഉണ്ടായിരുന്നു. സഭകളെ ഒന്നിപ്പിക്കുന്നതിനുള്ള ഉപാധികളിൽ അപ്രധാനമല്ലാത്ത ഒരു സ്ഥാനമാണ് ബൈബിളിനുള്ളത്. അതുകൊണ്ടായിരിക്കണം ദൈവാവിഷ്കരണ പ്രമാണരേഖ ഇക്കാര്യം വ്യക്തമായി എടുത്തു പറഞ്ഞിട്ടുള്ളത് (DV 22). രണ്ടാം വത്തിക്കാൻ കൗൺസിലിനെത്തുടർന്ന് കത്തോലിക്കാസഭ വിവിധ അകത്തോലിക്കാസഭകളുമായും മറ്റു ക്രൈസ്തവസമൂഹങ്ങളുമായും എക്യുമെനിക്കൽ ഡയലോഗ് ആരംഭിക്കുകയുണ്ടായി. സഭൈക്യത്തിനായുള്ള ഈ ഡയലോഗുകൾ ദൈവശാസ്ത്രപരമായ ചർച്ചകളുടെ വേദികളെന്ന നിലയിൽ ദൈവവചന വ്യാഖ്യാനങ്ങൾക്കും പഠനങ്ങൾക്കും കളമൊരുക്കുന്നവയാണ്. സഭയുടെ വിശ്വാസസത്യങ്ങൾ ബൈബിളധിഷ്ഠിതമായി മനസ്സിലാക്കാനും പരസ്പരം പങ്കുവയ്ക്കാനും ഈ ഡയലോഗുകൾ ഒരു വേദിയായിത്തീർന്നിട്ടുണ്ട്. വിശുദ്ധഗ്രന്ഥത്തിന്റെ സഭൈക്യപരമായ പ്രാധാന്യത്തെപ്പറ്റി ഈ അപ്പസ്തോലിക ലേഖനം എടുത്തു പറയുന്നുണ്ട് (VD 46).



www.malankaralibrary.com

## IV. 'വെർബും ദോമിനി' വളർച്ചയുടെ അടയാളം

'ദേയീ വെർബും' എന്ന കൗൺസിൽ പ്രമാണരേഖയുടെ അഞ്ചു ദശകങ്ങളിലെ വളർച്ചയുടെ പ്രതിഫലനമാണ് 'വെർബും ദോമിനി' എന്ന അപ്പസ്തോലിക ഉപദേശം. കൗൺസിൽ പ്രമാണരേഖ മുന്നിൽ കണ്ട പ്രതീക്ഷകളെല്ലാം സഭയിൽ പൂർത്തിയാക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതെപ്പറ്റിയുള്ള പിതാക്കന്മാരുടെ പങ്കുവയ്ക്കലുകളും ചർച്ചകളുമാണ് ഇങ്ങനെയൊരു അപ്പസ്തോലിക ലേഖനം ഇറക്കാൻ പശ്ചാത്തലമൊരുക്കിയത്. അതുകൊണ്ട് ഈ രണ്ടു രേഖകളും പരസ്പരപൂരകങ്ങളാണ്. ദൈവാവിഷ്കരണത്തെപ്പറ്റിയുള്ള പ്രമാണരേഖ "വിശുദ്ധഗ്രന്ഥം സഭയുടെ ജീവിതത്തിൽ" എന്ന അവസാന അദ്ധ്യായത്തിൽ പറഞ്ഞു വച്ചിരുന്ന കാര്യങ്ങൾ നടപ്പിൽ വരുത്തിയതിന്റെ വെളിച്ചത്തിലുള്ള പിതാക്കന്മാരുടെ പങ്കുവയ്ക്കലാണ് ഈ അപ്പസ്തോലിക ഉപദേശത്തിന്റെ പ്രധാന ഉള്ളടക്കം.

ദൈവവചനം അഥവാ ദൈവാവിഷ്കരണം എന്താണെന്നും അതിന്റെ കൈമാറൽ വിശുദ്ധലിഖിതങ്ങളിലൂടെ എങ്ങനെ നടക്കുന്നുവെന്നും വിശകലനം ചെയ്യുന്ന 'ദേയീ വെർബു'മിലെ ആദ്യത്തെ അഞ്ച് അദ്ധ്യായങ്ങളുടെ വികസിതരൂപമാണ് 'വെർബും ദോമിനി'യിലെ ഒന്നാം ഭാഗത്ത് നമുക്കു കാണാനാവുന്നത്. വചനത്തിന്റെ ഉറവിടവും ഉൽപത്തിയുമായ പിതാവായ ദൈവത്തിന്റെ അടിസ്ഥാനപരമായ പങ്കിനും വെളിപാടിന്റെ ത്രിതൈ്വകമാനത്തിനും ഈ ഭാഗം ഊന്നൽനല്കുന്നു. ഈ ഭാഗം മൂന്ന് അദ്ധ്യായങ്ങളായി തിരിച്ചിട്ടുണ്ട്. 'സംസാരിക്കുന്ന ദൈവം' എന്ന ആദ്യത്തെ അദ്ധ്യായത്തിൽ, ദൈവം മുൻകൈയെടുക്കുകയും വിവിധവഴികളിൽ സ്വയംവെളിപ്പെടുത്തുകയും ചെയ്യുന്ന, ദൈവ-മനുഷ്യ സംവാദം തുടങ്ങാനും നിലനിറുത്താനുമുള്ള ദൈവത്തിന്റെ ആഹ്വാനമാണ് അവതരിപ്പിക്കുന്നത്. സംസാരിക്കുന്ന ദൈവത്തോട് മനുഷ്യന്റെ പ്രത്യുത്തരം എന്നതാണ് രണ്ടാമത്തെ അദ്ധ്യായത്തിന്റെ പ്രമേയം. താനുമായി സംഭാഷണത്തിലേർപ്പെടുന്ന ദൈവത്തോടുള്ള സഖ്യത്തിൽ പങ്കുചേരാൻ മനുഷ്യൻ വിളിക്കപ്പെട്ടിരിക്കുന്നു. സഭയിൽ വിശുദ്ധഗ്രന്ഥത്തിന്റെ വ്യാഖ്യാനം എന്നതാണ് മൂന്നാമദ്ധ്യായത്തിന്റെ പ്രമേയം. ബൈബിളിന്റെ വ്യാഖ്യാനത്തിനുള്ള പ്രാഥമികസ്ഥലം സഭയാണ്. സൈദ്ധാന്തികം എന്നതിനെക്കാൾ ജീവാത്മകമാണ് ദൈവവചനത്തിന്റെ ഈ അവതരണം.

'ദേയീ വെർബും' രേഖയിലെ 'വിശുദ്ധഗ്രന്ഥം സഭയുടെ ജീവിതത്തിൽ' എന്ന ആറാമദ്ധ്യായത്തിലെ പ്രമേയങ്ങളും പ്രതീക്ഷകളും നാലഞ്ചു ദശകങ്ങൾക്കൊണ്ട് വികസിതരൂപം പ്രാപിച്ചതാണ് 'വെർബും ദോമിനി'യിലെ രണ്ടും മൂന്നും ഭാഗങ്ങൾ എന്നു വേണമെങ്കിൽ പറയാം. ദൈവകൃപയാൽ സഭ, മാംസമെടുക്കുകയും നമ്മുടെയിടയിൽ കൂടാരമുറപ്പിക്കുകയും ചെയ്ത, വചനം സ്വീകരിക്കുന്ന, ദൈവവചനത്തിന്റെ ഭവനമാണ് എന്ന് 'വചനം സഭയിൽ' എന്ന രണ്ടാംഭാഗം ഊന്നിപ്പറയുന്നു. 'വചനം ലോകത്തിൽ' എന്ന മൂന്നാം ഭാഗം, തങ്ങൾ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ലോക



www.malankaralibrary.com

ത്തിൽ ദൈവവചനം പ്രഘോഷിക്കാൻ ക്രൈസ്തവർക്കുള്ള കടമ ഊന്നിപ്പറയുന്നു. ആകയാൽ ദൈവാവിഷ്കരണത്തെക്കുറിച്ചുള്ള കൗൺസിൽ പ്രമാണരേഖയുടെ കഴിഞ്ഞ നാലഞ്ചു ദശവർഷങ്ങളിലെ സഭാത്മകമായ സ്വാധീനത്തിന്റെയും അതിന്റെ ഫലമായുണ്ടായ ക്രിയാത്മകമായ വളർച്ചയുടെയും പരിണതഫലമാണ് 'വെർബും ദോമിനി' എന്ന അപ്പസ്തോലിക ഉപദേശം എന്നു പറയുന്നതിൽ തെറ്റില്ല. 'ദേയീ വെർബു'മിൽ നിന്ന് 'വെർബും ദോമിനി'യിലേക്ക് നാലഞ്ചു ദശകങ്ങൾകൊണ്ടു വളർന്ന സഭയുടെ ജീവിതത്തിലും ദൗത്യത്തിലും വചനം അതിന്റെ എല്ലാ പൂർണതയിലും അവതരിക്കാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.



www.malankaralibrary.com

ത്തിൽ ദൈവവചനം പ്രഘോഷിക്കാൻ ക്രൈസ്തവർക്കുള്ള കടമ ഊന്നിപ്പറയുന്നു. ആകയാൽ ദൈവാവിഷ്കരണത്തെക്കുറിച്ചുള്ള കൗൺസിൽ പ്രമാണരേഖയുടെ കഴിഞ്ഞ നാലഞ്ചു ദശവർഷങ്ങളിലെ സഭാത്മകമായ സ്വാധീനത്തിന്റെയും അതിന്റെ ഫലമായുണ്ടായ ക്രിയാത്മകമായ വളർച്ചയുടെയും പരിണതഫലമാണ് 'വെർബും ദോമിനി' എന്ന അപ്പസ്തോലിക ഉപദേശം എന്നു പറയുന്നതിൽ തെറ്റില്ല. 'ദേയീ വെർബു'മിൽ നിന്ന് 'വെർബും ദോമിനി'യിലേക്ക് നാലഞ്ചു ദശകങ്ങൾകൊണ്ടു വളർന്ന സഭയുടെ ജീവിതത്തിലും ദൗത്യത്തിലും വചനം അതിന്റെ എല്ലാ പൂർണതയിലും അവതരിക്കാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

MALANKARA
LIBRARY



www.malankaralibrary.com

# സഭാപിതാക്കന്മാരുടെ ബൈബിൾ വ്യാഖ്യാനം



റവ. ഡോ. അഗസ്റ്റിൻ കടേപ്പറമ്പിൽ

## ആമുഖം

'കർത്താവിന്റെ വചനം' എന്ന അപ്പസ്തോലിക ആഹ്വാനം ദൈവവചനം പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനുമുള്ള ആധികാരികമായ മാർഗ നിർദ്ദേശങ്ങൾ പ്രദാനംചെയ്യുന്നു. ദൈവശാസ്ത്രദർശനങ്ങളും പ്രേഷിത ആഭി മുഖ്യങ്ങളും നിറഞ്ഞുനില്ക്കുന്ന ഈ മാർഗരേഖ വിശുദ്ധഗ്രന്ഥാധിഷ്ഠിതവും പാരമ്പര്യപൂർണവുമാണ്. അതിനാൽ കത്തോലിക്കാസഭയുടെ പാരമ്പര്യത്തിൽ, പ്രത്യേകിച്ച് സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളിൽ, എപ്രകാരം ദൈവവ ചനം വ്യാഖ്യാനിക്കപ്പെട്ടിരുന്നുവെന്നത് ഈ ഉദ്ബോധനഗ്രന്ഥത്തിന്റെ താളു കളിൽ ചർച്ചചെയ്യപ്പെടുന്ന പ്രധാന ആശയങ്ങളിൽ ഒന്നാണ്. പ്രസ്തുത പ്രതി പാദനത്തിന്റെ പശ്ചാത്തലത്തിൽ സഭാപിതാക്കന്മാരുടെ വിശുദ്ധഗ്രന്ഥവ്യാഖ്യാനശൈലി മനസ്സിലാക്കാൻ ശ്രമിക്കുകയാണ് ഈ ലേഖ നത്തിന്റെ ഉദ്ദേശ്യം. കടലുപോലെ വ്യാപകമായ സഭാപിതാക്കന്മാരുടെ സാഹി ത്യശേഖരം മുഴുവൻ അപഗ്രഥനം ചെയ്യുക ചുരുങ്ങിയ പേജുകളിൽ അസാ ധ്യമാണെങ്കിലും ചില സൂചനകൾ നല്കാൻ ഈ ലേഖനത്തിനു കഴിയും.

ആരാണ് സഭാപിതാക്കന്മാർ? അപ്പസ്തോലന്മാർക്കുശേഷം തിരുസഭയുടെ പരിപാലകരും പ്രബോധകരുമായി വർത്തിച്ചവരാണ് സഭാപിതാക്കന്മാർ. തിരു സഭയുടെ പ്രാരംഭഘട്ടത്തിൽ രാഷ്ട്രീയ-സാമൂഹിക- താത്ത്വിക വൈഷമ്യ ങ്ങൾ നേരിടാൻ വിശ്വാസികൾക്ക് ഊർജ്ജം ലഭിച്ചത് ഇവരുടെ പ്രബോധന ങ്ങളിൽനിന്നായിരുന്നു. വിശുദ്ധഗ്രന്ഥത്തെയും സഭാപാരമ്പര്യത്തെയും മുറുകെപ്പിടിച്ചുകൊണ്ട് തെറ്റായ പ്രബോധനങ്ങൾ ഉന്മൂലനംചെയ്യാനും വിശ്വാ സികളെ ശരിയായ ദിശയിൽ നയിക്കാനും അവർക്കു കഴിഞ്ഞു. അതി നാൽത്തന്നെ സഭയുടെ അടിസ്ഥാനമായി സഭാപിതാക്കന്മാരുടെ ഗ്രന്ഥങ്ങൾ നിലനില്ക്കുന്നു. വിശുദ്ധഗ്രന്ഥം അവർക്ക് വിശ്വാസജീവിതത്തിന്റെ ആദർശവും ധാർമ്മികജീവിതത്തിന്റെ കർശനമായ നിയമവും വിശുദ്ധ ഗ്രന്ഥപഠനം മതാത്മകജീവിതത്തിന്റെ കേന്ദ്രവുമായിരുന്നു. സഭയുടെ മൂല തത്ത്വങ്ങൾ വിശദീകരിക്കാൻ നമ്മുടെ തലമുറ ആശ്രയിക്കുന്നതും വിശുദ്ധ ഗ്രന്ഥത്തോടൊപ്പം സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളെയാണല്ലോ.

### 1. സബ്-അപ്പസ്തോല കാലഘട്ടം

യഹൂദ-ഗ്രീക്ക് പശ്ചാത്തലത്തിൽ വളർന്ന സഭാപിതാക്കന്മാർ വിശുദ്ധ



www.malankaralibrary.com

ഗ്രന്ഥവ്യാഖ്യാനത്തിനായി യഹൂദരും ഗ്രീക്കുകാരും ഉപയോഗിച്ചിരുന്ന രീതികൾതന്നെയാണ് ആദ്യകാലഘട്ടങ്ങളിൽ അവലംബിച്ചിരുന്നത്. അവ താഴേ സൂചിപ്പിക്കുന്നവയാണ്:

### 1.1 ഹോമിലി

നിയമങ്ങളുടെയും പ്രവചനങ്ങളുടെയും വ്യാഖ്യാനം നടത്താൻ യഹൂദർ ഉപയോഗിച്ചിരുന്ന 'ഹോമിലി' എന്ന സാഹിത്യരൂപം ആദിമസഭയിൽ വിശ്വാസ സംവേദനത്തിനുള്ള ശക്തമായ മാർഗമായിരുന്നു. Tractatus, Homilia, Sermo എന്നിങ്ങനെ വിവിധ രീതിയിൽ അവ അറിയപ്പെട്ടിരുന്നു. C. Mohrmann, M. Pontet, D. Milewski, A.M. La Bonnardiere തുടങ്ങിയ പാശ്ചാത്യഗ്രന്ഥകർത്താക്കൾ ഇവ തമ്മിൽ ആവിഷ്കരണരീതിയിൽ വ്യത്യാസം നിർദ്ദേശിക്കുന്നുണ്ടെങ്കിലും സാരമായ വൈവിധ്യം ഇവയുടെ ഇടയിൽ നിലനില്ക്കുന്നില്ലെന്നു തന്നെ വേണം കരുതാൻ.

'ഹോമിലി' യഹൂദമതത്തിൽനിന്ന് കടം കൊണ്ടതാണെങ്കിലും അതിന്റെ വാദന്യായത്തിൽ തിരുസഭ യഹൂദമതത്തിൽനിന്ന് തികച്ചും വ്യത്യസ്തമായിരുന്നു. ദൈവപുത്രനും ദൈവികവാഗ്ദാനങ്ങളുടെ പൂർത്തീകരണവുമായ നസ്രത്തിലെ യേശുക്രിസ്തുവിന്റെ സാന്നിദ്ധ്യം ക്രിസ്തീയ ഹോമിലികളെ യഹൂദ ഹോമിലികളിൽനിന്ന് വ്യത്യസ്തമാക്കി. ക്രിസ്തീയ ഹോമിലികളുടെ ഇതിവൃത്തം എപ്പോഴും യേശുക്രിസ്തുവും അവന്റെ പ്രബോധനങ്ങളുമായിരുന്നു. പഴയനിയമത്തിലെ നിയമങ്ങളും പ്രവചനങ്ങളും യേശുക്രിസ്തുവിൽ സമ്പൂർണമായി നിറവേറി എന്ന ആശയവും യഹൂദമതത്തിന്റെ അപ്രസക്തിയും ക്രിസ്തീയ ഹോമിലികളുടെ വിഷയങ്ങളായിരുന്നു. ഈ ഹോമിലികളെ സംക്ഷേപലേഖകൻ പിന്നീട് എഴുതി ചിട്ടപ്പെടുത്തി സഭാസമൂഹത്തിനായി സൂക്ഷിക്കുക പതിവായിരുന്നു. ഹോമിലികളിൽ സഭാപിതാക്കന്മാർ പലപ്പോഴും ഉപയോഗിച്ചിരുന്ന വ്യാഖ്യാനശൈലി 'മാതൃകാവ്യാഖ്യാനശൈലി' (typological interpretation) ആണ്. പഴയനിയമവചനങ്ങളും സംഭവങ്ങളും വ്യക്തികളും യേശുക്രിസ്തുവിലേക്ക് വിരൽചൂണ്ടുന്നതായി അവർ കണ്ടു. അങ്ങനെ നിയമങ്ങളെയും പ്രവചനങ്ങളെയും ക്രിസ്തീയമായി അഥവാ ആദ്ധ്യാത്മികമായി വ്യാഖ്യാനിച്ചുകൊണ്ട് വചനങ്ങളുടെ ആന്തരികാർത്ഥം വെളിച്ചത്തുകൊണ്ടുവരാൻ ഈ വ്യാഖ്യാനശൈലിയിലൂടെ സഭാപിതാക്കന്മാർ ശ്രമിച്ചു. 1 കോറി 10:1-11; ഗലാ 4:22-24 തുടങ്ങിയ വിശുദ്ധഗ്രന്ഥഭാഗങ്ങൾ മാതൃകയായി സ്വീകരിച്ചുകൊണ്ടാണ് പ്രസ്തുത വ്യാഖ്യാനശൈലി അവർ വളർത്തിയെടുത്തത്.

### 1.2 ടെസ്റ്റിമോണിയ

ഹോമിലിയോടൊപ്പം രൂപപ്പെട്ട മറ്റൊരു വ്യാഖ്യാനരീതിയായിരുന്നു ടെസ്റ്റിമോണിയ (സാക്ഷിത്വ വ്യാഖ്യാനശൈലി). പ്രബോധനാത്മകവും ന്യായീകരണ സ്വഭാവമുള്ളതും ആരാധനക്രമത്തിൽ ഉപകാരപ്പെടുന്നതുമായ സമാനസ്വഭാ



www.malankaralibrary.com

വമുള്ള പഴയനിയമവിശുദ്ധഗ്രന്ഥഭാഗങ്ങൾ സ്വരൂപിച്ചെടുത്ത് ക്രിസ്തീയ ദർശനങ്ങളോടുകൂടെ സഭയിൽ ഉപയോഗിച്ചിരുന്ന രീതിയാണിത്. പഴയനിയമത്തിന്റെ പൂർത്തീകരണമാണ് പുതിയ നിയമമെന്നും സഭ നൂതന ഇസ്രായേൽ ആകുന്നുവെന്നുമുള്ള ആശയങ്ങളെ സ്ഥാപിച്ചെടുക്കുകയായിരുന്നു പ്രസ്തുത വ്യാഖ്യാനരീതിയുടെ പ്രധാന ആഭിമുഖ്യങ്ങൾ. മാതൃകാ വ്യാഖ്യാന ശൈലിതന്നെയാണ് ടെസ്റ്റിമോണിയയിലും അവർ അവലംബിച്ചിരുന്നത്.

### 1.3 ലേഖനങ്ങൾ

വിശുദ്ധ ഗ്രന്ഥ വ്യാഖ്യാനത്തിന് ഉപയോഗിച്ചിരുന്ന മറ്റൊരു സാഹിത്യരൂപവും വ്യാഖ്യാനരീതിയുമാണ് ലേഖനങ്ങൾ (Epistulae). ഇവയുടെ ഉള്ളടക്കവും മുകളിൽ പറഞ്ഞവതന്നെയാണ്. 88–97 കാലഘട്ടത്തിൽ സഭയെ നയിച്ച വിശുദ്ധ ക്ലെമെന്റിന്റെ ലേഖനത്തിൽ കായേൻ, അബ്രാഹം, മോസസ്, യോന തുടങ്ങിയ പഴയനിയമകഥാപാത്രങ്ങൾക്ക് പുതിയനിയമനിറം ലഭിക്കുന്നതായി നമുക്ക് കാണാം (1 Clem. 4.7.9-12). പഴയനിയമത്തിന്റെ ക്രിസ്തുശാസ്ത്രവായന (Christological reading) ലേഖനങ്ങളുടെ സവിശേഷതയാണ്. വിശുദ്ധഗ്രന്ഥ വ്യാഖ്യാനത്തോടൊപ്പം ധാർമ്മികവും വിശ്വാസപരവും പ്രബോധനപരവുമായ ചർച്ചകളും 'ലേഖന'ങ്ങളുടെ ഉള്ളടക്കമായിരുന്നു. റോമിലെ വിശുദ്ധ ക്ലെമെന്റിന്റെയും അന്ത്യോക്യയിലെ വിശുദ്ധ ഇഗ്നേഷ്യസിന്റെയും സ്മിർണായിലെ വിശുദ്ധ പോളികാർപ്പിന്റെയും ലേഖനങ്ങൾ ഇതിനു തെളിവായി നമുക്കു സ്വീകരിക്കാം. ലേഖനങ്ങൾ എന്ന സാഹിത്യരൂപത്തിലൂന്നിയ വിശ്വാസപ്രബോധനം കാലക്രമേണ സഭയിൽ കൂടുതൽ പ്രചരിക്കുന്നുണ്ട്. വിശുദ്ധ അഗസ്റ്റിന്റെയും വിശുദ്ധ ജോൺ ക്രിസോസ്റ്റോമിന്റെയും എണ്ണമറ്റ ലേഖനങ്ങൾ ഇതിന് ഉദാഹരണങ്ങളാണ്. ആഴമേറിയ ദൈവശാസ്ത്രദർശനങ്ങളെക്കുറിച്ചും ത്രിത്വത്തെക്കുറിച്ചും ക്രിസ്തുവിനെക്കുറിച്ചും സഭയെക്കുറിച്ചും സാന്മാർഗികശാസ്ത്രത്തെക്കുറിച്ചും വിശ്വാസികൾക്ക് പ്രബോധനം നല്കുന്നതിനുള്ള കാര്യക്ഷമമായ മാർഗമായിരുന്നു ഇവർക്ക് ലേഖനങ്ങൾ.

പഴയനിയമത്തിന്റെ പൂർത്തീകരണമാണ് പുതിയനിയമം എന്ന ആശയം സഭ ഉയർത്തിപ്പിടിച്ചത് യഹൂദർക്കുമുമ്പിൽ മാത്രമായിരുന്നില്ല. അക്കാലത്ത് പ്രബലരായിരുന്ന ജ്ഞാനവാദിക (Gnostics) ളുടെ മുമ്പിൽ പ്രസ്തുത ആശയം സ്ഥാപിച്ചെടുക്കേണ്ടതും സഭ നേരിട്ട വലിയ വെല്ലുവിളിതന്നെയായിരുന്നു. പഴയ-പുതിയ നിയമങ്ങൾ രണ്ടായി കാണുന്നതോടൊപ്പം, പഴയ-പുതിയ നിയമങ്ങളിലെ പിതാവായ ദൈവത്തെയും രണ്ടായി ജ്ഞാനവാദികൾ ചിത്രീകരിച്ചു. വിശുദ്ധ ജസ്റ്റിന്റെയും വിശുദ്ധ ഇറനേവൂസിന്റെയും കൃതികൾ ജ്ഞാനവാദികളെ ഖണ്ഡിക്കുന്ന ശക്തമായ ആശയങ്ങൾ ഉയർത്തുന്നു. വിശുദ്ധ ജസ്റ്റിൻ തന്റെ Apologetics, Dialogue with Typho തുടങ്ങിയ കൃതികളിലൂടെ പഴയ-പുതിയ നിയമങ്ങളുടെ ബന്ധത്തെ ആവർത്തിച്ച് ഉറപ്പിച്ചു. മാതൃകാവ്യാഖ്യാനശൈലിയാണ് പ്രധാനമായും ഈ ഗ്രന്ഥങ്ങളിൽ ഉപയോഗിച്ചിരിക്കുന്നത്. ദൈവത്തിന് ഇസ്രായേലിനോടുള്ള ചരിത്രപരമായ ബന്ധം



www.malankaralibrary.com

അംഗീകരിക്കുമ്പോഴും പഴയ ഉടമ്പടി പുതിയ ഉടമ്പടിയെ പ്രതീക്ഷിച്ചിരുന്നതായി അദ്ദേഹം വാദിക്കുന്നു. വിശുദ്ധ ഇറനേവൂസ് തന്റെ Against Heresies ലൂടെയും Epideixis ലൂടെയും പഴയനിയമത്തിന്റെ പുതിയ നിയമത്തിലേക്കുള്ള പടിപടിയായ വളർച്ച എടുത്തുകാട്ടുന്നു. അദ്ദേഹം എഴുതുന്നു: "പഴയനിയമം മാതൃകാപൂർണമാണ്; വയലിൽ നിധി ഒളിഞ്ഞിരിക്കുന്നതുപോലെ, പഴയനിയമവേദപുസ്തകത്തിൽ ക്രിസ്തു ഒളിഞ്ഞിരിക്കുന്നു; മാതൃകകളിലൂടെയും ഉപമകളിലൂടെയും അവൻ വെളിപ്പെടുത്തപ്പെടുന്നു" (Adv. Haer., 4.26). വ്യാഖ്യാനവേളയിൽ വിശുദ്ധഗ്രന്ഥത്തോടൊപ്പം പാരമ്പര്യത്തിനുംകൂടി അദ്ദേഹം പ്രാധാന്യംകൊടുക്കുന്നതായി നമുക്കു കാണാം. ഇറനേവൂസിനെയും ജസ്റ്റിനെയുംപോലെ മാതൃകാവ്യാഖ്യാനശൈലി മുറുകെപ്പിടിച്ച സാർദിസിലെ മെലിത്തോവിനെ ഇവിടെ ഓർക്കേണ്ടതാണ്. അദ്ദേഹത്തിന്റെ Peri Pascha എന്ന കൃതി പ്രസ്തുത വ്യാഖ്യാനരീതിക്കുള്ള ഏറ്റവും നല്ല ഉദാഹരണങ്ങളിലൊന്നാണ്.

ക്രിസ്തുരഹസ്യം പൂർണമായി മനസ്സിലാക്കാൻ മുഴുവൻ വിശുദ്ധ ലിഖിതത്തെയുംകുറിച്ചുള്ള പഠനം അനിവാര്യമാണെന്നും യേശുക്രിസ്തു രണ്ടു നിയമങ്ങളും ഒന്നിപ്പിക്കുന്നു എന്നും ഈ സഭാപിതാക്കന്മാർ നമ്മെ ഉദ്ബോധിപ്പിക്കുന്നു. പ്രസ്തുത ആശയം വ്യക്തമാക്കിക്കൊണ്ട് മാർപാപ്പാ എഴുതുന്നു: "ഇന്നും വലിയ മൂല്യമുള്ള ഒരു ദൈവശാസ്ത്രം സഭാപിതാക്കന്മാർ അവതരിപ്പിക്കുന്നു. എന്തെന്നാൽ, മുഴുവൻ വിശുദ്ധ ഗ്രന്ഥത്തെയും കുറിച്ചുള്ള പഠനം അതിന്റെ കേന്ദ്രത്തിൽ നിലകൊള്ളുന്നു" (കർത്താവിന്റെ വചനം, 37). വിശുദ്ധ അഗസ്റ്റിന്റെയും മഹാനായ വിശുദ്ധ ഗ്രിഗറിയുടെയും വാക്കുകൾ പരിശുദ്ധ പിതാവ് ഉദ്ധരിക്കുന്നത് ശ്രദ്ധേയമാണ്: "പുതിയനിയമം പഴയനിയമത്തിൽ മറഞ്ഞിരിക്കുന്നു. പഴയനിയമം പുതിയനിയമത്തിൽ വെളിവാക്കപ്പെട്ടിരിക്കുന്നു. പഴയനിയമം വാഗ്ദാനം ചെയ്തത് പുതിയനിയമം ദൃശ്യമാക്കി. മുമ്പിലത്തേത് നിഗൂഢമായ വിധത്തിൽ അറിയിച്ചത് പിന്നത്തേത് വർത്തമാനകാലത്തെന്നപോലെ തുറന്നു പ്രഘോഷിക്കുന്നു. അതുകൊണ്ട് പഴയനിയമം പുതിയനിയമത്തിന്റെ ഒരു പ്രവചനമാണ്. പഴയനിയമത്തിന്റെ ഏറ്റവും നല്ല വ്യാഖ്യാനം പുതിയ നിയമമാണ്" (കർത്താവിന്റെ വചനം, 41). "ഒറ്റ വചനവുമായുള്ള ബന്ധത്തിൽ എല്ലാ ലിഖിതങ്ങളുടെയും ഐക്യം ക്രിസ്തുവെന്ന വ്യക്തിയാണ്" (കർത്താവിന്റെ വചനം, 39) എന്ന ചിന്തയും വിശുദ്ധ ഗ്രന്ഥം മനസ്സിലാക്കാൻ സഭാപിതാക്കന്മാർ നിർദ്ദേശിച്ച കേന്ദ്ര ആശയത്തിലേക്കുള്ള തിരിച്ചുപോക്കാണ്. ഇതിനെയാണ് മാർപാപ്പാ 'പഴയനിയമ വെളിപാടിന്റെ തുടർച്ചയുടെ വശം, നിറവേറലിന്റെയും അതിശയത്വത്തിന്റെയും ഒരു വശം' (കർത്താവിന്റെ വചനം, 40) എന്നു വിളിക്കുന്നത്.

### 1.4 കമന്ററികൾ

സഭാപിതാക്കന്മാരിലേക്ക് നമുക്കു മടങ്ങിവരാം. മേല്പറഞ്ഞ വ്യാഖ്യാനരീതിയായ മാതൃക – ആദ്ധ്യാത്മിക വ്യാഖ്യാനശൈലിയിൽ അധിഷ്ഠിതമായ



www.malankaralibrary.com

ഹോമിലികളും ടെസ്റ്റിമോണിയകളും ലേഖനങ്ങളും ആദ്യം മുതൽ നിലനിന്നിരുന്നെങ്കിലും വിശുദ്ധഗ്രന്ഥപഠനത്തിന് വ്യവസ്ഥാനുസൃതമായ വിശദീകരണ സ്വഭാവം ലഭിച്ചത് വിശുദ്ധ ഹിപ്പോലിറ്റസിനോടുകൂടെയാണ്. അദ്ദേഹത്തോടൊപ്പം, വിശുദ്ധഗ്രന്ഥത്തിന്റെ ഏതെങ്കിലും ഒരു ഭാഗമോ ഒരു പുസ്തകമോ മാത്രമായി പഠിക്കുന്ന രീതി സഭയിൽ സംജാതമായി. അങ്ങനെ സഭയിൽ കൊമെന്ററികൾ രൂപംകൊണ്ടു. അദ്ദേഹത്തിന്റെ Commentary on Daniel, Song of Songs, The Blessings of Patriarchs തുടങ്ങിയ കൃതികൾ പ്രസ്തുത പഠനരീതിക്കുള്ള തെളിവുകളാണ്. മാതൃകാവ്യാഖ്യാനത്തോടൊപ്പം വാച്യാർത്ഥത്തിലും വിശുദ്ധഗ്രന്ഥ വചനങ്ങൾ വ്യാഖ്യാനിക്കുന്നത് അദ്ദേഹത്തിന്റെ കൃതികളുടെ പ്രത്യേകതയാണ്. ഉത്തമഗീതത്തിലെ വരനെയും വധുവിനെയും ക്രിസ്തുവും സഭയുമായി ആദ്യമായി ചിത്രീകരിച്ചതും ഹിപ്പോലിറ്റസ് തന്നെയാണല്ലോ. യഹൂദർക്കിടയിൽ കൊമന്ററികൾ നിലനിന്നിരുന്നെങ്കിലും ഗ്രീക്ക് കൊമന്ററികളുടെ ചുവടുപിടിച്ചാണ് സഭാപിതാക്കന്മാർ ബൈബിൾ കൊമന്ററികൾ എഴുതിത്തുടങ്ങിയത്.

### 2. അലക്സാൻഡ്രിയായിലെ സ്കൂൾ

അലക്സാൻഡ്രിയായിലെ ക്രിസ്തീയസമൂഹത്തിന്റെ ഉദ്ഭവത്തെക്കുറിച്ച് വ്യക്തമായ ചരിത്രം ലഭ്യമല്ലെങ്കിലും രണ്ടാം നൂറ്റാണ്ടിന്റെ രണ്ടാം പകുതി മുതൽ ശക്തമായ ക്രിസ്തീയസാന്നിദ്ധ്യവും വിശുദ്ധഗ്രന്ഥ പഠനത്തിനും ദൈവശാസ്ത്രചർച്ചകൾക്കുമുള്ള വേദികളും നമുക്കവിടെ കാണാം. അത്തനാഗോറസും പന്തേനൂസും പ്രസ്തുത വേദികൾ നയിച്ചുവെങ്കിലും താഴേ പരാമർശിക്കുന്ന രണ്ടു ചിന്തകരിലൂടെയാണ് വിശുദ്ധ ഗ്രന്ഥപഠനവും ദൈവശാസ്ത്ര ചിന്തകളും അലക്സാണ്ഡ്രിയായിലെ മണ്ണിൽ വളർന്നത്.

### 2.1 ക്ലെമെന്റ്

അലക്സാണ്ഡ്രിയായിലെ ക്ലെമെന്റിലൂടെയാണ് വിശുദ്ധഗ്രന്ഥവ്യാഖ്യാനത്തിന് പുതിയ മാനങ്ങൾ അലക്സാണ്ഡ്രിയായിൽ ലഭിച്ചത്. ചരിത്രപരം (Historical), താത്ത്വികം (Dogmatic), മിസ്റ്റിക്കൽ (Mystical), പ്രവചനാത്മകം (Prophetic) തുടങ്ങിയ വിവിധ അർത്ഥതലങ്ങളിൽ വിശുദ്ധഗ്രന്ഥം മനസ്സിലാക്കാമെന്ന് ക്ലെമെന്റ് തന്റെ Stromatis എന്ന കൃതിയിലൂടെ വാദിച്ചു. ഗ്രീക്ക് തത്ത്വശാസ്ത്രത്തിൽ അഗാധ പാണ്ഡിത്യമുണ്ടായിരുന്ന ചിന്തകനായ ക്ലെമെന്റ് വിശുദ്ധഗ്രന്ഥവ്യാഖ്യാനത്തിനായി തത്ത്വശാസ്ത്രം പ്രയോജനപ്പെടുത്തിയെങ്കിലും അതിന്റെ അപര്യാപ്തതയും വെളിച്ചത്തു കൊണ്ടുവരാൻ മറന്നില്ല. വിശുദ്ധഗ്രന്ഥവചനങ്ങൾ വ്യാപകമായി തന്റെ കൃതികളിൽ ഉപയോഗിക്കാനും ഗ്രീക്കുകാർക്കും യവന യഹൂദർക്കും സുപരിചിതമായിരുന്ന അലഗോറിക്കൽ വ്യാഖ്യാനശൈലിയിലൂടെ അക്ഷരങ്ങൾ മറികടന്ന് വിശുദ്ധഗ്രന്ഥത്തിന്റെ ആന്തരികാർത്ഥം പഠിപ്പിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു.



www.malankaralibrary.com

## 2.2 ഒരിജൻ

ശൈശവത്തിൽത്തന്നെ വിശുദ്ധഗ്രന്ഥം വായിക്കാനും സഭാതത്ത്വങ്ങൾ ഹൃദിസ്ഥമാക്കാനും സാഹചര്യം ലഭിച്ച ഒരിജൻ സഭാഗ്രന്ഥകർത്താക്കളിൽ അതുല്യനായ വ്യക്തിതന്നെയാണ്. ആറായിരത്തോളം കൈയെഴുത്തുപ്രതികൾ അദ്ദേഹത്തിന്റെ പേരിൽ നിലനില്ക്കുന്നു. എന്നാൽ, പലതും പില്കാലത്ത് സംശയത്തിന്റെ പേരിൽ നശിപ്പിക്കപ്പെട്ടു. Haexapla എന്ന കൃതി വിശുദ്ധ ഗ്രന്ഥ സാഹിത്യ ശേഖരത്തിൽ അതുല്യസംഭാവനയായി ഇന്നും നിലനില്ക്കുന്നു. അദ്ദേഹം തന്റെ On First Principles എന്ന കൃതിയുടെ 4-ാം പുസ്തകത്തിൽ വിശുദ്ധഗ്രന്ഥവ്യാഖ്യാനത്തിനുള്ള മാർഗനിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നു. വിശുദ്ധഗ്രന്ഥം മുഴുവൻ ദൈവനിവേശിതമാണെന്ന വിശ്വാസത്തിൽനിന്നാണ് ഒരിജൻ തന്റെ വിശുദ്ധഗ്രന്ഥവ്യാഖ്യാനം ആരംഭിക്കുന്നത്. മനുഷ്യനെ ആത്മാവ്, ശരീരം, മനസ്സ് (spirit, soul, body) എന്നിങ്ങനെ മൂന്നു തലങ്ങളിലായി മനസ്സിലാക്കുന്നതുപോലെ, വിശുദ്ധഗ്രന്ഥത്തെയും മൂന്നു രീതിയിൽ വ്യാഖ്യാനിക്കാം: വാച്യാർത്ഥ (literal sense) ത്തിൽ, ധാർമ്മികാർത്ഥ (moral sense) ത്തിൽ, ആദ്ധ്യാത്മികാർത്ഥ (spiritual sense) ത്തിൽ. എന്നാൽ വിശുദ്ധ ഗ്രന്ഥത്തിലെ എല്ലാ വാക്യങ്ങൾക്കും സംഭവങ്ങൾക്കും പ്രസ്തുത ത്രിതലവ്യാഖ്യാനം സാധ്യമല്ല എന്നും അദ്ദേഹം ഈ കൃതിയിൽ പറയുന്നുണ്ട്. മാത്രമല്ല, ധാർമ്മികാർത്ഥം പലപ്പോഴും ആദ്ധ്യാത്മികാർത്ഥത്തിൽ ഉൾക്കൊണ്ടിരിക്കും. വിശുദ്ധഗ്രന്ഥത്തിലെ എല്ലാ വാക്യങ്ങളും വാച്യാർത്ഥത്തിലും ആദ്ധ്യാത്മികാർത്ഥത്തിലും വ്യാഖ്യാനിക്കാൻ കഴിയും. വാച്യാർത്ഥശൈലിയിലുള്ള വ്യാഖ്യാനത്തിന്റെ ആവശ്യം ഉയർത്തിക്കാട്ടുമ്പോഴും ആദ്ധ്യാത്മിക വ്യാഖ്യാന ശൈലിക്കാണ് അദ്ദേഹം മുൻഗണന നല്കിയത്. വാച്യാർത്ഥ വ്യാഖ്യാനം അസാധ്യമാകുമ്പോഴും ആദ്ധ്യാത്മികതലത്തിലുള്ള വ്യാഖ്യാനം സാധ്യമാണെന്നും അദ്ദേഹം വാദിക്കുന്നു. വാച്യാർത്ഥ വ്യാഖ്യാനത്തെ യഹൂദവ്യാഖ്യാനമെന്നും ആദ്ധ്യാത്മിക വ്യാഖ്യാനത്തെ ക്രിസ്തീയ വ്യാഖ്യാനമെന്നും അദ്ദേഹം വിളിച്ചു. എന്തെന്നാൽ, വാച്യാർത്ഥത്തിലുള്ള വ്യാഖ്യാനം വളരെ ഉപരിപ്ലവമായ അർത്ഥം പ്രദാനം ചെയ്യുമ്പോൾ, ആദ്ധ്യാത്മിക വ്യാഖ്യാനം ഉന്നതമായ ക്രിസ്താനുഭവത്തിലേക്ക് വിശുദ്ധ ഗ്രന്ഥവായനക്കാരെ നയിക്കുന്നു. 2 കോറി 3:6 മാർഗരേഖയായി ഒരിജൻ ഇവിടെ സ്വീകരിക്കുന്നു: "അക്ഷരം കൊല്ലുന്നു, എന്നാൽ ആത്മാവ് ജീവിപ്പിക്കുന്നു". ഒരിജന്റെ സർഗശേഷിയിൽ രൂപപ്പെട്ട ചില പദങ്ങളെയും അവയുടെ അർത്ഥതലങ്ങളെയും പരിചയപ്പെടേണ്ടത് അനിവാര്യമാണ്.

### 2.2.1 അനഗോജി (Anagogy)

ഗ്രീക്ക് ഭാഷയുടെ പശ്ചാത്തലത്തിൽ ആദ്ധ്യാത്മികവ്യാഖ്യാനത്തെ ആലങ്കാരിക അഥവാ അന്യാപദേശ വ്യാഖ്യാനം (allegorical) എന്നും വിളിക്കപ്പെടുന്നു. 'ആല്ലോ', 'ആഗോറെവുസ്തായി' എന്നീ രണ്ടു ഗ്രീക്കു പദങ്ങളിൽനിന്നാണല്ലോ 'അലഗറി' എന്ന വാക്ക് കടന്നുവരുന്നത്. വാച്യാർത്ഥത്തിന് അതീ



www.malankaralibrary.com

തമായി, ഉന്നതമായ ആന്തരികാർത്ഥം പുറത്തുകൊണ്ടുവരുന്ന വ്യാഖ്യാനരീതിയാണിത്. വാച്യാർത്ഥത്തെ തരം താഴ്ത്തുകയും എന്നാൽ വാച്യാർത്ഥത്തിൽ നിന്നുകൊണ്ടുതന്നെ ആന്തരികാർത്ഥത്തിലേക്ക് ഉയരുകയും ചെയ്യുന്ന പ്രസ്തുത വ്യാഖ്യാനരീതി ഗ്രീക്കുകാർക്ക് സുപരിചിതമായിരുന്നു. ആലങ്കാരിക ഭാഷയിലുള്ള വ്യാഖ്യാനത്തിന് ഒരു വിജാതീയ നിറമുള്ളതിനാൽ ഒരിജൻ രൂപപ്പെടുത്തിയ മറ്റൊരു വ്യാഖ്യാനരീതിയാണ് അനഗോജിക്കൽ വ്യാഖ്യാനരീതി (anagogical interpretation). ഫലത്തിൽ രണ്ടും ഒന്നുതന്നെയായിരുന്നെങ്കിലും അലഗോറിക്കൽ വ്യാഖ്യാനത്തെ വിജാതീയ വ്യാഖ്യാനമായും അനഗോജിക്കൽ വ്യാഖ്യാനത്തെ ക്രിസ്തീയ വ്യാഖ്യാനമായും അദ്ദേഹം കണ്ടു. W.A. Bienert- ന്റെയും R.M. Grant -ന്റെയും അഭിപ്രായപ്രകാരം ഒരിജന്റെ വ്യാഖ്യാനത്തെ അലക്സാണ്ഡ്രിയായിലെ ഫിലോയുടെ വ്യാഖ്യാനത്തിൽനിന്നു വ്യത്യാസപ്പെടുത്തുന്നത് പ്രസ്തുത അനഗോജിക്കൽ വ്യാഖ്യാനരീതിയാണ്. എന്താണ് അനഗോജിക്കൽ വ്യാഖ്യാന ശൈലി? ഗ്രന്ഥകർത്താവിന്റെ ലക്ഷ്യത്തിൽ നിന്നു വ്യത്യസ്തമായി വിശുദ്ധഗ്രന്ഥത്തെ വാക്കുകൾക്ക് അതീതമായി ഉയർന്നതലത്തിൽ മനസ്സിലാക്കുന്നതിനെയാണ് അനഗോജിക്കൽ വ്യാഖ്യാനം എന്നു വിളിക്കുന്നത്. Prosper Grech നിരീക്ഷിക്കുന്നതുപോലെ, വിശുദ്ധ പൗലോസുപയോഗിക്കുന്ന മാതൃകാവ്യാഖ്യാനശൈലിക്കു തുല്യമാണിത്. വിശുദ്ധഗ്രന്ഥവ്യാഖ്യാനത്തിന് ഒരു നൂതന ശൈലി ഇതുവഴി രൂപപ്പെടുത്തിയെടുക്കാൻ ഒരിജനു കഴിഞ്ഞു. On First Principles-ന്റെ ആമുഖത്തിൽ ഒരിജൻ എഴുതുന്നു: "രചിക്കപ്പെട്ട വേദപുസ്തകങ്ങൾ പ്രത്യക്ഷമായ സന്ദേശങ്ങൾ മാത്രമല്ല ഉൾക്കൊള്ളുന്നത്, മറിച്ച് ഭൂരിപക്ഷം വായനക്കാരിൽനിന്നും മറഞ്ഞിരിക്കുന്ന മറ്റ് അർത്ഥതലങ്ങളും അവയ്ക്കുണ്ട്. നിയമം സദാ ആത്മീയമാണെങ്കിലും അതുൾക്കൊള്ളുന്ന സന്ദേശം എല്ലാവരും ഒന്നുപോലെ തിരിച്ചറിയുന്നില്ല; ജ്ഞാനത്തിലും അറിവിലും പരിശുദ്ധാത്മാവിന്റെ കൃപ ലഭിച്ചവർ മാത്രം അതു മനസ്സിലാക്കുന്നു."

### 2.2.2 ട്രോപ്പോളജി (Tropology)

വിശുദ്ധഗ്രന്ഥവ്യാഖ്യാനത്തിനായി, അനഗോജി എന്നതുപോലെ ഒരിജൻ ഉപയോഗിച്ച മറ്റൊരു വിവരണരീതിയാണ് ട്രോപ്പോളജി. പദപ്രയോഗത്തിന്റെ അർത്ഥതലങ്ങൾ വ്യത്യാസപ്പെടുത്തിക്കാണുന്ന വ്യാഖ്യാനരീതിയാണിത്. വിശുദ്ധഗ്രന്ഥവ്യാഖ്യാനം ധിഷണാശേഷിയുടെ മാത്രം പ്രവർത്തനമല്ലെന്നും, അത് ദൈവവചനത്തിന്മേലുള്ള ധ്യാനമാണെന്നും ദൈവശാസ്ത്ര ദർശനങ്ങൾക്ക് വിശുദ്ധ വചനത്തിൽ നിന്നു മാറി നിലനില്പില്ലെന്നും ദൈവശാസ്ത്രനിഗമനങ്ങളെല്ലാം വിശുദ്ധഗ്രന്ഥത്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു എന്നും അദ്ദേഹം തന്റെ അനഗോജിക്കൽ/ട്രോപ്പോളജിക്കൽ/ആദ്ധ്യാത്മിക വ്യാഖ്യാന ശൈലിയിലൂടെ സമർത്ഥിച്ചു. ഗ്രീക്ക് തത്ത്വശാസ്ത്രജ്ഞനായ പ്ലേറ്റോയുടെ ചിന്തകൾ ഒരിജന്റെ വ്യാഖ്യാനത്തിൽ നിറഞ്ഞുനിന്നു. പ്രപഞ്ചത്തിലെ എല്ലാ ദൃശ്യവസ്തുക്കൾക്കുപിന്നിലും അദൃശ്യമായ യാഥാർത്ഥ്യം നിലനില്ക്കുന്നുവെന്ന പ്ലേറ്റോയുടെ ചിന്ത, എല്ലാ വാക്കുകൾക്കു പിന്നിലും



www.malankaralibrary.com

ആന്തരികവും ഉന്നതവുമായ ആശയങ്ങൾ കണ്ടെത്താൻ ഒരിജനെ പ്രേരിപ്പിച്ചു. ക്രിസ്തുവിന്റെ സാന്നിദ്ധ്യവും ക്രിസ്തുവിലുള്ള വിശ്വാസവും വിശുദ്ധ ഗ്രന്ഥ വ്യാഖ്യാനത്തിൽ പുതിയഭാവം നല്കി.

### 3. അന്തിയോക്യായിലെ സ്കൂൾ

അലക്സാൻഡ്രിയൻ ചിന്താധാരയ്ക്കു ബദലായി രൂപപ്പെടുകയും വാച്യാർത്ഥത്തിനു കൂടുതൽ പ്രാധാന്യം കൊടുക്കുകയും ചെയ്ത വ്യാഖ്യാനരീതി പിന്നീട് അന്തിയോക്യാ കേന്ദ്രീകരിച്ച് ആരംഭിക്കുകയുണ്ടായി. അന്തിയോക്യായിലെ ലൂസിയാൻ ആണ് ഈ ചിന്താധാരയുടെ സ്ഥാപകൻ. താർസൂസിലെ ഡിയദോർ, മൊപ്സുയേസിയായിലെ തിയദോർ, ജോൺ ക്രിസോസ്റ്റോം തുടങ്ങിയവർ ഇതിന്റെ പ്രധാന വക്താക്കളായിരുന്നു. ഈ വ്യാഖ്യാനരീതിയുടെ പ്രത്യേകതകൾ താഴെപ്പറയുന്നവയാണ്:

1. ഭാഷാശാസ്ത്രത്തിനുള്ള വളരെ ശക്തമായ പ്രാധാന്യം

2. ചരിത്രപശ്ചാത്തലത്തിലും ചരിത്രപുരുഷനായ ക്രിസ്തുവിലുമുള്ള ഊന്നൽ.

അന്തിയോക്യായിലെ ബൈബിൾ വ്യാഖ്യാനരീതി ചുരുക്കത്തിൽ ചരിത്രപരവും വ്യാകരണ സംബന്ധവുമായ പഠനത്തിന് പ്രാധാന്യം നല്കി. ഈ പ്രത്യേകത കണ്ടിട്ടാണ്, പ്രസ്തുത സ്കൂളിന്റെ പ്രഗല്ഭനായ വ്യാഖ്യാതാവ് വിശുദ്ധ ജോൺ ക്രിസോസ്റ്റോമിനെ വിശുദ്ധഗ്രന്ഥപഠനമേഖലയിലെ അസാമാന്യ നിപുണനെന്നും ആധുനിക യുഗത്തിലെ ബൈബിൾ വ്യാഖ്യാതാക്കളോടൊപ്പം നില്ക്കുന്നവനെന്നും C. Baur വിശേഷിപ്പിച്ചത്.

അപ്പസ്തോലികലേഖനമായ 'കർത്താവിന്റെ വചന'ത്തിലേക്ക് നമുക്ക് ഒന്നുകൂടി കടന്നുവരാം. വാച്യാർത്ഥത്തെയും ആദ്ധ്യാത്മികാർത്ഥത്തെയും പറ്റി പഠിപ്പിക്കുമ്പോൾ പരിശുദ്ധ പിതാവ് ഇപ്രകാരം എഴുതുന്നു: ദൈവവചനം സജീവമാണെന്നും അത് ഇവിടെ ഇപ്പോൾ ജീവിതത്തോട് സംസാരിക്കുന്നെന്നും ഈ പശ്ചാത്തലത്തിൽ മാത്രമേ നമുക്കു തിരിച്ചറിയാൻ കഴിയൂ. ഇതിനായി, ക്രൈസ്തവവിശ്വാസം മനസ്സിലാക്കുന്നതുപോലെ, ആദ്ധ്യത്മികാർത്ഥത്തിന് പൊന്തിഫിക്കൽ ബൈബിൾ കമ്മീഷൻ നല്കുന്ന നിർവചനം പൂർണമായും സാധുതയുള്ളതാണ്: "ക്രിസ്തുവിന്റെ പെസഹാ രഹസ്യത്തിന്റെയും അതിൽനിന്നു പ്രവഹിക്കുന്ന നവജീവിതത്തിന്റെയും സാഹചര്യത്തിൽ, പരിശുദ്ധാത്മാവിന്റെ സ്വാധീനത്തിൻകീഴിൽ നാം സംസാരിക്കുമ്പോൾ ബൈബിൾപാഠങ്ങൾ പ്രകാശിപ്പിക്കുന്ന അർത്ഥമാണത്. ഈ സാഹചര്യം യഥാർത്ഥത്തിലുണ്ട്. ഇതിൽ പുതിയനിയമം വിശുദ്ധലിഖിതങ്ങളുടെ പൂർത്തീകരണം കണ്ടെത്തുന്നു. അതുകൊണ്ട് പരിശുദ്ധാത്മാവിലുള്ള ജീവിതമാകുന്ന ഈ പുതിയ സാഹചര്യത്തിന്റെ വെളിച്ചത്തിൽ വിശുദ്ധലിഖിതങ്ങൾ വീണ്ടും വായിക്കുകയെന്നത് തികച്ചും സ്വീകാര്യമാണ്" (കർത്താവിന്റെ വചനം, 37). വിശുദ്ധഗ്രന്ഥ വ്യാഖ്യാനത്തിന്റെ ആധുനിക



www.malankaralibrary.com

സ്വഭാവത്തെയും മാർഗങ്ങളെയും ബഹുമാനിക്കുമ്പോഴും സഭാപിതാക്കന്മാരിലേക്കുള്ള തിരിച്ചുപോക്ക് പരിശുദ്ധപിതാവ് ഇവിടെ അടിവരയിട്ടു പറയുന്നു. ഡെൻമാർക്കിലെ അഗസ്റ്റിന്റെ ചിന്തയും പരിശുദ്ധപിതാവ് ഇവിടെ ഉദ്ധരിക്കുന്നുണ്ട്: "അക്ഷരം പ്രവൃത്തികളെപ്പറ്റി പഠിപ്പിക്കുന്നു, ദൃഷ്ടാന്തം വിശ്വാസത്തെപ്പറ്റിയും ധാർമ്മികമായത് നമ്മുടെ പ്രവർത്തനത്തെക്കുറിച്ചും ആദ്ധ്യാത്മികമായത് നമ്മുടെ ഭാഗധേയത്തെക്കുറിച്ചും" (കർത്താവിന്റെ വചനം, 37). ഡോഗ്മാറ്റിക് കോൺസ്റ്റിറ്റ്യൂഷൻ, 'ദേയി വെർബും' വിലമതിക്കുന്ന മൂന്ന് മൗലിക തത്ത്വങ്ങളെയും പരിശുദ്ധ പിതാവ് ഇവിടെ ചിന്താവിഷയമാക്കുന്നു.

1. മുഴുവൻ വിശുദ്ധ ലിഖിതങ്ങളുടെയും ഐക്യം ശ്രദ്ധിച്ചുകൊണ്ടുവേണം വേദഗ്രന്ഥ പാഠം വ്യാഖ്യാനിക്കാൻ. ഇക്കാലത്ത് ഈ രീതിയെ കാനോനിക്കൽ വ്യാഖ്യാനശാസ്ത്രമെന്നു വിളിക്കുന്നു.

2. മുഴുവൻ സഭയുടെയും സജീവപാരമ്പര്യം പരിഗണിക്കണം.

3. വിശ്വാസത്തിന്റെ സാദൃശ്യം ആദരിക്കണം.

സഭാപിതാക്കന്മാരുടെ വിശുദ്ധഗ്രന്ഥവ്യാഖ്യാനപ്രക്രിയയുടെയും ദൈവശാസ്ത്രപ്രബോധനത്തിന്റെയും അടിസ്ഥാന ചിന്തകൾ ഇവതന്നെയായിരുന്നു.

**4. പാശ്ചാത്യസഭ നാലാം നൂറ്റാണ്ടിൽ**

വിശുദ്ധഗ്രന്ഥ വ്യാഖ്യാന വളർച്ചയിൽ കിഴക്കിനെ അപേക്ഷിച്ചു പടിഞ്ഞാറ് പിന്നിൽ ആയിരുന്നു. തെർത്തുല്യൻ, നൊവാസിയൻ, സിപ്രിയാൻ തുടങ്ങിയ ഗ്രന്ഥകർത്താക്കൾ വിപുലമായ രീതിയിൽ വിശുദ്ധഗ്രന്ഥം തങ്ങളുടെ കൃതികളിൽ ഉപയോഗിച്ചെങ്കിലും കൃത്യമായ വ്യാഖ്യാനരീതി രൂപപ്പെടുത്താൻ അവർക്കു കഴിഞ്ഞില്ലെന്നുതന്നെ വേണം ചിന്തിക്കാൻ. അതിനായി നാലാം നൂറ്റാണ്ടിന്റെ പകുതിവരെ പാശ്ചാത്യസഭ കാത്തിരിക്കേണ്ടിവരുന്നു. ഇതിന് അപവാദമായി നില്ക്കുന്നത് മുകളിൽ നമ്മൾ കണ്ടതുപോലെ, ഹിപ്പോലിറ്റസ് മാത്രമാണ്. ഹിലാരിയിലൂടെയും (Commentary on Mathew, Commentary on Psalms) അംബ്രോസിലൂടെയും (Exposition of Luke, Exposition of Isaiah, etc.) വിശുദ്ധഗ്രന്ഥ വ്യാഖ്യാനത്തിന് പുതിയ ആക്കം ലഭിച്ചു. എന്നാൽ അവർ രണ്ടുപേരും അവലംബിച്ചിരുന്നത് അലക്സാണ്ഡ്രിയൻ വ്യാഖ്യാനരീതി തന്നെയായിരുന്നു. ഈ കാലഘട്ടത്തിൽത്തന്നെ തിക്കോണിയൂസ് എന്ന ഡൊണാറ്റിസ്റ്റ് ചിന്തകന്റെ Liber Regularum എന്ന കൃതി ആലങ്കാരികമായി വിശുദ്ധഗ്രന്ഥം വ്യാഖ്യാനിക്കാനുള്ള നിയമങ്ങൾ മുന്നോട്ടുവച്ചു. വിശുദ്ധ അഗസ്റ്റിൻ പിന്നീട് ഈ കൃതിയെ ഒരു പാഠപുസ്തകമായിപ്പോലും ഉപയോഗിച്ചിരുന്നു. മാരിയൂസ് വിക്ടോറിനൂസ് വിശുദ്ധ പൗലോസിന്റെ ലേഖനങ്ങൾക്ക് വ്യാഖ്യാനം എഴുതിക്കൊണ്ട് സഭയിൽ ശ്രദ്ധേയനായി. എന്നാൽ, മുഴുവൻ വിശുദ്ധഗ്രന്ഥത്തെയുംകുറിച്ചുള്ള കൃത്യമായ അറി



www.malankaralibrary.com

വില്ലായ്മ അദ്ദേഹത്തിന്റെ വ്യാഖ്യാനരീതികളെ സാരമായി ബാധിച്ചു. ഈ കാലയളവിൽത്തന്നെ അംബ്രോസിയാസ്റ്റർ, പെലാജിയൂസ് തുടങ്ങിയവർ ആദ്ധ്യാത്മികവ്യാഖ്യാനരീതി ഉപേക്ഷിച്ച് പൂർണമായും വാച്യാർത്ഥവ്യാഖ്യാനശൈലിയിലേക്കു തിരിഞ്ഞു. പാശ്ചാത്യസഭയിൽ വിശുദ്ധഗ്രന്ഥപഠനത്തിനും വ്യാഖ്യാനത്തിനും പൂർണത ലഭിച്ചത് വിശുദ്ധ ജെറോമിനോടും വിശുദ്ധ അഗസ്റ്റിനോടുംകൂടെയാണ്. അവരുടെ വിശുദ്ധഗ്രന്ഥവ്യാഖ്യാനരീതി ചുരുങ്ങിയ വാക്കുകളിൽ വിവരിക്കുന്നത് ഇവിടെ ആവശ്യമാണെന്ന് എനിക്കു തോന്നുന്നു.

#### 4.1 വിശുദ്ധ ജെറോം

അലക്സാൻഡ്രിയായിലെ ബൈബിൾസ്കൂളിൽ പരിശീലനംനേടിയ ജെറോം, ആദ്യകാലഘട്ടങ്ങളിൽ ഒരിജന്റെ വ്യാഖ്യാനശൈലിതന്നെ പിൻതുടർന്നെങ്കിലും പിന്നീട് ആ വഴി ഉപേക്ഷിച്ച് നിരൂപണാത്മകവും വ്യാകരണാധിഷ്ഠിതവുമായ വ്യാഖ്യാനശൈലിക്ക് രൂപംകൊടുത്തുവെന്നാണ് പൊതുവേയുള്ള അഭിപ്രായം. എന്നാൽ, അദ്ദേഹത്തിന്റെ Commentary on Matthew വാച്യാർത്ഥ-ആദ്ധ്യാത്മിക വ്യാഖ്യാനത്തിന്റെ ചേരുവയാണെന്നു പറയാം. ജെറോമിന്റെ Commentary on Zecharia-യിൽ വാച്യാർത്ഥത്തിൽനിന്ന് ആദ്ധ്യാത്മികതലത്തിലേക്കുള്ള മാറ്റം പ്രകടമായിക്കാണാം. ഹെബീദിയ എന്ന പ്രമുഖ വനിതയ്ക്ക് എഴുതിയ ലേഖനത്തിൽ (Epist, 120. 12) വിശുദ്ധഗ്രന്ഥവചനങ്ങൾ മൂന്നു തരത്തിൽ മനസ്സിലാക്കാമെന്ന് അദ്ദേഹം സമർത്ഥിക്കുന്നു. പ്രസ്തുത ആശയം ഒരിജിനിൽനിന്നു കടമെടുത്തതാണ്. വാച്യാർത്ഥം വിശേഷിപ്പിക്കാൻ വിശുദ്ധ ജെറോം Littera, Historia എന്നീ രണ്ടു പദങ്ങളും ആദ്ധ്യാത്മിക അർത്ഥങ്ങൾ സൂചിപ്പിക്കാൻ Anagoge, tropologia എന്നീ പദങ്ങളും ഉപയോഗിച്ചിരുന്നു. വിശുദ്ധഗ്രന്ഥം വിശുദ്ധഗ്രന്ഥത്തെ വ്യാഖ്യാനിക്കുന്നു (The Bible explains the Bible) എന്ന ആശയം പഴയനിയമവും പുതിയ നിയമവും തമ്മിലുള്ള ബന്ധം വെളിച്ചത്തുകൊണ്ടുവരാൻ അദ്ദേഹം ഉപയോഗിച്ചിരുന്നു.

#### 4.2 വിശുദ്ധ അഗസ്റ്റിൻ

വിശുദ്ധ അഗസ്റ്റിനാണ് വിശുദ്ധ ഗ്രന്ഥ വ്യാഖ്യാനത്തിനുള്ള കൃത്യമായ മാർഗനിർദ്ദേശങ്ങൾ മുന്നോട്ടുവച്ചത്. അദ്ദേഹത്തിന്റെ On Christian Teaching (De doctrina Christiana) വിശുദ്ധഗ്രന്ഥ വ്യാഖ്യാനത്തിനുള്ള നിയമസംഹിതയായി കണക്കാക്കപ്പെടുന്നു. L. Alici യുടെ വാക്കുകൾ ഇവിടെ ശ്രദ്ധേയമാണ്: "ജനങ്ങളെ വിശ്വാസത്തിൽ പരിശീലിപ്പിക്കുക എന്ന അഗസ്റ്റിന്റെ സവിശേഷമായ ഉദ്ദേശ്യം ദോക്ത്രീനാ എന്ന വാക്കിൽത്തന്നെ സമുചിതമായി അടങ്ങിയിരിക്കുന്നുവെന്നത് പ്രത്യേകമായി ശ്രദ്ധിക്കേണ്ടതാണ്. എല്ലാ ക്രിസ്തീയജ്ഞാനവും ശേഖരിക്കേണ്ടത് വിശുദ്ധഗ്രന്ഥം, പാരമ്പര്യം, സഭയുടെ അധികാരം എന്നീ മൂന്ന് ഉറവിടങ്ങളിൽനിന്നു മാത്രമാണ് " (L. Alici, S. Agostino d'Ippona, La doctrina Christiana, 31).



www.malankaralibrary.com

പിന്നീട് Reconsiderations എഴുതുമ്പോൾ വിശുദ്ധ അഗസ്റ്റിൻതന്നെ On Christian Teaching നെ ഇപ്രകാരം വിശേഷിപ്പിക്കുന്നു: "വിശുദ്ധഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്ന വിശ്വാസസത്യങ്ങൾ പഠിക്കുന്നതിനും അവ പഠിപ്പിക്കുന്നതിനുമുള്ള ഒരു വഴികാട്ടിയാണ് ഈ പുസ്തകം". ബൈബിൾ വ്യാഖ്യാതാക്കൾക്കിടയിലും ഡോഗ്മാറ്റിക് ദൈവശാസ്ത്രജ്ഞർക്കിടയിലും നിലനില്ക്കുന്ന അകൽച്ച നിരീക്ഷിച്ചുകൊണ്ട് കാൾ റാണർ ഇപ്രകാരം പ്രതികരിക്കുന്നു: "പ്രസ്തുത അകലം കുറയ്ക്കാൻ വിശ്വാസിസമൂഹത്തെ മുന്നിൽ കണ്ടുകൊണ്ട് സേവനതത്പരതയോടെ വചനവ്യാഖ്യാനവും ഡോഗ്മാറ്റിക് ദൈവശാസ്ത്രദർശനങ്ങളും രൂപപ്പെടുത്തുക" (K. Rahner, "Exegesis and Dogmatic Theology", Theological Investigation V, 67-93). വിശുദ്ധ അഗസ്റ്റിന്റെ On Christian Teaching ഇതിനുള്ള ഏറ്റവും ഉദാത്തമായ ഉദാഹരണമായി നിലകൊള്ളുന്നു. വിശുദ്ധ അഗസ്റ്റിന്റെ വ്യാഖ്യാനശൈലി നിരീക്ഷിച്ചുകൊണ്ട് M. Simonetti എഴുതുന്നു: "വിശുദ്ധ അഗസ്റ്റിന്റെ ദൈവശാസ്ത്രകൃതികളെല്ലാം വിശുദ്ധഗ്രന്ഥവ്യാഖ്യാനത്തിന്റെ ഫലങ്ങളാണ്. അദ്ദേഹത്തിന്റെ വ്യാഖ്യാനരചനകളാകട്ടെ, ആഴമാർന്ന ദൈവശാസ്ത്രതത്ത്വങ്ങളിൽ അധിഷ്ഠിതവുമാണ്" (M. Simonetti, Lettera e/o allegoria, 354). വിശുദ്ധ അഗസ്റ്റിന്റെ ശൈലിയെ സാധൂകരിക്കുന്ന വാക്കുകൾ 'കർത്താവിന്റെ വചന'ത്തിൽ നമുക്കു കാണാം: "ചുരുക്കത്തിൽ, വ്യാഖ്യാനശാസ്ത്രം ദൈവശാസ്ത്രമല്ലാത്തിടത്ത് വിശുദ്ധലിഖിതം ദൈവശാസ്ത്രത്തിന്റെ ആത്മാവായിരിക്കുകയില്ല. മറിച്ചു പറഞ്ഞാൽ, ദൈവശാസ്ത്രം സാരാംശപരമായി സഭയുടെ വിശുദ്ധ ലിഖിതത്തിന്റെ വ്യാഖ്യാനമില്ലാത്തിടത്ത് അത്തരമൊരു ദൈവശാസ്ത്രത്തിന് അടിത്തറയില്ല" (കർത്താവിന്റെ വചനം, 35). ദേയീ വെർബും എന്ന അപ്പസ്തോലിക കോൺസ്റ്റിറ്റ്യൂഷനിൽനിന്നുള്ള ഉദ്ധരണിയും ഇവിടെ ചേർത്തുവായിക്കേണ്ടതാണ്: "ദൈവശാസ്ത്രത്തിന്റെ ആത്മാവായിരിക്കണം വിശുദ്ധ ലിഖിത പഠനം" (കർത്താവിന്റെ വചനം, 31).

വിശുദ്ധ അഗസ്റ്റിനിലേക്കു നമുക്കു തിരിച്ചുവരാം. On Christian Teaching-ൽ അദ്ദേഹം പറഞ്ഞുവയ്ക്കുന്ന വിശുദ്ധഗ്രന്ഥവ്യാഖ്യാനനിയമങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം:

1. വിശുദ്ധഗ്രന്ഥവ്യാഖ്യാനം സ്നേഹത്താൽ പ്രചോദിപ്പിക്കപ്പെടണം. Uti-frui എന്നീ രണ്ടു ലത്തീൻ പദങ്ങളിലൂടെ ആസ്വാദനത്തിന്റെയും ഉപയോഗത്തിന്റെയും വ്യത്യാസം അദ്ദേഹം പറയുന്നു. ത്രിത്വൈക ദൈവവും ദൈവികരഹസ്യങ്ങളും മാത്രമേ ആസ്വദിക്കാവൂ, ബാക്കിയെല്ലാം ദൈവസ്നേഹത്തിലേക്കും മനുഷ്യസ്നേഹത്തിലേക്കും നയിക്കുന്ന ഉപകരണങ്ങൾ ആയിരിക്കണം. പ്രസ്തുത സ്നേഹത്തിന്റെ അഭാവമുള്ള ഒരു വ്യക്തിക്ക് വിശുദ്ധ ഗ്രന്ഥം ശരിയായി മനസ്സിലാക്കാൻ കഴിയില്ല.

2. വിശുദ്ധഗ്രന്ഥം മുഴുവൻ ക്രമമായും യുക്ത്യാനുസൃതമായും വായിക്കണം.

3. മൂലഭാഷകളിൽ അറിവുണ്ടായിരിക്കുകയും വിവർത്തനങ്ങളെ മൂലഭാഷയുമായി താരതമ്യപ്പെടുത്തി വായിക്കയും വേണം.



www.malankaralibrary.com

4. ഗ്രന്ഥകർത്താവ് ഉദ്ദേശിക്കുന്ന അർത്ഥമാണ് പ്രധാന സന്ദേശമായി സ്വീക രിക്കേണ്ടത്.

5. വിശുദ്ധഗ്രന്ഥത്തിലെ സ്പഷ്ടമല്ലാത്ത വാക്യങ്ങളെയും ഇരുളടഞ്ഞ സംഭ വങ്ങളെയും വിശ്വാസസംഹിതയുടെയും വിശുദ്ധ ഗ്രന്ഥത്തിലെ മറ്റു ഭാഗ ങ്ങളുമായുള്ള താരതമ്യത്തിന്റെയും വെളിച്ചത്തിൽ വിവരിക്കണം. എന്തെ ന്നാൽ ദൈവമാണ് വിശുദ്ധഗ്രന്ഥത്തിന്റെയും സഭയുടെ വിശ്വാസ പാരമ്പര്യ ത്തിന്റെയും കർത്താവ്.

6. വിശുദ്ധ ഗ്രന്ഥം മുഴുവനായും വാച്യാർത്ഥം ഉൾക്കൊള്ളുന്നു; പലയിട ങ്ങളിലും ആദ്ധ്യാത്മിക അർത്ഥവും. ഇന്നത്തെ ധാരണയിലുള്ള sensus plenior അഗസ്റ്റിൻ അംഗീകരിച്ചിരുന്നു.

7. സ്വന്തം ജീവിതംകൊണ്ട് വിശുദ്ധഗ്രന്ഥം വ്യാഖ്യാനിക്കാൻ സാധിച്ചാൽ അതാണ് ഉത്തമമായ ബൈബിൾവ്യാഖ്യാനം.

ഭാഷയ്ക്കും വ്യാകരണത്തിനും ചരിത്രപശ്ചാത്തലത്തിനും പ്രാധാന്യം കൊടു ക്കുമ്പോഴും വിശുദ്ധ പൗലോസിന്റെ തിരുവചനം വ്യാഖ്യാനവേളയിൽ മന സ്സിൽ സൂക്ഷിക്കാൻ വിശുദ്ധ അഗസ്റ്റിൻ ശ്രദ്ധിച്ചിരുന്നു: "അക്ഷരം കൊല്ലു ന്നു, എന്നാൽ ആത്മാവ് ജീവിപ്പിക്കുന്നു" (2 കോറി 3:6). ചുരുക്കത്തിൽ, വിശുദ്ധ അഗസ്റ്റിന്റെ വ്യാഖ്യാനശൈലി, ആദ്ധ്യാത്മിക-മാതൃകാ-വാച്യാർത്ഥരീതികളുടെ സമ്മിശ്രണമാണ്. വിശുദ്ധഗ്രന്ഥവ്യാഖ്യാനത്തിൽ അത്യാവശ്യമുണ്ടായിരിക്കേണ്ട അജപാലന സ്വഭാവം വിശുദ്ധ ആഗസ്തീനോ സിന്റെ വിവരണരീതി പ്രദാനം ചെയ്യുന്നു. വിശുദ്ധഗ്രന്ഥവിശകലനത്തിന്റെ താത്ത്വികവും അജപാലനസ്വഭാവം ഉൾക്കൊള്ളുന്നതുമായ വിശുദ്ധ അഗ സ്റ്റിന്റെ അനേക ചിന്തകളിലൊന്ന് പരിശുദ്ധപിതാവ് പ്രസ്തുത അപ്പസ്തോ ലിക ആഹ്വാനത്തിൽ ഉദ്ധരിക്കുന്നുണ്ടല്ലോ: "നിങ്ങൾ വചനത്താൽ സൃഷ്ടി ക്കപ്പെട്ടു. എന്നാൽ, ഇപ്പോൾ നിങ്ങൾ വചനത്താൽ വീണ്ടും സൃഷ്ടിക്കപ്പെ ടണം" (കർത്താവിന്റെ വചനം, 50). വ്യാഖ്യാനവേളയിൽ ക്രിസ്തുവിനെയും വിശ്വാസികൾ സഭയിൽ നിലനില്ക്കുന്നതിന്റെ ആവശ്യകതയെയും അവത രിപ്പിക്കുക ആഗസ്തീനോസിന്റെ നിർബന്ധപൂർവകമായ ആഗ്രഹമായിരു ന്നു. ഇത് എല്ലാ സഭാപിതാക്കന്മാരിലും നിറഞ്ഞുനിന്നിരുന്ന വ്യാഖ്യാനസ വിശേഷതയാണ്. വിശുദ്ധ ലിഖിതങ്ങളുടെ വളച്ചൊടിച്ചതും സ്വാർത്ഥതാ ത്പര്യങ്ങൾക്കു ചേർന്നരീതിയിലുള്ളതുമായ ദുരുപയോഗം ഇല്ലാതാക്കി സഭ യുടെ വിശ്വാസമനുസരിച്ചും അവളുടെ സജീവ പാരമ്പര്യമനുസരിച്ചും വിശുദ്ധഗ്രന്ഥം അറിയാൻ വിശ്വാസികളെ സഹായിക്കാൻ വിശുദ്ധ ആഗ സ്തിനോസിന്റെ രീതി ഇന്നത്തെ അജപാലകരെ സഹായിക്കും. കർത്താ വിന്റെ വചനത്തിൽ പരിശുദ്ധ പിതാവ് ഈ ആവശ്യം അടിവരയിട്ട് ഉദ്ബോ ധിപ്പിക്കുന്നുണ്ട് (കർത്താവിന്റെ വചനം, 37).



www.malankaralibrary.com

**5. മഹാനായ വിശുദ്ധ ഗ്രിഗറി**

വിശുദ്ധ അഗസ്റ്റിനുശേഷം വിശുദ്ധഗ്രന്ഥവ്യാഖ്യാനത്തിന്റെ ചരിത്രം പഠിച്ചാൽ കാതലായ വളർച്ച കാണാൻ നമുക്കു കഴിയില്ല. ബാർബേറിയൻ അധിനിവേശത്തെത്തുടർന്ന് ഈ മേഖലയിൽ വല്ലാത്ത തളർച്ച അനുഭവപ്പെട്ടു. ആറാം നൂറ്റാണ്ടിന്റെ അവസാനം മഹാനായ വിശുദ്ധ ഗ്രിഗറി, വിശുദ്ധ അഗസ്റ്റിന്റെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് വിശുദ്ധഗ്രന്ഥവ്യാഖ്യാനത്തിന് പുത്തൻ ഉണർവു നല്കി. അദ്ദേഹത്തിന്റെ പ്രാർത്ഥനാപൂർവകമായ വ്യാഖ്യാനരീതി 'കർത്താവിന്റെ വചനം' എടുത്തുപറയുന്നുണ്ട്. "അവിടന്നുതന്നെ വിശുദ്ധഗ്രന്ഥങ്ങളിലെ വാക്കുകൾ സൃഷ്ടിച്ചു. അവിടന്നുതന്നെ അവയുടെ അർത്ഥം വെളിപ്പെടുത്തി."

എങ്ങനെ ഒരു പരിപൂർണ ക്രിസ്ത്യാനിയാകാം എന്നതായിരുന്നു വിശുദ്ധ ഗ്രിഗറിയുടെ വ്യാഖ്യാനങ്ങളുടെ കേന്ദ്രാശയം. Epistula Omnipotentis Dei ad creaturam suam എന്നത് വിശുദ്ധഗ്രന്ഥത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പ്രധാന ചിന്തകളിൽ ഒന്നായിരുന്നു. Regula Pastoralis ലൂടെ വിശുദ്ധഗ്രന്ഥപഠനവും വ്യാഖ്യാനവും പകരംവയ്ക്കാൻ പറ്റാത്ത പൗരോഹിത്യ ഉത്തരവാദിത്വമായി അദ്ദേഹം പ്രഖ്യാപിക്കുന്നു. വിശുദ്ധഗ്രന്ഥം വിശുദ്ധഗ്രന്ഥംകൊണ്ടുതന്നെ വ്യാഖ്യാനിക്കുക (Interpret the Bible with the Bible) അദ്ദേഹത്തിന്റെ വ്യാഖ്യാനശൈലിയുടെ പ്രത്യേകതയാണ്. വാച്യാർത്ഥവും ആദ്ധ്യാത്മിക അർത്ഥവും ഒന്നുചേരുമ്പോഴേ വിശുദ്ധഗ്രന്ഥവചനങ്ങളുടെ സന്ദേശം പൂർണമാകൂ. വിശുദ്ധ ഗ്രിഗറിയുടെ ഈ ആശയം നിരീക്ഷിച്ചുകൊണ്ട് Kessler എഴുതുന്നു: "വിശുദ്ധ ഗ്രിഗറിയുടെ ദർശനമനുസരിച്ച് വിശുദ്ധഗ്രന്ഥവ്യാഖ്യാനവേളയിൽ വിശുദ്ധഗ്രന്ഥഭാഗത്തിന്റെ പ്രാഥമിക അർത്ഥവും ആന്തരിക അർത്ഥവും തമ്മിൽ സമതുലിതാവസ്ഥ സൃഷ്ടിക്കുകയാണ് ബൈബിൾവ്യാഖ്യാതാവിന്റെ പ്രധാന ദൗത്യം" (S.C. Kessler, Gregory the Great, 1350).

**6. കപ്പദോച്ചിയായിലെ പിതാക്കന്മാർ**

കപ്പദോച്ചിയായിൽ വിശുദ്ധഗ്രന്ഥപഠനവും വ്യാഖ്യാനവും എങ്ങനെയായിരുന്നുവെന്ന് അന്വേഷിക്കുന്നതും ഉചിതമായിരിക്കും. വിശുദ്ധരായ ബേസിൽ, നസിയാൻസൂസിലെ ഗ്രിഗറി, നീസായിലെ ഗ്രിഗറി എന്നിവരാണ് കപ്പദോച്ചിയായിലെ പ്രധാന വിശുദ്ധഗ്രന്ഥവ്യാഖ്യാതാക്കൾ. വിശുദ്ധ അത്തനേഷ്യസിന്റെയും ഒരിജന്റെയും വ്യക്തമായ സ്വാധീനം ഈ മൂന്ന് സഭാപിതാക്കന്മാരിലും പ്രകടമായി തെളിയുന്നുണ്ട്. അത്തനേഷ്യസിന്റെ incarnational hermaneutics-ഉം, ഒരിജന്റെ വിവിധ അർത്ഥതലങ്ങളും ഇവരുടെ വ്യാഖ്യാനരീതിയുടെ അടിസ്ഥാനങ്ങളാണ്. അതിനാൽ, ഇവരുടെ വ്യാഖ്യാനത്തെ actualizing exegesis എന്നു വിളിക്കാം. നസിയാൻസൂസിലെ ഗ്രിഗറി എഴുതുന്നു: "വേദപുസ്തകം അസംഗതമായ ഒരു ഗ്രന്ഥമല്ല. വൈരുദ്ധ്യമില്ലായ്മയെയും പ്രകൃത്യാ ഉള്ള സാക്ഷ്യത്തെയും അത് എതിർക്കുന്നില്ല. ശബ്ദകോശപര



www.malankaralibrary.com

മായ സ്വീകൃതതത്ത്വം അതുൾക്കൊള്ളുന്നു. അതിന്റെ വ്യത്യസ്തമായ അർത്ഥതലങ്ങൾ ഉചിതമായി വ്യത്യസ്തതയോടുകൂടെത്തന്നെ വിവരിക്കേണ്ടതാണ്" (Orationes, 30). വിശുദ്ധഗ്രന്ഥത്തിന്റെ ദൈവനിവേശിതസ്വഭാവം കണക്കിലെടുത്ത് നീസായിലെ ഗ്രിഗറി എല്ലാ ഭക്താഭ്യാസങ്ങളുടെയും ധാർമ്മിക സിദ്ധാന്തങ്ങളുടെയും അടിസ്ഥാനമായും സത്യത്തിന്റെ മാനദണ്ഡമായും വിശുദ്ധഗ്രന്ഥത്തെ വ്യാഖ്യാനിക്കുന്നു. യുക്തിപൂർവകമായ വാദന്യായങ്ങൾ വിശുദ്ധഗ്രന്ഥത്തിലെ വ്യക്തതയില്ലായ്മയെ വിവരിക്കാൻ സഹായിക്കും എന്ന് അദ്ദേഹം വാദിച്ചു. വിശുദ്ധ ഗ്രന്ഥം വളരെ സ്പഷ്ടമായി സംസാരിക്കുന്നു. എന്നാൽ, ചിലയിടങ്ങളിൽ ദൃഷ്ടാന്തവും ഉപയോഗിക്കുന്നു. സ്പഷ്ടമായ വിവരണങ്ങൾ ദൈവത്തിന്റെ മഹത്ത്വം വിവരിക്കുമ്പോൾ, ദൃഷ്ടാന്തങ്ങൾ ദൈവത്തിന്റെ ഉപരിമഹത്ത്വം വർണിക്കുന്നു. ഗ്രിഗറിയുടെ ആദ്ധ്യാത്മിക വ്യാഖ്യാനത്തിന്റെ ലക്ഷ്യവും ദൈവത്തിന്റെ ഉപരിമഹത്ത്വം തന്നെയാണ്. അലക്സാണ്ഡ്രിയായിലെ ഒരിജന്റെ സ്വാധീനം നീസായിലെ ഗ്രിഗറിയിൽ പ്രകടമാകുമ്പോഴും, ബേസിലാകട്ടെ പഴിയനിയമം പൂർണമായും ക്രിസ്തുശാസ്ത്രവീക്ഷണത്തോടെ വായിക്കുന്നതിൽ വിമുഖത കാണിച്ചു എന്നുവേണം മനസ്സിലാക്കാൻ.

**ഉപസംഹാരം**

സഭാപിതാക്കന്മാരുടെ വ്യാഖ്യാനരീതിയുടെ മഹത്ത്വം ഉൾക്കൊള്ളുന്നത് വ്യാഖ്യാനപ്രവൃത്തിയെ ഒന്നാം തലത്തിൽ മാത്രം ഒതുക്കി നിറുത്തിയില്ല എന്നതിലാണ്. വ്യാഖ്യാനപ്രവൃത്തി ആഗോളസഭയോടുള്ള ഉത്തരവാദിത്വമായും പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയായും അവർ വിശ്വസിച്ചു. പരിശുദ്ധ പിതാവ് എഴുതുന്നു: "വിശുദ്ധലിഖിതങ്ങളോടുള്ള യഥാർത്ഥ മതാത്മകസമീപനവും അതുപോലെ, പരിശുദ്ധാത്മാവിന്റെ മാർഗനിർദ്ദേശത്തിൻകീഴിൽ ചരിത്രത്തിലൂടെ സഞ്ചരിക്കുന്ന സഭയുടെ അനുഭവവുമായുള്ള സംസർഗമെന്ന മാനദണ്ഡത്തോട് സ്ഥിരം ചേർന്നുനിന്നുകൊണ്ടുള്ള വ്യാഖ്യാനങ്ങൾ ആധുനിക വ്യാഖ്യാതാക്കളെ പഠിപ്പിക്കാൻ അവരുടെ മാതൃകയ്ക്കു കഴിയും" (കർത്താവിന്റെ വചനം, 37).

അജപാലന ദർശനങ്ങളും ദൈവശാസ്ത്രദർശനങ്ങളുമുള്ള വിശുദ്ധ ഗ്രന്ഥവ്യാഖ്യാതാക്കളാകാൻ ഈ അപ്പസ്തോലികലേഖനം സഭാപിതാക്കന്മാരുടെ വിശുദ്ധഗ്രന്ഥ വ്യാഖ്യാനരീതികളെയും ദൈവശാസ്ത്ര ദർശനങ്ങളെയും അധിഷ്ഠിതമാക്കി വായനക്കാരെ ക്ഷണിക്കുന്നു.



www.malankaralibrary.com



# കൗൺസിലനന്തര പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷൻ രേഖകൾ

റവ. ഡോ. ജോസഫ് തൊണ്ടിപ്പറമ്പിൽ

## ആമുഖം

1902-ൽ ലെയോ XIII-ാമൻ മാർപാപ്പ രൂപം കൊടുത്തതാണ് പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷൻ. ബൈബിൾ സംബന്ധമായ പഠനങ്ങൾ പ്രോത്സാഹിപ്പിക്കുകയും സഭയുടെ പ്രബോധനസമിതിക്ക് (Magisterium) ഫലപ്രദമായ നിർദേശങ്ങൾ നല്കുകയുമാണ് കമ്മീഷന്റെ ലക്ഷ്യം. പത്തൊമ്പതാം നൂറ്റാണ്ടിന്റെ പകുതിയോടെ ബൈബിൾപഠനങ്ങളുടെ മുഖ്യരീതിയായി സ്വാധീനം ലഭിച്ച ചരിത്രാത്മകനിരൂപണരീതി (Historic critical method) ഉയർത്തിയ വെല്ലുവിളികൾ നേരിടുകയും കത്തോലിക്കാവിശ്വാസികൾക്കും പണ്ഡിതന്മാർക്കും ആവശ്യകമായ മാർഗനിർദേശങ്ങൾ നല്കുകയും ചെയ്യുക എന്നതായിരുന്നു കമ്മീഷന്റെ പ്രഥമമായ ദൗത്യം. കഴിഞ്ഞ ഒരു നൂറ്റാണ്ടിലെ ചരിത്രത്തിൽ ഈ കമ്മീഷൻ ബൈബിൾ പഠനസംബന്ധമായ കാര്യങ്ങളിൽ ക്രിയാത്മകമായ സംഭാവന നല്കിയിട്ടുണ്ട്. വിശ്വാസസംഘത്തിന്റെ (Congregation for Doctrine of Faith) മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ഈ കമ്മീഷന്റെ പ്രസിഡണ്ട് പ്രസ്തുത സംഘത്തിന്റെ പ്രീഫെക്ട് തന്നെയാണ്. പൊന്തിഫിക്കൽ തിയളോജിക്കൽ കമ്മീഷനും വിശ്വാസതിരുസംഘത്തിന്റെ മേൽനോട്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഇപ്പോഴത്തെ പരിശുദ്ധ പിതാവ് ബെനഡിക്ട് പതിനാറാമൻ ഈ രണ്ടു കമ്മീഷനുകളുടെയും പ്രസിഡണ്ടായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ബൈബിളിനെ സംബന്ധിച്ചുള്ള കത്തോലിക്കാസഭയുടെ ആധികാരികമായ പ്രബോധനങ്ങളാണ് 'ദേയീ വെർബു'മിൽ ഉള്ളത്. ബൈബിൾ വ്യാഖ്യാനത്തിന്റെ ശരിയായ രീതി ഈ രേഖയുടെ പ്രധാന വിഷയമാണ്. ആധുനികവും ശാസ്ത്രീയവുമായ രീതികൾ ഉപയോഗിച്ച് ബൈബിൾ പഠിക്കുന്നതിന്റെ ആവശ്യകത ഇവിടെ ചൂണ്ടിക്കാണിച്ചിരിക്കുന്നു. ബൈബിളിന് സഭാതലത്തിലുള്ള പ്രാധാന്യം ഇവിടെ എടുത്തുപറഞ്ഞിരിക്കുന്നു. ബൈബിളിന് സഭാജീവിതത്തിലുള്ള സ്ഥാനം സ്ഥാപിക്കുകവഴി അല്മായരുൾപ്പെടെയുള്ള സഭാംഗങ്ങളുടെ ജീവിതനവീകരണത്തിന് പ്രധാനപ്പെട്ട പ്രേരകശക്തിയായി ഈ രേഖ ഇന്നും അതിന്റെ സാംഗത്യം നിലനിറുത്തുന്നുണ്ട്. വൈദികരും അല്മായരും ബൈബിൾ പഠനരംഗത്തെ ഗവേഷണഫലങ്ങൾ ഉൾക്കൊള്ളുകയും തങ്ങളുടെ അറിവ് ആധുനീകരി



www.malankaralibrary.com

ക്കുകയും ചെയ്യണമെന്ന് കൗൺസിൽ ആവശ്യപ്പെടുന്നുണ്ട്. ഈയടുത്ത കാലത്ത് ബൈബിൾ സംബന്ധമായി സഭയിൽ സംജാതമായിട്ടുള്ള താല്പര്യവും തീക്ഷ്ണതയും 'ദേയീ വെർബു'മിൽനിന്ന് സ്വീകരിച്ച പ്രചോദനം കൊണ്ടാണ് എന്ന് നിസ്സംശയം പറയാം.

'ദേയീ വെർബും' പ്രസിദ്ധീകരിക്കപ്പെട്ടതിനുശേഷം (1964) പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷൻ നല്കിയിട്ടുള്ള രേഖകളുടെ ഹ്രസ്വമായ അവലോകനമാണ് ഈ ലേഖനത്തിലുള്ളത്. ഇവയ്ക്കുപുറമേ മാർപാപ്പമാരും റോമൻ കോൺഗ്രിഗേഷനുകളും ഈ വിഷയത്തിൽ പ്രസക്തമായ കാഴ്ചപ്പാടുകൾ നല്കിയിട്ടുണ്ട്. എന്നാൽ ഇതിനെല്ലാം അടിസ്ഥാനമായി നിലകൊള്ളുന്നത് 'ദേയീ വെർബും' തന്നെയാണ്.

### 1. Examinations for degrees in Scripture - ഡിസംബർ 7, 1974.

ബൈബിൾ സംബന്ധമായ വിഷയങ്ങളിൽ ഉപരിപഠനം നടത്തി ഡിഗ്രി നേടുന്നതിനുള്ള വ്യവസ്ഥകൾ, അതിന്റെ പാഠ്യപദ്ധതി എന്നീക്കാര്യങ്ങളാണ് ഈ രേഖയിൽ വിശദമായി പ്രതിപാദിച്ചിട്ടുള്ളത്.

ബൈബിൾ പഠനങ്ങളിലെ ഡിഗ്രികൾ Baccalaureate, Licentiate, Doctorate എന്നിങ്ങനെ മൂന്നായി തിരിച്ചിരിക്കുന്നു. ദൈവശാസ്ത്രവിഷയത്തിൽ ചുരുങ്ങിയത് ഒരു ബാച്ച്ലർ ഡിഗ്രിയോ തത്തുല്യമായ പഠനമോ (5 വർഷത്തെ പഠനം. അതിൽ 3 വർഷം ദൈവശാസ്ത്രവിഷയങ്ങളായിരിക്കണം) ഉള്ള ഏതൊരാൾക്കും ബൈബിളിൽ ഉപരിപഠനം നടത്താവുന്നതാണ്. ഹീബ്രു, അറമായിക്, ഗ്രീക്ക് എന്നീ ബിബ്ലിക്കൽ ഭാഷകളുടെ പരിജ്ഞാനം ബാച്ച്ലർ ഡിഗ്രിക്ക് ആവശ്യമാണ്. അതിനുപുറമേ ലാറ്റിൻ, ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമ്മൻ ഈ ഭാഷകളും അറിഞ്ഞിരിക്കണം. ബൈബിളിന്റെ ചരിത്രം, പൊതുവായ ആമുഖം, അനുബന്ധ ടെക്സ്റ്റുകൾ ഇവ അടങ്ങുന്നതാണ് പാഠ്യപദ്ധതി. പരീക്ഷയാകട്ടെ, എഴുത്തുപരീക്ഷയായും വാചികപരീക്ഷയായും നടത്തപ്പെടുന്നു.

#### ലൈസൻഷ്യേറ്റ് ഡിഗ്രി

ലൈസൻഷ്യേറ്റ് ഡിഗ്രിക്കുള്ള പാഠ്യഭാഗം വിശദമായി പ്രതിപാദിക്കുമ്പോൾ ബിബ്ലിക്കൽ ഭാഷകളിലെ പ്രാവീണ്യത്തിനു പുറമേ പഴയനിയമപുസ്തകങ്ങളെയും പുതിയനിയമപുസ്തകങ്ങളെയും കുറിച്ചുള്ള പൊതുവായ പഠനം, ബൈബിളിന്റെ സാംസ്കാരികവും ചരിത്രപരവുമായ പശ്ചാത്തലം, ആധുനിക ബൈബിൾ പഠനരീതികളും വിശകലനങ്ങളും, ബിബ്ലിക്കൽ തിയോളജിയും ആൻഡ്റപോളജിയും (Biblical Theology and Anthropology) ആയി ബന്ധപ്പെട്ട ഏതാനും വിഷയങ്ങൾ, ആറുമണിക്കൂർ ദൈർഘ്യമുള്ള ഒരു എഴുത്തുപരീക്ഷ, 50 പേജിൽ കുറയാത്ത ഒരു ഉപന്യാസം (Dissertation) - ഇത്രയും കാര്യങ്ങളാണ് നിർദേശിച്ചിട്ടുള്ളത്.



www.malankaralibrary.com

### ഡോക്ടറേറ്റ് ഡിഗ്രി

ബിബ്ലിക്കൽ ഭാഷകളിലെ പ്രാവീണ്യത്തിനു പുറമേ താഴെപ്പറയുന്ന ഏതെങ്കിലും ഒരു പൗരസ്ത്യഭാഷ കൂടി അറിഞ്ഞിരിക്കണം - അക്കേഡിയൻ, ഈജിപ്ഷ്യൻ, എത്യോപൻ, അറബിക്, നോൺ-ബിബ്ലിക്കൽ അറമായിക്, അർമീനിയൻ, കോപ്റ്റിക്, ജോർജിയൻ, സുമേറിയൻ, സിറിയക്, ഉഗാറിറ്റിക്. ബിബ്ലിക്കൽ ഭാഷകളുമായി ഈ ഭാഷകൾക്ക് അടുപ്പമുള്ളതുകൊണ്ടും അതിപുരാതനങ്ങളായ പല ബൈബിൾ വിവർത്തനങ്ങളും മേല്പറഞ്ഞ ഭാഷകളിൽ ആയതുകൊണ്ടുമാണ് ഈ പൗരസ്ത്യഭാഷകൾക്ക് ബൈബിൾ പഠനത്തിൽ സ്ഥാനം നല്കിയിരിക്കുന്നത്. പഴയതും പുതിയതുമായ ഉടമ്പടികളിലെ ഗ്രന്ഥങ്ങൾ എല്ലാം തന്നെ exegetical പഠനത്തിന് വിധേയമാക്കണം. കമ്മീഷന്റെ അനുവാദത്തോടുകൂടി ഈ പുസ്തകങ്ങളിൽ ഏതെങ്കിലും ഒന്നു തിരഞ്ഞെടുത്ത് മൂലഭാഷയിലെ ടെക്സ്റ്റ് തന്നെ അപഗ്രഥനം ചെയ്യണം.

ബൈബിളിന്റെ അതിപുരാതനമായ കൈയ്യെഴുത്തുപ്രതികളെക്കുറിച്ചുള്ള പഠനം, കാനന്റെ രൂപീകരണം, സപ്തതിയുടെയും ലത്തീൻ വുൾഗാത്തായുടെയും പ്രാധാന്യം എന്നിവയ്ക്കു പുറമേ ഒരു മണിക്കൂർ മുമ്പു മാത്രം നല്കി വരുന്ന ഒരു വിഷയത്തെക്കുറിച്ചുള്ള ഒരു ക്ലാസ്സ്, കമ്മീഷന്റെ അംഗീകാരത്തിനുശേഷം തിരഞ്ഞെടുത്ത ഒരു ബിബ്ലിക്കൽ വിഷയത്തെ അധികരിച്ച് തയ്യാറാക്കിയ തീസിസ്, കമ്മീഷൻ നിയോഗിക്കുന്ന ഒരു ബോർഡിന്റെ മുമ്പിൽ സമർത്ഥനം, അംഗീകരിക്കപ്പെട്ട തീസിസിന്റെ പ്രസിദ്ധീകരണം എന്നിവയിലൂടെയാണ് ബൈബിൾ വിഷയത്തിൽ ഡോക്ടറേറ്റ് നേടുന്നത്.

പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷൻ മുമ്പാകെ പരീക്ഷ നടത്തി ബൈബിൾ വിഷയങ്ങളിൽ ഉന്നത ബിരുദം നേടുന്നതിനുള്ള നടപടികളാണിവ. എന്നാൽ റോമിലെ പൊന്തിഫിക്കൽ അക്കാദമിയായ ബിബ്ലിക്കുമിൽനിന്ന് ഇതിനു തുല്യമായ പാഠ്യഭാഗം പഠിച്ച് ഡിഗ്രി നേടാനുള്ള സൗകര്യവുമുണ്ട്. ഇതിനുപുറമേ ജറുസലേത്തുള്ള എക്കോൾ ബിബ്ലിക് എന്ന അക്കാദമിയിൽനിന്ന് ബൈബിളിൽ ഡോക്ടറേറ്റ് നേടാൻ കഴിയും. എന്നാൽ ലൈസൻഷ്യേറ്റ് നേടാൻ കഴിയുന്നത് ബിബ്ലിക്കുമിൽനിന്നു മാത്രമേയുള്ളൂ.

പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷന്റെ ഈ രേഖ സൂചിപ്പിക്കുന്ന ഒരു വലിയ കാര്യമുണ്ട്. ബൈബിളിന്റെ പഠനകാര്യങ്ങളിൽ അതീവശ്രദ്ധയും വിഷയം അർഹിക്കുന്ന പ്രാധാന്യവുമാണ് സഭ നല്കുന്നത്. അതുകൊണ്ടു തന്നെയാണ് സഭാസംബന്ധമായ പഠനങ്ങളിൽ ഒരുപക്ഷേ ഏറ്റം ശ്രമകരവും സമയമെടുക്കുന്നതുമായി ബൈബിൾ പഠനം മാറിയിരിക്കുന്നത്.

### 2. The Bible and Christology, 1984

പോൾ VI-ാമൻ മാർപാപ്പായുടെ കാലത്ത് പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷന്റെ പ്രവർത്തനത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ വരുത്തുകയും വിശ്വാ



www.malankaralibrary.com

സസംഘത്തിന്റെ ഉപദേശകകമ്മീഷൻ എന്ന പദവി ഇതിനു കൈവരികയും ചെയ്തു. അതിനുശേഷം കമ്മീഷൻ പ്രസിദ്ധീകരിച്ച ആദ്യത്തെ രേഖയാണിത്.

ഈ രേഖയ്ക്ക് 5 അധ്യായങ്ങളാണുള്ളത്. രണ്ടു ഭാഗങ്ങളായിട്ടാണ് ഇതിനെ തിരിച്ചിരിക്കുന്നത്. ക്രിസ്തുവിജ്ഞാനീയത്തിൽ ഇന്ന് ഉപയോഗിച്ചുവരുന്ന രീതിശാസ്ത്രങ്ങളെക്കുറിച്ചുള്ള (methodologies) പഠനമാണ് ആദ്യഭാഗത്തുള്ളത്. ആദിമസഭ മുതൽ ഇന്നുവരെ വിവിധ തലങ്ങളിലും പശ്ചാത്തലങ്ങളിലുമായി യേശുക്രിസ്തുവെന്ന വ്യക്തിയെ മനസ്സിലാക്കാൻ നടത്തിയിട്ടുള്ള വ്യത്യസ്തങ്ങളായ സമീപനരീതികളാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്. സഭാപിതാക്കന്മാരുടെ കാലത്തെ ക്രിസ്തുവിജ്ഞാനീയം മുതൽ ആധുനികകാലത്തെ ചരിത്രാത്മകനിരൂപണ രീതിയിൽ ഉരുത്തിരിഞ്ഞുവന്നിട്ടുള്ള ക്രിസ്തുവിജ്ഞാനീയം വരെ ഇവിടെ പഠനവിധേയമാക്കിയിരിക്കുകയാണ്. പ്രത്യേകിച്ച്, ലോകമതങ്ങളുടെയും മതപ്രതിഭാസങ്ങളുടെയും പശ്ചാത്തലത്തിൽ ഉരുത്തിരിഞ്ഞുവന്നിട്ടുള്ള ക്രിസ്തുവെന്ന രഹസ്യത്തെക്കുറിച്ചുള്ള ചിന്താഗതികളും ഇവിടെ പ്രതിപാദിച്ചിരിക്കുന്നു.

ഒന്നാം ഭാഗത്ത് രണ്ടാമത്തെ അധ്യായത്തിൽ ഈ സമീപനങ്ങളെയെല്ലാം വിമർശനാത്മകമായി വിലയിരുത്തിയിരിക്കുന്നു. മേൽപറഞ്ഞ സമീപനരീതികൾക്കെല്ലാം അതിന്റെ ഭാവാത്മകവശവും നിഷേധാത്മകവശവുമുണ്ട്. തന്മൂലം ഏതെങ്കിലും ഒരു സമീപനം മാത്രം സ്വീകരിക്കുന്നതു വഴിയായി ക്രിസ്തുരഹസ്യത്തെ മനസ്സിലാക്കാൻ കഴിയുകയില്ല.

രണ്ടാം ഭാഗത്താണ് യേശുക്രിസ്തുവിനെക്കുറിച്ചുള്ള വിശുദ്ധഗ്രന്ഥസാക്ഷ്യങ്ങൾ പഠനവിഷയമാക്കിയിട്ടുള്ളത്. പഴയനിയമത്തിലെ മെസയാനികസൂചനകളെ പുതിയനിയമത്തിലെ സാക്ഷ്യത്തിന്റെ വെളിച്ചത്തിൽ ഇവിടെ വിശദീകരിച്ചിരിക്കുന്നു. ദൈവത്തിന്റെ വാഗ്ദാനങ്ങൾ എല്ലാം യേശുക്രിസ്തുവിൽ പൂർത്തീകരിക്കപ്പെട്ടതായി വിവരിച്ചിരിക്കുകയാണ് ഈ ഭാഗത്തുള്ള രണ്ടാമത്തെ അധ്യായത്തിൽ. ലോകചരിത്രത്തിന്റെയും സർവസൃഷ്ടികളുടെയും ലക്ഷ്യമായിത്തന്നെ ക്രിസ്തുവിനെ അവതരിപ്പിച്ചുകൊണ്ടാണ് ഈ രേഖ അവസാനിക്കുന്നത്.

യേശുക്രിസ്തുവിന്റെ വ്യക്തിത്വത്തെയും പ്രവർത്തനങ്ങളെയും പലപ്പോഴും ഏതെങ്കിലും ഒരു പ്രത്യേക കാഴ്ചപ്പാടിൽകൂടി മാത്രം സമീപിച്ച് ക്രിസ്തുവിജ്ഞാനീയത്തെ ചുരുക്കിക്കളയുന്ന ഒരു പ്രവണത ഇന്നു ദൃശ്യമാണ്. പരമ്പരാഗതമായി യേശുവിനെക്കുറിച്ച് സഭ വിശ്വസിച്ചുപോരുന്ന കാര്യങ്ങൾ (അവിടത്തെ ദൈവത്വം, വ്യക്തിത്വം, സ്വഭാവം, പിതാവും പരിശുദ്ധാത്മാവുമായുള്ള ബന്ധം, അനന്യത) അപ്രധാനങ്ങളും ചിലപ്പോൾ അസംബന്ധങ്ങൾ തന്നെയുമാണെന്ന കാഴ്ചപ്പാട് വച്ചുപുലർത്തുകയും കേവലം അസ്തിത്വാത്മകമായി മാത്രം ചരിത്രത്തിലും സംസ്കാരത്തിലും അവിടത്തെ കാണുകയും മാറിക്കൊണ്ടിരിക്കുന്ന മതങ്ങളുടെ പശ്ചാത്തലത്തിൽ ഒരു ഗുരുവെന്നോ വിപ്ലവകാരിയെന്നോ മനുഷ്യസ്നേഹിയെന്നോ മാത്രം അവിടത്തെ വ്യക്തിത്വത്തെ മന



www.malankaralibrary.com

സ്സിലാക്കുകയും ചെയ്യുന്ന പശ്ചാത്തലത്തിലാണ് പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷൻ ഈ ഔദ്യോഗികരേഖ പ്രസിദ്ധപ്പെടുത്തിയത്.

യേശുക്രിസ്തു ഒരു മഹാരഹസ്യമായി എന്നും നിലകൊള്ളും. ദൈവം തന്നെയായ അവിടത്തെ വിവരിക്കാനും വിശേഷിപ്പിക്കാനും നടത്തുന്ന ശ്രമങ്ങളെല്ലാം അപൂർണങ്ങളാണ്. അവിടത്തെക്കുറിച്ച് നാലു സാക്ഷ്യങ്ങൾ (സുവിശേഷങ്ങൾ) ഉണ്ടെന്നുള്ളതുതന്നെ ഇതിനു തെളിവാണ്.

## 3. Unity and Diversity in the Church, 1988

അധികമൊന്നും ചർച്ച ചെയ്യപ്പെടാത്തതാണ് ഈ രേഖ. സഭകളുടെ കൂട്ടായ്മയാണ് സാർവത്രികസഭയെന്നത് രണ്ടാം വത്തിക്കാൻ കൗൺസിൽ ഊന്നൽ കൊടുത്ത് പഠിപ്പിക്കുന്ന ഒരു കാര്യമാണ്. പ്രാദേശികസഭകൾ, വ്യക്തിഗതസഭകൾ തുടങ്ങിയ പദപ്രയോഗങ്ങളുടെ പുറകിൽ വേദപുസ്തകാധിഷ്ഠിതമായ ന്യായീകരണങ്ങളുണ്ട്. പരമ്പരാഗതമായി മനസ്സിലാക്കിയിരുന്നത്, പിരമിഡാകൃതിയിലുള്ള (മാർപാപ്പായിൽ തുടങ്ങി ഏറ്റം താഴെയുള്ള ക്രിസ്തീയവിശ്വാസിവരെയുള്ള ഒരു മാതൃക) ഒരു സംവിധാനമാണ് സഭയെന്നാണ്. കൗൺസിലിനുശേഷമുള്ള പുതിയ ഉൾക്കാഴ്ചകൾ സഭാവിജ്ഞാനീയത്തിൽ പുതിയ ചിന്താധാരകൾക്ക് വഴിതെളിച്ചു. സാർവത്രികസഭയെന്ന ആശയത്തിനു മങ്ങൽ ഏല്ക്കുന്നു എന്ന പ്രതീതി ചിലയിടങ്ങളിലെങ്കിലും സംജാതമായി. ഇങ്ങനെയുള്ള ഒരു സാഹചര്യത്തിലാണ് മേൽപറഞ്ഞ രേഖ പുറത്തുവന്നത്.

രണ്ടു ചോദ്യങ്ങൾക്കുള്ള ഉത്തരം നല്കാനാണ് ഈ രേഖ പരിശ്രമിക്കുന്നത്. ഒന്നാമതായി, പ്രാദേശികസഭകളുടെ പ്രത്യേകതകളും സിദ്ധികളും പ്രധാനപ്പെട്ടതായിക്കാണുമ്പോൾ സഭകൾ തമ്മിൽ ഉണ്ടായിരിക്കേണ്ട ഐക്യത്തിന്റെയും കൂട്ടായ്മയുടെയും വശം ശിഥിലമായിപ്പോകാതെ ഈ പ്രത്യേകതകൾ സാർവത്രികസഭയുടെ സമ്പന്നതയായി എങ്ങനെ മനസ്സിലാക്കാം? രണ്ടാമതായി, സഭകൾക്കിടയിൽ ഐക്യം ഉണ്ടാക്കാനുള്ള പരിശ്രമങ്ങളിൽ വ്യക്തിസഭകളുടെ ഊർജ്ജസ്വലതയും അനന്യതയും നഷ്ടപ്പെട്ടുപോകാതിരിക്കാൻ എന്തു ചെയ്യണം? എക്യുമെനിക്കൽ ചർച്ചകളിലും പ്രാധാന്യമർഹിക്കുന്നതാണ് ഈ ചോദ്യങ്ങൾ. പ്രാദേശികക്രൈസ്തവസമൂഹങ്ങളും ദൈവജനത്തിന്റെ സാർവത്രികകൂട്ടായ്മയും തമ്മിലുള്ള ബന്ധത്തെ വിശുദ്ധഗ്രന്ഥത്തിന്റെ പശ്ചാത്തലത്തിൽ പഠിക്കുന്ന ഈ രേഖയ്ക്ക് രണ്ടു ഭാഗങ്ങളുണ്ട്:

ആദ്യമേതന്നെ കാലാനുക്രമത്തിൽ (chronologically) ഈ ബന്ധത്തെ അപഗ്രഥിച്ചിരിക്കുകയാണ്. വൈവിധ്യവും ഐക്യവും എന്ന ആശയം പഴയനിയമത്തിൽ കാണുന്നത് പൂർവപിതാക്കന്മാരുടെ കാലം മുതലുള്ള സംഗതിയാണ്. പൂർവപിതാക്കന്മാരും ഉടമ്പടിയും രാജാക്കന്മാരും പ്രവാചകന്മാരും പൗരോഹിത്യവും ഇതിന് പ്രേരകമായി നിന്ന ഘടകങ്ങളാണ്. തുടർന്നുള്ള ഭാഗങ്ങളിൽ ഏകത്വവും നാനാത്വവും വിശുദ്ധ പൗലോസിന്റെ ലിഖിത



www.malankaralibrary.com

ങ്ങളിലും സമവീക്ഷണ സുവിശേഷങ്ങളിലും നടപടിപ്പുസ്തകത്തിലും ഹെബ്രായലേഖനത്തിലും ഇതര പുതിയനിയമലേഖനങ്ങളിലും യോഹന്നാന്റെ രചനകളിലും എങ്ങനെയാണ് വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത് എന്ന കാര്യം പഠനവിഷയമാക്കിയിരിക്കയാണ്. ഇതിന്റെയെല്ലാം നിഗമനം വ്യക്തമാണ്. വൈവിധ്യങ്ങൾ ഒരിക്കലും അകല്ച്ചയ്ക്കും വിട്ടുപോകലിനും ഐകരൂപ്യത്തിനും (uniformity) കാരണമാകാനുള്ളതല്ല. നാനാത്വത്തിലെ ഏകത്വം എന്നാണതിനെ വിശേഷിപ്പിക്കേണ്ടത്.

രേഖയുടെ രണ്ടാം ഭാഗം കൈകാര്യം ചെയ്യുന്നത് വേദപുസ്തകസാക്ഷ്യങ്ങളുടെ ഒരു സമഗ്രദർശനമാണ്. സഭ ഏകമാണെങ്കിലും വിവിധ സംജ്ഞകളാൽ അത് വിളിക്കപ്പെടുന്നു. സഭ വിവിധ പേരുകളാൽ അറിയപ്പെടുന്നതു തന്നെ അതിന്റെ ധന്യതയാണ് സൂചിപ്പിക്കുന്നത്. വിവിധ സഭകൾക്കിടയിൽ നിലനിന്നിരുന്ന ഐക്യത്തെക്കുറിച്ചുള്ള പഠനം കൊണ്ടാണ് ഈ രേഖ അവസാനിക്കുന്നത്.

പ്രപഞ്ചത്തിൽ നിലനില്ക്കുന്ന വിവിധ തലങ്ങളിലുള്ള വൈവിധ്യം ദൈവം തിരുമനസ്സായിട്ടുള്ളതാണെന്നും അവയെല്ലാം നല്ലതാണെന്നുമുള്ള അടിസ്ഥാനതത്ത്വത്തിൽ ഊന്നിനിന്നുകൊണ്ടാണ് (ഉത്പ 1, 12, 18,21, 25-31) കമ്മീഷൻ അതിന്റെ പ്രബോധനങ്ങൾ വ്യക്തമാക്കുന്നത്. ദൈവത്തിന്റെ ശബ്ദം കേൾക്കാതെ (ഉത്പ 2-3) സ്വന്തം വഴികളിലേക്ക് തിരിയുന്നപക്ഷം (ഉത്പ 6, 12) ഇതേ വൈവിധ്യം പരസ്പരവിദ്വേഷത്തിലേക്കും നാശത്തിലേക്കും നയിക്കും. അങ്ങനെ വരുമ്പോൾ മനുഷ്യവർഗത്തിന് പ്രകൃതിയോടും (ഉത്പ 3, 18) പരസ്പരവുമുള്ള ബന്ധം (ഉത്പ 3, 16) തകരും. അത് കൊലപാതകത്തിലേക്കും (ഉത്പ 4, 8, 23-24) ജനപദങ്ങളുടെതന്നെ നാശത്തിലേക്കും (ഉത്പ 11) നയിക്കും.

## 4. The Interpretation of the Bible in the Church, 1993

സഭയുടെ ഔദ്യോഗികതലത്തിൽ ബൈബിളിനെ സംബന്ധിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള ഏറ്റം സമഗ്രമായ രേഖ എന്നു വേണമെങ്കിൽ ഇതിനെ വിശേഷിപ്പിക്കാം. ആധുനിക കാലഘട്ടത്തിൽ ബൈബിൾ സംബന്ധമായി നടന്നിട്ടുള്ള ഗവേഷണങ്ങളും പഠനങ്ങളും പഠനരീതികളും സമീപനങ്ങളും ഇവിടെ പഠനവിധേയമാക്കിയിരിക്കുകയാണ്. ദൈവശാസ്ത്രത്തിന്റെ ആത്മാവായിത്തന്നെയാണ് വിശുദ്ധഗ്രന്ഥപഠനത്തെ കണക്കാക്കിയിരിക്കുന്നത്. ബൈബിൾ പഠനം ഒരിക്കലും അവസാനിക്കുന്നില്ല. ഓരോ കാലഘട്ടവും അതിന്റെ ആവശ്യങ്ങളും വെല്ലുവിളികളും പരിഗണിച്ചുവേണം വചനത്തെ സമീപിക്കാൻ. അതുകൊണ്ടുതന്നെ എല്ലാക്കാലത്തും ഒരുപോലെ പ്രസക്തമായ ബൈബിൾ പഠനരീതി എന്ന് വിശേഷിപ്പിക്കത്തക്ക വിധത്തിലുള്ള ഏതെങ്കിലും ഒരു സമീപനം നിലവിലുണ്ട് എന്നു പറയാനാവില്ല.

നാലു ഭാഗങ്ങളാണ് ഈ പഠനത്തിലുള്ളത്. വിശ്വാസതിരുസംഘത്തിന്റെ പ്രീഫെ



www.malankaralibrary.com

ക്ടായ കർദ്ദിനാൾ റാത്സിംഗറിന്റെ ഒരാമുഖത്തോടെയാണ് പ്രമാണരേഖ തുടങ്ങുന്നത്. ഇതുപോലുള്ള ഒരു രേഖയുടെ ആവശ്യകതയും പ്രസക്തിയും ഇതിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നു. ബൈബിളിന്റെ ചരിത്രാത്മകനിരൂപണരീതി (Historico-critical method) ക്ക് നല്കിയിരിക്കുന്ന ഔദ്യോഗിക അംഗീകാരമാണ് പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു സംഗതി. ഈ പഠനരീതി ആദ്യം ഉപയോഗിച്ചത് പ്രൊട്ടസ്റ്റന്റ് പണ്ഡിതന്മാരായിരുന്നു. അജപാലനപരമായ കാരണങ്ങളാൽ കത്തോലിക്കാസഭ ആരംഭത്തിൽ ഈ പഠനരീതിയോട് നിഷേധാത്മകമായ മനോഭാവമാണ് വച്ചുപുലർത്തിയിരുന്നത്. എന്നാൽ അർത്ഥപൂർണമായ ഏത് ബൈബിൾ പഠനത്തിനും ചരിത്രാത്മകനിരൂപണ രീതിയുടെ ഉൾക്കാഴ്ചകൾ ഉപയോഗപ്പെടുത്തണമെന്ന് ഈ രേഖ അനുശാസിക്കുന്നു.

ഇതിന്റെ ആമുഖത്തിൽ ബൈബിൾ വ്യാഖ്യാനരംഗത്തെ ഇന്നത്തെ അവസ്ഥയാണ് വിശകലനം ചെയ്തിരിക്കുന്നത്. അതോടൊപ്പം ഇതുപോലൊരു രേഖ പ്രസിദ്ധീകരിക്കേണ്ടതിന്റെ ലക്ഷ്യവും പറഞ്ഞിരിക്കുന്നു. ഇന്ന് ഉയർന്നുവന്നിരിക്കുന്ന വിമർശനങ്ങളെയും ആക്ഷേപങ്ങളെയും നേരിടുക, ഈ രംഗത്തു പ്രദർശിപ്പിക്കപ്പെടുന്ന പുതിയ സാധ്യതകളെ പ്രോത്സാഹിപ്പിക്കുക, സഭയുടെ ദൗത്യം തന്നെയായ വചനവ്യാഖ്യാനകാര്യങ്ങളിൽ കൂടുതൽ വ്യക്തമായ മാർഗനിർദേശം നല്കുക എന്നിവയാണ് ഈ രേഖയുടെ ലക്ഷ്യം.

ഇന്ന് നിലവിലിരിക്കുന്ന വിവിധ വ്യാഖ്യാനരീതികളെക്കുറിച്ചുള്ള വിപുലമായ വിലയിരുത്തലാണ് ഒന്നാം ഭാഗത്തുള്ളത്. വളരെയേറെ ഉൾക്കാഴ്ചകൾ ലഭിക്കുന്ന ഈ ഭാഗത്ത് ചരിത്രാത്മകനിരൂപണ രീതിയുടെ ശ്രേഷ്ഠത പ്രത്യേകം എടുത്തുപറഞ്ഞിട്ടുണ്ട്. രണ്ടാം ഭാഗത്ത് ഒരു ലിഖിതസാഹിത്യരൂപത്തെ വിശകലനം ചെയ്യുമ്പോഴും മനസ്സിലാക്കുമ്പോഴും പരിഗണിക്കേണ്ട കാര്യങ്ങളെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു. ദൈവനിവേശനം എന്താണെന്നും ഒരു ടെക്സ്റ്റിനുള്ള വിവിധ അർത്ഥതലങ്ങൾ ഏവയെന്നും ചർച്ച ചെയ്യുന്നുണ്ട്. കത്തോലിക്കാ ബൈബിൾ വ്യാഖ്യാതാക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ് പ്രമാണരേഖയുടെ മൂന്നാം ഭാഗത്ത് കൊടുത്തിരിക്കുന്നത്. പിതാക്കന്മാരുടെ ബൈബിൾ വ്യാഖ്യാനരീതി ഒരു മാതൃകയായി ഇവിടെ അവതരിപ്പിച്ചിരിക്കുന്നു. ബൈബിൾ പഠനത്തിലും വ്യാഖ്യാനത്തിലും സജീവമായി പങ്കെടുക്കാനും അന്വേഷണങ്ങൾ നടത്താനും സഭ ദൈവശാസ്ത്രജ്ഞന്മാരെ പ്രോത്സാഹിപ്പിക്കുകയും അവരോട് ആഹ്വാനം ചെയ്യുകയും ചെയ്യുന്നുണ്ട്. ബൈബിൾവ്യാഖ്യാനവും ദൈവശാസ്ത്രത്തിലെ ഇതരവിഷയങ്ങളുമായുള്ള ബന്ധം പ്രതിപാദിക്കുമ്പോൾ അവയെല്ലാം ആത്യന്തികമായി എന്താണ് ലക്ഷ്യമാക്കുന്നതെന്ന വസ്തുത കണക്കിലെടുക്കണമെന്ന് ഈ രേഖ പഠിപ്പിക്കുന്നു. മേൽപറഞ്ഞ കാര്യങ്ങളുടെയെല്ലാം ഒരു സമാഹാരവും സമാപനവുമാണ് നാലാമത്തെ ഭാഗത്ത് കൊടുത്തിരിക്കുന്നത്.

ആരാധനക്രമത്തിലും ദൈവശാസ്ത്രപഠനങ്ങളിലും ആധ്യാത്മികജീവിതത്തിലും സാമൂഹികബന്ധങ്ങളിലും എക്യുമെനിക്കൽ ചർച്ചകളിലും വിശ്വാ



www.malankaralibrary.com

സിയുടെ വ്യക്തിപരമായ ജീവിതത്തിലും വിശുദ്ധഗ്രന്ഥം വഹിക്കേണ്ട പ്രാധാന്യം എന്താണെന്ന് പ്രസ്താവിക്കുമ്പോൾ വേദപുസ്തകത്തിന്റെ ആധ്യാത്മിക വായനയ്ക്ക് (Lectio divina) നല്കേണ്ട സ്ഥാനത്തെക്കുറിച്ച് ഊന്നൽ കൊടുത്ത് വിവരിക്കുന്നുണ്ട്. കാരണം അന്തിമവിശകലനത്തിൽ കർത്താവിന്റെ വചനം മനുഷ്യന് പാദങ്ങൾക്ക് വിളക്കും വഴിയിൽ പ്രകാശ വുമായി വർത്തിക്കേണ്ടതാണ്.

## 5. The Jewish People and their Sacred Scriptures in the Christian Bible, 2001

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ അക്രൈസ്തവ മതങ്ങളെക്കുറിച്ചുള്ള (Nostra Aetate) പ്രമാണരേഖ ഇതരമതങ്ങളോടുള്ള സമീപനത്തിൽ അടി സ്ഥാനപരമായ മാറ്റങ്ങളാണ് സഭയിൽ വരുത്തിയത്. ഗൗരവപൂർവം സ്നേഹ സംവാദത്തിൽ ഏർപ്പെടേണ്ട സമൂഹങ്ങളാണ് ഇതരമതങ്ങൾ. അവയുമായി സൗഹൃദത്തിന്റെ പാലം പണിയാൻ ബൈബിൾതന്നെ പ്രേരിപ്പിക്കുന്നതായി കാണാം. യഹൂദരോടും മുസ്ലീം സമൂഹത്തോടുമുള്ള പ്രത്യേക അടുപ്പത്തിന് ഏകദൈവവിശ്വാസം നിദാനമാണ്. പഴയനിയമം ക്രൈസ്തവരുടെ വിശുദ്ധ ഗ്രന്ഥത്തിന്റെ അവിഭാജ്യഘടകമാണെങ്കിലും ഏറിയ പങ്ക് കത്തോലിക്കർക്കും പഴയനിയമകാര്യങ്ങളിലുള്ള അറിവ് പരിമിതമാണ്. ചരിത്രപരമായ കാരണ ങ്ങളാൽ യഹൂദരോടുള്ള സമീപനത്തിന്റെ കാര്യത്തിലും ഇതുവരെയും നില നിന്നിരുന്ന അവസ്ഥ ഏറ്റം അഭികാമ്യം എന്നുപറയാനാവില്ല. രണ്ടാം ലോക മഹായുദ്ധകാലത്തു നടന്ന നാസിപീഡനം യഹൂദയാഥാർത്ഥ്യ (the reality of Judaism) ത്തെ ദൈവശാസ്ത്രപരമായിത്തന്നെ സമീപിക്കാൻ സഭയ്ക്ക് പ്രേരണ നല്കി.

മൂന്നു ഭാഗങ്ങളാണ് ഈ രേഖയ്ക്കുള്ളത്. ആമുഖത്തിൽത്തന്നെ ഈ രേഖ ഉത്തരം നല്കാൻ ശ്രമിക്കുന്ന മൂന്നു ചോദ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ആന്റി സെമിറ്റിസത്തിനു യാതൊരു തരത്തിലുമുള്ള ന്യായീകരണവുമില്ല എന്ന കാര്യം ആദ്യമേതന്നെ വിശദമാക്കിയിരിക്കുന്നു. ഈ പ്രശ്നവുമായി ബന്ധ പ്പെട്ട കാര്യങ്ങളാണ് ആദ്യത്തെ ചോദ്യഭാഗത്ത് കൈകാര്യം ചെയ്തിരിക്കു ന്നത്. പഴയനിയമത്തിന് ഒരു ക്രൈസ്തവഭാഷ്യം നല്കാൻ ക്രൈസ്തവർക്ക് അവകാശമുണ്ടോ എന്ന കാര്യം അതിനുശേഷവും യഹൂദരോടുള്ള വിരോ ധത്തിന് പുതിയനിയമം കാരണമായിട്ടുണ്ടോ എന്നത് മൂന്നാമതുമായി പരി ശോധിക്കുന്നു.

ആദ്യത്തെ ഭാഗത്ത് വിശദമാക്കിയിരിക്കുന്ന വസ്തുതകൾ താഴെപ്പറയുന്നവ യാണ്: പഴയനിയമത്തിന്റെ ആധികാരികതയും ദൈവനിവേശിതസ്വഭാവവും പുതിയനിയമം തന്നെ അംഗീകരിക്കുന്നു. പഴയനിയമം കൂടാതെ പുതിയ നിയമം ഗ്രഹിക്കാൻ കഴിയുകയില്ല.

രണ്ടാമത്തെ ഭാഗത്താകട്ടെ, പഴയനിയമത്തിലെ അടിസ്ഥാനപ്രമേയങ്ങളെ



www.malankaralibrary.com

പുതിയനിയമം സ്വീകരിച്ച് ക്രിസ്തുസംഭവത്തിന്റെ പശ്ചാത്തലത്തിൽ അവയെ എങ്ങനെ മനസ്സിലാക്കുന്നു എന്നു വിശദീകരിച്ചിരിക്കുന്നു. ദൈവികവെളിപാട്, മനുഷ്യന്റെ മഹത്ത്വവും ദയനീയതയും, വിമോചകനും രക്ഷകനുമായ ദൈവം, ഇസ്രായേലിന്റെ തിരഞ്ഞെടുപ്പ്, ഉടമ്പടി, നിയമം, ദേവാലയം, പ്രാർത്ഥന, ആരാധന, ദൈവത്തിന്റെ ന്യായവിധി, വാഗ്ദാനങ്ങൾ - ഇത്രയും സംഗതികൾ പഴയനിയമത്തിനും പുതിയനിയമത്തിനുമുള്ള പൊതുകാര്യങ്ങളാണ്. ചുരുക്കത്തിൽ, ക്രൈസ്തവവിശ്വാസത്തിൽ മൗലികമായിരിക്കുന്ന ഒട്ടുമിക്കവാറും സത്യങ്ങൾ പഴയനിയമത്തിൽനിന്നും ആദിമസഭ കൈക്കൊണ്ടിട്ടുള്ളതാണ്. ത്രിത്വത്തെക്കുറിച്ചുള്ള വിശ്വാസവും യേശുവിന്റെ മെസയാനിക-കർതൃസ്വഭാവവുമാണ് അടിസ്ഥാനപരമായി ഈ രണ്ടു മതങ്ങളെയും തമ്മിൽ വ്യതിരിക്തമാക്കുന്ന ഘടകങ്ങൾ.

പ്രമാണരേഖയുടെ മൂന്നാമത്തെ ഭാഗത്ത് പുതിയനിയമത്തിലെ വിവിധ ഭാഗങ്ങളിൽ യഹൂദവിശ്വാസത്തോടു പ്രദർശിപ്പിക്കുന്ന മനോഭാവത്തെ നിരൂപണാത്മകമായി പഠനവിധേയമാക്കിയിരിക്കുന്നു. പ്രവാചകന്മാർ ഇസ്രായേലിനെതിരേ ഉപയോഗിച്ചിരിക്കുന്ന ഭാഷയും അപഗ്രഥനവിധേയമായിട്ടുണ്ട്.

ക്രൈസ്തവവിശ്വാസം രൂഢമൂലമായിട്ടുള്ളത് യഹൂദമതത്തിലാണ്. ദൈവം അബ്രാഹത്തോടും പൂർവപിതാക്കന്മാരോടും നടത്തിയ വാഗ്ദാനങ്ങളുടെ പൂർത്തീകരണമായാണ് യേശുവിൽ നിറവേറിയ രക്ഷാകരപദ്ധതിയെ കാണേണ്ടത്. ദൈവത്തിന്റെ സ്വയം ആവിഷ്കരണത്തിന്റെ ആദ്യഭാഗമാണ് പഴയനിയമത്തിൽ നമ്മൾ ദർശിക്കുന്നത്. വിശുദ്ധ പൗലോസിന്റെ പ്രബോധനങ്ങളുടെ ചുവടുപിടിച്ച് (റോമാ 9-11) ഇസ്രായേൽജനം ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ തിരഞ്ഞെടുക്കപ്പെട്ടവരായി ഇന്നും നിലനില്ക്കുന്നുവെന്നും യേശുവിന്റെ ഘാതകരെന്ന് ഒരു ജനവിഭാഗത്തെ മുഴുവൻ അടച്ച് ആക്ഷേപിക്കാൻ പാടില്ലെന്നും ഈ പ്രമാണരേഖ നമ്മെ ഓർമ്മപ്പെടുത്തുന്നു.

### 6. The Bible and Morality: Biblical Roots of Christian Conduct, 2008

രണ്ടു ഭാഗങ്ങളാണ് ഈ രേഖയ്ക്കുള്ളത്. ആമുഖത്തിൽത്തന്നെ വെളിപ്പെടുത്തപ്പെട്ട ധാർമ്മികത (revealed morality) എന്നതിന്റെ അർത്ഥം എന്താണെന്ന് വിശദീകരിച്ചിരിക്കുന്നു. അതുപോലെതന്നെ പഴയനിയമത്തിലെ ധാർമ്മിക കാഴ്ചപ്പാടുകളും പുതിയനിയമത്തിലെ ധാർമ്മികകാഴ്ചപ്പാടുകളും തമ്മിലുള്ള ബന്ധം വ്യക്തമാക്കിയിട്ടുണ്ട്. ബൈബിളിലെ നിയമങ്ങളും കല്പനകളും അവ നല്കപ്പെട്ട സാഹചര്യങ്ങളും അവയുടെ പുറകിലെ സാംസ്കാരികവും ചരിത്രപരവുമായ ഘടകങ്ങളും കണക്കിലെടുത്തുവേണം മനസ്സിലാക്കാൻ എന്നുള്ള അടിസ്ഥാനതത്ത്വം ഇവിടെ വിശദീകരിച്ചിരിക്കുന്നു. ദൈവശാസ്ത്രവും നരവംശശാസ്ത്രവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു (anthropology and theology intertwine).

ഈ രേഖയുടെ ആദ്യഭാഗത്ത് മനുഷ്യൻ ദൈവത്തിന്റെ രൂപത്തിലും സാദൃ



www.malankaralibrary.com

ശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്ന വ്യക്തിയായും ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിലെ അംഗമായും അതിനാൽ ദൈവം പ്രത്യേകമാംവിധം ഉടമ്പടീബന്ധത്തിൽ പ്രവേശിച്ചിരിക്കുന്ന സംവാദപങ്കാളിയായും (dialogue partner) മനുഷ്യനായി അവതരിച്ച ദൈവപുത്രന്റെ സഹോദരനും സഹോദരിയുമായും അവതരിപ്പിച്ചിരിക്കുന്നു. മനുഷ്യനെക്കുറിച്ചുള്ള ബൈബിളിലെ ഈ അടിസ്ഥാന കാഴ്ചപ്പാടുകളുടെ പശ്ചാത്തലത്തിലേ വിശുദ്ധഗ്രന്ഥത്തിലെ ധാർമ്മികനിയമങ്ങൾ മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ.

മനുഷ്യജീവിതം ഉയർത്തുന്ന നിരവധിയായ ധാർമ്മികപ്രശ്നങ്ങൾക്ക് നേരിട്ടുള്ള ഉത്തരം (direct solutions) ബൈബിൾ നല്കുന്നില്ല എന്ന വസ്തുത രണ്ടാംഭാഗത്ത് ചൂണ്ടിക്കാട്ടിയിരിക്കുന്നു. അതേസമയം ഏതൊരു സാഹചര്യത്തിലും കാത്തുസൂക്ഷിക്കേണ്ട ചില തത്ത്വങ്ങൾ ബൈബിൾ നല്കുന്നുണ്ട്. ഈ തത്ത്വങ്ങളുടെ വിവേചനാപൂർവ്വകമായ പ്രയോഗമാണ് പ്രായോഗികതലത്തിൽ നടക്കേണ്ടത്. മനുഷ്യനെക്കുറിച്ച് ബൈബിൾ നല്കുന്ന പ്രബോധനത്തോടും യേശുക്രിസ്തുവിന്റെ ജീവിതമാതൃകയോടും ഒത്തുപോകുന്ന വിധത്തിലായിരിക്കണം ഇതു ചെയ്യുന്നത്.

ആറു മാനദമണ്ഡങ്ങൾ കൂടി ധാർമ്മികപരിഗണനയിൽ കാത്തുസൂക്ഷിക്കപ്പെടണമെന്ന് ഈ രേഖ നമ്മെ അനുസ്മരിപ്പിക്കുന്നു:

1. criterion of convergence: വിവിധ സംസ്കാരങ്ങളിൽ പൊതുവായിക്കാണുന്ന ധാർമ്മികകാര്യങ്ങളിലെ ഐക്യവീക്ഷണം.

2. criterion of opposition: ചില കാര്യങ്ങളോടു പ്രദർശിപ്പിക്കപ്പെടുന്ന സാർവത്രികമായ എതിർപ്പ്.

3. criterion of progress: പഴയനിയമവുമായി താരതമ്യപ്പെടുത്തുമ്പോൾ ധാർമ്മികകാര്യങ്ങളിൽ പുതിയനിയമം പ്രദർശിപ്പിക്കുന്ന സൂക്ഷ്മത (refinement).

4. criterion of community discernment: ധാർമ്മികതയും അധാർമ്മികതയും നിശ്ചയിക്കുമ്പോൾ വ്യക്തിപരമായ നിഗമനങ്ങളെക്കാൾ സമൂഹത്തിന്റെ പൊതുവായ തീരുമാനത്തിന് വിധേയമാകൽ.

5. criterion of finality - ലോകവും ചരിത്രവും അന്തിമമായി ഏതിലേക്ക് നീങ്ങുന്നുവെന്ന പരിഗണനയുടെ വെളിച്ചത്തിൽ മനുഷ്യന്റെ പ്രവൃത്തികളെ വിലയിരുത്തൽ.

6. criterion of discernment: ബൈബിളിലെ ധാർമ്മികതത്ത്വങ്ങളെ അതിന്റെ സാഹചര്യത്തിൽ വിലയിരുത്തൽ.

ഉടമ്പടിബന്ധത്തിന്റെ അടിസ്ഥാനപ്രമാണങ്ങളായി നിലനിന്നിരുന്ന പത്തു



www.malankaralibrary.com

കല്പനകളുടെ ആധുനികകാലത്തെ സാംഗത്യം ഈ രേഖ പ്രത്യേകമായി പഠിക്കുന്നുണ്ട്. പുതിയനിയമത്തിലെ ധാർമ്മികനിയമങ്ങളെ മനസ്സിലാക്കുന്നത് യേശുവെന്ന വ്യക്തിയുടെ ജീവിതവും പ്രബോധനവും പശ്ചാത്തലമാക്കി വേണം. യേശുവിന്റെ പഠിപ്പിക്കലുകളിൽ ദൈവരാജ്യം എന്ന ആശയമാണ് ഏറ്റം പ്രധാനം. അതിനാൽ പുതിയനിയമത്തിലെ ധാർമ്മികതയെ ദൈവരാജ്യത്തിന്റെ ധാർമ്മികത എന്നു വിശേഷിപ്പിക്കാം.

വിശുദ്ധകുർബാനയെ പുതിയ ഉടമ്പടിയുടെ ദൃശ്യഅടയാളവും സാക്ഷാത്കാരവുമായി അവതരിപ്പിച്ചുകൊണ്ട് കുർബാനയുടെ ധാർമ്മികതയിലേക്ക് - മുറിക്കപ്പെട്ട്, മറ്റുള്ളവർക്കു ഭക്ഷണമായിത്തീരുക - വളരുക എന്നത് ശിഷ്യത്വത്തിന്റെ അടയാളമായി ഈ രേഖ അവതരിപ്പിച്ചിരിക്കുന്നു.

ധാർമ്മികത ദൈവത്തിന്റെ വെളിപ്പെടുത്തപ്പെട്ട ഹിതത്തിൽ അധിഷ്ഠിതമാകുമ്പോഴാണ് അത് ബൈബിളിലെ ധാർമ്മികതയാകുന്നത്. ദൈവത്തിന്റെ വചനം ഗ്രഹിക്കാൻ അനേകം പരിഗണനകൾ കാത്തുസൂക്ഷിക്കേണ്ടതുണ്ട്. ഇതാണ് ഈ രേഖയുടെ അടിസ്ഥാനപ്രബോധനം.

പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷന്റെ ഈ രേഖകളെല്ലാം പരിശോധിക്കുമ്പോൾ ഒരു കാര്യം കൂടുതലായി വ്യക്തമാകും. സഭ അതിന്റെ വിശ്വാസത്തിലും ജീവിതത്തിലും വിശുദ്ധഗ്രന്ഥത്തിന് നല്കുന്ന പ്രാധാന്യവും സ്ഥാനവും മർമ്മപ്രധാനമാണ്. അതുകൊണ്ടുതന്നെ ബൈബിളുമായി ബന്ധപ്പെട്ട എല്ലാക്കാര്യങ്ങളിലും ഏറ്റം സൂക്ഷ്മമായ ശ്രദ്ധയാണ് സഭ നല്കുന്നത്. ഇതിന്റെ ഭാഗമായിട്ടാണ് 2008ലെ മെത്രാന്മാരുടെ സിനഡ് "സഭയുടെ ജീവിതത്തിലും ദൗത്യത്തിലും ദൈവവചനത്തിന്റെ പങ്ക്" എന്ന വിഷയം ആഴത്തിൽ ചർച്ച ചെയ്തതും വീണ്ടും ബൈബിൾ സംബന്ധമായ ഒരു ശ്ലൈഹികപ്രബോധനം 'കർത്താവിന്റെ വചനം' (Verbum Domini) എന്ന പേരിൽ 2010ൽ ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ പ്രസിദ്ധീകരിച്ചതും.



www.malankaralibrary.com



# കർത്താവിന്റെ വചനം: വിശാല പശ്ചാത്തലം

റവ. ഡോ. ജേക്കബ് പ്രസാദ്

## ആമുഖം

2010 നവംബർ 11-ാം തീയതി ബെനഡിക്ട് പതിനാറാമൻ പാപ്പാ തന്റെ സിനഡനന്തര അപ്പസ്തോലിക ആഹ്വാനമായ *Verbum Domini* (VD) പ്രസിദ്ധീകരിച്ചു. "ദൈവവചനം സഭയുടെ ജീവിതത്തിലും ദൗത്യത്തിലും" എന്ന വിഷയത്തെക്കുറിച്ച് 2008 ഒക്ടോബർ 5 മുതൽ 26 വരെ നടന്ന മെത്രാന്മാരുടെ പന്ത്രണ്ടാമത് സാധാരണസിനഡിന്റെ അനന്തരഫലമായി പുറപ്പെടുവിച്ച ഈ പ്രമാണരേഖയിൽ പാപ്പാ 2010 സെപ്തംബർ 30-ാം തീയതി (വിശുദ്ധ ജെറോമിന്റെ തിരുനാൾ) ഒപ്പുവച്ചിരുന്നു. ലോകം മുഴുവനുമുള്ള മെത്രാൻ സംഘങ്ങളിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട മെത്രാന്മാരും പരിശുദ്ധസിംഹാസനത്തിൽനിന്നു നേരിട്ട് നിയമിക്കപ്പെട്ട മെത്രാന്മാരും സാധാരണമായി മൂന്നു വർഷത്തിലൊരിക്കൽ ഒത്തുചേർന്ന് കാലികപ്രസക്തിയുള്ള ഒരു വിഷയത്തെക്കുറിച്ച് ആഴത്തിൽ പഠിച്ച് ചർച്ചചെയ്ത് അതിന്റെ ദൈവശാസ്ത്രപരവും അജപാലനപരവുമായ അംശങ്ങൾ കണ്ടെത്തുകയാണ് ഇത്തരത്തിലുള്ള സിനഡുകളുടെ പ്രത്യേകത. സിനഡവസാനിക്കുമ്പോൾ സാധാരണമായി അതിനോടനുബന്ധിച്ച് ഒരു അപ്പസ്തോലികആഹ്വാനം എഴുതാൻ മാർപാപ്പായോട് അവർ ആവശ്യപ്പെടുകയും അതിനു സഹായകമായി ചില ശുപാർശാപ്രസ്താവങ്ങൾ (propositions) നല്കുകയും ചെയ്യാറുണ്ട്. ഈ പ്രാവശ്യം അപ്രകാരം 55 propositions ആണ് നല്കപ്പെട്ടത്. അവ സാധാരണമായി രഹസ്യമാണെങ്കിലും ഈ പ്രാവശ്യം മാർപാപ്പായുടെ നിർദ്ദേശപ്രകാരം പരസ്യപ്പെടുത്തിയിരുന്നു. ഈ 55 propositions-ഠ മാർപാപ്പാ തന്റെ ആഹ്വാനത്തിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നത് വ്യക്തമാണ്. മാർപാപ്പാ അവയെ ഉദ്ധരിക്കുകയും അവയിലേക്ക് പലവട്ടം വിരൽ ചൂണ്ടുകയും ചെയ്യുന്നുണ്ട്.

Apostolic Exhortation എന്ന നിലയിൽ ഇത് ഒരു നൈയാമിക (juridical) ടെക്സ്റ്റ് അല്ല. അതേസമയം ഇത് സാധാരണസഭാപ്രബോധനത്തിന്റെ വളരെ നിർണായകമായ അടയാളമാണ്. കാരണം, ലോകം മുഴുവനുമുള്ള മെത്രാൻസംഘങ്ങളുടെ ശബ്ദം ഇതിൽ കേൾക്കാനാകും. മെത്രാന്മാരുടെ പ്രതിനിധികളുടെ ചിന്തയുടെ സമന്വയം ഇതിൽ കാണാനാകും. ആകയാൽ ഈ ടെക്സ്റ്റിന് ഏറെ സ്വാധീനം ഉണ്ടാകേണ്ടതാണ്. സിനഡിൽ ഉപയോഗ



www.malankaralibrary.com

പ്പെടുത്തിയ പ്രവർത്തനരേഖ (*Instrumentum Laboris*) അതിനുമുൻപ് ലോക ത്തെമ്പാടും ചർച്ചചെയ്യപ്പെട്ട ഒരുക്ക രേഖ (*Lineamenta*) യുടെ അനന്തരഫ ലമാണെന്ന് നമുക്കറിയാമല്ലോ. ഈ രേഖകൾ രണ്ടും Propositions-ഉം *Relationes ante*-ഉം *post disceptationem*-ഉം സിനഡിൽ പ്രസംഗിക്കപ്പെട്ടതും ലിഖി തരൂപത്തിൽ നല്കപ്പെട്ടതുമായ ഇടപെടലുകളുടെ ടെക്സ്റ്റുകളും ചർച്ചാ സമ്മേളനങ്ങളുടെ റിപ്പോർട്ടുകളും സിനഡുപിതാക്കന്മാർ അവസാനമായി ദൈവജനത്തിനു നല്കിയ സമാപനസന്ദേശവും മാർപാപ്പാ ഈ ആഹ്വാന ത്തിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ട് (VD 1). ഇതിന്റെ വിശാല പശ്ചാത്തലത്തിലേക്ക് നമുക്ക് ഒന്നു കണ്ണോടിക്കാം.

**1. ബൈബിളിന്റെ നിരൂപണാത്മക സമീപനത്തോടുള്ള ആദ്യകാല ആഭി മുഖ്യങ്ങൾ**

ആധുനിക നിരൂപണാത്മകബൈബിൾവ്യാഖ്യാനം 17-ാം നൂറ്റാണ്ടിന്റെ മധ്യ ത്തോടെ ആരംഭിച്ചു വെന്നു പറയാം. 16-ാം നൂറ്റാണ്ടിലെ പ്രോട്ടസ്റ്റന്റ് നവീ കരണം (Reformation) ബൈബിളിനോടുള്ള താത്പര്യം വർദ്ധിപ്പിച്ചിരുന്നെ ങ്കിലും അക്കാലത്തെ ബൈബിളിനോടുള്ള സമീപനം നിരൂപണാത്മക (critical) മെന്നതിനെക്കാൾ വിശ്വാസസത്യാത്മക (dogmatic) അന്വേ ഷണമായിരുന്നു. 1678-ൽ തുടങ്ങിയാണ് റിച്ചാർഡ് സൈമൺ (1638-1712) എന്ന ഫ്രഞ്ച് ഒറേറ്റോറിയൻ വൈദികൻ പഴയ നിയമത്തിന്റെയും പുതിയ നിയമത്തിന്റെയും മൂന്ന് വാല്യങ്ങൾ വീതമുള്ള ചരിത്രവിമർശനാത്മക (Histoire critique) കൃതികൾ പ്രസിദ്ധീകരിച്ചത്. എന്നാൽ അവ ആ കാലഘ ട്ടത്തിൽ എതിർപ്പിനിടയാക്കി. അവ താമസിയാതെ സഭയിൽ വായിക്കാൻ പാടില്ലാത്ത കൃതികളുടെ പട്ടിക (Index) യിൽ ചേർക്കപ്പെട്ടു. നവീകരണപ്രതി രോധ (Counter Reformation) കാലം (16-ാം നൂറ്റാണ്ട്) ഒരർത്ഥത്തിൽ ബൈബി ളിനെ സംബന്ധിച്ചിടത്തോളം കത്തോലിക്കാസഭയിൽ സുവർണകാലമായി രുന്നെങ്കിൽ - കാരണം ബൈബിളിന്റെ കാനൻ നിർവചിക്കപ്പെട്ടതും കൂദാ ശകൾക്കും സഭയിലെ മറ്റെല്ലാ ആചാരങ്ങൾക്കും നടപടികൾക്കും ബൈബിളിൽ ആധാരം കണ്ടെത്തപ്പെട്ടതും ത്രെന്തോസ് സൂനഹദോസി ലാണല്ലോ - റിച്ചാർഡ് സൈമന്റെ പരാജയത്തിനുശേഷം സഭയിൽ രണ്ടു നൂറ്റാണ്ടുകൾ ബൈബിളിനെ സംബന്ധിച്ച് നിശ്ശബ്ദതയാണ് ഉണ്ടായത്. പ്രസ്തുത കാലഘട്ടത്തിൽ ബൈബിൾ പഠിക്കപ്പെടുകയോ നേരിട്ട് വായി ക്കപ്പെടുകയോ ചെയ്തില്ല. വായിച്ചതെല്ലാം ബൈബിളിനെ സംബന്ധിച്ച പുസ്തകങ്ങൾ (secondary literature) മാത്രമായിരുന്നു.

19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെയാണ് ഈ ദുരവസ്ഥയിൽ നിന്നു കരേറ്റമുണ്ടായിത്തുടങ്ങിയത്. 1885 മുതൽ 1887 വരെ നാല് വാല്യങ്ങളിലായി റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിലെ അദ്ധ്യാപകനായിരുന്ന റുഡോൾഫ് കൊർണേലി എന്ന ഈശോസഭാവൈദികൻ പഴയനിയമ ത്തെയും പുതിയനിയമത്തെയും സംബന്ധിച്ച ചരിത്രാത്മകവും നിരൂപണാ ത്മകവുമായ ഒരു പുസ്തകം പ്രസിദ്ധീകരിച്ചു (Historica et critica Introductio



www.malankaralibrary.com

in utriusque Testamenti libros sacros). പ്രസ്തുത പുസ്തകം കത്തോലിക്കാ ബൈബിൾവ്യാഖ്യാനരംഗത്തെ ഇരുളകറ്റാൻ ഇടയാക്കിയ നുറുങ്ങുവെട്ടമായിരുന്നു. 1892 സെപ്തംബർ 17-ാം തീയതി ലെയോ 13-ാമൻ മാർപാപ്പാ ജറുസലേമിലെ ബൈബിൾ ഉന്നതപഠനകേന്ദ്ര (Ecole Biblique de Jerusalem) ത്തിന് അംഗീകാരം നല്കി.

## 2. Providentissimus Deus എന്ന ചാക്രിക ലേഖനം

ഈ ചാക്രികലേഖനത്തിന് രണ്ടു ലക്ഷ്യങ്ങളാണ് ഉണ്ടായിരുന്നത്: a) സഭയിലെ ബൈബിൾ പഠനം പ്രോത്സാഹിപ്പിക്കുക; b) ബൈബിളിനെതിരായി ഉയർന്നുവന്നിരുന്ന ആക്രമണങ്ങൾ തടയുക. ആദ്യലക്ഷ്യം അധികരിച്ച് പ്രധാനമായും നാല് പ്രത്യേകപ്രസ്താവങ്ങൾ ലേഖനത്തിലുണ്ടായി. i) ത്രെന്തോസ് സൂനഹദോസ് ആധികാരിക (authentic) മെന്ന് തീർപ്പുകല്പിച്ച വുൾഗാത്തയെയാണ് വേദാധ്യാപകൻ തന്റെ അദ്ധ്യാപനത്തിന് ഉപയോഗിക്കേണ്ടത്. ഇപ്രകാരം ഒരു നിർദ്ദേശം നല്കുകവഴി ലെയോ പതിമൂന്നാമൻ, മറ്റ് പുരാതനപതിപ്പുകളെ (versions) പരിഗണിക്കേണ്ടതില്ല എന്നല്ല ഉദ്ദേശിച്ചത്. സംശയമുള്ള അവസരങ്ങളിൽ വിശുദ്ധ അഗസ്റ്റിൻ പഠിപ്പിച്ചിരുന്നതുപോലെ, ഏറ്റവും പുരാതനഭാഷയിലുള്ള പതിപ്പിലേക്കു തിരിയുകയാണ് ഉത്തമം എന്നു തന്നെയാണ് മാർപാപ്പാ ഉദ്ദേശിച്ചത്. ii) ഏറ്റവും ശരിയായ പാഠം കണ്ടെത്തിയശേഷം അതിന്റെ ശരിയായ അർത്ഥം കണ്ടെത്തണം. പാഠം അവതരിപ്പിക്കുന്ന വാച്യാർത്ഥം (literal sense) അന്വേഷിച്ചു കണ്ടെത്തണമെന്നാണ് മാർപാപ്പാ പഠിപ്പിച്ചത്. അതേസമയം, യഥാർത്ഥ അർത്ഥത്തിലൂന്നിനില്ക്കുന്ന വിശ്വാസസത്യങ്ങളും സാന്മാർഗികജീവിതവും ഉറപ്പിക്കുന്ന മറ്റ് അർത്ഥങ്ങൾ നിരാകരിക്കുവാൻ പാടില്ല. iii) വിശുദ്ധ ലിഖിതങ്ങൾ ദൈവം സഭയെ ഭരമേല്പിച്ചിരിക്കുന്നു. വഴികാട്ടിയും ഗുരുനാഥയും എന്ന നിലയിൽ സഭയാണ് വിശുദ്ധലിഖിതങ്ങളുടെ ആധികാരിക വ്യാഖ്യാതാവ്. ആകയാൽ ത്രെന്തോസ് സൂനഹദോസും ഒന്നാം വത്തിക്കാൻസൂനഹദോസും പഠിപ്പിച്ച പോലെ, സഭ നിർണയിച്ചിട്ടുള്ള വ്യാഖ്യാനങ്ങൾക്കോ സഭാപിതാക്കന്മാർ ഐകകണ്ഠ്യേന ഉറപ്പിച്ചിട്ടുള്ള അർത്ഥങ്ങൾക്കോ വിരുദ്ധമായി വിശുദ്ധലിഖിതങ്ങൾ വ്യാഖ്യാനിക്കാൻ ആർക്കും അനുവാദമില്ല. (സഭ അർത്ഥം നിർണയിച്ചിട്ടുള്ള വിശുദ്ധലിഖിത ഭാഗങ്ങൾ പത്തെണ്ണത്തിൽ കൂടുതലില്ല എന്നതും പിതാക്കന്മാരുടെ ഏകാഭിപ്രായമുള്ള ഭാഗങ്ങൾ തുലോം ചുരുക്കമാണെന്നതും ഇവിടെ ഓർക്കുന്നത് ഉചിതമായിരിക്കും). iv) വിശുദ്ധലിഖിതങ്ങളുടെ ഉപയോഗം ദൈവശാസ്ത്രപഠനത്തെ ത്തന്നെ മുഴുവനായി അടക്കി ഭരിക്കേണ്ടതാണ്, അത് ദൈവശാസ്ത്രത്തിന്റെ ആത്മാവായി വർത്തിക്കേണ്ടിയിരിക്കുന്നു. മാർപാപ്പായുടെ ഈ നാല് തത്ത്വങ്ങൾ ബൈബിൾപഠനത്തിന് ആ കാലഘട്ടത്തിൽ വളരെ പ്രോ ത്സാഹജനകമായിരുന്നു.

ബൈബിളിനെതിരേയുള്ള വൈരികളെ ചെറുത്തുനില്ക്കാനുള്ള ആദ്യത്തെ മാർഗം പുരാതന പൗരസ്ത്യഭാഷകൾ പഠിക്കുകയും നിരൂപണകല കൈവ



www.malankaralibrary.com

ശമാക്കുക (Practice of scientific criticism) യും ചെയ്യുക എന്നതാണ്. ശാസ്ത്രീയനിരൂപണത്തിന്റെ ആവശ്യം അംഗീകരിച്ചെങ്കിലും മാർപാപ്പാ വളരെയേറെ കരുതലോ (cautious) ടുകൂടെയാണ് അക്കാര്യത്തെ സമീപിച്ചത്. കാരണം, ബൈബിളിലെ പുസ്തകങ്ങളുടെ ഉദ്ഭവവും സൂക്ഷിപ്പും (origin and conservation) സംബന്ധിച്ച കാര്യത്തിൽ പുസ്തകങ്ങൾക്കുള്ളിലെ സാക്ഷ്യങ്ങൾ (internal evidence) ക്കുപരി ബാഹ്യസാക്ഷ്യങ്ങൾ (external evidence) ഉത്തമമാണെന്ന് മാർപാപ്പാ തുടർന്നു പഠിപ്പിച്ചു. ചില പ്രോട്ടസ്റ്റന്റ് പണ്ഡിതന്മാർ ബൈബിളിനോട് അവലംബിച്ചുവന്ന സമീപനരീതിയെ സഭ സംശയദൃഷ്ട്യാ വീക്ഷിച്ചിരുന്നതിനാലാണിത്. പഞ്ചഗ്രന്ഥി പൂർണമായും മോശയുടെ രചനയല്ലെന്നും ഏശയ്യാ പ്രവാചകന്റെ പുസ്തകം രണ്ടു പ്രവാചകന്മാരുടെ കൃതികളാണെന്നുമൊക്കെയുള്ള ചിന്തകൾ പ്രസ്തുതപണ്ഡിതർ പ്രചരിപ്പിച്ചു തുടങ്ങിയിരുന്നു. ഐന്ദ്രിയജ്ഞാനയുക്തിവാദവും (empiric rationalism) അശ്രൗതാസ്തിക്യവും (deism) ഹെഗലിന്റെ തത്ത്വശാസ്ത്രവും (Hegelianism) പ്രോട്ടസ്റ്റന്റ് ബൈബിൾ പണ്ഡിതന്മാരെ സ്വാധീനിച്ചിരുന്നു എന്നതുതന്നെ അവരുടെ നിഗമനങ്ങളും സമീപനങ്ങളും അംഗീകരിക്കാൻ സഭയെ അനുവദിച്ചില്ല. അതേസമയം, ഐന്ദ്രിയജ്ഞാനയുക്തിവാദത്തിന്റെ ഭാഗമായാണ് 18-ാം നൂറ്റാണ്ടിൽ പൗരാണിക സാഹിത്യത്തിന്റെ ശാസ്ത്രീയമായ വിശകലനപഠനത്തിലൂടെ ഉയർന്ന നിരൂപണ (higher criticism) ത്തിനുള്ള വഴിതെളിയുകയും അത് ബൈബിൾപഠനത്തെയും ബാധിക്കുകയും ചെയ്തതെന്നോർക്കുന്നത് ഉചിതമാണ്. വെളിപാടിനെയും പ്രകൃത്യാതീതമായതിനെയും നിഷേധിച്ചുകൊണ്ട് പ്രകൃതിപരമായിമാത്രം മതത്തിലധിഷ്ഠിതമായ ഈശ്വരവിശ്വാസം പ്രചരിപ്പിച്ച അശ്രൗതാസ്തിക്യം (deism) പരമ്പരാഗതമായ ബൈബിൾ പഠനത്തിനും വ്യാഖ്യാനത്തിനും വിലങ്ങുതടിയായി നിന്നു. ഹെഗേലിയനിസപ്രകാരം ക്രിസ്തുമതമാണ് കേവലമതം (absolute religion). യഹൂദമതം വൈരുദ്ധ്യസംവാദപരിണാമപ്രക്രിയ (dialectical evolution) യിലൂടെ കേവല (Absolute) മായത് ഉരുത്തിരിയുന്നതിന്റെ ഒരു കണ്ണി മാത്രമാണ്; അക്കാരണത്താൽ അതിന്റെ സാധുത ഒരു കാലഘട്ടത്തിലേക്കു മാത്രമാണ്. അങ്ങനെ പഴയനിയമമതം അർത്ഥശൂന്യമായി. ഇപ്രകാരമൊരു ചിന്ത പഴയനിയമനിരാകരണത്തിനു വഴിതെളിക്കുന്നതായിരുന്നു. ഇത്തരത്തിലുള്ള അപകടസാധ്യതകൾ പതിയിരുന്നതാണ്, ബൈബിളിന്റെ ശാസ്ത്രീയനിരൂപണം വേണമെന്നു പറഞ്ഞപ്പോൾത്തന്നെ അതിന്റെ തുടർഗതി അത്യധികം സൂക്ഷിച്ചുവേണം എന്നു മാർപാപ്പാ പറയാൻ കാരണം. തുടർന്ന്, ബൈബിളിന്റെ ദൈവനിവേശിതത്വം വിശ്വാസത്തെയും സാന്മാർഗികതയെയും സംബന്ധിച്ച കാര്യങ്ങളിൽ മാത്രമാണെന്നുള്ള ചില പണ്ഡിതന്മാരുടെ വാദം ഖണ്ഡിച്ചുകൊണ്ട് "വിശുദ്ധ ലിഖിതമെല്ലാം ദൈവനിവേശിതമാണ്'' (2 തിമോ 3,16) എന്നു പഠിപ്പിച്ചു. എന്നാൽ ഈ വസ്തുതയുടെ വ്യാഖ്യാനം ഇന്നത്തെ രീതിയിൽ അതിന്റെ പൂർണരൂപത്തിൽ എത്തിയിരുന്നു എന്നു പറയാനാവില്ല.

ലെയോ 13-ാമന്റെ പ്രബോധനം ബൈബിൾപഠനത്തിനും വ്യാഖ്യാനത്തിനും പ്രോത്സാഹജനകമായിരുന്നെങ്കിലും അതിന്റെ പ്രതിവാദകവിദ്യാപരമായ



www.malankaralibrary.com

സ്വഭാവം (apologetic character) അതിവേഗം ബഹുദൂരം മുന്നോട്ടുപോകുന്നതിന് തടയിടുന്നതായിരുന്നു. 1890-ൽ ജറുസലേമിലെ ബൈബിളിന്റെ ഉന്നതപഠനകേന്ദ്രം (Ecole Biblique) തുടങ്ങിയ ഫാദർ മരി-ജോസഫ് ലഗ്രാഞ്ച് 1892-ൽ "Revue Biblique" എന്ന ബൈബിളിനെ സംബന്ധിച്ച ശാസ്ത്രീയ സമീപനമുള്ള മാസികയും തുടങ്ങിയിരുന്നു. കത്തോലിക്കാബൈബിൾപഠനത്തിന് അത് ആക്കം കൂട്ടുകയുണ്ടായി. പഴയനിയമമായിരുന്നു അദ്ദേഹം ആദ്യകാലത്ത് കൂടുതൽ പഠനവിഷയമാക്കിയത്. എന്നാൽ 1912-ൽ കൺസിസ്റ്ററിയുടെ തിരുസംഘത്തിൽ നിന്നുണ്ടായ വിലക്കുകളുടെ പശ്ചാത്തലത്തിൽ അദ്ദേഹം പുതിയ നിയമത്തിലേക്കു നീങ്ങി. അക്കാലത്ത് റോമാക്കാർക്കും ഗലാത്തിയാക്കാർക്കും എഴുതിയ ലേഖനങ്ങളെ അധികരിച്ച് അദ്ദേഹമെഴുതിയ വ്യാഖ്യാനങ്ങൾ അത്യധികം ആഴമേറിയതും നിസ്തുലങ്ങളുമാണ്. കുറച്ചുകാലം കഴിഞ്ഞപ്പോൾ അദ്ദേഹം വീണ്ടും പഴയനിയമ പഠനവേദിയിലെത്തി. പ്രോട്ടസ്റ്റന്റ് പണ്ഡിതവേദി യുക്തിവാദത്തിന്റെയും അജ്ഞേയവാദത്തിന്റെയും പിടിയിലമർന്ന് ഉപയോഗിച്ചുവന്ന ചരിത്രാത്മകവിമർശന വ്യാഖ്യാനരീതി (historical - critical method) പ്രസ്തുത സ്വാധീനങ്ങൾ ഒഴിവാക്കി കത്തോലിക്കാവേദിയിലേക്കു കൊണ്ടുവരുകയും അപ്രകാരം കത്തോലിക്കാ വ്യാഖ്യാനവേദിയെ ചലിപ്പിക്കുകയും ചെയ്തുവെന്നതാണ് ഫാദർ ലഗ്രാഞ്ചിന്റെ മുഖ്യനേട്ടം.

### 3. പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷൻ (PBC) : 1902

ഫാദർ ലഗ്രാഞ്ച് മുന്നോട്ടുള്ള ഗമനത്തിനു തുടക്കംകുറിച്ചെങ്കിലും സഭയിൽ അദ്ദേഹത്തിന്റെ ആഭിമുഖ്യങ്ങൾ ഉൾക്കൊള്ളാൻ പ്രാപ്തരായ അധികമാളുകൾ ഉണ്ടായിരുന്നില്ല. മാത്രമല്ല, അക്കാലത്തുതന്നെ A. Loisy യുടെ നേതൃത്വത്തിൽ സഭയിൽ "modernism" എന്ന പാഷണ്ഡത ആഞ്ഞടിക്കാനും തുടങ്ങിയിരുന്നു. പാരീസിലെ Catholic Institute-ലെ ഹീബ്രു ഭാഷാപണ്ഡിതനും ബൈബിൾവ്യാഖ്യാതാവുമായ A. Loisy തീർത്തും അതിരുകടന്ന ഒരു ദിശയിലേക്കു നീങ്ങിത്തുടങ്ങി. അമിതനിരൂപണവും (hyper criticism) അജ്ഞേയവാദവും (skepticism) അദ്ദേഹത്തിന്റെ വ്യാഖ്യാനരീതിയിൽ കടന്നുകൂടി. അത് modernismത്തിലേക്ക് നയിച്ചു. ഈ പശ്ചാത്തലത്തിലാണ് 1902-ൽ, തന്റെ മരണത്തിന് ഒരു വർഷം മുമ്പ്, ലെയോ പതിമൂന്നാമൻ പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷൻ രൂപീകരിച്ചത്. ബൈബിൾപഠനവേദിയിലെ പണ്ഡിതന്മാർ കൺസൾട്ടർമാരായിരുന്ന കർദ്ദിനാളന്മാരുടെ ഈ കമ്മീഷൻ സഭയുടെ ഔദ്യോഗികമായി പഠിപ്പിക്കുന്ന ഒരു ഭാഗമായിരുന്നു (an organ of the magisterium). ഈ കമ്മീഷൻ സംശയങ്ങൾക്ക് മറുപടി നല്കിവന്നു. പ്രസ്തുത മറുപടികൾ കത്തോലിക്കർ അംഗീകരിക്കേണ്ട ഡിക്രികളായിരുന്നു. 1905 മുതൽ തുടർന്നുള്ള നാല് ദശകങ്ങളിലായി ഈ കമ്മീഷൻ പുറപ്പെടുവിച്ച മറുപടികൾ (responses) മിക്കവയും തികച്ചും യാഥാസ്ഥിതികവും ശരിയായ ശാസ്ത്രീയഗവേഷണം പ്രോത്സാഹിപ്പിക്കാത്തവയുമായിരുന്നു. ഉത്പത്തിപ്പുസ്തകത്തിലെ ആദ്യ 11



www.malankaralibrary.com

അദ്ധ്യായങ്ങളുടെ ചരിത്രപരത, ഒന്നാമത്തെ സുവിശേഷമായി മത്തായിയുടെ സുവിശേഷം രചിക്കപ്പെട്ടെന്നുള്ള വാദം എന്നിവ ശാസ്ത്രീയമായി വ്യാഖ്യാതാക്കൾ ചോദ്യംചെയ്തപ്പോൾ അവയെല്ലാം കമ്മീഷൻ നിരാകരിച്ചു. കമ്മീഷന്റെ ഡിക്രികൾ കത്തോലിക്കാവ്യാഖ്യാതാക്കളെയും അവരുടെ പ്രവർത്തനത്തെയും ജീവിതത്തെയും അസ്വസ്ഥജനകമാക്കിയെങ്കിലും വ്യാഖ്യാനപ്രക്രിയയുടെ മുന്നോട്ടുള്ള ഗമനം നിഷ്പ്രയാസം നിയന്ത്രിക്കാവുന്നതായിരുന്നില്ല. ഇന്ന് പ്രസ്തുത ഡിക്രികൾക്ക് ചരിത്രപരമായ പ്രാധാന്യം മാത്രമേയുള്ളൂ.

### 4. Spiritus Paraclitus

ബെനഡിക്ട് പതിനഞ്ചാമന്റെ 1920-ലെ ഈ ചാക്രികലേഖനം ആ കാലഘട്ടത്തിന്റെ പ്രശ്നങ്ങളാൽ അലട്ടപ്പെട്ടതായിരുന്നു. ആ കാലത്തെ ആധുനികമായ ബൈബിൾവ്യാഖ്യാനരീതികളോട് അദ്ദേഹം ലെയോ 13-ാമന്റെ സമീപനത്തെക്കാൾ അല്പം പുറകോട്ടുപോകുന്ന രീതിയിലായിരുന്നു പ്രതികരിച്ചത്. ബൈബിളിന്റെ ചരിത്രപരത സംബന്ധിച്ച് അദ്ദേഹം കൂടുതൽ ശാഠ്യംപിടിച്ചു. മാർപാപ്പാ വ്യാഖ്യാതാക്കളെ അല്പമായി ശ്ലാഘിച്ചെങ്കിലും ആദ്ധ്യാത്മികമായ പൂർണത നേടുക, വിശ്വാസം സംരക്ഷിക്കുക, ദൈവവചനം ഫലപ്രദമായി പ്രസംഗിക്കുക എന്നിവയാണ് ബൈബിൾ പഠനത്തിന്റെ ലക്ഷ്യമെന്നു പഠിപ്പിക്കുകയുണ്ടായി.

### 5. Divino afflante Spiritu എന്ന ചാക്രികലേഖനം

പന്ത്രണ്ടാം പീയൂസ് മാർപാപ്പായുടെ "ദിവീനോ അഫ്ളാന്തേ സ്പിരിത്തു" എന്ന ചാക്രിക ലേഖനം വഴിയായി കത്തോലിക്കാബൈബിൾവ്യാഖ്യാനരംഗത്ത് പുതിയൊരു യുഗം ആരംഭിക്കുകയായി. അരനൂറ്റാണ്ടായി കത്തോലിക്കാവ്യാഖ്യാതാക്കൾ അനുഭവിച്ചുവന്ന വ്യഥ അകറ്റാനും പുതിയ പന്ഥാവുകൾ വെട്ടിത്തുറക്കാനും പ്രസ്തുത ചാക്രികലേഖനത്തിനു സാധിച്ചു. വ്യാഖ്യാനം സംബന്ധിച്ചിടത്തോളം മൂന്നു കാര്യങ്ങൾ ഈ ലേഖനത്തിൽ നിന്ന് ശ്രദ്ധേയമായി എടുത്തുപറയാം.

i. ബൈബിളിന്റെ മൂലഭാഷയിലുള്ള പ്രതികളിലേക്കു തിരിയുക (turn to the original texts). വിശുദ്ധ അഗസ്റ്റിൻ ശുപാർശചെയ്തിരുന്നതും വിശുദ്ധ ജെറോമും 16-ം 17-ം നൂറ്റാണ്ടിലെ വ്യാഖ്യാതാക്കളും പ്രാവർത്തികമാക്കിയതുമായ മൂലഭാഷകളിലെ പ്രതികളിലേക്കു തിരിയുന്നതിന്റെ ആവശ്യകതയെക്കുറിച്ച് മാർപാപ്പാ ഊന്നിപ്പറഞ്ഞു. അതു വഴിയാണ് ദൈവത്താൽ നിവേശിതമായി രചന നടത്തിയ ഗ്രന്ഥകർത്താവുമായി യഥാർത്ഥമായി സംഗമിക്കാൻ സാധിക്കുന്നത്. ഇപ്രകാരമുള്ള സമീപനം പാഠഭാഗനിരൂപണ (textual criticism) ത്തിന് വളരെയേറെ പ്രോത്സാഹനം നല്കി. മൂലഭാഷയിലെ ആദ്യ കൈയെഴുത്തുപ്രതികൾ നമ്മുടെ കൈവശമില്ലാത്തതിനാലും തുടർന്നുള്ള കൈയെഴുത്തു വഴി ഉണ്ടായ കോപ്പികളിൽ അനേകം



www.malankaralibrary.com

വ്യത്യാസങ്ങൾ കാണുന്നതിനാലും ഗവേഷണങ്ങളാൽ പണ്ഡിതർ ശാസ്ത്രീയമായി നിരൂപിച്ചെടുക്കുന്ന സാങ്കല്പിക മൂലകൃതികളുടെ ആവശ്യം അപ്രകാരം മാർപാപ്പാ അംഗീകരിക്കുകയുണ്ടായി.

ii. വ്യാഖ്യാനപ്രക്രിയവഴി സസൂക്ഷ്മം കണ്ടെത്താൻ ശ്രമിക്കേണ്ടത് വേദഭാഗങ്ങളുടെ യഥാർത്ഥ വാച്യാർത്ഥ (literal sense) മാണ്; അക്ഷരവാദപരമായ അർത്ഥ (literalist sense) മല്ല. ലെയോ പതിമൂന്നാമൻ ഇക്കാര്യം പറഞ്ഞിരുന്നതാണ്. എന്നാൽ വാച്യാർത്ഥം അതിന്റെ എല്ലാവശങ്ങളെയും സ്പർശിച്ച് അതിന്റെ പൂർണതയിൽ കണ്ടെത്തണമെന്ന് പന്ത്രണ്ടാം പീയൂസ് പഠിപ്പിച്ചു. വാച്യാർത്ഥമെന്നു പറയുമ്പോൾ പാഠഭാഗ (text) ത്തിന്റെ ചരിത്രപരവും പുരാവസ്തുഗവേഷണപരവും (archaelogical) ഭാഷാശാസ്ത്രപരവു (philological) മായ അർത്ഥം കണ്ടെത്തുന്നതിൽ മാത്രം ഒതുങ്ങുന്നതാകാൻ പാടുള്ളതല്ല, പ്രത്യുത, പാഠഭാഗത്തിന്റെ ദൈവശാസ്ത്രപരമായ ആശയം വെളിച്ചത്തുകൊണ്ടുവരാൻ വ്യാഖ്യാതാവ് ശ്രദ്ധിക്കേണ്ടതാണ്. കാരണം, അതാണല്ലോ പ്രധാനമായും വിശ്വാസത്തെയും ധാർമ്മികതയെയും സ്പർശിക്കുന്നത്. 1943 നുശേഷം വചനാധിഷ്ഠിത ദൈവശാസ്ത്ര (Biblical theology) ത്തിലുണ്ടായ വലിയ പുരോഗതിയുടെ കാരണം ഇത്തരത്തിലുള്ള വാച്യാർത്ഥം കണ്ടെത്തണം എന്ന നിഷ്കർഷയാണ്. അതേസമയം വാച്യാർത്ഥം കണ്ടുപിടിക്കണം എന്ന നിർബന്ധം ആദ്ധ്യാത്മിക അർത്ഥം (spiritual sense) നിഷേധിച്ചുകൊണ്ടായിരുന്നില്ല. കാരണം, വാച്യാർത്ഥത്തോടൊപ്പം ആദ്ധ്യാത്മിക അർത്ഥവും പാഠഭാഗത്തു പ്രതിഷ്ഠിച്ചത് ദൈവം തന്നെയാണ്.

iii. വ്യാഖ്യാനത്തിലെ പരമപ്രധാനമായ നിയമം ഗ്രന്ഥകാരൻ എന്താണു പറയാൻ ആഗ്രഹിച്ചതെന്നു കണ്ടുപിടിക്കുകയും ഉറപ്പിക്കുകയും ചെയ്യുക എന്നതാണ്. ഇക്കാര്യം വ്യാകരണഭാഷാശാസ്ത്ര അപഗ്രഥനമോ സന്ദർഭാവലോകനമോ കൊണ്ട് അവസാനിക്കുന്നില്ല. മാർപാപ്പായുടെ ഭാഷയിൽ, വ്യാഖ്യാതാവ് അരൂപിയിൽ പൗരസ്ത്യദേശങ്ങളിലെ ആ പഴയ നൂറ്റാണ്ടുകളിലേക്ക് തിരികെ പോകണം. അങ്ങനെ ചരിത്രത്തിന്റെയും പുരാവസ്തുഗവേഷണശാസ്ത്രത്തി (archaeology) ന്റെയും വംശീയ ശാസ്ത്രത്തിന്റെയും (ethnology) മറ്റ് ശാസ്ത്രങ്ങളുടെയും സഹായത്തോടെ ആ കാലഘട്ടത്തിലെ ഗ്രന്ഥകാരൻ ഏതുതരം സാഹിത്യരൂപ (literary genre) മാണ് അവലംബിച്ചതെന്നു കണ്ടുപിടിക്കണം. ഏതൊക്കെ സാഹിത്യരൂപങ്ങളാണ് ഉപയോഗിച്ചിരിക്കുന്നതെന്ന് മുൻകൂറായുള്ള അറിവിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കാവുന്നതല്ല. പുരാതന പൗരസ്ത്യസാഹിത്യം സസൂക്ഷ്മം പരിശോധിച്ചശേഷം മാത്രമേ അതു സാധ്യമാകൂ. എന്തെന്നാൽ, പൗരാണിക പൗരസ്ത്യർ ഉപയോഗിച്ചിരുന്ന സാഹിത്യരൂപങ്ങൾ ഒന്നുപോലും ബൈബിളിൽ സന്നിഹിതമില്ലാതില്ല. കാരണം, ബൈബിളിൽ ദൈവികകാര്യങ്ങൾ വിശുദ്ധഗ്രന്ഥകാരൻ അവതരിപ്പിച്ചത്, എപ്രകാരം മാനുഷികകാര്യങ്ങൾ സാധാരണമായി അവതരിപ്പിച്ചുവന്നുവോ അപ്രകാരംതന്നെയാണ്. ദൈവവചനം



www.malankaralibrary.com

മാംസം ധരിക്കുകവഴി മനുഷ്യരോട് പാപമൊഴികെ എല്ലാറ്റിനും സദൃശ്യമായതുപോലെ, മനുഷ്യരുടെ ഭാഷയിലാകുന്ന ദൈവത്തിന്റെ വചനങ്ങൾ തെറ്റുകൾ കൂടാതെ മാനുഷികഭാഷയിൽത്തന്നെയാണ് അവതരിപ്പിക്കപ്പെടുന്നത്. വിശുദ്ധ ജോൺ ക്രിസോസ്റ്റോം പലപ്പോഴും പഠിപ്പിച്ചിട്ടുള്ള ദൈവപരിപാലനയുടെ "കുനിഞ്ഞിറങ്ങൽ" (condescension) ഈ പ്രക്രിയയിൽ കാണാൻ സാധിക്കും. ഇവ്വിധം പഠിപ്പിക്കുകവഴി ചരിത്രാത്മക വിമർശനം (historical-critical method) മാർപാപ്പാ അംഗീകരിക്കുകയായിരുന്നു. അങ്ങനെ ശാസ്ത്രീയമായ ബൈബിൾപഠനത്തിനുള്ള ആധാരവും ശക്തമായ പിന്തുണയും പ്രോത്സാഹനവും നല്കുന്ന ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും പ്രധാനപ്പെട്ട മാർഗ്ഗരേഖയായിത്തീർന്നു പീയൂസ് പന്ത്രണ്ടാമന്റെ ഈ ചാക്രികലേഖനം.

### 6. സഭയുടെ പ്രബോധനാധികാരവേദി (Magisterium) യിൽ നിന്ന് തുടർന്നുള്ള പ്രബോധനങ്ങൾ

1943-ൽ രണ്ടാംലോകമഹായുദ്ധത്തിന്റെ മദ്ധ്യേ പുറപ്പെടുവിച്ച "ദിവീനോ അഫ്ളാന്തേ സ്പിരിത്തു" ആദ്യം അധികം പ്രതിഫലനങ്ങൾ ഉണ്ടാക്കിയില്ല. യുദ്ധം കഴിഞ്ഞ ഉടനേ വ്യാഖ്യാതാക്കൾ അതീവസ ന്തോഷത്തോടെ ചാക്രികലേഖനത്തിന്റെ ആഭിമുഖ്യങ്ങൾ സ്വീകരിക്കാൻ തുടങ്ങി. എന്നാൽ ഒരു വസ്തുത കീറാമുട്ടിയായിനിന്നു: അതായത്, ചാക്രികലേഖനം വളരെ തുറവുള്ള ഒന്നായിരുന്നെങ്കിലും 1905 മുതൽ ബിബ്ലിക്കൽ കമ്മീഷൻ ഡിക്രി മുഖേന നല്കിയിരുന്ന ഉത്തരങ്ങളും തീരുമാനങ്ങളും നിലനില്ക്കുന്നതാണോ എന്ന ചോദ്യം. കാരണം, മുകളിൽ സൂചിപ്പിച്ചതുപോലെ ബിബ്ലിക്കൽ കമ്മീഷന്റെ ഡിക്രികളെ കത്തോലിക്കരെല്ലാവരുംതന്നെ തങ്ങളുടെ വിശ്വാസത്തിന്റെ ഭാഗമായി അംഗീകരിക്കാൻ ബാധ്യസ്ഥരായിരുന്നു. പ്രസ്തുത ഡിക്രികളെക്കുറിച്ച് ചാക്രികലേഖനം ഒന്നുംതന്നെ പറയാതിരുന്നത് വ്യാഖ്യാതാക്കൾക്ക് വലിയ വിനയായി മാറി.

### 6.1 കർദ്ദിനാൾ സുഹാർഡിനെഴുതിയ കത്ത് (16 ജനുവരി 1948)

പ്രസ്തുതപ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായി പാരീസിലെ കർദ്ദിനാൾ സുഹാർഡ് മാർപാപ്പായ്ക്ക് ഒരു കത്തയച്ചു. പഞ്ചഗ്രന്ഥിയുടെ ഉറവിടങ്ങളെ (sources) ക്കുറിച്ചും ഉൽപത്തിപ്പുസ്തകത്തിലെ ആദ്യ 11 അദ്ധ്യായങ്ങളെക്കുറിച്ചും എന്തു ധരിക്കണമെന്ന് അതിൽ ആരായുകയുണ്ടായി. ബിബ്ലിക്കൽകമ്മീഷൻ ഇവയെക്കുറിച്ചു നല്കിയിരുന്ന ഉത്തരം, സഭയുടെ സ്ഥിരമായ പാരമ്പര്യം എന്തു കരുതിപ്പോന്നുവോ അപ്രകാരംതന്നെ കരുതണം എന്നായിരുന്നു. പ്രസ്തുത കത്തിനുള്ള മറുപടി മാർപാപ്പായുടെ അംഗീകാരത്തോടെ ബിബ്ലിക്കൽ കമ്മീഷന്റെ പക്കൽ നിന്നാണു വന്നത്. ഉത്തരം സമ്പൂർണമായി വ്യക്തമായിരുന്നില്ലെങ്കിൽപ്പോലും പ്രസ്തുതകാര്യങ്ങളെപ്പറ്റി കഴിഞ്ഞ 40 വർഷങ്ങളിലായി ഉരുത്തിരിഞ്ഞ ആഭിമുഖ്യങ്ങളുടെയും തദനുസാരമുണ്ടായ ഫലങ്ങളുടെയും



www.malankaralibrary.com

അടിസ്ഥാനത്തിൽ ശാസ്ത്രീയമായി പുനരവലോകനം ചെയ്യുന്നതിൽ തെറ്റില്ല എന്നു പറയുകയുണ്ടായി. അങ്ങനെ ചാക്രികലേഖനത്തിൽ നിറഞ്ഞുനിന്ന സ്വാതന്ത്ര്യത്തിന്റെ അന്തരീക്ഷം സ്ഥിരീകരിക്കപ്പെട്ടു.

ഇതൊക്കെ ആയിരുന്നെങ്കിലും സമ്പൂർണ്ണ തുറവ് എല്ലാ കാര്യങ്ങളിലും നിഴലിച്ചിരുന്നു എന്നു പറയാനാവില്ല. കാരണം 50-കളുടെ അവസാനത്തിലും 60-കളുടെ തുടക്കത്തിലും റോമിലെ ബിബ്ലിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ചില പ്രൊഫസർമാർക്കെതിരേ ഏറെ ആക്ഷേപമുയർന്നിരുന്നു. അവരുടെ പ്രബോധനങ്ങൾ പുരോഗമനവാദപരമാണെന്നതായിരുന്നു അത്. അതിനാൽ 1962-ൽ ഫാദർ ലിയോണേയും ഫാദർ സെർവിക്കും അവരുടെ അദ്ധ്യാപകജോലിയിൽനിന്നു സസ്പെന്റ് ചെയ്യപ്പെട്ടു. ഭാഗ്യവശാൽ, പോൾ ആറാമൻ മാർപാപ്പാ സ്ഥാനമേറ്റ ഉടൻതന്നെ ഈ പ്രൊഫസർമാരെ തിരിച്ചെടുത്തു.

### 6.2 സുവിശേഷങ്ങളുടെ ചരിത്രപരതയെക്കുറിച്ചുള്ള ബിബ്ലിക്കൽ കമ്മീഷൻ പ്രബോധനം (1964)

വ്യാഖ്യാനത്തിലെ പുതിയ ഉപകരണങ്ങളുപയോഗിച്ചുള്ള ഗമനം പ്രശ്നരഹിതമല്ലായിരുന്നു വെന്ന് ഇതിനകം വ്യക്തമായിട്ടുണ്ടല്ലോ. ബിബ്ലിക്കൽ കമ്മീഷൻ ആദ്യമൊക്കെ നിഷേധാത്മകസമീപനങ്ങൾ നടത്തിയെങ്കിലും പിന്നീട് അത് ഏറെ പ്രോത്സാഹജനകമായിത്തീർന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ നടന്നുകൊണ്ടിരിക്കുന്നതിനിടയ്ക്ക് 1964 ഏപ്രിൽ 24-ാം തീയതി പ്രസ്തുത കമ്മീഷൻ പുറപ്പെടുവിച്ച "Instruction on the Historical Truth of the Gospels" എന്ന രേഖ അതീവ പ്രോത്സാഹജനകമായിരുന്നു. പാരമ്പര്യത്തിന്റെ പല പാളികൾ (layers) അഥവാ ഘട്ടങ്ങൾ ഉൾച്ചേർന്നാണ് സുവിശേഷങ്ങൾ രൂപപ്പെട്ടിരിക്കുന്നതെന്നും അക്കാരണത്താൽ കൃത്യമായുള്ള സമയബന്ധിതമായ യേശുചരിതമല്ല സുവിശേ ഷങ്ങളെന്നും ഈ പ്രബോധനം പറയുകയുണ്ടായി. ബൈബിൾപഠനവേദിയിലെ അന്നുവരെയുള്ള അന്വേഷണ ഫലങ്ങൾ സ്വീകാര്യമാക്കുന്നതും തുടർന്നു ശാസ്ത്രീയമായ നിരൂപണാത്മകപഠനത്തിനു പിൻതാങ്ങ് പ്രഖ്യാപിക്കുന്നതുമായിരുന്നു ഈ പ്രബോധനം.

### 7. ദൈവാവിഷ്കരണം (Dei Verbum)

വിശുദ്ധഗ്രന്ഥവായനയ്ക്കും അതിന്റെ ശാസ്ത്രീയമായ പഠനത്തിനും Dei Verbum നല്കിയ മാർഗനിർദ്ദേശങ്ങളും പ്രോത്സാഹനവും അതുല്യമാണ്. കൗൺസിൽകാലംവരെ പറഞ്ഞുവന്നിരുന്ന ചൊല്ല്, "പ്രോട്ടസ്റ്റന്റ് സഭകൾക്ക് ബൈബിളും കത്തോലിക്കാസഭയ്ക്ക് ദിവ്യകാരുണ്യവും മറ്റു കൂദാശകളും" എന്നായിരുന്നു. എന്നാൽ, കൗൺസിലിലൂടെ സഭ വചനത്തെയും കൂദാശ യെയും ഒന്നുപോലെ ആശ്ലേഷിക്കുന്ന ഒരു സന്തുലിതാവസ്ഥ കടന്നുവന്നു.



www.malankaralibrary.com

Dei Verbum സഭയെ ഒരു ശ്രവിക്കുന്ന സമൂഹ (listening community) മായി മാറാൻ ക്ഷണിച്ചു.

**8. പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷൻ (PBC)**

**'സഭയിൽ ബൈബിൾ വ്യാഖ്യാനം'**: Divino afflante Spirituനുശേഷം ഏറെ ഭാവാത്മകമായ സമീപനം സ്വീകരിച്ചുവന്ന പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷൻ 'സഭയിൽ ബൈബിൾ വ്യാഖ്യാനം' എന്ന 1993-ലെ പ്രമാണരേഖ യിലൂടെ കത്തോലിക്കാവിശുദ്ധഗ്രന്ഥവ്യാഖ്യാനം അതിന്റെ പ്രായപൂർത്തി യിലെത്തിയെന്നു തെളിയിച്ചു. ചരിത്രാത്മകവ്യാഖ്യാനരീതിയുടെ അനിവാ ര്യതയിലേക്ക് ഈ പ്രമാണരേഖ വിരൽചൂണ്ടുന്നു. അതേസമയം, അതിന്റെ പോരായ്മകളും ചൂണ്ടിക്കാണിക്കുന്നു. ഇതരവ്യാഖ്യാനരീതികളായ Literary analysis (ആഖ്യാന വിശകലനരീതി), Rhetorical analysis (അലങ്കാരശാസ്ത്ര പൂർണഅപഗ്രഥനം), Semiotic analysis (അടയാളശാസ്ത്രപരമായ അപ ഗ്രഥനം) എന്നിവയെയും പുതിയ സമീപനരീതികളായ Feminist approach (സ്ത്രീപക്ഷപരമായ സമീപനരീതി), Liberationist approach (വിമോചന പരമായ സമീപനരീതി), Canonical approach (കാനൻപരമായ സമീപന രീതി) തുടങ്ങിയവ അവതരിപ്പിക്കുകയും അവയെ നിരൂപണാത്മകമായി നോക്കിക്കാണുകയും ചെയ്യുന്നു. സഭയിൽ വളരെയേറെ സ്വീകാര്യത നേടിയ ഒരു പ്രമാണരേഖയാണിത്. കത്തോലിക്കാസഭയിൽ മാത്രമല്ല, ഇതര സഭക ളിലും ഈ പ്രമാണരേഖ ഏറെ വിലമതിക്കപ്പെട്ട ഒന്നായി മാറി.

പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷൻ 2001-ൽ പുറപ്പെടുവിച്ച The Jewish People and Their Sacred Scriptures in the Christian Bible എന്ന പ്രമാ ണരേഖ യഹൂദ ക്രൈസ്തവ സംവാദത്തിന് ഏറെ മുതല്ക്കൂട്ടായ ഒന്നാണ്. പഴയനിയമം യഹൂദരുടെ പുസ്തകമാണെന്നും ക്രൈസ്തവർക്ക് രണ്ടായിരം വർഷത്തിലേറെയായി യഹൂദർ നടത്തിവരുന്ന ബൈബിൾവ്യാഖ്യാനരീതി യിൽനിന്ന് ഒരുപാട് കാര്യങ്ങൾ പഠിക്കാനാകുമെന്നും പ്രമാണരേഖ പറയു ന്നു (22).

പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷന്റെ 2008-ലെ Bible and Morality എന്ന പ്രമാണരേഖ ദൈവശാസ്ത്രപ്രക്രിയ നടത്തുന്നത് സത്യങ്ങൾ നിർവ ചിച്ചുകൊണ്ടല്ല, പ്രത്യുത നമ്മുടെ വിശ്വാസം വിവരിച്ചുകൊണ്ടും അതിന് സാധാരണ ജീവിതത്തിലുള്ള പ്രസക്തി എന്താണെന്ന് അന്വേഷിച്ചുകൊ ണ്ടുമാകണമെന്ന കൗൺസിലിന്റെ ദൈവശാസ്ത്രസമീപനരീതി അവലംബി ക്കുന്ന ബൈബിൾ വിജ്ഞാനീയപരമായ ഒരു ഗ്രന്ഥമാണ്.

**9. Verbum Dominiയുടെ സാംഗത്യം**

1993 ഏപ്രിൽ 15-ാം തീയതി 'സഭയിൽ ബൈബിൾ വ്യാഖ്യാനം' എന്ന പ്രമാ ണരേഖ പുറത്തുവന്നെങ്കിലും ആ വർഷംതന്നെ ജൂലൈ 10-ാം തീയതി



www.malankaralibrary.com

Tablet എന്ന വീക്കിലിയിൽ, അന്നു മിലാനിലെ ആർച്ചുബിഷപ്പായിരുന്ന വിശ്വ പ്രസിദ്ധനായ ബൈബിൾപണ്ഡിതൻ കർദ്ദിനാൾ മർത്തീനി ദൈവവചനം സംബന്ധിച്ച ഒരു സിനഡ് നടത്തുന്നതിന്റെ ആവശ്യകതയെക്കുറിച്ച് പറഞ്ഞിരുന്നു. കൗൺസിലും ഇതരപ്രമാണരേഖകളും ഒക്കെവഴിയായി സഭ എങ്ങനെ ബൈബിളിനോടുള്ള നവസമീപനത്തിൽ മുന്നേറി എന്നതിനെക്കുറിച്ചുള്ള കൂട്ടായ വിചിന്തനം നടത്തണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. കാരണം, പല ചോദ്യങ്ങളും ഉന്നയിക്കപ്പെട്ടു: കത്തോലിക്കരുടെ ജീവിതത്തിൽ ബൈബിൾവായനയും അതിനോടനുബന്ധിച്ചുള്ള പ്രാർത്ഥനയും ശരിയായി സ്ഥാനംപിടിച്ചിട്ടുണ്ടോ? ക്രൈസ്തവ കുടുംബങ്ങളിൽ ബൈബിൾ വായിക്കപ്പെടുന്നുണ്ടോ? ബൈബിൾ യഥോചിതം ദിവ്യപൂജയിലെ പ്രസംഗത്തിന് ആധാരമാകുന്നുണ്ടോ? ആരാധനക്രമത്തിലും കൗദാശികാനുഷ്ഠാനങ്ങളിലും ഭക്താഭ്യാസങ്ങളിലും ബൈബിൾ ഉത്തമമായ സ്ഥാനംപിടിച്ചിട്ടുണ്ടോ? സാമൂഹികജീവിതത്തിലും സാധാരണയുള്ള വ്യവഹാരത്തിലും എങ്ങനെ ബൈബിൾ ആധാരമായി നില്ക്കുന്നു?

ഏതാണ്ട് ഈ ചോദ്യങ്ങളോടു ചേർന്നുപോകുന്ന കാര്യങ്ങൾതന്നെയാണ് തന്റെ അപ്പസ്തോലികലേഖനത്തിന്റെ ഉദ്ദേശ്യലക്ഷ്യമായി പാപ്പാ റാറ്റ്സിംഗർ അവതരിപ്പിക്കുന്നത്: "സഭാജീവിതത്തിൽ സിനഡിന് മൂർത്തമായ ഫലമുളവാക്കാൻ കഴിയണമെന്നാണ് ഈ അപ്പസ്തോലികാഹ്വാനംകൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത്: വിശുദ്ധ ലിഖിതങ്ങളോടുള്ള നമ്മുടെ വ്യക്തിപരമായ ബന്ധത്തിലും അവയുടെ വ്യാഖ്യാനത്തിലും ശാസ്ത്രീയമായ ഗവേഷണത്തിലും ലിറ്റർജിയിലും മതബോധനത്തിലുമുള്ള ഫലം. അങ്ങനെ ബൈബിൾ കേവലം പഴയകാലത്തെ ഒരു വചനമായിരിക്കാതെ സജീവവും കാലോചിതവുമായ വചനമായി മാറും" (VD 5). "അങ്ങനെ സ്ഥിരനവീകരണത്തിനുള്ള ഉറവിടമെന്ന നിലയിൽ, സഭയുടെ ജീവിതത്തിൽ ദൈവവചനം വീണ്ടും കണ്ടെത്താനുള്ള ചില മൗലികസമീപനങ്ങൾ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതേസമയം, സഭാപരമായ സകലപ്രവർത്തനങ്ങളുടെയും കേന്ദ്രത്തിൽ വചനം പൂർവാധികം പൂർണമായി നിലകൊള്ളുമെന്നും ഞാൻ പ്രത്യാശിക്കുന്നു" (VD 1).

ദൈവവചനത്തെക്കുറിച്ച് ദീർഘമായി പ്രതിപാദിക്കുന്ന ആദ്യഭാഗത്ത് (6-49) അതിന്റെ വ്യാഖ്യാനം സംബന്ധിച്ച് മാർപാപ്പാ ഏറെ ശ്രദ്ധ കാട്ടിയിരിക്കുന്നതു കാണാം. ബൈബിളിനോട് ചരിത്രാത്മക വിമർശന വ്യാഖ്യാനരീതി ഉപയോഗിക്കുകവഴിയായുള്ള ശാസ്ത്രീയസമീപനം അതിന്റെ വിശ്വാസ/ദൈവശാസ്ത്രവശം ചോർത്തിക്കളഞ്ഞോ എന്ന സംശയം നിലനില്ക്കുന്നതായി തോന്നുന്നു. അതിനാൽ, 'സഭയിൽ ബൈബിൾ വ്യാഖ്യാനം' എന്ന പ്രമാണരേഖ ഉദ്ധരിച്ചുകൊണ്ട് മാർപാപ്പാ എഴുതുന്നു: "കത്തോലിക്കാവ്യാഖ്യാതാക്കൾ വ്യാഖ്യാനത്തിൽ ദൈവത്തിന്റെ വചനമാണു വ്യാഖ്യാനിക്കുന്നതെന്ന കാര്യം ഒരിക്കലും മറക്കരുത്. ഉറവിടങ്ങൾ ഏതെന്നു നിശ്ചയിക്കുക, രൂപം നിർവചിക്കുക, സാഹിത്യപരമായ പ്രക്രിയകൾ വിശ



www.malankaralibrary.com

ദീകരിക്കുക എന്നിവകൊണ്ട് അവരുടെ പൊതുദൗത്യം പൂർത്തിയാകുന്നില്ല. ഈ കാലഘട്ടത്തിനുള്ള ദൈവവചനമെന്ന നിലയിൽ ബൈബിൾ പഠനത്തിന്റെ അർത്ഥം വിശദീകരിച്ചുകഴിയുമ്പോൾ മാത്രമാണ് അവർ തങ്ങളുടെ ജോലിയുടെ യഥാർത്ഥ ലക്ഷ്യത്തിൽ എത്തിച്ചേരുന്നത്" (VD 33).

ഈ ഉദ്യമത്തിന് Dei Verbum 12-ന്റെ ചുവടുപിടിച്ച് മാർപാപ്പാ മൂന്ന് പ്രായോഗിക നിർദ്ദേശങ്ങൾ വയ്ക്കുന്നു: 1. മുഴുവൻ വിശുദ്ധലിഖിതങ്ങളുടെയും ഐക്യം ശ്രദ്ധിച്ചുകൊണ്ടുവേണം വേദഗ്രന്ഥപാഠം വ്യാഖ്യാനിക്കാൻ. ഇക്കാലത്ത് ഈ രീതിയെ കാനോനിക്കൽ വ്യാഖ്യാനശാസ്ത്രമെന്നു വിളിക്കുന്നു. 2. മുഴുവൻ സഭയുടെയും സജീവപാരമ്പര്യം പരിഗണിക്കണം. 3. വിശ്വാസത്തിന്റെ സാദൃശ്യം ആദരിക്കണം (VD 34). അതിനാൽ വേദഗ്രന്ഥഭാഗങ്ങളുടെ വാച്യാർത്ഥവും അതോടൊപ്പംതന്നെ ആദ്ധ്യാത്മിക അർത്ഥവും കണ്ടുപിടിക്കപ്പെടേണ്ടതാണ് (VD 37-38).

മാർപാപ്പാ നിർദ്ദേശിക്കുന്ന കാനോനികസമീപനം എന്നു പറയുന്നത് അന്യൂനമാണെന്നു കരുതാവുന്നതല്ല. കാരണം, കത്തോലിക്കരുടെ കാനനും പ്രോട്ടസ്റ്റന്റുകാരുടെ കാനനും വ്യത്യസ്തങ്ങളാണല്ലോ. മാത്രമല്ല, ഈ സമീപനത്തിന്റെ മുഖ്യപ്രണേതാക്കളായ B.S. Childs-ഉം J.A. Sanders-ഉം പ്രോട്ടസ്റ്റന്റ് വ്യാഖ്യാതാക്കളാണ്.

എന്നാലും ദൈവശാസ്ത്രപരമായ വ്യാഖ്യാനത്തിന്റെ ആവശ്യകത തള്ളിക്കളയാനാവില്ല. അത് ശാസ്ത്രീയമായ വ്യാഖ്യാനവും വിശ്വാസവും തമ്മിലുള്ള വിടവ് നികത്താൻ പോരുന്നതായിരിക്കും.

**ഉപസംഹാരം**

പ്രോട്ടസ്റ്റന്റ് ബൈബിൾവ്യാഖ്യാനപ്രക്രിയയിൽ 17-ഉം 18-ഉം 19-ഉം നൂറ്റാണ്ടുകളിൽ നടന്ന ശക്തമായ മുന്നേറ്റം പ്രസ്തുതതലത്തിൽ വളരെ വലിയ പാതകൾ വെട്ടിത്തുറന്നിരുന്നു. അവയെല്ലാം എപ്പോഴും നേരായതും ശരിയായതുമായ വഴികൾ ആയിരുന്നില്ല. 19-ാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേക്കും കാത്തോലിക്കാസഭയ്ക്കും ശാസ്ത്രീയമായ ബൈബിൾ വ്യാഖ്യാനപ്രക്രിയയിലേക്കു കടക്കേണ്ടതിന്റെ അനിവാര്യതയെക്കുറിച്ചുള്ള ബോധ്യമുണ്ടായിത്തുടങ്ങി. 1893-ൽ ലെയോ പതിമൂന്നാമൻ മാർപാപ്പായുടെ ചാക്രികലേഖനത്തിലാണ് അതിന്റെ ആദ്യപടി ഔദ്യോഗികമായി എടുത്തത്. പിന്നീട് മുന്നോട്ടുള്ള ഗമനം ദുർഘടമായിരുന്നെങ്കിലും വ്യാഖ്യാനരംഗത്ത് സഭ മുന്നോട്ടുതന്നെ പോവുകയുണ്ടായി. ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയുടെ ആദ്യദശകങ്ങളിൽത്തന്നെ വളരെ പ്രോത്സാഹജനകവും ഭാവാത്മകവുമായ സമീപനങ്ങൾ ഉണ്ടായിത്തുടങ്ങി. അവയുടെ ഉച്ചസ്ഥിതിയുണ്ടായത് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 'ദൈവാവിഷ്കരണം' (Dei Verbum) എന്ന പ്രമാണരേഖയിലാണെന്നു പറയാം. തുടർന്ന്, 1993-ലെ 'സഭയിൽ ബൈബിൾ



www.malankaralibrary.com

വ്യാഖ്യാനം' എന്ന പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷന്റെ പ്രമാണരേഖ ബൈബിളിനെ ശാസ്ത്രീയമായി വ്യാഖ്യാനിക്കുന്നതിന്റെ വശങ്ങളിലേക്ക് ആഴത്തിൽ പ്രവേശിച്ചു. ഇപ്പോഴത്തെ ഈ സിനഡനന്തര അപ്പസ്തോലി കാഹ്വാനം കൂടുതൽ അജപാലനാത്മകവും വിശ്വാസപരവുമായ പരിഗണ നകൾ ഉൾക്കൊള്ളുന്നതാണ്. വ്യാഖ്യാനം ദൈവശാസ്ത്രപരംകൂടി ആക്കിത്തീർക്കുന്നത് അതു വിശ്വാസിസമൂഹത്തിന് കൂടുതൽ ഉപകാരപ്രദ മാകുമെന്ന് മാർപാപ്പാ സമർത്ഥിക്കുന്നു.

**സഹായക കൃതികൾ**


M. Glibert, "Cinquant'anni di magistero romano sull'eremeneutica biblica: Leone XIII (1893) - Pio XII (1943)," in P. Laghi - M. Gilbert - A. Vanhoye, *Chiesa e Sacra Scrittura. Un secolo di magistero e studi biblici* (SubBi 17; Rome: Pontifical Biblical Institute Publications, 1994) 11-33.

D.P. Beckard, *The Scripture Documents. An Anthology of Official Catholic Teachings* (Collegeville, MN: The Liturgical Press, 2002).

I. Gargano, "Lettura ecclesiale della *Verbum Domini*," *Consacrazione e Servizio* 60 (March 2011) 46-53.

J.S. Kselman-R.D. Witherup, "Modern New Testament Criticism," in *NJBC* (ed. R.E. Brown - J.A. Fitzmyer - R.E. Murphy) (London: Geoffery Chapman, 1989) 1130-1145.

F. Ramirez Fueyo, "Encontrarse con la Palabra de Dios, encontrarse con Cristo. Presentacion de la *Verbum Domini*," *Razon y Fe* 1.347 (January 2011) 17-33.

B. Secondin, "Ha parlato per mezzo del Figlio. Cristologia della Parola," *Consacrazione e Servizio* 60 (March 2011) 7-13.

A. Suelzer - J.S. Kselman, "Modern Old Testament Criticism," in *NJBC* (ed. R.E. Brown - J.A. Fitzmyer - R.E. Murphy) (London: Geoffery Chapman, 1989) 1113-1129.

A. Vanhoye, "Dopo la *Divino afflante Spiritu*. Progressi e problemi dell'esegesi cattolica," in P. Laghi - M. Glibert - A. Vanhoye, *Chiesa a*




www.malankaralibrary.com

*Sacra Scrittura. Un secolo di magistero e studi biblici* (SubBi 17; Rome: Pontifical Biblical Institute Publications, 1994) 35-51.

P.S. Williamson, "Catholic Principles for Interpreting Scripture," *CBQ* 65 (2002) 327-349.

R.D. Witherup, "*Deo Gratias* for *Verbum Domini:* Benedict XVI's Teaching on the Word of God," *Pastoral Review* 7/1 (Jan- Feb 2011) 12-17.



www.malankaralibrary.com

## വിശുദ്ധഗ്രന്ഥത്തിന്റെ സഭാത്മകത

റവ. ഡോ. ജോസഫ് മലേപ്പറമ്പിൽ MCBS



### ആമുഖം

വചനവ്യാഖ്യാനമേഖലയിലെ വികാസപരിണാമങ്ങളിൽ എന്നും ശ്രവിക്കപ്പെടുന്നതും വളരെയധികം പഠനങ്ങൾക്കും ചർച്ചയ്ക്കും വിധേയമായിട്ടുള്ളതുമായ വിഷയമാണ് വിശുദ്ധഗ്രന്ഥത്തിന്റെ സഭാത്മകമാനം. ഇതിന്റെ സാംഗത്യവും പ്രാധാന്യവും അനിവാര്യതയും സഭയുടെ ആരംഭകാലം മുതൽ വിചിന്തനത്തിന് വിധേയമായിട്ടുള്ളതും സഭാപിതാക്കന്മാരുടെ രചനകളിൽ ഇടം നേടിയിട്ടുള്ളതുമാണ്[1].

വിശുദ്ധരായ ജെറോം, ബൊനവന്തൂര, ആഗസ്തീനോസ്, തോമസ് അക്വീനാസ് തുടങ്ങിയ വേദപണ്ഡിതരുടെ ഇതെക്കുറിച്ചുള്ള അഭിപ്രായങ്ങളും സാർവത്രികസഭയുടെ പ്രബോധനങ്ങളിൽ കാണുന്ന വ്യക്തമായ കാഴ്ചപ്പാടുകളും വിശുദ്ധഗ്രന്ഥത്തിന്റെ സഭാത്മകതയുടെ പ്രാധാന്യമാണ് വിശദമാക്കുന്നത്. 1988-ൽ ന്യൂയോർക്കിൽവച്ചുനടന്ന എറാസ്മൂസ് പഠനശിബിരത്തിൽ ഇന്നത്തെ മാർപാപ്പാ ബെനഡിക്ട് 16-ാമൻ നല്കുന്ന ചിന്ത ഇതിനുദാഹരണമായി കാണാം. അദ്ദേഹം തന്റെ പ്രബന്ധത്തിന്റെ ("ബൈബിൾ വ്യാഖ്യാനം പ്രതിസന്ധിയിൽ") ഉപസംഹാരത്തിൽ പറയുന്നു: "ബൈബിൾ വ്യാഖ്യാതാവ് തിരിച്ചറിയേണ്ട ഒരു കാര്യമുണ്ട്. അദ്ദേഹം ചരിത്രത്തിനും സഭയ്ക്കും മുകളിലോ പുറമേയോ തൊടാതെ സ്വസ്ഥാനത്തു നില്ക്കുന്ന ആളല്ല. അത്തരം നിഷ്പക്ഷചരിത്രനിലപാട് നാശത്തിലേക്കു നയിക്കുകയേയുള്ളൂ. വ്യാഖ്യാതാവ് ആദ്യം മനസ്സിൽ കരുതേണ്ട കാര്യം ബൈബിൾ ഒരു പുസ്തകമാണെന്നതാണ്. കേവലം സാഹിത്യനിരൂപണം കൊണ്ടുമാത്രം ബൈബിൾ മനസ്സിലാക്കാനാവില്ല. അതിന് രൂപം നല്കിയ ഒരു ചരിത്രസ്വാധീനം തിരിച്ചറിയുകകൂടി വേണം. ബൈബിളെന്ന പുസ്തകം ഒരു ചരിത്രത്തിന്റെ സൃഷ്ടിയാണ്. ചരിത്രത്തിൽ വേരൂന്നിയാണ് അതു നില്ക്കുന്നത്. വ്യാഖ്യാനത്തിൽനിന്ന് ദൈവശാസ്ത്രത്തിലേക്കു കടക്കണമെങ്കിൽ പിന്നെയും ചിലതു കൂടിയുണ്ട്. സഭ അതിന്റെ ഹൃദയത്തോട് ചേർത്തുസൂക്ഷിക്കുന്ന പുസ്തകമാണ് ബൈബിൾ. അല്ലാത്തപക്ഷം, അത് കേവലം അടഞ്ഞ പുസ്തകമായിരിക്കും. വിശ്വാസമാണ് വ്യാഖ്യാനത്തിന്റെ മാർഗരേഖ; ബൈബിൾ മനസ്സിലാക്കാനുള്ള വഴി. അതു മാത്രമാണ് ബൈബിളിനെ ഔദ്യോഗികപ്രഖ്യാപനങ്ങളുടെ സാങ്കേതിക ചട്ടക്കൂടുകളിലൊതുങ്ങാതെ അതെന്തായിരിക്കുന്നുവോ അപ്രകാരം നിലകൊള്ളാൻ അനുവദിക്കുന്നത്". ഇത്തരമൊരു നീണ്ടകാല ചിന്തയുടെയും വിശാല



www.malankaralibrary.com

പശ്ചാത്തലത്തിന്റെയും വെളിച്ചത്തിൽ വേണം വിശുദ്ധലിഖിതങ്ങളുടെ വ്യാഖ്യാനം സഭയിൽ എന്ന വിഷയത്തിലേക്കു കടന്നു ചെല്ലാനും വിശദീകരിക്കാനും (V.D. 29-33).

**1. സഭ പ്രാഥമികവേദി**

സഭ വിശുദ്ധഗ്രന്ഥസംബന്ധമായ വ്യാഖ്യാനങ്ങൾക്കുള്ള പ്രാഥമികവേദിയായി കണക്കാക്കണം എന്ന പ്രബോധനത്തിനു പിന്നിൽ വിവിധങ്ങളായ കാരണങ്ങളുണ്ട്. ഇസ്രായേലിന്റെ വിലാപത്തിന്റെയും ദൈവജനമായി നയിച്ച ജീവിതത്തിന്റെയും പശ്ചാത്തലത്തിലാണ് പഴയനിയമം രൂപം കൊണ്ടത്. അവരുടെ ജീവിതത്തിലെ ഏറ്റവും അടിസ്ഥാനപരമായ അനുഭവമാണ് പുറപ്പാടും സീനായ് ഉടമ്പടിയും. ദൈവത്തിന്റെ സ്വഭാവവും സാന്നിധ്യവും ഇടപെടലുകളും തിരിച്ചറിഞ്ഞത് അവരുടെ നീണ്ടകാല ജീവിതാനുഭവത്തിൽനിന്നാണ് (പുറ 19-20; നിയമാ 7:6-8; 31:9; 31:22-25). പഞ്ചഗ്രന്ഥിയിലുള്ള വിവിധ പാരമ്പര്യങ്ങൾ (JEDP), പ്രവാചകപ്രബോധനങ്ങൾ, ജ്ഞാനസാഹിത്യത്തിന്റെ വികാസപരിണാമങ്ങൾ തുടങ്ങി നൂറ്റാണ്ടുകളായി കാത്തുസൂക്ഷിച്ചിരുന്ന വിശുദ്ധപാരമ്പര്യങ്ങൾ ലിഖിതരൂപത്തിലാക്കി അവർ അടുത്ത തലമുറയ്ക്കു കൈമാറി. മോശ നിയമങ്ങൾ എഴുതി (നിയമാ 31:9) ഇസ്രായേൽജനം സമ്മേളിക്കുമ്പോൾ എല്ലാവരും കേൾക്കേ അതു വായിക്കാൻ കല്പിക്കുന്നു: "അതു കേട്ട് നിങ്ങളുടെ ദൈവമായ കർത്താവിനെ ഭയപ്പെടാൻ പഠിക്കുന്നതിനും ഈ നിയമം അക്ഷരംപ്രതി അനുസരിക്കുന്നതിനും വേണ്ടി എല്ലാ ജനങ്ങളെയും പുരുഷന്മാരെയും സ്ത്രീകളെയും കുട്ടികളെയും നിന്റെ പട്ടണത്തിലെ പരദേശികളെയും വിളിച്ചുകൂട്ടണം. അത് അറിഞ്ഞിട്ടില്ലാത്ത അവരുടെ മക്കളും അതു കേൾക്കുകയും ജോർദാനക്കരെ നിങ്ങൾ കൈവശമാക്കാൻ പോകുന്ന ദേശത്ത് നിങ്ങൾ വസിക്കുന്ന കാലത്തോളം നിങ്ങളുടെ ദൈവമായ കർത്താവിനെ ഭയപ്പെടാൻ പഠിക്കുകയും ചെയ്യട്ടെ" (നിയമാ 31:12-13).

ആദിമുതൽതന്നെ വചനത്തിന്റെ ദൃക്സാക്ഷികളും ശുശ്രൂഷകന്മാരും ഏല്പിച്ചുതന്നിട്ടുള്ള കാര്യങ്ങളും (ലൂക്കാ 1:2), ആദി മുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൾ കൊണ്ടു കണ്ടതും സൂക്ഷിച്ചു വീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ കാര്യങ്ങളാണ് പുതിയനിയമഗ്രന്ഥങ്ങളുടെ ഉള്ളടക്കം (1 യോഹ 1:1-2). അവർ കാണുകയും കേൾക്കുകയും ചെയ്തതാണ് മറ്റുള്ളവരെ അറിയിച്ചത്. കർത്താവിൽനിന്നു ലഭിച്ചതും കൈമാറുന്നതുമായ പാരമ്പര്യങ്ങളെയാണ് വിശുദ്ധ പൗലോസ് ശ്ലീഹാ കൈമാറുന്നത് (1 കോറി 11:23; 15:1-3). ആദിമസഭ അറിഞ്ഞതും അനുഭവിച്ചതും പ്രഘോഷിച്ചതുമായ യേശുജീവിതത്തെയും അതിന്റെ അനന്തരഫലത്തെയുമാണ് പിന്നീട് വിവിധ കാരണങ്ങളാൽ പ്രേരിതരായി ലിഖിതരൂപത്തിലാക്കുന്നത്. ദൈവാത്മാവിന്റെ നിവേശനത്തിൻകീഴിൽ (2 തിമോ 3:16-17; പത്രോ 1:20) മനുഷ്യൻ രചിച്ച ഗ്രന്ഥമാണ് ബൈബിൾ. പഴയനിയമത്തിലെ ആദ്യഗ്രന്ഥങ്ങൾക്കും പുതിയനിയമത്തിലെ അവസാനഗ്രന്ഥങ്ങൾക്കുമിടയിൽ



www.malankaralibrary.com

ആയിരം വർഷങ്ങളുടെ വ്യത്യാസങ്ങൾ മനസ്സിൽ കാണേണ്ടിയിരിക്കുന്നു. ദൈവജനത്തിന്റെ അനുഭവത്തിൽനിന്ന് പാരമ്പര്യത്തിലേക്കും പിന്നീട് പ്രഭാഷണത്തിലേക്കും, പിന്നീട് ലിഖിതരൂപത്തിലേക്കും വളർന്നതാണ് ബൈബിൾ. അത് ദൈവജനം പരിശുദ്ധാത്മാവിന്റെ നിവേശനത്തിൻകീഴിൽ ദൈവജനത്തിനായി എഴുതിയ ഗ്രന്ഥമാണ്. അതിനാൽ സഭ അതിന്റെ വ്യാഖ്യാനത്തിന്റെ പ്രാഥമികവേദിയാണ്.

കാലത്തിന്റെ പുരോഗതിയിൽ വന്നുഭവിച്ച വിവിധ യാഥാർത്ഥ്യങ്ങൾ ദൈവവചനത്തിനും അതിലൂന്നിയ പ്രായോഗികജീവിതത്തിനും വെല്ലുവിളികളുയർത്തുന്നുവെന്നതാണ് മറ്റൊരു കാരണം. ശാസ്ത്രത്തിന്റെ പുരോഗതി, മനുഷ്യജീവിതസാഹചര്യങ്ങളിലും സംസ്കാരത്തിലും വന്ന മാറ്റങ്ങൾ എന്നിവയെല്ലാം വചനത്തോടുള്ള സമീപനത്തിൽ സാരമായ മാറ്റങ്ങൾക്കു കാരണമായിട്ടുണ്ടെന്നത് മറക്കാനാവില്ല. ചരിത്രത്തിൽ ബൈബിൾവ്യാഖ്യാനങ്ങൾ വരുത്തിവച്ച വിഭാഗീയതകൾ ചെറുതല്ല. അതോടൊപ്പം, ബൈബിളിലെ ഓരോ വാക്കും പരിശുദ്ധാത്മാവ് പറഞ്ഞ് എഴുതിയതാണെന്നും ബൈബിളിനെ ഒരു സാഹിത്യകൃതിയായി മാത്രം കരുതിയാൽ മതിയെന്നും ഒരു രീതി മാത്രം അവലംബിച്ചാൽ വചനം ഗ്രഹിക്കാൻ കഴിയുമെന്നുമൊക്കെയുള്ള അബദ്ധധാരണകൾ പുലർത്തുന്നവരും കുറവല്ല. അക്ഷരാർത്ഥത്തിലും മൗലികമായും വിശാല വീക്ഷണമില്ലാതെയും ദൈവവചനം വ്യാഖ്യാനം ചെയ്യുന്ന സഭാവിഭാഗങ്ങളും ഏറെയുണ്ട്. ഇക്കാരണങ്ങളാൽ ബൈബിൾ വിശകലനത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ കാത്തുസൂക്ഷിക്കാനും കാലത്തിനൊത്ത് വചനവ്യാഖ്യാനം വളർത്താനും ജാഗരൂകത പാലിക്കുന്നു. വിവിധ സഭാസമൂഹങ്ങളുടെയും പ്രാർത്ഥനാഗ്രുപ്പുസഭകളുടെയും രീതികളും സഭ വിഭാവനം ചെയ്യുന്ന സമഗ്രമായ വീക്ഷണവും തമ്മിൽ തിരിച്ചറിയാൻ നമുക്കു സാധിക്കേണ്ടതാണ്.

**2. ദൈവവചനാടിസ്ഥാനം**

വിശുദ്ധലിഖിതങ്ങളുടെ വ്യാഖ്യാനം സഭയിൽ എന്ന പ്രയോഗത്തിലേക്കു വെളിച്ചം വീശുന്ന മൂന്നു പുതിയനിയമ ഉദ്ധരണികൾ 'കർത്താവിന്റെ വചനം' 29-32 ഖണ്ഡികകളിൽ കാണുന്നത് ശ്രദ്ധാർഹമാണ്. ദൈവവചനത്തോടുള്ള മനുഷ്യന്റെ വിശ്വാസപൂർവകമായ സമർപ്പണത്തിന്റെ മാതൃകയും (ലൂക്കാ13: 8)വചനസ്വീകരണത്തിലൂടെയുള്ള സഭാരൂപീകരണത്തിന്റെ മാതൃകയും (1 തെസ്സ 2:13) ദൈവവചനം ഗ്രഹിക്കുന്നതിൽ പരിശുദ്ധാരൂപിയുടെ പ്രവർത്തനവും ആവശ്യകതയും ദൈവവചനം വ്യാഖ്യാനിക്കുമ്പോളുണ്ടാകേണ്ട സമഗ്രമായ കാഴ്ചപ്പാടും (2 പത്രോ 1:19-20) ഈ ഉദ്ധരണികൾ വ്യക്തമാക്കുന്നുണ്ട്.

**2.1 മറിയത്തിന്റെ മാതൃക (ലൂക്കാ 1:38)**

മറിയത്തെ ശിഷ്യത്വത്തിന്റെ മാതൃകയായി അവതരിപ്പിക്കുന്ന സുവിശേഷകനാണ് വിശുദ്ധ ലൂക്കാ (1:38; 8:19-21). ദൈവവചനത്തിന്റെ ആത്യന്തികമായ



www.malankaralibrary.com

ആവിഷ്കരണത്തിനുള്ള പദ്ധതിയും അതിനോട് മറിയം വിശ്വാസപൂർവകമായ സമർപ്പണത്തിലൂടെ ഭാവാത്മകമായി കാണിച്ച പ്രതികരണവും പരസ്പരപ്രവർത്തനത്തിലൂടെ പൂർണതയിലേക്കെത്തുന്നതു ചിത്രീകരിക്കുകയാണു ലൂക്കാ. വചനത്തിൽ അടിത്തറയിട്ട ജീവിതവ്യക്തിത്വത്തിന്റെ ആൾരൂപമാണ് മറിയം. അതിന്റെ ഏറ്റവും ഉദാത്തമായ നിമിഷം മറിയത്തിന്റെ വിശ്വാസത്തോടെയുള്ള സമർപ്പണമാണ്. തന്റെ വചനത്തിലൂടെ നമ്മോടു സംസാരിക്കുകയും തന്നത്തന്നെ വെളിപ്പെടുത്തുകയും മനുഷ്യകുലത്തിനായുള്ള തന്റെ രക്ഷാകര പദ്ധതി അറിയിക്കുകയും ചെയ്യുന്ന ദൈവത്തോടുള്ള ഭാവാത്മകമായ പ്രതികരണമാണ് ഇവിടെ വിശ്വാസം. എന്നും വിശ്വസ്തനായിരിക്കുന്ന ദൈവത്തിലുള്ള അടിയുറച്ച വിശ്വാസവും ആശ്രയബോധവുമാണ് അത് അർത്ഥമാക്കുന്നത്. പൂർണവും നിരുപാധികവും ഹൃദയഭേദകവുമായ ജീവിതസമർപ്പണമാണ് അതിന്റെ അന്തഃസത്ത. ആദിമുതൽ തന്നത്തന്നെ മനുഷ്യകുലത്തിനു വെളിപ്പെടുത്തിയ ദൈവത്തോടുള്ള വ്യക്തിബന്ധം അതിന്റെ സവിശേഷതയാണ്. വിശുദ്ധ പൗലോസ്ശ്ലീഹാതന്നെ, അനാവരണം ചെയ്യപ്പെടുന്ന ദൈവികരഹസ്യങ്ങളോടുള്ള മനുഷ്യന്റെ അനുസരണത്താൽ പ്രേരിതമായ സമർപ്പണത്തെ വിശ്വാസം എന്നു വിശേഷിപ്പിക്കുന്നുണ്ട് (റോമ 1:5; 16:26).

മംഗലവാർത്തതൊട്ട് പെന്തക്കുസ്താവരെ ദൈവതിരുമനസ്സിനും ദൈവവചനത്തിനും പൂർണമായി തന്നത്തന്നെ തുറന്നുകൊടുത്ത വ്യക്തിത്വമാണ് മറിയത്തിന്റേത്. ദൈവവചനത്തിന് നിരുപാധികമായി തന്റെ ജീവിതം സമർപ്പിച്ച് (ലൂക്ക 1:28) വചനം കേൾക്കുകയും വിശ്വാസപൂർവം അതിനോടു പ്രതികരിക്കുകയും വചനം സ്വന്തമാക്കുകയും അർപ്പണബുദ്ധിയോടെ ജീവിക്കുകയും മറ്റുള്ളവർക്കായി കൈമാറുകയും ചെയ്യുന്ന വ്യക്തിത്വമാണ് അവളുടേത് (ലൂക്കാ 1:38). ദൈവവചനമുപയോഗിച്ച് ചിന്തിക്കുക, സംസാരിക്കുക, ദൈവത്തെ പുകഴ്ത്തുക (ലൂക്ക 1:46-53) എന്നത് മറിയത്തിന്റെ സ്തോത്രഗീതം നല്കുന്ന മാതൃകയാണ്. അതിന്റെ അനന്തരഫലമാണ് വചനത്തിന് ബത്‌ലഹേമിൽ ജന്മം നല്കുക, നസ്രത്തിൽ പരിപാലനയോടും ഏറെ കരുതലോടുംകൂടെ വചനത്തോടൊപ്പം രഹസ്യമായി നില്ക്കുക, പരസ്യജീവിതത്തിൽ യേശുവിനുണ്ടായതും യേശുവിനെക്കുറിച്ചുള്ളതുമായ ആത്മസംഘർഷത്തിൽ ഉൾച്ചേർന്നു നില്ക്കുക, കുരിശിൻചുവട്ടിൽ ഹൃദയഭേദകമായ സമർപ്പണത്തോടെ വിശ്വകുടുംബത്തിന്റെ അമ്മയാകുക എന്നതെല്ലാം. പരിശുദ്ധാത്മാവിനുവേണ്ടി കാത്തിരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന ഐക്യത്തിന്റെയും അപ്പം മുറിക്കലിന്റെയും സമൂഹത്തിലും മറിയം മാതൃകാസാന്നിദ്ധ്യമായി തിളങ്ങുന്നു. മറിയത്തെപ്പോലെ ദൈവത്തിന്റെ വചനം കേൾക്കുകയും അതനുസരിച്ചു ജീവിക്കുകയും ചെയ്യുന്നവരാണ് യേശുവിന്റെ യഥാർത്ഥശിഷ്യർ (ലൂക്ക 8:19-21; 11:28; 10:27-28).

### 2.2 ദൈവവചനവും തെസ്സലോനിക്കയിലെ സഭയും (1 തെസ്സ 2:13)

വ്യാപാരബന്ധങ്ങൾക്കും സാമ്പത്തികനേട്ടങ്ങൾക്കും നിർണായകമായ സ്ഥാനം വഹിച്ച തുറമുഖപട്ടണമായ തെസ്സലോനിക്കയിൽ വിശുദ്ധ പൗലോ



www.malankaralibrary.com

സ്ശ്ലീഹായും തന്റെ സഹപ്രവർത്തകരും ചേർന്നാണ് രണ്ടാം പ്രേഷിതയാത്രയ്ക്കിടയിൽ (1 തെസ്സ 1:1) സുവിശേഷമറിയിച്ചതും സഭ സ്ഥാപിച്ചതും (അപ്പ 17:1-15). തെസ്സലോനിക്കക്കാർ ക്രിസതുവിന്റെ സദ്വാർത്ത അറിഞ്ഞ്, വിശ്വസിച്ച് പിതാവായ ദൈവത്തിലും കർത്താവായ യേശുക്രിസ്തുവിലും സഭാസമൂഹമായി. അത് അനുസ്മരിച്ചുകൊണ്ട് പൗലോസ് ദൈവത്തിനു നന്ദിപറയുകയാണ്. 2:9-12-ൽ തന്റെ അപ്പസ്തോലികവ്യക്തിത്വത്തെക്കുറിച്ചും പ്രേഷിതവീക്ഷണങ്ങളെക്കുറിച്ചും എഴുതിയശേഷം തെസ്സലോനിക്കയിലെ സഭയുടെ സുവിശേഷാനുഭവത്തിലൂടെയുള്ള മാനസാന്തരവും ശിഷ്യത്വപ്രക്രിയയും അടിസ്ഥാനപ്പെടുത്തി അദ്ദേഹം പറയുന്നു: "ഞങ്ങളിൽനിന്ന് നിങ്ങൾ ശ്രവിച്ച വചനം മനുഷ്യരുടെ വചനമായിട്ടല്ല, വിശ്വാസികളായ നിങ്ങളിൽ പ്രവർത്തിക്കുന്ന യഥാർത്ഥ ദൈവവചനമായാണ് നിങ്ങൾ സ്വീകരിച്ചത്. അതിന് ഞങ്ങൾ ദൈവത്തിനു നിരന്തരം നന്ദിപറയുന്നു" (2:13).

പ്രത്യേക ദൗത്യത്തിനായി ദൈവത്താൽ പ്രത്യേകവിധം തിരഞ്ഞെടുക്കപ്പെട്ട മോശയുടെയും രാജാക്കന്മാരുടെയും പ്രവാചകന്മാരുടെയും ഗണത്തിൽ അണിചേർന്നുകൊണ്ട് പുതിയ കാലഘട്ടത്തിൽ ദൈവപുത്രന്റെ സുവിശേഷം അറിയിക്കാനാണ് വിശുദ്ധ പൗലോസ്ശ്ലീഹാ വിളിക്കപ്പെട്ടിരിക്കുന്നത് (1 കോറി 1:1; ഗലാ 1:1-2; 1:13-17; ജറെ 1:4-10; ഏശ 49:1-6). അപ്പസ്തോലൻ തെസ്സലോനിക്കയിൽ പ്രഘോഷിച്ച വചനം (അപ്പ 17:1-15) അവർ ദൈവത്തിന്റെ വചനമായി സ്വീകരിക്കുകയും സ്വന്തമാക്കുകയും തുറന്ന മനസ്സോടും അരൂപിയുടെ പ്രവർത്തനത്തിൻകീഴിലും സ്വീകരിക്കുകയും ചെയ്തതിലൂടെയാണ് തെസ്സലോനിക്കക്കാർ സഭയായി, വിശ്വാസികളുടെ സമൂഹമായി രൂപാന്തരപ്പെട്ടത്. വിശുദ്ധഗ്രന്ഥപാരമ്പര്യത്തിൽ വചനം 'സ്വീകരിക്കുക' എന്ന പ്രയോഗം പ്രവാചകഗ്രന്ഥങ്ങളിൽ പ്രവാചകവചനത്തെയും ജ്ഞാനത്തെയും ദൈവവചനമായി സ്വീകരിക്കുന്നതിനെയാണ് അർത്ഥമാക്കുന്നത്. ചലനാത്മകമായ വചനമാണത്. അപ്പസ്തോലന്മാരായ മനുഷ്യരാണ് അത് പ്രഘോഷിച്ചതെങ്കിലും അവരിലൂടെ പ്രഘോഷിക്കപ്പെട്ടത് തെസ്സലോനിക്കക്കാർ ദൈവവചനമായി സ്വീകരിച്ചു. അതിന്റെ പരിണതഫലമായി ദൈവവചനത്തിൽ നിർലീനമായിരിക്കുന്ന ദൈവികശക്തിയുടെ പ്രവർത്തനം (തെസ്സ 1:5; റോമ 1:16; 15:18-19; ഗലാ 3:1-15; 1 കോറി 2:1-5; ) വഴിയായി അവർ ഒരു പുതിയ സഭാസമൂഹമായി മാറി (1 തെസ്സ 1:6-9). ദൈവവചനം സ്വീകരിക്കുകയും സ്വന്തമാക്കുകയും ചെയ്യുന്നതിലൂടെയാണ് വിശ്വാസം ജന്മമെടുക്കുന്നത്. അതിനാൽ, ദൈവത്തിന്റെ വചനത്തിന്റെ ഫലദായകത്വത്തെക്കുറിച്ച് അപ്പസ്തോലന് പറയാനും അഭിമാനിക്കാനും ദൈവത്തിന് നന്ദി പറയാനും സാധിക്കും. അതിന്റെ ലിഖിതരൂപമാണ് 2:13-ൽ കാണുന്നത്.

ദൈവവചനം വിശ്വാസപൂർവം സ്വീകരിക്കുമ്പോൾ അതു കേൾക്കുന്നവരെ രൂപാന്തരപ്പെടുത്താൻ ശക്തിയുള്ളതാണ്. അത് തെസ്സലോനിക്കക്കാരെ വിശുദ്ധ പൗലോസ് ശ്ലീഹായുടെ സുവിശേഷപ്രഘോഷണത്തിലൂടെ പിതാവായ ദൈവത്തിലും കർത്താവായ യേശുക്രിസ്തുവിലും പുതിയ സൃഷ്ടി



www.malankaralibrary.com

കളാക്കി മാറ്റി. അതിൽ മനുഷ്യനായ, എന്നാൽ ദൈവത്താൽ നിയോഗിക്കപ്പെട്ട, അരൂപിയുടെ പ്രവർത്തനത്തിൻകീഴിൽ നില്ക്കുന്ന (1 തെസ 1:5) അപ്പസ്തോലന്റെ പ്രഘോഷണമുണ്ട്; കേൾവിക്കാർ വചനം സ്വന്തമാക്കിയതിന്റെ അനുഭവമുണ്ട്; വിശ്വാസജനകമായ ദൈവത്തിന്റെ പ്രവർത്തനവുമുണ്ട്. തെസ്സലോണിക്കയിലെ സഭയുടെ അസ്തിത്വത്തിനും വളർച്ചയ്ക്കും മാതൃകാപരമായ സുവിശേഷസാക്ഷ്യത്തിനും (1 തെസ്സ 1:6-9) അടിസ്ഥാനം വചനത്തിന്റെ ശക്തിയുടെ രക്ഷാകരമായ പ്രവർത്തനമാണ്. വചനശ്രവണത്തിലൂടെ പുതിയ മനുഷ്യരായിത്തീർന്ന തെസ്സലോണിക്കക്കാരുടെ അനുഭവം ലേഖനത്തിൽ വിശുദ്ധ പൗലോസ് ശ്ലീഹായും സഹപ്രവർത്തകരും പരാമർശിക്കുമ്പോൾ, ഒരു സഭയുടെ വിശ്വാസത്തിന്റെയും അതിനു പിന്നിലെ വചനാനുഭവത്തിന്റെയും അതിലൂടെ സംജാതമാകുന്ന രക്ഷയുടെ ആഴങ്ങളിലേക്കുള്ള വളർച്ചയുടെയും പശ്ചാത്തലത്തിൽനിന്നു വചനവ്യാഖ്യാനം നടത്തുന്നതിന്റെ ആവശ്യകത വ്യക്തമാകുന്നു (പുറ 23:29; ഏശ 49:2; എഫേ 6:17; ഹെബ്രാ 4:12; വെളി 1:16). വ്യാഖ്യാതാക്കളും ദൈവശാസ്ത്രജ്ഞരും ദൈവജനം മുഴുവനും വിശുദ്ധലിഖിതങ്ങളെ സമീപിക്കുന്നത് മാനുഷികമായ വാക്കുകളിൽ ആവിഷ്കരിച്ചിട്ടുള്ള ദൈവവചനമാണ് എന്ന ബോധ്യത്തോടെയാകണമെന്ന് അപ്പസ്തോലിക പ്രബോധനം (V.D. 29) അറിയിക്കുമ്പോൾ ഇവ്വിധമുള്ള ചിന്താധാരയാണ് അരക്കിട്ടുറപ്പിക്കപ്പെടുന്നത് .

തിരുലിഖിതങ്ങൾ ദൈവവചനമാണ്; എന്നാൽ അതേസമയം അതു മനുഷ്യരാൽ എഴുതപ്പെട്ട വചനവുമാണ്. ദൈവനിവേശനത്തിൻ കീഴിൽ മനുഷ്യനാൽ രചിക്കപ്പെട്ട ഗ്രന്ഥമാണ് ബൈബിൾ. അതിൽ ഗ്രന്ഥകാരന്മാരുടെ മാനുഷികമായ കഴിവുകളും സാഹിത്യശൈലികളും സമൂഹത്തിന്റെ ആരാധനാപരവും ബാഹ്യവുമായ ജീവിതവും സന്ദർഭങ്ങളും ചരിത്രത്തിന്റെ ഗതിവിഗതികളും വിശ്വാസികളുടെ ചൈതന്യവും ജീവിതവുമെല്ലാം ഉൾക്കൊള്ളുന്നു. പുതിയനിയമത്തിൽ അത് ക്രിസ്തു കേന്ദ്രീകൃതമായി പ്രത്യേകം രചിക്കപ്പെട്ടിരിക്കുന്നു എന്നത് വ്യക്തമാണ്. വചനവ്യാഖ്യാനത്തിന്റെ മേഖലയിൽ ഇതെല്ലാം കണക്കിലെടുത്തുകൊണ്ടുവേണം വ്യാപരിക്കാൻ. തിരുലിഖിതങ്ങൾ ദൈവവചനമാണ്; മനുഷ്യവചനമാണ്. അത് നൂറ്റാണ്ടുകൾക്കു മുമ്പുള്ള രചനകളായതിനാൽ വ്യാഖ്യാനം ആവശ്യമാണ്; സഭയുടെ ജീവിതം അത് വ്യാഖ്യാനിക്കുന്നതിന്റെ പ്രാഥമികവേദിയായി കണക്കാക്കുകയും വേണം.

### 2.3 പ്രവചനങ്ങൾ സ്വന്തമായ വ്യാഖ്യാനത്തിനുള്ളതല്ല (2 പത്രോ 1:20-21)

"വിശുദ്ധലിഖിതത്തിലെ പ്രവചനങ്ങൾ ഒന്നുംതന്നെ ആരുടെയും സ്വന്തമായ വ്യാഖ്യാനത്തിനുള്ളതല്ല. എന്തുകൊണ്ടെന്നാൽ പ്രവചനങ്ങൾ ഒരിക്കലും മാനുഷികപ്രചോദനയാൽ രൂപംകൊണ്ടതല്ല. പരിശുദ്ധാത്മാവാൽ പ്രചോദിതരായി ദൈവത്തിന്റെ മനുഷ്യർ സംസാരിച്ചവയാണ്". പ്രവാചകവചനം (1:19), പ്രവാചകവചനങ്ങൾ (1:20) എന്നീ പദപ്രയോഗങ്ങൾ ശ്രദ്ധേയമാണ്. വിശുദ്ധ പത്രോസിന്റെ രണ്ടാം ലേഖനം രചിക്കപ്പെട്ട കാലഘട്ടത്തിൽ മേല്പറഞ്ഞ



www.malankaralibrary.com

വാക്കുകൾകൊണ്ട് ബൈബിളിനെയാണ് അർത്ഥമാക്കുന്നത്. പ്രവാചകൻ ദൈവത്തിന്റെ കാഴ്ചപ്പാടിൽനിന്ന് ലോകത്തെ കാണുകയും ദൈവത്തിനു വേണ്ടിനിലകൊള്ളുകയും ദൈവം നല്കുന്ന സന്ദേശങ്ങൾ അതിന്റെ അന്തഃസത്തയിലും തീവ്രതയിലും ഒട്ടും കുറവുവരാതെ അറിയിക്കുകയും ചെയ്യുന്നവനാണ്. അതിനാൽ പ്രവാചകവചനം തന്നിഷ്ടമനുസരിച്ച് വ്യാഖ്യാനിക്കുക ഉചിതമല്ല. മാത്രമല്ല, പ്രവാചകവചനങ്ങൾ പരിശുദ്ധാത്മാവാൽ പ്രേരിതമായി ദൈവികമനുഷ്യർ കൈമാറിയ വചനമാണ് (2 പത്രോ 1:2; 2 തിമോ 3:16-17). ദൈവവചനവും മനുഷ്യർ കൈമാറിയ വചനവുമാണത്. ദൈവാത്മാവിന്റെയും മനുഷ്യരുടെയും പ്രവർത്തനം പ്രവാചകവചനത്തിന്റെ രൂപീകരണത്തിൽ ഉണ്ടായിരുന്നുവെന്നാണ് ലേഖകൻ സമർത്ഥിക്കുന്നത്. വ്യാഖ്യാതാക്കളും ദൈവശാസ്ത്രജ്ഞരും ദൈവജനം മുഴുവനും വിശുദ്ധ ലിഖിതങ്ങളെ സമീപിക്കുന്നത് മാനുഷികമായ വാക്കുകളിൽ ആവിഷ്കരിച്ചിട്ടുള്ള ദൈവവചനമാണ് എന്ന ബോധ്യത്തോടുകൂടെയാകണം. തിരുസഭയുടെ വിശ്വാസമാണ് വിശുദ്ധഗ്രന്ഥത്തിൽ ദൈവവചനം തിരിച്ചറിയുന്നത് (V.D.29). സഭയാണ് അത് നമുക്കു പറഞ്ഞുതരുന്നത്. ദൈവാരൂപിയുടെ പ്രവർത്തനമാണ് വചനം ശരിയായി വ്യാഖ്യാനിക്കാൻ നമ്മെ പ്രാപ്തരാക്കുന്നത്. പരിശുദ്ധാരൂപിയുടെ നിവേശനത്തിൽ ദൈവജനം ദൈവജനത്തിനായി എഴുതിയ ഗ്രന്ഥമാണ് ബൈബിൾ. സഭാജീവിതത്തിന്റെ മാനദണ്ഡമായി ദൈവവചനം നിലകൊള്ളുന്നതിനാൽ അതിന്റെ ശരിയായ വ്യാഖ്യാനം അനിവാര്യമാണ്. തിരുസഭയുടെ ഗ്രന്ഥമായ ബൈബിൾ സഭയുമായുള്ള കൂട്ടായ്മയിലും സഭയുടെ വിശ്വാസത്തിലും ജീവിതത്തിലും ഉൾച്ചേർന്നുനിന്നുകൊണ്ടുമായിരിക്കണം വ്യാഖ്യാനിക്കുന്നത്.

### 3. വ്യാഖ്യാനരീതികളും സഭയുടെ പ്രബോധനാധികാരവും

വിശുദ്ധലിഖിത വ്യാഖ്യാനത്തിന് സമഗ്രമായൊരു രീതി അനിവാര്യമാണ. അതിനായി ചരിത്രപരവും നിരൂപണാത്മകവുമായ രീതി അംഗീകരിക്കുകയും അതു പൂർത്തീകരിക്കാൻ ഇതരവ്യാഖ്യാനരീതികളും സമീപനങ്ങളും പ്രായോഗികനീക്കങ്ങളും ഉയർന്നുവന്നിട്ടുണ്ട്, ഇത്തരമൊരു പശ്ചാത്തലത്തിൽ വേണം വചനവ്യാഖ്യാനവും തിരുസഭയുടെ പ്രബോധനാധികാരവും തമ്മിലുള്ള ബന്ധം വിശകലനം ചെയ്യാൻ. ഒരു കാലത്ത്, ഗ്രന്ഥകാരൻ തന്റെ രചനകളിലൂടെ വായനക്കാരനു നല്കുന്ന അർത്ഥമെന്ത് എന്ന് വിവിധ മാർഗങ്ങളിലൂടെ നടത്തിയ അന്വേഷണമായിരുന്നു വ്യാഖ്യാനമെങ്കിൽ, ദൈവശാസ്ത്രത്തിന്റെ ആത്മാവായും വിവിധ ശാസ്ത്രങ്ങളുടെ ഫലപ്രാപ്തിയുമായി ബന്ധപ്പെട്ടു നില്ക്കുന്ന യാഥാർത്ഥ്യമായും ഇന്ന് അതു മാറിക്കഴിഞ്ഞിരിക്കുന്നു. ദൈവജനത്തിനിടയിൽ വചനാഭിമുഖ്യം വളർന്നതും വചനപഠനം പ്രോത്സാഹിപ്പിക്കുന്ന നിലപാടുകൾ രൂപം കൊണ്ടതും ദൈവശാസ്ത്രത്തിനും അജപാലനത്തിനും വചനാധിഷ്ഠിതമായ കാഴ്ചപ്പാടുകൾ സഭാനേതൃത്വത്തിൽനിന്ന് ഉടലെടുത്തതും വചനവ്യാഖ്യാനമേഖലയിലെ വിശാലവീക്ഷണങ്ങൾക്കു കാരണമായിത്തീർന്നു. ആഖ്യാന നിരൂപണം (narrative analysis),



www.malankaralibrary.com

അലങ്കാരശാസ്ത്രപരമായ നിരൂപണം (rhetorical analysis), അടയാളശാസ്ത്ര പരമായ അപഗ്രഥനം (semiotic analysis), വിമോചനാത്മകസമീപനം (liberationist approach), സ്ത്രീപക്ഷപരമായ സമീപനം (feminist approach), ഇവയൊടെല്ലാം ചേർന്നു നില്ക്കുന്ന അനുവാചകപ്രതികരണ നിരൂപണം (reader response criticism) - ഇവയെല്ലാം ചരിത്രാത്മകനിരൂപണരീതിയുടെ അപര്യാപ്തത ദുരീകരിക്കാനും വചനത്തിന്റെ ആഴങ്ങൾ മനസ്സിലാക്കാനുമുള്ള മാർഗങ്ങളായി വളർന്നുവന്നിരിക്കുന്നു. ഇതിൽ എല്ലാംതന്നെ, ചരിത്രാത്മക നിരൂപണരീതിയുടെ ഫലങ്ങൾ ഉപയോഗിക്കുന്നതിനാൽ ഈ പഠന രീതി അനിവാര്യമാണെന്നു വ്യക്തമാണല്ലോ. പുതിയ സമീപനങ്ങൾക്ക് തനതായ ഒരു പഠനരീതി പൂർണമായി രൂപീകരിക്കാൻ സാധിക്കാത്തതിനാൽ വ്യാഖ്യാനങ്ങളുടെ മൗലികതയിലേക്ക് വഴുതിവീഴാനുള്ള സാധ്യതകൾ തള്ളിക്കളയാനാകില്ലതാനും. അതിനാൽ, വചനവ്യാഖ്യാനത്തിന്റെ തലത്തിൽ അടിസ്ഥാനപരമായ പഠനരീതിയിലൂന്നി പുതിയ പഠനമേഖലകളോട് തുറവുള്ള സന്തുലിതമായ ഒരു പഠനരീതി ആവശ്യമാണ്. ഇല്ലെങ്കിൽ തെറ്റായ വ്യാഖ്യാനത്തിലേക്കും വിഭാഗീയതകളും അസ്വസ്ഥതകളും സൃഷ്ടിക്കുന്ന നിലപാടുകളിലേക്കും അതു വഴിതെളിക്കും. ഉദാഹരണത്തിന്, ഗ്രന്ഥകാരൻ ലിഖിതരൂപത്തിൽ നല്കിയ പാഠഭാഗത്തിൽനിന്ന് വായനക്കാരന്റെ തലത്തിലേക്ക് ഊന്നൽ മാറിയാൽ സമതുലിതാവസ്ഥ നഷ്ടപ്പെടും. അതുപോലെ, ബൈബിളിന്റെ മുഴുവൻ കാഴ്ചപ്പാടുകളും കണക്കിലെടുക്കാതെയുള്ള വിമോചനാത്മക സമീപനരീതി അപര്യാപ്തമായ വചനവ്യാഖ്യാനമായിരിക്കും നല്കുന്നത്.

ഇതിനോടെല്ലാം ചേർത്തുവായിക്കേണ്ടതാണ് പുതിയനിയമ വ്യാഖ്യാനമേഖലയിൽ ഏറെ ചർച്ചാവിഷയമായിരിക്കുന്ന പ്രകാശനപരമായ നിരൂപണരീതി (performance criticism). ഈ സമീപനരീതി അടിസ്ഥാനപരമായ ഒരു യാഥാർത്ഥ്യത്തിലേക്ക് വിരൽ ചൂണ്ടുന്നു. വാമൊഴിയായി ആദ്യം കൈമാറപ്പെടുകയും പ്രഘോഷിക്കപ്പെടുകയും ചെയ്ത വചനമാണ് പിന്നീട് ലിഖിത രൂപത്തിൽ കുടുംബസഭയിലും ആരാധനക്രമത്തിലും പ്രേഷിതപ്രഘോഷണ മേഖലകളിലും കൈമാറ്റപ്പെട്ടത്. കൈയ്യെഴുത്തുപ്രതികളൊക്കെ വളരെ കുറവായിരുന്ന കാലഘട്ടത്തിൽ പഠിച്ച്, ഓർമ്മയിൽവച്ച്, തെറ്റുവരാതെ വചനം കൈമാറുകയും പ്രഘോഷിക്കുകയും ചെയ്യുന്ന വ്യക്തികളെയും പ്രകാശന രീതിയെയും അതുൾക്കൊള്ളുന്ന മൂല്യങ്ങളെയും കേൾവിക്കാരിൽ അത് വരുത്തിവയ്ക്കുന്ന സ്വാധീനങ്ങളെയും അതുവഴി സംജാതമാകുന്ന ജീവിതബന്ധിയായ മാറ്റങ്ങളെയും വചനവ്യാഖ്യാനത്തിൽ കണക്കിലെടുക്കണമെന്നതാണ് ഈ സമീപനരീതിയുടെ ലക്ഷ്യം. മൂല്യങ്ങളുടെ ഒരു സംവേദന മാധ്യമമാണ് ബൈബിൾ. ദൈവവചനം ഉൾക്കൊള്ളുന്ന മൂല്യങ്ങൾ കൈമാറുമ്പോൾ അതിലൂടെ സംജാതമാകുന്ന സ്വാധീനങ്ങൾ നിരവധിയാണ്. മാത്രമല്ല, ആദ്യകാലസമൂഹങ്ങളോട് യേശുവിനെക്കുറിച്ചു ചോദിച്ചാൽ അവർ വാമൊഴിയായിട്ടാവും തങ്ങളുടെ അനുഭവങ്ങൾ കൈമാറുന്നത്. അങ്ങനെയെങ്കിൽ സാഹിത്യരൂപങ്ങളുടെ ഉപയോഗത്തിലും രൂപീകരണത്തിലുംപോലും



www.malankaralibrary.com

ആദിമസഭയുടെ ആദ്യകാലവചനത്തിന്റെ കൈമാറ്റങ്ങളുടെ പ്രത്യേകതകൾ പരിഗണിക്കപ്പെടേണ്ടിയിരിക്കുന്നു. അതോടൊപ്പം ഓരോ സാഹചര്യത്തിലും പശ്ചാത്തലത്തിലും വചനം കൈമാറുമ്പോഴുണ്ടാകുന്ന അർത്ഥവ്യത്യാസങ്ങളും വ്യാപ്തികളും ഇതുവരെ വചനവ്യാഖ്യാനത്തിൽ കണക്കിലെടുത്തിട്ടുണ്ടോ എന്നത് ശ്രദ്ധേയമായ ഒരു ചോദ്യം കൂടിയാണ്. അതു മാത്രമല്ല, ആദ്യ കാലഘട്ടങ്ങളിൽ യേശുവിന്റെ വചനങ്ങളെയോ വിശുദ്ധ പൗലോസ്ശ്ലീഹായുടെ ലേഖനങ്ങളെയോ ഓരോ സമൂഹത്തിനുമുമ്പിലും മനഃപാഠമായി അവതരിപ്പിക്കുന്ന സാഹചര്യങ്ങളും സ്ഥിതിവിശേഷങ്ങളും കണക്കിലെടുക്കണമെന്ന് പ്രകാശനപരമായ നിരൂപണരീതി ഓർമ്മപ്പെടുത്തുന്നു. ഉദാഹരണത്തിന്, ഗലാ 2:8-10 പരിഗണിക്കുക. വിശുദ്ധ പൗലോസ് ശ്ലീഹായ്ക്ക് പാവങ്ങളോടുള്ള പക്ഷംചേരലാണ് വിഷയം. ജറുസലേം സമ്മേളനത്തിന്റെ അവസാനത്തിൽ പത്രോസ് പൗലോസിനോട് ആവശ്യപ്പെടുന്നു, ജറുസലേമിലെ പാവങ്ങളെ ഓർമ്മിക്കണമെന്ന് (cf. 1 കോറി 16:1-4; 2 കോറി 8-9; റോമ 15:25-28). ഇത് ഓരോ സമൂഹത്തിലും റോമിലും കൊറീന്തിലും ഫിലിപ്പിയയിലും ആവർത്തിച്ചിട്ടുണ്ട്. അവിടെയെല്ലാം പിരിവുകൾ നടത്തിയപ്പോൾ പാവങ്ങൾക്കായുള്ള പിരിവിന് വിവിധ അർത്ഥങ്ങൾ വന്നു. ഉദാ. പാവങ്ങളോടു പക്ഷം ചേരൽ, മാതൃസഭയോടുള്ള പ്രതിജ്ഞാബദ്ധത, വിജാതീയർക്ക് പങ്കുവയ്ക്കലിന്റെ മാതൃക, ക്രിസ്തീയസമൂഹത്തിന്റെ സവിശേഷത എന്നിങ്ങനെ വിവിധ പ്രതികരണങ്ങൾ സമൂഹത്തിൽ നിന്നുണ്ടായി. ഇന്ന് ലിഖിതരൂപത്തിൽ വായിക്കപ്പെടുമ്പോൾ ഓരോ സമൂഹത്തിന്റെ പ്രതികരണങ്ങളും അവിടെ അത് വാമൊഴിയായി മനോഹരമായി അവതരിപ്പിക്കുന്നതിലുള്ള ചാതുര്യവും രീതികളുമെല്ലാം കണക്കിലെടുക്കേണ്ടിയിരിക്കുന്നു. അതിനാൽ, സമഗ്രമായ ഒരു വീക്ഷണത്തിന്, വചനവ്യാഖ്യാനത്തിന് പ്രകാശനപരമായ നിരൂപണം ഗൗരവമായി കണക്കിലെടുക്കണം എന്നു ചിന്തിക്കുമ്പോൾ ലിഖിതവചനത്തിന്റെ ആദ്യകാല പ്രഘോഷണാനുഭവത്തിന്റെ തലത്തിലേക്കുള്ള അന്വേഷണം പുതിയ പഠനമേഖലയായി മാറുന്നു.

ഇത്തരം വൈവിധ്യമാർന്ന ഒരു വചനവ്യാഖ്യാനമേഖലയിൽ ദൈവജനം ദൈവനിവേശനത്തിൻ കീഴിൽ ദൈവജനത്തിനായി എഴുതിയ ബൈബിളിനെ സഭയുടെ വിശ്വാസത്തെയും പ്രബോധനാധികാരത്തെയും കണക്കിലെടുത്തു വ്യാഖ്യാനിക്കണമെന്നു പറയുന്നത് അർത്ഥപൂർണമാണ്. കാരണം അത് സമഗ്രവും സന്തുലിതവും സഭയുടെ വിശ്വാസത്തെയും ജീവിതലക്ഷ്യത്തെയും വളർത്തുന്നതുമായ വചനവ്യാഖ്യാനത്തിനു വഴിതെളിക്കും. അതിനായി സഭാപണ്ഡിതന്മാരുടെ സമിതികളെ നിയോഗിക്കുകയും വ്യാഖ്യാനത്തിനു മാർഗനിർദേശങ്ങൾ നല്കുകയും വിവിധ ശാസ്ത്രങ്ങളുടെ ഫലങ്ങൾ വ്യാഖ്യാനമേഖലയിൽ ഉപയോഗപ്പെടുത്താൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമ്പോൾ അതിന്റെ സാംഗത്യവും ഗൗരവവുമാണ് വ്യക്തമാകുന്നത്. വെർബും ദോമിനി വ്യക്തമാക്കുന്നു: "ദൈവവചനം, അത് ലിഖിതമായാലും പാരമ്പര്യത്തിന്റെ രൂപത്തിലായാലും ആധികാരികമായി വ്യാഖ്യാനിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ളത് തിരുസഭയുടെ പ്രബോധനാധികാരത്തെയാണ്" (V.D. 33). സന്തു



www.malankaralibrary.com

ലിതവും സമഗ്രവും സഭാജീവിതത്തിന് അനുഗ്രഹപ്രദവുമായ ഒരു ദൈവവചനവ്യാഖ്യാനത്തിന് സഭയുടെ പ്രബോധനാധികാരത്തിൻ കീഴിലുള്ള വിശകലനം ഉപകരിക്കും. അതുകൊണ്ടുതന്നെയാണ് ചരിത്രപരവും വിമർശനാത്മകവുമായ രീതിയോടൊപ്പം വിവിധശാസ്ത്രങ്ങളുടെയും ഭാഷാവിജ്ഞാനീയത്തിന്റെയും വളർച്ചയുടെ ഫലങ്ങൾ വചനവ്യാഖ്യാനമേഖലയിൽ തുറവോടെ ഉപയോഗിക്കാനും വചനത്തിന്റെ ആഴത്തിലേക്ക് ഇറങ്ങിച്ചെല്ലാനും സഭ പ്രോത്സാഹിപ്പിക്കുകയും കരുതലോടെ അതിനെ വീക്ഷിക്കുകയും ചെയ്യുന്നത്.

**ഉപസംഹാരം**

ചുരുക്കത്തിൽ, ദൈവവചനത്തിലും സഭാപിതാക്കന്മാരുടെ കാലാകാലങ്ങളിലുള്ള വിവിധ അപ്പസ്തോലിക പ്രബോധനങ്ങളുടെ വെളിച്ചത്തിലും തിരുലിഖിതങ്ങളുടെ വ്യാഖ്യാനത്തെക്കുറിച്ച് D.V. 25-32-ൽ സഭയുടെ നിലപാടു വ്യക്തമാക്കുന്നു. ദൈവജനം, ദൈവനിവേശനത്തിൻകീഴിൽ, ദൈവജനത്തിനായി എഴുതിയ ഗ്രന്ഥമാണ് ബൈബിൾ. സഭ അതിന്റെ ഹൃദയത്തോട് ചേർത്തുവച്ചിരിക്കുന്ന പുസ്തകം. ചരിത്രത്തിൽ വേരൂന്നിയാണ് നില്ക്കുന്നത്. ലക്ഷ്യം മനുഷ്യകുലത്തിന്റെ ജീവിതവിശുദ്ധീകരണവും രക്ഷയും (2 തിമോ 3:15-17). അതു വിശകലനം ചെയ്യുക ആവശ്യമാണ്. കാരണം, ഗ്രന്ഥകാരന്റെ സംസ്കാരവും കഴിവും അതിലുപയോഗിച്ചിരിക്കുന്ന സാഹിത്യരൂപങ്ങളും ചരിത്രവും ദൈവശാസ്ത്രവുമെല്ലാം പ്രായോഗികജീവിതത്തിൽ സമഗ്രമായി എത്തിക്കണമെങ്കിൽ കൂലങ്കഷമായ പഠനം ആവശ്യമാണ്. അതും ദൈവത്തിന്റെ മുഴുവൻ രക്ഷാകരപദ്ധതിയുടെ വെളിച്ചത്തിൽ കണ്ടെത്തേണ്ടിയിരിക്കുന്നു.

സഭ വിശുദ്ധഗ്രന്ഥസംബന്ധമായ വ്യാഖ്യാനങ്ങൾക്കുള്ള പ്രാഥമികവേദിയാണ്. അവിടെ വചനവും വിശ്വാസവും തമ്മിലുള്ള ആന്തരികബന്ധം ഗൗരവപൂർവം കണക്കിലെടുക്കണം. മറിയത്തിന്റെ മാതൃക ഇതിന് അനുകരണീയമായ മാർഗംതന്നെ. വചനം ശ്രവിച്ച് സ്വന്തമാക്കി, വചനം ലോകത്തിനു നല്കി ജീവിതകാലം മുഴുവൻ ഹൃദയഭേദകമായ സമർപ്പണത്തോടെ ജീവിക്കുകയും ദൈവവചനമുപയോഗിച്ച് ചിന്തിക്കുകയും സംസാരിക്കുകയും വചനം ജീവിതശൈലിയാക്കുകയും ചെയ്ത വ്യക്തിത്വമാണ് അവളുടേത് (ലൂക്ക1:38; 1:28; 2:19-51). വചനം ഗ്രഹിക്കാൻ അനുസരണാപൂർണമായ വിശ്വാസവും അതിൽനിന്ന് ഉരുത്തിരിയുന്ന ജീവിതശൈലിയും അനിവാര്യതയാണ്.

രണ്ടാം പ്രേഷിതയാത്രയിൽ സുവിശേഷത്തിന്റെ പ്രഘോഷണത്തിലൂടെ പൗലോസ്ശ്ലീഹാ സ്ഥാപിച്ച സമൂഹമാണ് തെസ്സലോണിക്കയിലെ സഭ. അപ്പസ്തോലന്റെ വചനം ദൈവവചനമായി വിശ്വാസത്തോടെ സ്വീകരിച്ച് പുതിയ സഭാസമൂഹമായി രൂപം കൊണ്ട അനുഭവത്തിന്റെയും വചനത്തിന്റെ ഫലദായകത്വത്തിന്റെയും ആത്മാവാൽ പ്രേരിതരായി (1 തെസ്സ 1:5-6) മാതൃകാപരമായ സമൂഹമായി ജീവിക്കുന്ന അവരെ പ്രതി ദൈവത്തിനു അപ്പസ്തോ


www.malankaralibrary.com

ലൻ നന്ദി പറയുന്നു. ആദ്യകാല വചനപ്രഘോഷണത്തിന്റെ അനുഭവവും വിശ്വാസത്തോടെ അതു സ്വീകരിച്ചതും സഭയായിത്തീർന്നതും വിശ്വാസത്തിൽ ആഴപ്പെടുന്നതുമെല്ലാം പച്ചയായി മനസ്സിൽ നില്ക്കുന്നതാണ്. ഇവ തമ്മിലുള്ള പരസ്പരവും ആന്തരികവുമായ ബന്ധം പ്രകാശിപ്പിക്കുന്നു. സഭയിലാണ് ദൈവവചനം ലിഖിതരൂപത്തിലേക്കു വളർന്നതും പ്രഘോഷിക്കപ്പെട്ടതും ജീവിച്ചതും; സഭയുടെ ജീവിതം അതു വ്യഖ്യാനിക്കുന്നതിന്റെ പ്രാഥമികവേദി എന്നത് ഉചിതമായ നിബന്ധനയും (1 തെസ്സ 2:13).

ദൈവികപ്രചോദനത്തിൽ മനുഷ്യൻ എഴുതിയ വചനമാണ് ബൈബിൾ. അരൂപിയുടെ നിവേശനത്തിൻ കീഴിൽ രചിക്കപ്പെട്ട വചനം പഠിക്കാൻ നമ്മെ പ്രാപ്തരാക്കുന്നത് പരിശുദ്ധാത്മാവാണ്. സഭയാണ് വിശുദ്ധഗ്രന്ഥത്തിൽ ദൈവവചനം തിരിച്ചറിയുന്നതും നമുക്ക് അതു പറഞ്ഞുതരുന്നതും. സഭാജീവിതത്തിനായി അത് ആഴത്തിൽ വ്യാഖ്യാനിക്കപ്പെടേണ്ടിയിരിക്കുന്നു. തിരുസഭയുടെ ഗ്രന്ഥമായ ബൈബിൾ സഭയുമായുള്ള കൂട്ടായ്മയിലും വിശ്വാസത്തിലും അരൂപിയുടെ പ്രവർത്തനത്തിൻകീഴിലും വ്യാഖ്യാനിക്കപ്പെടേണ്ടിയിരിക്കുന്നു (2 പത്രോ 1:20-21).

ബൈബിൾവ്യാഖ്യാനമേഖലയിലെ വികാസപരിണാമങ്ങൾ 'കർത്താവിന്റെ വചനം' ഏറെ ശ്രദ്ധയോടെയാണ് കാണുന്നത്. ഒരുകാലത്ത് ശക്തമായിരുന്ന ചരിത്രപരവും വിമർശനാത്മകവുമായ രീതിയുടെ അപര്യാപ്തത അറിഞ്ഞ് മറ്റു ശാസ്ത്രീയ കണ്ടുപിടിത്തങ്ങളുടെ ഉൾക്കാഴ്ചകളും ആധുനികലോകം ദൈവവചനത്തിനു മുമ്പിൽ ഉയർത്തുന്ന വെല്ലുവിളികളും കണക്കിലെടുത്ത് ഏറെ കരുതലോടും അതേസമയം തുറവോടും കൂടെയാണ് നീങ്ങുന്നത്. വചനാധിഷ്ഠിതമായ ദൈവശാസ്ത്രവും അജപാലനവും ക്രിസ്തീയജീവിതവും ദൈവവചനത്തിന്റെ ആഴത്തിലേക്കിറങ്ങാൻ പ്രേരിപ്പിക്കുന്ന കാലഘട്ടത്തിൽ വചനത്തിന്റെ വാമൊഴിയായുള്ള കൈമാറൽ തുടങ്ങി അതിനെ പ്രകാശിപ്പിക്കുന്ന ഘടകങ്ങളെ സമഗ്രമായി പരിഗണിക്കുന്ന പ്രേഷിതവ്യത്തിയുടെയും കാലം കടന്ന് ഇന്നത്തെ ലോകത്തിൽ അതിന്റെ ലിഖിതരൂപമായി നമ്മുടെ കൈകളിൽ എത്തിയിരിക്കുന്നു. അതു വ്യാഖ്യാനിക്കുന്നത് സമഗ്രവും സന്തുലിതവുമായ മാർഗങ്ങൾ അവലംബിച്ചും ദൈവവചനമാണെന്ന വിശ്വാസത്തിലും അരൂപിയുടെ സഹായത്തിലും മനുഷ്യന്റെ വിശുദ്ധീകരണത്തിനും രക്ഷയ്ക്കും വേണ്ടിയാണ് എന്ന ലക്ഷ്യബോധത്തിലും സഭയുടെ വിശ്വാസത്തോട് ചേർന്നുനിന്നുകൊണ്ടുമായിരിക്കണമെന്നും സഭ പഠിപ്പിക്കുന്നു (V.D.33). അതിന്റെ തുടർച്ചയായിവേണം കർത്താവിന്റെ വചനം 29-33 ഖണ്ഡികകൾ മനസ്സിലാക്കാൻ. അതല്ലെങ്കിൽ മൗലികവാദപരമായ വ്യാഖ്യാനങ്ങളിലേക്ക് വഴുതി വീഴാനുള്ള സാധ്യത ഏറെയാണ്.



www.malankaralibrary.com



# ഏകത്വം, പാരമ്പര്യം, സാധർമ്മ്യം: ബൈബിൾ വ്യാഖ്യാനത്തിലെ ത്രിമാന തത്ത്വങ്ങൾ

റവ. ഡോ. ജോസഫ് പാംബ്ലാനി

## ആമുഖം

ദൈവവചനവ്യാഖ്യാനത്തിന് സഭ എക്കാലവും പ്രാധാന്യം നല്കിയിരുന്നു. വചനവ്യാഖ്യാനത്തിനായി നാളിതുവരെ നല്കിയിട്ടുള്ള തത്ത്വങ്ങളുടെ സംഗ്രഹമായി കർത്താവിന്റെ വചനം (Verbum Domini) എന്ന പ്രബോധനരേഖയിലെ 34-ാം ഖണ്ഡികയെ മനസ്സിലാക്കാം.

ഏത് അരൂപിയിലാണോ ഗ്രന്ഥം രചിക്കപ്പെട്ടത് ആ അരൂപിയിൽത്തന്നെ വിശുദ്ധലിഖിതം വ്യാഖ്യാനിക്കപ്പെടണം. ഇതിന് പ്രബോധനരേഖ മൂന്ന് അടിസ്ഥാന മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ബൈബിളിന്റെ ദൈവികമായ മാനം ശരിക്കും വിവേചിച്ചറിയുന്നതിനാണ് ഇവ നല്കിയിരിക്കുന്നത്. 1) വിശുദ്ധലിഖിതങ്ങൾ ഒന്നാകെ കണ്ടുകൊണ്ട്, അവയുടെ ഐക്യത്തിൽ ശ്രദ്ധപതിച്ചുകൊണ്ട് വചനഭാഗം വ്യാഖ്യാനിക്കണം. ഇപ്പോൾ ഈ സമീപനം കാനോനിക്കൽ എക്സജേസിസ്സ് എന്നാണ് അറിയപ്പെടുന്നത്. 2) മുഴുവൻ സഭയുടെയും സജീവമായ പാരമ്പര്യം കണക്കിലെടുക്കണം. 3) അവസാനമായി, വിശ്വാസത്തിന്റെ സാധർമ്മ്യത്തോട് (analogy) ആദരം പുലർത്തണം. രീതിശാസ്ത്രപര (methodological) മായ തലത്തോടും ചരിത്രത്തിന്റെയും നിരൂപണത്തിന്റെയും ദൈവശാസ്ത്രത്തിന്റെയും തലങ്ങളോടും ആദരം പുലർത്തിക്കൊണ്ടു മാത്രമേ ദൈവശാസ്ത്രപരമായ വിശുദ്ധലിഖിത വ്യാഖ്യാനത്തെപ്പറ്റി സംസാരിക്കാൻ കഴിയുകയുള്ളൂ.

ഈ മൂന്നു തത്ത്വങ്ങളെക്കുറിച്ചുമുള്ള വിചിന്തനങ്ങൾ VD യുടെ തനതുസവിശേഷതയല്ല. ഈ വ്യാഖ്യാനതത്ത്വങ്ങൾ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ "ദൈവാവിഷ്കരണം" എന്ന പ്രമാണരേഖ യിൽനിന്നു കടമെടുത്തതാണ്.

ഇവയ്ക്കെല്ലാംപുറമേ വിശുദ്ധലിഖിതങ്ങൾ പരിശുദ്ധാത്മാവാൽ എഴുതപ്പെട്ടിരിക്കയാൽ അതേ ആത്മാവിൽത്തന്നെ വായിക്കുകയും വ്യാഖ്യാനിക്കപ്പെടുകയും ചെയ്യണം. അതിലെ വാക്യങ്ങളുടെ ശരിയായ അർത്ഥം കണക്കിലെടുക്കണം. ഇതു ചെയ്യുന്നത് സഭ മുഴുവനിലും ജീവിക്കുന്ന പാരമ്പര്യവും വിശ്വാസസത്യങ്ങൾ തമ്മിലുള്ള പൊരുത്തവും പരിഗണിച്ചുകൊണ്ടാണ് (DV,12).

വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖ വിശദീകരിച്ചുകൊണ്ട് സഭയുടെ



www.malankaralibrary.com

സാർവത്രിക മതബോധനഗ്രന്ഥവും ഈ ത്രിമാനതത്ത്വം സവിശേഷശ്രദ്ധയോടെ അവതരിപ്പിക്കുന്നുണ്ട്.

112 1. "വിശുദ്ധഗ്രന്ഥം മുഴുവന്റെയും ഉള്ളടക്കത്തിലും ഏകതാനതയിലും വളരെയേറെ ശ്രദ്ധ പതിക്കുക". കാരണം, ബൈബിളിലെ പുസ്തകങ്ങൾ തമ്മിൽ വ്യത്യാസങ്ങൾ ഉണ്ടെങ്കിലും ബൈബിളിന്റെ പ്രതിപാദനത്തിൽ ഐക്യം കാണാൻ കഴിയും. വിശുദ്ധഗ്രന്ഥത്തിന്റെ ഈ ഐക്യത്തിനാധാരം ദൈവിക പദ്ധതിയുടെ ഐക്യമാണ്.

113 2. 'സഭ മുഴുവന്റെയും സജീവപാരമ്പര്യത്തിൽ' ബൈബിൾ വായിക്കണം. സഭാപിതാക്കന്മാരുടെ അഭിപ്രായമനുസരിച്ച് വിശുദ്ധഗ്രന്ഥം എഴുതപ്പെട്ടത് മുഖ്യമായും സഭയുടെ ഹൃദയത്തിൽ ആണ്, അല്ലാതെ കടലാസുരേഖകളിലല്ല. കാരണം, സഭ അവളുടെ പാരമ്പര്യത്തിൽ ദൈവവചനത്തിന്റെ ജീവത്സ്മരണ പുലർത്തുന്നു. വിശുദ്ധഗ്രന്ഥത്തിന്റെ ആധ്യാത്മികവചനം സഭയ്ക്കു നല്കുന്നതു പരിശുദ്ധാത്മാവാണ്.

114 3. ക്രൈസ്തവവിശ്വാസത്തിന്റെ സാധർമ്യത്തിൽ ശ്രദ്ധപതിക്കണം. 'വിശ്വാസസാധർമ്യം'കൊണ്ടു നാം അർത്ഥമാക്കുന്നത് വിശ്വാസസത്യങ്ങൾക്ക്, തമ്മിൽത്തമ്മിലും അവയ്ക്ക് ദൈവാവിഷ്കരണപദ്ധതി മുഴുവനോടുമുള്ള സമന്വയമാണ്.

ബൈബിൾവ്യാഖ്യാനത്തെക്കുറിച്ചുള്ള സഭയുടെ ആധികാരികപ്രബോധനരേഖകളിലെല്ലാം പ്രാധാന്യംനേടുന്ന ഈ ത്രിമാനതത്ത്വത്തിന്റെ ഉറവിടം അന്വേഷിക്കുന്നത് ഇതിന്റെ അർത്ഥവ്യാഖ്യാനത്തിനു സഹായകമാണ്. ബൈബിൾവിജ്ഞാനീയത്തിന്റെ പിതാവായി കരുതപ്പെടുന്ന വിശുദ്ധ ജെറോമാണ് ബൈബിൾ വ്യാഖ്യാനത്തിനുള്ള ഈ ത്രിമാനതത്ത്വം ആദ്യമായി അവതരിപ്പിച്ചത്. ഏശയ്യായുടെ പുസ്തകത്തിനു വ്യാഖ്യാനം രചിക്കുമ്പോഴും പരിശുദ്ധ മറിയത്തിന്റെ നിത്യകന്യാത്വം നിഷേധിച്ച എവോദിയൻ പാഷണ്ഡികൾക്കെതിരേ സംസാരിക്കുമ്പോഴും ഈ ത്രിമാനതത്ത്വം ജെറോം ഊന്നിപ്പറയുന്നുണ്ട്. വിശുദ്ധ ജെറോമിന്റെ മരണത്തിന്റെ 1500-ാമാണ്ടിൽ പ്രസിദ്ധീകരിച്ച 'സ്പിരിത്തൂസ് പരാക്ലീത്തുസും' (1920) തുടർന്ന് രണ്ടുപതിറ്റാണ്ടുകൾക്കുശേഷം പ്രസിദ്ധീകരിച്ച 'ഡിവീനോ അഫ്‌ളാന്തെ സ്പിരിത്തൂസും' ഈ ത്രിമാനതത്ത്വത്തെ ബൈബിൾവ്യാഖ്യാനത്തിന്റെ ആധാരശിലകളായി ചിത്രീകരിക്കുന്നുണ്ട്.

## I. വിശുദ്ധഗ്രന്ഥത്തിന്റെ സമഗ്രമായ ഏകത്വം (Canonical integrity)

വിശുദ്ധഗ്രന്ഥത്തിലെ വെളിപാടിനെ സമഗ്രമായ ഏകത (integral Unity) യിൽ മനസ്സിലാക്കണം എന്ന നിർദ്ദേശത്തിന് അനേകം അർത്ഥതലങ്ങളുണ്ട്.

1) ദൈവമാണ് പഴയനിയമത്തിന്റെയും പുതിയനിയമത്തിന്റെയും കർത്താവ് എന്ന അഞ്ചാംനൂറ്റാണ്ടിലെ വിശ്വാസപ്രമാണവാക്യം (Statuta Ecclesiae Antiqua)



www.malankaralibrary.com

ഈ തത്ത്വത്തിന്റെ പരിപ്രേക്ഷ്യത്തിലുണ്ട്. ഈ വിശ്വാസം തുടർന്നുള്ള അനേകം വിശ്വസപ്രമാണങ്ങളിൽ പ്രതിഫലിച്ചിരുന്നു.

- ലെയോ 9-ാമന്റെ വിശ്വാസപ്രമാണം (1053)

- വാൽദെൻസിയാൻ വിഭാഗത്തിനുവേണ്ടിയുള്ള വിശ്വാസപ്രമാണം (1208)

- ലിയോൺസ് കൗൺസിൽ (പാലെയോ ലോഗ്ദൂസ്) 1274

- ഫ്ളോറൻസ് കൗൺസിൽ - യാക്കോബായർക്കുവേണ്ടി (1441)

- ത്രെന്തോസ് സൂനഹദാസ് (4-ാം സെഷൻ) 1546

- ഒന്നാംവത്തിക്കാൻ കൗൺസിൽ (സെഷൻ III - 1870)

- 'സർവപരിപാലകനായ ദൈവം' (ലെയോ XIII - 1893)

- 'ലമന്താബിലി' എന്ന പ്രമാണരേഖ (പീയൂസ് X - 1907)

- രണ്ടാം വത്തിക്കാൻ കൗൺസിൽ (DV-1965)

സഭാപ്രബോധനങ്ങളിലുടനീളം ആവർത്തിക്കുന്ന ഈ വിശ്വാസസത്യം വിശുദ്ധഗ്രന്ഥത്തിലെ വെളിപാടിന്റെ സമഗ്രത വെളിപ്പെടുത്തുന്നു. ഗ്രന്ഥകർത്താവ് ഒന്നാകയാൽ വിശുദ്ധഗ്രന്ഥം അതിന്റെ സമഗ്രതയിൽ വ്യാഖ്യാനിക്കണം.

ഉദാ :- സഭാപ്രഭാഷകനെ ആധാരമാക്കി നിരീശ്വരവാദം സ്ഥാപിക്കരുത്.

- അബ്രാഹത്തിന്റെയും ലോത്തിന്റെയും പ്രവൃത്തികൾ ധാർമ്മികതയുടെ മാനദണ്ഡമായി സ്വീകരിക്കരുത്.

2) വെളിപാടിന്റെ ക്രമാനുഗതമായ വളർച്ചയും കാലാനുസൃതമായ പൂർത്തീകരണവും ഈ തത്ത്വം വെളിപ്പെടുത്തുന്നുണ്ട്. ഉദാഹരണമായി, കുഞ്ഞാട് എന്ന പദം വിശുദ്ധഗ്രന്ഥത്തിലെ വിവിധ ഗ്രന്ഥങ്ങളിൽ ഏതൊക്കെ അർത്ഥതലങ്ങളിൽ ഉപയോഗിക്കുന്നു എന്നു ശ്രദ്ധിക്കാം.

ഉൽപത്തി - വസ്ത്രം നിർമ്മിക്കാൻ രോമവും തോലും തരുന്ന മൃഗം (32:21)

- മനുഷ്യനു പകരം ദൈവത്തിനുള്ള ബലിവസ്തു (22:1-19)

പുറപ്പാട് - കട്ടിളപ്പടിയിൽ കുഞ്ഞാടിന്റെ രക്തം പുറപ്പാട് രാത്രിയിൽ

ഇസ്രായേലിന്റെ രക്ഷയുടെ അടയാളമായി (12:13)

ലേവ്യർ - വിശുദ്ധീകരണത്തിന്റെ അടയാളം (14:10-20)

ഏശയ്യ - കുഞ്ഞാടിനെ മനുഷ്യവ്യക്തിയായി ചിത്രീകരിക്കുന്നു (53:5-12)

യോഹന്നാൻ - കുഞ്ഞാടായി യേശുവിനെ ചൂണ്ടിക്കാണിക്കുന്നു (1:29)



www.malankaralibrary.com

സമാന്തര സുവിശേഷങ്ങൾ – ക്രൂശിതനായ കുഞ്ഞാടായി യേശുവിനെ ചിത്രീകരിക്കുന്നു. പാപമോചനത്തിനായി ചിന്തപ്പെടുന്ന രക്തം (മത്താ 26:28; ലൂക്കാ 22:20)

ലേഖനങ്ങൾ – ക്രിസ്തുവിനെ പെസഹാക്കുഞ്ഞാടായി പ്രതീകവത്കരിക്കുന്നു (1 കോറി 5:7; 1 പത്രോ 1:18–19).

– വെളിപാടു ഗ്രന്ഥത്തിൽ കുഞ്ഞാടിനെ ആരാധനയ്ക്ക് അർഹനായി അവതരിപ്പിക്കുന്നു (22:3)

വിശുദ്ധഗ്രന്ഥത്തിലെ "കുഞ്ഞാട്" എന്ന പദത്തിന്റെ അർത്ഥവ്യാപ്തി വെളിപാടിന്റെ സമഗ്രതയുമായി ബന്ധപ്പെട്ടതാണെന്ന് ഇതിൽ നിന്നു വ്യക്തമാകുന്നു.

3) രക്ഷാകരപദ്ധതിയുടെ ഏകത്വവും ഏകതാനതയും പരിരക്ഷിക്കാനും പഴയനിയമത്തിന്റെയും പുതിയനിയമത്തിന്റെയും പാരസ്പര്യം ഗ്രഹിക്കാനും വെളിപാടിന്റെ സമഗ്രത സഹായകമാണ്. ഉദാഹരണമായി, പരിശുദ്ധ ത്രിത്വം എന്ന ആശയം പഴയനിയമ–പുതിയനിയമ പാരസ്പര്യത്തിലേ വ്യാഖ്യാനിക്കാനാകൂ.

ഉൽപ 1:1–2 – സൃഷ്ടിയിൽ വെളിപ്പെടുത്തുന്ന ത്രിത്വം

ഉൽപ 1:26 – നമുക്ക് നമ്മുടെ ഛായയിലും സാദൃശ്യത്തിലും .........

പുറ 23:21 – എന്റെ നാമം അവനിൽ ഉണ്ട് (ദൈവം അയയ്ക്കുന്ന ദൂതനിൽ)

ഏശ 7:14 – കന്യക ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും

ഏശ 9:6 – അവൻ ശക്തനായ ദൈവം, നിത്യനായ പിതാവ് .........

മത്തായി 1:23 – യേശു കന്യാസുതനായ ദൈവപുത്രൻ

യോഹ 1:18 – യേശു ദൈവത്തിന്റെ ഏകജാതൻ

മത്താ 3:16–17 – ത്രിത്വൈക വെളിപാട്

വെളി 5:13–14 – പിതാവിനോടൊപ്പം ആരാധിക്കപ്പെടുന്ന പുത്രൻ

4) എല്ലാ വെളിപാടുകളും യേശുവിനെ ലക്ഷ്യമാക്കിയുള്ളവയാണ് എന്ന ക്രൈസ്തവ കാഴ്ചപ്പാടിൽ (യഹൂദ വ്യാഖ്യാനത്തിൽ പഴയനിയമ വെളിപാടിന് ക്രിസ്തുരഹിത സമ്പൂർണതയുണ്ട്) വിശുദ്ധഗ്രന്ഥത്തിലെ സകല വെളിപാടുകളുടെയും സംഗമബിന്ദു ക്രിസ്തുവാണ്. ക്രിസ്തുവിലൂടെ സാക്ഷാത്കരിക്കപ്പെടുന്ന രക്ഷാകരപദ്ധതിയാണ് വിശുദ്ധഗ്രന്ഥത്തിന്റെ ഇതിവൃത്തം എന്നതിനാൽ വെളിപാടിന്റെ സമഗ്രതയ്ക്ക് ക്രിസ്തു എന്ന ഏകത്വം അനിവാര്യമാകുന്നു.



www.malankaralibrary.com

5) രക്ഷാകരപദ്ധതിയെ ക്രിസ്തുവിലൂടെ മുന്നോട്ടു നയിച്ച പരിശുദ്ധാത്മാവുതന്നെയാണ് വിശുദ്ധഗ്രന്ഥരചയിതാക്കളായി ദൈവം തിരഞ്ഞെടുത്ത മാനുഷികവ്യക്തികളുടെ ദൈവനിവേശനത്തിന് ആധാരമാകുന്നതും. വ്യാഖ്യാതാവിന്റെയും വായനക്കാരന്റെയും ഹൃദയം ദൈവാവിഷ്കരണരഹസ്യത്തിലേക്ക് ആനയിക്കുന്നതും ഈ പരിശുദ്ധാത്മാവു തന്നെയാണ് (DV 12; CCC 112; VD 34).

6) വിശ്വാസം, സന്മാർഗം എന്നീ വിഷയങ്ങളിൽ മാത്രമല്ല, ദൈവികവെളിപാട് വിശുദ്ധഗ്രന്ഥത്തിന്റെ സകല വിവരണങ്ങളിലും ദൃശ്യമാണ് എന്ന സഭാപ്രബോധനം (PD, SP, HG) വെളിപാടിന്റെ സമഗ്രതയെയാണ് വെളിപ്പെടുത്തുന്നത് (ND 226, 230, 238).

ചുരുക്കത്തിൽ, ഗ്രന്ഥകർതൃത്വത്തിലും ഉള്ളടക്കത്തിലും ലക്ഷ്യത്തിലും വ്യാഖ്യാനത്തിലും വിശുദ്ധഗ്രന്ഥത്തിന്റെ സമഗ്രത ഏകമായ വെളിപാടിനെയാണ് പ്രതിനിധാനംചെയ്യുന്നത്. മേല്പറഞ്ഞ യാഥാർത്ഥ്യങ്ങളുടെ വെളിച്ചത്തിൽ ചില വ്യാഖ്യാനതത്ത്വങ്ങൾ നമുക്ക് ആവിഷ്കരിക്കാവുന്നതാണ്:

- പില്കാല വെളിപാടുകൾ മുൻകാല വെളിപാടിനെ വ്യാഖ്യാനിക്കുന്നു: പുതിയനിയമം പഴയനിയമത്തെയും ലേഖനങ്ങൾ സുവിശേഷത്തെയും.

- പില്കാല വെളിപാടുകളുടെ വെളിച്ചത്തിൽ ആദ്യകാല വെളിപാടുകൾക്ക് കൂടുതൽ അർത്ഥവ്യാപ്തി ലഭിക്കുന്നുണ്ടെങ്കിലും ആദ്യകാല വെളിപാടുകൾ അവയുടെ കാലഘട്ടത്തിൽ മനസ്സിലാക്കാൻ ശ്രമിക്കണം.

- ഒറ്റപ്പെട്ടതോ ഐതിഹ്യപരമോ പ്രതീകാത്മകമോ ആയ വചനഭാഗങ്ങളെ വിശുദ്ധഗ്രന്ഥത്തിന്റെ സമഗ്രദർശനത്തിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിക്കണം.

## II. പാരമ്പര്യം (Tradition)

സഭയുടെ സജീവപാരമ്പര്യത്തോടു ചേർന്നുനില്ക്കാതെ ദൈവവചനത്തിന്റെ യഥാർത്ഥ വ്യാഖ്യാനം അസാദ്ധ്യമാണ്. ദൈവികവെളിപാടുകളുടെ ആകത്തുകയാണ് സഭയുടെ വിശുദ്ധപാരമ്പര്യമായി അറിയപ്പെടുന്നത്. ദൈവജനത്തിന് കാലാകാലങ്ങളായി ലഭിച്ച വെളിപാടുകളിൽ ഏതാനും ഭാഗം മാത്രമേ ലിഖിതവും കാനോനികവുമായ രൂപത്തിൽ ബൈബിളിൽ ഇടംനേടിയിട്ടുള്ളൂ. ശേഷിക്കുന്ന ദൈവികവെളിപാടുകളുടെ ശേഖരം സഭയുടെ സജീവവും വിശുദ്ധവുമായ പാരമ്പര്യത്തിലാണുള്ളത്. ദൈവികവെളിപാട് ലിഖിതവചനത്തിലും സഭയുടെ വിശുദ്ധപാരമ്പര്യത്തിലും ഒന്നുപോലെ സജീവമായതിനാൽ അവയുടെ പാരസ്പര്യം ഗ്രഹിക്കേണ്ടത് ബൈബിൾ വ്യാഖ്യാനത്തിൽ പരമമായ പ്രാധാന്യമർഹിക്കുന്നു. പാരമ്പര്യം എന്നതിന്റെ അർത്ഥവ്യാപ്തി വലുതാണ്.

1) ക്രിസ്തുവിലൂടെ ലഭിച്ച വെളിപാടിനെ സാർവത്രിക സൂനഹദോസുകൾ എപ്രകാരം വ്യാഖ്യാനിച്ചു എന്നു മനസ്സിലാക്കുന്നതാണ് പാരമ്പര്യത്തിന്റെ



www.malankaralibrary.com

മർമ്മം എന്ന് രണ്ടാം കോൺസ്റ്റാന്റിനോപ്പിൾ കൗൺസിലും (533) ലാറ്ററൻ കൗൺസിലും (649) നിർവചിച്ചിട്ടുണ്ട് (ND 204, 205).

2) അപ്പസ്തോലന്മാർ, അപ്പസ്തോലിക പിതാക്കന്മാർ തുടങ്ങിയവർ എപ്രകാരം ഒരുവചനം വ്യാഖ്യാനിച്ചു എന്നു കണ്ടെത്തുന്നത് വചനവ്യാഖ്യാനത്തിന് അനുപേക്ഷണീയമാണ്. വ്യാഖ്യാനചരിത്രം (Wirkungsgeschichte) വചനവ്യാഖ്യാനത്തിന് സഹായകമാണ്. പാരമ്പര്യാധിഷ്ഠിതവ്യാഖ്യാനം എന്നതിന് സഭാപിതാക്കന്മാരുടെ വ്യാഖ്യാനങ്ങളോടും സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളോടും വിശ്വസ്തത പുലർത്തുന്ന വ്യാഖ്യാനം എന്നാണ് രണ്ടാംവത്തിക്കാൻ കൗൺസിൽ നല്കുന്ന നിർവചനം. സഭാപിതാക്കന്മാർ ഏകാഭിപ്രായത്തിൽ വ്യാഖ്യാനിച്ചിട്ടുള്ള വചനങ്ങളെക്കുറിച്ച് ആധുനിക വ്യാഖ്യാതാക്കൾ വിപരീത നിലപാട് സ്വീകരിക്കുന്നത് പാരമ്പര്യത്തിനു നിരക്കുന്നതല്ല. എന്നാൽ, സഭാപിതാക്കന്മാർ പല വചനങ്ങളുടെയും വ്യാഖ്യാനത്തിൽ ഏകാഭിപ്രായമുള്ളവരായിരുന്നില്ല എന്നത് ആധുനിക വ്യാഖ്യാതാവിന്റെ സ്വാതന്ത്ര്യം വർദ്ധമാനമാക്കുന്നുണ്ട്.

3) വെളിപാടിനെ ദൈവം ഭരമേല്പിച്ചത് സഭയ്ക്കാണ്. വെളിപാടിനെ സ്വജീവിതം കൊണ്ട് സജീവമാക്കുന്ന സഭ വെളിപാടിന്റെ ലിഖിതരൂപങ്ങൾ വിവേചിച്ചറിയുകയും ആധികാരികത നല്കി പ്രഘോഷിക്കുകയും ചെയ്യുന്നു. വിശുദ്ധ ആഗസ്തീനോസ് പഠിപ്പിച്ചതുപോലെ, "പരിശുദ്ധ കത്തോലിക്കാ സഭയുടെ ആധികാരികത സാക്ഷ്യപ്പെടുത്തിയില്ലായിരുന്നെങ്കിൽ ഞാൻ സുവിശേഷം വിശ്വസിക്കുമായിരുന്നില്ല".

4) വിശുദ്ധഗ്രന്ഥം ഒരു തത്ത്വസംഹിതയോ ആശയസമാഹാരമോ അല്ല. ദൈവ-മനുഷ്യബന്ധത്തിന്റെ സജീവസാക്ഷാത്കാരമാണ്. വിശുദ്ധഗ്രന്ഥം വിഭാവനം ചെയ്യുന്ന ജീവിതചര്യ അനുദിനജീവിതത്തിന്റെ മാർഗരേഖയായി സ്വീകരിച്ച ദൈവജനമാണ് ലിഖിതവചനത്തിനു മുൻപേ സംജാതമായത്. പ്രസ്തുത ദൈവജനത്തിന്റെ ദൈവാഭിമുഖ്യജീവിതമാണ് വിശുദ്ധഗ്രന്ഥരചനയ്ക്കും വ്യാഖ്യാനത്തിനും അടിസ്ഥാനം. പാരമ്പര്യം എന്നത് പഴമയിലേക്കുള്ള പുറംതിരിയലായി നിസ്സാരവത്കരിക്കപ്പെടരുത്. ജീവിതയാഥാർത്ഥ്യത്തിന്റെ നടുമുറ്റത്തു വചനം പ്രതിഷ്ഠിക്കുന്ന ഫലവത്തായ മാർഗമാണ് പാരമ്പര്യം.

5) പാരമ്പര്യത്തോടുള്ള വിശ്വസ്തത വ്യാഖ്യാനസമഗ്രതയുടെ ഏകത്വ (unity) വും തുടർച്ച (continnuity) യും ഉറപ്പുവരുത്തുന്നു.

പ്രൊട്ടസ്റ്റന്റു വിപ്ലവത്തിലെ പാരമ്പര്യനിഷേധം പ്രതിരോധിക്കാൻ ത്രെന്തോസ് സൂനഹദോസ് പാരമ്പര്യത്തിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞു (ND 210). പാരമ്പര്യത്തെക്കുറിച്ചുള്ള ത്രെന്തോസ് സൂനഹദോസിന്റെ വീക്ഷണത്തെ വെല്ലുവിളിക്കുന്ന ചില താത്ത്വികനിലപാടുകളുടെ പശ്ചാത്തലത്തിലാണ് പാരമ്പര്യത്തെക്കുറിച്ചുള്ള സഭയുടെ ആധുനികവീക്ഷണം രൂപംകൊണ്ടത്.

**പാരമ്പര്യത്തെ സംബന്ധിച്ച ചില താത്ത്വികനിലപാടുകൾ**

- ദൈവികവെളിപാട് പ്രകൃതിനിയമങ്ങളുടെ പുനരാവിഷ്കാരം മാത്രമാ



www.malankaralibrary.com

ണ്. തന്മൂലം യുക്തിക്കു നിരക്കാത്തവയെ പാരമ്പര്യമായി സ്വീകരിക്കാനാവില്ല എന്ന് Deism വാദിച്ചു.

- ഇമ്മാനുവൽ കാന്റിന്റെ നേതൃത്വത്തിലുള്ള യുക്തിവാദം (rationalism) വെളിപാടിനെയും പാരമ്പര്യത്തെയും നിഷേധിച്ചില്ലെങ്കിലും അവയ്ക്ക് പ്രായോഗികയുക്തി (practical reason) യിൽ അല്ലാതെ യഥാർത്ഥ യുക്തി (pure reason) യിൽ പ്രസക്തിയില്ല എന്നു വാദിച്ചു.

- ഷൈർ മാഹർ (1768-1834) നേതൃത്വം നല്കിയ വൈകാരികവാദം (sentimentalism) മനുഷ്യന്റെ പ്രത്യക്ഷ ദൈവാവബോധം ഊന്നിപ്പറയാൻ, നിർവചിക്കപ്പെട്ട വിശ്വാസസത്യങ്ങൾ (dogmas) അപ്രസക്തമാണെന്നു വാദിച്ചു.

- വിശ്വാസവാദത്തിന്റെ വകഭേദമായ പാരമ്പര്യവാദം (traditionalism) ദൈവം നല്കിയ ആദിമവെളിപാടിനെ അക്ഷരശ്ശ അഭംഗുരം പരിരക്ഷിക്കുന്നതാണ് പാരമ്പര്യം എന്നു വാദിച്ചു. തന്മൂലം വെളിപാടിന് കാലാകാലങ്ങളിൽ സഭ നല്കുന്ന വ്യാഖ്യാനങ്ങൾ അവർ നിഷേധിച്ചു.

ഒൻപതാം പീയൂസ് മാർപാപ്പാ Syllabus of Errors (1864) ൽ മേല്പറഞ്ഞ സകല നിലപാടുകളെയും നിഷേധിച്ചു (ND 112/3-9).

പാരമ്പര്യം അംഗീകരിക്കുകയും സഭയുടെ പാരമ്പര്യത്തെക്കുറിച്ചുള്ള ദർശനം മനുഷ്യയുക്തിയുടെ ആധികാരികതയുടെ നിദർശനമായി അവതരിപ്പിക്കുകയും ചെയ്യുന്ന ആധുനിക വാദം (modernism) പാരമ്പര്യത്തിന്റെ അതിഭൗതിക (supernatural) മാനം നിഷേധിക്കുന്ന നിലപാടാണു സ്വീകരിച്ചത് (A. Loisy, Tyrell). ലമെന്താബിലി (1907) എന്ന പ്രമാണരേഖയും Pascendi എന്ന ചാക്രിക ലേഖനവും (1907) Sacrorum Antistum (1910) എന്ന പ്രബോധനവും ആധുനികവാദം നിഷേധിക്കുകയും പാരമ്പര്യത്തിന്റെ ദൈവികമാനം ഊന്നിപ്പറയുകയും ചെയ്തു.

ചുരുക്കത്തിൽ, പാരമ്പര്യത്തിൽ ദൈവിക വെളിപാടിന്റെ അതിഭൗതികതലവും പ്രസ്തുത് വെളിപാട് സ്വീകരിക്കുകയും ജീവിക്കുകയും ചെയ്യുന്ന തലവും ഒന്നുപോലെ പ്രസക്തമാണ്. പാരമ്പര്യാനുസൃതവ്യാഖ്യാനം എന്നതിന് സകല വചനങ്ങളെയും സഭ ഔദ്യോഗികമായി വ്യാഖ്യാനിച്ചിട്ടുണ്ടെന്നോ നൂതനവ്യഖ്യാനങ്ങൾ അസാധ്യമാണെന്നോ ഉള്ള അർത്ഥത്തിൽ മനസ്സിലാക്കേണ്ടതില്ല.

## III. സാധർമ്മ്യം (Analogy)

1) സാധർമ്മ്യം (analogy) എന്നതിലൂടെ പ്രഥമതഃ അർത്ഥമാക്കുന്നത് സഭയുടെ പ്രഖ്യാപിത വിശ്വാസസത്യങ്ങൾക്കു വിരുദ്ധമായി ദൈവവചനം വ്യാഖ്യാനിക്കാൻ പാടില്ല എന്ന വസ്തുതയാണ്. ത്രെന്തോസ് സൂനഹദോസ് ഏഴു വചനങ്ങൾ മാത്രമേ നിയതമായ അർത്ഥത്തിൽ വ്യാഖ്യാനിച്ചിട്ടുള്ളൂ.

യോഹ 3:5 - ജലത്താലും ആത്മാവാലും ജനിക്കുക = മാമ്മോദീസ



www.malankaralibrary.com

1 കോറി 11:24; ലൂക്ക 22:19 - അപ്പസ്തോലന്മാർക്ക് പൗരോഹിത്യപദവി ലഭിച്ചു.

മത്താ 18:18; യോഹ 20:22-23 - അപ്പസ്തോലന്മാരുടെ പാപമോചനാധികാരവും കുമ്പസാരമെന്ന കൂദാശയും

റോമ 5:12 - ഉദ്ഭവ പാപം

യാക്കോ 5:14 - മൂപ്പന്മാർ കേവലം ജനനേതാക്കളല്ല; അഭിഷിക്തപുരോഹിതരാണ്.

ഈ വചനവ്യാഖ്യാനങ്ങൾ വിശ്വാസസത്യത്തിന്റെ ഭാഗമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതിനാൽ ഈ വചനങ്ങൾ വ്യാഖ്യാനിക്കുമ്പോൾ തെന്ത്രോസ് കൗൺസിലിന്റെ നിലപാടിനു വിരുദ്ധമായ ഒരു നിലപാട് വ്യാഖ്യാതാക്കൾ സ്വീകരിക്കാൻ പാടില്ല.

2) വിശ്വാസസത്യത്തിനു വിരുദ്ധമായി ബൈബിൾ വ്യാഖ്യാനിക്കരുത് എന്ന നിബന്ധന, വിശ്വാസസത്യവും ബൈബിളും തമ്മിൽ വൈരുധ്യമുണ്ട് എന്ന അർത്ഥത്തിൽ മനസ്സിലാക്കാൻ പാടില്ല. വിശുദ്ധഗ്രന്ഥം ദൈവനിവേശിതമായി ലിഖിതരൂപത്തിലാക്കിയ പരിശുദ്ധാത്മാവുതന്നെയാണ് സഭയുടെ വിശ്വാസസത്യങ്ങളുടെയും പിന്നിലെ പ്രചോദനശക്തി എന്നതിനാൽ അവ തമ്മിൽ വൈരുധ്യങ്ങളുണ്ടാവുക അസാധ്യമാണ്. തന്മൂലം, വിശ്വാസസത്യത്തിന് അനുകൂലമായി വചനം വ്യാഖ്യാനിക്കുമ്പോൾ മാത്രമേ വചനവ്യാഖ്യാനം ശരിയായ വ്യാഖ്യാനമാകുന്നുള്ളൂ.

ഉദാ:- മാതാവിന്റെ സ്വർഗാരോപണം, അമലോദ്ഭവം എന്നിവ ബൈബിളധിഷ്ഠിതമല്ല എന്ന വ്യാഖ്യാനം ശരിയല്ല.

- കൂദാശകൾ ക്രിസ്തുവാൽ സ്ഥാപിക്കപ്പെട്ടതല്ല, പില്കാലത്ത് രൂപംകൊണ്ടതാണ് എന്നു വ്യാഖ്യാനിക്കുന്നത് തെറ്റാണ്.

3) സാധർമ്മ്യം എന്നതിലൂടെ ബൈബിളിന്റെ പൂർണമായ അർത്ഥം (fuller sense) കണ്ടെത്താൻ കഴിയും. ഒരു വചനഭാഗത്തിന് ദൈവം ഉദ്ദേശിച്ച ആഴമേറിയ അർത്ഥമാണ് പൂർണമായ അർത്ഥം (fuller sense - sensus plenior) എന്ന പേരിൽ അറിയപ്പെടുന്നത്. വിശുദ്ധഗ്രന്ഥത്തിലൂടെ ക്രമാനുഗതമായി വെളിപ്പെടുത്തുന്ന ദൈവിക വെളിപാടുകളുടെ സമഗ്രതയിൽ നിശ്ചിതവചനഭാഗം വ്യാഖ്യാനിക്കുമ്പോഴാണ് പൂർണമായ അർത്ഥം ലഭിക്കുന്നത്. പൂർണമായ അർത്ഥം (sensus plenior) എന്ന പദം ആദ്യമായി ഉപയോഗിച്ചത്, പഴയനിയമപൂർത്തീകരണം പുതിയനിയമത്തിൽ സംഭവിച്ചു എന്ന ആശയം സൂചിപ്പിക്കാൻ ആന്ദ്രേ ഫെർണാണ്ടസ് എന്ന വിശുദ്ധഗ്രന്ഥവിശാരദനാണ് (1925). വിശുദ്ധഗ്രന്ഥത്തിന്റെ രചന ദൈവവും മനുഷ്യനും ചേർന്നാണു നിർവഹിച്ചത്. ദൈവം വിശുദ്ധഗ്രന്ഥത്തിന്റെ പ്രധാന കാരണ (principal efficient cause) വും മനുഷ്യവ്യക്തി വിശുദ്ധഗ്രന്ഥത്തിന്റെ രചനയിലെ ഉപകരണ കാരണ (instrumental efficient cause) വും ആണ്. മാനുഷികരചയിതാവ് തന്റെ രചനയ്ക്കു നിരൂപിച്ച അർത്ഥം പൂർണമായ അർത്ഥം എന്നു വിളിക്കാനാകില്ല. ഒരു വചനത്തിന്റെ പൂർണാർത്ഥം വെളിപാടിന്റെ ഉയർന്ന തലങ്ങളിലേ വ്യക്തമാവുകയുള്ളൂ എന്നതിനാൽ വിശുദ്ധഗ്രന്ഥം



www.malankaralibrary.com

രചിച്ച മാനുഷികരചയിതാവിന് അതിന്റെ പൂർണമായ അർത്ഥം ഗ്രാഹ്യമായിരുന്നു എന്നു കരുതേണ്ടതില്ല.

പൂർണാർത്ഥം എന്ന ആശയം വിശ്വാസസത്യങ്ങൾക്ക് ആധാരമായ വിശുദ്ധ ഗ്രന്ഥഭാഗങ്ങൾ ഗ്രഹിക്കാൻ സഹായകമാണ്. വിശുദ്ധഗ്രന്ഥം എഴുതപ്പെട്ട് നൂറ്റാണ്ടുകൾക്കുശേഷമാണ് പല വിശ്വാസസത്യങ്ങളും സഭയുടെ സൂനഹദോസുകൾ പ്രഖ്യാപിക്കുന്നത്. ഇപ്രകാരം പ്രഖ്യാപിക്കപ്പെടുന്ന വിശ്വാസസത്യങ്ങളെല്ലാം ദൈവിക വെളിപാടിലും വിശുദ്ധഗ്രന്ഥത്തിലും അധിഷ്ഠിതമാണ് എന്നതാണ് സഭയുടെ പ്രബോധനം. എന്നാൽ, പ്രസ്തുതവചനങ്ങൾ എഴുതിയ ഗ്രന്ഥകാരന്മാർ ഇപ്രകാരമൊരു അർത്ഥം ആ വചനങ്ങൾക്കു നല്കിയിരുന്നോ എന്നതും ഇല്ലെങ്കിൽ സഭ പ്രഖ്യാപിക്കുന്ന വിശ്വാസസത്യങ്ങൾക്ക് ആധാരമായി പ്രസ്തുത വചനങ്ങൾ ഉപയോഗിക്കാനാവുമോ എന്നതുമാണ് ഇവിടത്തെ പ്രധാന പ്രശ്നം.

ഉദാഹരണമായി, തെന്ത്രോസ് സൂനഹദോസ് ആദത്തിന്റെ പാപം ഉദ്ഭവപാപമായി വ്യാഖ്യാനിച്ചുകൊണ്ട് വിശ്വാസസത്യം പ്രഖ്യാപിച്ചു. ഇതിന് ആധാരമായി സ്വീകരിച്ച വചനഭാഗം റോമാ 5:12-21 ആണ്. ആദത്തിന്റെ പാപം മൂലം മനുഷ്യകുലം പാപത്തിന് അധീനമായിത്തീർന്നെന്നും മിശിഹായിലൂടെ മനുഷ്യകുലം പാപവിമോചിതമായിത്തീർന്നു എന്നുമുള്ള പൗലോസിന്റെ കാഴ്ചപ്പാടും ഉദ്ഭവപാപത്തെക്കുറിച്ചുള്ള സഭയുടെ പ്രബോധനവും അന്തഃസത്തയിൽ ഒന്നുതന്നെയാണ്. എന്നാൽ, പൗലോസ് റോമാക്കാർക്കുള്ള ലേഖനമെഴുതുമ്പോൾ ഉദ്ഭവപാപം എന്ന ആശയം അദ്ദേഹത്തിന്റെ ചിന്തയിലുണ്ടായിരുന്നു എന്നു കരുതേണ്ടതില്ല. ദൈവനിവേശിതമായി പൗലോസ് എഴുതിയ ഈ ലേഖനത്തിൽ ദൈവം നിഗൂഢമായി ഉദ്ഭവപാപത്തെക്കുറിച്ചുള്ള ആശയം ഉൾച്ചേർത്തുവെന്നും സമയത്തിന്റെ പൂർണതയിൽ തന്റെ സഭയിലൂടെ അവിടന്നു വെളിപ്പെടുത്തി എന്നുമാണ് നാം മനസ്സിലാക്കേണ്ടത്.

4) വചനവ്യാഖ്യാനത്തിന് ശാസ്ത്രീയവും തത്ത്വചിന്താപരവുമായ സകല മാർഗങ്ങളും സ്വീകരിക്കാം. എന്നാൽ അവയുടെ ആന്തരിക ചൈതന്യം വെളിപാടിന്റെ സമഗ്രതയോട് ചേർന്നുപോകുന്നതാണോ എന്ന ചോദ്യം പ്രസക്തമാണ്.

- വർഗസമരത്തിലധിഷ്ഠിതമായ മാർക്സിസം അവലംബമാക്കിയുള്ള വ്യാഖ്യാനങ്ങൾ; ഇന്ത്യൻ തത്ത്വചിന്ത അവലംബമാക്കിയുള്ള വ്യാഖ്യാനങ്ങൾ; രക്ഷാകരപദ്ധതിയിൽ ക്രിസ്തുവിന്റെ ഏകതാനത വിസ്മരിച്ച് രക്ഷാകരപദ്ധതിയിലെ അവതാരങ്ങളിലൊന്നായി ക്രിസ്തുവിനെ ചിത്രീകരിക്കുന്ന ചില ഇന്ത്യൻ ദൈവശാസ്ത്രജ്ഞന്മാരുടെ വ്യാഖ്യാനങ്ങൾ etc.

- ഡാർവിന്റെ പരിണാമസിദ്ധാന്തം ഉപയോഗിച്ച് ഉത്പത്തിയിലെ സൃഷ്ടിവിവരണം വ്യാഖ്യാനിക്കുന്നത്.

5) സാധർമ്മ്യം ഗ്രഹിക്കുന്നതിന് വിശുദ്ധഗ്രന്ഥവിവരണങ്ങളിലെ വിവിധ അർത്ഥതലങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്. വചനത്തിന്റെ വാച്യാർത്ഥം യാഥാർത്ഥ്യം വെളിവാക്കുന്നു; രൂപകാർത്ഥം വിശ്വസിക്കേണ്ടതെന്തെന്നും



www.malankaralibrary.com

ധാർമ്മികാർത്ഥം എന്തു ചെയ്യണമെന്നും യുഗാന്തോന്മുഖ അർത്ഥം എന്തിനുവേണ്ടി ശ്രമിക്കണമെന്നും അന്തിമലക്ഷ്യമെന്തെന്നും വ്യക്തമാക്കുന്നു.

നാല് അർത്ഥതലങ്ങൾ വിശദീകരിക്കാൻ ജറുസലേം എന്ന ബൈബിൾസംജ്ഞ ഉദാഹരണമായെടുക്കാം.

**വാച്യാർത്ഥം** (Storia) - ദാവീദു രാജാവ് പണികഴിപ്പിച്ചതും ഇസ്രായേലിന്റെയും പിന്നീട് യൂദയായുടെയും തലസ്ഥാനമായിരുന്നതുമായ ചരിത്രനഗരം.

**രൂപകാത്മക അർത്ഥം** (allegoria)-ജറുസലേം നഗരം സഭയുടെ പ്രതീകമാണ്. ജറുസലേം ദൈവത്തിന്റെ വാസസ്ഥലമായ പട്ടണമായിരുന്നതുപോലെ, പുതിയ ജറുസലേമായ സഭയിലാണ് ദൈവം വസിക്കുന്നത്.

**ധാർമ്മിക അർത്ഥം** (tropologia)-ജറുസലേം എന്നത് മനുഷ്യാത്മാവിന്റെ പ്രതീകമാണ്. തിന്മകളാൽ അശുദ്ധമാക്കപ്പെട്ട നഗരം അഗ്നിക്കും പ്രവാസത്തിനും ഇരയായതുപോലെ, പാപത്തിൽ നിവസിക്കുന്ന ആത്മാക്കളും നാശത്തിന് ഇരയായിത്തീരും.

**യുഗാന്തോന്മുഖ അർത്ഥം** (anagogia) - ജറുസലേം സ്വർഗത്തിന്റെ പ്രതീകമാണ്. സ്വർഗീയ ജറുസലേം ലക്ഷ്യമാക്കിയാണ് വിശ്വാസി ജീവിതം നയിക്കേണ്ടത്.

മേല്പറഞ്ഞ നാല് അർത്ഥതലങ്ങളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതും അടിസ്ഥാനപരമായതും വാച്യാർത്ഥമാണെന്ന് വിശുദ്ധ തോമസ് അക്വീനാസ് വാദിച്ചു. മറ്റെല്ലാ അർത്ഥതലങ്ങളും വാച്യാർത്ഥത്തിൽനിന്ന് ഉദ്ഭവിക്കുന്നവയാണെന്നും അവ അവഗണിക്കാവുന്നതാണെന്നും അക്വീനാസ് സമർത്ഥിച്ചു. വാച്യാർത്ഥം എന്നതിലൂടെ ഗ്രന്ഥകർത്താവിന്റെ വാക്കുകൾ (literale verba) പകരുന്ന അർത്ഥം എന്നാണ് വിവക്ഷിക്കുന്നത്. മറ്റൊരു ഭാഷയിൽ പറഞ്ഞാൽ, ഗ്രന്ഥകർത്താവ് കൈമാറാനാഗ്രഹിച്ച അർത്ഥമെന്തോ അതിനെയാണ് വാച്യാർത്ഥം എന്നതിലൂടെ വിവക്ഷിക്കുന്നത്. എന്നാൽ ചില ഗ്രന്ഥങ്ങളുടെ രചനയിൽ അനേകം രചയിതാക്കളോ സംശോധകരോ ഇടപെട്ടിട്ടുണ്ട്. ഉദാഹരണമായി, ഏശയ്യാ എന്ന പേരിലുള്ള കാനോനികഗ്രന്ഥത്തിന്റെ രചനയ്ക്കുപിന്നിൽ അനേകരുടെ കരങ്ങളും ഇരുനൂറിലേറെ വർഷങ്ങളുമുണ്ടായിരുന്നു എന്നു വ്യക്തമാണ്. ഇത്തരം സന്ദർഭങ്ങളിൽ ഓരോ രചയിതാവും സംശോധകനും ഉദ്ദേശിച്ച അർത്ഥങ്ങൾ വ്യതിരിക്തമായിത്തന്നെ ഗ്രഹിക്കുമ്പോഴേ പ്രസ്തുത രചനകളുടെ വാച്യാർത്ഥം പൂർണമാവുകയുള്ളു. ഓരോ എഴുത്തുകാരനും ഒരു വചനഭാഗം ഏതു സമൂഹത്തെ മനസ്സിൽ കണ്ടുകൊണ്ട് എഴുതിയോ, പ്രസ്തുത സമൂഹം ആ വചനഭാഗം എപ്രകാരം ഗ്രഹിക്കണമെന്ന് കരുതി എന്നതാണ് വാച്യാർത്ഥത്തിന്റെ അന്തഃസത്ത. ഉദാഹരണമായി, യേശു പറഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്ന ഒരു സുവിശേഷവചനത്തിന്റെ വാച്യാർത്ഥം എന്നത്, യേശു ഏത് അർത്ഥത്തിൽ പ്രസ്തുത വചനം പറഞ്ഞു എന്ന് അത് രേഖപ്പെടുത്തിയ സുവിശേഷകൻ മനസ്സിൽ കരുതുന്നുവോ അതാണ്.



www.malankaralibrary.com



# ദൈവവചനവും ആരാധനക്രമവും

റവ. ഡോ. പോളി മണിയാട്ട്

## ആമുഖം

ആരാധനക്രമം അഥവാ ലിറ്റർജി ദൈവം നിർവഹിക്കുന്ന ശുശ്രൂഷയിലുള്ള ദൈവജനത്തിന്റെ പങ്കുചേരലാണ്.[1] ദൈവത്തിന്റെ രക്ഷാകര ശുശ്രൂഷതന്നെയായ ലിറ്റർജി സാക്ഷാത്കരിക്കപ്പെടുന്നത് ദൈവത്തിന്റെ വചനത്തിലൂടെയാണ്. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം ഇപ്രകാരം പഠിപ്പിക്കുന്നു: "നമുക്കായി മനുഷ്യാവതാരം ചെയ്യുകയും മരിക്കുകയും ഉയിർത്തെഴുന്നേല്ക്കുകയും ചെയ്ത അവിടത്തെ വചനത്തിൽ, അവിടന്ന് നമ്മെ തന്റെ ആശീർവാദങ്ങൾകൊണ്ടു നിറയ്ക്കുന്നു".[2] തന്മൂലം ലിറ്റർജിയെ വചനത്തിന്റെ ശുശ്രൂഷ (leitourgia) എന്നു വിളിക്കാം. അങ്ങനെ ലിറ്റർജി വചനത്തിന്റെ ആഘോഷമാണെന്ന് മനസ്സിലാക്കാം. വചനത്തിന്റെ ശുശ്രൂഷയായ ലിറ്റർജിയിൽ ഈ ശുശ്രൂഷയുടെ കർത്താവും കർമ്മവുമായി വചനം നിലകൊള്ളുന്നതിനാൽ വചനവും ലിറ്റർജിയും ഒരേയൊരു യാഥാർത്ഥ്യമായി ഭവിക്കുന്നു. വചനത്തിനും ലിറ്റർജിക്കുമിടയിലുള്ള സത്താപരമായ ബന്ധത്തെ ബെനഡിക്ട് പതിനാറാമൻ മാർപാപ്പായുടെ Verbum Domini (കർത്താവിന്റെ വചനം) എന്ന അപ്പസ്തോലികആഹ്വാനത്തിൽ പ്രതിപാദിച്ചിരിക്കുന്നതിനെക്കുറിച്ചുള്ള പഠനമാണ് ഈ ലഘുപ്രബന്ധത്തിലൂടെ ലക്ഷ്യമാക്കുന്നത്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെയും സുപ്രധാനങ്ങളായ മറ്റു സഭാപ്രബോധനങ്ങളുടെയും വെളിച്ചത്തിൽ കർത്താവിന്റെ വചനത്തിൽ പ്രതിപാദിച്ചിട്ടുള്ള ദൈവവചനവും ലിററർജിയും തമ്മിലുള്ള ബന്ധം അപഗ്രഥിച്ചു മനസ്സിലാക്കാനാണ് ഇവിടെ ശ്രമിക്കുന്നത്.

ദൈവവചനവും ലിറ്റർജിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് അന്വേഷിക്കുമ്പോൾ ദൈവവചനം എങ്ങനെയാണ് സഭയിൽ സൂക്ഷിക്കപ്പെടുന്നതെന്ന് വ്യക്തമായി ഓർമ്മിക്കേണ്ടതുണ്ട്. ദൈവവചനം എന്നതുകൊണ്ട് കത്തോലിക്കാസഭ വിശുദ്ധഗ്രന്ഥത്തെ മാത്രമല്ല അർത്ഥമാക്കുന്നത്. വിശുദ്ധഗ്രന്ഥവും പാരമ്പര്യവും സഭയെ സംബന്ധിച്ചിടത്തോളം ദൈവവചനത്തിന്റെ ചാലുകകളാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ദൈവാവിഷ്കരണത്തെക്കുറിച്ചുള്ള കോൺസ്റ്റിറ്റ്യൂഷനിൽ ഇങ്ങനെ പറയുന്നു: "വിശുദ്ധപാരമ്പര്യങ്ങളും ലിഖിതങ്ങളും സഭയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന ദൈവവചനത്തിന്റെ ഏക കലവറയാണ്."[3] ഈ രണ്ടു രൂപങ്ങളിലുമുള്ള ദൈവവചനം ലിറ്റർജിയിൽ



www.malankaralibrary.com

സമൃദ്ധമായി സന്നിഹിതമാണ്. ലിറ്റർജിയിലെ പ്രാർത്ഥനകളും അനുഷ്ഠാനകർമ്മങ്ങളും ദൈവവചനം പ്രഘോഷിക്കാനും സ്വീകരിക്കാനും സഹായിക്കുന്ന ശക്തമായ ഉപാധികളാണ്. ആരാധനക്രമാഘോഷത്തിന്റെ അടിസ്ഥാനംതന്നെ ദൈവവചനമാണെന്ന് *വെർബും ദോമിനി* പഠിപ്പിക്കുന്നുണ്ട്.[4] ഈ അപ്പസ്തോലികാഹ്വാനത്തിന്റെ വീക്ഷണത്തിൽ "ആരാധനക്രമപരമായ ആഘോഷം ദൈവവചനത്തിന്റെ തുടർന്നുകൊണ്ടിരിക്കുന്നതും പൂർണവും ഫലപ്രദവുമായ അവതരിപ്പിക്കലാണ്"[5].

**1. സഭയുടെ ആരാധന: ദൈവം തന്റെ ജനത്തോടു സംസാരിക്കുന്ന സവിശേഷവേദി**

സഭയെ വചനത്തിന്റെ ഭവനം എന്നാണ് "വെർബും ദോമിനി" വിശേഷിപ്പിക്കുന്നത്[6]. ഈ വചനത്തിന്റെ ഭവനത്തിൽ ദൈവം നമ്മോട് സംസാരിക്കുന്ന സവിശേഷസന്ദർഭമാണ് ലിറ്റർജിയുടെ ആഘോഷം. സഭയുടെ ജീവിതത്തിലൂടെ പ്രഘോഷിക്കപ്പെട്ട ദൈവവചനം പ്രകാശിതമാകുന്ന മനോജ്ഞസന്ദർഭമാണ് ലിറ്റർജി.

ദൈവത്തിന്റെ രക്ഷാകർമ്മത്തിന്റെ സാക്ഷാത്കാരവേദിയായ ലിറ്റർജിയിൽ അവിടന്ന് നമ്മോടു സംസാരിക്കുന്നു.[7] തന്മൂലം ദൈവികമായ രക്ഷാപദ്ധതിയോടു ബന്ധപ്പെടുത്തി ദൈവവചനം മനസ്സിലാക്കുന്നതാണ് ഏറ്റവും അർത്ഥപൂർണമാവുന്നത്. ലിറ്റർജിയിൽ ജനം ദൈവവചനത്തോടു പ്രതികരിക്കുമ്പോൾ ദൈവത്തിന്റെ രക്ഷാകരമായ ആഹ്വാനത്തോടു തന്നെയാണു പ്രതികരിക്കുന്നത്. രക്ഷാചരിത്രത്തിൽ നിരന്തരമായി സംസാരിച്ച ദൈവം ഇന്ന് സഭയിലൂടെ ആ സംഭാഷണം തുടരുകയാണ്. കഴിഞ്ഞ കാലങ്ങളിൽ സംസാരിച്ച ദൈവം തന്റെ പ്രിയപുത്രന്റെ മണവാട്ടിയുമായി സംഭാഷണം തുടർന്നുകൊണ്ടിരിക്കുന്നു[8].

ദൈവവചനത്തിന്റെ സഭാത്മകമാനമാണ് ദൈവവചനത്തെ ആരാധനാക്രമവുമായി ഗാഢമായി ഐക്യപ്പെടുത്തുന്നത്. സഭയുടെ പശ്ചാത്തലത്തിലാണ് വിശുദ്ധഗ്രന്ഥം എഴുതപ്പെട്ടതും പ്രഘോഷിക്കപ്പെടുന്നതും വ്യാഖ്യാനിക്കപ്പെടുന്നതും. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം വിശുദ്ധഗ്രന്ഥത്തിന്റെ സഭാത്മകമാനത്തെക്കുറിച്ചു പ്രതിപാദിക്കുന്നതിങ്ങനെയാണ്: "സഭ മുഴുവന്റെയും സജീവപാരമ്പര്യത്തിൽ ബൈബിൾ വായിക്കണം. സഭാപിതാക്കന്മാരുടെ അഭിപ്രായമനുസരിച്ച് വിശുദ്ധഗ്രന്ഥം എഴുതപ്പെട്ടത് മുഖ്യമായും സഭയുടെ ഹൃദയത്തിലാണ്, അല്ലാതെ കടലാസുരേഖകളിലല്ല. കാരണം, സഭ അവളുടെ പാരമ്പര്യത്തിൽ ദൈവവചനത്തിന്റെ ജീവൽസ്മരണ പുലർത്തുന്നു. വിശുദ്ധഗ്രന്ഥത്തിന്റെ ആദ്ധ്യാത്മികവ്യാഖ്യാനം സഭയ്ക്കു നല്കുന്നത് പരിശുദ്ധറൂഹായാണ്"[9].

ദൈവവചനത്തിന്റെ വിശ്വസ്തയായ സൂക്ഷിപ്പുകാരിയാണ് സഭ. അവളാണ് വചനം തലമുറകളിലൂടെ കൈമാറിക്കൊണ്ടിരിക്കുന്നത്. ദൈവവചനത്തിന്റെ പ്രഘോഷണവും സ്വീകരണവും സജ്ജമാക്കപ്പെടുന്നത് സഭയിലാണ്.



www.malankaralibrary.com

അങ്ങനെ സഭതന്നെ ദൈവവചനത്തിന്റെ പരികർമ്മിയും മേല്നോട്ടക്കാരിയുമായി നിലകൊള്ളുന്നു.

ദൈവവചനത്തെ സഭയുടെ പശ്ചാത്തലത്തിൽനിന്ന് അടർത്തിമാറ്റി വീക്ഷിക്കുന്നതു ശരിയല്ല. സഭയുമായുള്ള സംസർഗത്തിന്റെ ചൈതന്യത്തിലാണ് ദൈവവചനം സ്വീകരിക്കപ്പെടേണ്ടത്.[10] ദൈവവചനത്തിന്റെ സഭാത്മകമായ അടിസ്ഥാനം വിശുദ്ധ ആഗസ്തീനോസിന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് വെർബും ദോമിനി ഊന്നിപ്പറയുന്നുണ്ട്: "ഞാൻ ബൈബിളിൽ വിശ്വസിക്കുമായിരുന്നില്ല, കത്തോലിക്കാസഭയുടെ ആധികാരികത അങ്ങനെ വിശ്വസിക്കാൻ എന്നെ നയിക്കാതിരുന്നെങ്കിൽ".[11] വിശുദ്ധഗ്രന്ഥത്തിന്റെ രചനയിലും ഉപയോഗത്തിലും സഭയ്ക്കുള്ള അടിസ്ഥാനപരമായ പങ്കിനെക്കുറിച്ച് വിശുദ്ധ ജെറോം ഓർമ്മിപ്പിക്കുന്നുണ്ട്: ബൈബിൾ പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിൻകീഴിൽ ദൈവജനത്തിനുവേണ്ടി ദൈവജനത്താൽ എഴുതപ്പെട്ടതാണ്. ദൈവം നമുക്കു പകർന്നുനല്കാൻ ആഗ്രഹിക്കുന്ന സത്യത്തിന്റെ കേന്ദ്രത്തിലേക്ക് "നമ്മൾ" എന്ന നിലയിൽ പ്രവേശിക്കാൻ ദൈവജനത്തിന്റെ ഈ കൂട്ടായ്മയിൽ മാത്രമേ സാധിക്കുകയുള്ളൂ.[12]

ദൈവവചനം ഫലപ്രദമായി പ്രഘോഷിക്കപ്പെടുന്നതും വ്യാഖ്യാനിക്കപ്പെടുന്നതും സ്വീകരിക്കപ്പെടുന്നതും സഭയിൽ, പ്രത്യേകിച്ചും സഭ നിർമ്മിക്കപ്പെടുന്ന വിശുദ്ധകുർബാന[13]യുടെ ആഘോഷവേളയിലാണെന്ന് നിസ്സംശയം പറയാം. വ്യക്തിപരമായ വ്യാഖ്യാനങ്ങൾ സഭയുടെ വ്യാഖ്യാനങ്ങളോടു വിശ്വസ്തത പുലർത്തുന്നില്ലെങ്കിൽ അപ്രസക്തമാവുമെന്ന് വിശുദ്ധ ജെറോമിന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് വെർബും ദോമിനി പഠിപ്പിക്കുന്നു.[14]

ദൈവചനം സഭയുടെയും സഭയുടെ ആരാധനയുടെയും പശ്ചാത്തലങ്ങളിൽ നിന്നു വേർപെടുത്തി വീക്ഷിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്ന കാലമാണ് ഇന്നത്തേത്. ജനത്തെ ആകർഷിക്കുംവിധം വ്യതിരിക്തങ്ങളായ വ്യാഖ്യാനങ്ങൾ നല്കിക്കൊണ്ട് ദൈവവചനം തെറ്റായ രീതിയിൽ വ്യാഖ്യാനിക്കുന്നവരുണ്ട്. സഭാസമൂഹത്തിൽ ഭിന്നത ഉളവാക്കാൻ ഇതു കാരണമാകുന്നു. ഇന്ന് വളരെയേറെ സഭാസമൂഹങ്ങൾ രംഗപ്രവേശം ചെയ്യുന്നെങ്കിൽ അതിന് ഏറ്റവും പ്രധാനപ്പെട്ട കാരണം, സഭയുടെ തലത്തിനു പുറത്തുകടന്ന് ദൈവവചനം പ്രഘോഷിക്കുന്നതാണ്. സഭയുടെ ലിറ്റർജിയിൽ പരിശുദ്ധാത്മാവിന്റെ സഹായത്താൽ വചനപ്രഘോഷണം നടത്തുമ്പോൾ എല്ലാവരുടെയും ഐക്യം ശക്തിപ്പെടുത്തപ്പെടുകയാണ്.[15]

സഭയുടെ ലിറ്റർജിയാണ് ദൈവവചനപ്രഘോഷണത്തിനുള്ള സമുചിതമായ സന്ദർഭമെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു. ദൈവവചനത്തിന്റെ സമൃദ്ധമായ സമ്പത്ത് വിശ്വാസികൾക്കു പകർന്നുകൊടുക്കാൻ സഭാശുശ്രൂഷകരുടെ മുന്നിലുള്ള സവിശേഷമായ മാധ്യമമാണ് ദൈവവചനം നിറഞ്ഞുനില്ക്കുന്ന ആരാധനാവേള.[16] പരിപൂർത്തികൈവരിച്ചതും മാറ്റമി



www.malankaralibrary.com

ല്ലാത്തതുമായ ഒരു യഥാർത്ഥ്യം എന്നതിനെക്കാൾ സഭയുടെ ആരാധനാസമ്മേളനത്തിൽ പരിപൂർണമാക്കപ്പെടുന്ന ചലനാത്മക യാഥാർത്ഥ്യമാണ് ദൈവവചനം എന്നുപറയുന്നതാവും ശരി.

വിശുദ്ധഗ്രന്ഥത്തിന്റെ അർത്ഥപൂർണമായ വേദി ലിറ്റർജിയാണെന്ന സത്യത്തിലേക്കു വിരൽ ചൂണ്ടുന്നവയാണ് ശ്ലീഹന്മാരുടെ ലേഖനങ്ങൾ. ആരാധനാസമ്മേളനങ്ങളിൽ വായിക്കപ്പെടേണ്ടതിനാണ് ലേഖനങ്ങൾ എഴുതിയത് എന്നതിന് ലേഖനങ്ങളിൽത്തന്നെ സൂചനകളുണ്ട് (1 തെസ്സ 5:27; കൊളോ 4:16).

### 1.1 ക്രിസ്തുവിന്റെ വചനം

ലിറ്റർജിയിലുള്ള വചനപ്രഘോഷണത്തിന്റെ മുഖ്യമായ സവിശേഷതയിതാണ്: സഭയായി സമ്മേളിക്കുന്ന ആരാധനാസമൂഹത്തോട് ക്രിസ്തു അരുൾചെയ്യുന്ന വചനമായാണ് ലിറ്റർജിയിൽ വചനം പ്രഘോഷിക്കപ്പെടുന്നത്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആരാധനക്രമത്തെക്കുറിച്ചുള്ള കോൺസ്റ്റിറ്റ്യൂഷനിൽ നിന്നുദ്ധരിച്ചുകൊണ്ട് 'വെർബും ദോമിനി' പ്രസ്താവിക്കുന്നു: ക്രിസ്തുതന്നെ അവിടത്തെ വചനത്തിൽ സന്നിഹിതനാണെന്നു പറയേണ്ടിയിരിക്കുന്നു. കാരണം, സഭയിൽ വിശുദ്ധ ലിഖിതങ്ങൾ വായിക്കുമ്പോൾ അവിടന്നു തന്നെയാണു സംസാരിക്കുന്നത്.[17] ഭൂതകാലത്തിൽ ക്രിസ്തു സംസാരിച്ച വചനങ്ങളല്ല ലിറ്റർജിയിലെ വചനശുശ്രൂഷയിൽ ഉദ്ഘോഷിക്കപ്പെടുന്നത്. പിന്നെയോ വർത്തമാനകാലത്തിൽ ലിറ്റർജിപരമായ കർമ്മത്തിൽ സന്നിഹിതനായിരിക്കുന്നതുപോലെയാണു സംസാരിക്കുന്നത്.[18] ബെനഡിക്ട് പതിനാറാമൻ മാർപാപ്പായുടെ 'സ്നേഹത്തിന്റെ കൂദാശ' എന്ന അപ്പസ്തോലിക ആഹ്വാനത്തിൽ ദൈവവചനത്തെ ആരാധനാകർമ്മത്തോട് അനിവാര്യബന്ധമുള്ളതായി കാണുന്നു എന്നതിന് മുകളിലുദ്ധരിച്ച വാക്യം മതിയായ തെളിവു നല്കുന്നുണ്ട്.

ഈശോമിശിഹായിലൂടെയല്ലാതെ ദൈവവചനത്തിന്റെ ആന്തരാർത്ഥത്തിലേക്ക് എത്തിച്ചേരാൻ കഴിയുകയില്ലെന്ന വിശുദ്ധ ബെനവെഞ്ചറിന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് 'വെർബും ദോമിനി' ദൈവവചനം മിശിഹായുടെ വചനമായി അവതരിപ്പിക്കുന്നു: അതുകൊണ്ട് ക്രിസ്തുവിലുള്ള വിശ്വാസം ആദ്യമേ ഇല്ലെങ്കിൽ ആ സത്യത്തെക്കുറിച്ചുള്ള അറിവിലേക്ക് എത്തിച്ചേരാൻ ഒരുവനും സാധിക്കുകയില്ല. ആ വിശ്വാസമാണ് മുഴുവൻ വിശുദ്ധലിഖിതത്തിന്റെയും വിളക്കും കവാടവും അടിസ്ഥാനവും.[19]

### 1.2 പരിശുദ്ധാത്മാവും ദൈവവചനവും

പരിശുദ്ധാത്മാവാലാണ് വചനം പ്രഘോഷിക്കപ്പെടുന്നത്. പരിശുദ്ധാത്മാവിലൂടെ സുവിശേഷശബ്ദം സഭയിലും സഭയിലൂടെ ലോകമെങ്ങും മുഴങ്ങും.[20] ദൈവവചനപ്രഘോഷണത്തിലും വ്യാഖ്യാനത്തിലും പരിശുദ്ധാത്മാവിനുള്ള പങ്ക് 'വെർബും ദോമിനി' എടുത്തുപറയുന്നുണ്ട്: "വിശുദ്ധലിഖിതങ്ങൾ ആരി



www.malankaralibrary.com

ലൂടെ എഴുതപ്പെട്ടുവോ ആ പരിശുദ്ധാത്മാവിന്റെ വെളിച്ചത്തിൽ വായിക്കുകയും വ്യാഖ്യാനിക്കുകയും വേണം".[21] സഭയ്ക്കു ജീവൻ നല്കുന്ന പരിശുദ്ധാത്മാവാണ് ആധികാരികമായി ബൈബിൾ വ്യാഖ്യാനിക്കാൻ നമ്മെ സഹായിക്കുന്നത്.[22] ലിറ്റർജിയിൽ സ്ഥിരം പ്രഘോഷിക്കപ്പെടുന്ന ദൈവവചനം, പരിശുദ്ധാത്മാവിന്റെ ശക്തിയിലൂടെ എപ്പോഴും സജീവവും അനുഭവവേദ്യവുമാണ്.[23] ലിറ്റർജിയിൽ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവ് ദൈവവചനത്തിന്റെ ഫലദായകത്വം സാധ്യമാക്കുന്നു. "ലിറ്റർജിപരമായ കർമ്മത്തിൽ ദൈവവചനത്തോടൊപ്പം പരിശുദ്ധാത്മാവിന്റെ ആന്തരിക പ്രവർത്തനവുമുണ്ടെന്ന് സഭ എന്നും തിരിച്ചറിഞ്ഞിട്ടുണ്ട്".[24]

പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ ദൈവവചനം കാര്യക്ഷമമാവുകയും വിശ്വാസികളുടെ ഹൃദയങ്ങളിൽ പരിശുദ്ധാത്മാവ് ലിറ്റർജിയുടെ കർമ്മം ഫലദായകമാക്കുകയും ചെയ്യുന്നു. ദൈവവചനപ്രഘോഷണത്തിൽ പറഞ്ഞതെല്ലാം ഓരോ വ്യക്തിക്കും വ്യക്തിപരമായി മനസ്സിലാക്കിക്കൊടുക്കുന്നത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ്.[25]

സഭയുടെ ആരാധനാസന്ദർഭത്തിനുവെളിയിലുള്ള ദൈവവചനപ്രഘോഷണത്തെക്കാൾ ആരാധനാവേളയിലെ വചനപ്രഘോഷണത്തിന് സാരവത്തായ മേന്മ കൂടുതലായുണ്ടാകാൻ കാരണം, സഭയുടെ ആരാധനാകർമ്മത്തിൽ പ്രവർത്തനനിരതമായ പരിശുദ്ധാത്മാവാണ്.

**2. വചനവും ലിറ്റർജിയും തമ്മിലുള്ള ആന്തരികബന്ധം**

വിശുദ്ധപാരമ്പര്യത്തിൽനിന്നും വിശുദ്ധഗ്രന്ഥത്തിൽനിന്നുമുള്ള ദൈവവചനത്തിന്റെ സമ്യക്കായ സംഗമമാണ് ലിറ്റർജിയിലുള്ളത്. ലിറ്റർജിയിലെ പ്രാർത്ഥനകളും അനുഷ്ഠാനങ്ങളും വിശുദ്ധപാരമ്പര്യത്തിലൂടെയും വിശുദ്ധലിഖിതങ്ങളിലൂടെയും കടന്നുവന്ന ദൈവവചനത്തോട് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നവയാണ്. പ്രാർത്ഥനകളിലും ആരാധനാകർമ്മങ്ങളിലും ലയിച്ചുകിടക്കുന്ന ദൈവവചനം മനസ്സിലാക്കാൻ അവ ആഴത്തിൽ ഗ്രഹിക്കേണ്ടതുണ്ട്. അതുപോലെതന്നെ, ഈ പ്രാർത്ഥനകളുടെയും കർമ്മങ്ങളുടെയും അർത്ഥം ഗ്രഹിക്കാൻ അവയോടുചേർന്നുള്ള ദൈവവചനം ആഴത്തിൽ മനസ്സിലാക്കേണ്ടതുണ്ട്. ലിറ്റർജിയും വിശുദ്ധലിഖിതങ്ങളും തമ്മിലുള്ള ഗാഢമായ ബന്ധത്തെപ്പറ്റി ആരാധനക്രമത്തെക്കുറിച്ചുള്ള കോൺസ്റ്റിറ്റ്യൂഷനിൽ പറഞ്ഞ കാര്യങ്ങൾ വെർബും ദോമിനി ആവർത്തിക്കുന്നുണ്ട്: "ലിറ്റർജിയുടെ ആഘോഷത്തിൽ വിശുദ്ധലിഖിതങ്ങൾക്ക് അങ്ങേയറ്റം പ്രാധാന്യമുണ്ട്. വചനപ്രഘോഷണത്തിൽ വിശദീകരിക്കപ്പെടുന്ന വായനകൾ അതിൽനിന്നുള്ളതാണ്. ആലപിക്കപ്പെടുന്ന സങ്കീർത്തനങ്ങളും അതിൽനിന്നുതന്നെ. അപേക്ഷകൾ, പ്രാർത്ഥനകൾ, ലിറ്റർജിപരമായ കീർത്തനങ്ങൾ എന്നിവ വിശുദ്ധലിഖിതത്തിൽ നിന്ന് പ്രചോദനവും സാരാംശവും സ്വീകരിക്കുന്നു. ലിറ്റർജിപരമായ പ്രവൃത്തികളും അടയാളങ്ങളും വിശുദ്ധലിഖിതത്തിൽ നിന്നാണ് അർത്ഥം സ്വീകരിക്കുന്നത്".[26]



www.malankaralibrary.com

ലിറ്റർജിയിലെ കർമ്മങ്ങളിൽ ദൈവവചനസാന്നിദ്ധ്യമുണ്ട്. എന്നാൽ ഈ വചനത്തെ കൂടുതൽ മനസ്സിലാക്കാൻ ലിറ്റർജിക്കൽകർമ്മത്തെ കൂടുതൽ മനസ്സിലാക്കണം: "ദൈവവചനം മനസ്സിലാക്കാൻ ലിറ്റർജിപരമായ കർമ്മത്തിന്റെ സാരാംശപരമായ അർത്ഥവും മൂല്യവും നാം വിലമതിക്കുകയും അനുഭവിക്കുകയും വേണം".[27] ഉദാഹരണത്തിന്, മാമ്മോദീസായിലെ കർമ്മമായ 'ജലത്തിലുള്ള മുങ്ങിപ്പൊങ്ങൽ' മിശിഹായോടൊപ്പം മരിച്ച് അടക്കപ്പെട്ട് ഉയിർപ്പിക്കപ്പെടുന്നതിനെ സംബന്ധിച്ച ദൈവവചനത്തിന്റെ അനുഷ്ഠാനപരമായ ആവിഷ്കരണമാണ്. മാമ്മോദീസാകർമ്മത്തിന്റെ വചനം വിശുദ്ധലിഖിതം വെളിപ്പെടുത്തിത്തരുന്നു (റോമ 6:3-5). അപ്പംമുറിക്കലിന്റെ യാഥാർത്ഥ്യം പൂർണമായി ഗ്രഹിക്കാൻ മുറിക്കപ്പെടുന്ന (ബലിയർപ്പിക്കപ്പെടുന്ന) ശരീരത്തെക്കുറിച്ചുള്ള വചനത്തോട് ചേർത്തു മനസ്സിലാക്കണം (ലൂക്കാ 22:19-20).

ലിറ്റർജിയെ സംബന്ധിച്ചിടത്തോളം അതിലെ കർമ്മങ്ങൾ വിശ്വാസികളുടെ ഹൃദയങ്ങളിലേക്കും ജീവിതങ്ങളിലേക്കും ദൈവവചനം എത്തിച്ചുകൊടുക്കാനുള്ള ചാലകശക്തികളാണ്. അതേസമയം ലിറ്റർജിയിൽ സന്നിഹിതമായ ദൈവവചനമാകട്ടെ, ലിറ്റർജിയിലെ കർമ്മങ്ങൾക്ക് വിശ്വാസികളുമായി ബന്ധം സ്ഥാപിക്കാൻ വൈദ്യുതിപ്രവാഹംപോലെ നിലകൊള്ളുന്ന ദൈവിക ഊർജ്ജമാണ്.

ലിറ്റർജിയിൽ പ്രവർത്തനനിരതമാകുന്ന ദൈവവചനം കൂടുതൽ കാര്യക്ഷമമായി ഗ്രഹിക്കാനും അനുഭവിക്കാനും സഹായിക്കുന്ന സംവിധാനമാണ് ആരാധനാവത്സരം. ആരാധനാവത്സരത്തിൽ ദൈവവചനത്തിന്റെ കാലത്തിനടുത്ത വിപുലീകരണം അടങ്ങിയിരിക്കുന്നു. പ്രത്യേകമായി കുർബാനയിലും യാമപ്രാർത്ഥനകളിലുമാണ് ഈ വിപുലീകരണം നടക്കാറുള്ളത്. ആരാധനാവത്സരത്തിന്റെ കേന്ദ്രം മിശിഹായുടെ പെസഹാരഹസ്യമാണ്. അതിനു ചുറ്റും കൗദാശികമായി സന്നിഹിതമാക്കപ്പെടുന്ന മിശിഹായുടെ എല്ലാ രഹസ്യങ്ങളും രക്ഷാകരചരിത്രം മുഴുവനും ക്രമീകരിച്ചിരിക്കുന്നു. വിശ്വാസത്തിന്റെ മൗലികരഹസ്യങ്ങൾ വെളിപ്പെടുത്തിക്കൊണ്ട് ലിറ്റർജിയിലൂടെ വികസിച്ചുവരുന്ന ദൈവവചനത്തിന്റെ അഗാധമായ അർത്ഥം രുചിച്ചറിയാൻ സഭ എല്ലാ വിശ്വാസികളെയും ക്ഷണിക്കുന്നു.[28] വിശുദ്ധ കുർബാനയോട് മുഴുവനായും ദൈവവചനം ബന്ധപ്പെട്ടിരിക്കുന്നതിനാൽ ദൈവവചനം കൂടുതലായി പഠിക്കുന്നതിലൂടെ കുർബാനയെക്കുറിച്ചുതന്നെ കൂടുതൽ പഠിക്കാൻ കഴിയുമെന്ന് സ്നേഹത്തിന്റെ കൂദാശ എന്ന അപ്പസ്തോലികാഹ്വാനത്തിലൂടെ ബെനഡിക്ട് മാർപാപ്പാ പ്രസ്താവിക്കുന്നു: "ക്രൈസ്തവവെളിപാടിന്റെ ഈ കൗദാശികസാഹചര്യത്തിൽ ദൈവവചനത്തിന്റെ അറിവും പഠനവും കുർബാനയെ കൂടുതൽ നന്നായി വിലമതിക്കാനും ആഘോഷിക്കാനും ജീവിക്കാനും നമ്മെ കഴിവുള്ളവരാക്കും."[29]



www.malankaralibrary.com

### 3. വിശുദ്ധഗ്രന്ഥത്തിന്റെയും ലിറ്റർജിയുടെയും പരസ്പരാശ്രയത്വം

ലിറ്റർജിയുടെ ചരിത്രം പരിശോധിച്ചാൽ എക്കാലവും വിശുദ്ധഗ്രന്ഥത്തോട് ഗാഢമായ ബന്ധം പുലർത്തിയിരുന്നുവെന്നു കാണാം. പ്രാർത്ഥനകളുടെയും അനുഷ്ഠാനങ്ങളുടെയും ഘടനയിലും ഉള്ളടക്കത്തിലും നിർണായകമായ വിശുദ്ധഗ്രന്ഥസ്വാധീനമുണ്ടായിരുന്നു. എന്നാൽ ലിറ്റർജിയുടെ ചൈതന്യത്തിൽ നിന്നകന്ന് സ്വകാര്യഭക്തികൾക്ക് അമിതപ്രാധാന്യം നല്കിയ ചില ഘട്ടങ്ങളിൽ വിശുദ്ധഗ്രന്ഥത്തെക്കാൾ ചില ആത്മീയപിതാക്കന്മാരുടെ രചനകൾക്ക് ഊന്നൽനല്കിയതായി സഭാചരിത്രത്തിൽ നിന്നു വ്യക്തമാകും.

ലിറ്റർജിയെ സംബന്ധിച്ചിടത്തോളം വിശുദ്ധഗ്രന്ഥം ഒരു മാനദണ്ഡമായി നിലകൊണ്ടിരുന്നു. യഹൂദാരാധന സംബന്ധിച്ച സൂക്ഷ്മങ്ങളായ നിബന്ധനകൾ പഴയനിയമത്തിലുണ്ട്. ക്രൈസ്തവസഭയുടെ ആരാധനയ്ക്കുണ്ടായിരിക്കേണ്ട സവിശേഷതകൾ ഏവയെന്ന് ഈശോമിശിഹാ പഠിപ്പിക്കുന്നു (യോഹ 4:23-24; മത്താ 6:5-15; മർക്കോ 6:67; 12:41-44; ലൂക്കാ 19:45-46).[30] ക്രൈസ്തവാരാധനാസമ്മേളനത്തിന് ഉണ്ടായിരിക്കേണ്ട അടിസ്ഥാനസവിശേഷതകളേവയെന്ന് പൗലോസ്ശ്ലീഹാ വ്യക്തമാക്കുന്നുണ്ട് (1 കോറി 11:17-34).

ലിറ്റർജിയുടെ ഉദ്ഭവത്തിലും രൂപീകരണത്തിലും വിശുദ്ധഗ്രന്ഥം നിർണായക പങ്കുവഹിച്ചിട്ടുള്ളതുപോലെതന്നെ വിശുദ്ധഗ്രന്ഥത്തിന്റെ രൂപീകരണത്തിൽ ലിറ്റർജിയും ഗണ്യമായ പങ്കുവഹിച്ചിട്ടുണ്ട്. ആരാധനാസമൂഹങ്ങളിൽ പ്രഘോഷിക്കപ്പെട്ട ദൈവവചനം ക്രമേണ ലിഖിതരൂപത്തിലാവുകയും വിശുദ്ധഗ്രന്ഥത്തിന്റെ ഭാഗമായിത്തീരുകയും ചെയ്തു. പുതിയനിയമത്തിൽ കാണുന്ന ഇത്തരം ഉദാഹരണങ്ങളാണ് മറിയത്തിന്റെ സ്തോത്രഗീതവും (ലൂക്കാ 1:46-55) സഖറിയായുടെ പ്രവചനഗീതവും (ലൂക്കാ 1:67-79) ഫിലിപ്പിയർക്കുള്ള ലേഖനത്തിലെ മിശിഹായെക്കുറിച്ചുള്ള ഗീതവും (2:6-11).[31]

പഴയനിയമകാലത്ത് ഇസ്രായേലിന്റെ ചരിത്രവും ദൈവികമായ ഇടപെടലുകളും വാമൊഴി പാരമ്പര്യങ്ങളായാണ് വിവിധ ഗോത്രങ്ങളിൽ സൂക്ഷിക്കപ്പെട്ടിരുന്നത്. ഇത്തരം പാരമ്പര്യങ്ങളും നിയമങ്ങളും അവരുടെ ഉൽസവവേളകളിൽ ഉദ്ഘോഷിക്കപ്പെട്ടിരുന്നു. തിരുനാൾലിറ്റർജികൾക്കു നേതൃത്വം നല്കിയിരുന്ന പുരോഹിതർതന്നെയായിരുന്നു ഇത്തരം പാരമ്പര്യങ്ങളുടെ സംരക്ഷണത്തിന്റെയും കൈമാറ്റത്തിന്റെയും മേല്നോട്ടം വഹിച്ചിരുന്നത്. ഷെക്കേമിലെയും ഗിൽഗാലിലെയും ശീലോയിലെയും പുരോഹിതന്മാർക്ക് ഇത്തരം വിശുദ്ധ പാരമ്പര്യങ്ങൾ കാത്തുസൂക്ഷിക്കാനും വരുംതലമുറകൾക്ക് ഭദ്രമായി കൈമാറിക്കൊടുക്കാനുമുള്ള ചുമതലയുണ്ടായിരുന്നു.

വ്യത്യസ്ത ഉറവിടങ്ങളിൽ ഉരുത്തിരിഞ്ഞ് വളർന്നുവന്ന ഇത്തരം പാരമ്പര്യങ്ങൾ പില്കാലത്ത് പുന:സംവിധാനം ചെയ്യപ്പെടുകയും കൂടുതൽ വിശാലമായ പാരമ്പര്യങ്ങളോട് കൂട്ടിച്ചേർക്കപ്പെടുകയും പില്കാലത്ത് വിശുദ്ധലിഖിതത്തിന്റെതന്നെ ഭാഗമായിമാറുകയും ചെയ്തു.[32] ക്രിസ്ത്യാനികളെ സംബ



www.malankaralibrary.com

ന്ധിച്ചിടത്തോളം വിശുദ്ധകുർബാനയ്ക്കും മാമ്മോദീസായ്ക്കുമായി സമ്മേളിച്ചിരുന്ന ആരാധനാസമ്മേളനങ്ങൾ വാമൊഴി പാരമ്പര്യങ്ങൾക്കും ക്രമേണ ലിഖിതപാരമ്പര്യങ്ങൾക്കും കളമൊരുക്കി.

**4. ദൈവവചനവും കൂദാശകളും**

ദൈവവചനത്തിന്റെ പ്രവൃത്ത്യുന്മുഖത ഏറ്റവും സജീവമായി പ്രകടമാകുന്നത് കൂദാശകളിലാണ്. കൂദാശാഘോഷങ്ങളിൽ വചനവും കൂദാശാകർമ്മവും തമ്മിൽ അനിവാര്യമായ ഒരു ബന്ധമുണ്ട്. ദൈവവചനത്തിന്റെ പ്രകൃതിയിൽത്തന്നെയുള്ളതാണ് ഈ ബന്ധം. ചരിത്രത്തിൽ ദൈവത്തിന്റെ വചനവും അവിടത്തെ പ്രവൃത്തിയും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടുകാണുന്നുവെന്ന് 'വെർബും ദോമിനി' പ്രസ്താവിക്കുന്നു. ചരിത്രത്തിൽ ദൈവം പറയുന്നതും പ്രവർത്തിക്കുന്നതും തമ്മിൽ വ്യത്യാസമില്ല.[33] ഹെബ്രായർക്കുള്ള ലേഖനത്തിൽ പറയുന്നതുപോലെ, സജീവവും പ്രവർത്തനക്ഷമവുമായ വചനത്തെയാണ് (ഹെബ്രാ 4:12) വിശ്വാസി കൂദാശാഘോഷങ്ങളിൽ കണ്ടുമുട്ടുന്നത്. തന്മൂലം ദൈവവചനത്തിന്റെ ശക്തി തീക്ഷ്ണമായി അനുഭവിക്കാൻ വിശ്വാസികളെ പ്രാപ്തമാക്കുന്ന സവിശേഷസന്ദർഭങ്ങളാണ് കൂദാശകളുടെ ആഘോഷവേളകൾ.

സഭയുടെ ഓരോ കൂദാശയുടെയും ആഘോഷത്തിൽ വചനലിറ്റർജി നിർണായകമായ ഒരു ഘടകമാണ്.[34] കൂദാശാകർമ്മങ്ങൾക്ക് ദൈവവചനത്തോടുള്ള അനിവാര്യമായ ബന്ധം വെളിപ്പെടുത്തുന്നതാണ് ഓരോ കൂദാശയുടെയും ആഘോഷത്തിലുള്ള വചനശുശ്രൂഷ.[35]

സൗഖ്യദായകശുശ്രൂഷകളായ അനുരഞ്ജനകൂദാശയിലും രോഗീലേപനകൂദാശയിലുമുള്ള വചനത്തിന്റെയും അനുഷ്ഠാനത്തിന്റെയും പരസ്പരബന്ധം വെർബും ദോമിനി ചൂണ്ടിക്കാണിക്കുന്നു. അനുരഞ്ജനകൂദാശയിൽ പാപിയെ അനുതാപത്തിലേക്കു നയിക്കുന്നതിൽ ദൈവവചനത്തിന് സുപ്രധാനമായ പങ്കുണ്ട്: "ദൈവത്തിന്റെ വചനത്തിലൂടെ ക്രൈസ്തവർ തങ്ങളുടെ പാപങ്ങൾ തിരിച്ചറിയാനുള്ള പ്രകാശം സ്വീകരിക്കുന്നു. മാനസാന്തരത്തിലേക്കും ദൈവത്തിന്റെ കാരുണ്യത്തിലുള്ള ഉറച്ച വിശ്വാസത്തിലേക്കും വിളിക്കപ്പെടുകയും ചെയ്യുന്നു".[36] രോഗീലേപനത്തിൽ സൗഖ്യദായകശക്തിയോടെ ദൈവവചനം ശ്രോതാവിന്റെ വ്യക്തിപരമായ മാനസാന്തരത്തിന് നിരന്തരാഹ്വാനം നല്കുന്നു.[37]

**5. ദൈവവചനവും കുർബാനയും**

ദൈവവചനവും കുർബാനയുടെ ശുശ്രൂഷയും തമ്മിൽ ആഴമേറിയ ബന്ധമുണ്ട്. ഈ ബന്ധത്തെക്കുറിച്ചുള്ള ശക്തമായ അവബോധത്തിലാണ് കുർബാനയുടെ ആഘോഷത്തിൽ വചനശുശ്രൂഷയും അർപ്പണശുശ്രൂഷയും ദിവ്യകാരുണ്യശുശ്രൂഷയും ക്രമീകരിച്ചിരിക്കുന്നത്. വചനശുശ്രൂഷ ദൈവവചന



www.malankaralibrary.com

ത്തിന്റെ സ്ഥാനത്തു നിലകൊള്ളുന്നെങ്കിൽ, അർപ്പണവും കുർബാനസ്വീകരണവും ചേർന്ന ശുശ്രൂഷയെ പൊതുവേ കുർബാനയുടെ കർമ്മം എന്നു വിളിക്കാം. ഇവിടെ വചനം കർമ്മത്തിലേക്ക് ഉന്മുഖമായി നിലകൊള്ളുന്നു. കർമ്മത്തെ സംബന്ധിച്ചിടത്തോളം വചനം അടിസ്ഥാനം തന്നെയാണ്.

പഴയനിയമത്തിന്റെയും പുതിയനിയമത്തിന്റെയും പശ്ചാത്തലത്തിൽ കുർബാനയെ നോക്കിക്കാണുന്ന 'വെർബും ദോമിനി', പഴയനിയമത്തിലെ മന്നയെ വചനത്തിന്റെ സ്ഥാനത്തും പുതിയനിയമത്തിലെ ജീവന്റെ അപ്പത്തെ കുർബാനയുടെ സ്ഥാനത്തുമാണു കാണുന്നത്. മോശ ജനങ്ങൾക്കുവേണ്ടി നേടിയ ദൈവദാനമായ മന്ന യഥാർത്ഥത്തിൽ ദൈവത്തിന്റെ ജീവദായകമായ വചനംതന്നെയായ തോറാ (cf. സങ്കീ 119; സുഭാ 9:5) ആണെന്ന് 'വെർബും ദോമിനി' പ്രസ്താവിക്കുന്നു.[38] ദൈവവചനത്തിന്റെ പൂർവകാല പ്രതിരൂപമായ മന്ന ക്രിസ്തുവിൽ സാക്ഷാത്കരിക്കപ്പെടുന്നു. പഴയ മന്നയുടെ സ്ഥാനത്ത് ജീവന്റെ അപ്പമായ ക്രിസ്തു ദൈവവചനത്തിന്റെ നൂതനസാക്ഷാത്കാരമായി ഭവിച്ചു. കുർബാനയിൽ ദൈവവചനശുശ്രൂഷ രണ്ടു ഘട്ടങ്ങളിലായി നടക്കുന്നു. വിശുദ്ധഗ്രന്ഥത്തെ അവലംബിച്ചുള്ള വചനശുശ്രൂഷയും ദിവ്യകാരുണ്യഅപ്പത്തെ അവലംബിച്ചുള്ള വചനശുശ്രൂഷയും. വചനമായ അപ്പത്തിന്റെ ശുശ്രൂഷയിൽനിന്ന് കുർബാനയായ അപ്പത്തിന്റെ ശുശ്രൂഷയിലേക്കുള്ള സ്വാഭാവികപരിണാമം കുർബാനയുടെ ദൈവശാസ്ത്രഘടനയിൽ സവിശേഷപ്രാധാന്യമർഹിക്കുന്നതാണ്. ഈ ദ്വിവിധ ശുശ്രൂഷകളെയും പരസ്പരം വേർപെടുത്താവുന്നതല്ല. വചനശുശ്രൂഷ കുർബാനയിൽ പരിപൂർണമാകുന്നു; കുർബാന വചനശുശ്രൂഷയിൽ അടിസ്ഥാനം കണ്ടെത്തുന്നു.

കുർബാനയിലൂടെ വെളിപ്പെടുത്തപ്പെടുന്നത് മാംസമായിത്തീർന്ന ദൈവിക വചനം (ലോഗോസ്) ആണ്. ദൈവത്തിന്റെവചനം മാംസമായിത്തീർന്നു. കുർബാനയിൽ ഈ മാംസം ലോകത്തിന്റെ ജീവനുവേണ്ടി നല്കപ്പെടുന്ന അപ്പമായിത്തീരുകയാണ് (cf യോഹ 6:51).[39] കുർബാനയിലെ വചനശുശ്രൂഷയെ കേവലം പ്രബോധനപരമായ ഒരു ശുശ്രൂഷമാത്രമായി കാണുന്നത് ശരിയല്ല. ദൈവവചനം ജ്ഞാനംപകരുന്നു; പക്ഷേ, അതിലുപരി ജീവനും രക്ഷയും പകർന്നുതരുന്നു (യോഹ 12:50). യോഹന്നാന്റെ സുവിശേഷം 6-ാം അദ്ധ്യായത്തിൽ പ്രതിപാദിക്കുന്ന "ജീവന്റെ അപ്പം" വാസ്തവത്തിൽ വചനവും കുർബാനയും സംഗമിക്കുന്ന യാഥാർത്ഥ്യമാണ്. വചനമായ ദൈവപുത്രനും തിരുശരീരരക്തങ്ങളായി കുർബാനയിൽ സന്നിഹിതനാകുന്ന ദൈവപുത്രനും.

"നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനംചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്കു ജീവൻ ഉണ്ടായിരിക്കുകയില്ല" (യോഹ 6:53). കർത്താവിന്റെ ഈ വാക്കുകൾ വ്യാഖ്യാനിക്കുന്ന വിശുദ്ധ ജെറോം പ്രസ്താവിക്കുന്നത് ഇപ്രകാരമാണ്: "ഈ വാക്കുകൾ



www.malankaralibrary.com

കുർബാനയെന്ന രഹസ്യത്തെകുറിക്കുന്നതായും കരുതാമെങ്കിലും ക്രിസ്തുവിന്റെ ശരീരവും രക്തവും യഥാർത്ഥത്തിൽ വിശുദ്ധലിഖിതങ്ങളുടെ വാക്കാണ്, ദൈവത്തിന്റെ പ്രബോധനമാണ്".[40] ശരീരത്തെ വചനമെന്നും വചനത്തെ ശരീരമെന്നും വിശുദ്ധ ജെറോം വിളിക്കുമ്പോൾ വചനത്തിനും തിരുശരീരത്തിനുമിടയിലുള്ള അവിഭാജ്യതയും ഐക്യവും ഊന്നിപ്പറയുകയാണ്. വിശുദ്ധകുർബാനയിൽ തിരുശരീരരക്തങ്ങൾക്കൊപ്പം ദൈവവചനത്തിന്റെയും സാന്നിധ്യമുണ്ടെന്ന് ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ 'ലോകത്തിന്റെ പ്രകാശം' (Light of the World) എന്ന ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നത് 'വെർബും ദോമിനി'യിലെ കാഴ്ചപ്പാടിനോടു ചേർന്നുപോകുന്നതാണ്.[41] വിശുദ്ധകുർബാനയിലെന്നപോലെ ക്രിസ്തുവിന്റെ സാന്നിദ്ധ്യം ലിറ്റർജിയിലെ വചനത്തിലുമുണ്ടെന്ന് വെർബും ദോമിനി പഠിപ്പിക്കുന്നു: "അപ്പത്തിന്റെയും വീഞ്ഞിന്റെയും രൂപത്തിൽ യഥാർത്ഥത്തിൽ സന്നിഹിതനായിരിക്കുന്ന ക്രിസ്തു ലിറ്റർജിയിൽ പ്രഘോഷിക്കപ്പെടുന്ന വചനത്തിൽ സാദൃശ്യരൂപേണ സന്നിഹിതനാണ്".[42] വചനത്തിലും കുർബാനയിലുമുള്ള ക്രിസ്തുവിന്റെ സാന്നിധ്യം പരസ്പരബന്ധമുള്ളതാണ്. സ്നേഹത്തിന്റെ കൂദാശ എന്ന അപ്പസ്തോലികാഹ്വാനത്തിൽ ബെനഡിക്ട് മാർപാപ്പാ ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്: "യഥാർത്ഥത്തിൽ നാം പ്രഘോഷിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നത് ശരീരമെടുത്ത വചനത്തെയാണ് (cf. യോഹ 1:14). ക്രിസ്തു എന്ന വ്യക്തിയോടും നമ്മുടെയിടയിലുള്ള അവിടത്തെ തുടർച്ചയായ സാന്നിധ്യത്തിന്റെ കൗദാശികരീതിയോടും അത് അവിഭാജ്യമാംവിധത്തിൽ ബന്ധപ്പെട്ടിരിക്കുന്നു"[43].

### 5.1 കുർബാനയിലെ വചനശുശ്രൂഷ

"കുർബാനയിലെ വചനശുശ്രൂഷയും ദിവ്യകാരുണ്യശുശ്രൂഷയും തമ്മിൽ അവഗാഢം ബന്ധപ്പെട്ടിരിക്കുന്നു. അങ്ങനെ അവ ആരാധനയുടെ ഏകകർമ്മമായി രൂപപ്പെടുന്നു".[44] വചനശുശ്രൂഷയിലൂടെ സമർപ്പണശുശ്രൂഷയ്ക്കും ദിവ്യകാരുണ്യസ്വീകരണത്തിനുമായി നാം ഒരുങ്ങുന്നു. ദൈവവചനം വിശ്വാസം ഉളവാക്കുകയോ ശക്തിപ്പെടുത്തുകയോ ചെയ്യുന്നു (റോമ 10:17). വചനശുശ്രൂഷ എങ്ങനെ കുർബാനയുടെ ശുശ്രൂഷയ്ക്കു സജ്ജമാക്കുമെന്നതിന് ഉത്തമോദാഹരണമാണ് എമ്മാവൂസിലേക്കുപോയ ശിഷ്യന്മാരുടെ അനുഭവം. മിശിഹായുടെ പെസഹാരഹസ്യം അവർക്ക് ഒരു ദുർഗ്രഹയാഥാർത്ഥ്യമായിരുന്നു. ഈ പെസഹാരഹസ്യത്തിന്റെ യഥാർത്ഥ പൊരുളെന്തെന്ന് ഈശോ വചനശുശ്രൂഷയിലൂടെ അവർക്കു വെളിപ്പെടുത്തിക്കൊടുത്തു (ലൂക്കാ 24:25-27). അവരുടെ മനസ്സുകളിലേക്ക് എന്നതിനെക്കാളേറെയായി ഈശോ അവരുടെ ഹൃദയങ്ങളിലേക്കാണ് പെസഹാരഹസ്യം സംബന്ധിക്കുന്ന വചനം ചൊരിഞ്ഞത് (ലൂക്കാ 24:32). ദൈവവചനത്താൽ പെസഹാരഹസ്യം ഉൾക്കൊള്ളാൻ സജ്ജരാക്കപ്പെട്ട ആ ശിഷ്യന്മാർക്ക് അപ്പംമുറിക്കൽശുശ്രൂഷയിൽ പെസഹാരഹസ്യത്തിന്റെ



www.malankaralibrary.com

സമ്പൂർണമായ അർത്ഥം ഗ്രഹിക്കാൻ വിഷമമുണ്ടായില്ല. പെസഹാരഹസ്യത്തിന്റെ കേന്ദ്രമായ വചനം തന്നെയായ കർത്താവിനെ അവർ തിരിച്ചറിഞ്ഞു (ലൂക്കാ: 24:31). വചനശുശ്രൂഷയിലൂടെ ഒരുക്കപ്പെട്ടാലേ അപ്പംമുറിക്കൽശുശ്രൂഷയിൽ യഥാർത്ഥ വചനമായ കർത്താവിനെ കണ്ടുമുട്ടാൻ സാധിക്കുകയുള്ളൂ.

വിശുദ്ധകുർബാനയുടെ ആഘോഷത്തിൽ വിനിയോഗിക്കപ്പെടുന്ന രണ്ടു മേശകൾ, വചനശുശ്രൂഷയും കുർബാനയുടെ ശുശ്രൂഷയും തമ്മിലുള്ള ബന്ധം സ്പഷ്ടമാക്കുന്നതാണ്. വചനത്തിന്റെ മേശയും അപ്പത്തിന്റെ മേശയും പരസ്പരബന്ധമുള്ളതും ഒന്ന് മറ്റൊന്നിലേക്ക് ഉന്മുഖമായിരിക്കുന്നതുമാണ്. വചനത്തിന്റെ മേശയായ വചനവേദി (ambo, bema) അൾത്താരയുമായുള്ള ചേർച്ചയിൽ സ്ഥാപിക്കണമെന്ന് 'വെർബും ദോമിനി' ആഹ്വാനം ചെയ്യുന്നു.[45]

വചനമായ ക്രിസ്തുവിനെ കേന്ദ്രീകരിച്ചുള്ളതാണ് വചനശുശ്രൂഷ മുഴുവനും. ക്രിസ്തുവിനെ ഏറ്റവുമടുത്ത് പ്രതിനിധാനംചെയ്യുന്ന സുവിശേഷത്തിന് തന്മൂലം ഏറ്റവും പ്രധാനപ്പെട്ട സ്ഥാനം നല്കിയിരിക്കുന്നു. സുവിശേഷത്തിന്റെ പരമപ്രധാനമായ സ്ഥാനം പ്രഖ്യാപിക്കാനുതകുന്നതാണ് വചനശുശ്രൂഷയിലുള്ള സുവിശേഷപ്രദക്ഷിണം. പഴയനിയമവായനകളെല്ലാം ക്രിസ്തുരഹസ്യത്തിലേക്കുള്ള ചൂണ്ടുപലകകളാണ്. പഴയനിയമവായനകളായാലും പുതിയനിയമവായനകളായാലും അവയിലൂടെ ആത്യന്തികമായി പ്രഘോഷിക്കപ്പെടുന്നത് ക്രിസ്തുവാണ് (ലൂക്കാ 4:21; ലൂക്കാ 24:25,27; യോഹ 5:39; യോഹ 5:45-47). മിശിഹാരഹസ്യത്തിലുൾച്ചേർന്നിരിക്കുന്ന ദൈവികപദ്ധതിയുടെ ഐക്യത്തിന്റെ അടയാളമായാണ് പഴയനിയമവും പുതിയനിയമവും ഇടകലർന്നു പ്രഘോഷിക്കുന്നത്. "തന്റെ പെസഹാരഹസ്യത്തിൽ ഓർമ്മിക്കപ്പെടുന്ന ക്രിസ്തുവിനെ കേന്ദ്രസ്ഥാനത്തു പ്രതിഷ്ഠിക്കുന്ന പരസ്പരപ്രവർത്തനമാണത്.[46] വായനകളുടെ പരസ്പരബന്ധം മനസ്സിലാക്കുക തന്മൂലം അനുപേക്ഷണീയമായി ഭവിക്കുന്നു. ഈ ബന്ധം മനസ്സിലാക്കാൻ സഹായിക്കുന്ന ഗ്രന്ഥങ്ങൾ ഉണ്ടാകേണ്ടകുന്നതിന്റെ ആവശ്യകത അപ്പസ്തോലികാഹ്വാനം എടുത്തുപറയുന്നു"[47].

വിശുദ്ധകുർബാനയിലെ വചനശുശ്രൂഷയിൽ ഏറെ പ്രാധാന്യമർഹിക്കുന്ന ഒരു ഘടകമാണ് വചനവ്യാഖ്യാനം (homily). ദൈവവചനവും ലിറ്റർജിയും ജീവിതവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് വിശ്വാസികളെ ബോധ്യപ്പെടുത്താൻ സഹായിക്കുന്ന ഒരു ആരാധനാകർമ്മമാണ് കുർബാനയ്ക്കിടയ്ക്കുള്ള വചനവ്യാഖ്യാനം. "ദൈവവചനത്തെക്കുറിച്ച് കൂടുതൽ ആഴത്തിലുള്ള ധാരണ വളർത്തുകയെന്നതാണ് അതിന്റെ ലക്ഷ്യം - വിശ്വാസികളുടെ ജീവിതത്തിൽ അത് ഫലം പുറപ്പെടുത്തുന്നതിനു വേണ്ടിത്തന്നെ"[48].

വചനവ്യാഖ്യാനത്തിൽ ഏറ്റവും പ്രധാനപ്പെട്ട വസ്തുത വചനവ്യാഖ്യാനം ക്രിസ്തു കേന്ദ്രീകൃതമായിരിക്കണമെന്നതാണ്. ക്രിസ്തുവായിരിക്കണം



www.malankaralibrary.com

ഓരോ വചനവ്യാഖ്യാനത്തിന്റെയും കേന്ദ്രം[49]. വിശുദ്ധകുർബാനയിൽ പ്രഘോഷിക്കപ്പെടുന്ന വിശുദ്ധഗ്രന്ഥഭാഗങ്ങൾക്കപ്പുറം കുർബാനയിലൂടെ തുടർന്ന് ആഘോഷിക്കപ്പെടുന്ന വചനത്തിലേക്കും വചനവ്യാഖ്യാതാവ് വിശ്വാസികളുടെ ശ്രദ്ധതിരിക്കണം. ദിവ്യരഹസ്യങ്ങളുടെ ആഘോഷത്തിലൂടെ പരിപൂർണമാകുന്ന വചനം ഒഴിവാക്കിയാൽ വചനവ്യാഖ്യാനം അപൂർണമായിരിക്കും.

**6. ദൈവവചനവും യാമപ്രാർത്ഥനകളും**

ദൈവസ്തുതികളുടെ ലിറ്റർജിയായ യാമപ്രാർത്ഥനകൾ ദൈവവചനം ശ്രവിക്കാനുള്ള സവിശേഷാനുകൂല്യം നല്കുന്ന പ്രാർത്ഥനകളാണ്. യാമപ്രാർത്ഥനകൾ വിശ്വാസികളെ വിശുദ്ധ ലിഖിതങ്ങളോടും സഭയുടെ സജീവപാരമ്പര്യത്തോടും ബന്ധപ്പെടുത്തുന്നു.[50] വചനം ശ്രവിക്കുകയും അതിനോടു പ്രതികരിക്കുകയും ചെയ്യുന്ന സമൂഹത്തിന്റെ പ്രാർത്ഥനകളാണ് യാമപ്രാർത്ഥനകൾ. ദൈവവചനത്തിന്റെ, പ്രത്യേകിച്ചും സങ്കീർത്തനങ്ങളുടെ, സമൃദ്ധമായ ആഘോഷത്തിലൂടെ സഭയെ ദൈവവചനാനുഭവത്തിന്റെ നിറവിലെത്തിക്കാൻ യാമപ്രാർത്ഥനകൾക്കു കഴിയുന്നു. ദൈവവചനത്തിനുള്ള പ്രത്യുത്തരം എന്നപോലെ "മണവാളനോടു സംസാരിക്കുന്ന മണവാട്ടിയുടെ ശബ്ദമാണ്"[51] യാമപ്രാർത്ഥനകൾ. വചനം തന്നെയായ "ക്രിസ്തുതന്നെ തന്റെ മൗതികശരീരത്തോടൊപ്പം നിത്യപിതാവിനു സമർപ്പിക്കുന്ന പ്രാർത്ഥന തന്നെയാണ്".[52]

**ഉപസംഹാരം**

ദൈവം തന്റെ ജനത്തോട് രക്ഷാകരപദ്ധതിയുടെ പശ്ചാത്തലത്തിൽ സംസാരിക്കുന്നതാണ് ദൈവവചനം. തന്മൂലം രക്ഷയുടെ അനുഭവത്തിലേക്കു വിളിക്കപ്പെട്ടിരിക്കുന്ന സഭയിലാണ് ദൈവവചനം അന്വർത്ഥമാകുന്നതും സാക്ഷാത്കരിക്കപ്പെടുന്നതും. ദൈവത്തിന്റെ രക്ഷാകരശുശ്രൂഷയുടെ ആഘോഷമായ ലിറ്റർജിയിൽ ദൈവവചനം ലക്ഷ്യംകണ്ടെത്തുന്നു. ദൈവത്തിന്റെ സംഭാഷണത്തിന്റെയും ജനം അതിനു നല്കുന്ന പ്രത്യുത്തരത്തിന്റെയും സമ്യക്കായ ആഘോഷമുള്ളതിനാൽ ലിറ്റർജി, പ്രത്യേകിച്ചും വിശുദ്ധകുർബാന, ദൈവവചനത്തിന്റെ ഏറ്റവും ഉദാത്തമായ ആഘോഷവേദിയാകുന്നു. ദൈവവചനത്തിന്റെ യഥാർത്ഥ സവിശേഷതകൾ ഉൾക്കൊണ്ടുകൊണ്ട് ദൈവവചനം സ്വീകരിക്കാനും അനുഭവിക്കാനും പങ്കുവയ്ക്കാനും സഹായിക്കുന്ന സന്ദർഭമായതിനാൽ ലിറ്റർജിയിലെ വചനശുശ്രൂഷയ്ക്ക് വലിയ പ്രാധാന്യം നല്കേണ്ടതുണ്ട്. ദൈവവചനത്തെ സഭയിൽനിന്നും സഭയുടെ ലിറ്റർജിയിൽനിന്നും അന്യവത്കരിച്ച് വ്യക്തികളുടെ സ്വകാര്യപ്രഘോഷണവിഷയമാക്കി മാറ്റുന്ന പ്രവണത വർദ്ധിച്ചുവരുന്ന ഇക്കാലത്ത് ദൈവവചനവും ലിറ്റർജിയും തമ്മിലുള്ള ബന്ധം കൂടുതൽ ഗൗരവബുദ്ധിയോടെ കാണേണ്ടതുണ്ട്.



www.malankaralibrary.com

[1] *Catechism of the Catholic Church* (CCC), 1069.

[2] CCC 1082.

[3] *Dei Verbum* 10.

[4] Pope Benedict XVI, *Verbum Domini*, Apostolic Exhortation, 2010 (= VD), 52.

[5] VD 52.

[6] VD 52.

[7] Pope Benedict XVI, *Sacramentum Caritatis*, Apostolic Exhortation, 2007, 45 (= SCar).

[8] *Dei Verbum 8.*

[9] CCC 113.

[10] SCar 45.

[11] *Contra epistulam Manichei quam vocant fundamenti*, V,6: PL 42, 176; *VD 29.*

[12] Cf. Pope Benedict XVI, *General Audience* (14 November 2007): *Insegnamenti* III 2 (2007), 586-591; VD 30.

[13] *Unitatis Redintegratio*, 15.

[14] VD 30.

[15] VD 52.

[16] *Dei Verbum 25.*

[17] *Sacrosanctum Concilium 7;* VD 52.

[18] SCar 45.

[19] *Breviloquium, Prol: Opera Omnia*, V, Quaracchi 1891, pp.201-202; VD 52.

[20] *Dei Verbum 8.*

[21] *Dei Verbum 12;* VD 29.

[22] VD 29.

[23] VD 52.

[24] VD 52.

[25] VD 52.

[26] *Sacrosanctum Concilium* 24; VD 52.

[27] VD 52.

[28] VD 52.

[29] SCar 45.

[30] Syro-Malabar Commission for Doctrine, *Visuddha Grantavum Visuddha Parambaryavum Aaradhanakramavum*, (Mal), Kakkanad, 2010, pp.32-33.

[31] Syro-Malabar Commission for Doctine, *Visuddha Grantavum Visuddha Parambaryavum Aaradhanakramavum*, p.33.

[32] Louis-Marie Chauvet, *Symbol and Sacrament: A Sacramental Reinterpretation of Christian Existence,* 1995, p.191.

[33] VD 53.



www.malankaralibrary.com

[34] Pontifical Biblical Commission, *The Interpretation of the Bible in the Church* (15 April 1993) IV, C, 1: *Enchiridion Vaticanum* 13, No.3123; VD 53.

[35] VD 53.

[36] *The Rite of Penance*, 17; VD 61.

[37] VD 61.

[38] VD 54.

[39] VD 54.

[40] *In Psalmum* 147: CCL 78, 337-338; VD 56.

[41] *Light of the World: The Pope, the Church and the Signs of Times: A Conversation with Peter Seewald*, trans., M.J. Miller and A.J. Walker, Bangalore 2010, 157.

[42] VD 56.

[43] SCar 45.

[44] SCar 44.

[45] VD 68.

[46] VD 57.

[47] VD 57.

[48] VD 59.

[49] VD 59.

[50] VD 62.

[51] VD 62.

[52] *Principles and Norms for the Liturgy of the Hours*, III, 15; VD 62.



www.malankaralibrary.com

## 'കർത്താവിന്റെ വചന'വും മതബോധനവും

റവ. ഡോ. സ്റ്റീഫൻ ആലത്തറ



### ആമുഖം

ഗർഭപാത്രം മുതൽ കുഴിമാടം വരെ നീണ്ടു നില്ക്കുന്ന പ്രക്രിയയാണ് വിശ്വാസപരിശീലനം. പരിശീലനം സ്വീകരിക്കുന്നവർ, പരിശീലകർ, പരിശീലനരീതി, പരിശീലനത്തിന്റെ ഉള്ളടക്കം, പരിശീലനം നല്കുന്ന സാഹചര്യം എന്നിവയാണ് വിശ്വാസപരിശീലനത്തിന്റെ അഞ്ചു ഘടകങ്ങൾ. 1971 -ൽ പ്രസിദ്ധീകരിച്ച ജനറൽ കാറ്റക്കെറ്റിക്കൽ ഡയറക്ടറി (GCD), സുവിശേഷപ്രഘോഷണം എന്ന അപ്പസ്തോലിക ആഹ്വാനം (1975), മതബോധനം ഇന്ന് (Catechesi Tradaente 1979), ജനറൽ ഡയറക്ടറി ഫോർ കാറ്റക്കേസിസ് (GDC 1997), സാർവത്രികസഭയുടെ മതബോധനഗ്രന്ഥം (CCC 1992), മതബോധനസംക്ഷേപം (Compendium 2005), യുവജന മതബോധനം (Youcat 2011) എന്നിവയാണ് മതബോധനം സംബന്ധിച്ച സഭയുടെ അടിസ്ഥാന പ്രബോധനങ്ങൾ. സഭ അടിസ്ഥാനപരമായി പ്രേഷിതയാണ്. ദൈവവചനപ്രഘോഷണമാണ് സഭയുടെ മൗലികദൗത്യം (VD 90). ജ്ഞാനസ്നാനം സ്വീകരിച്ചവരുടെ വിശ്വാസം ആഴപ്പെടുത്താനും ക്രൈസ്തവ വിശ്വാസത്തിൽ അവരെ നിലനിറുത്താനും സഭ നടത്തുന്ന ദൈവവചനശുശ്രൂഷയാണ് മതബോധനം (GCD 21, CT 18, CCC 5, GDC 30).

വിശ്വാസപരിശീലനം വിശുദ്ധഗ്രന്ഥത്തിൽ അടിസ്ഥാനമുള്ളതായിരിക്കണമെന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിച്ചിട്ടുണ്ട്. വിശുദ്ധഗ്രന്ഥം, പാരമ്പര്യം, ആരാധനക്രമം, തിരുസഭയുടെ പ്രബോധനാധികാരം, സഭാജീവിതം എന്നീ അഞ്ച് തലങ്ങൾ കേന്ദ്രീകരിച്ചായിരിക്കണം മതബോധനം നടത്തേണ്ടതെന്ന് കൗൺസിൽ പിതാക്കന്മാർ അഭിപ്രായപ്പെടുന്നു (ക്രിസ്തൂസ് ദോമിനൂസ്, CD 14). രണ്ടാം വത്തിക്കാൻ കൗൺസിൽ പറഞ്ഞുവച്ച വിശുദ്ധഗ്രന്ഥകേന്ദ്രീകൃതമായ മതബോധനം കൂടുതൽ വ്യക്തമാക്കുകയാണ് 2010 നവംബർ 11-ന് പ്രസിദ്ധീകരിച്ച ദൈവവചനത്തെക്കുറിച്ചുള്ള 'കർത്താവിന്റെ വചനം' (VD) എന്ന അപ്പസ്തോലിക ആഹ്വാനത്തിലെ 74-ാമത്തെ ഖണ്ഡികയിൽ. മതബോധനത്തിന്റെ ബൈബിൾപരമായ മാനത്തെക്കുറിച്ചുള്ള അതിന്റെ പ്രബോധനത്തെ ഇങ്ങനെ സംഗ്രഹിക്കാം: അജപാലനപ്രവർത്തനത്തിന്റെ സുപ്രധാനഭാഗം മതബോധനമാണ്, വ്യത്യസ്ത



www.malankaralibrary.com

രൂപങ്ങളിലും തലങ്ങളിലും മതബോധനം നടത്തണം, വിശുദ്ധഗ്രന്ഥവ്യാഖ്യാനത്തിലൂടെ വിശ്വാസപരിശീലനം നല്കണം, മതബോധന ഡയറക്ടറിയുടെ നിർദ്ദേശങ്ങൾ സ്വീകരിക്കണം, വിശ്വാസവും പാരമ്പര്യവും അടിസ്ഥാനമാക്കി ദൈവവചനകേന്ദ്രീകൃതപരിശീലനം നല്കാൻ സാധിക്കണം.

**1. അജപാലനപ്രവർത്തനം**

സഭയുടെ അജപാലനപ്രവർത്തനത്തിന്റെ സുപ്രധാനമായ ഭാഗം മതബോധനത്തിനുള്ളതാണ്. അത് വിവേകപൂർവം ഉപയോഗിച്ചാൽ മതബോധനത്തിൽ ദൈവവചനത്തിന്റെ കേന്ദ്രീയത കണ്ടെത്താൻ സാധിക്കും (VD 74). നമ്മുടെ രൂപതകളിലെയും ഇടവകകളിലെയും അജപാലനപ്രവർത്തനങ്ങളിൽ വിശ്വാസപരിശീലനം സൺഡേസ്കൂൾ നടത്തിപ്പിൽ മാത്രമായി ഒതുങ്ങിനില്ക്കുന്നു. ഞായറാഴ്ചകളിൽ നടത്തപ്പെടുന്ന വിശ്വാസപരിശീലനത്തിനായി എത്തുന്നവർക്കു മാത്രമാണ് നാം മതബോധനം നല്കുന്നത്. വിശ്വാസപരിശീലനം സമഗ്രമായി മാറേണ്ടതുണ്ട്. കുഞ്ഞുങ്ങൾക്കും മുതിർന്നവർക്കും വൃദ്ധർക്കും വികലാംഗർക്കും വിശ്വാസപരിശീലനം നല്കാൻ സാധിക്കുന്ന വിധത്തിൽ നമ്മുടെ അജപാലനപ്രവർത്തനങ്ങൾ പുനഃസംഘടിപ്പിക്കേണ്ടതായിട്ടുണ്ട്. ദൈവാലയത്തിൽ എത്തുന്നവർക്കുമാത്രം വിശ്വാസപരിശീലനം എന്ന അജപാലനരീതി മാറ്റി ദൈവവചനകേന്ദ്രീകൃതമായ വിശ്വാസപരിശീലനം എല്ലാവർക്കും നല്കാൻ നമുക്ക് സാധിക്കേണ്ടിയിരിക്കുന്നു.

**2. വിശ്വാസപരിശീലനത്തിന്റെ രൂപങ്ങളും തലങ്ങളും**

വിശ്വാസപരിശീലനം വ്യത്യസ്ത രൂപങ്ങളിലും തലങ്ങളിലും നല്കണമെന്ന് *കർത്താവിന്റെ വചനം* നിർദ്ദേശിക്കുന്നു. നമ്മുടെ ഇടവകകളിൽ ഇപ്പോൾ നടന്നുവരുന്ന സൺഡേസ്കൂൾ മതബോധനം നവീകരിച്ച് അത് വൈവിധ്യമാർന്ന മേഖലകളിലേക്കു വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു. പ്രത്യേകിച്ച്, കുടുംബത്തിൽ വിശ്വാസപരിശീലനം ഏറ്റവും പ്രാധാന്യമുള്ളതാക്കി മാറ്റണം. ഈ മാറ്റത്തിനുതകുന്ന വിശ്വാസപരിശീലകരെ രൂപപ്പെടുത്താൻ സാധിക്കുന്നതിലാണ് മതബോധനവിഭാഗങ്ങളുടെ വിജയം. നമ്മുടെ രൂപതകളിൽ ഇപ്പോൾ നടത്തിവരുന്ന വിശ്വാസപരിശീലകരുടെ പരിശീലനപരിപാടികൾ ഉടച്ചുവാർക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

വിശ്വാസപരിശീലനത്തിന്റെ (Faith Formation) യും വിദ്യാഭ്യാസത്തിന്റെ (Education) യും രൂപീകരണത്തിന്റെ (Formation) യും അടിസ്ഥാനമായ അഞ്ചുഘടകങ്ങൾ താഴെപ്പറയുന്നവയാണ്. ഒന്നാമത്തേത്, രൂപീകരണത്തിന് വിധേയരാകേണ്ടവരാണ്. ഇത് ആരുമാകാം. വിദ്യാഭ്യാസമേഖലയിൽ കുട്ടികളാണ് രൂപീകരണത്തിനു വിധേയരാകേണ്ടത്. രണ്ടാമത്തെ ഘടകം പരിശീലകരാണ്. മൂന്നാമത്തേത്, എന്തു പരിശീലിപ്പിക്കണം (Content) എന്നതാണ്. വിശ്വാസപരിശീലനത്തിന്റെ ഉള്ളടക്കം വിശ്വാസം (Faith) തന്നെയാണ്. വിദ്യാഭ്യാസമേഖലയിൽ ഇന്ന് കണക്കും ശാസ്ത്രവും



www.malankaralibrary.com

സംഗീതവും കലയുമെല്ലാം ഉള്ളടക്കങ്ങളാണ്. നാലാമതായി പരിസരങ്ങ (Environment) ളാണ്. ക്ലാസ്സ് ഒരു പരിസരമാണ്. ദേവാലയവും സെമിത്തേരിയും പൂന്തോട്ടവും കടൽത്തീരവും വിശ്വാസപരിശീലനത്തിന്റെ ചുറ്റുപാടുകളാക്കി മാറ്റുന്നതിലാണ് വിജയം. അഞ്ചാമത്തേത് രീതി (Method) യാണ്. ഏത് രീതി ഉപയോഗിച്ച് രൂപീകരണം നടത്തുന്നുവെന്നത് പ്രധാനപ്പെട്ട കാര്യമാണ്. നമ്മുടെ വിശ്വാസപരിശീലനരീതികൾ ക്ലാസ്സ്റൂമിലുള്ള പഠനത്തിലും ദേവാലയത്തിലെയും മറ്റ് കേന്ദ്രങ്ങളിലെയും വചനപ്രഘോഷണത്തിലും ഒതുങ്ങിനില്ക്കുന്നു. ഈ അഞ്ചുഘടകങ്ങളിൽ പരിശീലകരാണ് പ്രധാനപ്പെട്ടത്. കാരണം, മറ്റു നാലു ഘടകങ്ങളും നിയന്ത്രിക്കുന്നത് പരിശീലകരാണ്. മികച്ച പരിശീലകന്റെ കൈകളിൽ മോശപ്പെട്ട നാലു ഘടകങ്ങൾ ചെന്നു ചേർന്നാൽ അവയുടെ കുറവു നികത്തി മെച്ചപ്പെട്ട പരിശീലനം നല്കാൻ അദ്ദേഹത്തിനു സാധിക്കും. എന്നാൽ കഴിവും നൈപുണ്യവും ശാസ്ത്രീയപരിജ്ഞാനവുമില്ലാത്ത പരിശീലകന്റെ കൈകളിൽ ബാക്കിയുള്ള നാലു ഘടകങ്ങളും മെച്ചപ്പെട്ട രീതിയിൽ നല്കിയാലും പ്രയോജനമുണ്ടാകില്ല.

നമുക്കിന്നാവശ്യം ദൈവവിശ്വാസം ആഴത്തിൽ ഉൾക്കൊള്ളുന്ന വിശ്വാസപരിശീലകരെയാണ്. ക്രമീകൃതമായ രീതിയിൽ ശാസ്ത്രീയമായി വിശ്വാസപരിശീലനം നല്കാതിരുന്ന പഴയകാലഘട്ടത്തിൽ വിശ്വാസപരിശീലനമേഖലയിൽ വിജയംവരിക്കാൻ സാധിച്ചത് ആഴമുള്ള വിശ്വാസം ഉൾക്കൊള്ളുകയും അതനുസരിച്ചു ജീവിക്കുകയും ചെയ്ത വിശ്വാസപരിശീലകർ ഉണ്ടായതുകൊണ്ടാണ്. അത് മാതാപിതാക്കളോ ബന്ധുമിത്രാദികളോ ആരുമാകാം. വിശ്വാസത്തിൽ ജീവിക്കുന്ന വിശ്വാസപരിശീലകരെ രൂപപ്പെടുത്താൻ സഭയ്ക്ക് സാധിക്കണം.

### 3. വിശുദ്ധഗ്രന്ഥവ്യാഖ്യാനം

വിശുദ്ധഗ്രന്ഥവ്യാഖ്യാനത്തിലൂടെ മതബോധനം നടത്തുന്നതിന്റെ ആവശ്യകത *കർത്താവിന്റെ വചനം* നമ്മുടെ മുന്നിൽ വയ്ക്കുന്നുണ്ട്. ദൈവജനത്തിന്റെ യാത്രയിൽ നിരന്തരം അവരോടൊപ്പം മതബോധനം ഉണ്ടായിരിക്കണം. ദൈവവചനവ്യാഖ്യാനത്തിലൂടെ മതബോധനം നിർവഹിക്കേണ്ടതിന് ഉദാഹരണമായി അവതരിപ്പിക്കുന്നത് വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിലെ എമ്മാവൂസിലേക്കു പോയ ശിഷ്യന്മാരുടെ അനുഭവമാണ് (ലൂക്കാ 24:13-35). വിശുദ്ധലിഖിതങ്ങളുടെ വ്യാഖ്യാനത്തിൽ കേന്ദ്രീകരിച്ചിരിക്കുന്ന മതബോധനത്തിന്റെ മാതൃകയാണ് ഈ വിവരണത്തിൽ കാണുന്നത്. ദുഃഖിതരും പ്രത്യാശ നഷ്ടപ്പെട്ടവരുമായ ശിഷ്യന്മാർക്ക് ക്രിസ്തുനാഥൻ നല്കുന്ന ദൈവവചനം അവരെ സന്തോഷവാന്മാരും ദൈവാഭിമുഖ്യമുള്ളവരുമാക്കി മാറ്റുന്നു. വിശ്വാസപരിശീലനത്തിൽ ദൈവവചനവ്യാഖ്യാനത്തിനുള്ള പ്രാധാന്യം ഈ സുവിശേഷഭാഗം നല്കുന്നുണ്ട്. വിശ്വാസപരിശീലനത്തിൽ ബൈബിളിലെ വ്യക്തികളെയും സംഭവങ്ങളെയും കുറിച്ച് പഠിപ്പിക്കണമെന്നും കർത്താവിന്റെ വചനം നിർദ്ദേശിക്കുന്നു. ദൈവവചനം ജീവി



www.malankaralibrary.com

ക്കുകയും വചനത്തിന് സാക്ഷ്യം നല്കുകയും ചെയ്തവരാണ് വിശുദ്ധരും ബൈബിളിലെ വ്യക്തികളും. മനുഷ്യനായി അവതരിച്ച ദൈവവചനമാകുന്ന യേശുക്രിസ്തുവാണ് മതബോധനത്തിന്റെ കേന്ദ്രബിന്ദു. അവിടത്തെ ശബ്ദം പരിശുദ്ധാത്മാവിലൂടെ സഭയിൽ പ്രതിധ്വനിച്ചു. ദൈവത്തിന്റെ വചനം വിസ്മയനീയമായ കാരുണ്യത്താൽ നമ്മിലേക്കു വരുന്നു. മാനുഷിക പ്രവൃത്തികളും വാക്കുകളും വഴി നമ്മിലേക്ക് എത്തിച്ചേരുന്നു. സഭ പരിശുദ്ധാത്മാവാൽ നയിക്കപ്പെട്ട് വചനം നിരന്തരം വ്യാഖ്യാനിച്ചുകൊണ്ടേയിരിക്കുന്നു. അവൾ വിശ്വാസത്തിന്റെ അഗാധമായ ചൈതന്യത്തോടെ വചനം ധ്യാനിക്കുന്നു. സമർപ്പണബുദ്ധിയോടെ അത് സംരക്ഷിക്കുന്നു. വിശ്വസ്തതയോടെ വ്യാഖ്യാനിക്കുകയും ചെയ്യുന്നു (GDC 94).

**4. മതബോധനഡയറക്ടറിയുടെ നിർദ്ദേശങ്ങൾ**

1997-ൽ പ്രസിദ്ധീകരിച്ച കത്തോലിക്കാസഭയുടെ മതബോധന ഡയറക്ടറിയുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് ദൈവവചനകേന്ദ്രീകൃതമതബോധനം നല്കണമെന്ന് 'കർത്താവിന്റെ വചനം' നിർദ്ദേശിക്കുന്നു (74). കത്തോലിക്കാസഭയുടെ മതബോധനഡയറക്ടറി 94 മുതൽ 118 വരെയുള്ള ഖണ്ഡികകളിൽ മതബോധനത്തിൽ ദൈവവചനത്തിനുള്ള പങ്കിനെക്കുറിച്ച് വിവരിക്കുന്നു: വിശ്വാസപരിശീലനത്തിന്റെ ഉറവിടം ദൈവവചനമാണ്. വിശ്വാസപരിശീലന മേഖലയിൽ ദൈവവചനം ധ്യാനിക്കപ്പെടുന്നു; ലിറ്റർജിയിൽ ആഘോഷിക്കപ്പെടുന്നു; ദൈവവചനം വിശുദ്ധരിലൂടെ വിശ്വാസപരിശീലനമേഖലയിൽ പ്രകാശിക്കുന്നു (GDC 95, VD 48); ദൈവശാസ്ത്ര ഗവേഷണം വഴി ദൈവവചനം ആഴമുള്ളതാക്കപ്പെടുന്നു; ധാർമ്മിക മൂല്യങ്ങളിൽ വെളിവാക്കപ്പെടുന്നു.

ദൈവവചനത്തിന് യഥാർത്ഥവ്യാഖ്യാനം നല്കാൻ സാധിക്കുന്നവരെ പരിശീലിപ്പിക്കുക മതബോധനത്തിന്റെ ഉത്തരവാദിത്വമാണ്. പാരമ്പര്യം, വിശുദ്ധലിഖിതം, പ്രബോധനാധികാരം എന്നിവ മതബോധനത്തിന്റെ ഉറവിടങ്ങളാണ് (GDC 96). വിശ്വാസപരിശീലനത്തിൽ ദൈവവചനം അവതരിപ്പിക്കുമ്പോൾ സ്വീകരിക്കേണ്ട മാനദണ്ഡങ്ങളെക്കുറിച്ച് മതബോധന ഡയറക്ടറി നിർദ്ദേശങ്ങൾ നല്കുന്നു: ക്രിസ്തു കേന്ദ്രീകൃതത്വം, രക്ഷകേന്ദ്രീകരിച്ചുള്ള സുവിശേഷപ്രഘോഷണം, സഭാത്മകത, സാംസ്കാരിക അനുരൂപണം, സുവിശേഷസന്ദേശത്തിന്റെ സമഗ്രത (GDC 97).

മതബോധനം ക്രിസ്തുവുമായി പൂർണമായി ബന്ധപ്പെട്ടുവേണം നടത്തുന്നത്. ക്രിസ്തു ദൈവവചനം കൈമാറുക മാത്രമല്ല ചെയ്തത്. അവിടന്ന് തന്നെയായിരുന്നു ദൈവവചനം (GDC 98). വിശ്വാസപരിശീലനം രക്ഷാകരസന്ദേശം അവതരിപ്പിക്കുന്നു. രക്ഷാകരസന്ദേശത്തിന്റെ കേന്ദ്രം ക്രിസ്തുവാണ്. വിശ്വാസപരിശീലനം കൈമാറുന്നത് ക്രിസ്തുവിന്റെ വചനമാണ്. കൃത്യമായി പറഞ്ഞാൽ, അവിടന്നാകുന്ന സത്യമാണ് ദൈവവചനം (CT 6). ക്രിസ്തുവിന്റെ ജീവിതകഥ വിവരിക്കുന്ന സുവിശേഷങ്ങൾ മതബോധനത്തിന്റെ കേന്ദ്രമാണ്. ആദിമക്രൈസ്തവർ വിശ്വാസപരിശീലനം സ്വീകരിച്ചത് സുവിശേഷങ്ങളിലൂടെയാണ്.



www.malankaralibrary.com

### 5. ദൈവവചനകേന്ദ്രീകൃതമായ പരിശീലനം

വിശ്വാസത്തിലും പാരമ്പര്യത്തിലും അടിസ്ഥാനമാക്കി സമഗ്രമായ വിശ്വാസപരിശീലനം ദൈവവചനത്തെ കേന്ദ്രീകരിച്ച് നടപ്പിൽ വരുത്താൻ സാധിക്കണമെന്നും കർത്താവിന്റെ വചനം അഭിപ്രായപ്പെടുന്നു. വിശ്വാസ പരിശീലനത്തിന്റെ ലക്ഷ്യം ക്രൈസ്തവസ്വഭാവം രൂപപ്പെടുത്തുകയെന്നതാണ്. പക്ഷേ, വിശ്വാസം ജീവിക്കാൻ ബുദ്ധിമുട്ടാണ്. വിശ്വാസം പ്രായോഗികജീവിതത്തിൽ കൊണ്ടുവരണമെങ്കിൽ യേശുനാഥൻ പഠിപ്പിച്ച കല്പനകൾ പാലിക്കാൻ സാധിക്കണം. സ്വന്തം മനഃസാക്ഷിയനുസരിച്ച്, ആരുടെയും പ്രേരണകൂടാതെ യേശുവിന്റെ പ്രബോധനങ്ങൾ അനുസരിച്ച് ഒരു വ്യക്തി ജീവിക്കുന്ന ജീവിതക്രമ (Christian Life Style) മാണ് ക്രൈസ്തവ ജീവിതരീതി. ഈ ക്രൈസ്തവജീവിതരീതി രൂപപ്പെടുത്തിയെടുക്കാൻ സാധിച്ചാൽ വിശ്വാസപരിശീലനം വിജയിക്കും.

വിശ്വാസപരിശീലനത്തിന് മൂന്നുതലങ്ങളുണ്ട്. ആദ്യത്തേത്, അറിവ് നല്കുക (Information) എന്നതാണ് രണ്ടാമത്തേത്, ലഭിച്ച അറിവിന്റെ വെളിച്ചത്തിൽ വ്യക്തിയെ മാനസാന്തരത്തിലൂടെ രൂപാന്തരപ്പെടുത്തുക (Transformation) എന്നതാണ്. നവീകരിക്കപ്പെട്ട വ്യക്തിയെ ക്രൈസ്തവജീവിതശൈലി പരിശീലിപ്പിച്ചെ ടുക്കുക (Formation) എന്നതാണ് മൂന്നാമത്തെ തലം. രൂപീകരണം വിശ്വാസപരിശീലനത്തിന്റെ അവസാനത്തെ തലമാണ്. ഈ മൂന്ന് തലങ്ങളിലും ദൈവവചനകേന്ദ്രീകൃതപരിശീലനം നല്കാൻ കഴിയേണ്ടിയിരിക്കുന്നു.

വിശ്വാസപരിശീലനത്തിന്റെ മൂന്നുതലങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടുതന്നെ ഒരു വ്യക്തിയെ ദൈവവചനത്താൽ രൂപപ്പെടുത്തുമ്പോൾ വ്യക്തിയുടെ മൂന്നുഘടകങ്ങളിൽ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. വിശ്വാസ രൂപീകരണത്തിൽ ഈ മൂന്നു ഘടകങ്ങളും ഒരുമിച്ചു പോകേണ്ടതാണ്. ബുദ്ധിയുടെ തലമാണ് പ്രഥമഘടകം (Cognitive). ദൈവത്തെക്കുറിച്ചും ദൈവികകാര്യങ്ങളെക്കുറിച്ചും ഇവിടെ അറിവുനല്കുന്നു. നമ്മുടെ സൺഡേ സ്കൂളുകളിൽ സാധാരണ സംഭവിക്കുന്നത് ഇതു മാത്രമാണ്. രണ്ടാമത്തേ ഘടകം അനുഭവ (Experience) ത്തിന്റെ തലമാണ്. ഇവിടെ അറിഞ്ഞ ദൈവത്തെ വ്യക്തി അനുഭവിക്കുന്നു. ഇത് ഹൃദയത്തിന്റെ തലമാണ്, വൈകാരികമായ അവസ്ഥ (Affective) യാണ് . നാം ഇപ്പോൾ നടത്തുന്ന വിശ്വാസ പരിശീലനം പരാജയമടയുന്ന മേഖലയാണിത്. അറിവിന്റെയും അനുഭവത്തിന്റെയും വെളിച്ചത്തിൽ സ്വഭാവരൂപീകരണത്തിന്റെ ഘടകമാണ് മൂന്നാമത്തേത്. ഒരു വ്യക്തിയിൽ സ്വഭാവം (Behaviour) രൂപപ്പെടണം. വിശ്വാസചൈതന്യം ഉൾക്കൊള്ളുന്ന മതാധ്യാപകർ വ്യക്തികളിൽ ക്രൈസ്തവ സ്വഭാവം രൂപപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിച്ചു പരിശോധിക്കുകയും അതിന് അവരെ സഹായിക്കുകയും ചെയ്യുന്നു.



www.malankaralibrary.com

നമ്മുടെ വിശ്വാസപരിശീലനം ഈ മൂന്നുഘടകങ്ങളും ഉൾക്കൊള്ളണം. വിശ്വാസപരിശീലനപ്രക്രിയ യിൽ ഈ മൂന്നുഘടകങ്ങളും പടിപടിയായി നടക്കുന്നവയല്ല. മറിച്ച്, ഒരു വ്യക്തിയിൽ ഒരേസമയം നടക്കേണ്ടവ യാണ്. പരിശീലനത്തിന്റെ ഈ സമഗ്രതയുൾക്കൊള്ളാൻ നമുക്കു സാധിച്ചാൽ നമ്മുടെ മതബോധനം ഒരു പരിധിവരെ കുറവുകളില്ലാതെ മുന്നോട്ടു കൊണ്ടുപോകും. നമുക്ക് വിശ്വാസം നല്കാൻ സാധി ക്കില്ല. വിശ്വാസത്തിന്റെ ദാതാവ് ദൈവമാണ്. ദൈവം നല്കിയ വിശ്വാസം പരിപോഷിപ്പിക്കാനും ആഴപ്പെടു ത്താനുമാണ് വിശ്വാസപരിശീലകർക്കു സാധിക്കുന്നത്. ദൈവം ഒന്നും അതിന്റെ പൂർണരൂപത്തിൽ ഒരു വ്യക്തിക്കും നല്കുന്നില്ല. സാധ്യതകൾ (Potentialities) മാത്രമാണു നല്കുക. അതു വികസിപ്പിക്കേണ്ട കടമ വ്യക്തിക്കും ആ വ്യക്തിയെ രൂപപ്പെടുത്തുന്നവർക്കുമാണ്. ബുദ്ധിയുടെ സാധ്യത (Intellectual Potentiality) മാനസിക സാധ്യത (Psychic Potentiality) പോലെതന്നെയാണ്. അതു പോലെതന്നെയാണ് വിശ്വാസത്തി ന്റെയും സാധ്യത. കുട്ടികൾ ബുദ്ധിരാക്ഷസന്മാരായി ജനിക്കുന്നില്ല. മറിച്ച്, അതിനുള്ള സാധ്യതകളോടുകൂടെ യാണ് ജനിക്കുന്നത്. അത് വികസിക്കുന്നത് മാതാപിതാക്കളും അധ്യാപകരും കുട്ടിയും കൂടി ഒരുമിച്ച് പരിശ്ര മിക്കുമ്പോ ഴാണ്. ഇതുപോലെ, വിശ്വാസപരിശീലനം ഒരു കൂട്ടുത്തരവാദിത്വമാണ്. വിശ്വാസപരിശീലനം നല്കുന്നത് സഭയാണ്. മാതാപിതാക്കളോ അധ്യാപകരോ ഇടവകവികാരിയോ വിശ്വാസപരിശീലനം നല്കുമ്പോൾ സഭയുടെ പ്രതിനിധികളായാണ് അവർ നല്കുന്നത്. ഈ പദ്ധതിയിൽ എല്ലാ വിശ്വാസ പരിശീലകരും ദൈവത്തിന്റെ സഹപ്രവർത്തകരാണ്. ദൈവം നിർവഹിക്കുന്നു, നാം സഹകരിക്കുന്നു. വിശ്വാസപരിശീലനം അതിന്റെ സമഗ്രതയുൾക്കൊണ്ടുകൊണ്ട് കുടുംബ കേന്ദ്രീകൃതമായാൽ ഇപ്പോഴത്തെ കുറവുകൾ പരിഹരിച്ച് കൂടുതൽ മെച്ചപ്പെട്ട ഫലം പുറപ്പെടുവിക്കുന്ന ശുശ്രൂഷയായി ഇതിനെ മാറ്റാൻ നമുക്കു സാധിക്കും. ഈ പ്രക്രിയയിൽ ദൈവവചനത്തിന്റെ പങ്ക് നിർണായകമാണ്.



www.malankaralibrary.com



# വചനത്തിലൂടെയുള്ള സൃഷ്ടി: കാലിക ദൈവശാസ്ത്രചിന്തകൾ

റവ. ഡോ. വിൻസെന്റ് കുണ്ടുകുളം

## ആമുഖം

'കർത്താവിന്റെ വചനം' എന്ന അപ്പസ്തോലികരേഖയിൽ വചനം എപ്രകാരമാണ് പ്രപഞ്ചവും മനുഷ്യനും ഇതരമതവിശ്വാസങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നത് എന്നതിനെപ്പറ്റി ബെനഡിക്ട് 16-ാമൻ പാപ്പാ നല്കുന്ന സന്ദേശങ്ങളാണ് ഈ ലേഖനത്തിലെ പ്രമേയം. അപകടത്തിലായിക്കൊണ്ടിരിക്കുന്ന പരിസ്ഥിതി സംരക്ഷിക്കുക, മാറിക്കൊണ്ടിരിക്കുന്ന സംസ്കാരത്തോടു ക്രിയാത്മകമായി പ്രതികരിക്കുക, മതഭീകരതയ്ക്കും വർഗീയതയ്ക്കുമെതിരേ മതാന്തരസൗഹൃദം ശക്തിപ്പെടുത്തുക എന്നീ പ്രവർത്തനങ്ങൾ സുവിശേഷപ്രഘോഷണത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടുവരേണ്ടതിനെക്കുറിച്ചുള്ള ചർച്ചകളിലേക്ക് അതു നമ്മെ നയിക്കുന്നു. മേല്പറഞ്ഞ ഓരോ വിഷയവുമായും ബന്ധപ്പെട്ട് അപ്പസ്തോലിക ആഹ്വാനത്തിൽ ചേർത്തിരിക്കുന്ന ഭാഗങ്ങൾ ആദ്യമേ ഉദ്ധരിക്കുകയും തുടർന്ന് അവ ചർച്ചയ്ക്കെടുക്കുകയും ചെയ്യുന്ന രീതിയാണ് ഇവിടെ അവലംബിച്ചിരിക്കുന്നത്.

### 1. പ്രകൃതിയാകുന്ന അമ്മയിൽ വീണ്ടും ജനിക്കുക

"അസ്തിത്വമുള്ളതെല്ലാം ആകസ്മികമായി ഉണ്ടായതല്ലെന്നും ദൈവനിശ്ചയപ്രകാരം, ദൈവത്തിന്റെ പദ്ധതി അനുസരിച്ച് ഉണ്ടായതാണെന്നും വിശുദ്ധലിഖിതം നമ്മോടു പറയുന്നു..... സൃഷ്ടി ലോഗോസിൽനിന്ന് ജനിച്ചതാണ്. അതിനെ ക്രമപ്പെടുത്തുകയും നയിക്കുകയും ചെയ്യുന്ന സർഗാത്മകമായ യുക്തിയുടെ മായിച്ചുകളയാനാവാത്ത മുദ്ര സൃഷ്ടി വഹിക്കുകയും ചെയ്യുന്നു . . . അവിടത്തെ സൃഷ്ടിയെക്കുറിച്ചുള്ള ധ്യാനത്തിലൂടെ സ്രഷ്ടാവിനെ അംഗീകരിക്കാൻ വിശുദ്ധലിഖിതം നമ്മെ ക്ഷണിക്കുന്നു (ജ്ഞാനം 13:5; റോമ 1:19-20) . . . വിശുദ്ധ ബൊനവെഞ്ചർ ഇങ്ങനെ പ്രസ്താവിക്കുന്നു: 'ദൈവത്തെ പ്രഘോഷിക്കുന്നതുകൊണ്ട് ഓരോ സൃഷ്ടിയും ദൈവത്തിന്റെ വചനമാണ്'. 'ദേയി വെർബും' എന്ന രണ്ടാം വത്തിക്കാൻ കൗൺസിലിലെ ഡോഗ്മാറ്റിക് കോൺസ്റ്റിറ്റ്യൂഷനിൽ, "തന്റെ വചനംകൊണ്ട് എല്ലാ വസ്തുക്കളെയും സൃഷടിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന ദൈവം, സൃഷ്ടിക്കപ്പെട്ട യാഥാർത്ഥ്യങ്ങളിൽ തന്റെതന്നെ തെളിവ് നിരന്തരം നല്കുന്നു" (നമ്പർ 8) എന്നു പഠിപ്പിക്കുന്നു.



www.malankaralibrary.com

"പ്രപഞ്ചത്തെ സംബന്ധിച്ച് ദൈവത്തിനുള്ള പദ്ധതി വെളിപാട് വ്യക്തമാക്കിത്തരുന്നുണ്ട്. സൃഷ്ടിക്കപ്പെട്ട സർവവസ്തുക്കളെയും സ്രഷ്ടാവിന്റെ പ്രതിഫലനമായി കാണാതെ വെറും അസംസ്കൃതവസ്തുക്കളായി കരുതി ചൂഷണം ചെയ്യുന്ന മനോഭാവം തള്ളിപ്പറയാൻ അത് പ്രേരിപ്പിക്കുന്നു . . . വിശുദ്ധലിഖിതങ്ങളും സഭയുടെ സജീവപാരമ്പര്യവും സ്ഥിരീകരിച്ചിട്ടുള്ള ദൈവവചനം സ്വീകരിക്കുമ്പോൾ അത് വസ്തുക്കൾ പുതിയ രീതിയിൽ കാണാനുള്ള പാത തുറക്കും. അകൃത്രിമമായ പരിസ്ഥിതി വളർത്തും. ക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ട സർവവസ്തുക്കളുടെയും നന്മ സംബന്ധിച്ച നവീകൃതവും ദൈവശാസ്ത്രപരവുമായ സംവേദകത്വം വികസിപ്പിക്കും" (നമ്പർ 108).

അശ്രദ്ധമായ വ്യവസായവത്കരണത്തിന്റെ ഫലമായി മനുഷ്യവർഗം ഇന്ന് വറുതിയുടെ വക്കിൽ എത്തിനില്ക്കുകയാണ്. അസംസ്കൃതപദാർത്ഥങ്ങളും ഊർജ്ജസ്രോതസ്സുകളും വിരളമായിക്കൊണ്ടിരിക്കുന്നു. ഈ രീതി തുടർന്നാൽ ജീവൻ നിലനിറുത്താനുള്ള പ്രകൃതിയുടെ കഴിവുതന്നെ അപകടത്തിലായേക്കും. ദ്രുതവേഗത്തിൽ മാറിക്കൊണ്ടിരിക്കുന്ന കാലാവസ്ഥയും വർദ്ധിച്ചുവരുന്ന അന്തരീക്ഷമലിനീകരണവും ആസന്നമായ നാശത്തിന്റെ മുന്നോടികളാണ്. ക്രിസ്തുമതത്തിന് ഈ അപകടകരമായ ചരിത്രസന്ധിയിൽനിന്ന് മാറിനില്ക്കാനാവില്ല. കാരണം, ക്രൈസ്തവമെന്ന് അറിയപ്പെടുന്ന പടിഞ്ഞാറൻരാജ്യങ്ങൾ സ്വീകരിച്ച മനോഭാവങ്ങൾ പരിസ്ഥിതിയുടെ നാശത്തിനു കാരണമായിട്ടുണ്ട്.

### 1.1 പ്രപഞ്ചത്തെ മറന്നത്

ക്രൈസ്തവരുടെ വേദഗ്രന്ഥം-ബൈബിൾ-ദൈവത്തെ സ്രഷ്ടാവായാണ് അവതരിപ്പിക്കുന്നത്. പിന്നെ എന്തുകൊണ്ടാകാം ക്രിസ്തീയവിശ്വാസത്തിന് ആഴമുള്ള വേരോട്ടം കിട്ടിയ പടിഞ്ഞാറൻ രാജ്യങ്ങൾ ഈശ്വരസൃഷ്ടിയായ പ്രപഞ്ചം സംരക്ഷിക്കുന്നതിൽ വീഴ്ചവരുത്തിയത്? ഇതിനു പല കാരണങ്ങൾ കണ്ടേക്കാം. ഒന്നാമതായി, ക്രിസ്ത്യാനികൾ 'രക്ഷ' എന്നത് ഈ ലോകത്തിൽനിന്നുള്ള വിടുതലായി മനസ്സിലാക്കി എന്നതുതന്നെ. ആത്മാവിന്റെ ആരോഗ്യം ഹനിക്കുമെന്നു കരുതിയ ലോകകാര്യങ്ങളിൽനിന്നു മാറിനില്ക്കാനാണ് ക്രിസ്ത്യാനിക്കു പല ആത്മീയപ്രഭാഷകരും നല്കുന്ന ആഹ്വാനം. സുകൃതജീവിതം നയിക്കുന്നതിന് തിന്മ നിറഞ്ഞ ഈ ലോകത്തിൽനിന്ന് ഓടി ഒളിക്കണമെന്ന നിർദ്ദേശം ഈ പ്രപഞ്ചത്തെയും അതിലെ വസ്തുക്കളെയും 'ഉപയോഗിച്ച് മാറ്റിനിറുത്തേണ്ട' കാര്യങ്ങളായി കാണാൻ ഒരു പരിധിവരെ വിശ്വാസികളെ പ്രേരിപ്പിക്കുന്നുണ്ട്.

പ്രപഞ്ചത്തോട് അകലം പാലിക്കാൻ ക്രൈസ്തവനെ സ്വാധീനിക്കുന്ന മറ്റൊരു ഘടകം സൃഷ്ടിയുടെ വിവരണത്തെപ്പറ്റിയുള്ള വികലമായ കാഴ്ചപ്പാടാണ്. ഉത്പത്തിയുടെ പുസ്തകം 1:28-ൽ പ്രപഞ്ചത്തെ 'കീഴടക്കാൻ' മനുഷ്യനു നല്കുന്ന ആഹ്വാനം, മറ്റു സൃഷ്ടജാലങ്ങളെക്കാൾ ഉന്നതനായ മനുഷ്യന് സ്വന്തം പുരോഗതിക്കുവേണ്ടി പ്രകൃതിയെ നശിപ്പിക്കാൻ അനുവാദം നല്കു



www.malankaralibrary.com

ന്നുണ്ടെന്ന ധാരണ പരത്തി. ഇതിന് ഉപോദ്ബലകമായി വർത്തിച്ചത് പ്രപഞ്ചത്തെ ഒരു പിരമിഡായി കാണുന്ന മധ്യകാല ചിന്തയാണ്. ഏറ്റവും അടിത്തട്ടിൽ ഭൂമി, അതിനുമുകളിൽ സസ്യങ്ങൾ, അതിനുമീതേ ജന്തുക്കൾ, അതിനുമപ്പുറത്ത് സ്ത്രീകൾ, ഏറ്റവും മുകളിലായി പുരുഷൻ, എന്ന രീതിയിൽ സൃഷ്ടികളെ ആരോഹണക്രമത്തിൽ വേർതിരിച്ചെടുക്കുന്ന സമ്പ്രദായം മനുഷ്യനിൽ മേധാവിത്വശൈലി ശക്തിപ്രാപിക്കാൻ സഹായകമായിട്ടുണ്ട്. എല്ലാം മനുഷ്യന്റെ ഭോഗത്തിനും ഉയർച്ചയ്ക്കും വേണ്ടിയാണെന്ന് അവൻ തെറ്റിദ്ധരിച്ചു.[1]

### 1.2 പ്രപഞ്ചവും ക്രിസ്തീയതയും

ദൈവശാസ്ത്രപരമായി ചിന്തിച്ചാൽ ക്രിസ്തീയതയെ പ്രപഞ്ചത്തിന് എതിരായികാണാൻ ഒരു ന്യായവുമില്ല. കാരണം, തിരുവചനങ്ങൾക്കനുസരിച്ച് എല്ലാ സൃഷ്ടികളുടെയും ഉദ്ഭവം ഒരേ ഈശ്വരനിൽനിന്നാണ്. സൃഷ്ടിയെക്കുറിച്ചുള്ള രണ്ടാമത്തെ വിവരണത്തിൽ മൃഗങ്ങളും മനുഷ്യനും മണ്ണെന്ന ഒരേ വസ്തുവിൽനിന്ന് മെനയപ്പെട്ടതായി എഴുതിച്ചേർത്തിരിക്കുന്നു. അതുകൊണ്ട് അവർക്കു തമ്മിൽ സാഹോദര്യമുണ്ടാകേണ്ടതാണ്. "ദൈവമായ കർത്താവ് ഭൂമിയിലെ പൂഴികൊണ്ട് മനുഷ്യനെ രൂപപ്പെടുത്തുകയും ജീവന്റെ ശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേക്ക് നിശ്വസിക്കുകയും ചെയ്തു. അങ്ങനെ മനുഷ്യൻ ജീവനുള്ളവനായിത്തീർന്നു" (ഉത്പ 2:7). "ദൈവമായ കർത്താവ് ഭൂമിയിലെ സകലമൃഗങ്ങളെയും ആകാശത്തിലെ സകല പക്ഷികളെയും മണ്ണിൽനിന്നു രൂപപ്പെടുത്തി" (ഉത്പ 2:19).

പുതിയനിയമത്തിൽ യേശു പ്രകൃതിയെ ദൈവിക ഇടപെടലിന്റെ വേദിയായാണു കാണുന്നത്. അവൻ പറയുന്നു: "ഇന്നുള്ളതും നാളെ അടുപ്പിൽ എറിയപ്പെടുന്നതുമായ പുല്ലിനെ ദൈവം ഇപ്രകാരം അലങ്കരിക്കുന്നെങ്കിൽ, അല്പവിശ്വാസികളേ, നിങ്ങളെ അവിടന്ന് എത്രയധികം അലങ്കരിക്കുകയില്ല!" (മത്താ 6:30). വിശുദ്ധ പൗലോസ്ശ്ലീഹ സൃഷ്ടവസ്തുക്കൾക്കെല്ലാം ഉത്ഥിതമായ രൂപമുണ്ടെന്ന് വിശ്വസിച്ചിരുന്നു. അതിനാലാണ് ഈ പ്രപഞ്ചത്തിന്റെ മുഴുവൻ രക്ഷ അദ്ദേഹത്തിന്റെ എഴുത്തുകളിൽ ത്രസിച്ചുനിന്നത്. "സൃഷ്ടി ജീർണതയുടെ അടിമത്തത്തിൽനിന്ന് മോചിതമാവുകയും ദൈവമക്കളുടെ സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്യും. സമസ്ത സൃഷ്ടികളും ഒന്നുചേർന്ന് ഇതുവരെയും ഈറ്റുനോവനുഭവിക്കുകയും നെടുവീർപ്പെടുകയും ചെയ്യുന്നു എന്നു നമുക്കറിയാം" (റോമ 8:21-22).

ഭാരതീയരെന്ന നിലയ്ക്കു ചിന്തിച്ചാലും ക്രിസ്ത്യാനി സൃഷ്ടലോകവുമായി സ്നേഹാർദ്രമായ ഒരു ബന്ധം നിലനിറുത്തേണ്ടത് ആവശ്യമാണെന്നു നമുക്കു ബോധ്യപ്പെടും. സെബാസ്റ്റ്യൻ കാപ്പൻ പറയുന്നതുപോലെ, ആർഷ സംസ്കാരത്തിൽ അധീനപ്പെടുത്തേണ്ടതോ ചൂഷണം ചെയ്യപ്പെടേണ്ടതോ ആയ ഒന്നല്ല പ്രകൃതി. അവൾ അമ്മയാണ്, എല്ലാ സൃഷ്ടികളുടെയും ഗർഭപാത്രമാണ്. പ്രജനനത്തിന്റെ സ്രോതസ്സാണ്. എല്ലാത്തിലുമുപരി, ആത്മീയ



www.malankaralibrary.com

മാനമുള്ളതാണ് ഈ ഭൂമി. സത്യാന്വേഷികൾ പ്രകൃതിയുടെ മടിത്തട്ടായ വനാന്തരങ്ങളിലേക്കു പിൻവലിയുന്നത് നമ്മുടെ നാട്ടിൽ സാധാരണമാണല്ലോ. സർവജീവജാലങ്ങളുടെയും കേളീരംഗമായ നിബിഢവനങ്ങളിൽ ആത്മീയതയുടെ ആത്മാംശം കുടികൊള്ളുന്നതുകൊണ്ടാണ് അതെന്നതിൽ സംശയമില്ല. ശകുന്തള ആശ്രമം വിടുമ്പോൾ അവിടെയുള്ള സസ്യലതാദികളോടും ജന്തുജാലങ്ങളോടും വ്യക്തിപരമായി യാത്ര ചോദിക്കുന്ന രംഗം ചിത്രീകരിച്ചിരിക്കുന്നതും അതു വായനക്കാരന്റെ ഹൃദയത്തിൽ തൊടുന്നതും എല്ലാത്തിലും എല്ലാവരിലുംകുടികൊള്ളുന്ന ഈശ്വരാംശത്തെപ്പറ്റി ഭാരതീയർ വിശ്വസിക്കുന്നതുകൊണ്ടാണ്[2].

പ്രകൃതിയുടെമേൽ അടിച്ചേല്പിക്കപ്പെടുന്ന അന്യായമായ പീഡനങ്ങൾക്കെതിരേ കണ്ണടയ്ക്കാൻ ഇനിയും ക്രിസ്ത്യാനികൾക്കാവില്ല. വായു, വെള്ളം, മണ്ണ് എന്നീ ജീവഭൂതങ്ങളെ മലിനപ്പെടുത്തുന്നതും പ്രപഞ്ചസൗന്ദര്യം നശിപ്പിക്കുന്നതുമായ മനുഷ്യന്റെ അത്യാർത്തി നിയന്ത്രിക്കപ്പെടേണ്ടതാണ്. പ്രപഞ്ചത്തിലെ വ്യത്യസ്തങ്ങളായ സൃഷ്ടികൾ തമ്മിലുള്ള ആത്മബന്ധത്തെപ്പറ്റി സഭാമക്കളെ ബോധവാന്മാരാക്കാൻ സഭയ്ക്കു കടമയുണ്ട്. മനുഷ്യജീവൻ ശ്രേഷ്ഠവും ഉന്നതവുമാണെങ്കിലും പ്രപഞ്ചത്തിന്റെ പൊതുവായ ജീവശേഷിയിലേ അതിനു നിലനില്പുള്ളൂ. ആരോഗ്യപരമായ പ്രകൃതിയുടെ നിലനില്പിനെ സഹായിച്ചുകൊണ്ടിരിക്കുന്ന ഘടകങ്ങൾ പരസ്പരാശ്രിതത്വത്തിലും സഹകരണത്തിലും ഒറ്റക്കെട്ടായി നിലനില്ക്കേണ്ടവയാണ്. ഏതു ചെറിയ ജീവിയായാലും അതിന് അതിന്റേതായ ധർമ്മം നിർവഹിക്കാനുണ്ട് ഈ ഭൂമിയിൽ. ഉദാഹരണത്തിന്, മാവിന്റെ കാര്യമെടുക്കാം. മാവിനു മാത്രമേ മാങ്ങ ഉത്പാദിപ്പിക്കാൻ കഴിയൂ. മാങ്ങ മുറിക്കാനും അതിന്റെ സത്തെടുക്കാനും അവകൊണ്ട് പാനീയങ്ങൾ നിർമ്മിക്കാനും മനുഷ്യനു സാധിച്ചേക്കാം. എന്നാൽ അവന് ഒരിക്കലും സ്വന്തമായി ഒരു മാങ്ങ ഉത്പാദിപ്പിക്കാനാവില്ല. ഓരോ ജീവവസ്തുവിനും കൈവശമായിട്ടുള്ള ഈ തനതായ കാര്യശേഷിയാണ് പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളുടെയും നിലനില്പിനും സഹവർത്തിത്വത്തിനും നിദാനമായിരിക്കുന്നത്. ക്രൈസ്തവർ ഈ സത്യം ഗ്രഹിച്ചാൽ, പ്രകൃതിയിലെ ഏതെങ്കിലും ഒരു അണുവിന്റെ അസ്തിത്വത്തിന് അപകടം നേരിടുമ്പോൾപ്പോലും അത് തങ്ങളുടെയും അസ്തിത്വപ്രശ്നമായി അവർക്ക് അനുഭവപ്പെടും.

സഭയ്ക്കകത്ത് ക്രിയാത്മകമായ പരിസ്ഥിതിമനോഭാവങ്ങൾ വളർന്നുവരണമെങ്കിൽ ആരോഗ്യകരമായ ഒരു പ്രപഞ്ചവീക്ഷണം ഉണ്ടാകാതെ തരമില്ല. ദൈവം ദേവാലയങ്ങളിൽ മാത്രമല്ല ഈ പ്രപഞ്ചത്തിലാകമാനം സന്നിഹിതനാണ്. ദൈവത്തെ പ്രകാശിപ്പിക്കുകയും വെളിപ്പെടുത്തുകയും ചെയ്യുന്നു എന്ന അർത്ഥത്തിൽ ഭൂമി ദൈവത്തിന്റെ ഒരു വലിയ കൂദാശയാണ്. സ്രഷ്ടാവിന്റെ കൗദാശികമായ പ്രകാശനം എന്ന നിലയ്ക്കു പ്രപഞ്ചം പരിശുദ്ധമാണ്; ആത്മാവിന്റെ ആലയമാണ്. എങ്കിൽ ഈ ഭൂമി ചൂഷണം ചെയ്യപ്പെടുമ്പോഴും തരം താഴ്ത്തപ്പെടുമ്പോഴും അത് സ്രഷ്ടാവിനെതിരായുള്ള പാപമായിത്തീരുന്നു.



www.malankaralibrary.com

വാസ്തവത്തിൽ, മനുഷ്യനും മറ്റു സൃഷ്ടവസ്തുക്കളും തമ്മിലുള്ള ബന്ധം ഊഷ്മളമായി നിലനിറുത്തുകയെന്നത് സഭയുടെ ദൗത്യമാണ്. ഈ ഭൂമിയിലേക്ക് അയയ്ക്കപ്പെട്ട ദൈവത്തിന്റെ മിഷണറി എന്ന നിലയ്ക്ക് സഭ ഒരു നവീനമായ ലോകക്രമം രൂപപ്പെടുത്താൻ ബാധ്യസ്ഥയാണ്. ഏശയ്യായുടെ പ്രവചനങ്ങൾ ഓർക്കുക: "കർത്താവ് അരുൾചെയ്യുന്നു: ചെന്നായും കുഞ്ഞാടും ഒരുമിച്ചുമേയും. സിംഹം കാളയെപ്പോലെ വയ്ക്കോൽ തിന്നും. പാമ്പിന്റെ ആഹാരം പൊടിയായിരിക്കും. എന്റെ വിശുദ്ധബലിയിൽ ഒരിടത്തും അവ ഉപദ്രവമോ നാശമോ ചെയ്യുകയില്ല" (ഏശ 62:25). സൃഷ്ടികളുടെ ഇടയിൽ ഐക്യദാതാവായി വർത്തിക്കുന്ന ഒരു കൊച്ചുസമൂഹമായി വളരണം സഭ. ദൈവവും മനുഷ്യനും പ്രപഞ്ചവും തമ്മിലുള്ള സാരൂപ്യബോധം നിലനിറുത്തുകയും പോഷിപ്പിക്കുകയും ചെയ്യാൻ സാധിച്ചാലേ സഭയ്ക്കിന്ന് അർത്ഥവത്തായ സമൂഹമായി മനുഷ്യവംശത്തിൽ നിലനില്ക്കാനാവൂ.[3]

### 1.3 പ്രായോഗിക കരുതലുകൾ

പ്രകൃതിയെ ദൈവത്തിന്റെ ആലയംപോലെ സംരക്ഷിക്കാനുള്ള ദൗത്യം പൂർത്തീകരിക്കാൻ സഭാമക്കൾ പ്രായോഗികമായ ചില തീരുമാനങ്ങൾ എടുക്കാതെ വയ്യ. അത് ക്രൈസ്തവരായ നമ്മുടെ പ്രവർത്തനരീതികൾ പരിശോധിക്കുന്നതിലൂടെ വേണം സമാരംഭിക്കാൻ. പരിസ്ഥിതിയെപ്പറ്റി ഏറെ ബോധവത്കരണം ഇന്നു നടക്കുന്നുണ്ടെങ്കിലും ഇപ്പോഴും പ്രകൃതിയെ നശിപ്പിക്കുന്ന രീതിയിലുള്ള ചെയ്തികൾ നമ്മുടെ ഇടവകകളിൽ അരങ്ങേറുന്നതായാണു കാണുന്നത്. മരം വെട്ടലാണതിലൊന്ന്. പള്ളികളോ സ്ഥാപനങ്ങളോ നിർമ്മിക്കുമ്പോൾ മരങ്ങൾ കശാപ്പ് ചെയ്യുന്നത് എന്നത്തെയും പതിവാണ്. മരങ്ങൾ പരമാവധി സംരക്ഷിച്ച് കെട്ടിടം പണിയുന്നതിനുപകരം സ്ഥാപനത്തിന്റെ "പുകഴ്ച" നാട്ടുകാരെ കാണിക്കാൻ പരിസരത്തുള്ള വൃക്ഷങ്ങളുംകൂടി വെട്ടി മാറ്റുന്നതിൽ പലർക്കും മനസ്സാക്ഷിക്കുത്തില്ല.

ആരാധനാലയങ്ങളുടെയും സ്ഥാപനങ്ങളുടെയും ചുറ്റുപാടുകൾ മുഴുക്കെ ടാറിടുകയോ കോൺക്രീറ്റു ചെയ്യുകയോ ആണ് സഭാമക്കൾ നടത്തിവരുന്ന മറ്റൊരു പരിസ്ഥിതിവിരുദ്ധ പ്രവൃത്തി. ഇതുമൂലം ജലം നഷ്ടപ്പെടുന്നു എന്നുമാത്രമല്ല, അന്തരീക്ഷത്തിലെ താപനില വർദ്ധിക്കുകയും ചെയ്യുന്നു. പൂപ്പൽ പിടിക്കാതിരിക്കാൻ രാസവസ്തുക്കൾ ചേർത്ത ഒരുതരം ഇഷ്ടികയും പള്ളിമുറ്റങ്ങളിൽ വിരിക്കുന്ന സമ്പ്രദായം ആരംഭിച്ചിട്ടുണ്ട് ചിലർ. വായു മലീമസമാക്കുന്ന ഈ രീതി പാപത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

ആത്മാർത്ഥമായി ശ്രമിച്ചാൽ ക്രൈസ്തവർക്കുതന്നെ കേരളത്തിന്റെ ജൈവവ്യവസ്ഥ പരിപോഷിപ്പിക്കാവുന്ന ഒരുപാട് നന്മകൾ ചെയ്യാനാകും. അതിലൊന്ന് ജലസംഭരണമാണ്. കെട്ടിടങ്ങളുടെ മുകൾപ്പരപ്പിൽ വീഴുന്ന വെള്ളമെങ്കിലും കാമ്പസിൽ സംഭരണികൾ നിർമ്മിച്ച് സൂക്ഷിച്ചാൽ ഭൂമിക്കും കൃഷിക്കും കിണറുകൾക്കും അതു താങ്ങാവുകയില്ലേ? പള്ളിയിലെ അലങ്കാരങ്ങൾക്കും സംഘടനകളുടെ പരസ്യങ്ങൾക്കും സ്നേഹവിരുന്നുകൾക്കും



www.malankaralibrary.com

പ്ലാസ്റ്റിക് നിർമ്മിത സാമഗ്രികൾ ഉപയോഗിക്കാതിരിക്കുക. പ്രൊഫഷണൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങുന്നതിനുപകരം വെയ്സ്റ്റുകൾ റീസൈക്കിൾ ചെയ്യാവുന്ന ഫാക്ടറികൾ തുടങ്ങുക. നദികൾ സംരക്ഷിക്കുക, മണ്ണൊലിപ്പ് തടയുക, മണ്ണ്, ജലം, വായു എന്നിവയുടെ മലിനീകരണം ചെറുക്കുക തുടങ്ങിയ പരിസ്ഥിതി സംരക്ഷിത ലക്ഷ്യങ്ങൾക്കായി ഇടവകതോറും ജാഗ്രതാസമിതികളുണ്ടാക്കി പ്രവർത്തിക്കുക എന്നിങ്ങനെ പ്രായോഗികമായ ഒരുപാടു സാധ്യതകൾ നമ്മുടെ മുന്നിൽ തുറന്നുകിടക്കുകയാണ്.

### 2. സംസ്കാരവുമായുള്ള സംഭാഷണം

"സാംസ്കാരിക അനുരൂപണത്തിന്റെ ഉത്തമമാതൃക മനുഷ്യാവതാരം തന്നെയാണ്. വചനം മാംസം ധരിച്ചതിന്റെ പ്രതിഫലനമായിരിക്കണം സാംസ്കാരിക അനുരൂപണശ്രമങ്ങൾ. അതുവഴി ഒരു സംസ്കാരം സുവിശേഷത്താൽ പരിവർത്തിതമാവുകയും നവീകൃതമാവുകയും ചെയ്യുന്നു. അതുപോലെ തന്നെ തനതുസംസ്കാരത്തിൽ നിന്ന് ക്രൈസ്തവജീവിതത്തിന്റെയും ചിന്തയുടെയും പ്രകാശനങ്ങൾ കൊണ്ടുവരുകയും ചെയ്യുന്നു. സുവിശേഷം പ്രാദേശികസംസ്കാരത്തിൽ ഒരു പുളിമാവായി വർത്തിക്കുന്നു. അതിലെ ദിവ്യവചനത്തിന്റെ വിത്തുകളും ഭാവാത്മകമായ ഘടകങ്ങളും ഉയർത്തിക്കൊണ്ടുവരുന്നു" (നമ്പർ 114).

സാംസ്കാരിക അനുരൂപണം എന്നു വിശേഷിപ്പിക്കപ്പെടുന്ന സഭാശുശ്രൂഷ സംസ്കാരവുമായുള്ള സംഭാഷണത്തിന്റെ പ്രേഷിതത്വമാണെന്നു പറയാം. ഇതിൽ രണ്ടുതരത്തിലുള്ള ആദാനപ്രദാന പ്രക്രിയകൾ ഉൾച്ചേർന്നിരിക്കുന്നു: പ്രാദേശികസംസ്കാരത്താൽ സുവിശേഷം നവീകരിക്കപ്പെടും എന്നതും പ്രാദേശിക സംസ്കാരം സുവിശേഷത്താൽ പരിപോഷിക്കപ്പെടും എന്നതും.[4] സാംസ്കാരിക അനുരൂപണത്തിന്റെ മേല്പറഞ്ഞ ഇരുദിശകളിലേക്കുമുള്ള പ്രയാണത്തെപ്പറ്റി 'വെർബും ദോമിനി' നല്കുന്ന പഠനങ്ങളേതെന്നു നോക്കാം.

### 2.1 സംസ്കാരം ദൈവവചനത്തിന്റെ പ്രകാശനഭൂമി

"വചനം മാംസമായി എന്ന വിശുദ്ധ യോഹന്നാന്റെ പ്രഘോഷണം ദൈവത്തിന്റെ വചനവും അവിടന്നു നമ്മോടു സംസാരിക്കാൻ ഉപയോഗിക്കുന്ന മാനുഷികവാക്കുകളും തമ്മിലുള്ള അവിച്ഛേദ്യമായ ബന്ധം വെളിവാക്കുന്നു. സിനഡുപിതാക്കന്മാർ ഈ സാഹചര്യത്തിൽ ദൈവവചനവും സംസ്കാരവും തമ്മിലുള്ള ബന്ധം പ്രധാനമായിക്കാണുന്നുണ്ട്. ദൈവം തന്നെത്തന്നെ അമൂർത്തമായ രീതിയിൽ വെളിപ്പെടുത്തുന്നില്ല. പിന്നെയോ ഭാഷകളും ബിംബങ്ങളും പ്രയോഗങ്ങളും വഴിയാണ് സ്വയം വെളിപ്പെടുത്തുന്നത്" (നമ്പർ 109).

"മനുഷ്യവ്യക്തികളോട് അവരുടെ സംസ്കാരത്തിന്റെ സാഹചര്യത്തിൽ സംവദിക്കാൻ ദൈവവചനത്തിന് ആന്തരികമായ കഴിവുണ്ടെന്ന സുദൃഢമായ



www.malankaralibrary.com

ബോധ്യം സഭയ്ക്കുണ്ട്. ഈ ബോധ്യം ബൈബിളിൽ നിന്നുതന്നെ ഉറവെടുക്കുന്നതാണ്. ഉത്പത്തിപ്പുസ്തകം മുതൽ അതു സാർവത്രികമായ മനോഭാവം സ്വീകരിക്കുന്നു (ഉത്പ 1:27-28). പിന്നീട് അബ്രാഹത്തിലൂടെയും അദ്ദേഹത്തിന്റെ സന്തതികളിലൂടെയും എല്ലാ ജനതകൾക്കും വാഗ്ദാനം ചെയ്യപ്പെട്ട അനുഗ്രഹത്തിൽ ഈ വിശാലമായ കാഴ്ചപ്പാട് കാത്തുസൂക്ഷിക്കുകയും ചെയ്യുന്നു. മാത്രമല്ല, സുവിശേഷപ്രഘോഷണം എല്ലാ ജനതകളിലേക്കും വ്യാപിച്ചുകൊണ്ട് അത്യന്തികമായ ഈ സമീപനം സഭ ശരിവയ്ക്കുകയും ചെയ്യുന്നു" (നമ്പർ 114).

മനുഷ്യജീവിതത്തിന്റെ സർവമേഖലകളെയും സ്പർശിക്കുന്നതാണ് സംസ്കാരം. എഡ്വേർഡ് ടെയ്‌ലർ സംസ്കാരത്തെ നിർവചിക്കുന്നത് ഇങ്ങനെ: "അറിവ്, ശാസ്ത്രം, കല, വിശ്വാസം, ധാർമ്മികത, നിയമം, ആചാരനുഷ്ഠാനങ്ങൾ എന്നുവേണ്ടാ, സമൂഹജീവി എന്ന നിലയ്ക്കു മനുഷ്യൻ വികസിപ്പിച്ചെടുക്കുന്ന മുഴുവൻ സംഭാവനകളും സംസ്കാരത്തിന്റെ ഭാഗമാണ്.[5] 'കർത്താവിന്റെ വചനം' എന്ന രേഖ വചനവും സംസ്കാരവും തമ്മിലുള്ള അഭേദ്യമായ ബന്ധം ഉറപ്പിച്ചുപറയുന്നുണ്ട്. അതിന് ഉപോദ്ബലകമായി നില്ക്കുന്ന ദർശനങ്ങൾ രണ്ടെണ്ണമാണ്: ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ടവനാണ് മനുഷ്യൻ; ദൈവം എല്ലാ ജനതകൾക്കും രക്ഷ പ്രദാനം ചെയ്യുന്നു.

ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടവനാണ് മനുഷ്യൻ എന്നത് ക്രിസ്തീയ ദൈവശാസ്ത്രത്തിന്റെ അടിസ്ഥാനചിന്തകളിലൊന്നാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ലോകചരിത്രത്തെ പൊതുവായ രക്ഷാചരിത്രമെന്നു ദൈവശാസ്ത്രജ്ഞനായ കാൾ റാണർ വിശേഷിപ്പിച്ചിട്ടുണ്ട്. മനുഷ്യനിൽ ദൈവത്തിന്റെ കൈയൊപ്പ് ഉണ്ട് എന്നതു രക്ഷയിലേക്കുള്ള വാതിലാണ്. പാപം വഴിയോ ബോധപൂർവകമായോ ഒരു വ്യക്തി തന്റെ മനസ്സാക്ഷിയെ ദൈവത്തിനെതിരേ തിരിക്കാതിരുന്നാൽ മതി, സഹജമായ ദൈവസാന്നിധ്യത്തിന്റെ കരബലത്താൽ അവനു ദൈവികനിവേശനങ്ങൾ ലഭിക്കുന്നതാണ്. മനുഷ്യാസ്തിത്വത്തിന്റെ അതീന്ദ്രിയഭാവമാണ് ഈ കൃപയ്ക്ക് അവനെ പ്രാപ്തനാക്കുന്നത്. ദൈവത്തിലേക്ക് ഉയർത്തിവച്ച മനസ്സിൽനിന്നു പുറപ്പെടുന്നതിലെല്ലാം ദൈവത്തിന്റെ രഹസ്യങ്ങൾ ഉണ്ടാകാം. മനുഷ്യചരിത്രമെന്നു പറയുന്നത് അവന്റെ വാക്കുകളുടെയും ചെയ്തികളുടെയും അവൻ നയിക്കുന്ന പ്രസ്ഥാനങ്ങളുടെയും സമൂഹത്തിലുണ്ടാകുന്ന സംഭവങ്ങളുടെയും ആകത്തുകയാണല്ലോ. എങ്കിൽ മേല്പറഞ്ഞതിലെല്ലാം ദൈവസത്തയുടെ പ്രകാശനങ്ങളുമുണ്ടാകും. അങ്ങനെ ലോകചരിത്രം രക്ഷാകരചരിത്രമായി മാറുന്നുവെന്ന് റാണർ പറയുന്നു.[6] മനുഷ്യസംസ്കാരം ദൈവിക ഇടപെടലുകളുടെ കഥയാണെങ്കിൽ, നമ്മുടെ ചുറ്റുപാടിലും കാലത്തിന്റെ സൂചനകൾ തിരിച്ചറിയേണ്ടത് സഭയുടെ ദൗത്യമാണല്ലോ. കല, സാഹിത്യം, ദർശനം, സമ്പ്രദായങ്ങൾ, പാരമ്പര്യങ്ങൾ എന്നിവയിൽ ഗൂഢമായിരിക്കുന്ന ദൈവവചനത്തിന്റെ വിത്തുകൾ മനസ്സിലാക്കുന്നതിൽ കേരളസഭ എത്രമാത്രം ശ്രമിക്കുന്നുണ്ടെന്ന് ആത്മപരിശോധന ചെയ്യാനുള്ള ഊഴമാണിത്.



www.malankaralibrary.com

ഈയടുത്ത വർഷങ്ങളിൽ സഭ സമൂഹത്തിൽ ഇടപെട്ട രീതികൾ വിമർശനാത്മകമായി വിലയിരുത്തുമ്പോൾ അവ അല്പം കൂടി ക്രിയാത്മകമാകേണ്ടതായിരുന്നെന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം സാംസ്കാരികാനുരൂപണം, ഡയലോഗ്, വിമോചനദൈവശാസ്ത്രം എന്നീ ചിന്താസരണികളിൽനിന്ന് ആവേശമുൾക്കൊണ്ട് 1970-കളിലും 80-കളിലും കേരളസഭ സാമൂഹികനന്മയ്ക്കായി ഭാവാത്മകമായി ഇടപെട്ടിരുന്നു. ആരാധനക്രമരംഗത്തുണ്ടായ ഭാരതീയ ആഭിമുഖ്യങ്ങളും മത്സ്യത്തൊഴിലാളി സമരങ്ങളും ദാരിദ്ര്യം, രോഗം, നിരക്ഷരത, മദ്യം തുടങ്ങിയ സാമൂഹിക തിന്മകൾ ചെറുക്കാൻ നടത്തിയ യത്നങ്ങളും അവയിൽ ചിലതുമാത്രം.

എന്നാൽ 1990-കളിൽ ശക്തിപ്പെട്ട നവീകരണപ്രസ്ഥാനം ആത്മീയരംഗത്ത് ഉണർവുണ്ടാക്കിയെങ്കിലും കുറെ വിശ്വാസികളിൽ ഇതരമതങ്ങളോട് അകല്ച്ച ഉണ്ടാക്കിയെന്നാണ് സമീപകാലസംഭവങ്ങൾ തെളിയിക്കുന്നത്. നിലവിളക്ക്, തുളസി, ആയുർവേദം തുടങ്ങി തദ്ദേശീയ സംസ്കാരത്തിലുള്ളതെല്ലാം ക്രിസ്ത്യാനിക്ക് അസ്പൃശ്യമാണെന്ന പ്രചാരണങ്ങളുണ്ടായി. സമൂഹത്തെയും സഭയെയും ലോകരാജ്യം, ദൈവരാജ്യം എന്നീ സംജ്ഞകൾ ഉപയോഗിച്ചു വ്യാഖ്യാനിച്ച ധ്യാനപ്രസംഗകർ, ഈ ലോകം പിശാചിന്റെ കൂടാരമാണെന്ന തോന്നൽ ചില വിശ്വാസികളിൽ ഉളവാക്കി.

ഇതിനോടു ചേർത്തുവയ്ക്കേണ്ട ഒന്നാണ് ചില രാഷ്ട്രീയ പ്രസ്ഥാനങ്ങളെ കടുത്ത ശത്രുക്കളായി ചിത്രീകരിച്ചുകൊണ്ടു നടത്തുന്ന പ്രക്ഷോഭങ്ങൾ. സർക്കാരിന്റെ വിദ്യാഭ്യാസനയങ്ങളിൽ വിശ്വാസത്തിനു നിരക്കാത്തവയെ ചെറുക്കേണ്ടത് കടമയാണെങ്കിലും അതിന്റെ മറവിൽ സെക്കുലറിസം, സോഷ്യലിസം, ഹൂമനിസം തുടങ്ങിയ ചിന്താപദ്ധതികളെല്ലാം തിന്മയാണെന്നു വരുത്തിത്തീർക്കുന്നത് ന്യായമല്ല. സമൂഹത്തോട് ഉത്തരവാദിത്വബോധത്തോടെ പെരുമാറുന്ന വിശ്വാസികളെ ഇല്ലാതാക്കും അത്തരം സംരംഭങ്ങൾ. സുവിശേഷാത്മകമല്ലാത്തവയെ തിരുത്തുമ്പോൾത്തന്നെ സമൂഹത്തിന്റെ പ്രതിഷേധങ്ങളിൽനിന്ന് സുവിശേഷത്തിന്റെ സൂചനകൾ വായിച്ചെടുക്കാൻ കഴിയുന്ന ഇരുത്തംവന്നതും നിഷ്പക്ഷവുമായ സമീപനത്തിലേക്കു സഭ തിരിച്ചുവരേണ്ടിയിരിക്കുന്നു.

### 2.2 ഉപഭോഗസംസ്കാരം പ്രേഷിതത്വത്തിന്റെ നവഭൂമി

സാംസ്കാരിക അനുരൂപണത്തിന്റെ രണ്ടാമത്തെ ഘടകം സംസ്കാരത്തിന്റെ രൂപാന്തരമാണെന്ന് സൂചിപ്പിച്ചല്ലോ. സുവിശേഷമൂല്യങ്ങളാൽ സംസ്കാരം മഹത്ത്വീകൃതമാകുന്നില്ലെങ്കിൽ സാംസ്കാരിക അനുരൂപണപ്രക്രിയ അപൂർണമായിരിക്കും. അതായത്, സുവിശേഷാരൂപിക്കു ചേരാത്തതായി പ്രാദേശിക സംസ്കാരത്തിലുള്ള കാര്യങ്ങൾ നവീകരിക്കപ്പെടേണ്ടതാണ്. ഈ ധർമ്മം നിർവഹിക്കാനുള്ള ശക്തി ദൈവവചനത്തിൽ നിക്ഷിപ്തമാണ്. വചനത്തെ അതിന്റെ പ്രവാചകദൗത്യം അനുഷ്ഠിക്കാൻ അനുവദിച്ചാൽ അത്



www.malankaralibrary.com

താനേ നമ്മുടെ ചുറ്റും സുവിശേഷവുമായി പൊരുത്തപ്പെടാതെ നില്ക്കുന്ന ഘടകങ്ങൾ കണ്ടെത്തും.

"നമ്മുടെ ജീവിതം പടുത്തുയർത്താൻ നാം ആശ്രയിക്കുന്ന പലതും നമ്മുടെ പ്രതീക്ഷയർപ്പിക്കാൻ നാം വെമ്പുന്ന പലതും താത്കാലികമാണെന്നു തെളിയുന്ന ഈ കാലഘട്ടത്തിൽ സാംസ്കാരിക അനുരൂപണത്തിലെ ഈ രണ്ടാമത്തെ പ്രക്രിയയ്ക്ക് സവിശേഷമായ പ്രാധാന്യമുണ്ട്. സമ്പത്ത്, സുഖം, അധികാരം എന്നിവ മനുഷ്യഹൃദയത്തിന്റെ അത്യഗാധമായ അഭിനിവേശങ്ങൾ തൃപ്തിപ്പെടുത്തുന്നതിൽ അശക്തങ്ങളാണെന്നു തെളിഞ്ഞിരിക്കുന്നു" (നമ്പർ 10).

മേല്പറഞ്ഞ ഉദ്ധരണി ഉത്തരാധുനികസംസ്കാരത്തിന്റെ സുപ്രധാനമായ ഒരു സവിശേഷതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ആധുനിക സംസ്കാരം ഉത്പാദനകേന്ദ്രീകൃതമായിരുന്നു. എന്നാൽ ഉത്തരാധുനികത ഉപഭോഗത്തെയാണ് വലംവയ്ക്കുന്നത്. ഉത്പാദിപ്പിക്കപ്പെട്ടവ ഭോഗം ചെയ്യപ്പെട്ടില്ലെങ്കിൽ വ്യവസായവത്കൃത സമൂഹത്തിനു നിലനില്പില്ല. അതിനാൽ ഉത്പാദനം സജീവമായി നിലനിറുത്താൻ വ്യവസായലോബികൾ ഉപഭോഗസംസ്കാരം വളർത്തിയെടുക്കുകയാണ്. വിവരസാങ്കേതികവിദ്യയുടെയും ദൃശ്യശ്രാവ്യമാധ്യമങ്ങളുടെയും പിൻബലത്തോടെ ഒന്നിനുപുറകേ മറ്റൊന്നിനെ ഭുജിക്കാനുള്ള തൃഷ്ണ ജനിപ്പിക്കുന്നതിൽ കുത്തകക്കമ്പനികൾ വിജയിച്ചുകൊണ്ടിരിക്കുന്നു. വസ്തുക്കളെ ആരാധിക്കുന്ന ഒരുതരം ഫെറ്റിഷിസത്തിലാണ് മനുഷ്യൻ എത്തിച്ചേർന്നിരിക്കുന്നത്. വാങ്ങിക്കൂട്ടാൻ പ്രേരിപ്പിക്കുന്ന പരസ്യങ്ങളാണ് നമ്മുടെ ചുറ്റും: "ചെറുപ്പമായിരിക്കുക", "സ്ലിം ആയിരിക്കുക", "സ്വതന്ത്രരായിരിക്കുക", "ലൈംഗികശേഷിയുള്ളവരായിരിക്കുക". വസ്തുക്കളെ മാത്രമല്ല, അറിവ്, ലൈംഗികത, സിനിമ, സംഗീതം, സ്പോർട്സ്, ടൂറിസം എന്നിവയെയും ഭുജിക്കുന്നതിൽ മത്സരിക്കുകയാണ് ഉത്തരാധുനികൻ.[7]

'ജീവിതം ആസ്വദിക്കുക' എന്നതിനെക്കാൾ, അർത്ഥതലങ്ങൾ അടങ്ങുന്നതാണ് ഉപഭോഗമനസ്ഥിതി. ജോൺ ബോദ്രിയാർ പറയുന്നതുപോലെ, ഉപഭോഗസംസ്കാരത്തിൽ വസ്തുക്കൾക്കും ഉത്പന്നങ്ങൾക്കും ചിത്രങ്ങൾക്കും വൈവിധ്യമേറി എന്നുമാത്രമല്ല അവയുടെ അർത്ഥങ്ങൾക്കും പരിണാമം സംഭവിച്ചിരിക്കുന്നു. ഒരുകൂട്ടം പ്രതീകാത്മകമായ ധ്വനികൾ സംവഹിക്കാനുള്ള ശേഷി കൈവന്നിരിക്കുന്നു, വസ്തുക്കൾക്ക്. സാമൂഹികജീവിതത്തിന്റെ ഭാഷയായി മാറിയിരിക്കുന്നു ഉപഭോഗം. ഏറ്റവും ഒടുവിൽ പുറത്തുവന്നതും ഏറ്റവും മെച്ചപ്പെട്ടതുമായ ഇനങ്ങളും മോഡലുകളും സ്വന്തമാക്കുന്നത് സാമൂഹിക ഉന്നമനത്തിന്റെ അടയാളമാണിന്ന്.[8]

ഉപഭോഗസംസ്കാരത്തിന്റെ കാറ്റ് കേരളത്തിലും വീശിയടിക്കുന്ന കാലമാണിത്. മലയാളികളുടെ ശ്രദ്ധ പണത്തിലും അധികാരത്തിലും ഭോജനത്തിലുമാണ്. പ്രൊഫഷണൽ വിദ്യാഭ്യാസത്തിന്റെയും വിദേശപണത്തിന്റെയും കാർഷികവിളകളിൽ നിന്നുള്ള ആദായത്തിന്റെയും പശ്ചാത്തലത്തിൽ മലയാളിയുടെ



www.malankaralibrary.com

സാമ്പത്തിക നിലവാരം ഉയർന്നിട്ടുണ്ട്. മെച്ചപ്പെട്ട വാങ്ങൽശേഷിയുള്ള മധ്യ വർഗത്തിന്റെ അനുപാതം വർദ്ധിച്ചതായി കണക്കുകൾ സൂചിപ്പിക്കുന്നു. ഈ മധ്യവർഗം ഉപഭോഗത്തിന്റെയും ഉപയോഗപരതയുടെയും പിടിയിൽ അമർന്നിരിക്കുകയാണ്. എന്നാൽ മറുവശത്ത് ദരിദ്രർ കൂടുതൽ പാർശ്വവത്കരിക്കപ്പെടുകയാണെന്നതും സത്യമാണ്. കാരണം, വികസനത്തിന്റെ സാധ്യതകൾ പാവങ്ങളിലേക്ക് എത്തുന്നില്ല. രാജ്യത്തിന്റെ വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന സമ്പത്തിൽ താഴേക്കിടയിലുള്ള വിഭാഗങ്ങൾക്കു ലഭിക്കുന്ന പങ്ക് തുലോം നിസ്സാരമാണ്.

ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള ഈ അകൽച്ച സഭയുടെ സത്വരശ്രദ്ധ പതിയേണ്ട ഒന്നാണ്. നിർഭാഗ്യമെന്നു പറയട്ടെ, പ്രവാചകദൗത്യം നിറവേറ്റാനുള്ള പരിസ്ഥിതിയിൽ അല്ല ഇന്നത്തെ കേരളസഭയെന്ന അവബോധം സമൂഹത്തിലുണ്ട്. അവൾ കൂടുതൽ കൂടുതൽ വ്യവസ്ഥാപിതമാവുകയാണ്. സമ്പന്നരായിക്കൊണ്ടിരിക്കുന്ന ക്രിസ്ത്യൻ വിഭാഗങ്ങൾക്ക് സമ്പന്നരുമായി ഇടപഴകാനാണ് താത്പര്യം. അധികാരമുള്ളവരുമായി കൂട്ടുചേർന്നു താന്താങ്ങളുടെ സാമ്പത്തികതാത്പര്യങ്ങൾ സംരക്ഷിക്കാനാണ് ക്രൈസ്തവർ ശ്രമിക്കുന്നത്. ദരിദ്രപക്ഷങ്ങളെ ചൂഷണം ചെയ്യുന്നതിൽ അങ്ങനെ പരോക്ഷമായി ഇവരും പങ്കുകാരാകുന്നു. ഈ മാറിയ സാഹചര്യത്തിൽ പൊതുജനങ്ങളുടെ മുന്നിൽ സ്വാധീനമുള്ള ഒരു സമൂഹമായി ഇനിയും സഭ മാറണമെങ്കിൽ അധികാരപക്ഷവുമായുള്ള അവിഹിതബാന്ധവം സഭാമക്കൾ പുനഃപരിശോധിക്കേണ്ടിയിരിക്കുന്നു. സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നു പിന്തള്ളപ്പെട്ടവരുമായി ഐക്യദാർഢ്യം പ്രകടിപ്പിക്കാതെ സഭയ്ക്കെങ്ങനെ നീതിയുടെയും സ്നേഹത്തിന്റെയും വക്താവാകാൻ സാധിക്കും? സുവിശേഷാത്മകമായ ഒരു സംസ്കാരം വളർന്നുവരാൻ കാര്യമായ സംഭാവന ചെയ്താൽ മാത്രമേ അവശ്യവിഭാഗങ്ങൾക്ക് സഭയിൽ അവരുടെ പ്രശ്നനിവാരണത്തിനായി ഇറങ്ങിവരുന്ന ദൈവത്തെ അനുഭവിക്കാൻ സാധിക്കുകയുള്ളൂ.

### 3. ഇതരവിശ്വാസങ്ങളുമായുള്ള സംഭാഷണം

“സന്മനസ്സുള്ള എല്ലാ ജനങ്ങളെയും, പ്രത്യേകിച്ച് മനുഷ്യവർഗത്തിലെ വ്യത്യസ്ത മതവിശ്വാസികളെ, കണ്ടുമുട്ടുകയും അവരുമായി സംഭാഷണത്തിലും സഹകരണത്തിലും ഏർപ്പെടുകയും ചെയ്യുന്നതു വചനപ്രഘോഷണത്തിന്റെ ഒരു സുപ്രധാനഭാഗമായി സഭ കരുതുന്നു” (നമ്പർ 117).

“വിവിധ മതങ്ങളുടെ ഇടയിൽ ഏകദൈവത്തെ ആരാധിക്കുന്ന ഇസ്ലാം മതത്തെ ആദരപൂർവം സഭ പരിഗണിക്കുന്നു. അവർ അബ്രാഹത്തെ പിതാവായി കരുതുന്നു. പ്രാർത്ഥന, ധർമ്മദാനം, ഉപവാസം എന്നിവയിലൂടെ അവർ ദൈവത്തെ ആരാധിക്കുന്നു. ഇസ്ലാമിന്റെ പാരമ്പര്യത്തിൽ ബൈബിളിലെ അസംഖ്യം വ്യക്തികളും സിംബലുകളും പ്രമേയങ്ങളും ഉണ്ടെന്നു നാം അംഗീകരിക്കുന്നു. സമാധാനപൂർണവും ഭാവാത്മകവുമായ സഹാസ്തിത്വത്തിന് ആവശ്യമായ മൂല്യങ്ങൾ വളർത്തുക എന്ന ലക്ഷ്യത്തോടെ ക്രിസ്ത്യാ



www.malankaralibrary.com

നികളും മുസ്ലീങ്ങളും പരസ്പരം കൂടുതൽ നന്നായി അറിയാൻ സഹായിക്കുന്ന സാഹചര്യങ്ങളിലെല്ലാം സംഘാതമായ സമ്മേളനങ്ങൾ നടത്തണമെന്നു മെത്രാന്മാരുടെ കോൺഫറൻസുകളോടു സിനഡ് ആവശ്യപ്പെടുന്നു" (നമ്പർ 118).

"വിവിധ ഭൂഖണ്ഡങ്ങളിലെ മതങ്ങളോടും ആദ്ധ്യാത്മിക പാരമ്പര്യങ്ങളോടും സഭയ്ക്കുള്ള ആദരം ഇവിടെ വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. വ്യക്തികളും ജനതകളും തമ്മിലുള്ള ധാരണ വലിയ തോതിൽ വള ർത്താനുള്ള മൂല്യങ്ങൾ അവയിലുണ്ട്. ഉദാഹരണമായി, ബുദ്ധമതത്തിൽ ജീവനോടുള്ള ആദരം, ധ്യാനം, നിശ്ശബ്ദത, ലാളിത്യം എന്നിവ കാണാം. ഹിന്ദുമതത്തിൽ വിശുദ്ധമായതിനെക്കുറിച്ചുള്ള ബോധം, ബലി, ഉപവാസം എന്നിവയുണ്ട്. കൺഫ്യൂഷനിസത്തിൽ കുടുംബപരവും സാമൂഹികവുമായ മൂല്യങ്ങളുണ്ട്" (നമ്പർ 119).

കേരളക്രിസ്ത്യാനികൾക്ക് മറ്റു വിശ്വാസിസമൂഹങ്ങളുമായി സൗഹൃദത്തിന്റെ നീണ്ട ചരിത്രമുണ്ട്. അവയെല്ലാം പ്രതിപാദിക്കുക ഇവിടെ അസാധ്യമാണ്. കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന വ്യത്യസ്തങ്ങളായ മതാന്തരസംഭാഷണരീതികളും അവയിൽനിന്നു രൂപപ്പെട്ടുവരുന്ന വെല്ലുവിളികളും ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നിർദ്ദേശങ്ങളും ചർച്ചചെയ്യുകയുകയാണ് ഇവിടെ.

### 3.1 സംവാദത്തിന്റെ വ്യത്യസ്തരീതികൾ

'ഡയലോഗും മിഷനും' (1984) 'ഡയലോഗും പ്രഘോഷണവും' (1991) എന്നീ പ്രബോധനങ്ങളിൽ നാലു വിധത്തിലുള്ള മതാന്തരസമ്പർക്കത്തെക്കുറിച്ചു പ്രതിപാദിക്കുന്നുണ്ട്. ജീവിതത്തിന്റെ സാധാരണത്വങ്ങളിലുള്ള സംഭാഷണം, സംഘാതമായ പ്രവർത്തനങ്ങളിലൂടെയുള്ള സംവേദനം, ദാർശനിക സംവാദങ്ങൾ, ആത്മീയ അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിലൂടെയുള്ള സംവേദനം എന്നിവയാണവ. ഇവയിൽ പ്രവർത്തനങ്ങളിലൂടെയും ദൈനംദിന വ്യാപരങ്ങളിലൂടെയുമുള്ള സമ്പർക്കങ്ങൾ കേരളത്തിൽ ധാരാളമാണ്. അവയിൽ ചിലത് ഇവിടെ സൂചിപ്പിക്കട്ടെ:

#### a. മതാന്തരസൗഹൃദസമ്മേളനങ്ങൾ

കേരളത്തിലെ ഇടവകകളിൽ വിവിധ മതഗ്രൂപ്പുകളുടെ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് മതാന്തരസമ്മേളനങ്ങൾ നടത്തുക ഒരു പതിവായിത്തീർന്നിട്ടുണ്ട്. ഇടവകയിലെ ആഘോഷങ്ങളോടോ ദേശീയ ഉത്സവങ്ങളോടോ അനുബന്ധിച്ചാണ് ഇവ സംഘടിപ്പിക്കപ്പെടുന്നത്. മതസമൂഹങ്ങൾ തമ്മിലുള്ള സൗഹൃദം ശക്തിപ്പെടുന്നതിനും ഇതരവിശ്വാസികളുടെ അനുഷ്ഠാനങ്ങളുടെയും ആചാരങ്ങളുടെയും ആത്മീയാർത്ഥം മനസ്സിലാക്കുന്നതിനും ഇത് ഏറെ സഹായകമാണ്.



www.malankaralibrary.com

**b. സാമൂഹിക ഇടപെടലുകൾ**

കേരളത്തിൽ മതവിഭാഗങ്ങളെ അടുപ്പിക്കുന്നതിന് ഏറെ സഹായകമാകുന്ന ഒന്നാണ് പൊതുനന്മ ലാക്കാക്കി മതഭേദമെന്യേ ജനങ്ങൾ നടത്തുന്ന സാമൂഹികപ്രവർത്തനങ്ങൾ. ഇവയിൽ ചിലതെല്ലാം വികസനവുമായി ബന്ധപ്പെട്ടവയാണ്. ഓണംകേറാമൂലകളിൽ റോഡുനിർമ്മിക്കാനും ഗതാഗതസൗകര്യങ്ങൾ ഏർപ്പെടുത്താനും വൈദ്യുതി കൊണ്ടുവരാനും നടത്തുന്ന ജനകീയ സംരംഭങ്ങൾ ഇവയിൽ ഉൾപ്പെടുന്നു. മദ്യപാനം, മയക്കുമരുന്ന്, വർഗീയത തുടങ്ങിയ സാമൂഹികതിന്മകൾക്കെതിരേ പ്രവർത്തിക്കുന്നതിലൂടെയും മതാന്തരപ്രവർത്തനങ്ങൾ കേരളത്തിൽ ശക്തിപ്പെടുന്നുണ്ട്. ഈയിടെയായി സ്ത്രീകൾ, ദളിതർ, അനാഥർ എന്നീ പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങളെ ശക്തീകരിക്കുന്ന സംരംഭങ്ങളിൽ വിവിധ മതവിശ്വാസികൾ 'അയൽക്കൂട്ടങ്ങ'ളിലൂടെ വന്നു ചേരുന്നുണ്ട്. ഓരോ മതത്തിലുമുള്ള വിമോചനത്തിന്റെ ഉറവിടങ്ങൾ കണ്ടെത്താനും അവയുടെ ഏകോപനത്തിലൂടെ മനുഷ്യവംശത്തിന്റെ ജീവൽപ്രശ്നങ്ങൾ നേരിടുന്നതിനും നടത്തുന്ന ഇത്തരം സംരംഭങ്ങൾ മതങ്ങളെ വിമലീകരിക്കുന്നതിനും കാലികപ്രാധാന്യമുള്ളവയാക്കുന്നതിനും അവസരമൊരുക്കുന്നു.

**c. ഡയലോഗ് കേന്ദ്രങ്ങൾ**

വ്യത്യസ്തമതങ്ങളിലെ വിശ്വാസികൾക്കു കൂടിവരാനും അവരുടെ വിശ്വാസങ്ങളെപ്പറ്റി പഠിക്കാനും ഉതകുന്ന സ്ഥാപനങ്ങൾ കേരളത്തിൽ കുറവാണെങ്കിലും ഇല്ലെന്നു പറയാനാവില്ല. കോട്ടയത്തെ 'സ്നേഹവാണി' അത്തരം ഒരു സ്ഥാപനമാണ്. മാസംതോറും ഒരിക്കലെങ്കിലും ഒരുമിച്ചുകൂടി വിവിധ മതഗ്രന്ഥങ്ങളിൽനിന്നു വായിക്കുകയും ചർച്ച ചെയ്യുകയും മതപ്രാധാന്യമുള്ള വിഷയങ്ങളെപ്പറ്റി പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ഒരുമിച്ചു ഭക്ഷിക്കുകയും ചെയ്യുക ഈ കേന്ദ്രങ്ങളിലെ ഒരു പ്രധാന ഇനമാണ്. ചിലയിടങ്ങളിൽ കൂടുതൽ പണ്ഡിതോചിതമായി ഇവ സംഘടിപ്പിക്കപ്പെടുന്നു. വിവിധ മതങ്ങളിൽ പാണ്ഡിത്യമുള്ളവരെ പങ്കെടുപ്പിച്ച് സെമിനാറുകൾ നടത്തുകയും അതിലെ ഉള്ളടക്കത്തെപ്പറ്റി ഗ്രൂപ്പുകളിൽ ശാസ്ത്രീയരീതിയിൽ വർക്ക്ഷോപ്പുകൾ നടത്തുകയും ചെയ്യുന്നു.

ആത്മീയ അനുഭവങ്ങളുടെ പങ്കുവയ്ക്കലാണ് മറ്റുചില ഡയലോഗ് കേന്ദ്രങ്ങളുടെ മുഖ്യപരിപാടി. ബൗദ്ധികമായ ചർച്ചകളിൽ താത്പര്യം കുറഞ്ഞുപോകുന്നതിനാൽ ഇവർ സംവാദത്തെ ഹൃദയത്തിന്റെ തലത്തിലേക്കു കൊണ്ടുപോകുന്നു. ഓരോ വ്യക്തിയുടെയും ആത്മീയയാത്രയിലെ സന്തോഷങ്ങളും സങ്കടങ്ങളും പരസ്പരമറിയുന്നതിലൂടെ ഈശ്വരനിലേക്കുള്ള തീർത്ഥയാത്രയിൽ ഇവർ ആഴപ്പെടുന്നു. തീർത്ഥാടനങ്ങളും ഡയലോഗ് കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നതാണ്. പല മതങ്ങളിലെയും വിശ്വാസികൾ ഒരുമിച്ച് ആരാധനാലയങ്ങൾ സന്ദർശിക്കുകയും അവിടങ്ങളിലെ അനുഷ്ഠാനങ്ങൾ നേരിട്ടനുഭവിക്കുകയും ചെയ്യുമ്പോൾ പരസ്പരമുള്ള തെറ്റിദ്ധാരണകൾ തിരുത്തപ്പെടാനും അവസരമൊരുങ്ങുന്നു.



www.malankaralibrary.com

**d. ആശ്രമങ്ങൾ**

രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം കേരളത്തിൽ ക്രിസ്തീയ ആശ്രമങ്ങൾ തുടങ്ങാൻ പലരും മുന്നോട്ടുവരുകയുണ്ടായി. പ്രകൃതിരമണീയമായ ഇടങ്ങളിലാണ് ഇവ സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. മലഞ്ചരുവുകളിലും പുഴയോരങ്ങളിലും ഇടംപിടിക്കുന്ന ലാളിത്യമാർന്ന ആശ്രമങ്ങൾ മതാന്തരസമ്പർക്കത്തിന്റെ നിത്യവസന്തങ്ങളാണ്. വാഗമണ്ണിലെ കുരിശുമല, കാലടിയിലെ സമീക്ഷ, നേര്യമംഗലത്ത് ആവോലിച്ചാലിലുള്ള ശാന്തിസദൻ, കുമളിയിലെ ഉത്ഥാനാശ്രമം എന്നിവ കേരളത്തിന് അകത്തുനിന്നും പുറത്തുനിന്നുമുള്ള സാധകരുടെ ഇടത്താവളങ്ങളാണ്. പ്രാർത്ഥന, ധ്യാനം, ആത്മീയവായന, പഠനം, അദ്ധ്വാനം എന്നിവയാണ് ആശ്രമങ്ങളിലെ ദിനചര്യ. ഇവിടങ്ങളിലുള്ള ആരാധനാരീതികൾ അധികവും ഭാരതീയങ്ങളാണ്. ഭാരതീയ വാദ്യോപകരണങ്ങളും നിലവിളക്കും ആരതിയും ഭജനയും വിശുദ്ധ കുർബാനയുടെ ഭാഗമായിത്തീർന്നിരിക്കുന്നു. ഭക്ഷണക്രമത്തിലും വസ്ത്രധാരണത്തിലും ക്രിസ്തീയാശ്രമങ്ങൾ ഭാരതീയശൈലികൾ തന്നെയാണ് സ്വീകരിച്ചുപോരുന്നത്.

**3.2 വെല്ലുവിളികളും പ്രശ്നങ്ങളും**

a. കേരളസഭയുടെ സാമൂഹിക ഇടപെടലുകൾ മൊത്തത്തിൽ വിലയിരുത്തുകയാണെങ്കിൽ മതാന്തരസൗഹൃദശുശ്രൂഷയ്ക്ക് അർഹമായ പ്രാധാന്യം കൈവന്നു എന്നു പറയാനാവില്ല. പരമ്പരാഗതമായ പ്രേഷിതപ്രവർത്തനങ്ങളായ വിദ്യാഭ്യാസം, ആതുരശുശ്രൂഷ, സാമൂഹികസേവനം എന്നീ രംഗങ്ങളിലാണ് സന്ന്യസ്തർക്കും രൂപതകൾക്കും ഇപ്പോഴും താത്പര്യം. സ്ഥാപനങ്ങൾ വിട്ട് വ്യക്തികൾ കേന്ദ്രമാക്കി പ്രവർത്തിക്കാൻ വിമുഖത അനുഭവപ്പെടുന്നു. ഇവർ മതാന്തരസംഭാഷണസേവനം സമയംകൊല്ലികളായാണ് കണക്കാക്കുന്നത്. ഈ മേഖലയിൽ പ്രവർത്തിക്കുന്നവരോട്, ഇത്രയും കാലം ഡയലോഗ് നടത്തിയിട്ട് എന്താ നേടിയത്, എന്നു ചോദിക്കുന്നതു കേൾക്കാറുണ്ട്. സഭയുടെ സ്ഥാപനാത്മകമായ ഘടന ശക്തിപ്പെടുത്തുന്നതോ മതംമാറ്റത്തിലേക്ക് നയിക്കുന്നതോ ആയ സഭാശുശ്രൂഷകൾ മാത്രമേ ഇവർ മിഷൻപ്രവർത്തനമായി കണക്കാക്കുന്നുള്ളൂ.

b. മതാന്തരസമ്പർക്ക ശുശ്രൂഷയെ പുറകോട്ടു വലിക്കുന്ന മറ്റൊരു ഘടകം ഭയമാണ്. ഇതരമതങ്ങളിലെ വിശ്വാസങ്ങൾ അറിയുകയും അവരുടെ ആചാരാനുഷ്ഠാനങ്ങളിൽ പങ്കെടുക്കുകയും ചെയ്താൽ ക്രിസ്തീയവിശ്വാസം ചോർന്നുപോകുമെന്നു ചിലർ ഭയപ്പെടുന്നു. അക്രൈസ്തവമതങ്ങളിലെ നല്ല ദർശനങ്ങളും പാരമ്പര്യങ്ങളും സ്വീകരിച്ചാൽ ഒരുതരം സങ്കരമതമായി ക്രിസ്തീയത തരംതാഴ്ത്തപ്പെടില്ലേ എന്നവർ സംശയിക്കുന്നു. അതിനാൽ ഹൈന്ദവബുദ്ധ ധ്യാനഅഭ്യാസങ്ങൾ പിശാചിന്റെ പ്രലോഭനങ്ങളാണെന്നു പ്രചരിപ്പിക്കുന്നവരെപ്പോലും കത്തോലിക്കരുടെ ഇടയിൽ കണ്ടേക്കാം.

c. ക്രിസ്തുവിന്റെ അനന്യതയെക്കുറിച്ചും സഭയുടെ തനിമയെപ്പറ്റിയും സഭാ



www.malankaralibrary.com

പ്രസംഗകർ നടത്തുന്ന അശുഭകരമായ പ്രസ്താവനകളും മതസൗഹാർദ്ദശുശ്രൂഷയിൽ അലോസരമുണ്ടാക്കുന്ന ഘടകമാണ്. ക്രിസ്തുവിലുള്ള ആഴമാർന്ന വിശ്വാസം ഉറപ്പിച്ചുപറയുന്നതിനിടയിൽ ഇതരദൈവങ്ങളിൽ വിശ്വസിക്കുന്നവരെ ഇകഴ്ത്തുക ചില ധ്യാനഗുരുക്കന്മാരുടെ ശൈലിയായി മാറിയിട്ടുണ്ട്. മതാന്തരസമ്പർക്കത്തിൽ പങ്കെടുക്കുന്നവർ ദൈവമക്കളെന്ന നിലയിൽ പരസ്പരം തുല്യരായി കാണേണ്ടവരാണ്. 'ഞങ്ങൾ നിങ്ങളെക്കാൾ മെച്ചപ്പെട്ടവരാണ്', അല്ലെങ്കിൽ 'ഞങ്ങളുടേത് പൂർണം, നിങ്ങളുടേത് അപൂർണം' എന്നീ മനോഭാവത്തോടെ മതാന്തര ശുശ്രൂഷയിൽ ഏർപ്പെടാനാവില്ല.

d. സഭയുടെ മതാന്തരശുശ്രൂഷകൾക്ക് മറ്റു മതങ്ങളിൽനിന്നും വെല്ലുവിളികൾ ഉയരുന്നുണ്ട്. ഹിന്ദുത്വവാദികൾ ഡയലോഗിനെ മതം മാറ്റത്തിനുള്ള പുതിയ കുറുക്കുവഴിയായാണ് ചിത്രീകരിക്കുന്നത്. സീതാറാം ഗോയേൽ, 'കത്തോലിക്കാ ആശ്രമങ്ങൾ' എന്ന ഗ്രന്ഥത്തിൽ സംസ്കാരിക അനുരൂപണവും ഡയലോഗും ക്രൈസ്തവർ ഏറ്റെടുക്കാനുണ്ടായ സാഹചര്യത്തെപ്പറ്റി വിവരിക്കുന്നത് ശ്രദ്ധേയമാണ്. സ്വാതന്ത്ര്യത്തിനുമുൻപ് മതംമാറ്റം ഭാരതത്തിൽ സർവസാധാരണമായിരുന്നു. മിഷണറിമാരുടെ പരസ്നേഹപ്രവർത്തനങ്ങളാൽ ആകർഷിക്കപ്പെട്ട് ഹിന്ദുസമുദായത്തിലെ താഴ്ന്ന ജാതികളും വർഗങ്ങളും പല ഇടങ്ങളിലും കൂട്ടത്തോടെ മതംമാറി. എന്നാൽ ഭാരതം സ്വതന്ത്രമായതോടെ സാമ്പത്തിക താത്പര്യങ്ങളുടെ പേരിലുള്ള മതംമാറ്റം പ്രയാസമേറിയതായി അനുഭവപ്പെട്ടു. ഈ സാഹചര്യത്തിൽ, ഹിന്ദുക്കളുടെ കണ്ണിൽ തങ്ങൾ രാജ്യസ്നേഹികളാണെന്നു ബോധ്യപ്പെടുത്താനുള്ള സൂത്രമാണ് സാംസ്കാരിക അനുരൂപണം. ഹിന്ദുമതത്തിലെ ആചാരാനുഷ്ഠാനങ്ങൾ അനുകരിക്കുന്നത് ഹൈന്ദവരെ ആകർഷിക്കാനുള്ള തന്ത്രമാണ്.[9]

മുസ്ലീങ്ങളുമായുള്ള ബന്ധത്തെപ്പറ്റിപ്പറഞ്ഞാൽ ജീവിതത്തിന്റെ ദിനചര്യകളിലൂടെയും സാമൂഹികപ്രവർത്തനങ്ങളിലൂടെയും നടത്തുന്ന മതാന്തരസംഭാഷണങ്ങൾ സാമാന്യം വിജയകരമായാണു നടക്കുന്നത്. എന്നാൽ ആശയപരമായ സംവാദം പലപ്പോഴും തർക്കങ്ങളായിത്തീരുന്നതായാണ് അനുഭവം. ത്രിത്വൈകദൈവം, ദൈവപുത്രനായ യേശു, ബൈബിളിന്റെ ദൈവനിവേശിതത്വം, ബ്രഹ്മചര്യം, പ്രതിമാവണക്കം തുടങ്ങി ഒട്ടേറെ വിഷയങ്ങളിൽ അഭിപ്രായവ്യത്യാസങ്ങൾ നിലനില്ക്കുന്നതിനാൽ ദൈവശാസ്ത്രപരമായുള്ള സംവാദങ്ങൾ കുഴപ്പങ്ങളേ സൃഷ്ടിക്കൂ. എങ്കിലും ഈ അടുത്തനാളായി വിശ്വാസേതര ചർച്ചകൾ സംഘടിപ്പിക്കാൻ ഇസ്ലാമിലെ പല സംഘടനകളും മുന്നോട്ടുവരുന്നുണ്ട്.

### 3.3 ചില നിർദ്ദേശങ്ങൾ

പ്രശ്നങ്ങളും വെല്ലുവിളികളും ഏറെയുണ്ടെങ്കിലും സഭയ്ക്ക് ഉപേക്ഷിക്കാവുന്ന ഒന്നല്ല മതാന്തരസംഭാഷണങ്ങൾ. കാരണം, ലോകത്തിലെ സകല ജനതകളോടുമൊപ്പം ദൈവരാജ്യത്തിന്റെ കൂട്ടായ്മ ലക്ഷ്യംവച്ചു നീങ്ങുന്ന



www.malankaralibrary.com

സഭയ്ക്ക് ഈ ശുശ്രൂഷ സുവിശേഷപ്രഘോഷണത്തിന്റെ അവിഭാജ്യഘടകമാണ്. 1991 മെയ് 19-ന് റോമിലെ സുവിശേഷപ്രഘോഷണത്തിനും മതാന്തര സമ്പർക്കത്തിനുമായുള്ള കാര്യാലയങ്ങൾ പുറപ്പെടുവിച്ച 'ഡയലോഗും പ്രഘോഷണവും' എന്ന രേഖ ഇങ്ങനെ പറയുന്നു: 'ഡയലോഗും പ്രഘോഷണവും ഒരേ രീതിയിൽ അല്ലെങ്കിൽത്തന്നെയും അവ രണ്ടും സഭയുടെ മിഷൻദൗത്യത്തിന്റെ അവിച്ഛേദിതമായ ഘടകങ്ങളാണ്. അവ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ അവയെ പരസ്പരംവച്ചു മാറാവുന്നതല്ല. സത്യസന്ധമായ മതാന്തരബന്ധങ്ങൾ യേശുവിനെ അറിയിക്കാനുള്ള താത്പര്യം ഉൾക്കൊള്ളുന്നതാണ്. അതുപോലെ, സുവിശേഷപ്രഘോഷണം നടത്തപ്പെടേണ്ടത് ഡയലോഗിന്റെ അരൂപിയിലും രീതിയിലുമാണ്. ഡയലോഗും പ്രഘോഷണവും വേറിട്ട തനതായ ശുശ്രൂഷകളാണെങ്കിലും ഒരേ പ്രാദേശികസഭയ്ക്കും ഓരോ ക്രൈസ്തവനും ഒരേസമയം ഇവ രണ്ടിലും ആത്മാർത്ഥമായി പ്രവർത്തിക്കാനാകുമെന്ന് അനുഭവങ്ങൾ തെളിയിക്കുന്നു'. കേരളത്തിലെ ക്രൈസ്തവരുടെ മതാന്തരശുശ്രൂഷ കൂടുതൽ മെച്ചപ്പെടുന്നതിനു സഹായകമായ രണ്ടു നിർദ്ദേശങ്ങൾ വച്ചുകൊണ്ട് ഈ ലേഖനം ഉപസംഹരിക്കാം.

a. മതാന്തരസമ്പർക്ക ശുശ്രൂഷയുടെ പുരോഗതിക്കാവശ്യമായ ഒന്നാമത്തെയും ആദ്യത്തെയും കാര്യം യഥാർത്ഥ ആത്മീയ അരൂപിയുള്ള കത്തോലിക്കരുടെ വർദ്ധനയാണ്. മതാത്മകതയെക്കാൾ ആത്മീയതയാണ് മനുഷ്യരെ ഒന്നിപ്പിന്റെ മേഖലയിലേക്കു വഴിനടത്തുന്നത്. ഈശ്വരനെ കൂടാതെയുള്ളതെന്തും വിഭജനം സൃഷ്ടിക്കുന്നതാണ്. പെരുമ, പണം, അധികാരം ഇത്യാദി ലൗകിക കാര്യങ്ങൾ മനുഷ്യരെ കൂടുതൽ സ്വാർത്ഥരും മത്സരബുദ്ധിയുള്ളവരുമാക്കിത്തീർക്കുന്നു. ഈ വിധമുള്ള ലൗകികതാത്പര്യങ്ങൾക്കതീതമായി ഈശ്വരവാസത്തിൽ താത്പര്യമുള്ളവർക്കു മാത്രമേ മതാന്തരശുശ്രൂഷയിലേക്കു കടന്നുവരാനാകൂ.

ആത്മീയാഭിമുഖ്യമുള്ളവർ ഒരിക്കലും ഇതരമതസമ്പർക്കശുശ്രൂഷയുടെ സാംഗത്യം ചോദ്യം ചെയ്യുകയില്ല. 'സഹോദരനെ സ്നേഹിക്കുക' എന്നതിനെക്കാൾ ഉയർന്ന ഒരു കല്പനയും യേശു നമുക്കു നല്കിയിട്ടില്ലല്ലോ. നമ്മിൽനിന്ന് വ്യത്യസ്തമായ വിശ്വാസങ്ങളിൽ കഴിയുന്നവരെ മനസ്സിലാക്കാനും സ്നേഹിക്കാനും തുടങ്ങുമ്പോൾ നമ്മൾ സ്നേഹത്തിൽ ആഴപ്പെടുകയാണ്. വൈവിധ്യങ്ങളുടെ നിശ്ശബ്ദതയിലേക്കുള്ള യാത്ര ഈ പ്രപഞ്ചത്തിൽ നിർലീനമായിരിക്കുന്ന അതിഭൗതികരഹസ്യത്തിലേക്കു നമ്മെ കൊണ്ടുചെല്ലാൻ പ്രാപ്തമാണ്. രഹസ്യാത്മകതയെക്കുറിച്ചുള്ള ഈ അന്വേഷണവും ധ്യാനവും മനുഷ്യനെ അവന്റെതന്നെ ആന്തരികതയിലേക്കു നയിക്കുന്നു. സൃഷ്ടി എന്ന നിലയിൽ ഇതിനെക്കാൾ മനോഹരമായി ഈശ്വരനർപ്പിക്കാവുന്ന ആരാധന മറ്റെന്താണ്? നമുക്കറിയാത്തതും മറ്റു മതങ്ങളിൽ അവഗണിക്കാനാവാത്തതുമായ മൂല്യങ്ങൾ ഉണ്ടെന്ന തിരിച്ചറിവ് നമ്മിലെ അഹന്തയെയും ഉത്കർഷമനോഭാവത്തെയും നീക്കുകയും നമ്മെ എളിമയുള്ള ക്രിസ്തുശിഷ്യരാക്കുകയും ചെയ്യും.



www.malankaralibrary.com

b. രണ്ടാമത്തേത്, മനോഭാവത്തിലുള്ള ഒരു മാറ്റമാണ്. അക്രൈസ്തവമതങ്ങളോടുള്ള കത്തോലിക്കരുടെ മനോഭാവത്തിൽ മാറ്റം വരണം. വത്തിക്കാൻ കൗൺസിലിനുശേഷം മറ്റു മതങ്ങളോടു തുറന്ന സമീപനമാണ് സഭയുടെ ഔദ്യോഗിക നിലപാടുകളിലുള്ളത്. സഭാമേധാവികൾ അതു പരസ്യമായി പ്രകടിപ്പിക്കാറുമുണ്ട്. അക്രൈസ്തവർ അവരുടെ മതങ്ങൾ രക്ഷയ്ക്കുള്ള മാർഗങ്ങളാണെന്നു പൊതുവേദികളിൽ തുറന്നു സമ്മതിക്കുന്നതായി കാണാം. എന്നാൽ ഇവരിൽ ചിലർ ക്രിസ്ത്യാനികൾ മാത്രമടങ്ങുന്ന സമ്മേളനങ്ങളിൽ സംസാരിക്കുമ്പോൾ ഇടുങ്ങിയ ദർശനമാണ് പങ്കുവയ്ക്കുന്നത്. ക്രിസ്തുമതം വെളിപ്പെടുത്തപ്പെട്ടതും ഇതരമതങ്ങൾ വെറും സ്വാഭാവികങ്ങളും ആണെന്നുള്ള ധ്വനി ഇത്തരം വേദികളിൽ വരാറുണ്ട്. വൈദികരുടെ ഇടയിൽ മാത്രമല്ല, അല്മായരുടെ ഇടയിലും ഇടുങ്ങിയ ചിന്താഗതിക്ക് കുറവില്ല. മറ്റു വിശ്വാസികളോടൊപ്പം പ്രാർത്ഥിക്കുന്നത് ക്രൈസ്തവവിശ്വാസത്തിനു ഭീഷണിയാണെന്നു പ്രഖ്യാപിക്കുന്നവരുമുണ്ട്.

സാമൂഹികതലത്തിലേക്കു വരുമ്പോൾ ഇതരമതങ്ങളോടുള്ള മനോഭാവത്തിനു പല മുഖങ്ങളാണുള്ളത്. ക്രിസ്ത്യാനികൾ സംഖ്യാപരമായി ന്യൂനപക്ഷമായിരിക്കുന്ന ഇടങ്ങളിൽ അക്രൈസ്തവരുമായി നല്ല ബന്ധം പുലർത്താൻ ഇടവകകൾ ശ്രമിക്കുന്നുണ്ട്. അതേസമയം, ക്രൈസ്തവർ ഭൂരിപക്ഷമായാൽ മറ്റുള്ളവരോട് ഇഴുകിച്ചേരാൻ അത്രതന്നെ താത്പര്യം കാണിക്കുന്നില്ല. ഒറ്റവാക്കിൽ പറഞ്ഞാൽ, സ്വന്തം കാലിൽ നില്ക്കാൻ സാധിക്കുമ്പോഴൊക്കെ അല്പം ത്യാഗം ചെയ്ത് ഇതരമതവിശ്വാസികളുമായി സഹവർത്തിത്വത്തിലായിരിക്കാൻ സഭാവിശ്വാസികൾ ശ്രമിക്കുന്നില്ലെന്നർത്ഥം.

ഡയലോഗിനു വഴങ്ങാത്ത മതം ഒറ്റപ്പെടലിന്റെ വക്കിലേക്കാണ് നീങ്ങുന്നത്. അന്തർമുഖഭാവം വർദ്ധിക്കുന്തോറും ആശയസംവേദനം വിഷമകരമാകുകയും അതു ക്രമേണ വർഗീയതയുടെ വിത്തുപാകുകയും ചെയ്യും. ഡയലോഗിലാകട്ടെ, അതിലെ അംഗങ്ങൾ വ്യവസ്ഥാപിതമതങ്ങൾക്ക് ഉപരിയായി നിലകൊള്ളുന്ന ഈശ്വരനിലേക്കു തിരിഞ്ഞിരിക്കുകയാണ്. ദിവംഗതനായ ജോൺപോൾ രണ്ടാമൻ മാർപാപ്പാ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു: "ഡയലോഗെന്നതു പ്രത്യാശയുടെ അടയാളമാണ്. മനുഷ്യവംശത്തിന്റെ നന്മയ്ക്കായി എല്ലാ മതങ്ങളും കൂട്ടുത്തരവാദിത്വത്തോടെ പെരുമാറണമെന്ന ബോധ്യം കൈമുതലായതിന്റെ സൂചനയാണ്".[10] ബർണാദ് ഊഗിന്റെ ചിന്തയോടുകൂടെ ഈ പ്രബന്ധം അവസാനിപ്പിക്കാം: "ഇതരമതവിശ്വാസിയെ മനസ്സിലാക്കാനും അവനിലെ മൂല്യങ്ങൾ കണ്ടെത്താനും ആഗ്രഹിച്ചുകൊണ്ട് ആദരപൂർവം അവനിലേക്കു തിരിയുന്നതിലൂടെ ഒരു ക്രിസ്ത്യാനി യേശുവിന്റെ അതേ മനോഭാവമാണ് പുനരാവിഷ്കരിക്കുന്നത്; വിജാതീയരോടു യേശു കാണിച്ച തുറവിന്റെ അതേ മനോഭാവം".[11]



www.malankaralibrary.com

## കുറിപ്പുകൾ


1. J. Patumury, Ecological sensitivity absent in christian mission, in: *A vision of mission in the New Millennium*, T. Malipurath and L. Stanislaus (eds.), St. Pauls, 2001, PP. 157-160.

2. S. Kappen, *Jesus and Culture*, ISPCK, Delhi, 2002, PP. 63-65.

3. J. Patumury, Ecological sensitivity absent in christian mission, PP. 160-163.

4. V. Kundukulam, Deepening the Inculturation, *The Living Word*, October-December 1999, vol. 105, no:4, PP. 211-227.

5. E. B. Tylor, *Primitive Culture: Researches into the development of mythology, philosophy, religion, art, custom*, vol. 1, Peter Smith, Gloucester, 1871, P.1.

6. K. Rahner, *Foundations of Christian Faith*, Darton Longman and Todd, London, P. 143.

7. G. Lipovetsky, *L'ere du Vide*, Gallimard, Paris 1989, PP. 170-173.

8. R. Hess, 'Baudrillard Jean' in: *Dictionnaire des philosophes*, Denis Huisman (ed), 1984, PP. 230-231.

9. S. R. Goel, *Catholic Ashrams: Adopting and Adapting Hindu Dharma*, Voice of India, Delhi, 1988, PP. xxiii, xxxix.

10. Dialogue with world religions, *Origins*, 29/24, Nov. 25, 1999, P. 398.

11. Bernard Ugeux, Reflections on the inter-religious dialogue 40 years after Nostra Aetate, in: *Vatican II A gift and a task: International colloquium to mark the 40th anniversary of the Second Vatican Council, 18-20 November 2005*, Jnana-Deepa Vidyapeeth, Pune.




www.malankaralibrary.com



# ബൈബിളിലെ "ഇരുണ്ട ഭാഗങ്ങൾ"

റവ. ഡോ. സെബാസ്റ്റ്യൻ കിഴക്കേയിൽ MST

## ആമുഖം

ബെനഡിക്ട് 16-ാം മാർപാപ്പായുടെ 'കർത്താവിന്റെ വചനം' എന്ന അപ്പസ്തോലിക പ്രബോധനത്തിന്റെ പ്രധാന മൂന്നു ഭാഗങ്ങളിൽ ആദ്യത്തേതാണല്ലോ 'ദൈവത്തിന്റെ വചനം' എന്നത്. 6 മുതൽ 49 വരെ നമ്പറുകളിൽ പരന്നുകിടക്കുന്നതാണ് ഈ ആദ്യഭാഗം. ഈ ഭാഗം തന്നെ വീണ്ടും മൂന്നായി തരംതിരിച്ചിട്ടുണ്ട്. 6 മുതൽ 21 വരെയുള്ള നമ്പറുകളിൽ "സംസാരിക്കുന്ന ദൈവം", 22 മുതൽ 28 വരെ നമ്പറുകളിൽ "സംസാരിക്കുന്ന ദൈവത്തോടുള്ള പ്രത്യുത്തരം", 29 മുതൽ 49 വരെ നമ്പറുകളിൽ "വിശുദ്ധലിഖിതങ്ങളുടെ വ്യാഖ്യാനം സഭയിൽ" എന്നീ വിഷയങ്ങളെക്കുറിച്ചാണ് മാർപാപ്പാ പ്രതിപാദിക്കുന്നത്. "ബൈബിളിന്റെ ആന്തരിക ഐക്യം" (39), "പഴയ നിയമവും പുതിയ നിയമവും തമ്മിലുള്ള ബന്ധം" (40-41) എന്നിവയെപ്പറ്റി പറഞ്ഞശേഷമാണ് മാർപാപ്പാ "ബൈബിളിലെ ഇരുണ്ട ഭാഗങ്ങൾ" (42) എന്ന വിഷയം ചർച്ച ചെയ്യുന്നത്.

വിശുദ്ധലിഖിതങ്ങളുടെ വ്യത്യസ്ത അർത്ഥങ്ങൾ മനസ്സിലാക്കാനായി അവയുടെ അക്ഷരാർത്ഥത്തിൽ നിന്നു ചൈതന്യത്തിലേക്കു കടക്കണമെന്ന് 38-ാംനമ്പറിൽ മാർപാപ്പാ നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവ വചനത്തെ വെറും അക്ഷരവുമായി തുലനം ചെയ്യാൻ പാടില്ല. ആഗസ്തീനോസ് വിശുദ്ധ അംബ്രോസിൽനിന്നു പഠിച്ച പ്രതിരൂപാത്മകമായ (typological) വ്യാഖ്യാനരീതിയനുസരിച്ച് പഴയനിയമം മുഴുവൻ ക്രിസ്തുവിലേക്കുള്ള പാതയാണ്. വാച്യാർത്ഥം മറികടന്നപ്പോഴാണ് ആഗസ്തീനോസിനെ സംബന്ധിച്ചിടത്തോളം ബൈബിളിലെ ദൈവവചനം സജീവമായത്.

### 1. ഒരു വിശദീകരണം

ബൈബിളിൽ നമുക്കു മനസ്സിലാകാത്ത ഭാഗങ്ങൾ മുഴുവൻ ഇരുണ്ട ഭാഗങ്ങൾ (dark passages) എന്നു വിളിക്കുന്നതു ശരിയല്ലെന്നു തോന്നുന്നു. പലരും അങ്ങനെയാണ് ചെയ്തു കാണുന്നത്. ക്ലിഷ്ടഭാഗങ്ങൾ എന്നും ഇരുണ്ട ഭാഗങ്ങൾ എന്നും അങ്ങനെയുള്ള ബൈബിൾഭാഗങ്ങളെ തരം തിരിക്കുന്നതാണു നല്ലത്. വ്യാഖ്യാനിക്കാൻ വിഷമമുള്ളതും മനസ്സിലാക്കാൻ പ്രയാസമുള്ളതുമായ ബൈബിൾഭാഗങ്ങളെ ആദ്യത്തെ ഗണത്തിൽപ്പെടുത്തുമ്പോൾ



www.malankaralibrary.com

ദൈവവചനത്തിനു ചേരാത്തത് എന്നു തോന്നുന്ന ഭാഗങ്ങൾ മാത്രം (അധാർമ്മികമെന്നോ ഉതപ്പിനു കാരണമാകുന്നവയെന്നോ തോന്നുന്ന ഭാഗങ്ങൾ മാത്രം) രണ്ടാമത്തെ ഗണത്തിൽപ്പെടുത്തുന്നതാണ് ഉത്തമം.

**2. 2008-ലെ മെത്രാന്മാരുടെ സിനഡ്**

2008 ഒക്ടോബറിൽ 'ദൈവവചനം സഭയുടെ ജീവിതത്തിലും പ്രേഷിത ദൗത്യത്തിലും' എന്ന വിഷയത്തെക്കുറിച്ച് മെത്രാന്മാരുടെ സിനഡ് വിശദ മായ പഠനവും ചർച്ചകളും നടത്തുകയുണ്ടായി. അതിൽ നിന്നുരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയാണ് ബെനഡിക്ട് 16-ാമൻ മാർപാപ്പാ 'കർത്താ വിന്റെ വചനം' എന്ന അപ്പസ്തോലിക ആഹ്വാനം പ്രസിദ്ധീകരിച്ചിരിക്കു ന്നത്. സിനഡിന്റെ ചർച്ചകളുടെ വെളിച്ചത്തിൽ 55 നിർദ്ദേശങ്ങൾ മാർപാപ്പായ്ക്കു സമർപ്പിച്ചിരുന്നു. അതിലെ 29-ാമത്തെ നിർദ്ദേശം പഴയനി യമം വായിക്കുന്നതിനെക്കുറിച്ചായിരുന്നു.

പഴയനിയമഭാഗങ്ങളിൽ പലയിടത്തും അക്രമം, അനീതി, അധാർമ്മിക പെ രുമാറ്റം തുടങ്ങിയവ ചില പ്രധാനപ്പെട്ട പഴയനിയമവ്യക്തികളിൽത്തന്നെ കാണുന്നതുകൊണ്ട് പഴയനിയമം വായിക്കുമ്പോൾ ബുദ്ധിമുട്ടുകളുണ്ടാകാ റുണ്ട്. അതിനാൽ വിശ്വാസികൾക്ക് ഇങ്ങനെയുള്ള പഴയനിയമഭാഗങ്ങൾ വായിക്കാൻ പരിശീലനം നല്കേണ്ടതുണ്ട്. ക്രിസ്തീയവ്യാഖ്യാനത്തെ സഹാ യിക്കാനുതകുന്നവിധം പഴയനിയമഭാഗങ്ങൾ അവയുടെ ചരിത്രപരവും സാഹിത്യപരവുമായ സാഹചര്യങ്ങളിൽ വായിക്കാൻ വേണ്ട പരിശീലനമാണു നല്കേണ്ടത്. പഴയനിയമം മനസ്സിലാക്കാനുള്ള പ്രധാന വ്യാഖ്യാനത്താ ക്കോൽ സുവിശേഷവും പെസാഹരഹസ്യത്തിൽ പൂർത്തിയായ ഈശോ യുടെ പുതിയ കല്പനയുമാണ്. ഒരു കാരണവശാലും ബുദ്ധിമുട്ടുക ളുടെപേരിൽ പഴയനിയമത്തെ അവഗണിക്കാൻ പാടില്ല - കാരണം രക്ഷാ കര ചരിത്രം അറിയാൻ പഴയനിയമം അത്യാവശ്യമാണെന്ന് സിനഡ് പിതാ ക്കന്മാർ 29-ാം നിർദ്ദേശത്തിൽ ഊന്നിപ്പറയുന്നു.

**3. കർത്താവിന്റെ വചനം (Verbum Domini): ബൈബിളിലെ ഇരുണ്ട ഭാഗ ങ്ങൾ (no. 42)**

മുകളിൽ പറഞ്ഞതുപോലെ, സിനഡുപിതാക്കന്മാർ സമർപ്പിച്ച 29-ാം നിർദ്ദേ ശത്തിന്റെ വെളിച്ചത്തിലാണ് ഈ അപ്പസ്തോലിക ആഹ്വാനത്തിന്റെ 42-ാം നമ്പർ തയ്യാറാക്കിയിരിക്കുന്നത്. അത് ഉദ്ധരിച്ചുകൊണ്ടാണ് ഇതാരംഭിക്കു ന്നതുതന്നെ.

അക്രമവും അധാർമ്മികതയുമുള്ള ബൈബിൾഭാഗങ്ങൾ നിഗൂഢവും പ്രയാ സവുമുള്ളതായി വായനക്കാർക്ക് അനുഭവപ്പെടുന്നു. ഇത് എങ്ങനെ പരിഹ രിക്കാമെന്നു ചിന്തിച്ച മാർപാപ്പാ ബൈബിളിന്റെ ചരിത്രപശ്ചാത്തലത്തിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു. വിശുദ്ധഗ്രന്ഥത്തിലെ വെളിപാടിന് ചരിത്ര



www.malankaralibrary.com

ത്തിൽ ആഴമുള്ള വേരുകളുണ്ട്. മാനുഷിക എതിർപ്പുകളുള്ളതുകൊണ്ട് ദൈവികപദ്ധതി അനുക്രമമായും (Progressively) സാവധാനത്തിലും തുടർച്ചയായ ഘട്ടങ്ങളിലൂടെയുമാണ് വെളിവാക്കപ്പെട്ടത്. ദൈവം ഒരു ജനതയെ തിരഞ്ഞെടുത്ത്, ആ ജനത്തെ നയിക്കാനും പഠിപ്പിക്കാനും ക്ഷമയോടെ പരിശ്രമിച്ചു. വെളിപാട് വളരെ പഴയകാലത്തെ സാംസ്കാരികവും ധാർമ്മികവുമായ തലത്തിനു ചേരുന്നതായിരുന്നു. അങ്ങനെ വഞ്ചന, കബളിപ്പിക്കൽ, അക്രമം, കൂട്ടക്കൊല തുടങ്ങിയ വസ്തുതകളെയും ആചാരങ്ങളെയും ശപിച്ചുതള്ളാതെതന്നെ ബൈബിളിൽ വിവരിക്കുന്നു. ചരിത്രസാഹചര്യംകൊണ്ട് നമുക്ക് അവ വിശദീകരിക്കാൻ കഴിയും. എന്നാൽ ആധുനിക വായനക്കാരന് അത് അമ്പരപ്പുളവാക്കുന്നതായിരിക്കും. നൂറ്റാണ്ടുകളായി നടന്നുവന്നിട്ടുള്ള ഇരുണ്ട സംഭവങ്ങളും ഇന്നും നടക്കുന്ന ഇരുണ്ട കാര്യങ്ങളും പരിഗണിക്കാത്തവരാണ് ഇങ്ങനെ ബൈബിളിലെ ഇരുണ്ട ഭാഗങ്ങൾ കണ്ട് അമ്പരക്കുന്നത്.

പഴയനിയമത്തിൽ കാണുന്ന പ്രവാചകരുടെ പ്രസംഗങ്ങൾ വ്യക്തിപരവും സാമൂഹികവുമായ എല്ലാത്തരം അനീതിയെയും അക്രമത്തെയും വെല്ലുവിളിച്ചത്, ദൈവം തന്റെ ജനത്തെ സുവിശേഷത്തിനായി ഒരുക്കിയതിന്റെ ഭാഗമായിരുന്നു. നമുക്കു മനസ്സിലാക്കാൻ ബുദ്ധിമുട്ടായി തോന്നുന്ന ബൈബിൾ ഭാഗങ്ങൾ അവഗണിക്കുന്നതു തെറ്റായിരിക്കുമെന്ന് ബെനഡിക്ട് 16-ാമൻ മാർപാപ്പാ നമ്മെ ഓർമ്മിപ്പിക്കുന്നു. ഇങ്ങനെയുള്ള ബൈബിൾ ഭാഗങ്ങൾ വ്യാഖ്യാനിക്കണമെങ്കിൽ വൈദഗ്ധ്യം ആവശ്യമാണ്. ആ വൈദഗ്ധ്യം നേടുന്നത് ബൈബിൾ ഭാഗങ്ങൾ അവയുടെ ചരിത്രപരവും സാഹിത്യപരവുമായ സാഹചര്യത്തിലും ക്രൈസ്തവവീക്ഷണത്തിലും വ്യാഖ്യാനിക്കാൻ പരിശീലിക്കുന്നതിലൂടെയാണ്. പെസഹാരഹസ്യത്തിൽ കൈവന്ന സുവിശേഷവും യേശുക്രിസ്തുവിന്റെ പുതിയ കല്പനയുമാണ് ഇവയുടെ ആത്യന്തിക വ്യാഖ്യാന തത്ത്വം (cf. Proposition - 29). ക്രിസ്തുരഹസ്യത്തിന്റെ വെളിച്ചത്തിൽ അർത്ഥം വെളിപ്പെട്ടുവരുന്ന ഒരു വ്യാഖ്യാനത്തിലൂടെ ഇത്തരത്തിലുള്ള ബൈബിൾ ഭാഗങ്ങളെ സമീപിക്കാൻ വിശ്വാസികളെ സഹായിക്കുന്നതിന് പണ്ഡിതരെയും അജപാലകരെയും മാർപാപ്പാ പ്രോത്സാഹിപ്പിക്കുന്നു.

**4. ബൈബിളിലെ ഇരുണ്ട ഭാഗങ്ങളുടെ കാരണം**

മെത്രാന്മാരുടെ സിനഡിന്റെ ചർച്ചയിൽ അവർ എടുത്തുപറഞ്ഞ കാരണങ്ങൾതന്നെയാണ് മാർപാപ്പായും ചൂണ്ടിക്കാണിക്കുന്നത്. പഴയനിയമവിവരണങ്ങളിലുള്ള അക്രമം, അനീതി, ചില പഴയനിയമവ്യക്തികളുടെ അധാർമ്മിക പെരുമാറ്റം എന്നിവ ബൈബിൾ വായിക്കുന്ന ഇന്നത്തെ തലമുറയ്ക്ക് ഉതപ്പാണ്. വഞ്ചന, കബളിപ്പിക്കൽ, കൂട്ടക്കൊല എന്നിവ നടത്തുന്നവരെയും അവരുടെ പ്രവൃത്തികളെയും ശപിച്ചു തള്ളാതെയുള്ള വിവരണങ്ങൾ വിശുദ്ധഗ്രന്ഥത്തിൽ, ദൈവനിവേശിതഗ്രന്ഥത്തിൽ, എങ്ങനെ ന്യായീകരിക്കാൻ കഴിയുമെന്ന് വായനക്കാർക്കു തോന്നിപ്പോകുന്നു.



www.malankaralibrary.com

യുദ്ധവും അക്രമവും ബൈബിളിൽ എന്ന പേരിൽ ഡെന്നീസ് റീഗന്റെ ഒരു ലേഖനം ഈ ലേഖകൻ Journal of Sacred Scriptures-ന്റെ ജനുവരി 2006 ലക്കത്തിൽ പുനഃപ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിലെ പ്രധാന ഭാഗങ്ങൾ (pp 6-23) ഇവിടെ പ്രസക്തമാണ്:

യാഹ്വേയുടെ കല്പനപ്രകാരം ദൈവജനമായ ഇസ്രായേൽ യുദ്ധംചെയ്യുന്നത് ഇന്നത്തെ വായനക്കാരെ അമ്പരപ്പിക്കുന്നതാണ്. സംഖ്യ 31, നിയമാ 20 തുടങ്ങിയ അധ്യായങ്ങളിലെ യുദ്ധവിവരണങ്ങൾ പേടിപ്പെടുത്തുന്നതാണ്. പഴയനിയമത്തിൽ കാണുന്ന 'വിശുദ്ധയുദ്ധം' എന്ന ആശയം യാഹ്വേയെ യോദ്ധാവായിക്കണ്ടിരുന്ന ഇസ്രായേലിന്റെ വീക്ഷണവും പുരാതനകാലത്തെ ധാർമ്മികതയുടെ നിലവാരവും വെളിപ്പെടുത്തുന്നു.

യുദ്ധം, അക്രമം, അനീതി തുടങ്ങിയവ പഴയനിയമവിവരണങ്ങളുടെ അവിഭാജ്യഘടകമെന്നതുപോലെയാണ് ബൈബിളിൽ കാണുന്നത്. ഇസ്രായേൽക്കാരുടെ ഉദ്ഭവംതന്നെ അക്രമത്തിൽ നിന്നും അനീതിയിൽ നിന്നുമായിരുന്നു. ഈജിപ്തിലെ അടിമത്തത്തിൽ ക്ലേശിച്ചു കഴിഞ്ഞിരുന്ന യഹൂദരെ അക്രമത്തിലൂടെ തന്നെയാണ് യാഹ്വേ മോചിപ്പിച്ചത്. ദൈവത്തിന്റെ പ്രതിപുരുഷരായി ഫറവോയുടെ അടുത്ത് അയയ്ക്കപ്പെട്ട മോശയെയും അഹറോനെയും ഫറവോ നിരസിച്ചപ്പോൾ ഒന്നിനു പുറകെ ഒന്നായി വിവിധ ബാധകൾവഴി യാഹ്വേ ഈജിപ്തിലെ ജനങ്ങളെ ശിക്ഷിക്കുന്നതായി ബൈബിൾ വിവരിക്കുന്നു. ഇസ്രായേൽക്കാരെ അടിമത്തത്തിൽ നിന്നു മോചിപ്പിക്കുന്ന അവസാനപടിയായി ഈജിപ്തിലെ ഏകജാതരെ (മനുഷ്യരുടെയും മൃഗങ്ങളുടെയും) വധിക്കുന്നത് തീർച്ചയായും ക്രൂരതയായി ഇന്നത്തെ വായനക്കാർക്കു തോന്നിയാൽ അതിൽ അദ്ഭുതമില്ല. ചരിത്രത്തിലേക്കു പിന്തിരിഞ്ഞു നോക്കുമ്പോൾ എല്ലാക്കാലത്തും ഇസ്രായേൽക്കാർ യുദ്ധവുമായി ബന്ധപ്പെട്ടാണിരുന്നതെന്നു മനസ്സിലാകും. രണ്ടു കാരണങ്ങളാണ് പ്രധാനമായും യുദ്ധത്തോടുള്ള ഇസ്രായേൽക്കാരുടെ അടുപ്പത്തിന് പണ്ഡിതർ ചൂണ്ടിക്കാണിക്കുന്നത്: ഭൂമിശാസ്ത്രപരവും ദൈവശാസ്ത്രപരവും. പുരാതന ലോകത്തിലെ രണ്ടുവൻശക്തികളായിരുന്ന ഈജിപ്തിനും മെസൊപ്പൊട്ടേമിയയ്ക്കും ഇടയിൽ സ്ഥിതി ചെയ്തിരുന്ന ഇസ്രായേൽ അവർ തമ്മിലുള്ള എല്ലാ യുദ്ധത്തിനും നിർബന്ധമായും പങ്കാളിയാകേണ്ടി വന്നു. രാജ്യാന്തരവ്യാപാര താത്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ടി രണ്ടു വൻശക്തികളും ഇസ്രയേലിലൂടെയുള്ള കച്ചവടപാത തങ്ങളുടെ പക്കൽ നിലനിറുത്താൻ എപ്പോഴും ശ്രമിച്ചിരുന്നു.

പുരാതന മദ്ധ്യപൂർവദേശത്ത് ജനതകൾ തങ്ങളുടെ ദൈവങ്ങളുടെ പേരിലാണ് യുദ്ധം ചെയ്തിരുന്നത്. യുദ്ധത്തിലെ വിജയം അവർ തങ്ങളുടെ ദൈവങ്ങൾക്കു നല്കിയിരുന്നു. ഈ ചിന്താഗതി ഇസ്രായേൽക്കാരും സ്വീകരിച്ചു (ന്യായാ 11:21-24).

രാജാക്കന്മാരുടെ കാലംവരെ ഇസ്രായേലിൽ യുദ്ധമെന്നത് വിശുദ്ധയുദ്ധമായിരുന്നു. ഇസ്രായേൽക്കാർ നടത്തിയ യുദ്ധങ്ങൾ യാഹ്വേയുടെ യുദ്ധങ്ങൾ



www.malankaralibrary.com

ആയിരുന്നു (പുറ 17:16; സംഖ്യ 21:14; 1 സാമു 25:28). യുദ്ധത്തെയും യോദ്ധാക്കളെയും വിശുദ്ധീകരിച്ചശേഷമാണ് അവർ യുദ്ധം നടത്തിയിരുന്നത്. പരിശുദ്ധമായ ഒരു കാര്യം ചെയ്യുവാൻ പോകുന്നപ്രകാരം (ജറെ 6:4; ജോയേൽ 4:9; മിക്ക 3:5) യോദ്ധാക്കൾ വിശുദ്ധിയിലായിരിക്കണമെന്നും യുദ്ധത്തിനു പോകുന്നതിനുമുമ്പ് ലൈംഗികബന്ധത്തിൽ ഏർപ്പെടാൻ പാടില്ലെന്നും നിഷ്കർഷിച്ചിരുന്നു (1 സാമു 21:6; 2 സാമു 11:4). 'വിശുദ്ധയുദ്ധം' എന്ന ആശയം തന്നെ 'യോദ്ധാവായ യാഹ്വേ' (പുറ 15:3) എന്നും 'യുദ്ധം യാഹ്വേയുടേതാണ്' (1 സാമു 14:47) എന്നുമുള്ള ചിന്തയിൽനിന്ന് ഉരുത്തിരിഞ്ഞതാണ്.

**5. യാഹ്വേ യുദ്ധത്തിന്റെ മനുഷ്യൻ!**

യാഹ്വേയെ 'യുദ്ധത്തിന്റെ മനുഷ്യൻ' എന്ന് വിശേഷിപ്പിക്കുന്ന ഭാഗങ്ങളും (പുറ 15:3; സങ്കീ 24:8; ഏശയ്യ 42:13), 'യോദ്ധാവ്' എന്നു വിളിക്കുന്ന ഭാഗങ്ങളും (പുറ 15:3; സങ്കീ 24:8) യാഹ്വേ ഇസ്രായേൽക്കാർക്കുവേണ്ടി യുദ്ധം ചെയ്യുന്ന ഭാഗങ്ങളും (പുറ 14:14; നിയമ 1:30; 32:41; ജോഷ്വ 10:14-42; 23:10; 24:12; ന്യായ 5:23) ബൈബിളിലുണ്ട്. യാഹ്വേ ഇസ്രായേൽക്കാരുടെ ശത്രുക്കളെ പേടിപ്പിക്കുകയും (പുറ 23:27-28) അവരുടെമേൽ ആലിപ്പഴം കല്ലുകൾപോലെ വർഷിക്കുകയും ചെയ്തു (ജോഷ്വ 10:10). ചിലപ്പോൾ അവിടന്ന് ഇസ്രായേൽക്കാരുടെ ശത്രുക്കളെ അവരുടെ കൈകളിൽ ഏല്പിച്ചുകൊടുത്തിരുന്നു (ജോഷ്വ 2:24; 6:2-16; ന്യായാ 3:28; 1 സാമു 23:4; 1 രാജാ 20:28). ഇസ്രായേൽക്കാർ യുദ്ധങ്ങളിൽ വിജയം വരിച്ചിരുന്നത് അവരുടെ പട്ടാളവീര്യം കൊണ്ടായിരുന്നില്ല, പ്രത്യുത കർത്താവിന്റെ സഹായത്തോടെയായിരുന്നു (ന്യായാ 7:2; 1 സാമു 14:6; 17:45, 47; പുറ 15:14-16; 23:27-28).

**6. സൈന്യങ്ങളുടെ കർത്താവായ യാഹ്വേ (യാഹ്വേ സബാഓത്ത്)**

യാഹ്വേയുടെ പല പേരുകളിൽ ഒന്നായിരുന്നു സൈന്യങ്ങളുടെ കർത്താവായ ദൈവം (ഏശയ്യ 47:4; 48:2; 51:15; ജറെ 10:16; 31:35; 46:18; ആമോ 4:13; 5:27). ഈ പേര് 285 പ്രാവശ്യം ഹീബ്രുബൈബിളിൽ ഉപയോഗിച്ചിട്ടുണ്ട്. ഈ പേരിലൂടെ ഇസ്രായേൽക്കാർ തങ്ങളുടെ ദൈവത്തെ വലിയ യോദ്ധാവായി കണ്ടിരുന്നു.

**7. പഴയനിയമഗ്രന്ഥങ്ങളിലെ ചില ഇരുണ്ട ഭാഗങ്ങൾ**

1. മനുഷ്യന്റെ കൂട്ടായ ബാബേൽഗോപുരയഞ്ജത്തെ ദൈവം ഭയത്തോടെ നോക്കി പരാജയപ്പെടുത്തുന്നു (ഉത്പ 11:4-8).

2. സഹോദരനായ ഏസാവിനെ വഞ്ചിക്കുന്ന യാക്കോബിനെ ദൈവം അനുഗ്രഹിക്കുന്നു (ഉത്പ 27; 32:22-30).



www.malankaralibrary.com

3. ലേവായർ 3000 ഇസ്രായേൽക്കാരെ വധിക്കുമ്പോൾ അത് അവരുടെ പൗരോഹിത്യത്തിന്റെ അടയാളമായി കാണിക്കുന്നു (പുറ 32:26-29).

4. പ്രതികാരത്തിന്റെ നിയമം (ലേവ 24:19-20; പുറ 21:23; നിയമ 19:21).

5. മിദിയാൻകാരെ വംശനാശം വരുത്താൻ കർത്താവ് കല്പിക്കുന്നു (സംഖ്യ 31:1-6).

6. ജനതകളെ വധിക്കാനുള്ള ദൈവകല്പന (നിയമ 7:16-26).

7. പുറജാതികളുടെ നഗരങ്ങളിൽ ശ്വസിക്കുന്ന ഒന്നിനെയും ജീവിക്കാൻ അനുവദിക്കരുതെന്ന കല്പനയും വിശുദ്ധയുദ്ധത്തിന്റെ നിയമങ്ങളും (നിയമ 20:16-17).

8. സ്ത്രീകളോടുള്ള ക്രൂരത - കന്യാചർമ്മം ഭേദിക്കപ്പെട്ടവരെ കല്ലെറിഞ്ഞുകൊല്ലുക (നിയമ 22:13-21)

9. ജറീക്കോപട്ടണത്തെ യാഹ്‌വേയ്ക്കു സമർപ്പിച്ച് നശിപ്പിക്കുന്നു (ജോഷ 6:17-21).

10. ആയ് പട്ടണത്തിലെ ജനങ്ങളെ വധിക്കുന്നു (ജോഷ്വാ 8:24).

**8. യുദ്ധവും അക്രമവും പുതിയനിയമത്തിൽ**

മനുഷ്യരുടെ അനീതിക്കും അക്രമത്തിനും ഇരയായി കുരിശിൽ രക്തം ചിന്തി മരിച്ച ഈശോ മനുഷ്യകുലത്തിന്റെ മുഴുവൻ പാപത്തിന് പരിഹാരമേകി എല്ലാ ഉതപ്പുകൾക്കും വഞ്ചനയ്ക്കും യുദ്ധങ്ങൾക്കും രക്തച്ചൊരിച്ചിലുകൾക്കും പ്രായ്ശ്ചിത്തം ചെയ്തു. "വാളെടുക്കുന്നവൻ വാളാൽ മരിക്കു"മെന്ന് (മത്താ 26:52b) പുതിയനിയമ കാഴ്ചപ്പാട് വെളിവാക്കുന്നു. യുദ്ധത്തിന്റെ ഭാഷ ആലങ്കാരികമായിട്ടാണെങ്കിലും വെളിപാട് പുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്നത് ചിലരെയെങ്കിലും അമ്പരപ്പിക്കും. പഴയനിയമത്തിലെ പകരം വീട്ടേണ്ട നിയമത്തിന്റെ സ്ഥാനത്ത് പുതിയനിയമത്തിൽ ഈശോ പറയുന്നതാണ് മുഴുവൻ ബൈബിളിന്റെയും അവസാനവാക്ക്. "നിന്റെ ഒരു ചെകിട്ടത്ത് അടിക്കുന്നവനു മറ്റേതുകൂടി കാണിച്ചുകൊടുക്കുക" (മത്താ 6:39b); "നിന്റെ ശത്രുക്കളെ സ്നേഹിക്കുക; നിന്നെ ദ്രോഹിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക" (മത്താ 6:44b). പഴയനിയമത്തിലെ ഉതപ്പിനു കാരണമാകുന്ന ബൈബിൾഭാഗങ്ങളുടെ (ഇരുണ്ട ഭാഗങ്ങളുടെ) സ്ഥാനത്ത് ജീവന്റെ വഴിയിലേക്കു നയിക്കുന്നവയാണ് പുതിയനിയമത്തിലെ ക്രിസ്തുവിന്റെ വാക്കുകൾ. പഴയകാലത്തെ അക്രമവും ഉതപ്പുമെല്ലാം മാറ്റി മനുഷ്യകുലത്തെ ജീവനിലേക്കു നയിക്കാനാണ് യേശു വന്നത്. പഴയനിയമം പരിപൂർണമായിരുന്നെങ്കിൽ പുതിയനിയമത്തിന് പ്രസക്തി ഉണ്ടാകുമായിരുന്നില്ല. യേശുവിന്റെ വരവിന്റെ ആവശ്യവും വരുകയില്ലായിരുന്നു.



www.malankaralibrary.com

### 9. ഇരുണ്ട ബൈബിൾ ഭാഗങ്ങളെ എങ്ങനെ മനസ്സിലാക്കണം?

2008-ലെ മെത്രാന്മാരുടെ സിനഡിന്റെ വെളിച്ചത്തിൽ ബെനഡിക്ട് 16-ാമൻ മാർപാപ്പാ ബൈബിളിലെ ഇരുണ്ട ഭാഗങ്ങൾ കൈകാര്യം ചെയ്യാൻ ഏതാനും പ്രതിവിധികൾ നിർദ്ദേശിക്കുന്നുണ്ട്:

- അന്നത്തെ ചരിത്രപശ്ചാത്തലം നോക്കുക.

- അന്നത്തെ സംസ്കാരം പഠിക്കുക.

- അന്നത്തെ ധാർമ്മികത കണക്കിലെടുക്കുക.

- പണ്ട് ലോകത്തിൽ നടന്നിട്ടുള്ളതും ഇന്നും നടക്കുന്നതുമായ ഇരുണ്ട സംഭവങ്ങളെക്കുറിച്ച് ഓർമ്മിക്കുക.

- പഴയനിയമത്തിലെ പ്രവാചകശബ്ദം പുതിയനിയമത്തിലെ സുവിശേഷത്തിനുള്ള ഒരുക്കമായിരുന്നുവെന്നു മനസ്സിലാക്കുക.

- ബൈബിൾ വ്യാഖ്യാനിക്കാനുള്ള വൈദഗ്ധ്യം നേടുക.

ചരിത്രപശ്ചാത്തലവും സാംസ്കാരിക പ്രത്യേകതകളും മനസ്സിലാക്കിയാൽ ബൈബിളിലെ പല ഇരുണ്ടഭാഗങ്ങളും മനസ്സിലാക്കാൻ നമുക്കു കഴിഞ്ഞെന്നുവരും. ഉദാഹരണത്തിലൂടെ ഇതു വെളിവാക്കാം. വടക്കേഇന്ത്യയിൽ ഇന്നും ശൈശവവിവാഹങ്ങൾ നടക്കുന്നു. അഞ്ചു വയസ്സുള്ള പെൺകുട്ടിയും ആറുവയസ്സുള്ള ആൺകുട്ടിയും തമ്മിലുള്ള വിവാഹം വലിയ ആഘോഷമായി നടത്തും. ഇവർ ഒരുമിച്ചു താമസിക്കുന്നതിനുമുമ്പ് ഈ ആൺകുട്ടി മരിച്ചാലും ആ പെൺകുട്ടി വിധവയാകും. പത്തോ പതിനാലോ വയസ്സുള്ള പെൺകുട്ടി ജീവിതകാലം മുഴുവൻ വിധവയായി ജീവിക്കേണ്ടിവരുന്നത് കേരളത്തിൽ നമുക്കത് ഉതപ്പായി, വലിയ അന്യായമായി തോന്നാം. പക്ഷേ, അവിടെ അധികം പേരും ഈ സമ്പ്രദായം അംഗീകരിക്കുന്നു.

അബ്രാഹത്തിന് സാറായിൽ കുഞ്ഞുങ്ങൾ ഉണ്ടാകാതിരുന്നപ്പോൾ സാറായുടെ ദാസിയെ ഭാര്യയായി അബ്രാഹത്തിന് അവൾ കൊടുത്തു. അത് അധാർമ്മികമായിരുന്നെന്ന് നമുക്ക് ഇന്നു തോന്നിയാലും അന്നത്തെ സാംസ്കാരികപശ്ചാത്തലത്തിൽ അതിൽ അധാർമ്മികതയില്ലായിരുന്നു.

വളരെ നൂറ്റാണ്ടുകൾക്കുമുമ്പ് എഴുതപ്പെട്ട ബൈബിളിലെ വിവരണങ്ങളിലെ ഭാഷാശൈലി പ്രത്യേകം പരിഗണിക്കേണ്ടതാണ്. ഷെക്സ്പിയർ എഴുതിയ പഴയ ഇംഗ്ലീഷ്ശൈലിയിൽ അദ്ദേഹത്തിന്റെ കൃതികൾ ഇന്നത്തെ തലമുറ വായിക്കാറില്ല. അതു വിഷമവുമാണ്. വർത്തമാനപുസ്തകം അതിന്റെ ആദ്യത്തെ ശൈലിയിൽ വായിക്കാൻ ഇന്നു വിഷമമാണ്. ഏതാനും വർഷങ്ങൾക്കുമുമ്പുവരെ I am happy and gay എന്നുപറഞ്ഞാൽ ഒരു കുഴപ്പവുമില്ലാ



www.malankaralibrary.com

യിരുന്നു. അത് നല്ല പ്രയോഗമായിരുന്നു. പക്ഷേ, ഇന്നോ? അതിന്റെ അർത്ഥം തന്നെ മാറിക്കഴിഞ്ഞിരിക്കുന്നു!

പഴയനിയമത്തിൽ പല വിവരണങ്ങളും അമ്പരപ്പിക്കുന്നതും ഉതപ്പിനു കാരണമാകുന്നതുമാണെങ്കിലും അവയുടെ ചരിത്രസാംസ്കാരിക പശ്ചാത്തലം പഠിക്കുമ്പോൾ ആ അമ്പരപ്പും ഉതപ്പുമെല്ലാം മാറും.

## 10. ബൈബിൾ വ്യാഖ്യാനത്തിനുള്ള താക്കോൽ: ഈശോമിശിഹാ

ബൈബിൾ വ്യാഖ്യാനത്തിനുള്ള താക്കോൽ (interpretative key) യേശുക്രിസ്തുവാണ്. മനുഷ്യൻ പക്വത പ്രാപിച്ചത് യേശുവിലാണ്. അപൂർണമായ ദൈവികവെളിപാടുകൾ പൂർണ്ണമായത് ക്രിസ്തുവിലാണ്. അപൂർണമായിരുന്ന രക്ഷാകരചരിത്രം പൂർണതയിലേക്കു നയിക്കപ്പെടുന്നത് ക്രിസ്തുവിലൂടെയാണ്. അപൂർണതകളും അബദ്ധങ്ങളും പോരായ്മകളും ഉണ്ടായിരുന്നതുകൊണ്ടാണ് ഒരു രക്ഷകന്റെ വരവ് ആവശ്യമായി വന്നത്. ക്രിസ്തുസംഭവമാണ് ബൈബിളിന് യഥാർത്ഥ അർത്ഥം നല്കുന്നത്. അപൂർണമായിരുന്നതിനെ, ക്രിസ്തുപൂർണതയിലേക്കു നയിച്ചു. അധാർമ്മികതയിൽ നിന്നും അർദ്ധധാർമ്മികതയിൽ നിന്നും പൂർണ്ണധാർമ്മികതയിലേക്കുള്ള വളർച്ച സംഭവിച്ചത് ക്രിസ്തുവിലാണ്. വിദ്വേഷത്തിന്റെ സ്ഥാനത്ത് ക്ഷമയും വൈരാഗ്യത്തിന്റെ സ്ഥാനത്ത് സ്നേഹവും സ്വാർത്ഥത്തിന്റെ സ്ഥാനത്ത് ശൂന്യവത്കരണവും സ്ഥാപിച്ചുകൊണ്ട് ബൈബിളിലെ ഇരുണ്ടഭാഗങ്ങളിൽ യേശു വെളിച്ചം വീശിയിട്ടുണ്ട്. ആ പ്രകാശത്തിൽ അവ ശ്രദ്ധാപൂർവം വായിച്ചാൽ ഇരുണ്ട ഭാഗങ്ങൾ വ്യക്തതയുള്ളവയായി മാറും.

### ഉപസംഹാരം

ക്രിസ്തുമതത്തിന്റെ ആരംഭം മുതൽ വിശുദ്ധഗ്രന്ഥത്തിലെ ക്രിസ്തുസംഭവത്തിന്റെ അർത്ഥവും പൊരുളും മനസ്സിലാക്കാൻ ശ്രമം നടന്നിട്ടുണ്ട്. പുതിയനിയമഗ്രന്ഥങ്ങളിലെല്ലാം തന്നെ, പ്രത്യേകിച്ച് സുവിശേഷങ്ങളിലും നടപടി പുസ്തകത്തിലും പൗലോസിന്റെ ലേഖനങ്ങളിലും ഈ ശ്രമമാണ് നാം കാണുന്നത്. ക്രിസ്തുസംഭവം മനസ്സിലാക്കാൻ അപ്പസ്തോലന്മാരെയും ആദിമക്രൈസ്തവരെയും സഹായിച്ചത് പഴയനിയമഗ്രന്ഥങ്ങളും യേശുവിന്റെതന്നെ വചനങ്ങളുമാണ്. ക്രിസ്തുവിന്റെ പീഡാനുഭവവും കുരിശുമരണവും ഒരു ഇരുണ്ട സംഭവമായി അപ്പസ്തോലന്മാർക്കും മറ്റു ശിഷ്യർക്കും തോന്നിയപ്പോൾ, പരിശുദ്ധാത്മാവിന്റെ പ്രചോദനത്താലാണ് അതിന്റെ അർത്ഥം പഴയനിയമഗ്രന്ഥങ്ങളിലെ പ്രവചനങ്ങളിൽനിന്ന് അവർക്കു മനസ്സിലായത്. ലൂക്കായുടെ സുവിശേഷത്തിലെ 24-ാം അധ്യായത്തിൽ കാണുന്ന വിവരണത്തിലെ രണ്ടു ശിഷ്യന്മാർ നിരാശരായി ജെറുസലേമിൽനിന്ന് എമ്മാവൂസിലേക്കു പലായനംചെയ്യുന്നത് ഈ ഇരുളിന്റെ പശ്ചാത്തലത്തിലാണ്. ഉത്ഥിതനായ യേശുനാഥൻ തന്നെയാണ് അവരുടെ ഇരുളുമാറ്റി ബൈബിളിലെ ഇരുണ്ട ഭാഗങ്ങൾ മനസ്സിലാക്കാൻ അവരെ സഹായിച്ചത്. മത്തായി



www.malankaralibrary.com

യുടെ സുവിശേഷശൈലി പഴയനിയമപ്രവചനങ്ങൾ ഒന്നൊന്നായി യേശുവിൽ നിറവേറിയെന്ന് എടുത്തുകാണിക്കുന്നതാണ്. ആ വിവരണ ശൈലി പഴയനിയമത്തിലെ ഇരുണ്ട ഭാഗങ്ങളിലേക്കു വെളിച്ചംവീശുന്നതാണ്. അതുപോലെ, നടപടിപ്പുസ്തകത്തിലെ നിരവധി പ്രഭാഷണങ്ങളും നാലാമത്തെ സുവിശേഷവുമെല്ലാം ബൈബിളിലെ ഇരുണ്ട ഭാഗങ്ങൾ വിശദീകരിക്കാൻ ശ്രമിക്കുകയാണെന്ന് നമുക്കു പറയാൻ കഴിയും.

ബൈബിൾപണ്ഡിതന്മാർ നൂറ്റാണ്ടുകളായി ബൈബിളിൽ ബുദ്ധിമുട്ടുള്ള ഭാഗങ്ങളും ഇരുണ്ട ഭാഗങ്ങളും കണ്ടുമുട്ടിയിട്ടുണ്ട്. ദൈവം നേരിട്ടുപറഞ്ഞുകൊടുത്തെഴുതിച്ചതാണ് ബൈബിളിലെ ദൈവവചനമെന്നും ദൈവം തന്നെയാണ് എല്ലാ അർത്ഥത്തിലും ബൈബിളിന്റെ ഗ്രന്ഥകർത്താവ് എന്നും വിശ്വസിച്ചിരുന്നതുകൊണ്ട് മുമ്പിൽകണ്ട സത്യം അംഗീകരിക്കാൻ പല സഭാധികാരികൾക്കും കഴിഞ്ഞില്ല. Providentissimus Deus, Divino Afflante Spiritu എന്നീ ചാക്രികലേഖനങ്ങളാണ് ഈ നിലപാടിനു മാറ്റംവരാൻ കളമൊരുക്കിയത്. Dei Verbum ബൈബിൾ പഠനസമീപനത്തിലെ നാഴികക്കല്ലായിരുന്നു. 2008-ലെ സിനഡ്പിതാക്കന്മാരുടെ നിർദ്ദേശമംഗീകരിച്ച് ദൈവവചനം ഉൾക്കൊള്ളുന്ന വിശുദ്ധഗ്രന്ഥത്തിൽ, ദൈവനിവേശിതമായ ബൈബിളിൽ, ഇരുണ്ട ഭാഗങ്ങളുണ്ട് എന്ന് Verbum Domini യിൽ പ്രഖ്യാപിച്ചതുതന്നെ സഭയുടെ ഇന്നത്തെ തുറവിന്റെ തെളിവാണ്. ബൈബിൾഭാഷകൾ ആഴത്തിൽ പഠിച്ചും ബൈബിൾവ്യാഖ്യാനത്തിൽ പ്രാവീണ്യംനേടിയും ഈ ഇരുണ്ട ഭാഗങ്ങളിൽ പരമാവധി വെളിച്ചംവീശാനും സഭാവിശ്വാസികളുടെ മുമ്പിൽ അവയെ സത്യസന്ധതയോടെ അവതരിപ്പിക്കാനും ബൈബിൾപണ്ഡിതർക്കു കഴിയട്ടെ.



www.malankaralibrary.com



# ബൈബിൾ അവതരിപ്പിക്കാൻ പുതിയ മാധ്യമങ്ങൾ: വെല്ലുവിളികളും സാധ്യതകളും

ശ്രീ. മനോജ് സണ്ണി

## ആമുഖം

ബെനഡിക്ട് 16-ാമൻ പാപ്പാ എഴുതിയ 'കർത്താവിന്റെ വചനം' എന്ന അപ്പസ്തോലികാഹ്വാനം നമ്മെ ഇപ്രകാരം ഓർമ്മിപ്പിക്കുന്നു: "സഭയിൽ പ്രഘോഷിക്കപ്പെടുകയും സ്വീകരിക്കപ്പെടുകയും ആഘോഷിക്കപ്പെടുകയും ധ്യാനിക്കപ്പെടുകയും ചെയ്യുന്ന ദൈവവചനത്തിൽ അധിഷ്ഠിതമാണ് യഥാർത്ഥവും സജീവവുമായ ക്രൈസ്തവാധ്യാത്മികത മുഴുവനും" (121). ദൈവവചനം അവതരിപ്പിക്കുകയെന്നത്, പ്രത്യേകിച്ച് ഇന്നത്തെ തലമുറയ്ക്കു സ്വീകാര്യമായ വിധത്തിൽ അവതരിപ്പിക്കുകയെന്നത്, അസംഖ്യം വെല്ലുവിളികളും അതിലേറെ സാധ്യതകളും ഉണർത്തുന്ന ഒരു പരിശ്രമമാണ്. യേശുക്രിസ്തുവിൽ നമുക്ക് അനുകരിക്കാനുള്ള ഒരു മാതൃകയുണ്ട്. അവിടന്ന് മനുഷ്യരൂപം സ്വീകരിച്ച് മനുഷ്യവംശത്തി ന്റെതന്നെ ജീവിതസാഹചര്യത്തിൽ ഉൾച്ചേർന്നു. ദൈവവചനത്തിലേക്കു മനുഷ്യരെ ആകർഷിക്കാൻ തുടങ്ങുമ്പോൾ ഏറ്റവും അത്യാവശ്യമായിരിക്കുന്നത് ഇന്നത്തെ ജനത്തിന്റെ സാംസ്കാരികവും സങ്കേതികവിദ്യാപരവുമായ പശ്ചാത്തലത്തിൽ അതു വ്യാഖ്യാനിക്കുകയും അവതരിപ്പിക്കുകയും ചെയ്യുകയെന്നതാണ്.

യഥാർത്ഥത്തിൽ സഭ രണ്ടു വ്യത്യസ്തതരം ജനങ്ങളോടു സംസാരിക്കുകയെന്ന വെല്ലുവിളിയാണ് ഏറ്റെടുത്തിരിക്കുന്നത്. മാമ്മോദീസ സ്വീകരിച്ചവരെങ്കിലും സുവിശേഷവത്കരിക്കപ്പെടുകയോ അഥവാ പുനർസുവിശേഷവത്കരിക്കപ്പെടുകയോ ചെയ്യാത്തവരാണ് ഒന്നാമത്തെ കൂട്ടർ. ബെനഡിക്ട് 16-ാമൻ മാർപാപ്പാ കർത്താവിന്റെ വചനത്തിലെ 96-ാം ഖണ്ഡികയിൽ ഇതു വ്യക്തമാക്കിയിട്ടുണ്ട്: "നമ്മുടെ സഹോദരീസഹോദരന്മാരിൽ അനേകർ മാമ്മോദീസ സ്വീകരിച്ചവരാണ്; പക്ഷേ, സുവിശേഷവത്കരിക്കപ്പെടാത്തവരാണ്". രണ്ടാമത്തെ ഇനം ആളുകൾ മാമ്മോദീസ സ്വീകരിക്കുകയോ സുവിശേഷവത്കരിക്കപ്പെടുകയോ ചെയ്യാത്തവരാണ്. സജീവനായ ക്രിസ്തുവിനെ വ്യക്തിപരമായി കണ്ടെത്താൻ നാം അവരെ സഹായിക്കണം. ഇന്നത്തെ



www.malankaralibrary.com

ലോകത്തിന്റെ പ്രധാന ചോദ്യം "ഇതു സത്യമാണോ?" എന്നതല്ല, "ഇതു യഥാർത്ഥ മാണോ?" എന്നതാണ്. മനുഷ്യരുടെ ജീവിതം മനസ്സിലൂടെയെന്നതിനെക്കാൾ ഹൃദയത്തിലൂടെ മാറ്റപ്പെടാൻ സാധ്യതയുണ്ട്. ഇവിടെയാണ് ദൈവവചനം മനുഷ്യരുടെ ജീവിതത്തിൽ പരിവർത്തനം വരുത്തുന്നത്. എന്തെന്നാൽ "ദൈവവചനം സജീവവും പ്രവർത്തനക്ഷമവുമാണ്. ഇരുതലവാളിനെക്കാൾ മൂർച്ചയുള്ളതാണ്. ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചുകയറി ഹൃദയത്തിന്റെ വിചാരങ്ങളെയും നിയോഗങ്ങളെയും വിവേചിക്കുന്നതുമാണ്" (ഹെബ്രാ 4:12).

"ശാശ്വതവും ദൈവികവുമായ വചനം സ്ഥലകാലങ്ങളിലേക്കു പ്രവേശിച്ച് ഒരു മാനുഷികമുഖവും തനിമയും സ്വീകരിക്കുന്നു . . . ദൈവവചനം ഒരു മുഖം സ്വീകരിച്ചു . . . അതുകൊണ്ടുതന്നെ ബൈബിൾവിജ്ഞാനത്തിന്റെ അന്തിമലക്ഷ്യം . . . 'ഒരു സംഭവത്തെ, ഒരു വ്യക്തിയെ കണ്ടുമുട്ടലാണ്. അതു ജീവിതത്തിന് ഒരു പുതിയ ചക്രവാളവും സുനിശ്ചിതമായ ഒരു ദിശാബോധവും നല്കുന്നു" (ദൈവം സ്നേഹമാകുന്നു, 1; ദൈവവചനസിനഡിലെ അന്തിമസന്ദേശം - 2008, ഖണ്ഡികകൾ 4, 6).

**ജനങ്ങളിലേക്ക് എത്തിച്ചേരാനുള്ള വചനത്തിന്റെ മാധ്യമങ്ങൾ**

ഭൂഗോളം മുഴുവനെയും കൂട്ടിയിണക്കുന്ന വാർത്താവിനിമയ നെറ്റ്‌വർക്ക് "അന്ധകാരത്തിൽ നിങ്ങളോടു ഞാൻ പറയുന്നവ പ്രകാശത്തിൽ പറയുവിൻ. ചെവിയിൽ മന്ത്രിച്ചത് പുരമുകളിൽനിന്നു പ്രഘോഷിക്കുവിൻ" (മത്താ 10:27) എന്ന ക്രിസ്തുവിന്റെ ആഹ്വാനത്തിനു പുതിയ അർത്ഥതലങ്ങൾ സമ്മാനിക്കുന്നു. തീർച്ചയായും ദിവ്യവചനം ഒന്നാമതായി അച്ചടിച്ച ഗ്രന്ഥങ്ങളിലൂടെ, വിവിധ ഭാഷകളിലൂടെ നമ്മുടെ ഗ്രഹത്തിൽ സുതാര്യതയോടെ വ്യാപിക്കണം. എന്നാലും ദൈവവചനത്തിന്റെ ശബ്ദം റേഡിയോയിലൂടെയും ഇന്റർനെറ്റാകുന്ന വിവരദാനരാജവീഥിയിലൂടെയും ഓൺലൈൻ വിർചൽവ്യാപനചാനലുകളിലൂടെയും സിഡികൾ, ഡിവിഡികൾ, പോഡ്കാസ്റ്റുകൾ മുതലായവയിലൂടെയും പ്രതിധ്വനിക്കണം. അതു ടെലിവിഷന്റെയും സിനിമയുടെയും സ്ക്രീനുകളിലും അച്ചടിച്ച മാധ്യമങ്ങളിലും സാംസ്കാരികവും സാമൂഹികവുമായ സംഭവങ്ങളിലും പ്രത്യക്ഷപ്പെടണം (ദൈവവചനസിനഡിലെ അന്തിമസന്ദേശം 2008, ഖണ്ഡിക 11).

ഇവിടെ, ദൈവവചനത്തെയും സാമൂഹികസമ്പർക്ക മാധ്യമങ്ങളെയും കുറിച്ചുള്ള കർത്താവിന്റെ വചനത്തിലെ 113-ാം ഖണ്ഡിക നാം ശ്രദ്ധിക്കുക സമുചിതമാണ്:

"ദൈവവചനവും സംസ്കാരവും തമ്മിലുള്ള ബന്ധത്തോടു ചേർന്നുപോകുന്ന ഒന്നാണ് പുതിയതും പഴയതുമായ സാമൂഹികസമ്പർക്കമാധ്യമങ്ങൾ ശ്രദ്ധയോടെ, ബോധപൂർവം ഉപയോഗിക്കണമെന്ന കാര്യം. മാധ്യമങ്ങളെക്കുറിച്ച് ശരിയായി അറിവു സമ്പാദിക്കണമെന്നു സിനഡുപിതാക്കന്മാർ



www.malankaralibrary.com

അഭിപ്രായപ്പെട്ടു. അവയുടെ അതിവേഗത്തിലുള്ള വികസനവും പരസ്പരപ്രവർത്തനത്തിന്റെ വ്യത്യസ്ത തലങ്ങളും അവർ ശ്രദ്ധിച്ചു. അതിന്റെ വിവിധ മേഖലകളിൽ, പ്രത്യേകിച്ച്, ഇന്റർനെറ്റുപോലുള്ള പുതിയ മാധ്യമങ്ങളുടെ മേഖലകളിൽ വൈദഗ്ദ്ധ്യം നേടാൻ പരിശ്രമിക്കണമെന്ന് അവർ ആവശ്യപ്പെട്ടു. സമ്പർക്കമാധ്യമങ്ങളുടെ ലോകത്ത് സഭയ്ക്കു ശ്രദ്ധേയമായ സാന്നിധ്യമുണ്ട്. ആ വിഷയത്തിൽ സഭയുടെ പ്രബോധനാധികാരം രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ കാലംമുതൽ കൂടക്കൂടെ ഇടപെട്ടിട്ടുണ്ട്. സുവിശേഷസന്ദേശം പ്രക്ഷേപണം ചെയ്യാനുള്ള പുതിയ രീതികൾ കണ്ടെത്തുകയെന്നത് വിശ്വസിക്കുന്നവരുടെ സുവിശേഷവത്കരണപ്രവർത്തനത്തിന്റെ ഭാഗമാണ്. . . ദൈവവചനം അച്ചടിമാധ്യമങ്ങളിലൂടെ മാത്രം പോരാ, മറ്റു വാർത്താവിനിമയ രൂപങ്ങളിലൂടെയും പ്രതിധ്വനിക്കണം. ഇക്കാരണത്താൽ മാധ്യമലോകത്ത് ശ്രദ്ധേയമായ സാന്നിധ്യം വളർത്താൻ വേണ്ടി ഗൗരവപൂർവം പരിശ്രമിക്കുന്ന കത്തോലിക്കരോടു സിനഡുപിതാക്കന്മാരോടൊപ്പം ഞാൻ നന്ദി പറയുന്നു. ഈ വിഷയത്തിൽ പൂർവാധികം വ്യാപകവും കൂടുതൽ ഗുണമേന്മയുള്ളതുമായ പ്രതിജ്ഞാബദ്ധതയുണ്ടാകണമെന്നു ഞാൻ ആവശ്യപ്പെടുകയും ചെയ്യുന്നു.

പൊതുജനസമ്പർക്കങ്ങൾക്കുള്ള പുതിയ രൂപങ്ങളിൽ, ഇക്കാലത്ത് ഇന്റർനെറ്റിന്റെ വർദ്ധിച്ച പങ്ക് നാം അംഗീകരിക്കണം. സുവിശേഷം കേൾപ്പിക്കാപ്പെടാനുള്ള ഒരു വേദിയാണത്. എന്നാലും സമൂർത്ത (real) ലോകത്തിനു പകരം നില്ക്കാൻ അമൂർത്ത (virtual) ലോകത്തിന് ഒരിക്കലും സാധിക്കുകയില്ലെന്നു നാം അറിഞ്ഞിരിക്കണം. പുതിയ മാധ്യമങ്ങൾ നല്കുന്ന അമൂർത്ത ലോകം സുവിശേഷവത്കരണത്തിന് ഉപയോഗിക്കാം. പക്ഷേ, അത് അർത്ഥപൂർണമായ ബന്ധങ്ങൾ സ്ഥാപിക്കണമെങ്കിൽ വ്യക്തിപരമായ ബന്ധമുണ്ടാക്കുന്നതായിരിക്കണം. വ്യക്തിപരമായ ബന്ധം അനുപേക്ഷണീയമായ ഒന്നാണ്. ദശലക്ഷക്കണക്കിനു സ്ക്രീനുകളിലൂടെ എവിടെയും കോടിക്കണക്കിനു പ്രതിബിംബങ്ങൾ പ്രദർശിപ്പിക്കാൻ സാധിക്കുന്ന ഇന്റർനെറ്റിന്റെ ലോകത്തിൽ ക്രിസ്തുവിന്റെ മുഖം കാണപ്പെടണം. അവിടത്തെ ശബ്ദം കേൾപ്പിക്കപ്പെടണം. എന്തെന്നാൽ "ക്രിസ്തുവിനു സ്ഥാനമില്ലാത്തിടത്ത് മനുഷ്യനു സ്ഥാനമില്ല".

**ഇന്നത്തെ രൂപം സ്വീകരിക്കൽ**

യേശുക്രിസ്തു മനുഷ്യന്റെ ജീവിതസാഹചര്യങ്ങൾ സ്വന്തമാക്കി അവന്റെ രൂപം സ്വീകരിച്ചു. അതുപോലെ, ദൈവവചനം ഇക്കാലത്തെ ജനത്തിന്റെ സാംസ്കാരികവും സാങ്കേതികവിദ്യാപരവുമായ സാഹചര്യത്തിൽ വ്യാഖ്യാനിക്കുകയും അവതരിപ്പിക്കുകയും ചെയ്യുകയെന്നത് മനുഷ്യാവതാരരഹസ്യത്തോടുള്ള ഭാവാത്മകപ്രതികരണം തന്നെയാണ്.

**ജീവിതശൈലിയും ഉള്ളടക്കഫോർമാറ്റുകളും**

ഇന്നത്തെ തലമുറയ്ക്കു പ്രസക്തമായ രൂപങ്ങളിൽ ദൈവവചനം അവതരിപ്പിക്കാൻ ഒന്നാമതായി, അവരെ സ്വാധീനിക്കുന്ന പ്രബലമായ ജീവിതശൈ



www.malankaralibrary.com

ലികൾ മനസ്സിലാക്കണം. സംഗീതം, ചലച്ചിത്രം മുതലായവയ്ക്കു പുറമേ, സാംസ്കാരികവും ഭാഷാപരവുമായ മേഖലകളും അവരുടെ ജീവിതശൈലികളെ സ്വാധീനിക്കുന്നുണ്ട്. അതുകൊണ്ട് തുടക്കത്തിൽത്തന്നെ ആളുകളെ ഒരു വസ്തുത ബോധ്യപ്പെടുത്തണം: ദൈവവചനം കാലബദ്ധമല്ല; അതു കാലാതീതമാണ്. ഇന്നിന്റെ ജീവിതശൈലികളിലും അതു പ്രവർത്തനനിരതമാണ്.

ഉള്ളടക്കഫോർമാറ്റുകളുടെ ചില ഉദാഹരണങ്ങൾ പറയാം. നാമിന്ന് യുവജന ബൈബിളുകൾ കാണാൻ തുടങ്ങുന്നു. അവയിലെ ഭാഷ തികച്ചും യുവജനയുക്തമാണ്. യുവജനങ്ങൾക്കുള്ള കുർബാനയാഘോഷവും ലിറ്റർജിയുമുണ്ട്. വിശുദ്ധലിഖിതത്തിൽനിന്നു പ്രചോദനം സ്വീകരിച്ച സമകാലിക സംഗീതമുണ്ട്. വാഹനങ്ങളിലും റ്റീഷർട്ടുകളിലും വേദഗ്രന്ഥവാക്യങ്ങൾ മുദ്രാവാക്യങ്ങളായി കാണുന്നു. റാപ്, R&B ഫോർമാറ്റുകളിൽ സുവിശേഷസന്ദേശം പരക്കുന്നുണ്ട്. ബൈബിളിൽനിന്നു പ്രചോദനം സ്വീകരിച്ച സിനിമകളും വിശുദ്ധലിഖിതവും സംഗീതവും ആസ്വദിക്കാവുന്ന കഫെകളുമുണ്ട്. ഹ്രസ്വവിശുദ്ധലിഖിതാധിഷ്ഠിത വീഡിയോ ക്ലിപ്പുകളുണ്ട്. സാമൂഹിക നെറ്റുവർക്കിനും മൈക്രോസന്ദേശം അയയ്ക്കുന്നതിനുംവേണ്ടി വിശുദ്ധലിഖിതത്തിലെ ഉള്ളടക്കങ്ങൾ പാകപ്പെടുത്തിയെടുക്കുന്നുണ്ട്. തീർച്ചയായും ഇത് ഇനിയും ഏറെ മുന്നോട്ടുപോകാനുണ്ട്. ഇന്റർനെറ്റ് അതിന്റെ സർവസാന്നിദ്ധ്യംമൂലം ഏതാണ്ട് പരമ്പരാഗത മാധ്യമമായിത്തീർന്നിട്ടുള്ള ഇക്കാലത്തുപോലും ദൈവവചനത്തിലേക്കു യുവജനങ്ങളെ ആകർഷിക്കത്തക്ക ഉള്ളടക്കഫോർമാറ്റുകൾ യുവജനസാധാരണമായ വെബ്സൈറ്റുകളിലും കാണാൻ പ്രയാസമാണ്.

**സംഗീതവും വിശുദ്ധലിഖിതവും**

യുവജനം ആസ്വദിക്കുന്ന ഉള്ളടക്കഫോർമാറ്റുകളിൽ പെട്ടെന്ന് നമ്മുടെ ശ്രദ്ധയാകർഷിക്കുന്നത് സംഗീതമാണ്. അച്ചടിച്ച വചനം കഴിഞ്ഞ തലമുറകളിൽ സംസ്കാരത്തെ സ്വാധീനിച്ചും ധാരണകൾ മാറ്റിയും പ്രബലപ്പെട്ടിരുന്നെങ്കിൽ, ഇന്നു ലോകയുവജനത്തെ - പ്രത്യേകിച്ച് ഏഷ്യയിലുള്ളവരെ - ഓഡിയോവിഷ്വൽ ഫോർമാറ്റുകൾ പൂർണമായി സ്വാധീനിക്കുന്നുവെന്നു തോന്നുന്നു.

ചൈന, ഹോങ്കോങ്, ഇന്ത്യ, ഇന്തോനേഷ്യ, ജപ്പാൻ, മലേഷ്യ, ഫിലിപ്പൈൻസ്, സിങ്കപ്പൂർ, സൗത്ത് കൊറിയ, തായ്‌വാൻ, തായ്‌ലൻഡ്, വിയറ്റ്നാം എന്നിവിടങ്ങളിലെ 15 മുതൽ 24 വരെ വയസ്സുള്ളവർ സീനോവെയ്റ്റ് യംഗ് ഏഷ്യൻസ് റിസേർച്ചിൽ കൊടുത്ത മറുപടിയനുസരിച്ച്, സംഗീതം യുവജനഹൃദയങ്ങൾക്കും മനസ്സുകൾക്കും പ്രത്യേകമാംവിധം പ്രിയപ്പെട്ടതാണെന്നു വ്യക്തമായി. ഇന്ത്യയിൽ 83%, ഫിലിപ്പൈൻസ് 80%, വിയറ്റ്നാമിൽ 77%, ചൈനയിൽ 69%, തായ്‌ലൻഡിൽ 67%, ഇന്തോനേഷ്യയിൽ 65%.

സീനോവെയ്റ്റിലെ മീഡിയാ എക്സിക്യൂട്ടീവ് ഡയറക്ടറായ സ്റ്റീവ് ഗാർട്ടൺ


www.malankaralibrary.com

ഇങ്ങനെ പറയുന്നു: "സംഗീതവും ഏഷ്യയിലെ നഗരവാസികളായ യുവഉപഭോക്താക്കളും തമ്മിലുള്ള പ്രണയം അവിഭാജ്യമായി നിലകൊള്ളുന്നു. അവരുടെ അനുദിനജീവിതത്തിന്റെ ഒരു സുപ്രധാനഭാഗമായി സംഗീതം തുടരുന്നുവെന്നതിൽ വിസ്മയിക്കാനില്ല".

അങ്ങനെ സംഗീതം, എല്ലാക്കാലത്തുമെന്നപോലെ ഇന്നും യുവജനങ്ങൾക്കായി വിശുദ്ധലിഖിതം അവതരിപ്പിക്കാനുള്ള ഏറ്റവും ലളിതമായ ഉള്ളടക്കഫോർമാറ്റ് ആയിത്തീരുന്നു. "കർത്താവിന്റെ വചനം" എന്ന അപ്പസ്തോലികാഹ്വാനം നമ്മെ ഇപ്രകാരം ഓർമ്മിപ്പിക്കുന്നു. "ബൈബിളിൽ നിന്നു വ്യക്തമായ പ്രചോദനം ഉൾക്കൊണ്ടവയും സംഗീതത്തിന്റെയും വാക്കുകളുടെയും സമഞ്ജസമായ ചേർച്ചയിലൂടെ ദൈവവചനത്തിന്റെ സൗന്ദര്യം പ്രകാശിപ്പിക്കുന്നവയുമായ ഗാനങ്ങൾക്ക് മുൻഗണന നല്കണം" (70). നന്നായി പരിശീലിക്കപ്പെട്ടവയും ദൈവശാസ്ത്രപരമായി ശരിയായിട്ടുള്ളവയുമായ ക്രൈസ്തവബാൻഡുകളും മ്യൂസിക് ഗ്രൂപ്പുകളും ശ്രദ്ധേയമാംവിധം വളർച്ച നേടിയിട്ടുണ്ട്. എന്നാലും ഏറ്റവും ഉയർന്നതോതിലുള്ള സംഗീതത്തിലൂടെ വിശുദ്ധലിഖിതം സ്ഥിരമായി അവതരിപ്പിക്കുന്ന ജനകീയ സംഗീതഗ്രൂപ്പുകൾ ഇപ്പോഴും അപൂർവപ്രതിഭാസങ്ങളായി നിലകൊള്ളുകയാണ്.

**വിശുദ്ധലിഖിതം ദർശനീയമാകുന്നതിന്റെ ആവശ്യകത**

ഇന്നത്തെ ആളുകളോട് പ്രത്യേകിച്ച് യുവജനത്തോട്, "നിങ്ങളെ സ്വാധീനിച്ച എന്തെങ്കിലും ഓർക്കുന്നുണ്ടോ" എന്നു ചോദിച്ചാൽ അവർ ചിന്തിക്കുന്നത് ഒരു പുസ്തകത്തെപ്പറ്റിയായിരിക്കുകയില്ല ഒരു സിനിമയെക്കുറിച്ചോ ഒരു ഗാനത്തെക്കുറിച്ചോ ആയിരിക്കും. എഴുതപ്പെട്ടവയിൽനിന്ന് ഗ്രാഫിക്കായവയിലേക്കുള്ള ഈ മാറ്റം ഇന്നത്തെ ലോകത്തിന്റെ സവിശേഷതയാണ്. പത്ത് ഉത്കൃഷ്ടഗ്രന്ഥങ്ങളെക്കുറിച്ച് എന്നതിനെക്കാൾ പത്ത് ഉത്കൃഷ്ടസിനിമകളെക്കുറിച്ചും പത്ത് ഉത്കൃഷ്ടമാസികകളെക്കുറിച്ച് എന്നതിനെക്കാൾ പത്ത് യുട്യൂബ് വീഡിയോകളെക്കുറിച്ചും അവർ ചിന്തിക്കുന്നു. ഈ ദർശനാത്മകസംസ്കാരമാണ് യുവലോകത്തെ ഇന്നു നയിക്കുന്നത്.

അങ്ങനെ, സിനിമകൾ, ലഘുഫിലിമുകൾ, വൈറൽ വീഡിയോകൾ, ഗ്രാഫിക് ആനിമേഷൻ, വീഡിയോ കളികൾ മുതലായ ഉള്ളടക്കഫോർമാറ്റുകളിലേക്ക് വിശുദ്ധലിഖിതം പകർത്തി ദർശനീയമാക്കുകയെന്നത് ഇന്ന് ആശയവിനിമയത്തെ സംബന്ധിച്ചിടത്തോളം നിർണായകമാണ്. വിശുദ്ധലിഖിതങ്ങളാൽ പ്രചോദിക്കപ്പെട്ടതും അവയാൽ നയിക്കപ്പെട്ടതുമായ ചില സിനിമകൾ തീർച്ചയായും ഉണ്ടായിട്ടുണ്ട്. പക്ഷേ, ഇന്നത്തെ യുവജനസംസ്കാരത്തെ അവ കാര്യമായി സ്വാധീനിച്ചിട്ടില്ല.

ചലനാത്മകപ്രതിബിംബങ്ങൾക്കുപുറമേ ഇന്നത്തെ സംസ്കാരത്തിൽ ഗ്രാഫിക് ഡിസൈനുകളും യുവജനത്തിന്റെ ശ്രദ്ധയാകർഷിക്കുന്നവയാണ്. അതുകൊണ്ട് വിശുദ്ധലിഖിതം അടിസ്ഥാനപ്പെടുത്തി പോസ്റ്ററുകളും വെബ് ബാനർ ആഡുകളും വെബ്സൈറ്റുകളും കാറുകളിൽ പതിക്കാനുള്ള സ്റ്റിക്ക



www.malankaralibrary.com

റുകളും റ്റീ-ഷർട്ടുകളും മാർക്കറ്റു പിടിച്ചടക്കുന്ന പുത്തൻ സാധ്യതകളും പഠനവിഷയമാക്കേണ്ടതാണ്.

**വിശുദ്ധലിഖിതം – വളരെ ചെറിയ ഫോർമാറ്റുകളിൽ**

ടിറ്റർ പോലെ പെട്ടെന്നു ലഭ്യമാകുന്ന മൈക്രോ സൈറ്റുകളുണ്ടാകണം. അതുപോലെ, ഫെയ്സ്ബുക്കുകൾ മുതലായ സാമൂഹികനെറ്റുവർക്കുസൈറ്റുകളും ഉണ്ടായിരിക്കണം. അവ വിശുദ്ധലിഖിതത്തിലെ ഉദ്ധരണികളും ചിന്തകളും പ്രദർശിപ്പിക്കാൻ ഉപയോഗിക്കുന്നവയായിരിക്കണം. ആ ഉദ്ധരണികളും ചിന്തകളും ചെറുതും സവിശേഷവും പ്രസക്തവും സ്മരണീയവുമായിരിക്കണം. അതുകൊണ്ട് വെബ്സൈറ്റ്, മൊബൈൽ എന്നിവ അടിസ്ഥാനപ്പെടുത്തിയ ഫോർമാറ്റുകൾക്കു ചേർന്നതാക്കണം വിശുദ്ധലിഖിതമെന്നത് സുപ്രധാനകാര്യമാണ്.

**വിശുദ്ധലിഖിതം ഓൺലൈനിൽ**

വെബ്ലോഗുകൾ അഥവാ ബ്ലോഗുകൾ ഇന്നു വാരാന്തകോളങ്ങളുടെയും ചർച്ചാവേദികളുടെയും സ്ഥാനം ഏറ്റെടുത്തുകൊണ്ടിരിക്കുകയാണ്. സ്ഥിരം ശ്രദ്ധിക്കുന്നവർക്ക് ബ്ലോഗുകൾ വിശ്രമകേന്ദ്രങ്ങളും തുറമുഖങ്ങളുമായിത്തീരുന്നു; മിക്കപ്പോഴും അവരുടെ തീരുമാനങ്ങളെ അവ സ്വാധീനിക്കുകയും ചെയ്യുന്നു. സാങ്കേതികവിദ്യമുതൽ ജീവിതശൈലിവരെയുള്ള കാര്യങ്ങളിൽ ഇന്നത്തെ ഏറ്റവും നല്ല ബ്ലോഗുകൾ ലോകവ്യാപകമായ അഭിപ്രായരൂപീകരണത്തെ സ്വാധീനിക്കുന്ന ത്വരകങ്ങളായിട്ടുണ്ട്.

വിശുദ്ധലിഖിതത്തെക്കുറിച്ചുള്ള ചർച്ചകൾക്ക് പറ്റിയ വേദികളായി വിശുദ്ധലിഖിത ബ്ലോഗുകൾ മാറിയിരിക്കുന്നു. വചനാധിഷ്ഠിതമായ ആ ചർച്ചകൾ അനുദിനജീവിതത്തെക്കുറിച്ചാകാം; അല്ലെങ്കിൽ ദീർഘകാലത്തേക്കുള്ള വിശുദ്ധലിഖിതപഠനത്തിന്റെ ഭാഗമാകാം. ഇന്നു വിശുദ്ധലിഖിതം അടിസ്ഥാനപ്പെടുത്തിയ ധാരാളം ബ്ലോഗുകൾ വെബ്ബിലുണ്ട്. എന്നാൽ യുവജനങ്ങൾക്കുവേണ്ടിയുള്ള ബ്ലോഗുകൾ വളരെ കുറച്ചേ ഉള്ളൂ. വളരെ സാധ്യതയുള്ള ഫോർമാറ്റാണത്. യുവജനങ്ങളെ ദൈവവചനത്തോടുള്ള സ്ഥിരവും അഗാധതരവുമായ ബന്ധത്തിൽ കാക്കാൻ അവയ്ക്കു വലിയ കഴിവുണ്ട്.

**വിതരണകേന്ദ്രങ്ങൾ**

രണ്ടാമതായി, ഇന്നത്തെ തലമുറയിലേക്ക് എത്തിച്ചേരാൻ അവർ സ്വാധീനിക്കപ്പെടാൻ സാധ്യതയുള്ള ജീവിതമേഖലകളിലേക്ക് എത്തിച്ചേരുകതന്നെ വേണം. മറ്റുള്ള ഏതു പരമ്പരാഗതമാധ്യമങ്ങളെയുംകാൾ കൂടുതലായി ഇന്റർനെറ്റ് തന്നെയാണ് കഴിഞ്ഞ ദശകത്തിലും ഇപ്പോഴും ഈ സ്വാധീനമേഖല. മൊബൈൽ ആശയവിനിമയോപാധികളിലും കൊണ്ടുനടക്കാവുന്ന മ്യൂസിക്/വീഡിയോപ്ലെയറുകളിലും കമ്പ്യൂട്ടറുകളിലും ഇന്റർനെറ്റു നല്കപ്പെടുന്നുണ്ട്. ഈ മൊബൈൽ വേദികൾ യുവജനങ്ങളുടെ ജീവിതത്തിൽ സദാ സന്നിഹിതമാണ്. അവ അവരുടെ ജീവിതത്തെ നിരന്തരം സ്വാധീനി



www.malankaralibrary.com

ക്കുന്നുമുണ്ട്. ഇന്റർനെറ്റിൽ ലഭ്യമായ വിഷയങ്ങൾ മൊബൈൽ ഉപാധികളിലേക്കു വേഗത്തിൽ മാറിക്കൊണ്ടിരിക്കുന്നതിനാൽ ലാപ്ടോപ്പുകൾ, കമ്പ്യൂട്ടറുകൾ എന്നിവപോലും പഴഞ്ചനായി കരുതപ്പെടുകയാണിന്ന്. ചുരുക്കത്തിൽ, വിശുദ്ധലിഖിതത്തിന്റെ ഉള്ളടക്കഫോർമാറ്റുകളും വിതരണഫോർമാറ്റുകളും പരിവർത്തനവിധേയമായിക്കൊണ്ടിരിക്കുകയാണ്. തദനുസാരമായി പുതുതലമുറയ്ക്കു വിശുദ്ധലിഖിതം പകർന്നുനല്കുന്ന രീതികൾക്കും മാറ്റമുണ്ടാകണം. ദൈവവചനം ഇന്നു ജനങ്ങളുടെ ഇടയിലേക്ക് എത്തിച്ചേരുന്ന വ്യത്യസ്ത മാർഗങ്ങളിൽ ചിലത് താഴെപ്പറയുന്നവയാണ്:

**1. ലിറ്റർജി**

ആരാധനാക്രമകർമ്മത്തിൽ ദൈവവചനത്തോടൊപ്പം പരിശുദ്ധാത്മാവിന്റെ പ്രവർത്തനവുമുണ്ടെന്നും അവിടന്നാണ് അതിനെ വിശ്വാസികളുടെ ഹൃദയത്തിൽ ഫലപ്രദമാക്കുന്നതെന്നും സഭ എന്നും മനസ്സിലാക്കിയിരുന്നു. പരിശുദ്ധാത്മാവിന്റെ സഹായത്താൽ "ദൈവവചനം ലിറ്റർജിപരമായ ആഘോഷത്തിന്റെ അടിസ്ഥാനവും നമ്മുടെ മുഴുവൻ ജീവിതത്തിന്റെയും നിയമവും പിന്തുണയും ആയിത്തീരുന്നു" (കർത്താവിന്റെ വചനം 52).

**2. ദിവ്യബലി മധ്യേയുള്ള പ്രഘോഷണം**

വിശ്വാസികളുടെ ജീവിതങ്ങളിൽ ഫലം പുറപ്പെടുവിക്കുന്നതിനുവേണ്ടി ദൈവവചനം കൂടുതൽ ആഴത്തിൽ ഗ്രഹിക്കാൻ അവരെ സഹായിക്കാൻവേണ്ടിയുള്ളതാണു കുർബാന മധ്യേയുള്ള വചനപ്രഘോഷണം എന്ന് ബെനഡിക്ട് 16-ാമൻ പാപ്പാ "സ്നേഹത്തിന്റെ കൂദാശ" എന്ന അപ്പസ്തോലികാഹ്വാനത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്: "ദൈവവചനം തങ്ങളുടെ അനുദിനജീവിതത്തിൽ സന്നിഹിതവും പ്രവർത്തനനിരതവുമാണെന്നു വിശ്വാസികൾ മനസ്സിലാക്കത്തക്കവിധം വിശുദ്ധലിഖിതസന്ദേശം ജീവിതത്തിലേക്ക് എത്തിച്ചുകൊടുക്കാനുള്ള ഒരു മാർഗമാണ് കുർബാന മധ്യേയുള്ള പ്രസംഗം" (കർത്താവിന്റെ വചനം 59).

**3. കുർബാനയിലെ വായനകൾ സംബന്ധിച്ച് ഈമെയിൽ വെബ് പരിചിന്തനങ്ങൾ**

ഇത്തരം വിചിന്തനങ്ങൾ ലഭ്യമാക്കുന്ന പല മാർഗങ്ങളും ഇന്നുണ്ട്. "നവാറെ", "വേർഡ് എമങ് അസ്" എന്നിവ ഉദാഹരണങ്ങളാണ്.

**4. യാമപ്രാർത്ഥന (കാനോനനമസ്കാരം)**

യാമപ്രാർത്ഥനയെ സംബന്ധിച്ച് സിനഡുപിതാക്കന്മാർ ഇങ്ങനെ പറഞ്ഞു: അത് "ദൈവവചനം ശ്രവിക്കാനുള്ള സവിശേഷ രൂപമാണ്. എന്തെന്നാൽ അതു വിശ്വാസികളെ വിശുദ്ധലിഖിതങ്ങളോടും സഭയുടെ സജീവപാരമ്പര്യത്തോടും ബന്ധപ്പെടുത്തുന്നു" (കർത്താവിന്റെ വചനം, 62).



www.malankaralibrary.com

**5. ദൈവികവായന (Lectio Divina)**

വിശുദ്ധലിഖിതത്തോടുള്ള വിശ്വാസപൂർണവും ഫലപ്രദവുമായ പല സമീപനരീതികളിൽ സിനഡിന്റെ പ്രമാണരേഖകൾ ഏറ്റവും കൂടുതൽ ശ്രദ്ധ നല്കിയിട്ടുള്ളത് ദൈവികവായനയെന്ന മാർഗത്തിനാണ്. "അത് ദൈവവചനത്തിന്റെ നിക്ഷേപങ്ങൾ വിശ്വാസികൾക്കു തുറന്നുകൊടുക്കാൻ മാത്രമല്ല, ദൈവത്തിന്റെ സജീവവചനമായ ക്രിസ്തുവുമായുള്ള കണ്ടുമുട്ടൽ സാധ്യമാക്കാനും കഴിവുള്ളതാണ്" (കർത്താവിന്റെ വചനം, 87).

**6. പ്രഭാഷണങ്ങൾ, സെമിനാറുകൾ, ബൈബിൾ സ്കൂളുകൾ**

"ദൈവവചനം മനസ്സിലാക്കാനും ജീവിക്കാനും പ്രഘോഷിക്കാനും" (കർത്താവിന്റെ വചനം 75) "ബൈബിൾപരമായ പ്രേഷിതത്വം"വഴി അല്മായരെയും മിഷണറിമാരെയും പരിശീലിപ്പിക്കാവുന്നതാണ്.

**7. സഭാപരമായ മഹാസമ്മേളനങ്ങൾ**

ബൈബിൾ കൺവെൻഷൻ, കോൺഫറൻസുകൾ, മിഷൻ കോൺഗ്രസുകൾ, ലോകയുവജനദിനങ്ങൾ മുതലായ മഹാസമ്മേളനങ്ങളെ സംബന്ധിച്ച് കർത്താവിന്റെ വചനം നമ്പർ 76 ഇങ്ങനെ പറയുന്നു:

"രൂപതാപരമോ ദേശീയമോ അന്തർദ്ദേശീയമോ ആയ തലങ്ങളിൽ നടക്കുന്ന സമ്മേളനങ്ങളിൽ ദൈവവചനത്തിനു കൂടുതൽ ഊന്നൽനല്കണമെന്നും അതിന്റെ ശ്രദ്ധാപൂർവകമായ ശ്രവണവും ബൈബിളിന്റെ വിശ്വാസപൂർണവും പ്രാർത്ഥനാനിർഭരവുമായ വായനയുണ്ടാകണമെന്നും സിനഡുപിതാക്കന്മാർ നിർദ്ദേശിച്ചു. സാധ്യമായ വ്യത്യസ്തസംരംഭങ്ങളിൽ ഒന്നായാണ് അതു നിർദ്ദേശിച്ചിട്ടുള്ളത്. ദേശീയമോ അന്തർദ്ദേശീയമോ ആയ ദിവ്യകാരുണ്യകോൺഗ്രസുകൾ, ലോകയുവജനദിനാചരണദിവസങ്ങൾ, മറ്റു സമ്മേളനങ്ങൾ എന്നിവയിൽ വചനാഘോഷത്തിനും വിശുദ്ധഗ്രന്ഥപ്രേരിതമായ പരിശീലനനിമിഷങ്ങൾക്കും കൂടുതൽ സ്ഥാനം അനുവദിക്കുന്നത് പ്രശംസനീയമായിരിക്കും".

**8. ബൈബിൾ പഠനഗ്രൂപ്പുകളും കുടുംബയൂണിറ്റുകളും**

"കുടുംബങ്ങളാൽ രൂപീകൃതമായതോ ഇടവകകളിൽ അടിസ്ഥാനമുറപ്പിച്ചതോ വ്യത്യസ്ത സഭാത്മകപ്രസ്ഥാനങ്ങളോടോ സമൂഹങ്ങളോടോ ബന്ധപ്പെട്ടതോ ആയ" ചെറിയ സമൂഹങ്ങളുടെ വളർച്ച "സഭയുടെ വിശ്വാസത്തിന് അനുസൃതമായ ബൈബിൾസംബന്ധമായ പരിശീലനവും പ്രാർത്ഥനയും അറിവും വർദ്ധിപ്പിക്കാൻ" സഹായിക്കുന്നുണ്ടെന്നത് കൂടുതൽ കൂടുതൽ വ്യക്തമായിക്കൊണ്ടിരിക്കുകയാണ് (കർത്താവിന്റെ വചനം, 73).

**9. സ്റ്റഡി ബൈബിൾ, ഡിവിഡികൾ മുതലായ വ്യക്തിപരമായ ബൈബിൾ പഠനോപാധികൾ**

ദൈവത്തെ കണ്ടുമുട്ടാനുതകുന്ന വിശുദ്ധലിഖിതത്തിന്റെ വ്യക്തിപരമായ



www.malankaralibrary.com

പാരായണം അനേകം ഫലങ്ങളുളവാക്കും: " . . . ദൈവവചനവായന നമ്മുടെ പ്രായശ്ചിത്തത്തിന്റെയും മാനസാന്തരത്തിന്റെയും യാത്രയിൽ നമ്മെ താങ്ങി നിറുത്തുന്നു. നാം സഭയുടേതാണെന്ന ചിന്ത ആഴപ്പെടുത്താൻ സഹായിക്കുന്നു. ദൈവവുമായുള്ള പരിചയത്തിൽ വളരാൻ നമ്മെ സഹായിക്കുകയും ചെയ്യുന്നു. വിശുദ്ധ അംബ്രോസ് പറയുന്നതുപോലെതന്നെ: 'നാം വിശുദ്ധ ലിഖിതം വിശ്വാസത്തോടെ സ്വീകരിക്കുകയും സഭയോടൊപ്പം വായിക്കുകയും ചെയ്യുമ്പോൾ നാം ഒരിക്കൽക്കൂടി ദൈവത്തോടൊപ്പം പറുദീസാതോട്ടത്തിലൂടെ നടക്കുകയാണ്'" (കർത്താവിന്റെ വചനം, 73).

**10. ഗ്രന്ഥങ്ങളും മറ്റു പ്രസിദ്ധീകരണങ്ങളും**

"ദൈവവചനം അച്ചടിമാധ്യമങ്ങളിൽ പ്രതിധ്വനിക്കണം" (കർത്താവിന്റെ വചനം, 113).

**11. സ്ഥൂല-സൂക്ഷ്മ കലകൾ**

ദൈവവചനവും സംസ്കാരവും തമ്മിലുള്ള ബന്ധം അനേകം മേഖലകളിൽ, പ്രത്യേകിച്ച്, കലകളിൽ, പ്രകാശനം കാണുന്നുണ്ട്. അതുകൊണ്ട് വിശുദ്ധലിഖിതത്താൽ പ്രചോദിതമായ കലാസൃഷ്ടികൾ പൗരസ്ത്യസഭയുടെയും പാശ്ചാത്യസഭയുടെയും മഹാപാരമ്പര്യം എപ്പോഴും വിലമതിച്ചിട്ടുണ്ട്. രൂപപരമായ കലകൾ, ശില്പം, സാഹിത്യം, സംഗീതം എന്നിവ അതിന് ഉദാഹരണങ്ങളാണ് (കർത്താവിന്റെ വചനം, 112).

**12. എസ്. എം. എസ്.**

സുഹൃത്തുക്കൾക്ക് ഓരോ ദിവസത്തേക്കുമുള്ള ബൈബിൾ വാക്യങ്ങൾ അയയ്ക്കുക, ദിവസവും ബൈബിൾ വാക്യങ്ങൾ അയയ്ക്കുന്ന സ്ഥാപനങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുക മുതലായവ ദൈവവചനം പ്രചരിപ്പിക്കാനുള്ള മാർഗമായിത്തീർന്നുകൊണ്ടിരിക്കുന്നു.

**13. പോഡ്കാസ്റ്റുകൾ**

ഇന്റർനെറ്റിന്റെ ലോകത്തിൽ ക്രിസ്തുവിന്റെ മുഖം കാണപ്പെടണം; അവിടത്തെ സ്വരം കേൾക്കപ്പെടുകയും വേണം. എന്തെന്നാൽ "ക്രിസ്തുവിനു സ്ഥലമില്ലെങ്കിൽ മനുഷ്യനു സ്ഥലമില്ല" (കർത്താവിന്റെ വചനം, 113).

**14. ബ്ലോഗുകൾ**

ദൈവത്തിന്റെ വചനം അച്ചടിമാധ്യമങ്ങളിലൂടെ മാത്രം പ്രതിധ്വനിച്ചാൽ പോരാ. സമ്പർക്കമാധ്യമങ്ങളിലൂടെയും മറ്റ് ഉപാധികളിലൂടെയും പ്രതിധ്വനിക്കണം (കർത്താവിന്റെ വചനം, 113).

**15. ഇ-മെയിൽ ഗ്രൂപ്പുകൾ**

സാമൂഹികസമ്പർക്കമാധ്യമങ്ങളുടെ പുതിയ രൂപങ്ങളിൽ ഇന്റർനെറ്റിനുള്ള വർദ്ധിച്ച ധർമ്മം നാം അംഗീകരിക്കണം. സുവിശേഷം കേൾക്കപ്പെടാനുള്ള



www.malankaralibrary.com

ഒരു 'പൊതുവേദി'യാണത് (കർത്താവിന്റെ വചനം, 113).

**16. സാമൂഹിക നെറ്റ്‌വർക്കിംഗ് വേദികൾ**

ആശയവിനിമയത്തിനും ചർച്ചകൾക്കും ഏറ്റവും ജനകീയവും ശക്തവുമാണ് ഈ വേദികൾ. ഫെയ്സ്ബുക്ക്, ഓർക്കൂട്ട് എന്നിവ ഇവയിൽ ഏറ്റവും പ്രചാരമുള്ളവയാണ്.

**17. വേദഗ്രന്ഥാധിഷ്ഠിത പ്രാർത്ഥന**

യാമപ്രാർത്ഥനപോലെ, വേദഗ്രന്ഥാധിഷ്ഠിതമായ പ്രാർത്ഥനകളുണ്ട്. ജീസസ്‌യൂത്ത് പ്രാർത്ഥന അപ്രകാരമുള്ളതാണ്. അത്തരം പ്രാർത്ഥനകൾ "ദൈവവചനശ്രവണത്തിന്റെ താളക്രമത്താലും സങ്കീർത്തനപ്രാർത്ഥനകളാലും മുദ്രിതമായി ഓരോ ദിവസത്തെയും വിശുദ്ധീകരിക്കുകയെന്ന ക്രൈസ്തവാദർശം പ്രായോഗികമാക്കുന്നു. ഇങ്ങനെ ദൈവത്തിനു നല്കുന്ന സ്തുതിയിൽ ഓരോ പ്രവർത്തനത്തിനും പരാമർശകേന്ദ്രം കണ്ടെത്താൻ കഴിയും" (കർത്താവിന്റെ വചനം, 62).

**18. മരിയൻ പ്രാർത്ഥന**

ജപമാല ചൊല്ലൽ, "വേദഗ്രന്ഥത്തിൽ കാണുന്ന ദിവ്യരഹസ്യങ്ങളെക്കുറിച്ച് ധ്യാനിക്കാൻ സഹായിക്കുന്നു". "മനുഷ്യാവതാരം ചെയ്ത വചനത്തിന്റെ രഹസ്യത്തെ ദിവസേന അനുസ്മരിക്കാൻ" കർത്താവിന്റെ മാലാഖയെന്ന ജപം നമ്മെ അനുവദിക്കുന്നു (കർത്താവിന്റെ വചനം, 88).

**19. വിശുദ്ധനാട്ടിലേക്കുള്ള തീർത്ഥാടനം**

സിനഡുപിതാക്കന്മാർ വിളിച്ചതുപോലെ, "അഞ്ചാംസുവിശേഷ"മായ വിശുദ്ധനാട്ടിലേക്കുള്ള തീർത്ഥാടനം പ്രോത്സാഹിപ്പിക്കപ്പെടുന്നുണ്ട്. ഇന്ന് അതു വർദ്ധമാനമായതോതിൽ ജനകീയമാകുന്നുമുണ്ട്. അതിന്റെ കാരണം "നമ്മുടെ രക്ഷകൻ ചവിട്ടി നടന്ന കല്ലുകൾ ഇപ്പോഴും അവിടത്തെ സ്മരണയാൽ നിറഞ്ഞ് സദ്‌വാർത്ത 'ഉദ്ഘോഷിക്കുക'യും ചെയ്യുന്നു" എന്നതാണ് (കർത്താവിന്റെ വചനം, 89).

**ഉപസംഹാരം**

സഭയുടെ ശുശ്രൂഷയുടെ വലിയ സാധ്യതകളും വെല്ലുവിളികളും പരിഗണിച്ച് എല്ലാ മാർഗങ്ങളും ഉപയോഗിച്ചുകൊണ്ട് വിശുദ്ധലിഖിതം വർദ്ധമാനമായ തോതിൽ പരിചയപ്പെടാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കാം. അതുകൊണ്ട് നമുക്ക് ഒരു വസ്തുത ഹൃദയപൂർവം അറിയാനും അറിയിക്കാനും ശ്രമിക്കാം:

"ക്രിസ്തുവിനെ നമ്മുടെ ജീവിതത്തിലേക്കു പ്രവേശിപ്പിച്ചാൽ നമുക്ക് ഒന്നും നഷ്ടപ്പെടാനില്ല. ജീവിതം സ്വതന്ത്രവും സുന്ദരവും മഹനീയവുമാക്കുന്ന



www.malankaralibrary.com

ഒന്നുംതന്നെ നഷ്ടപ്പെടുകയില്ല. ആ സുഹൃദ്ബന്ധത്തിൽ മാത്രമാണ് ജീവിതത്തിന്റെ വാതിലുകൾ മലർക്കേ തുറക്കപ്പെടുന്നത്. മനുഷ്യാസ്തിത്വത്തിന്റെ മഹത്തായ കഴിവ് യഥാർത്ഥത്തിൽ വെളിപ്പെടുന്നത് ഈ സുഹൃദ്ബന്ധത്തിൽ മാത്രമാണ്. . . പ്രിയ യുവജനങ്ങളേ, ക്രിസ്തുവിനെ നിങ്ങൾ ഭയപ്പെടരുത്. അവിടന്ന് ഒന്നും എടുത്തുകൊണ്ടുപോകുന്നില്ല. അവിടന്ന് നിങ്ങൾക്ക് എല്ലാം തരും. നാം നമ്മെത്തന്നെ അവിടത്തേക്കു കൊടുക്കുമ്പോൾ നമുക്കു നൂറിരട്ടിയാകുന്നു. അതേ, തുറക്കുവിൻ, ക്രിസ്തുവിന് വാതിൽ മലർക്കേ തുറന്നിടുവിൻ - നിങ്ങൾ യഥാർത്ഥ ജീവിതം കണ്ടെത്തും" (കർത്താവിന്റെ വചനം, 104).

ഏഷ്യയിലെ സഭ എന്ന അപ്പസ്തോലികാഹ്വാനത്തിൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ പൗലോസ് ശ്ലീഹയുടെ വാക്കുകൾ ഉദ്ധരിക്കുന്നു: "കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന എല്ലാവരും രക്ഷ പ്രാപിക്കും. എന്നാൽ തങ്ങൾ വിശ്വസിച്ചിട്ടില്ലാത്ത ഒരുവനെ അവർ എങ്ങനെ വിളിച്ചപേക്ഷിക്കും? ഒരിക്കലും കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗകനില്ലാതെ എങ്ങനെ കേൾക്കും?" (റോമ 10:13-14). ചിലർക്കു വായിക്കാൻ ലഭിക്കാവുന്ന ഏകബൈബിൾ നമ്മുടെ ജീവിതമായിരിക്കുമെന്ന് ഓർക്കുക. അതുകൊണ്ട് നാം നമ്മോടുതന്നെ ഇങ്ങനെ ചോദിക്കണം: 'നാം ദൗത്യം നിർവഹിക്കുന്നില്ലെങ്കിൽ വേറെ ആരാണ് അതു നിർവഹിക്കാൻ പോകുന്നത്? നാം ഇക്കാര്യം ചെയ്യുന്നില്ലെങ്കിൽ നമ്മുടെ ജീവിതത്തിൽ ഇതിനെക്കാൾ മേന്മയുള്ള എന്താണ് നമുക്കു ചെയ്യാൻ സാധിക്കുന്നത്? നാം ഇത് ഇപ്പോൾ ചെയ്തില്ലെങ്കിൽ എപ്പോഴാണ് നാം ഇതു ചെയ്യാൻ പോകുന്നത്?'



www.malankaralibrary.com



# കത്തോലിക്കാ ബൈബിൾ മേഖല ഇന്ന്

റവ. ഡോ. തെരേസ SABS

## ആമുഖം

സൃഷ്ടിയിലൂടെയും ചരിത്രത്തിലൂടെയും തെരഞ്ഞെടുപ്പിന്റെയും ഉടമ്പടിയുടേതുമായ പ്രത്യേക സംഭവങ്ങളിലൂടെയും തന്നെത്ത ന്നെ വെളിപ്പെടുത്തുന്ന ദൈവം, ക്രിസ്തുവിലൂടെ ആ വെളിപാടു പൂർ ണമാക്കി. ദൈവം വെളിപ്പെടുത്തിയവ ലിഖിതപ്പെടുത്തുകയും തലമുറ കളിലൂടെ കൈമാറുകയും ചെയ്യുകയെന്നതും ദൈവികപദ്ധതിയുടെ ഭാഗമായി. ബൈബിൾ ഒരു സമ്പൂർണഗ്രന്ഥമായി വിരചിതമായിട്ട് രണ്ടു സഹസ്രാബ്ദങ്ങളോളമായിരിക്കുന്നു. വിശുദ്ധ ഗ്രന്ഥത്തെക്കുറിച്ചു നടന്ന സിനഡും സിനഡനന്തര അപ്പസ്തോലികലേഖനവും (*കർത്താവിന്റെ വചനം*) ഇന്നത്തെ കത്തോലിക്കാ ബൈബിൾ മേഖല യെക്കുറിച്ചുള്ള വിചിന്തനത്തിനു നമ്മെ ക്ഷണിക്കുന്നുണ്ട്. സിദ്ധാന്ത ങ്ങളുടെ മാത്രമല്ല, തിരുസ്സഭാസംബന്ധമായ എല്ലാ പ്രവർത്തനങ്ങളു ടെയും കാതലായിരിക്കുന്ന വിശുദ്ധഗ്രന്ഥത്തിന്റെ സ്വാധീനം അപരി മേയമാണ് എന്ന സത്യം മനസ്സിലുറപ്പിച്ചുമാത്രമേ ഇന്നിന്റെ ബൈബിൾ മേഖലയെക്കുറിച്ചു എന്തെങ്കിലും പറയാനാകൂ. അതിനാൽ, "സഭയെ ഏല്പിച്ചിരിക്കുന്ന ദൈവികവെളിപാടിന്റെ ആ നിധി"യുടെ (DV, 26) തലമുറകളിലൂടെയുള്ള കൈമാറ്റം പ്രചരണം വ്യാഖ്യാന-പഠനരംഗത്തുണ്ടായ മുന്നേറ്റം എന്നിവയെക്കുറിച്ച് വളരെ ചുരുക്കമായി പ്രതിപാദിക്കുകയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

### 1. വിശുദ്ധ ഗ്രന്ഥത്തിന്റെ കൈമാറ്റം

ഗ്രീക്കുഭാഷയിലെ *ബിബ്ലിയ* ("The Books") എന്ന വാക്കിന്റെ തത്ഭവരൂപമായ "ബൈബിൾ" എന്നപേരിൽ, ഏറ്റവുമധികം ഭാഷകളിൽ വിവർത്തനം ചെയ്യപ്പെട്ടും ഏറ്റവുമധികം പ്രതികളിൽ പ്രസിദ്ധീകരിക്ക പ്പെട്ടും ഏറ്റവുമധികം ആളുകളാൽ ദിവസേന പാരായണം ചെയ്യപ്പെട്ടും ക്രൈസ്തവരുടെ വിശുദ്ധഗ്രന്ഥം അതിന്റെ പേരിനെ അന്വർത്ഥമാക്കി ക്കൊണ്ട് ലോകത്തിലെ ഏറ്റവും പ്രധാന "പുസ്തക"മായി നിലകൊള്ളുന്നു. ബൈബിൾ എഴുതിത്തുടങ്ങിയ കാലംമുതൽ ആ ലിഖിതങ്ങളെ വളരെ വിശുദ്ധവും അമൂല്യവുമായി കരുതി കാത്തുസൂക്ഷിച്ചു പോന്നതിന്റെ ഫലമാണ് ഇന്നു



www.malankaralibrary.com

നമ്മുടെ കൈയിലുള്ള വിശുദ്ധഗ്രന്ഥം. ഇതു സാധ്യമാക്കിത്തീർത്ത കൈയെഴുത്തുപ്രതികൾ, പ്രധാന വിവർത്ത നങ്ങൾ, അച്ചടിപ്പതിപ്പുകൾ എന്നിവയുടെ നീണ്ട ചരിത്രവും അതിന്റെ ഇന്നത്തെ സ്ഥിതി വിവരങ്ങളും ഏതൊരു വിശ്വാസിക്കും ഉൾപ്പുളകമുളവാക്കുന്നവയാണ്.

## 1.1 കൈയെഴുത്തുപ്രതികൾ

പഴയ-പുതിയനിയമഗ്രന്ഥങ്ങളുടെ കൈയെഴുത്തുപ്രതികൾ മിക്കതും ഭാഗികങ്ങളോ ചെറുശകലങ്ങളോ ആയി ലഭിച്ചിട്ടുള്ളവയാണ്. ഇവയിൽ അമൂല്യങ്ങളായി സൂക്ഷിച്ചുപോരുന്ന പഴയനിയമരേഖകളിൽ പ്രധാനപ്പെട്ടവ ഖുംറാൻ രേഖകൾ (ബി.സി. 1-ാം നൂറ്റാണ്ട്, ചാവുകടൽ ത്തീരത്തു നിന്നു 1947-ൽ കണ്ടെടുത്തത്), നാഷ് പാപ്പിറസ് (എ.ഡി. 1-2 നൂറ്റാണ്ട്), ഗെനീസ ശകലങ്ങൾ (എ.ഡി. 5-8 നൂറ്റാണ്ട്), കെയ്റോ കോഡക്സ് (എ.ഡി. 895), ആലെപ്പോ കോഡക്സ് (എ.ഡി. 10-ാം നൂറ്റാണ്ട്) ലെനിൻ ഗ്രാഡു കോഡക്സ് (എ.ഡി. 1008) എന്നിവയാണ്. ഇന്ന് ഏറ്റവുമധികം പ്രചാരമുള്ളതും ആധുനികവിവർത്തനങ്ങൾക്ക് ആധാരവുമായ ഹീബ്രു അച്ചടിപ്പതിപ്പ് *ബിബ്ലിയ ഹെബ്രായിക്ക സ്റ്റുട്ട് ഗാർത്തെൻസിയ* (1967-68) ലെനിൻഗ്രാഡ് കോഡക്സിനെ അടിസ്ഥാ നമാക്കിയുള്ളതാണ്.

പുതിയനിയമത്തിന്റെ പുരാതനകൈയെഴുത്തുപ്രതികൾ അയ്യാ യിരത്തിലധികമുണ്ട്. കുറച്ചുവാക്യങ്ങൾ മാത്രമുൾക്കൊള്ളുന്ന പാപ്പി റസ് ലിഖിതങ്ങളാണ് ഇവയിലേറെയും. എന്നാൽ, കോഡെക്സിൽ (തോൽക്കടലാസ്) ഉള്ളവ നാശത്തെ പ്രായേണ അതിജീവിക്കുകയും കൂടുതൽ ലിഖിതഭാഗങ്ങൾ ഉൾക്കൊള്ളുന്നവയായി കാണപ്പെടുകയും ചെയ്യുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ടവ എ.ഡി. 4-ാം നൂറ്റാണ്ടിലേതെ ന്നു കരുതപ്പെടുന്ന സീനായ്, വത്തിക്കാൻ എന്നീ കോഡക്സുകളും എ.ഡി. 5-ാം നൂറ്റാണ്ടിലെ അലക്സാണ്ഡ്രിയൻ കോഡക്സുമാണ്. എഴുതപ്പെട്ടനാൾമുതൽ ഇവയും ഇവയോടൊപ്പം ഇന്നു നിലവിലുള്ള വയും കാലഹരണപ്പെട്ടവയുമായ അനേകം കൈയെഴുത്തുപ്രതികളും ദൈവികവെളിപാടിന്റെ നിക്ഷേപമായി സൂക്ഷിക്കപ്പെടുക മാത്രമല്ല, വായിക്കപ്പെട്ടും ശ്രവിക്കപ്പെട്ടും മനനം ചെയ്യപ്പെട്ടും ആത്മീയ, ധാർമിക മൂല്യങ്ങൾ പകർന്നും തലമുറകളിലൂടെ കൈമാറ്റം ചെയ്തുപോന്നു. ഇന്ന് ഇവയുടെ യഥാർത്ഥപതിപ്പുകൾ ലോകത്തിലെ പ്രധാന മ്യൂസിയങ്ങളിലെ അമൂല്യനിക്ഷേപങ്ങളാണ്.

## 1.2 അച്ചടിപ്പതിപ്പുകൾ

ലിഖിതവചനം വ്യാപകമായി പ്രചരിച്ചത് അച്ചടിപ്പതിപ്പുകളിലൂ ടെയാണ്. ബൈബിൾ ആദ്യമായി അച്ചടിച്ചത് ലത്തീൻഭാഷയിലാണ്. ലത്തീൻ ഭാഷയുടെ പ്രാമുഖ്യവും ലളിതലിപിയും അതിലുള്ള വിവർ ത്തനം ലഭ്യമായിരുന്നുവെന്നതും ഇതിനു കാരണമായിരിക്കണം. തുടർന്ന്



www.malankaralibrary.com

മൂലഭാഷയായ ഗ്രീക്കിലും അച്ചടിപ്പതിപ്പുകൾ പുറത്തിറങ്ങി. ഒന്നിലേറെ കൈയെഴുത്തുപ്രതികൾ ഉപയോഗിച്ചു തയ്യാറാക്കിയ പതിപ്പുകളും പഠനസാമഗ്രികളോടെ തയ്യാറാക്കിയ പതിപ്പുകളും ഉണ്ടായി. 1881-ൽ വത്തിക്കാൻ കോഡക്സിനെ ആധാരമാക്കി ഗ്രീക്കുപുതിയ നിയമം പ്രസിദ്ധീകരിച്ചു. 1933-ൽ റോമിലെ പൊന്തിഫിക്കൽ ഇൻസ്റ്റി റ്റ്യൂട്ട് പുറത്തിറക്കിയ ഗ്രീക്ക്-ലത്തീൻ സംശോധിത പതിപ്പ് കൂടുതൽ ശ്രദ്ധിക്കപ്പെട്ടു. ഇതിന്റെ പതിനൊന്നാം പതിപ്പ് ഇപ്പോഴും പ്രചാരത്തി ലുണ്ട്. എബെർഹാൻഡ് നെസിൽ എന്ന പണ്ഡിതൻ സ്റ്റുട്ട്ഗാർട്ടിൽ നിന്നു പ്രസിദ്ധീകരിച്ച 1898-ലെ ഗ്രീക്കു പുതിയനിയമം മറ്റു പതിപ്പുകളെ നിഷ്പ്രഭമാക്കി. ഇതിന്റെ 27-ാം പതിപ്പ്, *നെസിൽ -അലാൻഡ് നോവും ടെസ്റ്റമെന്തും ഗ്രേച്ചേ* (1993), കത്തോലിക്കാസഭയും ഐക്യബൈബിൾ സൊസൈറ്റികളും അംഗീകരിച്ച പുതിയനിയമപാഠമാണ്.

### 1.3 വിവർത്തനങ്ങൾ

ബൈബിൾ അതിന്റെ മൂലഭാഷയിൽനിന്നു വിവർത്തനംചെയ്യാനുള്ള ആർജ്ജവവും സാഹസികതയും പഴയനിയമകാലത്തുതന്നെയുണ്ടായി എന്നത് അതിശയകരമാണ്. ഇതേ രീതിയിൽ ക്രൈസ്തവരും ആദ്യനൂറ്റാണ്ടുകളിൽത്തന്നെ വിശുദ്ധഗ്രന്ഥം വിവർത്തനം ചെയ്യുന്നതി ലും ഉപയോഗിക്കുന്നതിലും അസാമാന്യശുഷ്കാന്തി കാണിച്ചിരുന്നു. ഈ താല്പര്യത്തിനുപിന്നിൽ അവരുടെ വിശ്വാസത്തിന്റെ ദൃഢതയും ദൈവവചനം വ്യാപിപ്പിക്കുന്നതിനും അടുത്ത തലമുറയ്ക്കു പകരുന്ന തിനുമുള്ള ആവേശവും തെളിഞ്ഞുകാണാം.

ഗ്രീക്ക് അധിനിവേശത്തോടു കൂടി ചിതറിപ്പാർക്കേണ്ടിവന്ന യഹൂദർ, ക്രമേണ ഗ്രീക്കുഭാഷയും സംസ്കാരവുമായി ചേർന്നുപോകേ ണ്ട സാഹചര്യം വന്നപ്പോൾ, ബി.സി. മൂന്നാം നൂറ്റാണ്ടിൽ ഹീബ്രു ബൈബിൾ ഗ്രീക്കിലേക്കു മൊഴിമാറ്റം നടത്തി. അതാണ് യഹൂദരും തുടർന്ന് ആദിമസഭയും ഉപയോഗിച്ചുപോന്ന *സപ്തതി* (Septuagint). ഇതു കൂടാതെ *അക്വീലാ, സിമ്മാക്കൂസ്, തെയൊഡോഷ്യൻ* എന്നീ പുരാതന ഗ്രീക്കുവിവർത്തനങ്ങളും ബൈബിൾ വിജ്ഞാനീയരംഗത്ത് പ്രാധാന്യമുള്ളവയാണ്. വിശുദ്ധ ഗ്രന്ഥത്തിന്റെ പൂജ്യതയും വചനപഠന ത്തോടുള്ള തീക്ഷ്ണതയും എടുത്തുകാട്ടുന്ന ഒരിജന്റെ *ഹെക്സാപ്ല*, പഴയ നിയമത്തിന്റെ വ്യത്യസ്തപതിപ്പുകളെ ആറുകോളങ്ങളിലായി തയ്യാറാക്കിയ ഒരു ബൃഹദ്ഗ്രന്ഥമായിരുന്നു. സഭാപിതാക്കന്മാരു ടെയും മറ്റും കൃതികളിലെ ഉദ്ധരണികളായിമാത്രമേ അവ ഇന്നു ലഭ്യ മായിട്ടുള്ളു. ഇവകൂടാതെ, അറമായ ഭാഷാവിവർത്തനമായ *താർഗും* സുറിയാനിവിവർത്തനമായ *പെഷീത്ത* എന്നിവ ഇന്നും ബൈബിളിന്റെ പാഠനിരൂപണരംഗത്ത് അതീവ പ്രാധാന്യമുള്ളവയാണ്. പ്രാചീന ലത്തീൻ വിവർത്തനങ്ങളാകട്ടെ, എ.ഡി. 2-ാംനൂറ്റാണ്ടുമുതൽ പ്രചരിച്ചു തുടങ്ങിയിരുന്നുവെന്നകാര്യം തെർത്തുല്യൻ,



www.malankaralibrary.com

സിപ്രിയൻ തുടങ്ങിയ സഭാപിതാക്കന്മാരുടെ രചനകൾ തെളിയിക്കുന്നുണ്ട്. സഭയുടെ ആരാ ധനക്രമ ഉപയോഗത്തിനും ദൈവശാസ്ത്രചർച്ചയ്ക്കുമായി മാർപാപ്പ യുടെ നിർദ്ദേശപ്രകാരം വിശുദ്ധ ജറോം തയ്യാറാക്കിയ ലത്തീൻപതിപ്പാണ് *വുൾഗാത്ത.* ഇത് 7-ാം നൂറ്റാണ്ടുമുതൽ സഭയുടെ ഔദ്യോഗിക ബൈ ബിളായി മാറി. കൂടാതെ കോപ്റ്റിക്, ജോർജിയൻ, എത്യോപ്യൻ മുതലായ പുരാതന ഭാഷാന്തരങ്ങളുടെയും കൈയെഴുത്തുപ്രതികളും ഇന്നുണ്ട്. മനുഷ്യരക്ഷയ്ക്കുവേണ്ടി മനുഷ്യരൂപമെടുത്ത ദൈവത്തെപ്പോലെ, അതേലക്ഷ്യത്തോടുകൂടിത്തന്നെ, മനിഷ്യന്റെ ഭാഷയ്ക്കും സംസ്കാരത്തിനും സദൃശമാകാൻ ദൈവവചനവും അതിന്റെ മൂല ഭാഷയെ മുറുകെപ്പിടിക്കേണ്ട കാര്യമായി പരിഗണിച്ചില്ല എന്ന സത്യം ഇന്നുള്ള അനേകായിരം ആധുനിക ഭാഷാവിവർത്തനങ്ങൾ വെളിപ്പെടുത്തുന്നു.

### 1.4 ആധുനികവിവർത്തനങ്ങൾ

ബൈബിൾമേഖല ഇന്ന് എങ്ങനെയെന്ന ചോദ്യത്തിനുത്തര മായി, ഒരുപക്ഷേ, ഇന്നു ലോകമൊട്ടാകെ പ്രചരിച്ചിരിക്കുന്ന ബൈബി ളിന്റെ കണക്ക് അഭിമാനത്തോടെ അവതരിപ്പിക്കുവാനാകും. ലോകത്താ കമാനം ആധുനികഭാഷകളിലുള്ള കോടിക്കണക്കിനു ബൈബിൾ പ്രതി കളാണ് പ്രചരിച്ചിട്ടുള്ളതും പ്രചരിക്കുന്നതും. എന്നാൽ, ക്രിസ്തുവർ ഷത്തിന്റെ ഏതാണ്ടു ആദ്യപത്തുനൂറ്റാണ്ടോളം മേല്പറഞ്ഞ പുരാതന ഭാഷകളിലുള്ള തർജ്ജമകളേ ഉണ്ടായിരുന്നുള്ളൂ.

ഇംഗ്ലീഷിലെ ആദ്യവിവർത്തനം 1400-ൽ ജോൺ വൈക്ലിഫ് പുറത്തിറക്കിയതാണ്. 1522-ൽ മാർട്ടിൻ ലൂതറിന്റെ ജർമൻ വിവർത്ത നവും നിലവിൽവന്നു. 1546-ലെ ത്രെന്തോസ് സൂനഹദോസ് പ്രൊട്ടസ്റ്റന്റ് വിപ്ലവത്തിന്റെ പശ്ചാത്തലത്തിൽ പഴയ-പുതിയനിയമങ്ങളിലെ കാനോനികപുസ്തകങ്ങളുടെ പത്രിക പ്രസിദ്ധീകരിച്ചു. ലത്തീൻ ഭാഷ യിലുള്ള *വുൾഗാത്ത* സഭയുടെ ഔദ്യോഗികബൈബിളായി പ്രഖ്യാപി ക്കുകയും മറ്റു ഭാഷകളിലുള്ള തർജ്ജമകളെയും പുതിയ തർജ്ജമകളും വ്യാഖ്യാനങ്ങളും പ്രസിദ്ധീകരിക്കുന്നതിനെയും നിരോധിക്കുകയും ചെയ്തു. സഭാധികാരികളുടെ സമ്മതമില്ലാതെ വിശുദ്ധഗ്രന്ഥത്തിന്റെ കോപ്പികൾ വില്ക്കുന്നതിനെയും കൈവശം വയ്ക്കുന്നതിനെയും വിലക്കുകയും ചെയ്തു.

കത്തോലിക്കാസഭയിലെ ബൈബിൾമേഖല ഒരു മാന്ദ്യാവസ്ഥയിലായ ഇക്കാലത്ത് പ്രൊട്ടസ്റ്റന്റ് വിഭാഗത്തിലുള്ളവർ ബൈബിളിനോ ടുള്ള ആഭിമുഖ്യം വളർത്തുകയാണുണ്ടായത്. തത്ഫലമായി, അവരുടെ യിടയിൽ ബൈബിൾ വിവർത്തനങ്ങളും വിമർശനാത്മകപഠനങ്ങളും ധാരാളം ഉണ്ടായി. ഈ ആഭിമുഖ്യം താമസിയാതെ കത്തോലിക്കരിലേക്കും വ്യാപിക്കുകയും ക്രമേണ സഭാധികാരികൾ വിവർത്തനങ്ങൾക്കും വ്യാഖ്യാനങ്ങൾക്കും



www.malankaralibrary.com

പ്രോത്സാഹനം നല്കുകയും ചെയ്തു. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ലെയോ 13-ാമൻ പാപ്പായുടെ സുപ്രധാന ബൈബിൾരേഖ *പ്രോവിദേന്തിസ്സിമൂസ് ദേവൂസ്* (1893) ബൈബിൾ പഠനരംഗത്തുണ്ടായ നൂതനഗവേഷണരീതികളെ അവഗണിക്കരുതെന്ന് ഉദ്ബോധിപ്പിച്ചത് ബൈബിൾമേഖലയുടെ ഉണർവിനു കാരണമായി. 1942-ൽ പീയൂസ് 12-ാമൻ പാപ്പായുടെ *ദിവീനോ അഫ്ളാന്തേ സ്പിരിത്തു* എന്ന ചാക്രികലേഖനം പുതിയ തർജ്ജമകൾക്ക് പ്രോത്സാഹനമേകുകയും ചെയ്തു. 17-20 നൂറ്റാണ്ടുകളിൽ കത്തോലിക്കരുടെയിടയിൽ ഉണ്ടായ അപൂർവമായ തർജ്ജമകൾതന്നെ മൂലഭാഷയിൽ നിന്നുള്ളതായിരുന്നില്ല, മറിച്ച്, ലത്തീൻ വുൾഗാത്തയിൽ നിന്നുള്ളതായിരുന്നു. എന്നാൽ 1942-ലെ രേഖയുടെ പിൻബലത്തിൽ മററു ക്രൈസ്തവ വിഭാഗങ്ങളോടു സഹകരിച്ചും സ്വന്തമായും ഇംഗ്ലീഷ്, ഫ്രഞ്ച് തുടങ്ങിയ യൂറോപ്യൻ ഭാഷകളിൽ, മൂലഭാഷകളിൽ നിന്നുള്ള പരിഭാഷകൾ വെളിച്ചംകണ്ടു. രണ്ടാം വത്തിക്കാൻ കൗൺസിലും ഇത്ത രുണത്തിൽ ഒരു വഴിത്തിരിവായി. യുണൈറ്റഡ് ബൈബിൾ സൊസൈറ്റിയുടെ 2007-ലെ കണക്കനുസരിച്ച് 438 ഭാഷകളിൽ സമ്പൂർണബൈബിളും 1618 ഭാഷകളിൽ പഴയനിയമമോ പുതിയനിയമമോ ആയി ഏതെങ്കിലുമൊന്നും പ്രസിദ്ധീകരിച്ചിട്ടുണ്ട്. കത്തോലിക്കരുടേതായിട്ടുള്ള വിവർത്തനങ്ങളുടെ എണ്ണം ഇന്നു വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

കത്തോലിക്കാസഭതന്നെ ബൈബിൾ വിവർത്തനരംഗത്തെ ത്തിയത് താമസിച്ചാണെങ്കിൽ കേരളകത്തോലിക്കർക്ക് മലയാളബൈ ബിൾ ലഭിക്കാൻ ഒരുപാടു കാലതാമസം വന്നു. അവർ ആരാധനക്രമ ഭാഷയായിരുന്ന സുറിയാനിയിലോ ലത്തീനിലോ ഉള്ള വായനകളാണു ശ്രവിച്ചിരുന്നത്. പ്രാദേശികഭാഷകളിൽ ബൈബിൾ തർജ്ജമ ചെയ്തു പ്രസിദ്ധീ കരിക്കുകയെന്നത് പ്രൊട്ടസ്റ്റന്റ് മിഷനറിമാർ അവരുടെ വലിയ ദൗത്യമായി കരുതിയതിന്റെ ഫലമായി മലയാളത്തിൽ 18-ാം നൂറ്റാണ്ടി ന്റെ ആരംഭത്തിൽ ബൈബിൾ തർജ്ജമകളുണ്ടായിരുന്നു. ബെഞ്ചമിൻ ബെയ്ലിയുടെ നേതൃത്വത്തിൽ 1841-ൽ സമ്പൂർണബൈബിൾ തന്നെ അവർ അച്ചടിച്ചു പ്രസിദ്ധീകരിച്ചു. ഇതോടൊപ്പം, തുടർന്ന് പുറത്തി റങ്ങിയ ഹെർമൻ ഗുണ്ടർട്ടിന്റെ പുതിയനിയമവിവർത്തനം (1889) കൂടി സമന്വയിപ്പിച്ചുകൊണ്ട് പ്രസിദ്ധീകരിച്ച സമ്പൂർണബൈബിൾ, *സത്യവേദപുസ്തകം* എന്ന പേരിലാണ് പുറത്തിറങ്ങിയത് (1910). ഇതാണ് മലയാളസാഹിത്യത്തിൽ ഇന്നും ഉദ്ധരിക്കപ്പെടുന്നതെന്നു പറയാം.

മലയാളബൈബിൾ വിവർത്തനരംഗത്ത്, കേരളകത്തോലിക്കരു ടേതെന്നു പറയാവുന്ന ആദ്യചുവടുവയ്പു മഞ്ഞുമ്മേൽ കർമലീത്താ സന്യാസിമാരുടേതാണ്. വുൾഗാത്തയിൽ നിന്നുള്ള ഭാഗികമായ പുതി യനിയമവിവർത്തനമായിരുന്നു അവരുടേത്(1905). *വുൾഗാത്ത, പെഷീ ത്ത* വിവർത്തനങ്ങളിൽനിന്നുള്ള ഭാഗികമായ ബൈബിൾ പരിഭാഷകൾ തുടർന്നും പ്രകാശിതമായി. പഞ്ചഗ്രന്ഥി (1924), സങ്കീർത്തനങ്ങൾ (1931), പുതിയനിയമം



www.malankaralibrary.com

(1940) എന്നിവ അവയിൽ പ്രധാനപ്പെട്ടവയാണ്. എസ്. എച്ച്. ലീഗ് 1934-1949 കാലയളവിൽ വുൾഗാത്തയിൽനിന്നുള്ള മലയാളത്തിലെ സമ്പൂർണ ബൈബിൾ പ്രസിദ്ധീകരിച്ചത് കേരളബൈബിൾമേഖലയ്ക്ക് ഒരു മുതൽക്കൂട്ടായിരുന്നു.

കേരളകത്തോലിക്കാ സഭയുടെ തനതുപരിഭാഷയായ പി.ഒ.സി. ബൈബിൾ, കേരള കാത്തലിക് ബിഷപ്പ്സ് കോൺഫറൻസിന്റെ ബൈബിൾ കമ്മീഷൻ തയ്യാറാക്കിയതാണ്. മൂലഭാഷയെ അധികരിച്ചുള്ള ഇതിന്റെ പുതിയനിയമപരിഭാഷ 1977-ലും, പഴയനിയമപരിഭാഷ 1981 -ലും പുറത്തിറങ്ങി. ഇക്കാലയളവുകൊണ്ട് ഇരുപതുലക്ഷത്തിലധികം കോപ്പികൾ അടിച്ചിറങ്ങിയിട്ടുണ്ടെന്നത് തർജ്ജമയുടെ മഹത്ത്വത്തെ മാത്രമല്ല, ഇന്നിന്റെ കേരള കത്തോലിക്കാബൈബിൾ മേഖലയുടെ മഹത്തായ പുരോഗതിയെക്കൂടി കാണിക്കുന്നുണ്ട്. മുപ്പത്തഞ്ചുവർഷങ്ങൾക്കുശേഷം പുതിയനിയമത്തിന്റെ പരിഷ്കരിച്ച പതിപ്പുകൂടി ബൈബിൾ കമ്മീഷനു പുറത്തിറക്കാനായി എന്നത് അഭിമാനകരമാണ്. പ്രാർത്ഥനയ്ക്കും പരിചിന്തനത്തിനും പഠനത്തിനും ഉതകുമാറ് ബൈബിൾ ഇന്നു വ്യക്തികൾക്ക് കരഗതമാണ്. ഇന്നു വചനപ്രഘോ ഷണം നടത്തുന്ന ഒരു മിഷനറിയുടെ ഏറ്റവും വലിയ സ്വത്തും സംഭാവ നയും ലിഖിതവചനം തന്നെയാണെന്നുപറയാം. ഭാരതത്തിന്റെ വിവി ധഭാഗങ്ങളിൽ എത്തുന്ന മിഷനറിമാർ ബൈബിൾവിവർത്തനമെന്ന ദൗത്യം സുവിശേഷ പ്രഘോഷണമായിത്തന്നെ കരുതുന്നതിന്റെ തെളിവാണ് ഇന്നു നിരവധിയായ ഭാരതീയ ഭാഷകളിൽ ലഭ്യമായിരി ക്കുന്ന വിശുദ്ധഗ്രന്ഥം.

## 2. ബൈബിൾ കമ്മീഷനുകളും സംഘടനകളും

വിശുദ്ധ ഗ്രന്ഥത്തിന്റെ പ്രചാരണത്തിലും വിവർത്തനത്തിലും വിമർശനാത്മകപഠനത്തിലും മാത്രമല്ല, വിശുദ്ധ ഗ്രന്ഥാധിഷ്ഠിതമായി ആധ്യാത്മികജീവിതം കരുപ്പിടിപ്പിക്കുന്നതിനും അങ്ങനെ, ലോകത്തെ നവീകരിക്കുന്നതിനും സംഘാതമായുള്ള പ്രവർത്തനം സഭ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ആഗോളവ്യാപകമായി ഈ ലക്ഷ്യത്തിനു വേണ്ടി സമർപ്പണമനോഭാവത്തോടെ പ്രവർത്തിക്കുന്നവരെ ഒരുമിച്ചു ചേർക്കാനും അനേകരെ ഈ ലക്ഷ്യത്തിലേയ്ക്കാനയിക്കാനും പര്യാ പ്തമായ അനേകം സംഘടനകൾ ഇന്നുണ്ട്. ആഗോളസഭാതലത്തി ലുള്ള പ്രസ്ഥാനങ്ങളും പ്രാദേശികതലത്തിലുള്ള സംരംഭങ്ങളും ഇന്നിന്റെ ബൈബിൾ മേഖലയെ പ്രകാശിപ്പിക്കുന്നുണ്ട്.

### 2.1 പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷൻ

19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെയാണ് ബൈബിൾ പഠന ത്തോടുള്ള വൈമുഖ്യത്തിൽനിന്നും കത്തോലിക്കർക്ക് കരേറ്റമുണ്ടാ യതെന്നു നാം കണ്ടു. ഈ രംഗത്ത് ക്രിയാത്മകമായ മാറ്റമുണ്ടാക്കിയ *പ്രൊവിദേന്തിസ്സിമുസ് ദേവൂസ്*



www.malankaralibrary.com

എന്ന രേഖ വിശ്വാസികൾക്കു നല്കിയ ലെയോ 13-ാമൻ പാപ്പായുടെ വചനാഭിമുഖ്യത്തിനു മറ്റൊരു തെളിവായി മാറി 1902-ൽ അദ്ദേഹം രൂപീകരിച്ച പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷൻ. ബൈബിൾവിജ്ഞാനീയ രംഗത്തെ പണ്ഡിതന്മാർ ആലോചന ക്കാരായി നിയമിക്കപ്പെട്ടിരുന്ന കർദ്ദിനാൾമാരുടെ ഈ കമ്മീഷൻ സഭ യുടെ ഔദ്യോഗിക പ്രബോധനങ്ങൾ അവതരിപ്പിക്കുന്ന ഒരു വിഭാഗമാ യിട്ടാണ് വിഭാവനം ചെയ്യപ്പെട്ടത്. ബൈബിൾ സംബന്ധമായ സംശയ ങ്ങൾക്കും മറുപടി നല്കിയിരുന്നത് ഈ കമ്മീഷനായിരുന്നു. കത്തോലിക്കർ പ്രമാണങ്ങളായി അംഗീകരിക്കേണ്ടിയിരുന്ന കമ്മീഷന്റെ മറുപടി കൾ, പക്ഷേ, യാഥാസ്ഥിതികവും ശരിയായ ശാസ്ത്രീയഗവേഷണ പഠനങ്ങളെ പ്രോത്സാഹിപ്പിക്കാത്തവയുമായിരുന്നു. കമ്മീഷൻ പുറപ്പെടുവിച്ച ഡിക്രികൾ ആദ്യകാലങ്ങളിൽ കത്തോലിക്കാബൈബിൾ വ്യാഖ്യാതാ ക്കളെയും അവരുടെ പ്രവർത്തനത്തെയും ഒട്ടൊക്കെ അസ്വസ്ഥമാ ക്കിയെങ്കിലും ബൈബിൾവ്യാഖ്യാനരംഗത്തുണ്ടായ വളർച്ചയെ തടയാൻ അവയ്ക്കായില്ല.

1893-ലെ *പ്രൊവിദേന്തിസ്സിമൂസ് ദേവൂസ്* ഉണർത്തിയ ബൈബി ളിനോടുള്ള നവീനാഭിമുഖ്യം തുടരുകതന്നെ ചെയ്തു. അതുല്യബൈ ബിൾ പണ്ഡിതനും സഭാപിതാവുമായ വിശുദ്ധ ജറോമിന്റെ 1500-ാമത് ചരമവാർഷി കത്തോടനുബന്ധിച്ച് 1920-ൽ ബെനഡിക്റ്റ് പതിനഞ്ചാമൻ പുറപ്പെടുവിച്ച *സ്പിരിത്തൂസ് പരാക്ലീത്തൂസ്*, ലെയോ 13-ാമൻ പാപ്പാ യുടെ ചാക്രികലേഖനത്തിന്റെ അമ്പതാം വർഷത്തിൽ പീയൂസ് പന്ത്ര ണ്ടാം പാപ്പായുടെ സംഭാവനയായ *ദിവീനോ അഫ്ളാന്തെ സ്പിരിത്തു* എന്നീ രേഖകൾ ബൈബിൾ വിജ്ഞാനീയരംഗത്തെ വളർച്ച ത്വരിത മാക്കി. ഇവ രണ്ടിന്റെയും പരിപൂർത്തി എന്നനിലയിലുള്ളതായിരുന്നു രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ *ദൈവാവിഷ്കരണം* (1965) എന്ന പ്രമാണരേഖ. ദൈവാവിഷ്കരണത്തെ സംബന്ധിച്ച് നവീനമായ ഉൾക്കാഴ്ചയും ദൈവവചനവ്യാഖ്യാനത്തിനു പുതിയൊരു ദൈവശാസ്ത്ര സമീപനരീതിയും ഈ പ്രമാണരേഖവഴി ഉരുത്തിരിഞ്ഞു. തുടർന്നു പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷൻ തന്നെ, *പ്രൊവിദേന്തിസ്സിമൂസ് ദേവൂസ്* - ന്റെ നൂറാംവാർഷികത്തിൽ പുറത്തിറക്കിയ *ദൈവവചന വ്യാഖ്യാനം തിരുസ്സഭയിൽ* (1993) എന്ന പ്രബോധനരേഖ, കൗൺസി ലിന്റെ നൂതനാഭിമുഖ്യങ്ങളെ ഉൾക്കൊള്ളുകയും വിപുലീകരിക്കുകയും ചെയ്തുകൊണ്ടു പുറത്തിറങ്ങിയിട്ടുള്ളതാണ്. ബൈബിൾവ്യാഖ്യാനരംഗത്തെ ഒരു നാഴികക്കല്ലായി കണക്കാക്കപ്പെടുന്ന ഈ രേഖയെത്തു ടർന്ന് ഇതേ കമ്മീഷൻതന്നെ, *യഹൂദജനതയും അവരുടെ വിശുദ്ധ ലിഖിതങ്ങളും ക്രിസ്തീയബൈബിളിൽ* (2001), *ബൈബിളും ധാർമികതയും: ക്രിസ്തീയജീവിതവ്യാപാരത്തിന്റെ ദൈവവച നാടിസ്ഥാനം* (2008) എന്നീ രേഖകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിശുദ്ധ ലിഖിതങ്ങളെ നിരൂപണാത്മകമായി സമീപിക്കുകയും വ്യാഖ്യാനിക്കുകയും മാനവസമൂഹങ്ങളെയും ക്രൈസ്തവജീവിതത്തിന്റെ എല്ലാ മേഖലകളെയും തിരുലിഖിതവുമായി



www.malankaralibrary.com

ബന്ധപ്പെടുത്തുകയും ചെയ്യു ന്നതിന് പ്രോത്സാഹനം നല്കുന്ന സുപ്രധാനരേഖകളായി ഇവ ശോഭിക്കുന്നു.

### 2.2 കാത്തലിക് ബിബ്ലിക്കൽ ഫെഡറേഷൻ

133 രാജ്യങ്ങളിലായി 96 സ്ഥിരാംഗങ്ങളും 236 പങ്കാളികളുമുള്ള ഒരു അന്താരാഷ്ട്രഫെലോഷിപ്പായ കാത്തലിക് ബിബ്ലിക്കൽ ഫെഡറേഷൻ ദൈവവചനാധിഷ്ഠിതമായ അജപാലനശുശ്രൂഷയെ ലക്ഷ്യം വയ്ക്കുന്ന ഒരു സംഘടനയാണ്. ഈ ലക്ഷ്യംവച്ചുകൊണ്ടു പ്രവർത്തിക്കുന്ന അനേകം ക്രൈസ്തവസംഘടനകൾ ഈ ഫെഡറേഷനിൽ അംഗങ്ങളായി ലോകവ്യാപകമായി സുവിശേഷവേല നടത്തുന്നുണ്ട്. "ഓരോ ക്രൈസ്തവനും വിശുദ്ധഗ്രന്ഥം വായിക്കാൻ സുഗമമായ അവ സരം നല്കേണ്ടതാണ്" (DV 22) എന്ന രണ്ടാം വത്തിക്കാൻ കൗൺ സിലിന്റെ ആഹ്വാനം അനുസരിച്ച് കാർഡിനൽ അഗസ്റ്റിൻ ബേയുടെ പരിശ്രമഫലമായി സെക്രട്ടേറിയറ്റ് ഫോർ ക്രിസ്റ്റ്യൻ യൂണിറ്റി 1969-ൽ രൂപം കൊടുത്ത ഈ സംഘടനയുടെ പ്രവർത്തന പദ്ധതികൾ വിപുലമാണ്. ഇക്കാലയളവിൽ, ഏഴു പ്ലീനറി കൗൺസിലുകൾക്കു പുറമേ, അന്താരാഷ്ട്രതലത്തിൽ അനേകം ബിബ്ലിക്കൽ-പാസ്റ്ററൽ സെമിനാറുകളും ഫെഡറേഷന്റെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്.

കത്തോലിക്കാബൈബിൾ മേഖലയുടെ ഉണർവും വളർച്ചയും മാത്രമല്ല, സർവ്വോപരി തിരുസ്സഭയുടെ സുവിശേഷവത്കരണമെന്ന ലക്ഷ്യവും മുന്നിൽ കണ്ടുകൊണ്ടാണ് ഈ ഫെഡറേഷൻ പ്രവർത്തിക്കുന്നത്. ബൈബിൾ തർജ്ജമകൾ പ്രോത്സാഹിപ്പിക്കുക, അതിനാവശ്യമായ സഹായസഹ കരണങ്ങൾ ഏർപ്പെടുത്തുക, ബൈബിൾവിതരണം അന്താരാഷ്ട്രതലത്തിൽ വിപുലമായി നടത്തുക, ബൈബിൾസന്ദേശം എല്ലായിടത്തും, പ്രത്യേകിച്ച്, പാർശ്വവത്കരിക്കപ്പെട്ടവരിൽ എത്തിക്കുക, ബൈബിൾ പഠനം പ്രോത്സാഹിപ്പിക്കുക, അതിനുള്ള സഹായകഗ്രന്ഥങ്ങളും മറ്റു സാഹചര്യങ്ങളും ലഭ്യമാക്കുക, ആധുനികമാധ്യമ ങ്ങൾ ഈ ലക്ഷ്യത്തിനായി ഉപയോഗിക്കുക എന്നിവയൊക്കെ ഈ സംഘടന ഫലവത്തായി നിർവ്വഹിക്കുന്നു.

### 2.3 കെ.സി.ബി.സി ബൈബിൾ കമ്മീഷൻ

പ്രാദേശിക മെത്രാൻസമിതിയുടെ കീഴിലുള്ള ബൈബിൾ കമ്മീഷനുകളും ബൈബിളിന്റെ വൈജ്ഞാനികമേഖലയെയും വിതരണത്തെയും പ്രഘോഷണത്തെയും പ്രോത്സാഹിപ്പിക്കുന്നുണ്ട്. കേരള കത്തോലിക്കാ ബൈബിൾമേഖലയുടെ മുഖം സുവിശേഷചൈതന്യ ത്താൽ ജ്വലിക്കുന്നുവെങ്കിൽ അതിന്റെ മുഖ്യകാരണം, കേരളകത്തോലിക്കാ മെത്രാൻ സമിതിയുടെ (കെ.സി.ബി.സി.) കീഴിലുള്ള ബൈബിൾ കമ്മീഷന്റെ പ്രവർത്തനങ്ങളാണ്. 1976-ൽ രൂപംകൊണ്ട ഈ കമ്മീഷന്റെ പ്രവർത്തനങ്ങൾ വിജയകരമാക്കുന്നതിനുവേണ്ടി ഓരോ രൂപതയിലും ബൈബിൾ



www.malankaralibrary.com

അപ്പോസ്തലേറ്റ് യൂണിറ്റുകളും ആരംഭിച്ചു. ഇവവഴി കമ്മീഷൻ രൂപതാതലത്തിലും കാര്യക്ഷമമായി പ്രവർത്തി ക്കുന്നു.

ബൈബിൾ പഠനത്തിനും വായനയ്ക്കുമായി വിശ്വാസികളെ ക്ഷണിക്കുകയും വചനാധിഷ്ഠിതജീവിതത്തിനു പ്രേരണനൽകുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെ, ബൈബിൾ ഞായറും അതിനുതൊട്ടു മുമ്പുള്ള ആഴ്ച ബൈബിൾ വാരവുമായി ആചരിക്കാൻ കമ്മീഷൻ വിശ്വാസികളെ ആഹ്വാനം ചെയ്യുന്നുണ്ട്. ഇതോടനുബന്ധിച്ച്, കെ.സി.ബി.സി. സർക്കുലർ പുറപ്പെടുവിക്കുകയും ഓരോ വർഷവും ഒരു ബൈ ബിൾ വിഷയം പ്രത്യേക ധ്യാനവിഷയമായി തെരഞ്ഞെടുക്കുകയും ചെയ്യുന്നു. വചനശുശ്രൂഷാ മേഖ ലയുടെ സാധ്യതകളെ വെളിച്ചത്തു കൊണ്ടുവരികയാണ് ഓരോ ബൈബിൾ വാരാചരണത്തിലൂടെയും ഇന്നു സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഡിസം ബർമാസം ബൈബിൾപാരായണമാസമായി ആചരിക്കാനുള്ള കേരള കത്തോ ലിക്കാ മെത്രാൻ സമിതിയുടെ തീരുമാനം ഏറെ സ്വാഗതാർഹമാണ്. ബൈബിൾ പഠിക്കുന്നതിനും ജീവിതഗന്ധിയാക്കുന്നതിനും, കൂടാതെ സുവിശേഷപ്രഘോഷണത്തിനും വിശ്വാസികൾക്കു സഹായകമാക ത്തക്കവിധത്തിൽ വിവിധ ബൈബിൾപഠന കോഴ്സു കൾക്കു രൂപം കൊടുത്തിട്ടുണ്ട്. ദൈവവചനപ്രേഷിതരംഗത്തു പ്രവർത്തിക്കുന്നവർക്ക് പരിശീലനം ലഭ്യമാക്കാൻ ബൈബിൾ ആനിമേറ്റേഴ്സ് കോഴ്സ്, ഏവർക്കും ബൈബിൾ പഠിക്കാനവസരവും സൗകര്യവും നല്കുന്ന ബുധനാഴ്ചകളിലെ ബൈബിൾ സായാഹ്ന കോഴ്സ്, വീട്ടിലിരുന്ന് ബൈബിൾ പാണ്ഡിത്യം നേടാൻ തക്കവിധം ഉന്നതനിലവാരം പുലർത്തുന്ന ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ് എന്നിവ ഉദാഹരണങ്ങളാണ്. കറസ്പോണ്ടൻസ് കോഴ്സിൽ പങ്കുചേർ ന്നവരുടെ എണ്ണം പതിനായിരത്തിൽ കവിഞ്ഞിരിക്കുന്നുവെന്നത് ഈ കോഴ്സിന്റെ നിലവാരത്തെമാത്രമല്ല, വിശ്വാസികൾക്ക് ബൈബിൾ പഠനത്തോടുള്ള താല്പര്യത്തെക്കൂടി വിളിച്ചോതുന്നുണ്ട്. ഇതു കൂടാതെ ബൈബിൾ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള അനേകം പഠന ശിബിരങ്ങൾ, ശില്പശാലകൾ, സെമിനാറുകൾ, സിംപോസിയങ്ങൾ, ബൈബിൾസാഹിത്യ-കലാമത്സരങ്ങൾ, ബൈബിൾ കലോത്സവം എന്നിവയ്ക്കും വേദി ഒരുക്കുന്ന ഈ കമ്മീഷൻ ബൈബിൾപണ്ഡി തരെയും കലാകാരന്മാരെയും ബൈബിൾമേഖല ഊർജ്ജസ്വലമാക്കാ നുള്ള പരിശ്രമങ്ങളിൽ പങ്കാളികളാക്കുന്നുണ്ട്.

ബൈബിൾ കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന 'ബൈബിൾ സൊസൈറ്റി' എന്ന ആശയം ബൈബിൾ കമ്മീഷൻ ചെയർമാൻപദവി യിൽ ദീർഘകാലമായി തുടരുന്ന അഭിവന്ദ്യ മാർ ജോർജ് പുന്നക്കോ ട്ടിൽ പിതാവിന്റേതായിരുന്നു. 1990-ൽ ഇതു രൂപം കൊണ്ട അന്നുമുതൽ ബൈബിൾ പ്രേഷിതത്വമേഖലയിൽ സജീവസാന്നിദ്ധ്യമായി നിലകൊള്ളു ന്നു. വചനപഠനത്തിന് അഭൂതപൂർവമായ ആവേശം നല്കിക്കൊ ണ്ടിരിക്കുന്ന



www.malankaralibrary.com

ലോഗോസ് ക്വിസിന്റെ നടത്തിപ്പിനും സൊസൈറ്റി നേതൃത്വം നല്കുന്നു. ലോകത്തിലെ ഏറ്റവും വലിയ ക്വിസ്മത്സരമായ ഇതിൽ, 2012-ൽ അഞ്ചുലക്ഷത്തിഅറുപത്തൊന്നായിരം പേരാണ് പങ്കെടുത്തത്. ബൈബിൾ സൊസൈറ്റിയിലുള്ള അംഗത്വം വഴിയും ബൈബിൾവിതരണക്കാരായും ബൈബിൾസന്ദേശവാഹകരായും ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുന്നവരായും അവർക്കുവേണ്ടി ത്യാഗപൂർവം സാമ്പത്തികസഹായം നല്കുന്നവരായും കേരളത്തിലെ വിശ്വാസികളെ വചനപ്രേഷിതത്വരംഗത്ത് ഏകോപിപ്പിക്കാൻ ബൈബിൾ സൊസൈറ്റിക്കു കഴിയുന്നുണ്ട്.

എല്ലാ രാജ്യങ്ങളിലുംതന്നെ കാത്തലിക് ബിബ്ലിക്കൽ അസ്സോസിയേഷനുകൾ ഉണ്ട്. കൂടാതെ, പല രാജ്യങ്ങളിലുമുള്ള ബൈബിൾ സൊസൈറ്റികളും ബൈബിൾ വിതരണത്തിനും ദൈവവചനവ്യാപന ത്തിനും പദ്ധതികൾ ആസൂത്രണംചെയ്തു നടപ്പിലാക്കുന്നുണ്ട്. അതുപോലെ ബൈബിൾ പണ്ഡിതരുടെ വിവിധ അസ്സോസിയേഷ നുകളും ദൈവവചനത്തിന്റെ വ്യാപനത്തിനായിമാത്രം സമർപ്പിക്ക പ്പെട്ടിരിക്കുന്ന സന്ന്യാസസമൂഹങ്ങളും കത്തോലിക്കാബൈബിൾ മേഖലയുടെ ഇന്നിന്റെ മുഖം കൂടുതൽ ശോഭായമാനമാക്കുന്നു. ധ്യാനകേന്ദ്രങ്ങളും കരിസ്മാറ്റിക് മൂവ്മെന്റും ബൈബിൾമേഖലയ്ക്ക് മുതൽക്കൂട്ടായിട്ടുണ്ട്. ഇന്ന് കേരളത്തിൽ മലയാളബൈബിൾ വിതരണം വിപുലമായി നടക്കുന്നതിന്റെ പിന്നിൽ ധ്യാനകേന്ദ്രങ്ങൾ വഹിക്കുന്ന പങ്കു ചില്ലറയല്ല.

### 3. ബൈബിൾവിജ്ഞാനീയമേഖല

അബ്രാഹത്തിന്റെ കാലം മുതൽ, മനുഷ്യാവതാരം ചെയ്ത ദൈവപുത്രനായ യേശുക്രിസ്തുവിന്റെയും തുടർന്ന് അപ്പസ്തോലിക കാലം വരെയുമുള്ള ചരിത്രം (ബി.സി. 1950-എ.ഡി. 100) ആണ് ബൈബിളിലുള്ളത്. നമുക്കു പരിചിതമല്ലാത്ത ഭൗതിക-ആധ്യാത്മിക സംസ്കാരത്തിലും ഭാഷയിലും വിവിധ സാഹിത്യരൂപങ്ങളിലും വിര ചിതമായിട്ടുള്ള ബൈബിൾ, മനനവും ഒപ്പം പഠനവും അർഹിക്കുന്ന ഗ്രന്ഥമാണ്.

ബൈബിൾപഠനത്തിന്റെ തലങ്ങൾ വിവിധങ്ങളാണ്. ബൈബിളിന്റെ രൂപീകരണചരിത്രപഠനം, സാഹിത്യരൂപപഠനം, വിരചിതമായ ദേശത്തെയും സംസ്കാരത്തെയും കുറിച്ചുള്ള പഠനം, ബൈബിൾ ഭാഷാപഠനം, ഗ്രന്ഥകർതൃത്വത്തെയും കാലത്തെയും കുറിച്ചുള്ള പഠനം, വ്യാഖ്യാനചരിത്രപഠനം, ബൈബിൾ കൈമാറ്റത്തെക്കുറിച്ചുള്ള പഠനം എന്നിവകൂടാതെ, ബൈബിൾപഠനത്തിനുള്ള വിവിധ സമീപന രീതികൾ, പഠനസാമഗ്രികൾ എന്നിവയെല്ലാം ബൈബിൾവിജ്ഞാനീയ മേഖലയെ സംപുഷ്ടമാക്കിയിട്ടുണ്ട്.



www.malankaralibrary.com

### 3.1 ബൈബിൾ പഠനവും വ്യാഖ്യാനവും ഇന്ന്

ആദിമസഭ, പഴയനിയമവചനങ്ങൾ യേശുവിൽ നിറവേറിയതാ യി അക്ഷരാർത്ഥത്തിൽ തന്നെ വ്യാഖ്യാനിച്ചു (ഉദാ. മത്താ 2:15; അപ്പ 2:16-21). അതോടൊപ്പം പ്രതിരൂപാത്മക വ്യാഖ്യാനശൈലിയും (Typological Interpretation) രൂപാത്മക വ്യാഖ്യാനശൈലിയും (Allegorical Interpretation) ഉയർന്നുവന്നു. ക്രിസ്തുമതത്തിലേക്കു കടന്നുവരു ന്നവരുടെ പ്രബോധനത്തിനായും വിശ്വാസസംരക്ഷണത്തിനായും യുഗാന്തദർശനം അവതരിപ്പിക്കുന്നതിനായും വ്യത്യസ്ത വ്യാഖ്യാന രീതികൾ അവർ അവലംബിച്ചു. മധ്യശതകങ്ങളിലും ഇതേ വ്യാഖ്യാന രീതികൾതന്നെയാണു തുടർന്നത്. എന്നാൽ, *പ്രൊവിദേന്തിസ്സിമൂസ് ദേവൂസ്* എന്ന ചാക്രികലേഖനം മുതൽ തുടർന്നുവന്ന രേഖകളും പ്രത്യേകിച്ച് രണ്ടാം വത്തിക്കാൻ ദൈവാവിഷ്കരണത്തെക്കുറിച്ച് പുറപ്പെടുവിച്ച രേഖയും ബൈബിൾ വ്യാഖ്യാനരംഗത്ത് മാറ്റത്തിന് ഉദയം കുറിച്ചു.

ഇന്ന് ശാസ്ത്രീയമായ നടപടിക്രമങ്ങളും ഉപാധികളും ഉപയോ ഗിച്ച് ബൈബിൾപാഠഭാഗങ്ങളുടെ സന്ദേശമെന്തെന്നു ഗ്രഹിക്കാൻ സ ഹായിക്കുന്ന ചരിത്രാത്മകവിമർശനരീതി വളരെ പ്രധാനമാണ്. പഞ്ച ഗ്രന്ഥത്തിന്റെ വിവിധ സ്രോതസ്സുകളും സമവീക്ഷണസുവിശേഷങ്ങ ളുടെ പൊതുവായും പ്രത്യേകമായുമുള്ള ഉറവിടങ്ങളും ഈ വിമർശന രീതിയിൽ പരിശോധിക്കപ്പെടുന്നു. ബൈബിൾ പാഠങ്ങൾ ഉരുത്തിരി ഞ്ഞുവന്ന ജീവിതപശ്ചാത്തലവും ആവിഷ്ക്കരിക്കപ്പെട്ട സാഹിത്യരൂപ വും പഠനവിഷയമാക്കുകയെന്നതും ഈ രീതിയുടെ പ്രത്യേകതയാണ്. ഇതുകൂടാതെ, പുരാതനകൈയെഴുത്തുപ്രതികൾ ഉപയോഗിച്ചും ബൈബിൾ ലിഖിതങ്ങളോടു സാമ്യമുള്ള പുരാതനരേഖകൾ ഉപയോ ഗിച്ചും ബൈബിൾ പാഠങ്ങളെ താരതമ്യപഠനത്തിനു വിധേയമാക്കിയും അവയുടെ യഥാർത്ഥ സന്ദേശം ഗ്രഹിക്കാൻ ശ്രമിക്കുന്നുണ്ട്. ഇത്തരം പഠനങ്ങൾക്കു സാധ്യതയും സൗകര്യവും നല്കുന്ന സ്ഥാപനങ്ങളും ഇന്ന് ധാരാളമാണ്.

### 3.2 ബൈബിൾ പഠനത്തിനുള്ള കത്തോലിക്കാ ഇൻസ്റ്റിറ്റ്യൂട്ടുകൾ

ബൈബിൾ പഠനത്തിനു ശാസ്ത്രീയമായ രീതികളും വിവിധ സമീപനങ്ങളും സ്വീകരിക്കാൻ സൗകര്യമൊരുക്കുന്ന വിവിധ ഇൻസ്റ്റിറ്റ്യൂ ട്ടുകൾ ഇന്നു സഭയിലുണ്ട്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടതും പ്രസി ദ്ധിയാർജ്ജിച്ചതുമായ രണ്ടു സ്ഥാപനങ്ങളാണ് ജറുസലെമിലെ എക്കോൾ ബിബ്ലിക് (Ecole Biblique de Jeruslem), റോമിലെ പൊന്തിഫിക്കൽ ബിബ്ലിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ.

കത്തോലിക്കാ ബൈബിൾ പഠനരംഗത്ത് മാറ്റങ്ങൾക്കു തുട ക്കംകുറിച്ച ലെയോ പതിമൂന്നാമൻ പാപ്പായാണ് വിശുദ്ധനാടായ ജറു സലെമിൽത്തന്നെ 1892-ൽ ഒരു ബൈബിൾ സ്കൂളിനു അംഗീകാരം നല്കിയത്. തുടർന്ന്,



www.malankaralibrary.com

വിശുദ്ധ പത്താം പീയൂസ് പാപ്പായുടെ താത്പര്യപ്രകാരം ബൈബിൾ ഗവേഷണപഠനത്തിനുവേണ്ടിമാത്രം 1909-ൽ സ്ഥാപിക്കപ്പെട്ടതാണ് പൊന്തിഫിക്കൽ ബിബ്ലിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്. ആനുകാലികമായ ശാസ്ത്രീയരീതികൾ ബൈബിൾപഠനരംഗത്ത് അവലംബി ക്കുവാനും ആവിഷ്ക്കരിക്കാനും അങ്ങനെ, ബൈബിൾസന്ദേശം കുറവുകൂടാതെ ഗ്രഹിക്കാനും വ്യാഖ്യാനിച്ചുകൊടുക്കുവാനും പഠിതാക്കൾക്കു സൗകര്യമൊരുക്കുന്നതിൽ ഇവ വിജയിക്കുന്നുണ്ട്. മൂല ഗ്രന്ഥങ്ങളുടെ സംശോധിതപഠനം, ബൈബിൾപ്രദേശങ്ങളിൽ ഉൽഖനനവും മറ്റും നടത്തി ബൈബിൾചരിത്രത്തെ പിന്താങ്ങുന്ന രേഖകളും മറ്റും കണ്ടെടുക്കുന്നതിനുള്ള ശ്രമങ്ങൾ, പഠനത്തിനും വ്യാഖ്യാനത്തിനും ദൈവശാസ്ത്രവിചിന്തനത്തിനും സഹായകമായ പഠനസാമ ഗ്രികളുടെ നിർമ്മിതി എന്നീ കാര്യങ്ങളിലൊക്കെ ഈ സ്ഥാപനങ്ങൾ മുൻപന്തിയിലാണ്. ഇവയുടെ സ്ഥാപനകാലം മുതൽ ഇന്നുവരെയുള്ള കാലഘട്ടത്തിൽ ഈ സ്ഥാപനങ്ങളിൽനിന്നു പഠിച്ചിറങ്ങിയവർ ആഗോ ളബൈബിൾ വിജ്ഞാനീയ രംഗത്ത് നേതൃത്വം കൊടുക്കുന്നവരാണെ ന്നു പറയുന്നതിൽ അതിശയോക്തിയില്ല

കത്തോലിക്കാരാജ്യങ്ങളിലെല്ലാംതന്നെ ബൈബിൾപഠന കേന്ദ്രങ്ങൾ നിലവിലുണ്ട്. ഇന്ന് എല്ലാ സെമിനാരികളിലും ബൈബിൾ പഠനത്തിനു നല്കുന്ന പ്രാധാന്യം ഇന്നത്തെ ബൈബിൾമേഖലയ്ക്ക് ആശാവഹമാണ്. ഇന്ന് ഭാരതത്തിലെയും, വിശിഷ്യാ, കേരളത്തി ലെയും മേജർ സെമിനാരികളെല്ലാം തന്നെ വിശുദ്ധ ഗ്രന്ഥപഠനത്തിൽ ഉന്നത ബിരുദം നേടുന്നതിനുള്ള അവസരമൊരുക്കിയിട്ടുണ്ട്. കേരളത്തിൽ, മുരിങ്ങൂർ ധ്യാനകേന്ദ്രത്തോടനുബന്ധിച്ചുള്ള ബൈബിൾ കോളേജ് ഇത്തരുണത്തിൽ പ്രസ്താവ്യമാണ്. POC യിൽ തന്നെ ബൈബിൾ കമ്മീഷന്റെ നേതൃത്വത്തി ലുള്ളതുപോലെ പല സ്ഥാപനങ്ങളിലും ഇടവകകളിലും ബൈബിൾ കോഴ്സുകൾ നടത്തുകയും വിശ്വാസികൾ അതീവ താത്പര്യത്തോടെ അവയിൽ പങ്കെടുക്കുകയും ചെയ്യുന്നു എന്നത് ശുഭോദർക്കമാണ്.

### 3.3 ബൈബിൾ പണ്ഡിതരും അവരുടെ സംഭാവനകളും

തിരുവചനങ്ങളിൽ അഗാധപാണ്ഡിത്യം നേടിയവരുടെ ഒരു നീണ്ടനിരതന്നെ തിരുസ്സഭയ്ക്കുണ്ടായിരുന്നു. ആദിമനൂറ്റാണ്ടുകളിൽ, വിശുദ്ധരായ അത്തനാസിയസ്, അഗസ്റ്റിൻ, ജെറോം തുടങ്ങിയവരും മധ്യശതകങ്ങളിൽ, വിശുദ്ധ അക്വീനാസ്, ബെർനാർഡ് എന്നിവരും വി. ഗ്രന്ഥവാക്യ ങ്ങളും പ്രതീകങ്ങളും ധാരാളമായി തങ്ങളുടെ രചനകളിൽ ഉപയോഗി ക്കുകയും വചനവ്യാഖ്യാനം നടത്തുകയും ചെയ്തു. എന്നാൽ തുടർന്നു വന്ന കാലഘട്ടങ്ങളിൽ ബൈബിൾപഠനത്തിന് പ്രത്യേകിച്ചും, നിരൂപ ണാത്മകപഠനത്തിനു തിരുസ്സഭാധികാരികൾ അനുകൂലമായിരുന്നില്ല. എന്നാൽ, പ്രോട്ടസ്റ്റന്റുസഭ ഇക്കാര്യത്തിൽ ഒട്ടേറെ മുന്നോട്ടുപോവുക യും



www.malankaralibrary.com

ചെയ്തു. തുടർന്ന് ഇരുപതാം നൂറ്റാണ്ടിന്റെ പകുതിയോടെയാണ് കത്തോലിക്കാ ബൈബിൾപണ്ഡിതരുടെ മുന്നേറ്റമുണ്ടാകുന്നത്. റെയ്മണ്ട് ഇ. ബ്രൗൺ, ജോസഫ് എ. ഫിറ്റ്സ്മയെർ, ലോഹ്ഫിങ്ക്, കർദ്ദിനാൾമാരായ അഗസ്റ്റിൻ ബേ, കാർലോ മരിയ മർത്തീനി, വാൻഹോയ് തുടങ്ങി ഒട്ടേറെ പണ്ഡിതർ ഇരുപതാം നൂറ്റാണ്ടിന്റെ സംഭാവനയായി രംഗത്തുവന്നു. മേൽപ്പറഞ്ഞ പ്രസിദ്ധമായ സ്ഥാപനങ്ങളിൽ നിന്നു പഠിച്ചിറങ്ങിയവരും ഇന്ത്യയിൽ തന്നെ പഠനം നടത്തിയവരുമായി നൂറിലധികം ബൈബിൾ പണ്ഡിതർ ഇന്നു കേരളത്തിലുമുണ്ട്. ഡോ. മാത്യു വെള്ളാനിക്കൽ, ഡോ. മൈക്കിൾ കാരിമറ്റം, ഡോ. അഗസ്റ്റിൻ മുല്ലൂർ OCD തുടങ്ങി അനവധി പണ്ഡിതർ ബൈബിൾ മേഖലയിൽ സംഭാവനകളേറെ നല്കിയവരാണ്.

ബിബ്ലിക്കൽഭാഷകളിൽ പ്രാവീണ്യം നേടുന്നതിനുള്ള സാധ്യത യും വ്യാഖ്യാനത്തിൽ താല്പര്യവും ബൈബിൾചരിത്രാവബോധവും ലഭിച്ച ബൈബിൾപണ്ഡിതർ വ്യാഖ്യാനത്തിന്റെ ശൈലിയിൽ ക്രിയാ ത്മകമായ മാറ്റങ്ങൾ വരുത്തി. അവരിലൂടെ ബൈബിൾ സംബന്ധമായ രചനകൾകൊണ്ടു സമ്പന്നയാണു സഭ. മലയാളത്തിൽ ബൈബിൾ കമന്ററികളും വ്യാഖ്യാനങ്ങളും പഠന സാമഗ്രികളുമൊക്കെ വിശ്വാസി കൾക്കും സംലബ്ധമായിരിക്കുന്ന കാലഘട്ടമാണ് ഇതെന്നു പറയാം. അനേകം വ്യാഖ്യാനഗ്രന്ഥങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലുമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആൽഫാ ബൈബിൾ കമന്ററി (സന്ദേശനിലയം, തലശ്ശേരി) മലയാള ബൈബിൾവ്യാഖ്യാനരംഗത്ത് വലിയൊരു സംഭാ വനയാണ്. ബൈബിൾ ശബ്ദകോശം (ഡിക്ഷണറി), കോൺകോർ ഡൻസുകൾ, ലെക്സിക്കൺ, വ്യാകരണഗ്രന്ഥങ്ങൾ, മൂലഭാഷാപഠന ഗ്രന്ഥങ്ങൾ, ഉൽഖനനഫലങ്ങളും താരതമ്യപഠനങ്ങളും ഉൾക്കൊണ്ടിട്ടുള്ള ഗ്രന്ഥങ്ങൾ എന്നിവയൊക്ക മലയാളത്തിലും അന്യമല്ല. അന്യഭാഷകളിലുള്ള പ്രസിദ്ധ ബൈബിൾപണ്ഡിതരുടെ ഗ്രന്ഥങ്ങളുടെ വിവർത്തനങ്ങളും ഇന്നു നമ്മുടെ ഭാഷയിലും ലഭ്യമായിക്കൊണ്ടേയിരിക്കുന്നു. ബൈബിളധിഷ്ഠിത ആധ്യാത്മികഗ്രന്ഥങ്ങളും ധ്യാനഗ്രന്ഥങ്ങളും ധാരാളമായി ഇന്നുണ്ട്. ഇലക്ട്രോണിക് മീഡിയായുടെ കടന്നുവരവ് ലിഖിത രൂപത്തിൽ മാത്രമല്ല, ബൈബിൾ പാരായണരൂപ ത്തിലും വിവിധ കലാരൂപങ്ങളിലുള്ള അവതരണമായും പ്രധാന ലോകഭാഷകളിലും അതുപോലെ മലയാളത്തിലും എവിടെയും വിശുദ്ധഗ്രന്ഥത്തെ സംലഭ്യമാക്കുന്നു. മേൽപ്പറഞ്ഞ ബൈബിൾ പഠനഗ്രന്ഥങ്ങളും പഠനസഹായികളുമെല്ലാം ഇന്റർനെറ്റിലും ലഭ്യമാക്കിയിട്ടുണ്ടെന്നതും ബൈബിൾ മേഖലയ്ക്ക് അഭൂതപൂർവമായ വളർച്ച സമ്മാനിക്കുമെന്നതിനു സംശയമില്ല. പി.ഒ.സി. ബൈബിൾ മൊബൈലിൽ ഡൗൺലോഡ് ചെയ്യാൻ കഴിയുമെന്നുള്ളത് ഈ മേഖലയിൽ വലിയൊരു കുതിച്ചുചാട്ടം തന്നെയാണ്.



www.malankaralibrary.com

4. ബൈബിൾസന്ദേശവും കലയും

കലാസാഹിത്യസംരംഭങ്ങൾക്കു വിശുദ്ധ ഗ്രന്ഥം ഒരു അക്ഷയഖനിയാണ്. ചിത്രകല, നോവൽ, നാടകം, സിനിമ, ഗാനങ്ങൾ, നൃത്തനൃത്യങ്ങൾ, എന്നിങ്ങനെ ബൈബിൾ ഇതിവൃത്തങ്ങൾ പരീക്ഷിക്കാത്ത കലാ-സാഹിത്യതലങ്ങൾ ഇല്ലതന്നെ.

പെയിന്റിങ്ങുകളാലും ചുവർചിത്രങ്ങളാലും അലംകൃതമാക്കിയിരിക്കുന്ന ദേവാലയങ്ങളും മറ്റും അനേകതലമുറകൾക്ക് ബൈബിൾ സന്ദേശം പകരുന്നുണ്ട്. വത്തിക്കാൻ തുടങ്ങിയ തിരുസ്സഭാകേന്ദ്രങ്ങളി ലെ മന്ദിരങ്ങളിലുള്ള ബൈബിൾശില്പങ്ങളും ചിത്രങ്ങളും അതു രചി ച്ചവരുടെ ഭക്തിയും ബൈബിൾ സന്ദേശം നല്കുന്നതിനുള്ള തീക്ഷ്ണ തയും വെളിവാക്കുന്നുവെന്നുമാത്രമല്ല, അനേകതലമുറകളിലേക്ക് അതു കൈമാറുന്നുമുണ്ട്. അനേകം സാഹിത്യകൃതികൾ ബൈബിൾ പ്രതീകങ്ങളാലും ബിംബങ്ങളാലും പരിശോഭിതമായിട്ടുണ്ട്. അബ്രാഹം, ജോസഫ്, മോശ, ദാവീദ്, എസ്തേർ, യൂദിത്ത്, പത്രോസ്, പൗലോസ് തുടങ്ങിയ ബൈബിൾ കഥാപാത്രങ്ങളെ ആധാരമാക്കിയും കർത്താവായ യേശുവിന്റെ രക്ഷാകരചരിത്രത്തെ അവലംബിച്ചും ഉള്ള ലോകോത്തരസിനിമകൾ നമുക്കു പരിചിതമാണ്. ഡാന്റേ, മിൽട്ടൺ തുടങ്ങിയ മഹാകവികളും ടോൾസ്റ്റോയി, ദസ്തയോവ്സ്ക്കി തുടങ്ങിയ കഥാകൃത്തുക്കളും ബൈബിൾപ്രമേയങ്ങളും സന്ദേശങ്ങളും ഇതി വൃത്തമാക്കി രചനകൾ നടത്തിയിട്ടുള്ളവരിൽ പ്രമുഖരാണ്.

യേശുവിന്റെ രക്ഷാകരസംഭവങ്ങളുടെയും അവിടന്നു ജീവിച്ച സ്ഥലങ്ങളുടെയുമൊക്കെ അനുസ്മരണ ഉണർത്തുന്ന വിധത്തിലുള്ള നിർമ്മിതികളും ശില്പങ്ങളുമൊക്കെ മലയാളക്കരയെയും ഭക്തിദ്യോ തകവും മനോഹരവുമാക്കുന്നുണ്ട്. പ്രസിദ്ധങ്ങളായ പല ദേവാലയങ്ങ ളോടനുബന്ധിച്ചും ബൈബിൾലാന്റ് മാതൃകയിൽത്തന്നെ അത്യാകർ ഷകമായ വിധത്തിൽ നിർമ്മിതികൾ കാണാം. വിശുദ്ധ ഗ്രന്ഥാധിഷ്ഠിതമായ പുരാതനപാട്ടുകളും മഹാകാവ്യങ്ങളും നോവലുകളും നാടക ങ്ങളും ചെറുകഥകളും നാടൻപാട്ടുകളും ബൈബിൾപ്രമേയങ്ങളും വചനങ്ങളും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലാക്കിയ ആൽബങ്ങളും മല യാളത്തിലും വളരെയധികമുണ്ട്. അർണോസ് പാതിരി (പുത്തൻപാന), മഹാകവി വള്ളത്തോൾ (മഗ്ദലനമറിയം), കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള (ശ്രീയേശുവിജയം), പ്രവിത്താനം പി.എം. ദേവസ്യ (ഇസ്രാ യേൽവംശം, മഹാപ്രസ്ഥാനം, രാജാക്കന്മാർ) എന്നിവർ മഹാകാവ്യ ങ്ങൾ രചിക്കുന്നതിന് വിശുദ്ധ ഗ്രന്ഥത്തിൽനിന്നു പ്രമേയവും പ്രചോദനവും ഉൾക്കൊണ്ടവരാണ്. ചെറുകാവ്യങ്ങളും കവിതകളും എണ്ണമറ്റ വിധം രചിക്കപ്പെട്ടിട്ടുണ്ട്. ഇവരിൽ സി. മേരി ബനീഞ്ഞാ (മേരി ജോൺ തോട്ടം), സെഡ്. എം. മൂഴൂർ, ചെറിയാൻ കുനിയന്തോടത്ത് തുടങ്ങിയവർ കത്തോലിക്കാ കവികളിൽ ചിലർ മാത്രമാണ്.



www.malankaralibrary.com

മലയാളസാഹിത്യ നിരൂപണരംഗത്ത് പ്രസിദ്ധനായ കെ.പി. അപ്പന്റെ രചനകൾ ബൈബിൾ ബിംബകല്പനകൾകൊണ്ടു സമ്പന്നമാണെന്നു മാത്രമല്ല, അവയിൽ ബൈബിൾ പ്രമേയമായി സ്വീകരിച്ചിരിക്കുന്നവയുമുണ്ട്. അവ യിൽ *ബൈബിൾ വെളിച്ചത്തിന്റെ കവചം, മധുരം നിന്റെ ജീവിതം* എന്നിവ സവിശേഷശ്രദ്ധ അർഹിക്കുന്നവയാണ്.

ഇന്ന് മലയാളത്തിൽ ക്രൈസ്തവഭക്തിഗാനങ്ങളുടെ ഒരു പ്രളയംതന്നെ ദൃശ്യ-ശ്രാവ്യരൂപങ്ങളിൽ സി.ഡി.കളിലും മറ്റുമായി കാണാൻ കഴിയും. ബൈബിൾനാടകങ്ങളും ഏകാങ്കങ്ങളും കത്തോ ലിക്കാ മാസികകളിൽ ധാരാളമാണ്. ബൈബിൾസന്ദേശങ്ങൾ നാനാ ജാതിമതസ്ഥർക്കും ആകർഷകമാകുന്നവിധത്തിൽ പ്രചരിപ്പിക്കു ന്നതിന് ബൈബിൾ കമ്മീഷൻ വർഷംതോറും നടത്തിവരുന്ന ബൈബിൾ കലാ-സാഹിത്യ മത്സരങ്ങളും ഈ മേഖലയ്ക്കു മുതല്ക്കൂട്ടാണ്.

**ഉപസംഹാരം**

"മനുഷ്യാവതാരം ചെയ്ത വചനത്തിന്റെ മണവാട്ടി" (DV) ആയ തിരുസ്സഭ ലിഖിതവചനത്തെ കൂടുതൽ മനസ്സിലാക്കാനും പ്രചരിപ്പിക്കാനും സർവലോകത്തിന്റെയും രക്ഷയ്ക്കായി അധ്വാനിക്കാനും ഇന്നു കൂടുതൽ ഉത്സുകയാണ്. ദൈവവചനത്തിന്റെ നിരന്തരവും പൂർണവും ഫലപ്രദവുമായ പോഷണം ആരാധനക്രമത്തിലൂടെ ആത്മാവിനും മനുഷ്യജീവിതത്തിന്റെ എല്ലാമേഖലയ്ക്കും ലഭിക്കുന്നുണ്ട്. അതു ബുദ്ധിയെ പ്രകാശിപ്പിക്കുകയും മനസ്സിനെ ശക്തിപ്പെടുത്തുകയും ഹൃദയത്തെ ദൈവസ്നേഹം കൊണ്ടു ജ്വലിപ്പിക്കുകയും ചെയ്യുന്നുണ്ട്. സഭയുടെ അജപാലനത്തിലും ദൈവവചനത്തിന് വർധിച്ച ഊന്നൽ കൊടുക്കാനും സഭ ഇന്നു പ്രതിജ്ഞാബദ്ധയാണ്. എങ്കിലും ലോകത്തിന്റെ അതിർത്തികളോളം ഇനിയും രക്ഷകനായ യേശുക്രിസ്തുവിന്റെ സുവിശേഷമെത്തി യിട്ടില്ലെന്നതും വചനം ശ്രവിക്കുകയും സ്വീകരിക്കുകയും ചെയ്തവരുടെ സമസ്ത ജീവിതമേഖലകളിലും വചനത്തിനു പ്രാമുഖ്യം ലഭിച്ചിട്ടില്ലെന്നതും, വചനത്തെ സ്നേഹിക്കുകയും വചനം ജീവിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്ന വിശ്വാസികളെ ഇനിയും കൂടുതൽ തീക്ഷ്ണതയോടെ ബൈബിൾ മേഖലയിൽ പ്രവർത്തിക്കാൻ ക്ഷണിക്കുന്നു.



www.malankaralibrary.com



# ദൈവവചനം ജീവിതത്തിൽ പകർത്തുന്നതിന്...

റവ. ഫാ. ജോസ് കോട്ടയിൽ
സെക്രട്ടറി, കെ.സി.ബി.സി. ഫാമിലി കമ്മീഷൻ

**ആമുഖം**

പ്രാർത്ഥനാപൂർവ്വം ദൈവവചനം വായിക്കുകയും ധ്യാനിക്കുകയും ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യണമെന്ന ആഹ്വാനം അടുത്തകാലത്ത് സഭയുടെ പ്രബോധനാധികാരം കൂടക്കൂടെ നടത്തുന്നുണ്ട്. ദൈവവചനത്തെക്കുറിച്ചു 2008-ൽ നടന്ന സിനഡിന്റെ പഠനരേഖയിലും (*lineamenta*) പ്രവർത്തനരേഖയിലും (*instrumentum laboris*) നിർദ്ദേശങ്ങളിലും സിനഡനന്തര ശ്ലൈഹികോപദേശത്തിലും (കർത്താവിന്റെ വചനം, 86-87) വളരെ പ്രാധാന്യം നല്കിയിരിക്കുന്ന വിഷയവുമാണിത്. ഈശോയെക്കുറിച്ചുള്ള വിശിഷ്ടജ്ഞാനം (ഫിലി 3:3) വിശുദ്ധ ലിഖിതങ്ങൾ പ്രാർത്ഥനയോടെ വായിച്ചും ശ്രവിച്ചും മാത്രമേ നമുക്കു നേടാനാവൂ എന്നതു സുവ്യക്തമാണ്. കാരണം വചനം വായിക്കുമ്പോൾ നാം ദൈവത്തെ ശ്രവിക്കുന്നു, പ്രാർത്ഥിക്കുമ്പോൾ അവിടുത്തോടു നാം സംസാരിക്കുന്നു. സഭയിൽ രൂപംകൊണ്ടിട്ടുള്ള ചില ബൈബിൾ പ്രാർത്ഥനാരീതികൾ പരിചയപ്പെടുന്നത് ഉപകാരപ്രദമാണ്. ദൈവവുമായുള്ള സംഭാഷണത്തിൽ വിശുദ്ധ ലിഖിതങ്ങളെ സമീപിക്കാൻ സഭാപിതാക്കന്മാർ എപ്പോഴും ശിപാർശ ചെയ്തിരുന്നു,

## 1. ദൈവികവായന *(lectio divina)*

ദൈവത്തിന്റെ ദൃഷ്ടിയിലൂടെ കാര്യങ്ങൾ കാണാനും തീരുമാനിക്കാനും ജീവിതത്തിൽ പകർത്താനും സഹായിക്കുന്ന പരമ്പരാഗത ബൈബിൾ വായനാരീതിയാണ് ദൈവികവായന. ദൈവവചനത്തിന്റെ നിധികൾ അതു തുറന്നുതരും. ദൈവത്തിന്റെ ജീവിക്കുന്ന വചനമായ ക്രിസ്തുവുമായുള്ള കണ്ടുമുട്ടൽ സംഭവിപ്പിക്കുകയും ചെയ്യും (cf. സ്നേഹത്തിന്റെ കൂദാശ, 66). അതിന്റെ പടികൾ താഴെ ചേർക്കുന്നു:

*a) വായന* (*lectio*): ദൈവം പറയുന്നതു കേൾക്കാനും അനുസരിക്കാനുമുള്ള മനോഭാവത്തോടെ വിശുദ്ധ ഗ്രന്ഥഭാഗം പലപ്രാവശ്യം വായിക്കുന്നതാണിത്. വായിച്ച ഭാഗത്തെ പ്രധാന ഉള്ളടക്കം ഉൾക്കൊള്ളാനും അതു നമ്മിൽ ആഴത്തിൽ പതിയാനും സാവധാനം വായിക്കുന്നത് അനുപേക്ഷ



www.malankaralibrary.com

ണീയമാണ്. ഈ ബൈബിൾഭാഗം അതിൽത്തന്നെ എന്തു പറയുന്നുവെന്ന് അന്വേഷിക്കണം. അല്ലെങ്കിൽ നമ്മുടെ ആശയങ്ങളിൽ നാം ഒതുങ്ങിപ്പോകാനിടയുണ്ട്.

*b) ധ്യാനം* (*meditatio*): ദൈവം നമ്മിൽ നിന്ന് ആഗ്രഹിക്കുന്നത് എന്തെന്നു കണ്ടെത്തുന്നതുവരെ ഏകാഗ്രമായും നിശ്ശബ്ദമായും വായിച്ചു ധ്യാനിക്കുന്നതാണിത് (cf. സങ്കീ. 119/97). ഹൃദയത്തിൽ ഫലം പുറപ്പെടുവിപ്പിക്കാനാണല്ലോ ദൈവം വചനവിത്ത് വിതയ്ക്കുന്നത്. വായിച്ചത് അയവിറക്കുന്നതിനോടാണ് സഭാപിതാക്കന്മാർ ധ്യാനത്തെ ഉപമിച്ചിരിക്കുന്നത്. ധ്യാനം വഴി കാര്യങ്ങളെ വിവേചിക്കാൻ നമുക്ക് കഴിയുന്നു. ശരിയായതു തിരഞ്ഞെടുത്തു പ്രവൃത്തിപഥത്തിലാക്കാൻ സഹായിക്കുന്നതും ധ്യാനമാണ്. അതിനാൽ ഈ രംഗത്ത് രണ്ടു പടികൾ കൂട്ടിച്ചേർക്കുന്നത് യുക്തമാണ്.

(*i*) വിവേചിക്കൽ (*determinatio*): വിവിധ സാധ്യതകളുടെ മുമ്പിൽ ഏതാണ് ഏറ്റവും നല്ലത് എന്നു വിവേചിക്കണം. തിന്മ ഉപേക്ഷിക്കുകയും ഏറ്റവും നല്ലത് തിരഞ്ഞെടുക്കുകയും വേണം (cf. റോമ 12:2).

(*ii*) തിരഞ്ഞെടുപ്പ് (*electio*): ഏറ്റവും നല്ലകാര്യം ചെയ്യാൻ തീരുമാനിക്കുന്നു. ദൈവേഷ്ടം എപ്പോഴും നിറവേറ്റാൻ ക്രൈസ്തവന് ഇതു പ്രധാനപ്പെട്ട കാര്യമാണ്. വചനത്താൽ സ്പർശിക്കാനും വെല്ലുവിളിക്കപ്പെടാനും നാം വിട്ടുകൊടുക്കുന്നു.

*c) പ്രാർത്ഥന* (*oratio*): ദൈവം സംസാരിക്കുന്നതു കേട്ടും അതിനെ ജീവിതത്തിന്റെ ഭാഗമാക്കിയും ദൈവത്തോടു നാം പ്രത്യുത്തരിക്കുന്നതിനെയാണ് ഇവിടെ പ്രാർത്ഥന കൊണ്ടുദ്ദേശിക്കുന്നത്. ഈശോയുടെ ഹിതം അറിഞ്ഞുള്ള പ്രാർത്ഥനയാണിത്. ദൈവം ആഗ്രഹിക്കുന്നത് അറിയാനും അത് പ്രാവർത്തികമാക്കാനുമുള്ള അനുഗ്രഹമാണ് പ്രാർത്ഥിക്കേണ്ടത്. അങ്ങനെ നമ്മുടെ ജീവിതം ദൈവേഷ്ടം നിറവേറ്റുന്നതാകും.

*d) പ്രവൃത്തി* (*actio*): തിരഞ്ഞെടുത്ത കാര്യം പ്രാവർത്തികമാക്കാനുള്ള പ്രതിജ്ഞാബദ്ധതയാണിത്. ബുദ്ധിമുട്ടുകൾ ഉണ്ടായാലും പ്രവർത്തിക്കാനുള്ള തീരുമാനത്തിൽ ഉറച്ചുനില്ക്കണം. മറ്റുള്ളവർക്കുവേണ്ടി ഉപവിയിൽ സ്വന്തം ജീവിതം ദാനമാക്കിത്തീർക്കുന്നതാണത്.

*e) സന്തോഷം* (*gaudio*): ദൈവികവായന സന്തോഷം നല്കുന്ന കാര്യമാണ്. എപ്പോഴുമില്ലെങ്കിലും, പതിവായി ബൈബിൾ പ്രാർത്ഥനാപൂർവം ഉപയോഗിക്കുന്നവർക്കു ദൈവം നല്കുന്ന ഒരു സമ്മാനമായി ഇതിനെ കാണാവുന്നതാണ്. പരിശുദ്ധാത്മാവിന്റെ ഫലമാണ് ആനന്ദം. പരിശുദ്ധാത്മാവിന്റെ ശക്തിയിൽ വചനം വായിക്കുമ്പോൾ യഥാർത്ഥ ആനന്ദത്തിന്റെ ഉറവിടം നാം പങ്കുവയ്ക്കുന്നു. അത് ഉപരിപ്ലവും ക്ഷണികവുമായ സന്തോഷമല്ല. മറിച്ച്, നിത്യജീവന്റെ വചനങ്ങൾ യേശുക്രിസ്തുവിൽ മാത്രമേ ഉള്ളൂ എന്ന അറിവിൽ നിന്നുണ്ടാകുന്ന സന്തോഷമാണ്.



www.malankaralibrary.com

*f) നിദിധ്യാസനം (contemplatio)*: ദൈവൈക്യമാണ് നിദിധ്യാസനം; ദൈവ സാന്നിദ്ധ്യത്തിൽ നിശ്ശബ്ദമായി അവിടത്തെ ആരാധിക്കുന്നതാണത്. നമ്മുടെ ആത്മാവോടു സംസാരിക്കാൻ ദൈവത്തെ അവിടെ നാം അനുവദിക്കുന്നു. നമ്മുടെ ഉള്ളിന്റെ ഉള്ളിൽ മൃദുവായി മന്ത്രിക്കുന്ന ഈശോയെ നാം കേൾക്കുന്നു. ദൈവഹിതം നിർവ്വഹിക്കുന്നതിനുള്ള ആഗ്രഹം തീവ്രമാകുന്നു. അങ്ങനെ ജീവിതം സ്നേഹവും നന്മയും നിറഞ്ഞതാകുന്നു.

വ്യക്തിപരമായിട്ടോ സമൂഹപരമായിട്ടോ ദൈവികവായന നടത്താം. ഹൃദയത്തെ സ്പർശിക്കുന്ന വാക്കുകളും വാക്യശകലങ്ങളും സമൂഹമായിട്ടു നടത്തുമ്പോൾ പങ്കുവയ്ക്കണം.

## 2. ദൈവികവായനയ്ക്ക് ഒരു മോഡൽ

### a) സങ്കീർത്തനങ്ങളുടെ മൂല്യം

ബൈബിളിലെ പ്രാർഥനാപുസ്തകമാണ് സങ്കീർത്തനങ്ങൾ. 150 സങ്കീർത്തനങ്ങളാണുള്ളത്. ഇസ്രായേൽ ജനത്തിലെ വ്യത്യസ്ത വ്യക്തികൾ വ്യത്യസ്ത അവസരങ്ങളിൽ പ്രാർഥിച്ചവയാണ് ഈ സങ്കീർത്തനങ്ങൾ. ദൈവത്തിലുള്ള വിശ്വാസത്തിന്റെ അസാധാരണമായ പ്രഖ്യാപനങ്ങളാണ് അവ. ചില സങ്കീർത്തനങ്ങൾ ഇസ്രായേലിന്റെ ചരിത്രത്തിലെ വലിയ സംഭവങ്ങളെ പ്രകീർത്തിക്കുമ്പോൾ (ചെങ്കടൽ കടക്കൽ, സീനായ് ഉടമ്പടി) മറ്റുചിലത് വ്യക്തി ജീവിതത്തിലെ നാടകീയ കാര്യങ്ങൾ വിശദീകരിക്കുന്നു (പാപിയുടെ മാനസാന്തരം, രോഗിയുടെ സഹനം). ഇനിയും വേറെ ചിലത്, ദൈവത്തെ സ്തുതിക്കുന്ന ശാന്തമായ പ്രാർഥനകളാണ്. അവ പ്രാചീന ഹെബ്രായരുടെ അഗാധമായ ദൈവാവബോധവും സൃഷ്ടിയുടെ താളാത്മകതയിൽ സ്രഷ്ടാവിന്റെ ശക്തമായ കരം കാണാനുള്ള അവരുടെ കഴിവും വെളിപ്പെടുത്തുന്നു. എല്ലാ സങ്കീർത്തനങ്ങളും ഇസ്രായേൽ ജനതയുടെ ദൈനംദിനാനുഭവത്തിൽനിന്ന് ഉരുത്തിരിഞ്ഞവയാണ്. ദൈവത്തിന് തന്റെ ജനത്തോടുള്ള സൗഹൃദവും സ്നേഹവും അവ ലാളിത്യത്തോടും തീക്ഷ്ണതയോടും കൂടെ വിവരിക്കുന്നു. പരിചിതമായ ചിത്രങ്ങൾ അവിടെ നമുക്കു കാണാം. ഉദാ: ദൈവം ഏറ്റവും ക്ലേശപൂർണമായ വഴികളിലൂടെ നമ്മെ നയിക്കുന്ന ഇടയനാണ്. ശത്രുക്കളുടെ ആക്രമണത്തിൽനിന്ന് നമ്മെ രക്ഷിക്കുന്നവനാണ്, യുദ്ധവീരനാണ്.

സങ്കീർത്തനങ്ങൾ പ്രാർഥനയായി ഉപയോഗിക്കുന്നതിന് നീണ്ട ചരിത്രമുണ്ട്. എല്ലാ മതാചാരങ്ങളോടും അനുബന്ധിച്ച് ഇസ്രായേൽ ജനം അവ പാടിയിരുന്നു. വിവിധ സംഗീതോപകരണങ്ങൾ അതിന് അകമ്പടി സേവിച്ചിരുന്നു. ഓരോ യഹൂദന്റെയും അധരങ്ങളിലും ഹൃദയങ്ങളിലും പ്രഭാതം മുതൽ പ്രദോഷംവരെ, എല്ലാ നിമിഷങ്ങളിലെയും പ്രാർഥനയ്ക്ക് റിഥം നല്കിയിരുന്നത് സങ്കീർത്തനങ്ങൾ തന്നെയായിരുന്നു.



www.malankaralibrary.com

സങ്കീർത്തനങ്ങൾ ഈശോ പ്രാർഥനയ്ക്ക് ഉപയോഗിച്ചിട്ടുണ്ട്. തീർഥാടന ത്തിനായി ജറുസലേം ദേവാലയത്തിലേക്ക് പോയ ഈശോ ആരോഹണ ഗീതങ്ങൾ (സങ്കീ 120-134) പാടിയിട്ടുണ്ട്. സിനഗോഗിൽ പങ്കെടുത്ത ഈശോ സങ്കീർത്തനങ്ങൾ ആലപിച്ചിട്ടുണ്ട്. സിനഗോഗ് സർവീസ് ബൈബിൾ വായ നയും സങ്കീർത്തനങ്ങളുടെ ആലാപനവും ഉൾക്കൊണ്ടിരുന്നു. പെസഹാ ആചരിച്ച ക്രിസ്തു ഹില്ലേൽ ഗീതം (സങ്കീ. 136) അതിന്റെ ആവർത്തന ത്തോടെ പാടിയിട്ടുണ്ട്. ഈശോയുടെ പീഡാനുഭവവിവരണം അനേകം സങ്കീർത്തനങ്ങളുടെ ഉദ്ധരണികൾ നമുക്ക് നല്കുന്നു. "എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചു?" (സങ്കീ 22). അങ്ങ യുടെ കരങ്ങളിൽ ഞാൻ എന്റെ ആത്മാവിനെ സമർപ്പിക്കുന്നു (സങ്കീ 31).

പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട ആദിമ ക്രിസ്തീയസമൂഹം സങ്കീർത്തനപ്രാർഥനകളെ സ്വന്തമാക്കി. കർത്താവിന് അവ പ്രയോഗിച്ചു. ദൈവജനത്തെയും ജറുസലേമിനെയും രാജാവിനെയും ദേവാലയത്തെയും വാഗ്ദത്തഭൂമിയെയും രാജ്യത്തെയും ഉടമ്പടിയെയും കുറിച്ച് സങ്കീർത്തന ങ്ങൾ പറയുന്നവയെല്ലാം തങ്ങൾക്കായി പ്രയോഗിച്ചുകൊണ്ട് ക്രിസ്ത്യാനി കൾ പ്രാർഥനകൾ സഭയുടേതാക്കി. മരിച്ചുയിർത്തെഴുന്നേറ്റ കർത്താവ് പുതിയ പെസഹായും നിത്യ ഉടമ്പടിയും വിശുദ്ധ കുർബാനയുമാണ്. സഭയുടെ പാര മ്പര്യത്തിൽ, ഓരോ സങ്കീർത്തനത്തിനും ഒരു ശീർഷകം നല്കപ്പെട്ടു. അത് സങ്കീർത്തനത്തെ മനസിലാക്കാൻ നമ്മെ സഹായിക്കുന്നു. ഒരു ആന്റിഫോൺ വഴി അതിനൊരു ആമുഖവും നല്കപ്പെട്ടിരിക്കുന്നു. ഈ ആന്റിഫോൺ ആരാ ധനക്രമവർഷം മുഴുവൻ ആഘോഷിക്കുന്ന ക്രിസ്തുരഹസ്യവുമായി സങ്കീർത്തനത്തെ പൊരുത്തപ്പെടുത്തുന്നു.

ഇവിടെ ചോദ്യം പ്രസക്തമാണ്. ഇന്ന് എന്താണ് സങ്കീർത്തനങ്ങൾക്കു നമ്മോട് പറയാനുള്ളത്? മൂന്നു രഹസ്യങ്ങളെങ്കിലും അത് ഉൾക്കൊള്ളുന്നുണ്ട്.

* തന്റെ സൃഷ്ടിയുമായുള്ള കർത്താവിന്റെ അടുപ്പത്തിന്റെയും സൗഹൃദ ത്തിന്റെയും പ്രകാശനമെന്ന നിലയിൽ, ലോകത്തിലുള്ള ദൈവത്തിന്റെ പ്രവർത്തനം കണ്ടെത്താൻ സങ്കീർത്തനങ്ങൾ സഹായകമാണ്.

* മനുഷ്യവ്യക്തിയുടെ ഹൃദയം ആഴത്തിൽ വായിക്കാനുള്ള കഴിവ് അവ യ്ക്കുണ്ട്. ദൈവത്തിൽ വിശ്വസിക്കുന്നവർക്ക് തങ്ങളുടെ എല്ലാ സന്തോഷ ങ്ങളെയും പ്രശ്നങ്ങളെയും ദൈവാശ്രയത്വത്തിലേക്കും പ്രത്യാശയിലേക്കും നയിക്കാനാവും.

* ഒരു ജനതയുടെ ചരിത്രം വായിക്കാനുള്ള കഴിവ് അവ നല്കുന്നു. അതിൽ, ഇസ്രായേലിലൂടെ എല്ലാ ജനതകളെയും രക്ഷയിലേക്ക് വിളിക്കുന്ന ദൈവ ത്തിന്റെ പദ്ധതികളുടെ സാക്ഷാത്കാരം കണ്ടെത്താനാവും.



www.malankaralibrary.com

**b) സങ്കീർത്തനം എങ്ങനെ പ്രാർഥിക്കാനാവും?**

i) പ്രാർഥനയ്ക്ക് ഉചിതമായ ഒരു സങ്കീർത്തനം തിരഞ്ഞെടുക്കുകയാണ് ആദ്യം ചെയ്യേണ്ടത്. ഓരോ സങ്കീർത്തനവും നമ്മുടെ ജീവിതത്തിലെ ഓരോ പ്രത്യേക അവസ്ഥയോട് ചേർന്നുപോകുന്നതാണെന്നതാണ് സത്യം. സന്തോഷാവസരത്തിനും സങ്കടാവസരത്തിനും ദൈവത്തോടുള്ള അടുപ്പത്തിന്റെ അവസരത്തിനും ദൈവത്തോട് അകന്നിരിക്കുന്ന അവസരത്തിനും പറ്റിയ സങ്കീർത്തനങ്ങളുണ്ട്. ഒരുവന്റെ വികാരങ്ങളുടെ വിശ്വസ്തമായ കണ്ണാടിയാണ് സങ്കീർത്തനങ്ങൾ എന്നു പറയാവുന്നതാണ്. നമ്മുടെ മനോഭാവങ്ങൾ അവ പ്രതിഫലിക്കുന്നു. ഒരു ഉദാഹരണം കൊണ്ട് ഇതു വ്യക്തമാക്കാം.

നമ്മുടെ മധ്യത്തിലുള്ള കർത്താവിന്റെ സാന്നിധ്യം അനുഭവിക്കാനും അവിടന്നുമായി ഒന്നാകാനും നാമാഗ്രഹിക്കുന്നുവെന്നു കരുതുക. എങ്കിൽ 138-ാം സങ്കീർത്തനം പ്രാർഥനാനുഭവമാക്കുന്നത് നല്ലതാണ്.

ii) എല്ലാവർക്കും ആ സങ്കീർത്തനം സംലഭ്യമാക്കുക. തുടർന്ന് പരസ്പരം എല്ലാവർക്കും കാണത്തക്കവിധം വൃത്താകൃതിയിൽ ഇരിക്കുക. സമൂഹാത്മകതയ്ക്ക് വ്യക്തമായ അടയാളമാകുന്നതിനാണത്. കുരിശുവരച്ച് തുടങ്ങാം. നിശബ്ദരാവുക. പ്രാർഥനാപൂർണമായ ഒരന്തരീക്ഷം അങ്ങനെ സൃഷ്ടിക്കപ്പെടുന്നു. നമ്മുടെ ശ്രദ്ധ നമ്മുടെ മധ്യത്തിലുള്ള കർത്താവിൽ കേന്ദ്രീകരിക്കുക. അവിടന്നുമായി ഒരു സംഭാഷണത്തിലേർപ്പെടാനാണ് നാം തുടങ്ങുന്നത് എന്നോർക്കണം.

iii) ഒരാൾ സങ്കീർത്തനം 138 സാവധാനം വായിക്കട്ടെ.

"കർത്താവേ, ഞാൻ മുഴുഹൃദയത്തോടെ അങ്ങേക്കു നന്ദിപറയുന്നു...

സങ്കീർത്തനത്തിന്റെ ആദ്യവായന നാം തിരഞ്ഞെടുത്ത പ്രാർഥനയുടെ ചൈതന്യത്തിലേക്ക് പ്രവേശിക്കാൻ നമ്മെ സഹായിക്കുന്നു. രചയിതാവിന്റെ ലക്ഷ്യങ്ങളും അവന്റെ പ്രാർഥനയുടെ പൊതുഅർഥവും ഈ വായന നമുക്കു നല്കും.

iv) ഇവിടെ എല്ലാവരും ഒരുമിച്ച്, വളരെ ശാന്തമായി, ഒരു യഥാർഥ കോറൽ പ്രാർഥനയാകത്തക്കവിധം സങ്കീർത്തനം ആരംഭം മുതൽ വായിക്കുന്നു. താഴ്ന്നസ്വരമാണ് നല്ലത്. വായിക്കുന്ന വാക്കുകൾ സ്വന്തമാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഓരോരുത്തരും രചയിതാവിന്റെ സ്ഥാനത്ത് തങ്ങളെത്തന്നെ നിറുത്തിയാലേ ഇത് സാധിക്കൂ. ഈ പ്രാർഥന കർത്താവിനോട് ആദ്യമായി നടത്തുന്നതുപോലെ ആയിരിക്കണം നടത്തുന്നത്.

v) തുടർന്ന് അല്പം നിശബ്ദത എല്ലാവരും പാലിക്കുക. ഓരോരുത്തരും തന്നെ സ്പർശിച്ച ഒരു വാക്കോ വാചകമോ സങ്കീർത്തനത്തിൽനിന്ന് സ്വീകരിക്കുക. എന്തുകൊണ്ടിത് തന്നെ സ്പർശിച്ചുവെന്ന് ഓരോരുത്തരും മാറി



www.malankaralibrary.com

മാറി പറയട്ടെ. സങ്കീർത്തനം എല്ലാവരുടെയും ഉള്ളിൽ പതിയാനിതിടയാക്കും. സന്ദേശത്തിന്റെ യഥാർഥ മർമം ഗ്രഹിക്കാനും സഹായിക്കും.

vi) തിരഞ്ഞെടുത്ത വാക്കോ വാചകമോ ഉപയോഗിച്ച് ഓരോരുത്തരും മാറി മാറി പ്രാർഥിക്കട്ടെ. ഓരോ പ്രാർഥന കഴിയുമ്പോഴും അല്പം മൗനം അഭിലഷണീയമാണ്.

ഒരു പ്രാർഥനാവേളയിൽ അംഗങ്ങളെ പ്രത്യേകം സ്പർശിച്ച ഈ സങ്കീർത്തനത്തിലെ ചില വാചകങ്ങൾ താഴെ ചേർക്കുന്നു.

- എന്റെ അധരങ്ങളുടെ വാക്കുകൾ നീ കേട്ടു.

- കർത്താവ് എളിയവരെ കരുതുന്നു.

- നിന്റെ വിശ്വസ്തതയും കരുണയും

- നീ എനിക്ക് വീണ്ടും ജീവൻ നല്കി

- ഞാൻ നിനക്കുവേണ്ടി പാടാൻ ആഗ്രഹിക്കുന്നു

- ഞാൻ നിന്നെ വിളിച്ചു, നീ എനിക്ക് ഉത്തരമേകി

- കർത്താവ് തന്റെ ജോലി പൂർത്തിയാക്കും

vii) സങ്കീർത്തനം നാം സ്വാംശീകരിച്ചു. അതിന്റെ അർഥത്തിലേക്ക് നാം ആഴ്ന്നിറങ്ങി. ഇപ്പോൾ മനസ്, ഹൃദയത്തിന്റെ സ്വരത്തിന് വഴിയൊരുക്കുന്നു. സങ്കീർത്തനത്തിലെ മനോഹരമായ ചിത്രങ്ങളും പ്രയോഗങ്ങളും നമ്മുടെ പ്രാർഥനയായി മാറുന്നു. ഉരുത്തിരിഞ്ഞുവന്ന ചില നിയോഗങ്ങൾ രേഖപ്പെടുത്താം.

- എങ്ങനെ പ്രാർഥിക്കണമെന്ന് ഈ രാത്രിയിൽ ഞങ്ങൾ പഠിക്കുകയായിരുന്നു. കർത്താവേ, നീ ഞങ്ങളുടെ അധരങ്ങളുടെ വാക്കുകൾ കേട്ടു. ഈ അത്ഭുതകരമായ അനുഭവം നിധിയായി ഞങ്ങൾ എന്നും കരുതാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

ഉത്തരം: കർത്താവേ, നിന്റെ ദയ എന്നേക്കും നിലനില്ക്കുന്നു.

- കർത്താവേ, നിന്റെ വിശ്വസ്തത വലുതാണ്. ഞങ്ങളാകട്ടെ, നിന്റെ വചനത്തിനു മിക്കപ്പോഴും ഞങ്ങളെത്തന്നെ വിട്ടുതരാറില്ല. ഞങ്ങൾ മോശമായി പെരുമാറുന്നു. നിന്റെ ക്ഷമ സ്വീകരിക്കാനും നിന്റെ കരുണ അനുഭവിക്കാനും ഞങ്ങളെ സഹായിക്കണമേ...

ഉത്തരം: കർത്താവേ, നിന്റെ ദയ ...

- കർത്താവേ, നീയാണ് ഞങ്ങളെ ഓരോരുത്തരെയും അസ്തിത്വത്തിലേക്ക്



www.malankaralibrary.com

വിളിച്ചത്. ഓരോ ദിവസവും നീ ഞങ്ങൾക്ക് ജീവൻ നവമായി നല്കുന്നു. മറ്റുള്ളവരുടെ ജീവനെ സവിശേഷമായി, ബലഹീനരുടെയും ഗർഭസ്ഥ ശിശുക്കളുടെയും വൃദ്ധരുടെയും ജീവനെ, ആദരിക്കാനും സ്നേഹിക്കാനും ഞങ്ങളെ സഹായിച്ചാലും.

ഉത്തരം: കർത്താവേ, നിന്റെ ദയ...

– കർത്താവേ എനിക്കിപ്പോൾ സന്തോഷമാണ്: ലോകത്തിലെ എല്ലാ കുട്ടികളോടും ചേർന്ന്, ഞാൻ നിന്നെ പാടിസ്തുതിക്കാൻ ആഗ്രഹിക്കുന്നു.

ഉത്തരം: കർത്താവേ, നിന്റെ ദയ...

– തങ്ങളുടെ അപ്പച്ചന്റെ മരണംമൂലം ഞങ്ങളുടെ അയൽപക്കത്തെ കുടുംബം ഇപ്പോൾ വലിയ സങ്കടനിമിഷത്തെ നേരിടുകയാണ്. കർത്താവേ, സങ്കടത്തിൽ, അവർ നിന്നെ വിളിച്ചപേക്ഷിക്കുന്നു. അവരുടെ പ്രാർഥനകേട്ട് അവരെ ബലപ്പെടുത്തണമേ...

ഉത്തരം: കർത്താവേ, നിന്റെ ദയ...

– ഞങ്ങളുടെ മക്കൾ എല്ലാം വളരെ ചെറുപ്പമാണ്. ജീവിതത്തിൽ ഇനിയും നീണ്ടകാലം അവർക്ക് യാത്രചെയ്യാനുണ്ട്. എത്രയോ തിരഞ്ഞെടുപ്പുകൾ അവർ നടത്തേണ്ടതുണ്ട്. കർത്താവേ, ജ്ഞാനസ്നാനദിവസം നീ അവരിൽ തുടങ്ങിവച്ച പ്രവർത്തനം പൂർത്തീകരിക്കുക.

ഉത്തരം: കർത്താവേ, നിന്റെ ദയ...

കുരിശുവരച്ച് പ്രാർഥന തുടങ്ങിയതുപോലെ ഇപ്പോൾ കുരിശുവരച്ച് പ്രാർഥന സമാപിപ്പിക്കാവുന്നതാണ്. അങ്ങനെ നമ്മുടെ എല്ലാ വാക്കുകളും ദൈവത്തിന്റെ വലിയ കുടുംബത്തിന്, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവിക കുടുംബത്തിന്, നാം സമർപ്പിക്കുന്നു.

**3. സപ്തതല വചനവായന**

കുടുംബകൂട്ടായ്മകളിൽ/അടിസ്ഥാന ക്രിസ്തീയസമൂഹങ്ങളിൽ വളരെ പ്രചാരത്തിലിരിക്കുന്ന ഒരു രീതിയാണിത്. ദൈവികവായനയുടെ മറ്റൊരു പതിപ്പായി ഇതിനെ കാണുന്നതിൽ തെറ്റില്ല. അതിന്റെ ഘടകങ്ങൾ താഴെപ്പറയുന്നു.

*a) ഈശോയെ ക്ഷണിക്കൽ*: സ്വയം പ്രേരിതപ്രാർത്ഥനയോ ഗാനമോ വഴി ഈശോയെ കൂട്ടായ്മയിലേക്കു ക്ഷണിച്ചുകൊണ്ട് ആരംഭിക്കുന്നു.

*b) വിശുദ്ധ ഗ്രന്ഥവായന*: തിരഞ്ഞെടുത്ത ഭാഗം പലർ മാറിമാറി വായിക്കുന്നു. കൂടാതെ നിശ്ശബ്ദതയിൽ ഓരോരുത്തരും വ്യക്തിപരമായും വായിക്കുന്നു.

*c) പങ്കുവയ്ക്കൽ:* ഓരോരുത്തരെയും സ്പർശിച്ച വാക്കോ വാക്യമോ വാക്യശകലമോ ഉറക്കെപ്പറയുന്നു.



www.malankaralibrary.com

*d) മൗനം:* എല്ലാവരും പറഞ്ഞുകഴിഞ്ഞാൽ, വ്യക്തിപരമായി ഓരോരുത്തരോടും ഈശോ പറയുന്നതു കേൾക്കാൻ മൗനമായി ധ്യാനിക്കുന്നു.

*e) സന്ദേശം പങ്കുവയ്ക്കൽ:* വ്യക്തിപരമായി കിട്ടുന്ന സന്ദേശം പങ്കുവയ്ക്കുന്നു.

*f) ചെയ്യേണ്ട കാര്യം കണ്ടെത്തുന്നു:* വചനത്തിന്റെ വെളിച്ചത്തിൽ പൊതുവായി ഗ്രൂപ്പിനോ വ്യക്തിപരമായി അംഗങ്ങൾക്കോ ചെയ്യാവുന്ന കാര്യം കണ്ടുപിടിക്കുന്നു. അംഗങ്ങൾക്കെല്ലാം കാര്യങ്ങൾ നിർദ്ദേശിക്കാം. അവയിൽനിന്ന് ഏറ്റവും പ്രസക്തമായതു തിരഞ്ഞെടുക്കുന്നു.

*g) പ്രാർത്ഥനയോടെ അവസാനിപ്പിക്കുന്നു:* സ്തുതിയും നന്ദിയും യാചനയും പ്രകാശിപ്പിക്കുന്ന സ്വയം പ്രേരിതപ്രാർത്ഥനയോടെ അവസാനിപ്പിക്കാം. ഒരു ഗാനം പാടിയും അവസാനിപ്പിക്കാവുന്നതാണ്.

**4. ദൈവികവായന സാമൂഹികപ്രശ്നപരിഹാരത്തിന്**

മനുഷ്യജീവിതത്തിന്റെ സമസ്തമേഖലകളും - കുടുംബം, വിദ്യാലയം, സംസ്കാരം, തൊഴിൽ, വിശ്രമം - ക്രിസ്തുവാകുന്ന പ്രകാശത്താൽ പ്രോജ്ജ്വലിപ്പിക്കപ്പെടേണ്ടതാണ്. അവിടെയെല്ലാം ദൈവവചനമനുസരിച്ചുള്ള യഥാർത്ഥമായ മാനസാന്തരം നടക്കണം. വചനവായനയും ധ്യാനവും ലക്ഷ്യം വയ്ക്കുന്നത് അതാണ്. നീതി, സമാധാനം, അനുരഞ്ജനം, സത്യസന്ധത, ദൃഢൈക്യം, സമത്വം എന്നീ മൂല്യങ്ങളിൽ അടിയുറച്ച മനുഷ്യബന്ധങ്ങൾ സ്ഥാപിക്കാൻ ദൈവവചനം പ്രചോദകമാണ്. നീതിപൂർവകവും കൂടുതൽ ജീവിതയോഗ്യവുമായ ലോകം സൃഷ്ടിക്കുക എന്ന ലക്ഷ്യമാണ് ഉണ്ടാകേണ്ടത്. സഹിക്കുന്നവരോടും അനീതിക്കു വിധേയരാകുന്നവരോടുമുള്ള സമർപ്പണം പ്രധാനപ്പെട്ടതാണ്. എല്ലാവരുടെയും മനുഷ്യമഹത്ത്വവും അവകാശവും പൊതുനന്മയും ഉറപ്പാക്കപ്പെടണമെന്നതു ദൈവവചനം നമ്മോടാവശ്യപ്പെടുന്ന കാര്യമാണ്. സഭയിൽ വിധേയത്വത്തോടും പ്രാർത്ഥനയോടും കൂടെ ദൈവവചനം വായിച്ച് ധ്യാനിക്കുന്നത് എല്ലാവരോടും, പ്രത്യേകിച്ച് ദരിദ്രരോട്, സ്നേഹം പുലർത്താൻ ഇടയാക്കും. സഭയുടെ സാരാംശപരമായ കാര്യങ്ങളിൽ ഉൾപ്പെടുന്നവയാണ് ദൈവവചനപ്രഘോഷണം, വിശുദ്ധരഹസ്യങ്ങളുടെ ആഘോഷം, ജീവകാരുണ്യപ്രവർത്തനം എന്ന തിരിച്ചറിവിലുള്ള പ്രവർത്തനമാണ് ഉണ്ടാകേണ്ടത്. "ദൈവവചനം മനസ്സിലാക്കിയെന്ന് അവകാശപ്പെടുന്നവർ ദൈവ-മനുഷ്യസ്നേഹത്തിൽ വളരുന്നില്ലെങ്കിൽ അതു മനസ്സിലാക്കിയിട്ടില്ലെന്ന" വിശുദ്ധ ആഗസ്തീനോസിന്റെ വാക്കുകൾ നമ്മെ വെല്ലുവിളിക്കുന്നതാണ് (cf. വെർബും ദോമിനി, 99-103; 106-107). ഇതിന് ദൈവവചനം പ്രാർത്ഥനാപൂർവം ഉപയോഗിക്കുന്ന ചില രീതികൾ നമുക്കു പരിചയപ്പെടാം.



www.malankaralibrary.com

## a) ആമോസ് പ്രോഗ്രാം

സാമൂഹിക തിന്മകൾക്കെതിരേ സിംഹഗർജ്ജനം മുഴക്കിയ പ്രവാചകനായ ആമോസിന്റെ പേരിലാണ് ഈ പ്രാർത്ഥന അറിയപ്പെടുന്നത്. മാമ്മോദീസയിലൂടെ ക്രൈസ്തവർ ക്രിസ്തുവിന്റെ പ്രവാചകദൗത്യത്തിൽ പങ്കുചേരുന്നതുകൊണ്ട് അടിസ്ഥാനപരമായി അവർ പ്രവാചകരാണ്. സത്യവും സ്നേഹവും നീതിയുമുള്ള ഒരു ലോകം കെട്ടിപ്പടുക്കാൻ അവർക്കു ചുമതലയുണ്ട്. അനുദിന പ്രശ്നങ്ങളെ ദൈവവചനത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തി പരിഹരിക്കാൻ പരിശ്രമിച്ചാലേ ഈ ചുമതല നിറവേറ്റാനാവൂ.

ആമോസ് പ്രോഗ്രാമിന്റെ പടികൾ:

i) സമൂഹപ്രശ്നം അവതരിപ്പിക്കുക. അത് പ്രാദേശികമോ സാർവത്രികമോ ആകാം. കഥയോ ചിത്രമോ സ്കിറ്റോ ഉപയോഗിച്ചു പ്രശ്നമവതരിപ്പിക്കാവുന്നതാണ്.

ii) ചർച്ചയിലൂടെ പ്രശ്നത്തിന്റെ അടിസ്ഥാന കാരണങ്ങൾ കണ്ടെത്തുന്നു.

iii) ഈ പ്രശ്നത്തെക്കുറിച്ച് വിശുദ്ധ ഗ്രന്ഥവും സഭാപ്രബോധനവും എന്തു പറയുന്നുവെന്ന് അന്വേഷിക്കുന്നു. അതുവഴി വിശ്വാസവീക്ഷണം ഉൾക്കൊള്ളാനാകുന്നു.

iv) വ്യക്തമായ ലക്ഷ്യബോധത്തോടെ പ്രശ്നപരിഹാരത്തിന് ഒരു കർമ്മപദ്ധതി തയ്യാറാക്കുന്നു. കഴിയുന്നത്ര പരിഹാരങ്ങൾ അംഗങ്ങൾ നിർദ്ദേശിച്ചിട്ട് അവയിൽ നിന്ന് ഏറ്റവും പ്രായോഗികവും ക്രിസ്തീയവുമായതു പൊതുവിൽ തിരഞ്ഞെടുക്കുന്നു. തുടർന്ന് അത് എങ്ങനെ, എപ്പോൾ, ആര് നടപ്പിലാക്കുമെന്ന് നിശ്ചയിക്കുന്നു.

v) വിലയിരുത്തൽ: അടുത്ത പ്രാവശ്യം കൂടുമ്പോൾ കർമ്മപദ്ധതി നടപ്പിലാക്കിയ കാര്യം വിലയിരുത്തുന്നു. നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തണം. മെച്ചപ്പെടുത്താൻ എന്തു ചെയ്യണമെന്നും ആലോചിക്കണം.

## b) ബൈബിൾ സമൂഹത്തിന്റെ കണ്ണാടി

സമൂഹജീവിതത്തെ പ്രതിഫലിപ്പിക്കുന്ന കണ്ണാടിയായി വിശുദ്ധ ഗ്രന്ഥത്തെ കണ്ടുകൊണ്ടുള്ള ഒരു രീതിയാണിത്. അതിന്റെ പടികളും മറ്റുള്ളവയോടു സമാനങ്ങളാണ്.

i) സ്വയംപ്രേരിതപ്രാർത്ഥനവഴി കർത്താവിന്റെ സാന്നിദ്ധ്യം ക്ഷണിക്കുന്നു.

ii) ബൈബിൾഭാഗം ആവർത്തിച്ചു വായിക്കുന്നു. സ്പർശിച്ച വാക്കോ വാചകമോ ഇടവിട്ട് ആവർത്തിക്കുന്നു.



www.malankaralibrary.com

iii) വായിച്ച വചനഭാഗത്തിന് നമ്മുടെ ഇപ്പോഴത്തെ ജീവിത സാഹചര്യവുമായി എന്തു ബന്ധമുണ്ടെന്നു തൊട്ടടുത്ത് ഇരിക്കുന്ന വ്യക്തിയുമായി പങ്കുവയ്ക്കുന്നു. ഏതാനും മിനിട്ടുകൾക്കുശേഷം അത് പൊതുവിൽ അവതരിപ്പിക്കുന്നു. തുടർന്ന് അവതരിപ്പിക്കപ്പെട്ടവയിൽ നിന്ന് ഒരു പ്രശ്നമെടുത്ത് ചർച്ച ചെയ്യുന്നു.

iv) ചർച്ച കഴിയുമ്പോൾ ഏതാനും നിമിഷം എല്ലാവരും നിശ്ശബ്ദരായിരിക്കുന്നു. ദൈവം ഈ പ്രശ്നത്തെക്കുറിച്ച് എന്തു പറയുന്നു, എങ്ങനെ കാണുന്നു എന്ന് ഓരോരുത്തരും തങ്ങളോടു തന്നെ ചോദിക്കുന്നു.

v) കർമ്മപരിപാടി: നാം എന്ത്, എങ്ങനെ, എപ്പോൾ ചെയ്യുമെന്നു തീരുമാനിക്കുന്നു

vi) പ്രാർത്ഥനയോടെ സമാപിപ്പിക്കുന്നു.

**c) സംഭവം പ്രാർത്ഥനയാക്കൽ**

i) പ്രാർത്ഥനയോടെ ആരംഭിക്കുന്നു.

ii) വ്യക്തിപരമായ സംഭവമോ അനുഭവമോ വിവരിക്കുന്നു. അവയിൽ നിന്ന് ഒന്നു ചർച്ചയ്ക്ക് തിരഞ്ഞെടുക്കുന്നു. ആ സംഭവം വിശദമായ ചർച്ചയ്ക്ക് വിധേയമാക്കുന്നു.

iii) ഏതാനും നിമിഷം നിശ്ശബ്ദത. ഇവിടെ ദൈവത്തിന്റെ കാഴ്ചപ്പാട് അന്വേഷിക്കുന്നു. തുടർന്ന് വിശുദ്ധ ഗ്രന്ഥത്തിൽ നിന്ന് പ്രസക്തമായ ഒരു ഭാഗം വായിക്കുകയോ സ്വതന്ത്രമായി പറയുകയോ ചെയ്യുന്നു. തുടർന്ന് നമ്മുടെ വീക്ഷണത്തെ വചനവെളിച്ചത്തിൽ വിലയിരുത്തുന്നു.

iv) പ്രായോഗികമാക്കൽ. നാം ഇക്കാര്യത്തിൽ എന്തു ചെയ്യണമെന്ന് ദൈവം ആവശ്യപ്പെടുന്നുവോ അതു നടപ്പാക്കാൻ തീരുമാനിക്കുന്നു. വിവിധ അഭിപ്രായങ്ങൾ വിശദമായി ചർച്ച ചെയ്ത് ക്രിസ്തുവിന്റെ മനസ്സ് പ്രതിഫലിപ്പിക്കുന്നത് തിരഞ്ഞെടുക്കുന്നതിലാണ് നേട്ടം.

v) പ്രാർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ദൈവവചനത്തിന്മേലാണ് ക്രൈസ്തവ ആദ്ധ്യാത്മികത പടുത്തുയർത്തേണ്ടതെന്ന ഉറച്ച ബോധ്യത്തോടെ വചനത്തെ സമീപിക്കാൻ നമുക്കെല്ലാം സാധിക്കട്ടെ.



www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# ദേയീ വെർബും മുതൽ വെർബും ദോമിനി വരെ

ദൈവവചനവും കത്തോലിക്കാ സഭയും
കഴിഞ്ഞ 50 വർഷങ്ങളിൽ

Published by
**Kerala Catholic Bible Society**

www.malankaralibrary.com